# ഇസ്‌ലാംമത
# തത്ത്വജ്ഞാനം

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

Islam Matha Thathwanjanam

# Islam Matha Thathwanjanam

*Lahore was the venue of the All Religious Conference of 1896. Hadrath Mirza Ghulam Ahmad (peace be on him), the Holy Founder of the Ahmadiyya Movement in Islam sent in this celebrated paper the Philosophy of the teachings of Islam to be read at this Conference. Written originally in Urdu, the discourse has been translated into many world languages including Malayalam. The Malayalam version is getting into its Seventh edition with this publication.*

*The treaties deals with the physical, moral and spiritual states of man leading into the After-Life. The aim and purpose of the earthly life is discussed profoundly with a view to enlightening the significance of God realisation in this very life.*

*The Malayalam rendering has been done by late N. Hamid Sahib, Kannur.*

**Publishers**

وَاِذَا الصُّحُفُ نُشِرَتْ

ISLAM INTERNATIONAL PUBLICATIONS, KERALA.

# ഇസ്ലാംമത തത്ത്വജ്ഞാനം

# ഇസ്‌ലാംമത തത്ത്വജ്ഞാനം

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

*പരിഭാഷകൻ:* **എൻ. ഹാമിദ്**

*പ്രസാധകർ:*

**ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള**

**ഫോർട്ട് റോഡ്, കണ്ണൂർ- 670 001**

**Islam Matha Thathwanjnanam**
(Malayalam Translation of an Urdu work)
Religion

Author
**Hazrat Mirza Ghulam Ahmad(A)**

Translated by:
**N. Hamid, Kannur**

Printed at:
BRB Offset Printing Press

First Edition : 1931
Second Edition : 1962
Third Edition : 1973
Fourth Edition : 1981
Fifth Edition : 1993
Sixth Edition : 2001
Seventh Edition : 2007

Copies : 3000

Price: 60

Publishers
Islam International Publications, Kerala
Fort Road, Kannur- 1

IIPK/8

# ഈ ഗ്രന്ഥത്തെപ്പറ്റി

**Count Leo Tolstoy:** "The ideas are very profound and very true"

**Theosophical Book Notes:** "The best and the most attractive presentation of the faith of Muhammad which we have yet come across."

**The Bristol Times and Mirror:** "Clearly it is no ordinary person who thus addresses himself to the West."

**മലയാള മനോരമ:** "മതസിദ്ധാന്ത ജിജ്ഞാസുക്കൾ ഈ വിലയേറിയ പുസ്തകം വായിക്കേണ്ടതാണ്."

**The English Mail:** "A Summary of really Ialamic ideas."

സനാതന ധർമ്മം: "മുസൽമാന്മാർക്കും ഇസ്‌ലാംമതത്തെ മാപ്പിള ലഹളയായി വ്യാഖ്യാനിച്ചു കൊണ്ടിരിക്കുന്ന ഹിന്ദുക്കൾക്കും ഒരുപോലെ ഉപകരിക്കുന്ന ഒരു സൽഗ്രന്ഥമാണ് ഇത്."

**The Spiritual Journal (Boston):** "Pure Gospel"

**സദ്ഗുരു:** "ഖുർആൻ ഗ്രന്ഥത്തിന്റെ ഒരു വ്യാഖ്യാനം."

**മുഹമ്മദലി വാരിക:** "വായിച്ചവസാനപ്പിച്ചെങ്കിലേ ഈ പുസ്തകം താഴെ വെക്കുകയുള്ളൂ."

**Indian Review:** "The book deserves to be in the hands of every Muhammadan student and also in the libraries of those who wish to know something of Muhammadan religion.

**The Milwaukee Journal:** "The contents have been entirely drawn from the Holy Quran."

**The Muslim review, India:** "A careful perusal of this little volume is well calculated to dissipate many of the misconceptions prevailing against Islam."

# പ്രസാധകക്കുറിപ്പ്

കേരളത്തിലെ മതസാഹിത്യ രംഗത്ത് ആദ്ധ്യാത്മികതയുടെയും അറിവിന്റെയും വികസ്വര ചക്രവാളം തുറന്നുതന്ന മഹത്കൃതിക ളിലൊന്നാണ് ഇസ്ലാംമത തത്ത്വജ്ഞാനം. വിശുദ്ധഖുർആന്റെ ഇരുന്നൂറോളം സൂക്തങ്ങളുടെ തത്ത്വചിന്താപരവും സൂക്ഷ്മജ്ഞാ നപരവുമായ വ്യാഖ്യാനങ്ങൾവഴി ജീവിതലക്ഷ്യത്തിന്റെ പൂർണ്ണത ആവിഷ്കരിക്കുന്ന ഈ മഹനീയഗ്രന്ഥത്തെ തികഞ്ഞ ആദരവോ ടെയും നിറഞ്ഞ ആഹ്ലാദത്തോടെയുമാണ് കേരളത്തിലെ സഹൃദ യലോകം ഏറ്റുവാങ്ങിയത്. ഇതിന്റെ ആറാം പതിപ്പ് വളരെ വേഗ ത്തിൽ തീർന്നപ്പോൾത്തന്നെ വായനക്കാരിൽ ഈ കൃതിക്ക് ലഭിച്ച സ്വീകാര്യത ഞങ്ങൾക്ക് ബോധ്യമായി. ഇസ്ലാംമത തത്ത്വജ്ഞാ നത്തിന്റെ ഈ ഏഴാം പതിപ്പ് മതസാഹിത്യ സംവേദന മേഖലയി ലേക്ക് സസന്തോഷം സമർപ്പിക്കുന്നു.

ഇതിനുവേണ്ടി സാമ്പത്തിക സഹായം ചെയ്തത് കൂടാളി യിലെ മർഹൂം ജനാബ് വി.പി. അബ്ദുൽ ജലീൽ സാഹിബിന്റെ മക്കളാണ്. കൂടാളി ജമാഅത്തിന്റെ പ്രസിഡന്റും സാമൂഹിക പ്രവർത്തകനും ഉദാരമതിയുമായ വി.പി. അബ്ദുൽ ജലീൽ സാഹി ബിന്റെ ഓർമ്മയ്ക്കായി അദ്ദേഹത്തിന്റെ മക്കൾ ചെയ്യുന്ന ഈ സേവനത്തിന് അല്ലാഹു തക്കതായ പ്രതിഫലം നല്കുകയും ഇത് പ്രസിദ്ധീകരിക്കാൻ യത്നിച്ച എല്ലാ മാന്യസഹോദരങ്ങളേയും അല്ലാഹു അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

കണ്ണൂർ,<br>20-05-2007.

സദ്ർ,<br>ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്,<br>കേരള.

# വിഷയ വിവരം

പ്രസ്താവന ........ 9
മുഖവുര ........ 11
ഗ്രന്ഥകർത്താവിനെപ്പറ്റി ........ 19
സത്യധർമ്മജിജ്ഞാസുക്കൾക്ക് സുവാർത്ത ........ 21
ഇസ്ലാംമത തത്ത്വജ്ഞാനം ........ 25
ശാരീരികം, ധാർമ്മികം, ആദ്ധ്യാത്മികം എന്നീ മൂന്നവസ്ഥകൾ 27
ആത്മാവിന്റെ ഉൽപ്പത്തി ........ 33
ത്രിവിധ പരിഷ്കരണഘട്ടങ്ങളും ഖുർആനിക നിർദ്ദേശങ്ങളും 36
തിരുനബിയുടെ അവതാരം ........ 41
ധാർമ്മിക ഗുണങ്ങളുടെ നിരൂപണം ........ 44
ശാരീരികാവസ്ഥ ........ 49
പന്നിമാംസം നിഷിദ്ധം ........ 54
ധാർമ്മികാവസ്ഥ ........ 56
ചാരിത്രശുദ്ധി ........ 57
വിശ്വസ്തത ........ 63
സൗമ്യശീലം ........ 68
സൗശീല്യം. ........ 70
ക്ഷമ ........ 72
ഉപകാരശീലം ........ 74
ധൈര്യം ........ 81
സത്യസന്ധത ........ 83
സഹനം ........ 85
സഹാനുഭൂതി ........ 87
ദൈവത്തിന്റെ സത്ത ........ 88
ദൈവം സംസാരിക്കുന്നു. ........ 91

ദൈവാസ്തിത്വത്തിനുള്ള തെളിവുകൾ........................................ 96
ദൈവത്തിന്റെ മഹാത്മ്യം.................................................................100
ആദ്ധ്യാത്മികാവസ്ഥ ....................................................................... 109
ഇസ്ലാമിക ദൃഷ്ട്യാ സ്വർഗ്ഗനരകങ്ങൾ ...........................................125
മരണാനന്തര ജീവിതം.................................................................... 133
ഒന്നാമത്തെ തത്ത്വം ........................................................................138
രണ്ടാമത്തെ തത്ത്വം ........................................................................149
മൂന്നാമത്തെ തത്ത്വം ....................................................................... 152
ഐഹിക ജീവിതോദ്ദേശ്യവും തൽപ്രാപ്തിക്കുള്ള മാർഗ്ഗവും 155
ജീവിത ലക്ഷ്യം ................................................................................ 156
ലക്ഷ്യപ്രാപ്തിക്കുള്ള അഷ്ടമാർഗ്ഗം ............................................. 158
ധർമ്മനിയമാനുസരണം കൊണ്ടുള്ള ഫലം ................................ 165
പരിപൂർണ്ണ മനുഷ്യന്റെ ഗുണങ്ങൾ................................................ 165
സത്യവാചകത്തിന്റെ രഹസ്യം ........................................................168
ദൈവജ്ഞാനസിദ്ധിക്കുള്ള മാർഗ്ഗങ്ങൾ ........................................176
ദൈവബോധനം................................................................................ 184
മഹാത്മാക്കളുടെ കഷ്ടാനുഭവം .......................................................192
നബി(സ) തിരുമേനിയുടെ ജീവിതത്തിലെ രണ്ടു ഘട്ടം.......... 195
യഥാർത്ഥ പരിത്യാഗം...................................................................... 197
ഇസ്ലാമിക യുദ്ധം........................................................................... 200

# പ്രസ്താവന

'ഇസ്ലാംമത തത്ത്വജ്ഞാനം' എന്ന പേരിൽ മലയാളത്തിൽ പ്രസിദ്ധമായ ഉൽക്കൃഷ്ട ഗ്രന്ഥത്തിന്റെ ഏഴാം പതിപ്പാണ് പൊതു ജനസമക്ഷം അവതരിപ്പിക്കുന്നത്. ഈ ഗ്രന്ഥരചനയുടെ പശ്ചാത്തലവും തത്സംബന്ധമായ മറ്റു വിവരണവും ഇതിൽ ചേർത്തിരിക്കുന്ന രണ്ടാം പതിപ്പിന്റെ മുഖവുരയിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ഗ്രന്ഥകർത്താവ് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ജനയിതാവായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) ആണെന്ന വസ്തുത തന്നെ ഇതിന്റെ ഉൽക്കൃഷ്ടതക്കു ജാമ്യമാണെന്നു പറഞ്ഞാൽ അതു അതിശയോക്തിയാവുകയില്ല.

വിശുദ്ധഖുർആനിലെ ഇരുന്നൂറോളം ആയത്തുകൾക്ക് വിശിഷ്ടതരവും ആകർഷകവുമായ രീതിയിലുള്ള യഥാർത്ഥ വ്യാഖ്യാനമുൾക്കൊണ്ട ജ്ഞാനരത്നാകരമാണ് ഈ സൽഗ്രന്ഥം. ഈ വസ്തുത നിരൂപകന്മാർ ഏറ്റു പറഞ്ഞിട്ടുള്ളതുമാണ്. മത വിജ്ഞാന ജിജ്ഞാസുക്കളെല്ലാം വായിച്ചിരിക്കേണ്ടതും എല്ലാ മുസ്ലിമിന്റെയും കൈയിൽ അവശ്യം ഉണ്ടായിരിക്കേണ്ടതുമായ അമൂല്യഗ്രന്ഥമാണിതെന്നും, ഇസ്ലാമിക തത്ത്വജ്ഞാനസംഗ്രഹമായ ഈ ഗ്രന്ഥം മുസ്ലിംകൾക്കെന്നപോലെ, ഇസ്ലാമെന്നാൽ കലാപസന്ദേശമാണെന്നു വ്യാഖ്യാനിക്കുന്ന മറ്റുള്ളവർക്കും ഒരുപോലെ ഉപകരിക്കുന്ന ജ്ഞാനനിക്ഷേപമാണെന്നും മറ്റും ഇന്ത്യയിലെ മാത്രമല്ല, ലോകത്തിന്റെ നാനാഭാഗത്തിലെയും വിവിധ ഭാഷാപത്രങ്ങൾ അഭിപ്രായപ്പെടുകയും പ്രശംസിച്ചു പറയുകയും ചെയ്തിട്ടുണ്ടെന്ന വസ്തുത ഈ സന്ദർഭത്തിൽ അനുസ്മരണീയമാണ്.

ഇന്ത്യയിലെ അനേകം ഭാഷകളിലെന്നുമാത്രമല്ല അറബി, പാർസി, ചീനി, ബർമ്മി, മലായി, പശ്ത്തോ തുടങ്ങിയ മറ്റു ഏഷ്യൻ ഭാഷകളിലും പല പാശ്ചാത്യ ഭാഷകളിലും ഈ ഗ്രന്ഥം ഇതിനകം

പ്രസിദ്ധീകൃതമായിട്ടുണ്ട്. തന്നെയുമല്ല, അവയ്ക്ക് അനേകം പുനഃ സംസ്കരണങ്ങൾ ഉണ്ടായിക്കഴിയുകയും ചെയ്തിരിക്കുന്നു. നാനാ രാജ്യങ്ങളിൽനിന്നും ഈ ഗ്രന്ഥത്തിന്റെ വിവിധ ഭാഷാപതിപ്പു കൾക്കായി ആവശ്യപ്പെട്ടിട്ടുള്ള അപേക്ഷകൾ വർദ്ധമാനമായിക്കൊ ണ്ടിരിക്കുകയുമാണ്. ഇതിന്റെ ഇംഗ്ലീഷ് പതിപ്പ് ഖാദിയാൻ കേന്ദ്ര ത്തിൽനിന്നും ദക്ഷിണാപഥത്തിലെ സെകന്ത്രാബാദിൽനിന്നും, ഇംഗ്ലണ്ടിലും അമേരിക്കയിലും നിന്നുമായി ലക്ഷക്കണക്കിൽ പ്രകാ ശനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇവയ്ക്ക് പുറമെ, 1966-ൽ റബ്വ (പാക്കി സ്ഥാൻ) കേന്ദ്രത്തിലെ അഹ്മദിയ്യാ ഫോറെയ്ൻമിഷൻ ഈ സർവ്വോപജീവ്യമായ ഗ്രന്ഥത്തിന്റെ പുതിയൊരു പതിപ്പ് ഒരേത വണ ഒരു ലക്ഷംപ്രതി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. എന്നിട്ടും ഇതിന്റെ പ്രതികൾക്ക് പഞ്ഞം നേരിട്ടിരിക്കുന്നതിനാൽ അടുത്തുതന്നെ ഖാദി യാനിൽനിന്നും ഒരു പുതിയ പതിപ്പുകൂടി പ്രസിദ്ധീകൃതമായിരി ക്കുന്നു. ഇതെല്ലാം കാണിക്കുന്നത് ഇതിനു വിവിധ ജനസഞ്ചയ ങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്ന സ്വീകാര്യതയും മതിപ്പുമാണല്ലോ.

ലോകത്തിന്റെ നാനാഭാഗത്തുമുള്ള ജനകോടികളുടെ സ്വഭാവ സംസ്കരണത്തിനു സഹായകമായിത്തീർന്നിട്ടുള്ള ഈ ധർമ്മ രഹ സ്യകോശത്തിന്റെ വിവർത്തനം കേരളീയരായ ജനലക്ഷങ്ങളുടെ ധാർമ്മിക പുനഃനിർമ്മാണത്തിനും ആത്മീയപുരോഗതിക്കും സഹാ യകമായിത്തീരട്ടെ എന്ന പ്രാർത്ഥനയോടെ കൈരളിക്ക് കാഴ്ച വെക്കുകയും വിദൂരമല്ലാത്ത ഭാവിയിൽ ഇതിനു എല്ലാ ഗൃഹത്തിലും പ്രവേശം സിദ്ധിക്കുമെന്നും ഓരോ കുടുംബവും ഇതിലെ തത്ത്വാമൃതം നുകരുമാറാകുമെന്നും പ്രത്യാശിക്കുകയും ചെയ്യുന്നു.

എന്ന്,

ഖാദിയാൻ,

7-10-1972

**മിർസാ വസീം അഹ്മദ്**

പ്രചാരണ കാര്യമേലദ്ധ്യക്ഷൻ

സദ്ർ അഞ്ചുമൻ അഹ്മദിയ്യാ, ഖാദിയാൻ,

(പഞ്ചാബ്)

# മുഖവുര

അഹ്മദിയ്യാ ജമാഅത്തിന്റെ ജനയിതാവ് - വാഗ്ദത്ത മഹ്ദീ മസീഹായ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) ഉർദുവിൽ എഴുതിയതും അദ്ദേഹത്തിന്റെ ഒരു പ്രഗത്ഭ ശിഷ്യനായ ഹദ്റത്ത് മൗലാനാ അബ്ദുൽക്കരീം സാഹിബ് സിയാൽക്കോട്ടി(റ) 1896 ഡിസംബർ 26 മുതൽ 29 വരെ തിയതികളിൽ ലാഹോറിൽച്ചേർന്ന 'ധർമ്മമഹോത്സവ'ത്തിൽ വായിച്ചുകേൾപ്പിച്ചതുമായ ഉപന്യാസമാണ് പ്രകൃത ഗ്രന്ഥത്തിന്റെ മൂലം. ഇതിലെ പ്രതിപാദ്യം പ്രസ്തുത മതസമ്മേളന പ്രവർത്തക സമിതിയാൽ നിർദ്ദിഷ്ടമായ പ്രശ്ന പഞ്ചകത്തിനുള്ള ഉത്തരമാണ്. ആ പ്രശ്നങ്ങളിവയാണ്:

1. മനുഷ്യന്റെ ശാരീരികം, ധാർമ്മികം, ആദ്ധ്യാത്മികം എന്നീ അവസ്ഥകൾ.
2. മരണാനന്തര ജീവിതത്തിൽ മനുഷ്യന്റെ അവസ്ഥ.
3. ഐഹിക ജീവിതോദ്ദേശ്യവും തൽപ്രാപ്തിക്കുള്ള മാർഗ്ഗവും,
4. ധർമ്മാനുസരണംമൂലം ഇഹപരജീവിതത്തിലുള്ള ഫലം.
5. ദൈവജ്ഞാന സിദ്ധിക്കുള്ള മാർഗ്ഗങ്ങൾ.

ഒരു കൂട്ടം സഭാനാഥന്മാരുടെ ആഭിമുഖ്യത്തിലും നിയന്ത്രണത്തിലും നടത്തപ്പെട്ട പ്രസ്തുത സമ്മേളനത്തിൽ വിവിധ മതവിഭാഗങ്ങളുടെ പ്രതിനിധികളായി ക്ഷണിക്കപ്പെട്ടിരുന്ന പണ്ഡിതശ്രേഷ്ഠന്മാർ അവരവരുടെ ധർമ്മങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ടു അവിടെ സംസാരിക്കുകയുണ്ടായി. അഭ്യസ്തവിദ്യരായ വലിയൊരു ജനാവലി ഈ സഭാനടപടികളിൽ അതീവശ്രദ്ധ പതിപ്പിക്കുകയും നാനാദിക്കുകളിൽ നിന്നുമായി എത്തിച്ചേർന്ന വ്യത്യസ്ത മതാനുയായികൾ താന്താങ്ങളുടെ മതവിഭാഗത്തിനു വിജയം സിദ്ധിക്കുമെന്നുള്ള പ്രത്യാശയോടും പ്രതീക്ഷയോടും വർത്തിക്കുകയും ചെയ്തിരുന്നു. സമ്മേളനാരംഭത്തിനു അഞ്ചു ദിവസം

മുമ്പേ ഹദ്‌റത്ത് അഹ്മദ്(അ) തന്റെ ഉപന്യാസം പ്രസ്തുത മഹോത്സവത്തിൽ സർവ്വോൽക്കൃഷ്ടവും വിജയശ്രീലാളിതവുമായി ഭവിക്കുമെന്ന് ദീർഘദർശനം ചെയ്തുകൊണ്ടു ഒരു വിജ്ഞാപനം അച്ചടിച്ചു പ്രസിദ്ധം ചെയ്തിരുന്നതിനാൽ ശ്രോതാക്കളിൽ സർവ്വഥാ ഭക്ത്യാവേശപൂർവ്വമായ ഒരുത്സാഹം കാണപ്പെട്ടിരുന്നു. ഹദ്‌റത്ത് അഹ്മദിന്റെ ഈ ഉപന്യാസം രണ്ടാം ദിവസത്തെ യോഗത്തിലാണ് വായിക്കാനാരംഭിച്ചത്. തദവസരത്തിൽ ശ്രോതാക്കൾ മന്ത്രവിവശരെന്നപോലെ ദത്തശ്രദ്ധരായിരിക്കുമാറുള്ള തരത്തിൽ പ്രസംഗം ഹൃദയാവർജ്ജകവും വിജ്ഞേയവും ചിന്താമൃതവുമാണെന്നു വെളിപ്പെടുകയുണ്ടായി. അതിലെ ഗഹനമായ ദിവ്യതത്ത്വജ്ഞാനം ദീർഘദർശനത്തിൽ പറഞ്ഞപോലെ അഭ്യസ്തവിദ്യരായ സദസ്യരെ ഹഠാദാകർഷിക്കുകയും പ്രഭാവിതരാക്കിത്തീർക്കുകയും ചെയ്തു. നിശ്ചയിക്കപ്പെട്ട രണ്ടുമണിക്കൂറുകൊണ്ട് ഉപന്യാസം വായിച്ചു തീരാഞ്ഞതിനാൽ, കാര്യപരിപാടിയനുസരിച്ചു അടുത്ത പ്രസംഗകനായിരുന്ന മൗലാനാ അബൂയൂസുഫ് മുബാറക് അലി സാഹിബ് തന്റെ പ്രസംഗത്തിനുള്ള സമയം മുഴുവനും ഇതിനായി വിട്ടു കൊടുത്തു. ഇതിനും പുറമെ, വൈകുന്നേരം നാലരമണിക്ക് പിരിയേണ്ട യോഗം അഞ്ചരമണിവരെ നീട്ടുവാൻ പ്രവർത്തക സമിതി തീരുമാനിക്കുകയും ചെയ്തു. ഇത്രയും സമയദൈർഘ്യംകൊണ്ടും ഈ ഉപന്യാസ വായന മുഴുമിക്കാത്തതിനാൽ ശിഷ്ടഭാഗവും വായിച്ചു മുഴുമിപ്പിക്കുമാറാകുന്നതിനു സമ്മേളനം ഒരു ദിവസത്തേക്കു കൂടി നീട്ടണമെന്നുള്ള സദസ്യരുടെ അഭ്യർത്ഥനയെക്കുറിച്ച് ആലോചിക്കുന്നതിന് പ്രവർത്തക സമിതി പ്രേരിതമായിത്തീർന്നു. പൂർവ്വനിശ്ചയപ്രകാരം മൂന്നു ദിവസത്തെ പരിപാടികളോടുകൂടിയ സമ്മേളനം നീട്ടുന്നതിനു യോഗസ്ഥലമായ ഇസ്‌ലാമിയ കോളേജിന്റെ അധികൃതരിൽനിന്നു അനുമതി ലഭിക്കേണ്ടിയിരുന്നു. തദവസരത്തിൽ അവിടെ ഹാജരുണ്ടായിരുന്ന കോളേജധികൃതർ അനുമതി നല്കിയതനുസരിച്ച് പ്രവർത്തകസമിതി തീരുമാനമെടുക്കുകയും സമ്മേളനം നാലാംദിവസവും തുടരുന്നതാണെന്നു സഭാനാഥൻ മുഖാന്തരം പ്രഖ്യാപനം ചെയ്യുകയുമുണ്ടായി. നാലാം ദിവസത്തെ യോഗത്തിലാണ് ഈ പ്രസംഗം വായിച്ചു മുഴുമിപ്പിച്ചത്. ഇങ്ങനെ പ്രസംഗം മുഴുവനും കേൾക്കുവാൻ സന്ദർഭം ലഭിച്ചതിൽ സദസ്യർ ആഹ്ലാദഭരിതരാവുകയും സഭാഹാൾ കരഘോഷങ്ങളാലും ജയാരവങ്ങളാലും മുഖരിതമാവുകയും ചെയ്തിരുന്നു. മഹത്തായ ഈ

വിജയത്തിന്റെ സ്മാരകമായി പരിലസിക്കുന്ന ആ പ്രവചന മുൾക്കൊണ്ട വിജ്ഞാപനത്തിന്റെ പരിഭാഷ അന്യത്ര ചേർത്തിരിക്കുകയാണ്.

പ്രസ്തുതോപന്യാസത്തെക്കുറിച്ച് പഞ്ചാബിലെയും മറ്റും വർത്തമാനപത്രങ്ങൾ പ്രസിദ്ധപ്പെടുത്തിയ അഭിപ്രായങ്ങളിൽ നിന്നു ഇതിന്റെ അമൂല്യ പ്രാധാന്യം സ്പഷ്ടമാകുന്നുണ്ട്. ഉദാഹരണമായി, 'ഒബ്സർവർ' എന്ന ഇംഗ്ലീഷ് പത്രം അഭിപ്രായപ്രകടനം ചെയ്ത കൂട്ടത്തിൽ, ഈ ഉപന്യാസം ഇംഗ്ലീഷിൽ വിവർത്തനം ചെയ്ത് യൂറോപ്പിലും അമേരിക്കയിലും പ്രചരിപ്പിക്കുവാൻ പറ്റിയ ഒരുത്തമകൃതിയാണെന്നു മുസ്ലിംകളെ ഉദ്ബോധിപ്പിക്കുകയുണ്ടായി. ക്രിസ്ത്യപത്രമായിരുന്ന സിവിൽ ആന്റ് മിലിറ്ററി ഗസറ്റ് (ലാഹോർ) മറ്റെല്ലാ പ്രസംഗങ്ങളെയും അഗണ്യമാക്കി ഈ ഉപന്യാസത്തെക്കുറിച്ചു മാത്രം പ്രസ്താവിക്കുകയും പ്രശംസിക്കുകയുമാണ് ചെയ്തിരുന്നത്. ഗ്രന്ഥരൂപത്തിൽ പ്രസിദ്ധമായപ്പോൾ ഇതിനെക്കുറിച്ചു വിവിധ ഭാഷാപത്രങ്ങളും മാസികകളും പുറപ്പെടുവിച്ച അഭിപ്രായങ്ങളിൽനിന്നു ഇതിന്റെ മാഹാത്മ്യം വെളിപ്പെടുന്നുണ്ട്. എല്ലാറ്റിലുമേറെ സ്പഷ്ടമായി ഈ കൃതിയുടെ മാഹാത്മ്യം മനസ്സിലാക്കാൻ സാധിക്കുന്നത്, 'ധർമ്മമഹോത്സവ' പ്രവർത്തകസമിതി പ്രസിദ്ധീകരിച്ചിട്ടുള്ള സമ്പൂർണ്ണ റിപ്പോർട്ടിൽനിന്നാണ്. ഇസ്ലാം, ക്രിസ്തുമതം, സിക്കുപന്ഥ്, ആര്യസമാജം, ബ്രഹ്മസമാജം, സനാതന ധർമ്മം, ബ്രഹ്മവിദ്യ(തിയോസഫി) നാസ്തികവാദം, സൗഹാർദ്ദധർമ്മം (റിലിജ്യൻ ഓഫ് ഹാർമ്മണി) എന്നിങ്ങനെ വിവിധങ്ങളായ മതമാർഗ്ഗങ്ങളുടെ പ്രതിനിധികൾ ചെയ്ത പ്രസംഗങ്ങൾ ആ വിസ്തീർണ്ണ റിപ്പോർട്ടിൽ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്. മതതാരതമ്യ പഠിതാക്കൾ ആ റിപ്പോർട്ട് ആദ്യന്തം വായിച്ചു നോക്കുന്ന പക്ഷം, പ്രകൃതോപന്യാസം മറ്റെല്ലാ പ്രസംഗങ്ങളിലുംവച്ചു ഏറ്റവും ഉൽക്കൃഷ്ടമായതും നിർദ്ദിഷ്ടപ്രശ്നങ്ങൾക്ക് ശരിയായ ഉത്തരമായിരിക്കുന്നതുമാണെന്നു ബോധ്യമാകുന്നതാണ്. ഇസ്ലാമിന്റെ പ്രതിനിധികളായി പ്രസംഗിച്ച ഇതര മുസ്ലിം പണ്ഡിതന്മാരുടെ അഭിഭാഷണങ്ങൾ വായിച്ചു നോക്കുന്നതായാൽ അവ നിർദ്ദിഷ്ട പ്രശ്നങ്ങൾക്ക് ശരിയായ ഉത്തരമായിട്ടില്ലെന്നും അവയും ഇതര മതപ്രതിനിധികളുടെ പ്രസംഗങ്ങളെപ്പോലെതന്നെ നിർജ്ജീവങ്ങളാണെന്നും കാണാൻ പ്രയാസമില്ല.

ഈ ഉപന്യാസം ഒന്നാമതായി ഇംഗ്ലീഷിലാണ് തർജ്ജമ ചെയ്യപ്പെട്ടിരുന്നത്. ആദ്യമായി 1902-1903 ലെ 'റിവ്യു ഓഫ് റിലിജ്യൻസ്' മാസികയിൽ ഇതിന്റെ പരിഭാഷ ഖണ്ഡശ: പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അക്കാലത്ത് അത് വായിച്ചിരുന്ന റഷ്യയിലെ വിഖ്യാത തത്ത്വജ്ഞാനിയായ കൗണ്ട് ടോൾസ്റ്റായി ആവേശം കൊള്ളുകയും 'അതിലെ ആശയങ്ങൾ എത്രയും ഗഹനവും സത്യനിഷ്ഠവുമാണ്' എന്ന് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. സദ്ർ അഞ്ചുമൻ അഹ്മദിയ്യാ(ഖാദിയാൻ) എന്ന കേന്ദ്ര സംഘടനക്കുവേണ്ടി ലണ്ടനിലെ 'ല്യൂസക്ക് ആന്റ് കമ്പനി' (Luzac &Co) യാണ് ആ ഇംഗ്ലീഷ് പരിഭാഷ 1910 ൽ പുസ്തകമായി പ്രസിദ്ധം ചെയ്തത്. അനന്തരം അതിനു ഇന്ത്യയിലും യൂറോപ്പിലും അമേരിക്കയിലും ഒട്ടു വളരെ പതിപ്പുകളുണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമെ, ഫ്രഞ്ച്, ജർമ്മനി, സ്പാനിഷ്, പാർസി, അറബി, മലായി, ബർമ്മി, ചീനി, പശ്തോ, സ്വാഹിലി, യോറുബാ, ലുഗാണ്ട, ഗുജറാത്തി, ഹിന്ദി, സിന്ധി, തമിഴ്, സിംഹള, ബങ്കാളി, ഗുർമുഖി, മറാഠി, കർണ്ണാടകം, ഒഡിയ, തെലുങ്കു മുതലായ ഒട്ടുവളരെ ഭാഷകളിൽ ഈ ഗ്രന്ഥം ഇതിനകം തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ടെന്നതും പ്രത്യേകം പ്രസ്താവനീയമാണ്.

മലയാളത്തിൽ ഈ ഗ്രന്ഥം 'ഇസ്ലാംമത സിദ്ധാന്തങ്ങൾ' എന്ന പേരിൽ 1931 ൽ ആണ് ആദ്യമായി പ്രസിദ്ധം ചെയ്തത്. ഇത് സെക്കന്ത്രാബാദിലെ വന്ദ്യ ജനാബ് സേട്ട് അബ്ദുല്ലാ അലാഹ്ദീൻ സാഹിബിന്റെ ചെലവിൽ ഞാൻ തർജ്ജമ ചെയ്യുകയും സ്ഥലം എഡ്വേർഡ് പ്രസ്സിൽ മുദ്രണം ചെയ്യിച്ച് 'അഞ്ചുമൻ തറഖ്ഖീ ഇസ്ലാം' (സെക്കന്ത്രാബാദ്) എന്ന സംഘത്തിന്റെ പേരിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ജനാബ് സേട്ട് സാഹിബിന്റെ ഔദാര്യം നിമിത്തം കേരളീയരായ ഒട്ടധികം മുസ്ലിംകൾക്ക് 'ഇസ്ലാംമത തത്ത്വജ്ഞാനം' ഗ്രഹിക്കുവാനും അനേകം അമുസ്ലിംകൾക്ക് ഇസ്ലാമിനെക്കുറിച്ചുള്ള തെറ്റുധാരണകൾ പരിഹരിച്ച് നല്ല അഭിപ്രായവും ബഹുമാനവും ജനിപ്പിക്കുവാനും സംഗതിയായിട്ടുണ്ടെന്നത് കൃതജ്ഞതാപൂർവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു. ഒന്നാംപതിപ്പിനെക്കുറിച്ച് മലയാള ഇംഗ്ലീഷ് പത്രങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളും അമുസ്ലിം മാന്യന്മാർ എഴുതി അയച്ചു തന്നിട്ടുള്ള പ്രശംസകളും ഈ വസ്തുതയെ സാക്ഷിയാക്കുന്നവയാണ്. എന്നാൽ, നിർഭാഗ്യവശാൽ, മൂന്നു ദശകങ്ങളോളം

പഴക്കമുള്ള ആ പത്ര നിരൂപണങ്ങളും പ്രശംസാലിഖിതങ്ങളും എന്റെ പക്കൽനിന്നും നഷ്ടപ്പെട്ടുപോയിരിക്കയാണെന്നു സഖേദം പ്രസ്താവിക്കുവാൻ ഞാൻ നിർബദ്ധനായിരിക്കുന്നു. ഒരു വ്യാഴവട്ടക്കാലമായി പ്രസ്തുത മലയാളപ്പതിപ്പ് ഒരു പ്രതിപോലും എങ്ങും കിട്ടാത്തവിധം ചെലവായിക്കഴിഞ്ഞിരിക്കുകയായിരുന്നു. ഇക്കാലമത്രെയും അതിനു ധാരാളം ആവശ്യക്കാരുണ്ടായിരുന്നിട്ടും അത് പുനഃപ്രസിദ്ധം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ഈ പരിഷ്കരിച്ച പതിപ്പ് വെളിയിൽ വരാനിടയായിരിക്കുന്നത് കോഴിക്കോട് 'മിനാരത്ത് പബ്ലിക്കേഷൻസ്' എന്ന പ്രസിദ്ധീകരണാലയം ഇതിന്റെ പ്രസാധനം കൈയ്യേറ്റതു കൊണ്ടാണ്.[1] ആദ്യത്തെ തർജ്ജമയെ ആമൂലാഗ്രാം പുനഃപരിശോധന ചെയ്ത് പലേടത്തും ആശയം വ്യക്തീകരിക്കുകയും സ്ഖലിതങ്ങൾ തിരുത്തുകയും പരിഭാഷയെ കുറേയൊക്കെ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ടെന്ന് പ്രസ്താവിക്കുന്നതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. വശ്യവാക്കായ ഗ്രന്ഥകാരന്റെ ഉർദുവിലുള്ള ആശയങ്ങൾ മലയാളത്തിൽ പ്രകടിപ്പിക്കുന്നതിനു ഞാൻ കുറേയേറെ പരിശ്രമിക്കുകയുണ്ടായിട്ടുണ്ട്. എങ്കിലും ആ മഹാത്മാവിന്റെ ആശയങ്ങൾക്ക് വല്ല ഭാഗത്തും ഭംഗം വന്നു പോയതായി സുഹൃത്തുക്കൾ കണ്ടെത്തുന്നപക്ഷം അത് എനിക്ക് ക്ഷമിച്ചു തരുവാനും ചൂണ്ടിക്കാണിച്ചു തരുവാനും അവരോട് അപേക്ഷിച്ചു കൊള്ളുന്നു.

ഈ തർജ്ജമ ഉർദുമൂലത്തിൽനിന്നാണെങ്കിലും അവസാനം വരെ ഇംഗ്ലീഷ് പരിഭാഷയെ മുന്നിൽവച്ചുകൊണ്ടാണ് ഇതിനെ പുനഃപരിശോധന ചെയ്തിരിക്കുന്നത്. ഇങ്ങനെ ഈ തർജ്ജമ തികച്ചും ഉർദുമൂലത്തിനനുസരിച്ചായിരിക്കുന്നതിനാൽ ഇംഗ്ലീഷുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഇതിൽ അങ്ങിങ്ങായി അൽപസ്വല്പ വ്യത്യാസങ്ങൾ കണ്ടേക്കാം. ഉർദുവിലുള്ള ചില വിസ്തീർണ്ണ പ്രതിപാദനങ്ങൾ ഇംഗ്ലീഷ് അനുവാചകന്മാരുടെ അഭിരുചിയെ മുൻനിറുത്തി പരിഭാഷകൻ ഇംഗ്ലീഷിൽ സംക്ഷേപിച്ചിട്ടുള്ളതാണ് ആ വ്യത്യാസങ്ങൾക്കു കാരണം. ഈ ഗ്രന്ഥത്തിൽ ഉദ്ധൃതമായ മിക്കവാറും ഖുർആൻ വാക്യങ്ങൾക്ക് ഭാവാർത്ഥമാണ്, അനുപദ തർജ്ജമയല്ല ഗ്രന്ഥകർത്താവ് ചേർത്തിരിക്കുന്നത്. അദ്ദേഹം തന്റെ മിക്കവാറുമെല്ലാ ഗ്രന്ഥങ്ങളിലും ഖുർആൻ വാക്യങ്ങൾക്ക്

1. രണ്ടാം പതിപ്പിന്റെ മുഖവുരയാണിത്.

ഭാവാർത്ഥമാണ് കൊടുത്തിട്ടുള്ളതെന്നത് പ്രകൃതത്തിൽ അനുസ്മരണീയമാണ്.

ഈ ഗ്രന്ഥം നമുക്ക് വിശുദ്ധഖുർആന്റെ വ്യാഖ്യാന സംഗ്രഹം നല്കുന്നുവെന്നുമുള്ളതാണ് ഇതിന്റെ ഒരു വൈശിഷ്ട്യം. നിഷ്പക്ഷബുദ്ധിയോടും നീതിബോധത്തോടും ഈ ഗ്രന്ഥം ആപാദചൂഢം വായിച്ചു നോക്കുന്ന ആരും വിശുദ്ധ ഖുർആന്റെ പാഠങ്ങളുടെ മനോഹാരിതയെ ബോധിക്കുന്നതായിരിക്കുമെന്നു മാത്രമല്ല, അയാൾക്ക് തന്റെ ഉള്ളിൽ ഒരാത്മീയാവേശം ഉണ്ടായിവരുന്നതായും തന്റെ ഹൃദയത്തിൽ നവ്യമായ ഒരു സംസ്കാര പ്രകാശം ഉദിക്കുന്നതായും അനുഭവപ്പെടുന്നതുമായിരിക്കും. ഇതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന തത്ത്വങ്ങളെല്ലാം ഖുർആൻ പ്രമാണങ്ങളാൽ സിദ്ധിച്ചിരിക്കുന്നവയായതിനാൽ മുസ്ലിംകളായ നാം ഈ ഉൽക്കൃഷ്ട പാഠങ്ങളെ നിത്യജീവിതത്തിൽ പ്രായോഗികമാക്കിത്തീർക്കേണ്ടതാകുന്നു. അങ്ങനെ നാം ഈ മഹിത തത്ത്വങ്ങളെ സ്വയം ഉപജീവിക്കുകയും അവയുടെ സാക്ഷാൽക്കാരത്തോടു കൂടിയ ജീവിതം പ്രദർശിപ്പിച്ചു കൊണ്ട് ഈ ഇസ്ലാമികപാഠങ്ങൾ മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്ന പക്ഷം അത് നമുക്കുതന്നെ നന്മ വരുത്തുവാനുള്ള ഒരു ശ്രമമായിരിക്കുന്നതിനു പുറമെ ഇസ്ലാമിനു നാം ചെയ്യുന്ന ഒരു സേവനവുമായിരിക്കുന്നതാണ്. പക്ഷപാത ബുദ്ധികളായ ശത്രുക്കളുടെ ആക്ഷേപ നിരൂപണങ്ങളാലും ഇസ്ലാമികപാഠങ്ങളെ അവഗണിച്ചു സ്വാർത്ഥലോലുപരായി ജീവിച്ചുപോന്ന മിത്രങ്ങളുടെ നെറികേടിനാലും തെറ്റുധാരണകൾക്ക് വശഗരായി ഇസ്ലാമിനെയും തൽസ്ഥാപകരായ വിശുദ്ധനബി തിരുമേനിയെയും അനാദരിക്കുവാനും പഴിപറയാൻ തന്നെയും പ്രേരിതമായിത്തീരുന്ന അമുസ്ലിംകൾക്ക് ഇസ്ലാമിന്റെ സൗന്ദര്യധാമത്തെ ദർശിക്കുവാനും തദ്വാരാ അതിനെ സ്നേഹിക്കുവാനും ആശ്ലേഷിക്കുവാൻപോലും സഹായകമായ ഗ്രന്ഥമാണിത്. ഈ വിശ്വാസത്തോടും സൽപ്രതീക്ഷയോടും ഞാൻ ഈ സൽഗ്രന്ഥം കേരളീയ സമക്ഷം സാദരം സമർപ്പിച്ചു കൊള്ളുന്നു.

കണ്ണൂർ
1-12-61

**എൻ. ഹാമിദ്**
(പരിഭാഷകൻ)



ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

# ഗ്രന്ഥകർത്താവിനെപ്പറ്റി

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) 1835 ഫെബ്രുവരി 13-ന് (1250 ശവ്വാൽ 14) പഞ്ചാബിലെ ഖാദിയാനിൽ ജനിച്ചു. ചെറുപ്പത്തിലേ ഖുർആൻ പഠനത്തിലും മതവിചിന്തനത്തിലും ആദ്ധ്യാത്മിക ജീവിത തപസ്യയിലും നിമഗ്നനായി. ദേഹാന്തംവരെ സ്വജീവിതം അനുസ്യൂതം ഖുർആന്റെയും ഇസ്ലാമിന്റെയും ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനിയുടെയും പ്രഭാവത്തെ പ്രകാശിപ്പിക്കുന്നതിനും ദൈവമഹത്വത്തെ വെളിപ്പെടുത്തുന്നതിനുമായി വിനിയോഗിച്ചു. ഇസ്ലാം വാസ്തവ വിരുദ്ധമായ ആക്ഷേപാക്രമണങ്ങൾക്ക് ലക്ഷീഭവിക്കുകയും മുസ്ലിംകളുടെ ലൗകിക ഭാഗ്യൈശ്വര്യാദികൾക്ക് അപചയം സംഭവിക്കുകയും അവരുടെ മതവിശ്വാസം സന്ദേഹവിതർക്കങ്ങൾക്ക് വിധേയമായി കേവലം ഉപരിപ്ലവം മാത്രമായി അവശേഷിക്കുകയും ചെയ്ത ഘട്ടത്തിൽ അദ്ദേഹം ഇസ്ലാംധർമ്മത്തിന്റെ ന്യായസമർത്ഥനത്തിനും തത്ത്വവിശദീകരണത്തിനുമായിട്ട് ഉദ്യുക്തനായി. ഇസ്ലാം സജീവമതമാണെന്നും അതിനോടുള്ള പിന്തുടർച്ചയും അനുസരണവുംമൂലം മനുഷ്യന് ദൈവസാമീപ്യവും അവനുമായുള്ള സംഭാഷണ സൗഭാഗ്യവും കരസ്ഥമാക്കാനാവുമെന്നും സ്ഥാപിച്ചുകൊണ്ട് അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അമൂല്യസാഹിത്യങ്ങൾ, മാനവരാശിക്ക് ദിവ്യജ്ഞാനത്തിന്റെ അമൃതധാരകൾ അനുസ്യൂതമായി പകർന്നു കൊടുക്കുന്ന വിജ്ഞാന സ്രോതസ്സുകളാണ്. ഖുർആൻ പ്രബോധിക്കുന്ന പാഠങ്ങളും പ്രഖ്യാപി

ക്കുന്ന നിയമപ്രമാണവും മനുഷ്യനെ ധാർമ്മികമായും ആത്മീയ മായും ഉയർത്തിക്കൊണ്ടുപോയി പൂർണ്ണതയിലെത്തിക്കുന്നതിന് പര്യാപ്തമാണെന്ന്, ത്യാഗധനവും മഹത്ത്വപൂർണ്ണവും വിശുദ്ധ വുമായ സ്വന്തം ജീവിതമാതൃകയിലൂടെയും ദൈവികമായ സത്യദൃഷ്ടാന്തങ്ങളിലൂടെയും അദ്ദേഹം തെളിയിച്ചു. ഇസ്ലാമിന്റെ നവോത്ഥാന നായകനായും വാഗ്ദത്ത മസീഹായും താൻ നിയോ ഗിതനായിരിക്കുന്നുവെന്നു അദ്ദേഹം പ്രഖ്യാപിക്കുകയും 1889 ൽ ദൈവനിർദ്ദേശ പ്രകാരം അഹ്മദിയ്യാ ജമാഅത്ത് രൂപീക രിച്ചുകൊണ്ട് സ്വശിഷ്യത്വത്തിലേക്ക് ആളുകളെ ക്ഷണിച്ചു തുടങ്ങു കയും ചെയ്തു. ('ഖിലാഫത്ത്' എന്ന അനുഗൃഹീത നേതൃത്വത്തിൻ കീഴിൽ വ്യവസ്ഥാപിതമായി മുന്നേറുന്ന ഈ ജമാഅത്ത് ലോക ത്തിന്റെ നാനാഭാഗങ്ങളിലും പ്രചാരണ കേന്ദ്രങ്ങളും പള്ളികളും വിദ്യാലയങ്ങളും ആതുരാലയങ്ങളും സാധുസംരക്ഷണ ട്രസ്റ്റുകളും ടി.വി. ചാനലുകളും സ്ഥാപിച്ച് ആദ്ധ്യാത്മികവും മനുഷ്യ സേവന പരവുമായ പ്രവർത്തനങ്ങളിൽ വ്യാപൃതമായിരിക്കുന്നു.) അദ്ദേഹം വിരചിച്ച എൺപതിലേറെ ഗ്രന്ഥങ്ങളിൽ അധികവും ഉർദു ഭാഷ യിലാണ്; ചിലത് അറബിയിലും, പാർസിയിലും. 1908 മെയ് 26 -ന് (1326 റബിഉൽ ആഖർ 24) അദ്ദേഹം ദിവംഗതനായി.

# സത്യധർമ്മജിജ്ഞാസുക്കൾക്ക് സുവാർത്ത

ലാഹോർ ടൗൺഹാളിൽ[2] ഡിസംബർ 26, 27,28 എന്നീ തിയതികളിൽ ചേരുന്ന സർവ്വമത മഹാസമ്മേളനത്തിൽ[3] വിശുദ്ധഖുർആന്റെ മാഹാത്മ്യങ്ങളെയും അത്ഭുതശക്തികളെയും പ്രതിപാദിക്കുന്ന എന്റെ ഒരു ഉപന്യാസം വായിക്കപ്പെടുന്നതാണ്. ദൈവത്തിന്റെ പ്രത്യേക സഹായത്തോടെ എഴുതപ്പെട്ടിരിക്കുന്നതും മനുഷ്യശക്തിക്കതീതമായിരിക്കുന്നതുമായ ഈ ഉപന്യാസം ഒരു ദൈവിക ദൃഷ്ടാന്തമാകുന്നു. വിശുദ്ധഖുർആൻ ദൈവപ്രോക്തമായ ദിവ്യഗ്രന്ഥമാണെന്നു സ്പഷ്ടമായി തെളിയിക്കുന്നതിനു പര്യാപ്തമായ തത്ത്വരഹസ്യങ്ങളും പരമാർത്ഥജ്ഞാനങ്ങളും ക്രോഡീകരിച്ചുകൊണ്ടുള്ളതാണത്. അതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന അഞ്ചു ചോദ്യങ്ങളുടെയും സമാധാനം ശ്രദ്ധിച്ചുകേൾക്കുന്ന ആരുടെയും ഹൃദയത്തിൽ നവമായ ഭക്തിവിശ്വാസവും ആത്മാവിൽ സംസ്കാരാഭയും സംജാതമാകുന്നതായിരിക്കും. തന്നെയുമല്ല അയാൾക്ക്

---

2. ടൗൺഹാളിൽ സ്ഥലം പോരാതെ വന്നതിനാൽ ഇസ്‌ലാമിയാ കോളേജ് ഹാളിലാണ് സമ്മേളനം ചേർന്നത്.

3. സ്വാമി ശകുൻചന്ദർ-സർവ്വധർമ്മമഹോത്സവ സംഘടനാധികൃതർ തന്റെ വിളംബരത്തിൽ മുസ്‌ലിംകളും ക്രിസ്ത്യാനികളും ആര്യസമാജികളും സ്വമതമാർഗ്ഗങ്ങളുടെ ശ്രേഷ്ഠതകളെ പ്രതിപാദിക്കുന്ന തരത്തിലുള്ള പ്രസംഗങ്ങൾ പ്രാപ്തരായ മതപണ്ഡിതന്മാരെക്കൊണ്ടു തയ്യാർ ചെയ്യിക്കേണ്ടതാണെന്നു അവരോടു ദൈവനാമത്തിൽ അഭ്യർത്ഥിച്ചു കാണുകയുണ്ടായി. ദൈവനാമത്തിലുള്ള ഈ അഭ്യർത്ഥനയെ മാനിച്ചുകൊണ്ടു അദ്ദേഹത്തിന്റെ ഇഷ്ടം നിവർത്തിക്കാൻ ഞാൻ സന്നദ്ധനായിരിക്കുന്നു എന്ന വസ്തുത ഇതാ അറിയിച്ചുകൊള്ളുന്നു. ദൈവേച്ഛയാ പ്രസ്തുത സമ്മേളനത്തിൽ എന്റെ ഒരു ഉപന്യാസം വായിക്കപ്പെടുന്നതായിരിക്കും. ദൈവനാമോച്ചാരണത്തിൽ പരിപൂർണ്ണമായ അനുസരണം കാണിക്കേണ്ടതാണെന്നു പഠിപ്പിക്കുന്ന മതമാണ് ഇസ്‌ലാം. എന്നാൽ, ആര്യമതക്കാർ അവരുടെ പരമേശ്വരന്റെയും ക്രിസ്തീയ പാതിരിമാർ അവരുടെ ക്രിസ്തുദേവന്റെയും മഹത്ത്വം സംരക്ഷിക്കുന്നതിന് താൽപര്യാലുക്കളാണോ എന്നും, സർവ്വോന്നതനും സർവ്വോപരി മഹത്ത്വവാനുമായവന്റെ നാമത്തിലുള്ള അഭ്യർത്ഥനയെ അവർ മാനിക്കുന്നതിന് സന്നദ്ധരാണോ എന്നും നമുക്ക് നോക്കാം.

ദൈവവചനത്തിന്റെ– ഖുർആന്റെ– ഒരു വ്യാഖ്യാന സംഗ്രഹം കരഗതമാകുന്നതുമായിരിക്കും. എന്റെ ഈ പ്രസ്താവം നിരർത്ഥമോ മിഥ്യയോ അല്ല. ഞാനീ വിജ്ഞാപനം എഴുതി പ്രസിദ്ധം ചെയ്യാൻ പ്രേരിതനായിരിക്കുന്നത് ജനങ്ങളോടുള്ള അനുകമ്പാതിരേകത്താൽ മാത്രമാകുന്നു. അതായത്, അവർ വിശുദ്ധ ഖുർആന്റെ സൗന്ദര്യ മഹിമാവിലാസങ്ങൾ ദർശിക്കുമാറാകുന്നതിനും വിരോധികൾ അന്ധകാരത്തെ പ്രിയപ്പെടുകയും പ്രകാശത്തെ വെറുക്കുകയും ചെയ്യുന്നവരാണെന്നു എല്ലാവരും അറിയാറാകുന്നതിനും തന്നെ.

എന്റെ ഉപന്യാസം മറ്റെല്ലാ ഉപന്യാസങ്ങളെയും പ്രഭാഷണങ്ങളെയും വെല്ലുന്നതായിരിക്കുമെന്നു സർവ്വജ്ഞനായ ദൈവം എനിക്കറിവു തന്നിരിക്കുന്നു. ഇതരമതസ്ഥർ തദവസരത്തിൽ സന്നിഹിതരായി പ്രസ്തുതോപന്യാസം ആപാദചൂഡം ശ്രദ്ധയാ കേൾക്കുന്നപക്ഷം അവർ ലജ്ജിതരാകുമാറുള്ള തരത്തിൽ സത്യത്തിന്റെയും യുക്തിപ്രദർശനത്തിന്റെയും ജ്ഞാനത്തിന്റെയും പ്രഭാവായ്പ് അതിൽ അന്തർഭവിച്ചിരിക്കുന്നതാണ്. തത്തുല്യമായ ശ്രേഷ്ഠത ക്രിസ്ത്യാനികൾക്കോ ആര്യസമാജികൾക്കോ സനാതന ധർമ്മികൾക്കോ മറ്റേതെങ്കിലും മതക്കാർക്കോ തങ്ങളുടെ മതഗ്രന്ഥത്തിനുള്ളതായി തെളിയിക്കുവാൻ സാധിക്കുകയില്ല. എന്തെന്നാൽ, അന്നേദിവസം ദൈവം തന്റെ വിശുദ്ധ വേദഗ്രന്ഥമായ ഖുർആന്റെ മാഹാത്മ്യം വെളിപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്.

ഇതിനെ സംബന്ധിച്ചു എനിക്ക് ഇപ്രകാരമൊരു ആത്മദർശനം ഉണ്ടായിരിക്കുന്നു. "എന്റെ ഭവനത്തിന്മേൽ പരോക്ഷത്തിൽനിന്നും ഒരു കൈ വന്നു പതിക്കുകയുണ്ടായി. ആ കരസ്പർശത്തോടുകൂടി ആ മന്ദിരത്തിൽനിന്നു കണ്ണഞ്ചിക്കുന്ന പ്രകാശധോരണി ചുറ്റും വ്യാപിച്ചു. ആ പ്രകാശം എന്റെ കരങ്ങളിലും പതിച്ചു. അപ്പോൾ എന്റെ അടുക്കൽ നിന്നിരുന്ന ഒരാൾ اَللّٰهُ اَكْبَرُ۔ خَرِبَتْ خَيْبَرُ

'അല്ലാഹു ഏറ്റവും വലിയവൻ; ഖയ്ബർ നശിച്ചു പോയി' എന്നു ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ഈ ദർശനത്തിന്റെ താൽപര്യം ഇതാണ്: ഭവനം എന്നതുകൊണ്ടുള്ള വിവക്ഷിതം ദിവ്യമായ വെളിപാടു അവതരിക്കുകയും പ്രകാശമാവേശിക്കുകയും ചെയ്യുന്ന എന്റെ ഹൃദയമാകുന്നു. പ്രകാശമെന്നാൽ ഖുർആനിക ജ്ഞാനമ

ത്രെ. അസത്യവും ധർമ്മവിരുദ്ധവുമായ സിദ്ധാന്തങ്ങളുടെ കലർപ്പോടുകൂടിയതും, മനുഷ്യനു ദൈവത്വം ആരോപിക്കുകയും ദൈവത്തിന്റെ ഗുണവിശേഷങ്ങളെ പൂർണ്ണതയുടെ സ്ഥാനത്തുനിന്ന് താഴ്ത്തുകയും ചെയ്യുന്നതുമായ സകല ദുഷിച്ച മതവിഭാഗങ്ങളെയുമാണ് 'ഖയ്ബർ' ശബ്ദം കുറിക്കുന്നത്. ഇങ്ങനെ എന്റെ ഉപന്യാസം ധാരാളമായി പ്രചരിച്ചു കഴിയുന്നതോടുകൂടി കൃത്രിമ മതമാർഗ്ഗങ്ങളുടെ അസത്യം വെളിപ്പെടുകയും വിശുദ്ധഖുർആന്റെ സത്യം അനുദിനം പ്രചരിച്ചു ഭൂമുഖത്തെല്ലേടവും വ്യാപിക്കുമാറാകുകയും ചെയ്യുമെന്നു എനിക്കു അറിവായിരിക്കുന്നു. ഒടുവിൽ, ഈ ആത്മീയാദർശനാവസ്ഥയിൽനിന്നു ഞാൻ മറ്റൊരു അനുഭൂതിയിലേക്ക് ആനീതനാവുകയും ദൈവബോധനംകൊണ്ടു ഞാൻ അനുഗൃഹീതനായി ഭവിക്കുകയും ചെയ്തു. എനിക്കുണ്ടായ ആ ദൈവബോധനം ഇതാണ്: إِنَّ اللّٰهَ مَعَكَ۔ إِنَّ اللّٰهَ يَقُوْمُ أَيْنَمَا قُمْتَ 'നിശ്ചയമായും ദൈവം നിന്നോടു കൂടിയാകുന്നു; നീ നില്ക്കുന്നേടത്തു ദൈവം നില്ക്കുന്നു.' ഇതു ദൈവിക സഹായത്തെക്കുറിക്കുന്ന ഒരു അലങ്കാരോക്തിയാണ്.

ഈ വസ്തുതയെക്കുറിച്ചു ഇനിയും എഴുതി ഈ വിജ്ഞാപനം ദീർഘിപ്പിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. അതിനാൽ, സകലമാനപേരും തങ്ങളുടെ ബുദ്ധിക്കും ധർമ്മവിശ്വാസത്തിനും നിരൂഹ്യമായ തരത്തിലുള്ള വികാസവും പ്രകാശവും സിദ്ധിക്കുന്നതിനു പര്യാപ്തമായ തത്ത്വജ്ഞാനങ്ങൾ ശ്രവിക്കുന്നതിനായ്ക്കൊണ്ട്, ലാഹോറിൽ കൂടുന്ന പ്രസ്തുത മതസമ്മേളനത്തിൽ നിശ്ചിത തിയതികളിൽ സന്നിഹിതരാകണമെന്നു ഞാൻ അഭ്യർത്ഥിച്ചു കൊള്ളുന്നു. സന്മാർഗ്ഗത്തെ അവലംബിക്കുന്നവരിലത്രെ സർവ്വ സമാധാനവും.

ഖാദിയാൻ **മിർസാ ഗുലാം അഹ്മദ്**

21-12-1896

بسم الله الرحمن الرحيم

# ഇസ്ലാംമത തത്വജ്ഞാനം

**വി**വിധ മതപ്രതിനിധികൾ നിർദ്ദിഷ്ട പ്രശ്നങ്ങൾക്കനുസരിച്ചു സ്വസ്വധർമ്മങ്ങളുടെ വിശിഷ്ടതകളെക്കുറിച്ചു പ്രതിപാദിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി സന്നിഹിതരായിരിക്കുന്ന ഈ 'സർവ്വമത മഹാസമ്മേളന'ത്തിൽ, ഞാൻ ഇസ്ലാംമതത്തിന്റെ പ്രതിനിധി യെന്ന നിലക്ക് അതിന്റെ മാഹാത്മ്യങ്ങളെയും ഉൽക്കൃഷ്ടതകളെയും പ്രകാശിപ്പിക്കുന്നതായിരിക്കും. വിഷയത്തിൽ പ്രവേശിക്കുന്നതിനു മുമ്പേ, ഞാനിതിൽ പ്രതിപാദിക്കുന്ന സംഗതികളെല്ലാം ദൈവിക ഗ്രന്ഥമായ വിശുദ്ധഖുർആനിൽനിന്നും സംഗ്രഹിക്കപ്പെട്ടവയായി രിക്കുമെന്ന് പ്രസ്താവിച്ചുകൊള്ളട്ടെ. ഓരോ പ്രതിനിധിയും തത്ത്വ പ്രതിപാദനത്തിനാവശ്യകമായ എല്ലാ ന്യായങ്ങളും താൻ ദൈവി കമെന്നു വിശ്വസിക്കുന്ന പവിത്രഗ്രന്ഥത്തിൽനിന്നു മാത്രം എടുത്തു കാണിക്കേണ്ടതും അതിൽനിന്നു വ്യതിരിക്തമായി പുതിയൊരു ഗ്രന്ഥം രചിക്കുന്ന മട്ടിൽ ബാഹ്യാദർശങ്ങളെയും ബഹിർന്യായ ങ്ങളെയും അവലംബിച്ചു സ്വപ്രാതിനിദ്ധ്യാധികാരത്തെ അതിലം ഘിക്കാതിരിക്കേണ്ടതും അത്യാവശ്യമാണ്. അതുകൊണ്ട് വിശുദ്ധ ഖുർആന്റെ മഹിമാവിശേഷങ്ങളെ സ്ഥാപിക്കുകയും അതിന്റെ ശ്രേഷ്ഠതയെ തെളിയിച്ചുകാട്ടുകയും ചെയ്യാനുദ്ദേശിക്കുന്ന ഞാൻ അതിലെ പ്രകടമായ തത്ത്വങ്ങളെയും അതിൽനിന്നു അനുമാനി ക്കാവുന്ന യുക്തികളെയും അവലംബിച്ചു വിഷയപ്രതിപാദനത്തെ

ആ വിശുദ്ധ ഗ്രന്ഥത്തിന്റെ പരിധികൾക്കുള്ളിൽ നിറുത്തിക്കൊള്ളാം. മറ്റെല്ലാ പ്രതിനിധികളും ഈ നിഷ്ഠയോടെ പ്രവർത്തിക്കുന്ന പക്ഷം നിഷ്പക്ഷബുദ്ധികൾക്ക് മതങ്ങളെ താരതമ്യപഠനം ചെയ്ത് അവയുടെ ആപേക്ഷിക മഹത്ത്വത്തെ നിർണ്ണയിക്കുവാൻ സാധിക്കുന്നതാണ്. ഇങ്ങനെ ഗ്രന്ഥാനുസാരികളായ പ്രതിനിധികളേവരും താന്താങ്ങളുടെ മതഗ്രന്ഥങ്ങളെ മാത്രം ആധാരമാക്കുകയും ആ ഗ്രന്ഥവചനങ്ങളെ മാത്രം സാക്ഷ്യങ്ങളായി കാണിക്കുകയും ചെയ്യേണ്ടതായതുകൊണ്ട് ഞാൻ നബി വചനങ്ങൾപോലും ഇവിടെ പ്രമാണങ്ങളായി ഉദ്ധരിച്ചിട്ടില്ല. യഥാർത്ഥ നബി വചനങ്ങളാകട്ടെ വിശുദ്ധ ഖുർആനിൽ നിന്ന് സംഗ്രഹിക്കപ്പെട്ടവയത്രെ. അതിനാൽ, പരിപൂർണ്ണവും വേദസമാപ്തികവുമായ ആ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നല്ലാതെ വെളിയിൽ നിന്നു ഒരു പ്രമാണവും ഞാനിതിൽ സ്വീകരിച്ചിട്ടില്ല. ചുരുക്കത്തിൽ ഇന്നേ ദിവസം വിശുദ്ധഖുർആന്റെ മാഹാത്മ്യം പ്രകാശിതമാകുന്ന ശുഭദിനമാണ്. ഈ കൃത്യനിർവ്വഹണത്തിനു ദൈവം എന്നെ തുണക്കുമാറാകട്ടെ. ആമീൻ.

ആരംഭത്തിൽ പ്രസ്താവിക്കപ്പെടുന്ന ചില സംഗതികൾ പ്രതിപാദ്യ വിഷയവുമായി ബന്ധപ്പെടാത്തവയാണെന്നു പ്രഥമദൃഷ്ടത്തിൽ ചിലർക്കു തോന്നിയേക്കാം. എന്നാൽ, വിഷയം പൂർണ്ണമായി ഗ്രഹിക്കുമാറാകുന്നതിനു അത്യാന്താപേക്ഷിതമാണെന്നു കാണുന്നതിനാൽ ആ സംഗതികൾ ഇവിടെ ചേർക്കുവാൻ ഞാൻ പ്രേരിതനായിരിക്കുന്നു.

# ശാരീരികം, ധാർമ്മികം, ആദ്ധ്യാത്മികം എന്നീ മൂന്നവസ്ഥകൾ

ഒന്നാമത്തെ പ്രശ്നം മനുഷ്യന്റെ ശാരീരികം, ധാർമ്മികം, ആദ്ധ്യാത്മികം എന്നീ അവസ്ഥകളെ സംബന്ധിച്ചുള്ളതാകുന്നു. വിശുദ്ധഖുർആൻ ഈ മൂന്നവസ്ഥകൾക്കും വെവ്വേറെ ഉൽപത്തി സ്ഥാനങ്ങൾ നിശ്ചയിച്ചിരിക്കുകയാണ്. മറ്റൊരു പ്രകാരത്തിൽ പറ യുന്നതായാൽ, ഈ മൂന്നവസ്ഥകൾ പുറപ്പെട്ടുവരുന്ന മൂന്നു ഉറവി ടം അതു കാണിച്ചു തരുന്നു. ഇവയിൽ ഒന്നാമത്തേതായ ശാരീരി കാവസ്ഥയുടെ നിർഗ്ഗമസ്ഥാനത്തിന് 'നഫ്സ് അമ്മാറ' അഥവാ ദോഷപ്രവണമായ ആത്മാവ് എന്നാണ് ഖുർആൻ നാമകരണം ചെയ്തിരിക്കുന്നത്. അത് പറയുകയാണ്: إِنَّ النَّفْسَ لَأَمَّارَةٌ بِالسُّوءِ 'നഫ്സ് അമ്മാറ' എന്നാൽ മനുഷ്യനെ അവന്റെ പരിപൂർണ്ണത യ്ക്കും, ധാർമ്മികോൽക്കർഷത്തിനും ഹാനികരമായ തിന്മയിലേക്ക് പ്രേരിപ്പിക്കുകയും അഹിതവും ദോഷകലുഷിതവുമായ മാർഗ്ഗങ്ങ ളിൽ അവനെ ചലിപ്പിക്കുകയും ചെയ്യുന്ന സ്വഭാവമുള്ള ആത്മാവാ കുന്നു"(12:54). ചുരുക്കത്തിൽ അമിതത്വത്തിലേക്കും തിന്മയിലേക്കും പ്രേരിപ്പിക്കുന്ന ഈ സ്വഭാവം മനുഷ്യ സാധാരണമാണ്. ധാർമ്മി കാവസ്ഥ രൂപപ്പെടുന്നതിനുമുമ്പേ മനുഷ്യനിൽ മികച്ചു കാണാവു ന്നതാണ് ഈ വൈകാരികാവസ്ഥ. വിവേക ബുദ്ധിയുടെയും ജ്ഞാനത്തിന്റെയും പ്രകാശത്തിൽ നടക്കാതെ കേവലം ജന്തുക്ക ളെപ്പോലെ അശനപാനങ്ങൾ, നിദ്രാജാഗരങ്ങൾ, കോപതാപങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ വികാരാധീനനായി വർത്തിക്കുന്നിട ത്തോളം അവനിൽ ഈ ശാരീരികാവസ്ഥ പ്രകടമായിരിക്കുന്നതാ ണ്.

എന്നാൽ, മനുഷ്യൻ വിവേചനബുദ്ധിയുടെയും ജ്ഞാനത്തിന്റെയും ഉപദർശനമനുസരിച്ച് തന്റെ ഇച്ഛകളെ നിയന്ത്രിക്കുകയും മിതവർത്തിത്വം ശീലിക്കുകയും ചെയ്യുമ്പോൾ അവന്റെ വിഷയവ്യാപാരങ്ങൾ ശാരീരികാവസ്ഥ വിട്ട് ധാർമ്മികാവസ്ഥയിൽ പ്രവേശിക്കുമാറാകുന്നു. അതായത്, മൃഗസാമാന്യ പ്രകൃതിയിൽനിന്ന് പരിണമിച്ചു ധാർമ്മികാവസ്ഥയിലേക്കു നീതനായി ഭവിക്കുന്നു. രണ്ടാമത്തെ ഘട്ടമായ ഈ ധാർമ്മികാവസ്ഥയുടെ ഉറവിടത്തിന് 'നഫ്സ് ലവ്വാമ' അഥവാ, സ്വയം ശാസകാത്മാവ് എന്നാണ് പേര്.

വിശുദ്ധഖുർആൻ പറയുകയാണ്: وَلَآ أُقۡسِمُ بِٱلنَّفۡسِ ٱللَّوَّامَةِ ۝٢

'ചെയ്തുപോയ കുറ്റത്തെയും ദുഷ്കൃതിയെയും കുറിച്ച് സ്വയം ശാസിക്കുന്ന ആത്മാവിനെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു.'(75:3) ഈ 'നഫ്സ് ലവ്വാമ'യാണ് ധാർമ്മികഗുണങ്ങളുടെ ഉത്ഭവസ്ഥാനമായ ദ്വിതീയഘട്ടം. ഈ അവസ്ഥ പ്രാപിക്കുന്ന മനുഷ്യൻ മൃഗപ്രകൃതിയിൽനിന്നു മുക്തനാകുന്നു. ഇവിടെ സ്വയം ശാസിക്കുന്ന ആത്മാവിനെക്കൊണ്ടു സത്യം ചെയ്തിരിക്കുന്നത്, അതിനെ ബഹുമാനിക്കുന്നതിനായിട്ടാണ്. അനുസരണമില്ലാത്ത സ്വഭാവസ്ഥിതിയിൽ നിന്നു അപരാധബോധത്താൽ സ്വയം ശാസിക്കുന്ന അവസ്ഥയിലേക്കുള്ള പരിണാമം യഥാർത്ഥത്തിൽ ആത്മാവിന്റെ സംസ്കാരാഭിവൃദ്ധിയെ കുറിക്കുന്നതായതിനാൽ അതു ദൈവത്തിന്റെ പക്കൽ ബഹുമതിക്ക് പാത്രമായിത്തീരുന്നു. 'ലവ്വാമ' എന്ന വാക്കിന്റെ ശബ്ദാർത്ഥംതന്നെ 'സ്വയം ശാസിക്കുന്നത്' എന്നാണ്. 'നഫ്സ് ലവ്വാമ'- സ്വയം ശാസകാത്മാവ്-എന്നു ഈ അവസ്ഥയ്ക്ക് പേരു നല്കപ്പെട്ടിരിക്കുന്നത്, അതു ചെയ്തുപോയ കുറ്റത്തെക്കുറിച്ചു സ്വയം ഖേദിക്കുകയും അനിയന്ത്രിതമായ വികാരങ്ങളെയും മൃഗീയേച്ഛകളെയും കഠിനമായി വെറുക്കുകയും ചെയ്യുന്നതിനാലത്രെ. ഉൽക്കൃഷ്ട ഗുണങ്ങളും സൽസ്വഭാവങ്ങളും മനുഷ്യനിൽ ഉൽപ്പാദിപ്പിക്കുന്നതിനും, ഒരു അകൃത്യവും അവനിൽ നിന്നുണ്ടാകാതിരിക്കുമാറ് ജീവിതം സമഗ്രമായി സ്വാധീനിക്കുന്നതിനും ശരീരേച്ഛകളും വിഷയാസക്തികളും വിവേകബുദ്ധിയാൽ നിയന്ത്രിക്കുന്നതിനും അതു ആഗ്രഹിക്കുന്നു. ഇപ്രകാരം 'നഫ്സ് ലവ്വാമ' ഇച്ഛാധീനതയെ വെറുക്കുകയും കുറ്റങ്ങളെയും കുറവുകളെയും കുറിച്ച് സ്വയം ശാസിക്കുകയും ചെയ്യുന്നുവെങ്കിലും അതു ഇച്ഛകളെ പൂർണ്ണമായും നിയന്ത്രിക്കുന്നതിനോ സൽകൃത്യം മാത്രം ചെയ്യാൻ

പ്രേരിപ്പിക്കുന്നതിനോ പര്യാപ്തമാകുന്നില്ല. ചിലപ്പോൾ ശരീരേച്ഛകൾ മികച്ചു നില്ക്കുന്നതിനാൽ അടിപിഴച്ചു അതു കുറ്റം ചെയ്തു പോകുന്നു. ആത്മാവിന്റെ ഈ ചാപല്യം അഥവാ ദൗർബല്യം ശിശു പ്രായത്തിലെ അശക്തിയോട് സദൃശമാണ്. ശിശു മറിഞ്ഞു വീഴാനാഗ്രഹിക്കുന്നില്ലെങ്കിലും അതിന്റെ ബലഹീനത നിമിത്തം കാലിടറി വീഴുകയും സ്വന്തം അശക്തിയെക്കുറിച്ചു മനസ്താപപ്പെടുകയും ചെയ്യുന്നു. ഇതേപ്രകാരം, ഈ അവസ്ഥയിലുള്ള ആത്മാവ് അതിനു പറ്റുന്ന മാർഗ്ഗഭ്രംശത്തിൽ പറ്റിനില്ക്കാതെ ഓരോ വീഴ്ചക്കുശേഷവും പശ്ചാത്തപിച്ചുകൊണ്ടിരിക്കുന്നതാണ്. അത് ഈ ഘട്ടത്തിൽ ഉൽക്കൃഷ്ടഗുണങ്ങൾ സമ്പാദിക്കുകയും ആദ്യത്തെ പ്രാകൃതാവസ്ഥയിലുള്ള ആജ്ഞാലംഘന സ്വഭാവത്തെ വെറുക്കുകയും ചെയ്യുന്നു. എങ്കിലും, പൂർണ്ണമായ നിയന്ത്രണം സാധിച്ചിട്ടില്ലാത്തതിനാൽ അത് ചിലപ്പോൾ സ്വകർത്തവ്യമാർഗ്ഗത്തിൽ നിന്നു വ്യതിചലിച്ചുപോകുന്നു.

മനുഷ്യന്റെ മൂന്നാമത്തെ അവസ്ഥ അഥവാ അവസാനത്തെ പരിണാമഘട്ടം ആദ്ധ്യാത്മികഗുണങ്ങളുടെ ഉത്ഭവസ്ഥാനമാണെന്നു പറയാം. ഈ അവസ്ഥ പ്രാപിക്കുന്ന ആത്മാവിന് വിശുദ്ധഖുർആൻ നല്കിയിരിക്കുന്ന പേര് 'നഫ്സ് മുത്മഇന്ന' അതായത് ശാന്തി പ്രാപിച്ച ആത്മാവ് എന്നാണ്. ആ പവിത്രഗ്രന്ഥം പറയുന്നു:

يَٰٓأَيَّتُهَا ٱلنَّفۡسُ ٱلۡمُطۡمَئِنَّةُ ۝٢٨ ٱرۡجِعِيٓ إِلَىٰ رَبِّكِ رَاضِيَةٗ مَّرۡضِيَّةٗ ۝٢٩
فَٱدۡخُلِي فِي عِبَٰدِي ۝٣٠ وَٱدۡخُلِي جَنَّتِي ۝٣١

"ദൈവാശിസ്സുകൊണ്ട് ശാന്തിപ്രാപിച്ച ആത്മാവേ, നിന്റെ രക്ഷിതാവിലേക്ക് നീ അവനിൽ സംതൃപ്തനായും അവൻ നിന്നിൽ സംതൃപ്തനായുമുള്ള നിലയിൽ മടങ്ങിച്ചെല്ലുക; എന്റെ ഭക്തദാസരുടെ കൂട്ടത്തിൽ ചേരുകയും എന്റെ ആരാമമാകുന്ന സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുക"(89:28-31). ഈ പുരോഗമന ഘട്ടത്തിൽ ആത്മാവ് സകലവിധ ചാപല്യങ്ങളിൽ നിന്നും മുക്തമായി ആത്മീയ ശക്തിയാൽ ഭരിതമായിത്തീരുന്നു. അപ്പോൾ അതിന് ദൈവവുമായി അവിഭാജ്യമായ ഒരു ബന്ധം ഉണ്ടായിത്തീരുകയും അവനെക്കൂടാതെ ജീവിക്കുവാൻ അതിനു അസാദ്ധ്യമാവുകയും ചെയ്യുന്നു. മലമുകളിൽ നിന്നു കീഴ്പ്പോട്ടുള്ള ജലപ്രവാഹം

അത്യധികമായും അവിഘ്നമായും കുത്തിയൊലിച്ചു വരുന്ന പോലെ ആത്മാവ് ഈ ഘട്ടത്തിൽ പ്രതിബന്ധങ്ങളെ അവഗണിച്ചു സ്രഷ്ടാവിന്റെ സന്നിധിയിലേക്ക് പ്രവഹിക്കുമാറാകുന്നു. ഇതിനെയാണ്, മുകളിൽ പറഞ്ഞ ''ദൈവിക സമാധാനം കൊണ്ടു ശാന്തി പ്രാപിച്ച ആത്മാവേ! നിന്റെ രക്ഷിതാവിലേക്ക് മടങ്ങിച്ചെല്ലുക'' എന്ന ദൈവവാക്യം സൂചിപ്പിക്കുന്നത്. ഇങ്ങനെ മരണാനന്തരജീവിതത്തിലല്ല, ഐഹികത്തിൽവച്ചുതന്നെ ആത്മാവിനു മഹത്തരമായ പരിവർത്തനം ഉണ്ടായി വരികയും ഈ ജീവിതത്തിൽത്തന്നെ സ്വർഗ്ഗാനുഭൂതി സിദ്ധിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ ആത്മാവ് സ്വരക്ഷാധിനാഥന്റെ അടുക്കലേക്കു മടങ്ങിച്ചെല്ലുവാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നതിനാൽ ഇപ്പോൾ അതിന്റെ പരിപാലനവും പരിരക്ഷണവും ദൈവത്തിന്റെ അടുക്കൽ ആയിരിക്കുന്നതാണെന്നു സൂചിതമാകുന്നുണ്ട്. തൻമൂലം ഈ ഉൽക്കൃഷ്ട പരിണാമഘട്ടത്തിൽ ദൈവപ്രേമം ആത്മാവിന്റെ ഭക്ഷ്യമായിത്തീരുകയും അതു ജീവദായീസ്രോതസ്സിൽ നിന്ന് ജലപാനം ചെയ്യുകയും അങ്ങനെ മൃത്യുവിൽ നിന്നു നിർമുക്തമാവുകയും ചെയ്യുന്നു. ഇതു വിഷയകമായി മറ്റൊരിടത്ത് വിശുദ്ധഖുർആൻ പറയുകയാണ്:

قَدْ أَفْلَحَ مَن زَكَّىٰهَا ﴿١٠﴾ وَقَدْ خَابَ مَن دَسَّىٰهَا ﴿١١﴾ "ഏതൊരുവൻ തന്റെ ആത്മാവിനെ വിഷയേച്ഛകളിൽനിന്ന് ശുദ്ധീകരിച്ചുവോ അവൻ വിജയിച്ചു. അവൻ നശിക്കുകയില്ല. ഏതൊരുവൻ അതിനെ അനിയന്ത്രിതമായ ഇന്ദ്രിയേച്ഛകളിൽ നിമഗ്നമാക്കിയോ അവൻ പരാജയമടഞ്ഞു; അവൻ ജീവിതത്തെക്കുറിച്ചു നിരാശനായി"(91:10,11).

ചുരുക്കത്തിൽ, ഈ മൂന്നു പരിണാമഘട്ടങ്ങളെ ശാരീരികം, ധാർമ്മികം, ആദ്ധ്യാത്മികം എന്നീ പേരുകളിൽ വ്യവഹരിക്കാം. ദേഹേച്ഛകൾ നിറവേറ്റുന്നതിൽ ആസക്തിയുള്ള ആദ്യഘട്ടമായ ശാരീരികാവസ്ഥ, വൈകാരിക പ്രേരണകൾ മൂർച്ഛിക്കുമ്പോൾ ഏറെ അനർത്ഥകരവും ആത്മാവിന്റെ ഉദ്ഗതിയെ തടയുന്നതിനും ധാർമ്മികവും ആദ്ധ്യാത്മികവുമായി അല്പസ്വല്പമായുള്ള സദ്ഗുണങ്ങളെപ്പോലും ഹനിക്കുന്നതിനും പര്യാപ്തവുമായിരിക്കുന്നതാണ്. അതിനാലത്രെ ഈ അവസ്ഥക്ക് 'നഫ്സ് അമ്മാറ' ദോഷപ്രവണമായ ആത്മാവ് എന്നു വിശുദ്ധ ഖുർആൻ പേരു നല്കിയിരിക്കുന്നത്.

ഇനി ഈ ശാരീരികാവസ്ഥയുടെമേൽ ഖുർആന്റെ സ്വാധീന ശക്തി എത്രത്തോളമാണെന്നും തത്സംബന്ധമായി ആ പവിത്ര ഗ്രന്ഥം നല്കുന്ന ഉപദേശനിർദ്ദേശങ്ങൾ എന്തൊക്കയാണെന്നും നിസ്സർഗ്ഗബോധങ്ങൾക്കും വൈകാരിക പ്രവണതകൾക്കും അതു നിശ്ചയിക്കുന്ന പ്രായോഗിക പരിധി എത്രകണ്ടാണെന്നും നമുക്ക് പര്യാലോചിക്കാം. മനുഷ്യന്റെ ഈ ശാരീരികാവസ്ഥയ്ക്ക്, ധാർമ്മികവും ആദ്ധ്യാത്മികവുമായ അവസ്ഥകളുമായി സുദൃഢമായ ബന്ധമുണ്ടെന്നാണ് വിശുദ്ധഖുർആനിൽനിന്നു മനസ്സിലാകുന്നത്. ആഹാരപാനീയങ്ങളുടെ കാര്യത്തിൽ കൈക്കൊള്ളുന്ന സമ്പ്രദായങ്ങൾപോലും ധാർമ്മികവും ആദ്ധ്യാത്മികവുമായ ഗുണങ്ങളെ രൂപവൽക്കരിക്കുന്നതിൽ ഭാഗഭാക്കാകുന്നുണ്ട്. അതിനാൽ, സ്വഭാവസിദ്ധമായ വികാരങ്ങളെയും ശക്തികളെയും ധർമ്മശാസ്ത്രത്തിന്റെ(ശരീഅത്ത്) നിയമനിർദ്ദേശങ്ങൾക്കനുസൃതമായി ഉപയോഗപ്പെടുത്തുന്ന പക്ഷം അവ ധാർമ്മികഗുണങ്ങളായി പരിണമിക്കുകയും ആത്മീയാവസ്ഥയിൽ പ്രഭാവം ചെലുത്തുകയും ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെയാണ് ഉപാസനാകർമ്മങ്ങൾക്കും ആത്മസംസ്കാരത്തിനും ഏകാഗ്രചിത്തതയ്ക്കും ബാഹ്യമായ ശുചിത്വവും അംഗവിന്യാസക്രമവും വിശുദ്ധഖുർആൻ നിഷ്കൃഷ്ടമായി വിധിച്ചിരിക്കുന്നത്. ബാഹ്യേന്ദ്രിയങ്ങളുടെ വിവിധങ്ങളായ വ്യാപാരങ്ങൾ ആഭ്യന്തരബോധങ്ങൾക്കുണ്ടാക്കിത്തീർക്കുന്ന ഫലങ്ങളെക്കുറിച്ചു ചിന്തിക്കുന്നതായാൽ, ശാരീരിക വിധാനവും അംഗവിന്യാസവും ആത്മാവിനെ പ്രഭാവിതമാക്കിത്തീർക്കുന്നുവെന്നു ബോധ്യമാകുന്നതാണ്. അതായത് നമ്മുടെ ബാഹ്യചേഷ്ടകൾ ശരീരസംബന്ധിയാണെങ്കിലും അവ ആത്മീയ സ്ഥിതിയെ ശരിക്കും സ്വാധീനിക്കുന്നുവെന്നു കാണാം. ഉദാഹരണമായി, നാം കരയാൻ തുടങ്ങുമ്പോൾ അതു കൃത്രിമമായിട്ടായാലും ആ ബാഷ്പധാരയിൽനിന്ന് നിർഗ്ഗമിക്കുന്ന ജ്വാലതരംഗം ശീഘ്രം ഹൃദയത്തിൽ ചെന്നലക്കുകയും ഹൃദയം നേത്രങ്ങളെ അനുകരിച്ചു ശോകപൂർണ്ണമായി ഭവിക്കുകയും ചെയ്യുന്നു. കൃത്രിമമായ നിലയിൽ ചിരിക്കുന്നതായാലും ശരി അതുമൂലം ഹൃദയം ആഹ്ലാദഭരിതമായിത്തീരുന്നു. ഇതേപ്രകാരം, നമസ്കാരത്തിൽ ചെയ്യപ്പെടുന്ന ശാരീരികമായ വണക്കം ആത്മാവിലും ഭക്തിവിനയാദിനമ്രഭാവങ്ങൾ ഉണ്ടാക്കിത്തീർക്കുന്നതാണ്. എന്നാൽ, നെഞ്ചുന്തിയും കഴുത്തുവീർപ്പിച്ചും നടക്കുന്നതായാൽ അതു അഹംഭാ

വവും ദുരഭിമാനവും ജനിപ്പിക്കുന്നതായിരിക്കും. ഈ ദൃഷ്ടാന്തങ്ങ ളാൽ ബാഹ്യമായ അംഗവിന്യാസം ആത്മീയസ്ഥിതിയെ തദനു രൂപം സ്വാധീനമാക്കുന്നുവെന്നു സ്പഷ്ടമാകുന്നുണ്ട്.

ഇതേപ്രകാരംതന്നെ, ഭക്ഷണക്രമവും ഹൃദയത്തെയും മാന സിക ശക്തികളെയും പ്രഭാവിതമാക്കിത്തീർക്കുന്നുവെന്നത് അനു ഭവവിദിതമാണ്. ഉദാഹരണമായി, മാംസാഹാരം പറ്റെ വർജ്ജി ക്കുന്ന തനി സസ്യഭുക്കുകളുടെ ധൈര്യശക്തി ക്രമേണ കുറഞ്ഞുകൊണ്ടുപോവുകയും അവർക്ക് ഹൃദയദൗർബല്യം ബാധി ക്കുകയും ഒടുവിൽ ദൈവദത്തമായ ഒരു ശ്ലാഘ്യഗുണം നഷ്ടമാ യിപ്പോവുകയും ചെയ്യുന്നു. ഇതിലേക്ക് പ്രകൃതിയിൽ ധാരാളം ദൃഷ്ടാന്തങ്ങൾ കാണാവുന്നതാണ്. മാംസഭോജിയായ മൃഗത്തി നുള്ളത്ര ശൗര്യം സസ്യഗ്രാസമൃഗങ്ങളിലൊന്നിനുമുള്ളതായി കാണുന്നില്ല. പക്ഷി വർഗ്ഗത്തെ സംബന്ധിച്ചും ഇതുതന്നെയാണ് നാം കാണുന്നത്. തൻനിമിത്തം ഭക്ഷണക്രമത്തിന് സ്വഭാവരൂപ വൽക്കരണത്തിൽ പങ്കുണ്ടെന്നതു നിർവിവാദമാകുന്നു. മാംസാ ഹാരം പരിവർജ്ജിക്കുന്നതു അബദ്ധമായിരിക്കുന്നതുപോലെതന്നെ അതിൽ അമിതത്വം കൈക്കൊള്ളുന്നതും സ്വഭാവ സംസ്കരണ ത്തിന് ഹാനികരമായിരിക്കുന്നതാണ്. സസ്യാഹാരം വളരെക്കുറച്ച്, മാംസാഹാരം അധികമാക്കുന്നതായാൽ സഹനം, ശാന്തത എന്നീ ഗുണങ്ങൾ തുലോം കുറഞ്ഞു പോകും. എന്നാൽ, ഭക്ഷ്യകാര്യ ത്തിൽ ഒരു മദ്ധ്യനില കൈക്കൊള്ളുന്നവർക്ക് ധൈര്യമെന്നപോ ലെതന്നെ സഹനം,ശാന്തത എന്നീ ഗുണങ്ങളും ഉണ്ടാകും. ഈ തത്ത്വത്തെ പരിഗണിച്ച് വിശുദ്ധഖുർആൻ ഉപദേശിക്കുകയാണ്: كُلُوا وَاشْرَبُوا وَلَا تُسْرِفُوا "(മാംസവും മറ്റു സാധനങ്ങളും) ഭക്ഷിച്ചു കൊള്ളുവിൻ; (സ്വഭാവ സംസ്കരണത്തിനും ആരോഗ്യത്തിനും ഹാനികരമാകാതിരിക്കുന്നതിനു ഒന്നിലും) അമിതത്വനില കൈക്കൊള്ളരുത്"(7:32). ശാരീരികമായ ചേഷ്ടകളും കർമ്മങ്ങളും ആത്മാവിന്മേൽ സ്വാധീനം ചെലുത്തുന്നതുപോലെത്തന്നെ, ആത്മാ വിന്റെ ചൈതന്യ വിശേഷം ശരീരത്തേയും പ്രഭാവിതമാക്കി ത്തീർക്കുന്നുണ്ട്. ശോകഭരിതനാകുന്ന വ്യക്തിയുടെ കണ്ണുകൾ അശ്രുപൂർണ്ണമാകുന്നപോലെ, സന്തോഷമുണ്ടാകുമ്പോൾ അവൻ മന്ദസ്മിതനായിത്തീരുന്നു. അതേപ്രകാരംതന്നെ തിന്നുക, കുടി ക്കുക, ഉറങ്ങുക. ഉണരുക, ശ്രമിക്കുക, വിശ്രമിക്കുക തുടങ്ങിയ

ശാരീരികമായ എല്ലാ ക്രിയകളും അവശ്യം നമ്മുടെ ആത്മീയാവസ്ഥയ്ക്കു വിവിധങ്ങളായ പരിണാമങ്ങൾ വരുത്തിത്തീർക്കുന്നുണ്ട്. നമ്മുടെ ശരീരഘടനതന്നെ മനുഷ്യത്വവുമായി വളരെ ബന്ധമുള്ളതരത്തിലാണ്. തലച്ചോറിന്റെ ഒരു വശത്തു അടിയേല്ക്കുന്നതായാൽ ധാരണാശക്തി നഷ്ടമാവുകയും മറ്റൊരു വശത്ത് പ്രഹരമേറ്റാൽ ബോധക്ഷയമുണ്ടാവുകയും ചെയ്യുന്നു. പ്ലേഗുരോഗത്തിന്റെ വിഷാണുക്കൾ കലർന്നവായു ആദ്യമായി ശരീരത്തെയും പിന്നെ മനസ്സിനെയും ബാധിക്കുകയും ക്ഷണേന അതു ധാർമ്മികബോധങ്ങളുടെ ഉറവിടമായ ആന്തരിക വ്യവസ്ഥയെ താറുമാറാക്കുകയും ചെയ്യുന്നു. ഒടുവിൽ ഈ രോഗപീഡിതൻ ഭ്രാന്തനെപ്പോലെയായിട്ട് അല്പനേരംകൊണ്ടു മരണമടയുന്നു. ചുരുക്കത്തിൽ, ശാരീരിക പീഡകൾ വിവിധ തരത്തിലുള്ള ആഭ്യന്തര പരിണാമങ്ങൾക്കു കാരണമായിത്തീരുന്നു. ഇതെല്ലാംകൊണ്ട് തെളിയുന്നത്, ദേഹദേഹികൾക്കു തമ്മിൽ അവർണ്ണ്യമായ ഒരു ദൃഢബന്ധമുണ്ടെന്നാണ്.

## ആത്മാവിന്റെ ഉൽപ്പത്തി

ആത്മാവും ശരീരവും തമ്മിലുള്ള പ്രസ്തുത ബന്ധത്തെ തെളിയിക്കുന്നതിന് ബലവത്തായ മറ്റൊരു തെളിവ്, ശരീരം ആത്മാവിന്റെ ജനയിത്രിയാണെന്ന സിദ്ധാന്തമാണ്. ആത്മാവ് എന്നാൽ അന്തരീക്ഷത്തിൽ നിന്നോ മറ്റോ വന്ന് ഗർഭിണിയുടെ ഉദരത്തിൽ പ്രവേശിക്കുന്ന ഒരു വസ്തു അല്ല. അതു ബീജത്തിൽത്തന്നെ നിഗൂഢമായിരിക്കുന്നതും ഗർഭാശയത്തിൽ മാംസപിണ്ഡത്തിന്റെ വളർച്ചയോടൊപ്പം തെളിഞ്ഞുവരുന്നതുമായ ഒരു തേജസ്സാകുന്നു. വിശുദ്ധഖുർആൻ പഠിപ്പിക്കുന്നത്, ആത്മാവ് എന്നാൽ മാതൃഗർഭത്തിൽ വച്ച് ബീജത്തിൽനിന്നും തയ്യാറായി മാംസപിണ്ഡത്തിൽ പ്രകാശിച്ചു വരുന്ന ഒരു സത്തയാണെന്നാകുന്നു. ഖുർആൻ പറയുന്നു: ثُمَّ اَنْشَاْنٰهُ خَلْقًا اٰخَرَ ۗ فَتَبٰرَكَ اللّٰهُ اَحْسَنُ الْخٰلِقِيْنَ﴿۱۵﴾ "പിന്നെ ഗർഭാശയത്തിൽ രൂപപ്പെട്ടുവന്ന പിണ്ഡത്തെ നാം മറ്റൊരു മാതൃകയിൽ രൂപീകരിച്ചു ആത്മാവെന്ന ഒരു സൃഷ്ടിയെ വെളിപ്പെടുമാറാക്കുന്നു; അതുല്യനായി സൃഷ്ടികർത്താവായിരിക്കുന്ന അല്ലാഹു വാഴ്ത്തപ്പെട്ടവനത്രെ"(23:15).

പ്രസ്തുത ആയത്തിൽ ശരീരത്തിൽനിന്നുതന്നെ മറ്റൊരു സൃഷ്ടിയെ വെളിപ്പെടുത്തുന്നുവെന്നു പ്രസ്താവിച്ചിരിക്കുന്നതിൽ, ആത്മാവിന്റെ യഥാർത്ഥ പ്രകൃതി കാണിച്ചുതരുന്നതും ദേഹദേ

ഹികൾക്കു തമ്മിലുള്ള ഗാഢമായ ബന്ധത്തെ സൂചിപ്പിക്കുന്നതു മായ ഒരു തത്ത്വം അടങ്ങിയിരിക്കുന്നു. മനുഷ്യന്റെ കായികവും വാചികവുമായുള്ള ഓരോ കർമ്മവും ദൈവത്തിനുവേണ്ടി അവന്റെ പരിശുദ്ധ നിയമമനുസരിച്ചായിരിക്കുമ്പോൾ അത് പ്രസ്തുത തത്ത്വ ത്തിന്നധീനമായിരിക്കുന്നതാണെന്നത്രെ ഇതു മനസ്സിലാക്കിത്തരു ന്നത്. അതായത്, വിചാരശുദ്ധിയോടുകൂടിയ ആത്മാർത്ഥ കർമ്മ ങ്ങളിലെല്ലാം മനുഷ്യന്റെ ബീജത്തിലെന്നപോലെ ഒരു ആത്മതേ ജസ്സ് മറഞ്ഞു കിടക്കുന്നുണ്ടായിരിക്കും. കർമ്മഫലമാകുന്ന ശരീരം വളർന്നു വരുന്നതോടൊപ്പം ആ തേജസ്സും പ്രകാശിച്ചു തുടങ്ങു ന്നു. ആ കർമ്മശരീരം പൂർണ്ണരൂപം പ്രാപിക്കുന്നതോടുകൂടി അതി ന്റെതായ ആത്മതേജസ്സ് പൂർണ്ണപ്രഭാവത്തോടെ പ്രകാശിക്കുകയും ജ്യോതിർമയമായ സ്വസത്തയെ പ്രകടമാക്കുകയും ചെയ്യുന്നു. ഇങ്ങ നെ, കർമ്മഫലമാകുന്ന ശരീരം പൂർണ്ണവളർച്ചയിലെത്തുമ്പോൾ അന്തരാളത്തിൽനിന്നു മിന്നൽപ്പിണരെന്നപോലെ ഒരു പ്രകാശ ദീപ്തി പെട്ടെന്നു നിർഗ്ഗമിക്കുന്നു. ഈ പരിണാമത്തെക്കുറിച്ചു ഉപ മാരൂപത്തിൽ അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നതു നോക്കുക: فَإِذَا سَوَّيْتُهُۥ وَنَفَخْتُ فِيهِ مِن رُّوحِى فَقَعُوا۟ لَهُۥ سَٰجِدِينَ ۝ "ഞാൻ ആ ശരീ രത്തെ രൂപപ്പെടുത്തുകയും മഹത്ത്വത്തിന്റെ പ്രകാശങ്ങൾ സമീക രിക്കുകയും അതിൽ എന്റെ ആത്മാവിനെ ഊതുകയും ചെയ്തിരി ക്കുന്നതിനാൽ നിങ്ങളെല്ലാം അതിനു വണക്കത്തോടു കൂടി കീഴ്പ്പെടുവിൻ" (15:30). സൽക്കർമ്മശരീരം പൂർണ്ണരൂപം പ്രാപി ക്കുന്നതോടുകൂടി അന്തരാളത്തിൽ നിന്നു ഒരു ആത്മതേജസ്സ് പ്രകാ ശിച്ചു തുടങ്ങുന്നു എന്ന സംഗതി തന്നെയാണ് പ്രസ്തുത വാക്യവും സൂചിപ്പിക്കുന്നത്. ഈ ശരീരം ഐഹിക ജീവിതത്തിലെ അനാത്മികത്വത്തിന്റെ വിലയനത്തിനുശേഷം രൂപം കൊള്ളുന്ന തിനാലത്രേ അതിൽ നിന്നു വെളിപ്പെടുന്ന ആത്മതേജസ്സിനെ ദൈവം തന്നോടു സംബന്ധിപ്പിച്ചിരിക്കുന്നത്. മുമ്പേ മന്ദീഭവിച്ചു കിടന്നിരുന്ന ആ തേജസ്സ് ഈ ഘട്ടത്തിൽ പൊടുന്നനവേ ഉജ്ജ്വലി ക്കുന്നു. ദൈവത്തിന്റെ ഈ മഹത്ത്വപ്രകടനത്തിന്റെ മുമ്പിൽ പ്രണ മിക്കുന്നതിന് എല്ലാവരും നിർബന്ധിതരായിത്തീരുന്നു. ഈ ദിവ്യതേജസ്സ് വെളിപ്പെടുന്നതോടുകൂടി അന്ധകാരപ്രേമിയായ ദുരാ ത്മാവ് (ഇബ്‌ലീസ്) ഒഴികെ സകലരും അതിലേക്ക് ആകൃഷ്ടരാവു കയും അതിനു കീഴ്പ്പെടുകയും ചെയ്യുന്നു.

ഇനി പ്രകൃതത്തിലേക്കുതന്നെ തിരിയാം. ആത്മാവെന്നതു ഗർഭാശയത്തിൽ വളർന്നുവരുന്ന മാംസപിണ്ഡത്തിൽ നിന്നു ഉത്ഭവിക്കുന്നതായ ഒരു തേജസ്സാണെന്നു മുകളിൽ പ്രസ്താവിച്ചുവല്ലോ. ഇവിടെ 'ഉത്ഭവിക്കുന്നു' എന്നതു കൊണ്ടുള്ള വിവക്ഷിതം മുമ്പേ നിഗൂഢവും അവ്യക്തവുമായി കിടന്നിരുന്ന ആ ശക്തി ശരീരത്തിന്റെ പൂർണ്ണവളർച്ചയോടുകൂടി പൊടുന്നനെ പ്രത്യക്ഷീഭവിക്കുന്നു എന്നാണ്. അതു ആദ്യത്തിൽ ബീജത്തിൽത്തന്നെ അന്തർഭവിച്ചിരിക്കുന്നുണ്ട്. അതിനു ബീജവുമായുള്ള വർണ്ണനാതീതമായ ബന്ധം സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ ഇച്ഛക്കും നിയന്ത്രണത്തിനും അധീനമായിരിക്കുന്നതാണ്. അപ്പോൾ ആത്മാവെന്നാൽ ബീജത്തിൽ തന്നെയുള്ള ഒരു തേജസ്വീ സത്തയാകുന്നു. ശരീരം ശരീരത്തിന്റെ അംശമായിരിക്കുന്നപോലെ അത് ബീജത്തിന്റെ അംശമാണെന്നു പറയാൻ പറ്റില്ല. എന്നാൽ, അതു വെളിയിൽ നിന്നു വന്നുചേരുന്നതോ അന്തരീക്ഷത്തിൽനിന്നു ഭൂമിയിലേക്കു പതിച്ചു ബീജപദാർത്ഥവുമായി സംയോജിക്കുന്നതോ ആണെന്നും പറഞ്ഞുകൂടാ. അതാകട്ടെ തീക്കല്ലിൽ അഗ്നി അന്തർഭവിച്ചിരിക്കുന്നതുപോലെ ബീജത്തിൽ അഗോചരമായി സ്ഥിതിചെയ്യുന്നു. ആത്മാവ് പ്രത്യേകമായി ആകാശത്തിൽനിന്നു ഇറങ്ങിവരുന്നതോ അന്തരീക്ഷത്തിൽനിന്നു ഭൂമിയിൽ പതിച്ചു യാദൃച്ഛികമായ നിലയിൽ ബീജവുമായി കലർന്നു ഗർഭാശയത്തിൽ പ്രവേശിക്കുന്നതോ ആണെന്നുള്ള അഭിപ്രായത്തെ ദൈവികഗ്രന്ഥമായ വിശുദ്ധഖുർആൻ വകവെച്ചു കൊടുക്കുന്നില്ല. അത്രയുമല്ല, ആ ധാരണ തീരേ അബദ്ധവും പ്രകൃതിനിയമത്തിനു വിരുദ്ധവുമാകുന്നു. ചീഞ്ഞളിഞ്ഞ ഭക്ഷ്യ പദാർത്ഥങ്ങളിലും കഴുകി വെടിപ്പാക്കാത്ത വ്രണങ്ങളിലും പരസഹസ്രം കൃമികീടങ്ങളുണ്ടാകുന്നതായും മലിനവസ്ത്രങ്ങളിൽ അസംഖ്യം പേനുകൾ പൊടിയുന്നതായും മനുഷ്യന്റെ വയറ്റിൽ നിരവധി കൃമികളും വിരകളും ഉണ്ടാകുന്നതായും നാം കാണുന്നുണ്ടല്ലോ. ഈ കൃമികീടങ്ങൾ പുറമേനിന്നു വരുന്നവയാണെന്നോ ആകാശത്തിൽ നിന്നിറങ്ങുന്നവയാണെന്നോ ആർക്കും പറയാൻ കഴിയില്ല. തന്മൂലം ആത്മാവ് ശരീരത്തിൽനിന്നുതന്നെ വെളിപ്പെടുന്ന ഒരു സത്തയാണെന്ന സിദ്ധാന്തമാണ് ശരിയായിരിക്കുന്നത്. ഇപ്രകാരം അതു സൃഷ്ടിയാണെന്നുകൂടി തെളിയുന്നുണ്ട്.

സർവ്വശക്തനായ ദൈവം തന്റെ പരിപൂർണ്ണ വൈഭവത്താൽ ആത്മാവിനെ ശരീരത്തിൽനിന്നു സൃഷ്ടിച്ചപ്രകാരം അതിനു ശരീ

രത്തിൽക്കൂടിത്തന്നെ ഒരു പുനർജനനം സാധിക്കുന്നതിനും ഉദ്ദേശിച്ചിരിക്കുന്നതായി മുൻവിവരണത്തിൽനിന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആത്മാവിന്റെ ചലനങ്ങൾ ശരീരത്തിന്റെ ചേഷ്ടകളെ അവലംബിച്ചിരിക്കുന്നു. നാം ഏതു ഭാഗത്തു ശരീരം തിരിക്കുന്നുവോ ആ ഭാഗത്തേക്കു ആത്മാവും അവശ്യം തിരിയേണ്ടിയിരിക്കുന്നു. മനുഷ്യന്റെ ശാരീരികാവസ്ഥക്കു ആത്മാവിനോടുള്ള ബന്ധത്തിന്റെ പ്രാധാന്യത്തെ പരിഗണിക്കുമ്പോൾ ദൈവിക ധർമ്മഗ്രന്ഥം ഈ വിഷയത്തിൽ മാർഗ്ഗദർശനം നല്കാതെ മൗനം ദീക്ഷിക്കാവുന്നതല്ലല്ലോ. തന്മൂലം വിശുദ്ധഖുർആൻ മനുഷ്യന്റെ പ്രാകൃത ജീവിതത്തെ പരിഷ്കരിക്കുന്ന കാര്യത്തിൽ വളരെ ശ്രദ്ധ ചെലുത്തിയിരിക്കുന്നതായി കാണാം. മനുഷ്യനുമായി ബന്ധപ്പെട്ട എല്ലാ മുഖ്യ കാര്യങ്ങളിലും ആ പവിത്രഗ്രന്ഥം അമൂല്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. ഇങ്ങേയറ്റം ചിരിക്കുക, കരയുക, തിന്നുക, കുടിക്കുക, ഉടുക്കുക, ഉറങ്ങുക, സംസാരിക്കുക, മൗനമായിരിക്കുക, വിവാഹം ചെയ്യുക, ഒറ്റയ്ക്കു ജീവിക്കുക, നടക്കുക, നില്ക്കുക, ശുചിയായിരിക്കുക, കുളിക്കുക മുതലായ കാര്യങ്ങളെ സംബന്ധിച്ച വിധികളും രോഗാവസ്ഥയിലും അരോഗാവസ്ഥയിലും പ്രത്യേകം പ്രത്യേകം പാലിക്കേണ്ട ധർമ്മങ്ങളും വിശുദ്ധ ഖുർആൻ നിഷ്കൃഷ്ടമായി ഉപദേശിച്ചിരിക്കുകയാണ്. ഇങ്ങനെ അതു മനുഷ്യന്റെ ദിനചര്യകളെ സംബന്ധിച്ച സകല വിഷയങ്ങളിലും അനുഷ്ഠാനക്രമങ്ങൾ നിർദ്ദേശിക്കുകയും ശാരീരികാവസ്ഥക്ക് ആത്മികസ്ഥിതിയുടെമേൽ എത്ര മാത്രം സ്വാധീനശക്തിയുണ്ടെന്ന് മനസ്സിലാക്കിത്തരുകയും ചെയ്തിരിക്കുന്നു. ഖുർആൻ ഇതു വിഷയകമായി നല്കുന്ന നിർദ്ദേശങ്ങളെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കാൻ ദൈർഘ്യഭയം അനുവദിക്കുന്നില്ല.

## ത്രിവിധ പരിഷ്കരണഘട്ടങ്ങളും ഖുർആനിക നിർദ്ദേശങ്ങളും

മനുഷ്യനെ പ്രാകൃതാവസ്ഥയിൽനിന്നുദ്ധരിച്ചു അനുക്രമമായി അത്യുൽക്കൃഷ്ടമായ ആദ്ധ്യാത്മികാവസ്ഥയിൽ എത്തിക്കുന്നതിനു വിശുദ്ധഖുർആൻ നല്കുന്ന നിർദ്ദേശങ്ങളെന്തൊക്കെയാണെന്നു പരിശോധിച്ചപ്പോൾ എനിക്ക് കാണുവാൻ സാധിച്ച യുക്തിയുക്തവും സാരഗർഭവുമായ നിയമവ്യവസ്ഥകളിവയാണ്: ഒന്നാമതായി വിശുദ്ധഖുർആൻ സാമൂഹിക ജീവിതത്തിന്റെ സുഗമതയ്ക്കു ആവശ്യമായ വ്യവഹാര സമ്പ്രദായങ്ങളും ദിനചര്യകളെ ക്രമപ്പെടുത്തു

വാനുള്ള ചട്ടങ്ങളും നിർദ്ദേശിച്ചുകൊണ്ട് മനുഷ്യനെ അപരിഷ്കൃത കാട്ടാളത്തത്തിൽനിന്ന് ഉദ്ധരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതു ഈ ഘട്ടത്തിൽ അവനെ മൃഗപ്രായത്തിൽനിന്നു പൂർണ്ണമായും മോചിപ്പിച്ചു സാമൂഹികധർമ്മമെന്നും സഭ്യാചാരമെന്നും പറയാവുന്ന താഴ്ന്നപടിയിലുള്ള ധാർമ്മികഗുണങ്ങൾ ശീലിപ്പിക്കുന്നു. അടുത്തതായി അതുദ്ദേശിക്കുന്നത് മനുഷ്യന്റെ പ്രാകൃത ശീലങ്ങൾ ക്രമപ്പെടുത്തി ഉൽക്കൃഷ്ടങ്ങളായ ധാർമ്മികഗുണങ്ങളാക്കിമാറ്റുവാനാണ്. ഈ രണ്ടു പദ്ധതികളും ശാരീരികാവസ്ഥ പരിഷ്കരിക്കാനുള്ളവയായതിനാൽ യഥാർത്ഥത്തിൽ ഒന്നുതന്നെയാണെങ്കിലും അവയുടെ സ്ഥിതിവ്യത്യാസത്തെ മുൻനിറുത്തിയാണ് രണ്ടായി ഭാഗിച്ചിരിക്കുന്നത്. സർവ്വജ്ഞനായ സൃഷ്ടികർത്താവു മനുഷ്യനു ധാർമ്മികമായി താഴ്ന്ന സ്ഥിതിയിൽനിന്നു എത്രയും ഉൽക്കൃഷ്ടമായ സ്ഥിതിയിലേക്കുയർന്നുപോകാൻ സാധിക്കുമാറ് നൈതിക വ്യവസ്ഥകൾ അനുക്രമമായി നിർദ്ദേശിച്ചിരിക്കുന്നതു കാണാം.

അഭിവൃദ്ധിയുടെ മൂന്നാമത്തെ മാർഗ്ഗമായി നിർദ്ദേശിച്ചിരിക്കുന്നത്, മനുഷ്യൻ തന്റെ കർത്താവായ ദൈവത്തോടുള്ള അനുരാഗത്തിലും അനുസരണത്തിലും ലയിക്കുകയും തന്റെ ജീവിത സർവ്വവും ദൈവത്തിനുള്ളതാക്കിത്തീർക്കുകയും ചെയ്യുന്ന പരമമായ അവസ്ഥയെയാണ്. ത്യാഗാത്മകമായ ഈ അവസ്ഥയെ അനുസ്മരിക്കുന്നതിനായിട്ടാണ് മുസ്‌ലിംകളുടെ മതത്തിന് ഇസ്‌ലാം എന്നു നാമകരണം ചെയ്തിരിക്കുന്നത്. എന്തെന്നാൽ, ഇസ്‌ലാം എന്നതുകൊണ്ട് വിവക്ഷിതമാക്കപ്പെട്ടിരിക്കുന്നത്, പരിപൂർണ്ണമായി ദൈവേഷ്ടത്തിന് വഴിപ്പെടുകയും സർവ്വവും ദൈവത്തിൽ സമർപ്പിക്കുകയും ചെയ്യുന്ന ഒരു അവസ്ഥയാണ്. ഇതിനെ സംബന്ധിച്ചു വിശുദ്ധ ഖുർആൻ പറയുന്നു:

بَلَىٰ مَنْ أَسْلَمَ وَجْهَهُۥ لِلَّهِ وَهُوَ مُحْسِنٌ فَلَهُۥٓ أَجْرُهُۥ عِندَ رَبِّهِۦ
وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ١١٣

“നിശ്ചയമായും തന്റെ ജീവിതം ദൈവത്തിന്നായി അർപ്പിക്കുകയും പൂർണ്ണമായി അവന്റെ ഇഷ്ടത്തിനു കീഴ്പ്പെടുകയും ചെയ്യുന്നവൻ വാങ്മാത്രമായ വിശ്വാസംകൊണ്ട് തൃപ്തിപ്പെടാതെ അതിനെ സൽക്കർമ്മങ്ങളാൽ സാക്ഷാൽക്കരിക്കുന്നു. അവനത്രേ മുക്തൻ; അവന് തന്റെ രക്ഷിതാവിന്റെ പക്കൽ പ്രതിഫലമുണ്ട്. ഇങ്ങനെ

യുള്ളവർക്ക് ഒരു ഭീതിയുമില്ല; അവർ ഖേദിക്കേണ്ടിവരികയുമി ല്ല്'' (2:113).

قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ ﴿١٦٣﴾ لَا شَرِيكَ لَهُ ۖ وَبِذَٰلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ ﴿١٦٤﴾

''പറയുക: എന്റെ പ്രാർത്ഥനയും എന്റെ പരിത്യാഗവും എന്റെ ജീവിതവും എന്റെ മരണവുമെല്ലാം ലോകാധിനാഥനായ- കൂട്ടുകാരനില്ലാത്തവനായിരിക്കുന്ന-ദൈവത്തിന്നാകുന്നു. ഇതിനായിട്ടത്രേ ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. ഇസ്ലാം എന്ന വാക്കിന്റെ അർത്ഥത്തിൽ ജീവിക്കുന്നവരിൽ, അതായത് ദൈവമാർഗ്ഗത്തിൽ സ്വയം അർപ്പിച്ചിരിക്കുന്നവരിൽ ഞാൻ ഒന്നാമനാകുന്നു''(6:163,164).

وَأَنَّ هَٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ ۖ وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِ

''ഇത് എന്റെ നേർവഴിയാകുന്നു. അതിനാൽ, എന്റെ മാർഗ്ഗം പിന്തുടരുവിൻ; അന്യമാർഗ്ഗം തുടരരുത്. അതു നിശ്ചയമായും നിങ്ങളെ ദൈവത്തിൽനിന്നു അകറ്റിക്കളയുന്നതാണ്''(6:154).

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَاللَّهُ غَفُورٌ رَّحِيمٌ ﴿٣٢﴾

''പറയുക: നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ അനുഗമിക്കുവിൻ; അപ്പോൾ ദൈവം നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ പൊറുത്തു തരുകയും ചെയ്യും; അവൻ നിശ്ചയമായും പൊറുത്തു കൊടുക്കുന്നവനും കരുണ ചെയ്യുന്നവനുമാകുന്നു.'' (3:32)

ഇനി മേൽപ്പറഞ്ഞ മൂന്നവസ്ഥകളെയും ഓരോന്നോരോന്നായി വിവരിക്കാം. എന്നാൽ, അതാരംഭിക്കുന്നതിനുമുമ്പേ, ഒരു സംഗതി ഇവിടെ വിശദീകരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. അതായത് ദോഷപ്രവണമായ ആത്മസ്ഥിതിയുടെ പ്രകടനമായ ശാരീരികാവസ്ഥ, വിശുദ്ധഖുർആന്റെ സിദ്ധാന്തപ്രകാരം ധാർമ്മികാവസ്ഥയിൽനിന്ന് ഭിന്നമായ ഒന്നല്ല. ഖുർആൻ മനുഷ്യന്റെ സഹജാത

ബോധങ്ങളെയും ശരീരേച്ഛകളെയും വൈകാരിക പ്രവണതകളെയും ശാരീരികാവസ്ഥയുടെ വകുപ്പിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ശാരീരിക ഗുണങ്ങളെ ശരിയായ നിലയിൽ ക്രമപ്പെടുത്തി യഥോചിതം വ്യാപരിപ്പിക്കുമ്പോൾ അവ ഉൽക്കൃഷ്ട ധാർമ്മികഗുണങ്ങളായി മാറുന്നതാണ്. ഇതേപ്രകാരം ധാർമ്മികാവസ്ഥ ആദ്ധ്യാത്മികാവസ്ഥയിൽനിന്നും കേവലം വേർപ്പെട്ടിരിക്കാവുന്നതല്ല. ഒരുവൻ ദൈവഭക്തിയിൽ ലയിച്ചു ചിത്തശുദ്ധിയെ പാലിക്കുകയും എല്ലാ താഴ്ന്ന കെട്ടുപാടുകളിൽനിന്നും മുക്തനായി ദൈവപ്രേമത്തിലും ദൈവവിചാരത്തിലും വ്യാപരിക്കുകയും അചഞ്ചലമായ ദൈവവിശ്വാസത്തോടുകൂടി ശാന്തിയിലും സമാധാനത്തിലും ജീവിക്കുകയും ദൈവേഷ്ടം പൂർണ്ണമായും അനുസരിക്കുകയും ചെയ്യുമ്പോൾ ധാർമ്മികാവസ്ഥയിൽനിന്നു പരിണമിച്ചു ആദ്ധ്യാത്മികാവസ്ഥയിൽ ചരിച്ചു തുടങ്ങുന്നു. ശാരീരികാവസ്ഥയെ ധാർമ്മികാവസ്ഥയായി പരിവർത്തനം ചെയ്യാതിരിക്കുന്നിടത്തോളം മനുഷ്യൻ പ്രശംസാർഹനായി തീരുന്നില്ല. എന്തുകൊണ്ടെന്നാൽ, ശാരീരികാവസ്ഥ ജന്തുവർഗ്ഗത്തിലും അചരവസ്തുക്കളിൽപ്പോലും സാമാന്യം കാണപ്പെടുന്ന ഒരു നിലയാണ്. അപ്രകാരംതന്നെ കേവലം ധാർമ്മിക ഗുണങ്ങൾ സമ്പാദിച്ചതുകൊണ്ട് ഒരുവന് ആദ്ധ്യാത്മികത അനുഭൂതമാകുന്നുമില്ല. ദൈവസത്തയെ നിഷേധിക്കുന്ന നാസ്തികനുപോലും ചില സൽസ്വഭാവങ്ങൾ കാണിക്കാൻ കഴിയുന്നതാണ്. സൗമ്യത, ക്ഷമ, സമാധാനശീലം, അഹിംസ മുതലായ സ്വഭാവങ്ങൾ മോക്ഷമാർഗ്ഗത്തെക്കുറിച്ചു അറിവില്ലാത്ത സാധാരണക്കാരനുപോലും ഉണ്ടായിരിക്കാവുന്നതാണ്. നിരുപദ്രവികളും സൗമ്യസ്വഭാവികളും മെരുങ്ങിയാൽ ഇണക്കം കാണിക്കുന്നവയുമായ നിരവധി മൃഗങ്ങളെ നമുക്ക് കാണാം. അവ എത്രതന്നെ പ്രഹരമേല്ക്കുന്നതായാലും പ്രതികാരത്തിന് തുനിയുന്നില്ല. ഈ സ്വഭാവം കാരണമായി അവയെ സാധാരണ മനുഷ്യരുടെ വകുപ്പിൽപോലും ഉൾപ്പെടുത്താൻ ആരും ഒരുമ്പെടുകയില്ലല്ലോ. അപ്പോൾ അന്ധവിശ്വാസത്തിലും ദുർവൃത്തിയിലും വർത്തിക്കുന്ന ചിലർകൂടി ഇത്തരം സ്വഭാവങ്ങൾ കാണിച്ചെന്നു വരാം. തന്റെ വ്രണത്തിലുള്ള കീടങ്ങളും തലയിലെ പേനുകളും വയറ്റിലോ കുടലിലോ ഉള്ള കൃമികളും നശിപ്പിക്കാൻ സമ്മതിക്കാതിരിക്കത്തക്ക ദയാബുദ്ധി ഒരുവനുണ്ടായെന്നും വരാം. അസംഖ്യം പ്രാണികളെ നശിപ്പിക്കുകയും ഈച്ചകളെ കൂട്ടിൽനിന്ന് ചിതറിക്കുകയും ചെയ്യുന്നതുമൂലം

ലഭിക്കുന്നതിനാൽ തേൻ കഴിക്കാതിരിക്കുന്നപോലെതന്നെ, മാനിനെ കൊല്ലുകയും അതിന്റെ കുഞ്ഞുങ്ങളെ വേർപ്പെടുത്തി ദുഃഖിപ്പിക്കുകയും ചെയ്യുന്നതുമൂലം ലഭ്യമാകുന്നതായതിനാൽ കസ്തൂരി ഉപയോഗിക്കാതിരിക്കാനുള്ള ദയാർദ്രതയും ചിലർക്കു ണ്ടാകാമെന്നതും സമ്മതിക്കാം. മുത്ത്, പട്ട് എന്നീ സാധനങ്ങൾ ചില പ്രാണികളെ നശിപ്പിക്കുന്നതുമൂലം കിട്ടുന്നവയായതുകൊണ്ട് അവ ഉപയോഗിക്കാതിരിക്കത്തക്ക കനിവുള്ള ഹൃദയം ചിലർക്കു ണ്ടാകുമെന്നതും സമ്മതിക്കാം. അതേപോലെതന്നെ, ദേഹത്തിൽ കുളയട്ടയെ പിടിപ്പിക്കുന്നതുകൊണ്ട് അണുക്കളുടെ ജീവൻ നശി ക്കുമെന്നു കരുതി അതിനനുവദിക്കാതെ സ്വന്തം വേദന പൊറുപ്പി ക്കാൻ സന്നദ്ധതയുള്ളവരുമുണ്ടായിരിക്കാമെന്നതിനെയും ഞാൻ നിഷേധിക്കുന്നില്ല. ഇത്രയുമല്ല, ജീവഹത്യയെ ഭയന്നു ജലപാനം പോലും പരിത്യജിക്കുകയും അതിലെ അണുപ്രാണികളെ രക്ഷി ക്കുന്നതിനു സ്വയം നാശം വരിക്കുകയും ചെയ്യുന്ന പൂർണ്ണ ദയാ ലുക്കളുമുണ്ടായിരിക്കാമെന്നതും അവസാനമായി സമ്മതിച്ചു കൊള്ളാം. ഇതെല്ലാം സമ്മതിക്കാമെന്നിരുന്നാലും പ്രകൃതിപരമായ ഈ സ്വഭാവങ്ങളെ ധാർമ്മികഗുണങ്ങളായി പരിഗണിക്കുവാനോ ദൈവൈക്യം പ്രാപിക്കുന്നതിനു പ്രതിബന്ധങ്ങളായ ആന്തരിക മാലിന്യങ്ങൾ കഴുകിക്കളയുന്നതിനു അവ പര്യാപ്തങ്ങളാണെന്നു സമ്മതിക്കുവാനോ സാദ്ധ്യമല്ല. ഇതേപ്രകാരം, മനുഷ്യരിൽ കാണാ വുന്നതിലും കൂടുതലായി ചില മൃഗങ്ങളിലും പക്ഷികളിലും കാണാ വുന്ന നിരപരാധിത്വവും സൗമ്യതയും ശീലിക്കുന്നതുകൊണ്ട് ഉത്ത മമനുഷ്യത്വം പ്രാപിക്കാൻ കഴിയുമെന്നു പറയാവുന്നതുമല്ല. നേരെ മറിച്ച് അപ്രകാരം ചെയ്യുന്നതു പ്രകൃതിയോട് പൊരുതുകയും ദൈവേഷ്ടത്തിന് വിരോധം കാണിക്കുകയും പ്രകൃതിയുടെ അനു ഗ്രഹത്തെ നിരാകരിക്കുകയും ചെയ്യുന്നതിന് തുല്യമാകുന്നു. സകല ധാർമ്മികഗുണങ്ങളെയും സന്ദർഭോചിതം പ്രയോഗിക്കുകയും ദൈവമാർഗ്ഗത്തിൽ നിഷ്കളങ്കഭക്തിയോടെ ചരിക്കുകയും ദൈവേ ഷ്ടത്തിനായി ആത്മസമർപ്പണം ചെയ്യുകയും ചെയ്യുന്നതുകൊണ്ടു മാത്രമേ ആദ്ധ്യാത്മിക സമ്പൂർണ്ണത സിദ്ധിക്കുകയുള്ളൂ. ഏതൊ രാൾ ദൈവമാർഗ്ഗത്തിൽ ആത്മസമർപ്പണം ചെയ്യുന്നുവോ അയാൾക്ക് ദൈവത്തെക്കൂടാതെ ജീവിച്ചിരിക്കാൻ കഴിയുകയില്ല. അങ്ങനെയുള്ള ഭക്തൻ, ദൈവത്തിന്റെ തിരുകരത്താൽ ബലിയിട പ്പെട്ട് ദൈവാനുരാഗമാകുന്ന സരോവരത്തിൽ കളിച്ചുകൊണ്ടിരി

ക്കുന്ന മത്സ്യത്തെപ്പോലെയാകുന്നു.

വീണ്ടും പ്രകൃത വിഷയത്തിലേക്കുതന്നെ തിരിഞ്ഞുകൊള്ളട്ടെ. ദോഷപ്രവണമായ ആത്മാവ്, സ്വയം ശാസകാത്മാവ്, ശാന്തി പ്രാപിച്ച ആത്മാവ് എന്നിങ്ങനെയുള്ള മനുഷ്യന്റെ ഭിന്നാവസ്ഥകൾക്ക് മൂന്നു ഉൽപത്തി സ്ഥാനങ്ങളുണ്ടെന്ന് മുമ്പേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ അവസ്ഥകൾക്ക് അനുസൃതമായി മൂന്നു പരിഷ്കരണപദ്ധതികളും വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നുണ്ട്. ഒന്നാമത്തെ പദ്ധതി, അപരിഷ്കൃതരായ കിരാതരെ ഭക്ഷണക്രമം, വിവാഹസമ്പ്രദായം തുടങ്ങിയ നാഗരിക വ്യവഹാര ധർമ്മങ്ങൾക്ക് വിധേയരാക്കി മനുഷ്യരെപ്പോലെ ജീവിക്കുവാൻ പഠിപ്പിക്കുകയാണ്. അതായത് നഗ്നരായി നടക്കാതിരിക്കുക, നായ്ക്കളെപ്പോലെ ശവം ഭക്ഷിക്കാതിരിക്കുക, ആഭാസത്തം പ്രവർത്തിക്കാതിരിക്കുക എന്നിങ്ങനെയുള്ള താഴ്ന്ന തരം പരിഷ്കാര സമ്പ്രദായങ്ങൾ അവരെക്കൊണ്ടു ആചരിപ്പിക്കുന്നു. നാഗരികതയുടെ പ്രകാശമേറ്റിട്ടില്ലാത്ത കാട്ടാളവർഗ്ഗത്തെ പരിഷ്കരിക്കുന്നതിനു ആദ്യമായി അവരെ ഈ പദ്ധതിയിൽക്കൂടെ നടത്തിച്ചു സാമൂഹിക വ്യവഹാര ധർമ്മങ്ങളും താഴ്ന്ന പടിയിലുള്ള ധാർമ്മിക ഗുണങ്ങളും പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. ബാഹ്യമായ ഈ സാമൂഹികധർമ്മങ്ങളെ ശരിയായ നിലയിൽ സ്വീകരിച്ചിട്ടുള്ളവരാണ് രണ്ടാമത്തെ പരിഷ്കരണ പദ്ധതിയിൽ പ്രവേശിക്കുന്നതിനു അർഹരായിത്തീരുന്നത്. ഈ ഘട്ടത്തിൽ അവർക്ക് ഉൽക്കൃഷ്ടതരം ധാർമ്മികപാഠങ്ങൾ നല്കുകയും സഹജാതബോധങ്ങളും ആന്തരിക ശക്തികളും ഔചിത്യദീക്ഷയോടെ ഉപയോഗപ്പെടുത്തുവാൻ പഠിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഉൽക്കൃഷ്ട ധാർമ്മികഗുണങ്ങൾ വശപ്പെടുത്തിയവർ മൂന്നാമത്തെ ദശയെ തരണം ചെയ്യുവാൻ അർഹരായിത്തീരുന്നു. ഈ പദ്ധതിയിൽക്കൂടി ചരിക്കുന്ന ഭക്തർക്ക് ദൈവത്തോടുള്ള പ്രേമൈക്യമാകുന്ന രസായനപാനീയം ആസ്വാദ്യമായി ഭവിക്കുന്നതാണ്. ഈ ത്രിവിധ പരിഷ്കരണപദ്ധതികളാണ് വിശുദ്ധ ഖുർആൻ നിർദ്ദേശിച്ചിരിക്കുന്നത്.

## തിരുനബിയുടെ അവതാരം

വിശുദ്ധ നബിനായകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുവതാരം ചെയ്തതു ലോകം അജ്ഞാനവും അധർമ്മവുംകൊണ്ട് അന്ധകാരാവൃതമായ കാലഘട്ടത്തിലാണ്. ഇതു സംബന്ധിച്ച്

അല്ലാഹു പറയുന്നു: ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ "കരയിലും കടലിലും ഒരുപോലെ അധർമ്മം വ്യാപിച്ചിരിക്കുന്നു''(30:42). ഈ ഉപമാനം സൂചിപ്പിക്കുന്നത് 'അഹ്ലു കിതാബ്' അഥവാ വേദം നല്കപ്പെട്ട വരും വേദരഹിതരും ഒരുപോലെ ദുഷിച്ചു പോയിരിക്കുന്നുവെ ന്നാണ്. ഇങ്ങനെ മൃതപ്രായരായിത്തീർന്നിരുന്ന ജനത്തെ പുനരു ജ്ജീവിപ്പിക്കുകയാകുന്നു വിശുദ്ധ ഖുർആന്റെ ലക്ഷ്യം. അതു പറ യുന്നതു നോക്കുക: اِعْلَمُوْٓا اَنَّ اللّٰهَ يُحْيِ الْاَرْضَ بَعْدَ مَوْتِهَا ''നിർജ്ജീവമായിരിക്കുന്ന ഭൂമിയെ അല്ലാഹു പുനരുജ്ജീവിപ്പിക്കാൻ പോകുന്നുവെന്നത് നിങ്ങൾ അറിഞ്ഞു കൊള്ളുവിൻ''(57:18). അക്കാ ലത്ത് അറബ് രാജ്യം മുഴുവനും അജ്ഞതയും അനാഗരികതയും വ്യാപിച്ചിരുന്നു. ഒരു സാമൂഹികനിയമവും അവർ അനുസരിച്ചിരു ന്നില്ല. എത്രയും ആഭാസകരവും നിന്ദാവഹവുമായ അധർമ്മ കർമ്മ ങ്ങൾ അവർ അഭിമാനപൂർവ്വം ചെയ്തുപോന്നു. അസംഖ്യം ഭാര്യ മാരെ അവർ പരിഗ്രഹിച്ചു. നിഷിദ്ധങ്ങളായ വസ്തുക്കൾ അവർക്ക് ഇഷ്ടഭോജനങ്ങളായിരുന്നു. അമ്മമാരെ ഭാര്യമാരായി സ്വീകരിക്കുക എന്നതും അവരുടെ ഇടയിൽ അപൂർവ്വമായിരുന്നില്ല. ഈ നിന്ദ്യ മായ സമ്പ്രദായത്തെ നിരോധിക്കുന്നതിനായിട്ടത്രേ. حُرِّمَتْ عَلَيْكُمْ اُمَّهٰتُكُمْ "നിങ്ങളുടെ അമ്മമാർ നിങ്ങൾക്ക് വിരോ ധിക്കപ്പെട്ടിരിക്കുന്നു"(4:24) എന്നു അല്ലാഹു വിശുദ്ധഖുർആനിൽ കല്പിച്ചിരിക്കുന്നത്. അവർ മൃഗങ്ങളെപ്പോലെ ശവങ്ങൾ ഭക്ഷി ക്കുന്നതിനും മടിച്ചിരുന്നില്ല. മനുഷ്യ മാംസഭോജനവും അവർക്ക് അപഥ്യമല്ലായിരുന്നു. അവർ ശീലിച്ചിട്ടില്ലാത്ത ഒരു പാപകർമ്മവും ഭൂമുഖത്തു ബാക്കിയില്ലെന്നു പറയാം. അവരിൽ ഭൂരിഭാഗവും ഭാവി ജീവിതത്തിൽ വിശ്വസിച്ചിരുന്നില്ല. ഈശ്വരാസ്തിത്വത്തിൽ വിശ്വാ സമില്ലാത്തവരും അവരിൽ ദുർലഭമല്ലായിരുന്നു. പെൺസന്താന ങ്ങളെ സ്വന്തം കൈകളാൽ കൊല്ലുന്നത് അവരുടെ ഇടയിൽ പതി വായിരുന്നു. അനാഥക്കുട്ടികളെ കൊന്ന് അവരുടെ മുതലുകൾ കൈവശപ്പെടുത്തിയിരുന്നു. ബാഹ്യദൃഷ്ടിക്ക് അവർ മനുഷ്യരൂപി കളായി കാണപ്പെട്ടിരുന്നുവെങ്കിലും യഥാർത്ഥത്തിൽ വിവേകം, മര്യാദ, ലജ്ജ, അഭിമാനം തുടങ്ങിയ മനുഷ്യഗുണങ്ങൾ അവരിൽ കാണാനുണ്ടായിരുന്നില്ല. അവർ മദ്യപാനത്തിൽ അത്യാസക്തരാ യിരുന്നു. വ്യഭിചാരത്തിൽ മുമ്പനാരോ അവനാണ് സമുദായത്തി നിടയിൽ വമ്പനായി കരുതപ്പെട്ടിരുന്നത്. അജ്ഞത സർവ്വത്ര

വ്യാപിച്ചിരുന്നു. തന്മൂലം, അയൽ രാജ്യക്കാരെല്ലാവരും അവരെ ഉമ്മി(നിരക്ഷരകുക്ഷി)കൾ എന്നു വിളിച്ചു. ഈ കാലഘട്ടത്തിലാണ് നബിനായകർ തിരുമേനി(സ) മക്കാനഗരത്തിൽ ആവിർഭവിച്ചത്. ഈ ജനതയെ തന്നെയാണ് തിരുനബിക്ക് ഒന്നാമതായി ഉദ്ധരിക്കേണ്ടിയിരുന്നതും. അതിനാൽ മുമ്പേ പ്രസ്താവിച്ച മൂന്നുവിധ പരിഷ്കരണപദ്ധതികളുടെയും പ്രവർത്തനത്തിനുള്ള ശരിയായ അവസരം അതുതന്നെയായിരുന്നു. വിശുദ്ധഖുർആൻ മറ്റു മാർഗ്ഗദർശക ഗ്രന്ഥങ്ങളെക്കാൾ പരിപൂർണ്ണവും അന്യൂനവും ആണെന്നു വാദിക്കുന്നതു ഈ കാരണത്താലാണ്. ഈ പരിപൂർണ്ണഗ്രന്ഥത്തിനു മാത്രമല്ലാതെ മറ്റൊരു മതഗ്രന്ഥത്തിനും ഈ മൂന്നുവിധ പരിഷ്കാരങ്ങളും വരുത്തിത്തീർക്കുന്നതിനുള്ള അവസരം ലഭിച്ചിരുന്നില്ല. നാഗരികതയില്ലാത്ത മൃഗപ്രായരായ ജനങ്ങളെ മനുഷ്യരാക്കുകയും, മനുഷ്യരെ ധാർമ്മിക ഗുണങ്ങളോടുകൂടിയ ശിഷ്ടാചാരികളാക്കിത്തീർക്കുകയും ധാർമ്മിക മനുഷ്യരെ ആദ്ധ്യാത്മികനിലയിൽ ഉയർന്ന ദൈവഭക്തരായി പരിവർത്തനം ചെയ്യിക്കുകയുമാണ് വിശുദ്ധ ഖുർആന്റെ ഉദ്ദേശ്യം. അതുകൊണ്ടാണ് ഈ പദ്ധതികളെക്കുറിച്ചു അതു ധാരാളം പ്രതിപാദിച്ചിരിക്കുന്നത്.

ജനപരിഷ്കരണത്തിനുള്ള പ്രസ്തുത മൂന്നു പദ്ധതികളെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്നതിനു മുമ്പേ ഒരു സംഗതി ഇവിടെ പ്രത്യേകം പ്രസ്താവാർഹമാണ്. ബാഹ്യമായ നിർബന്ധം കൊണ്ടല്ലാതെ സ്വീകരിക്കാൻ വയ്യാത്തതും യുക്തിക്കെതിരായതുമായ ഒരു സിദ്ധാന്തവും വിശുദ്ധഖുർആനിൽ ഇല്ലതന്നെ. ആ വിശുദ്ധ ഗ്രന്ഥത്തിന്റെ ലക്ഷ്യം ഈ ത്രിവിധ പദ്ധതികളിൽക്കൂടിയുള്ള പരിഷ്കരണം മാത്രമാണ്. അതിലെ തത്ത്വോപദേശങ്ങളുടെയെല്ലാം ജീവനും അതുതന്നെ. മറ്റുള്ള നിയമ വ്യവസ്ഥിതികളെല്ലാം ഈ ഉദ്ദേശ്യം സാധിക്കുവാനുള്ള ഉപായങ്ങളാണെന്നു പറയാം. ശാരീരിക രോഗങ്ങളുടെ ശമനത്തിനായി വൈദ്യന് ചിലപ്പോൾ ശസ്ത്രക്രിയ നടത്തേണ്ടതായും ചിലപ്പോൾ ഔഷധം പ്രയോഗിക്കേണ്ടതായും വരുന്നതുപോലെതന്നെ വിശുദ്ധഖുർആനും മനുഷ്യരുടെ ഗുണത്തിനുവേണ്ടി ഇതേ സമ്പ്രദായങ്ങൾ യഥോചിതം നിർദ്ദേശിച്ചിരിക്കുന്നതു കാണാം. അതിലെ തത്ത്വജ്ഞാനങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ധർമ്മോദ്ബോധങ്ങളുടെയുമെല്ലാം പരമാർത്ഥോദ്ദേശ്യം മനുഷ്യനെ കൈരാതികമായ ശാരീരികാവസ്ഥയിൽ നിന്ന് ധാർമ്മികാവസ്ഥയിലേക്കും അവിടെ

നിന്നു അതിരില്ലാത്ത ആത്മീയൗന്നത്യത്തിലേക്കും ഉയർത്തിക്കൊണ്ടു പോവുക എന്നതാണ്.

## ധാർമ്മിക ഗുണങ്ങളുടെ നിരൂപണം

ശാരീരികാവസ്ഥ ധാർമ്മികാവസ്ഥയിൽനിന്നു ഭിന്നമായ ഒരു സ്ഥിതിയല്ലെന്നു മുമ്പേ പ്രസ്താവിച്ചുവല്ലോ. ശാരീരികാവസ്ഥയിൽ ഉൾപ്പെട്ട വ്യാപാരങ്ങളെ വിവേകബുദ്ധിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ചു സന്ദർഭോചിതം ക്രമപ്പെടുത്തുമ്പോൾ അവ ധാർമ്മിക ഗുണങ്ങളായി പരിണമിക്കുന്നു. ധാർമ്മികഗുണങ്ങളോട് എത്രതന്നെ സാദൃശ്യമുള്ള കർമ്മം ഒരുവനിൽനിന്ന് വെളിപ്പെടുന്നതായാലും വിവേകബുദ്ധിയുടെയും ജ്ഞാനത്തിന്റെയും നിയന്ത്രണത്തിനു വിധേയമാകാതിരിക്കുന്നിടത്തോളം അത് യഥാർത്ഥ സൽഗുണമായിത്തീരുകയില്ല. അത് അവന്റെ സ്വാഭാവികമായ പ്രേരണയുടെ ഫലം മാത്രമായിരിക്കും. ഉദാഹരണമായി, ഒരു പട്ടിയോ ആടോ അതിന്റെ യജമാനനോടു കാണിക്കുന്ന സ്നേഹവും ഇണക്കവും അതിന്റെ സദാചാരമാണെന്നോ സൽസ്വഭാവമാണെന്നോ പറയാവുന്നതല്ല. അപ്രകാരംതന്നെ ചെന്നായയുടെയോ സിംഹത്തിന്റെയോ നിഷ്ഠൂരതയെ അതിന്റെ ദുസ്സ്വഭാവമായും വിചാരിച്ചുകൂടാ. മുമ്പേ പ്രസ്താവിച്ചതുപോലെ ഏതൊരു കൃത്യവും സന്ദർഭൗചിത്യം നോക്കി വിവേകപൂർവ്വം ചെയ്യപ്പെടുന്ന ഘട്ടത്തിലാണ് ധാർമ്മികാവസ്ഥ ആരംഭിക്കുന്നത്. സ്വപ്രവൃത്തികളിൽ ബുദ്ധിയും യുക്തിയും ഉപയോഗപ്പെടുത്താതിരിക്കുന്ന ഒരുവനെ ബുദ്ധിപക്വമായിട്ടില്ലാത്ത ശിശുവിനോടോ ഹതബുദ്ധിയായ ഭ്രാന്തനോടോ ഉപമിക്കാവുന്നതാണ്. എന്നാൽ, കേവലം ശിശുവിന്റെയോ ചിത്തഭ്രമിയുടെയോ ചേഷ്ടകൾ ചിലപ്പോൾ സൽകൃത്യങ്ങളോടു സാദൃശ്യമുള്ളവയായി കാണാമെങ്കിലും, ഔചിത്യദീക്ഷയോടും വിവേകബുദ്ധിയോടും കൂടി ചെയ്യപ്പെടുന്നവയല്ലാത്തതിനാൽ അവയെ ബുദ്ധിമാൻമാരാരും സദാചാരഗുണങ്ങളായി പരിഗണിക്കുന്നതല്ല. മറിച്ചു ആ ക്രിയകളാകട്ടെ സഹജാതബോധങ്ങളുടെ പ്രേരണയനുസരിച്ചുള്ളവ മാത്രമാകുന്നു. ഉദാഹരണമായി ഒരു മനുഷ്യപ്രജ ഭൂജാതമായ ഉടൻതന്നെ മാതൃസ്തനങ്ങളുടെനേർക്ക് തിരിയുന്നു. കോഴിക്കുഞ്ഞാകട്ടെ മുട്ടയിൽനിന്നു വിരിഞ്ഞ ക്ഷണം ധാന്യമണികൾ കൊത്തിത്തിന്നുവാൻ ഓടിനടക്കുന്നു. അട്ടയുടെ കുഞ്ഞു അട്ടയുടെ പ്രകൃതിയോടുകൂടിയിരിക്കുന്നു. സർപ്പത്തിന്റെ കുഞ്ഞു അതിന്റെ ജാതിസ്വഭാവം വെളിപ്പെടുത്തുന്നു. സിംഹത്തിന്റെ കുട്ടി

അതിന്റെ പ്രകൃത്യാലുള്ള ശീലങ്ങളെ അനുസരിക്കുന്നു. വിശേഷിച്ചും മനുഷ്യശിശുവിനെ നാം പരിശോധിക്കുന്നതായാൽ, അതു പ്രസവിച്ചു വീണതോടുകൂടി മനുഷ്യ സ്വഭാവങ്ങൾ പ്രകടിപ്പിച്ചു തുടങ്ങുന്നതായും വളർന്നു വരുന്തോറും ആ സ്വഭാവ പ്രകടനങ്ങൾ പ്രസ്പഷ്ടമായിക്കൊണ്ടിരിക്കുന്നതായും കാണാവുന്നതാണ്. ഇപ്പോൾ അത് മുമ്പേ കരയുന്നതിലും കൂടുതൽ വ്യക്തമായും ഉച്ചത്തിലും കരയുന്നതായും കാണാം. ഈ ഘട്ടത്തിൽ അതിന്റെ കണ്ണുകളിൽ മനഃപൂർവ്വമായ നോട്ടത്തിന്റെ ചിഹ്നങ്ങൾ തെളിഞ്ഞു കാണുന്നു. അതു സ്വന്തം ഇഷ്ടാനിഷ്ടങ്ങളെ അവയവചേഷ്ടകൾ മുഖേന വെളിപ്പെടുത്തുന്നതായും മറ്റുള്ളവർക്ക് വല്ലതും കൊടുക്കുവാൻ ഭാവിക്കുന്നതായും കാണാം. എന്നാൽ, ഈ ചേഷ്ടകളെല്ലാം വാസ്തവത്തിൽ സ്വഭാവപ്രേരിതങ്ങളാകുന്നു. ഇങ്ങനെയുള്ള ശിശുവിന്റേതിനോട് തുല്യമാണ് ബുദ്ധിപരമായ അപൂർണ്ണ സ്ഥിതിയിലുള്ള കിരാതന്റെ അവസ്ഥ. കിരാതനാകട്ടെ തന്റെ വാക്കിലും പ്രവൃത്തിയിലും ചലനത്തിലും മൗനത്തിലും പ്രാകൃതശീലം വെളിപ്പെടുത്തുകയും സദാ വികാരാധീനനായി വർത്തിക്കുകയും ചെയ്യുന്നതാണ്. അവന്റെ ഒരു പ്രവൃത്തിയും അന്തഃകരണത്തിന്റെ പ്രചോദനപ്രവർത്തനങ്ങളുടെ ഫലമായിരിക്കുകയില്ല. പ്രത്യുത അവന്റെ ഓരോ ചേഷ്ടയും അന്തർവികാരങ്ങൾക്കനുസൃതമായി ബാഹ്യമായ പ്രേരണയുണ്ടാകുമ്പോൾ വെളിപ്പെടുകയാണ് ചെയ്യുക. ഇങ്ങനെ സ്വഭാവപ്രേരിതങ്ങളായ അവന്റെ ചേഷ്ടകളെല്ലാം ആഭാസങ്ങളായിരിക്കണമെന്നില്ല. അവയിൽ ചിലതു വിവേകിയുടെ ഔചിത്യപൂർവ്വമായ സൽകൃത്യങ്ങളോട് സദൃശമായിരിക്കുന്നതാണ്. എങ്കിലും അവ ബുദ്ധിപൂർവ്വമായ വിവേചനത്തിന്റെയോ ഔചിത്യചിന്തയുടെയോ ഫലങ്ങളായിരിക്കുകയില്ല. അവന്റെ ചേഷ്ടകളിൽ സ്വല്പമായ ചിന്തയ്ക്ക് വകയുണ്ടാകുന്നുണ്ടെങ്കിൽത്തന്നെ അവ അധികവും വികാരപ്രേരിതങ്ങളായതിനാൽ സൽകൃത്യങ്ങളായി വിചാരിക്കാവുന്നതല്ല. അധികത നോക്കിയാണല്ലോ ഏതൊന്നിനെയും തരം തിരിക്കുന്നത്.

ചുരുക്കത്തിൽ, താഴ്ന്നതരം ജന്തുക്കളെപ്പോലെയോ ശിശുക്കളെപ്പോലെയോ ചിത്തഭ്രമികളെപ്പോലെയോ സ്വാഭാവികമായ അന്തർവികാരങ്ങൾക്കു അധീനനായി വർത്തിക്കുകയും മിക്കവാറും കാട്ടാളനെപ്പോലെ ജീവിക്കുകയും ചെയ്യുന്ന ഒരുവന്റെ ചേഷ്ടകൾ

യഥാർത്ഥ സൽഗുണങ്ങളായി പരിഗണിച്ചുകൂടാ. ഒരുവന്റെ പ്രവൃത്തി സൽകൃത്യമോ ദുഷ്കൃത്യമോ ആയി വകതിരിക്കുന്ന തിനുള്ള കാലം ആരംഭിക്കുന്നത് അവനു നല്ലതും ചീത്തയും തിരി ച്ചറിയാനും രണ്ടു ദുർഗുണങ്ങൾ തമ്മിലും രണ്ടു സദ്ഗുണങ്ങൾ തമ്മിലും താരതമ്യേനയുള്ള വ്യത്യാസം വിവേചിച്ചറിയാനും വേണ്ടത്ര ബുദ്ധിപക്വമാകുമ്പോഴാണ്. ഈ ഘട്ടത്തിൽ അവൻ സദ്വൃത്തി ഉപേക്ഷിച്ചതിനെക്കുറിച്ച് ഖേദിക്കുകയും ദുഷ്കൃത്യം ചെയ്തുപോയതിനെക്കുറിച്ച് പശ്ചാത്തപിക്കുകയും മാനസാന്തര പ്പെടുകയും ചെയ്യുന്നതായിരിക്കും. ഇതാണ് വിശുദ്ധഖുർആൻ 'നഫ്സ് ലവ്വാമ'- സ്വയം ശാസകാത്മസ്ഥിതി - എന്ന പേരുകൊണ്ട് വിശേഷിപ്പിച്ചിരിക്കുന്ന മനുഷ്യജീവിതത്തിലെ രണ്ടാമത്തെ പരി ണാമഘട്ടം. എന്നാൽ, കേവലമൊരു പ്രാകൃതനെ സ്വയം ശാസി ക്കുന്ന പശ്ചാത്താപബോധത്തിലേക്ക് പ്രേരിപ്പിക്കുന്ന പരിവർത്തന ഘട്ടത്തിലെത്തിക്കുന്നതിന് ഗുണദോഷോപദേശം മാത്രം മതിയാ വുകയില്ല. തന്റെ ജന്മം നിരർത്ഥവും നിരുപയോഗവുമാണെന്നു അവൻ ധരിക്കാതിരിക്കത്തക്ക നിലയിലെങ്കിലും ദൈവബോധം അവനു സിദ്ധിച്ചിരിക്കേണ്ടതു ആവശ്യമാകുന്നു. ഈ ദൈവബോ ധമാണ് അവനിൽ യഥാർത്ഥ ധാർമ്മിക ഗുണങ്ങൾ ഉൽപ്പാദിപ്പി ക്കാൻ പര്യാപ്തമാവുക. അതുകൊണ്ടു തന്നെയാണ് വിശുദ്ധ ഖുർ ആൻ തത്ത്വോപദേശം ചെയ്യുന്നതോടുകൂടി ദൈവത്തെ സംബ ന്ധിച്ച യഥാർത്ഥജ്ഞാനം പ്രബോധിക്കുകയും നല്ലതോ ചീത്തയോ ആയ ഓരോ ക്രിയയും ഐഹിക ജീവിതത്തിൽ മനു ഷ്യനു ആത്മീയമായ സുഖമോ ദുഃഖമോ നല്കുന്ന പ്രതിഫലത്തിന് ഹേതുവാകുന്നതാണെന്നും ഈ പ്രതിഫലം പാരത്രിക ജീവിത ത്തിൽ പ്രത്യക്ഷരൂപത്തിൽ അനുഭവപ്പെടുമാറാകുമെന്നും ഉദ്ബോ ധിപ്പിക്കുകയും ചെയ്തിരിക്കുന്നത്. ചുരുക്കിപ്പറയുന്നതായാൽ, സ്വയം ശാസാകാത്മാവിന്റെ അവസ്ഥയാകുന്ന ഈ മാനസാന്തര ഘട്ടത്തിൽ ഒരുവൻ എത്തിക്കഴിയുമ്പോൾ ദോഷകരമായ ഏതു കൃത്യത്തെക്കുറിച്ചും പശ്ചാത്തപിക്കുകയും സൽകൃത്യത്തിൽ താൽപര്യം കാണിക്കുകയും ചെയ്യത്തക്കവണ്ണം അവന്റെ ബുദ്ധിയും ജ്ഞാനവും മനഃസാക്ഷിയും അഭിവൃദ്ധി പ്രാപിച്ചിരിക്കുന്നതാണ്. ഈ അവസ്ഥയിലാണ് അവൻ ഉൽക്കൃഷ്ട ധാർമ്മിക ഗുണങ്ങൾ സമ്പാദിക്കുന്നത്. ധാർമ്മികഗുണം അഥവാ സദ്ഗുണം എന്നു അർത്ഥം വിവക്ഷിതമാക്കാവുന്ന 'ഖുൽഖ്' خُلُق എന്ന പദത്തെക്കു

റിച്ചു സ്വല്പമൊന്നു വിവരിക്കുന്നതു അത്യാവശ്യമായിരിക്കുന്നു. സ്വരത്തിലല്ലാതെ പ്രത്യക്ഷരൂപത്തിൽ വ്യത്യാസമില്ലാത്ത 'ഖൽഖ്' خَلْق എന്ന വാക്ക് ബാഹ്യ സൃഷ്ടിയേയും പ്രകൃതത്തിലെ 'ഖുൽഖ്' خُلْق എന്ന ശബ്ദം ആന്തരിക സൃഷ്ടിയേയുമാണ് കുറിക്കുന്നത്. ഈ ആന്തരിക സൃഷ്ടി അഥവാ ആത്മസംസ്കാരം പൂർണ്ണത പ്രാപിക്കുന്നതു യുക്തിവിചാരത്തോടുകൂടിയ സൽകൃത്യങ്ങളാലാകുന്നു; കേവലം വികാരപ്രേരിതങ്ങളായ പ്രവൃത്തികളാലല്ല. അതുകൊണ്ടാണ് പ്രസ്തുത ശബ്ദം ധാർമ്മിക ഗുണത്തെയല്ലാതെ പ്രകൃതിപരമായ ചേഷ്ടിതത്തെ കുറിക്കുന്നതിനു ഉപയോഗിക്കാത്തത്. സൽഗുണങ്ങളെന്നാൽ ക്ഷമ, സഹിഷ്ണുത, സൗമ്യം, വിനയം എന്നിവ മാത്രമാണെന്നു പൊതുവെയുള്ള ധാരണ അബദ്ധമാണെന്ന സംഗതിയും ഇവിടെ ഒന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ ഓരോ ബാഹ്യേന്ദ്രിയ വ്യാപരത്തിനുമെതിരിൽ ഹൃദയാന്തരത്തിൽ ഓരോ വികാരശക്തി നിക്ഷിപ്തമായിട്ടുണ്ട്. ഈ അന്തശ്ശക്തികളെ ഔചിത്യമനുസരിച്ചു വ്യാപരിപ്പിക്കുമ്പോഴാണ് അവയ്ക്ക് ധാർമ്മിക ഗുണങ്ങളെന്നു പറയാവുന്ന സംസ്കാരം സിദ്ധിക്കുന്നത്. ഉദാഹരണമായി, ഒരുവൻ കരയുമ്പോൾ ബാഹ്യത്തിൽ അവന്റെ കണ്ണുകൾ കണ്ണീർ പൊഴിക്കുന്നുവല്ലോ. ഈ ചേഷ്ടകൾക്കെതിരിൽ ഹൃദയാന്തർഭാഗത്ത് ആർദ്രഭാവം എന്നുപേർ ചെയ്യാവുന്ന ഒരു വികാരവിശേഷമുണ്ട്. വിവേകിയായ മനുഷ്യൻ അതിനെ ഔചിത്യബോധത്തോടെ പ്രയോഗിക്കുമ്പോൾ അതൊരു 'ഖുൽഖ്' അഥവാ ധാർമ്മിക ഗുണം ആയിത്തീരുന്നു. ഇതേപ്രകാരം, ഒരുവൻ ശത്രുവിനോടു നേരിടുന്നതിനു തന്റെ കരങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ അവനിൽ പ്രവർത്തിക്കുന്നത് ഈ ബാഹ്യേന്ദ്രിയത്തിന്റെ ശക്തിക്കനുരൂപമായി ഹൃദയത്തിൽ നിക്ഷിപ്തമായ ധൈര്യമെന്ന വികാരശക്തിയാകുന്നു. ഈ ശക്തിയെ വിവേചനയുക്തിയോടെ വിനിയോഗിക്കുന്ന പക്ഷം ഇതുമൊരു സൽഗുണമായി പരിണമിക്കുന്നതാണ്. ചിലപ്പോൾ മനുഷ്യൻ തന്റെ കൈകൊണ്ടു ദ്രോഹിതനെ ദ്രോഹിയിൽനിന്നു രക്ഷപ്പെടുത്തുവാൻ ഉദ്യമിക്കുകയോ അഗതികൾക്കും വിശന്നുവലയുന്നവർക്കും ദാനം ചെയ്യാൻ ഭാവിക്കുകയോ മറ്റേതെങ്കിലും വിധത്തിൽ ജനശുശ്രൂഷ ചെയ്യാനുദ്ദേശിക്കുകയോ ചെയ്യുന്നു. അപ്പോൾ അവനിൽ വ്യാപരിക്കുന്നത് ഹൃദയത്തിൽ വർത്തിക്കുന്ന കൃപാഗുണമ

ത്രെ. ചിലപ്പോൾ അവൻ ദ്രോഹിയെ ശിക്ഷിക്കുവാൻ പുറപ്പെടുന്നത് തന്റെ ഉള്ളിൽ പ്രേരിതമാകുന്ന പ്രതികാരഭാവത്താലായിരിക്കും. ചില സമയം അവൻ, തന്നെ ദ്രോഹിച്ചവന്റെ നേർക്ക് പ്രതിക്രിയ ചെയ്യാതെ ദ്രോഹം ക്ഷമിച്ചു കളയുന്നു. ഈ ബാഹ്യചേഷ്ടകയ്ക്കെതിരിൽ ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന വൈകാരിക ശക്തിക്കാണ് സഹിഷ്ണുത എന്നും ക്ഷമയെന്നും പറയുന്നത്. ചില അവസരത്തിൽ അവൻ തന്റെ കരചരണങ്ങളെയോ അന്തഃകരണത്തെയോ ബുദ്ധിശക്തിയെയോ മനുഷ്യസമുദായത്തിന്റെ ക്ഷേമത്തിനായി വിനിയോഗിക്കുകയും അവരുടെ സുഖാഭിവർദ്ധനത്തിനായി സ്വസമ്പാദ്യംപോലും ചെലവാക്കുകയും ചെയ്യുന്നു. അപ്പോൾ അവന്റെ ഹൃദയത്തിൽ ഔദാര്യം എന്ന വികാരശക്തിയാണ് പ്രവർത്തിക്കുന്നത്. മുകളിൽ പറഞ്ഞതുപോലെ മനുഷ്യൻ ഈ അന്തശ്ശക്തികളെയെല്ലാം അവസരോചിതവും ഔചിത്യപൂർവ്വവും വിനിയോഗിക്കുമ്പോൾ മാത്രമാണ് അവ ധാർമ്മിക ഗുണങ്ങൾ എന്ന പേരിന്നർഹമായിത്തീരുന്നത്. മഹാമഹത്ത്വവാനായ അല്ലാഹു നമ്മുടെ നബിനായകർ(സ) തിരുമേനിയെ സംബോധന ചെയ്തുകൊണ്ട് പറയുകയാണ്: وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ ۝ "നിശ്ചയമായും നീ മഹത്തായ ഗുണത്തിൽ വർത്തിക്കുന്നു"(68:5).

അതായത് ഔദാര്യം, ധൈര്യം, നീതി, കൃപ, ദയ, പരോപകാരം, സത്യസന്ധത, മഹാമനസ്കത മുതലായ സകല ഉൽക്കൃഷ്ട മാനസിക ഗുണങ്ങളും നിന്നിൽ സമ്മിളിതമായിരിക്കുന്നു. ചുരുക്കത്തിൽ, മനുഷ്യ ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന വിനയം, ലജ്ജ, വിശ്വസ്തത, കൃപ, അഭിമാനം, സ്ഥൈര്യം, നിർമ്മലത, ഭക്തി, സൗമ്യത, ആർദ്രത, അനുകമ്പ, ധീരത, ഔദാര്യം, ക്ഷമ, സഹിഷ്ണുത, പരോപകാരത, സത്യസന്ധത, നിഷ്കാപട്യം എന്നിങ്ങനെയുള്ള പ്രകൃതിപരമായ ബോധങ്ങൾ യുക്തി വിചാരത്തോടുകൂടി പ്രയോഗിക്കപ്പെടുമ്പോൾ സൽഗുണങ്ങളായി പരിണമിക്കുന്നു. സകല സൽഗുണങ്ങളും യഥാർത്ഥത്തിൽ മനുഷ്യന്റെ പ്രകൃതിവാസനകളും അന്തർവികാരങ്ങളും തന്നെയാണ്. എന്നാൽ, മനഃപൂർവ്വം സന്ദർഭങ്ങളുടെ ഔചിത്യം നോക്കി ഉപയോഗപ്പെടുത്തുമ്പോഴാണ് അവ ധാർമ്മികഗുണങ്ങളെന്നപേരിൽ വ്യവഹരിക്കപ്പെടുവാൻ അർഹമാകുന്നത്. ഉൽക്കർഷേച്ഛ മനുഷ്യന്റെ സവിശേഷ സ്വഭാവങ്ങളിൽ ഒന്നായതിനാൽ അവൻ ഇതര ജീവികളിൽനിന്നു

വ്യത്യസ്തമായി മഹത്ത്വാകാംക്ഷിയായി വർത്തിക്കുകയും സത്യ ധർമ്മത്തെ അവലംബിച്ചു സജ്ജന സംസ്സർഗ്ഗവും സൽബോധനവും മുഖാന്തരം അന്തർവികാരങ്ങളെ ധാർമ്മികഗുണങ്ങളായി രൂപാന്ത രപ്പെടുത്താൻ പ്രാപ്തനായി ഭവിക്കുകയും ചെയ്യുന്നു.

## ശാരീരികാവസ്ഥ

ഇനി നമുക്ക് വിശുദ്ധഖുർആൻ നിർദ്ദേശിക്കുന്ന മൂന്നുവിധ പരിഷ്കരണ പദ്ധതികളിൽ, താഴ്ന്ന തരത്തിലുള്ള ശാരീരികാവ സ്ഥയെ സംബന്ധിച്ച പ്രഥമ പദ്ധതിയെക്കുറിച്ചു പ്രതിപാദിക്കാം. ഈ ഘട്ടത്തിൽ ഖുർആൻ സദാചാരത്തിന്റെ ഒരു വിഭാഗമായ 'അദബ്' അഥവാ മര്യാദയിൽ ഉൾപ്പെട്ട വ്യവസ്ഥകളെയാണ് പഠി പ്പിക്കുന്നത്. അതായത് ഭക്ഷണക്രമം തുടങ്ങിയ ദിനചര്യകളെയും വിവാഹം തുടങ്ങിയ സാമൂഹികകാര്യങ്ങളെയും നിയന്ത്രിക്കു ന്നതും മൃഗസാമാന്യമായ കൈരാതിക ജീവിതത്തിൽനിന്നു മോചനം നല്കി പരിഷ്കൃതമായ നാഗരിക ജീവിതത്തിലേക്ക് നയി ക്കുന്നതുമായ നിയമചട്ടങ്ങൾ അതു പ്രദാനം ചെയ്യുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

حُرِّمَتْ عَلَيْكُمْ أُمَّهَاتُكُمْ وَبَنَاتُكُمْ وَأَخَوَاتُكُمْ وَعَمَّاتُكُمْ
وَخَالَاتُكُمْ وَبَنَاتُ الْأَخِ وَبَنَاتُ الْأُخْتِ وَأُمَّهَاتُكُمُ الَّتِي
أَرْضَعْنَكُمْ وَأَخَوَاتُكُمْ مِنَ الرَّضَاعَةِ وَأُمَّهَاتُ نِسَائِكُمْ
وَرَبَائِبُكُمُ الَّتِي فِي حُجُورِكُمْ مِنْ نِسَائِكُمُ الَّتِي دَخَلْتُمْ
بِهِنَّ فَإِنْ لَمْ تَكُونُوا دَخَلْتُمْ بِهِنَّ فَلَا جُنَاحَ عَلَيْكُمْ
وَحَلَائِلُ أَبْنَائِكُمُ الَّذِينَ مِنْ أَصْلَابِكُمْ وَأَنْ تَجْمَعُوا بَيْنَ
الْأُخْتَيْنِ إِلَّا مَا قَدْ سَلَفَ

“നിങ്ങൾക്ക് നിങ്ങളുടെ അമ്മമാർ നിരോധിക്കപ്പെട്ടിരിക്കുന്നു. അപ്ര കാരം നിങ്ങളുടെ പുത്രിമാരും നിങ്ങളുടെ സഹോദരിമാരും നിങ്ങ ളുടെ പിതൃസഹോദരിമാരും നിങ്ങളുടെ മാതൃസഹോദരിമാരും നിങ്ങളുടെ സഹോദരപുത്രിമാരും നിങ്ങളുടെ സഹോദരീ പുത്രി മാരും നിങ്ങൾക്ക് പാലൂട്ടിയ പോറ്റമ്മമാരും നിങ്ങളുടെ മുലകുടി സഹോദരിമാരും നിങ്ങളുടെ ശ്വശ്രുമാരും നിങ്ങൾ പ്രവേശിച്ചിട്ടുള്ള ഭാര്യമാരിൽ ജനിച്ച നിങ്ങളുടെ രക്ഷയിലിരിക്കുന്ന നിങ്ങളുടെ പിറ

ക്കാത്ത പുത്രിമാരും- നിങ്ങൾ അവരിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ ദോഷമില്ല- നിങ്ങളുടെ ഔരസപുത്രൻമാരുടെ ഭാര്യമാരും ഒരേസമയം രണ്ടു സഹോദരിമാരും മേലാൽ വിരോധിക്കപ്പെട്ടിരിക്കുന്നു"(4:24). لَا يَحِلُّ لَكُمْ أَنْ تَرِثُوا النِّسَاءَ كَرْهًا "നിങ്ങൾ സ്ത്രീകളുടെ ഹിതത്തിനെതിരായി അവരുടെ മുതലവകാശികളാകുന്നത് നിങ്ങൾക്ക് വിഹിതമല്ല"(4:20).

وَلَا تَنْكِحُوا مَا نَكَحَ آبَاؤُكُمْ مِنَ النِّسَاءِ إِلَّا مَا قَدْ سَلَفَ "നിങ്ങളുടെ പിതാക്കൾ വിവാഹം ചെയ്തിട്ടുള്ള സ്ത്രീകളെ നിങ്ങൾ വിവാഹം ചെയ്യരുത്: മുമ്പേ കഴിഞ്ഞതെല്ലാം കഴിഞ്ഞു"(4:23) .

**ഉഹില്ല ലക്കുമുത്ത്വയ്യിബാത്തു.............**

وَالْمُحْصَنَاتُ مِنَ الْمُؤْمِنَاتِ وَالْمُحْصَنَاتُ مِنَ الَّذِينَ أُوتُوا
الْكِتَابَ مِنْ قَبْلِكُمْ إِذَا آتَيْتُمُوهُنَّ أُجُورَهُنَّ مُحْصِنِينَ
غَيْرَ مُسَافِحِينَ وَلَا مُتَّخِذِي أَخْدَانٍ

"നല്ലതും ശുദ്ധമുള്ളതുമായ സർവ്വവും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു...... വിശ്വാസിനികളിൽനിന്നുള്ള ചാരിത്രവതികളും നിങ്ങൾക്കുമുമ്പേ വേദം നല്കപ്പെട്ടവരിൽനിന്നുള്ള സുചരിത്രകളും നിങ്ങൾക്കു വിവാഹം ചെയ്യാൻ അനുവദിക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ അവർക്ക് വിവാഹമൂല്യം നല്കി അവരെ വിവാഹം ചെയ്യുകയല്ലാതെ വ്യഭിചാരം (മുസാഫിഹത്ത്) ചെയ്യുകയോ ജാരസംസ്സർഗം ചെയ്യുകയോ അരുത്"(5:6).

സന്താനമുണ്ടാവാത്ത പുരുഷന്റെ ഭാര്യ സന്താനലാഭാർത്ഥം പരപുരുഷനെ പ്രാപിക്കുകയെന്ന സമ്പ്രദായം ചില അജ്ഞരായ അറബികളുടെ ഇടയിൽ നടപ്പുണ്ടായിരുന്നു. 'മുസാഫിഹത്ത്' എന്നു പേരായ ഈ ദുസ്സമ്പ്രദായത്തെയാണ് പ്രസ്തുത വാക്യം നിരോധിച്ചിരിക്കുന്നത്. വീണ്ടും വിശുദ്ധഖുർആൻ പറയുന്നു: وَلَا تَقْتُلُوا أَنْفُسَكُمْ "നിങ്ങൾ ആത്മഹത്യ ചെയ്യരുത്"(4:30). لَا تَقْتُلُوا أَوْلَادَكُمْ "നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല്ലരുത്"(6:152).

لَا تَدْخُلُوْا بُيُوْتًا غَيْرَ بُيُوْتِكُمْ حَتّٰى تَسْتَأْنِسُوْا وَتُسَلِّمُوْا عَلٰٓى اَهْلِهَا
..... فَاِنْ لَّمْ تَجِدُوْا فِيْهَآ اَحَدًا فَلَا تَدْخُلُوْهَا حَتّٰى يُؤْذَنَ لَكُمْ
وَاِنْ قِيْلَ لَكُمُ ارْجِعُوْا فَارْجِعُوْا هُوَ اَزْكٰى لَكُمْ

"അപരിഷ്കൃതരെപ്പോലെ അന്യരുടെ ഗൃഹങ്ങളിൽ അനുമതികൂടാതെ കടക്കരുത്. അന്യഗൃഹങ്ങളിൽ പ്രവേശിക്കുമ്പോൾ അനുവാദം ചോദിക്കേണ്ടതും നിങ്ങൾക്ക് സമാധാനമെന്നു അകത്തുള്ളവരെ അഭിവാദ്യം ചെയ്യേണ്ടതും ആവശ്യമാണ്........... വീടുകളിൽ ആരേയും കാണാത്തപക്ഷം ഗൃഹസ്ഥൻ വന്ന് നിങ്ങൾക്ക് അനുവാദം തരുന്നതുവരെ അകത്തു പ്രവേശിക്കാതിരിക്കുവിൻ; ഗൃഹസ്ഥൻ നിങ്ങളോടു തിരിച്ചുപോവാൻ ആവശ്യപ്പെടുന്നതായാൽ നിങ്ങൾ മടങ്ങിപ്പോയിക്കൊള്ളുവിൻ, അതത്രേ നിങ്ങൾക്ക് ഏറ്റവും ഉചിതമായിരിക്കുന്നത്"(24:28,29). وَأْتُوا الْبُيُوْتَ مِنْ اَبْوَابِهَا ''നിങ്ങൾ ഭവനങ്ങളിൽ അവയുടെ വാതിലുകളിലൂടെ ചെല്ലുവിൻ; മതിലുകൾ ചാടിക്കടക്കരുത്''(2:190).

وَاِذَا حُيِّيْتُمْ بِتَحِيَّةٍ فَحَيُّوْا بِاَحْسَنَ مِنْهَآ اَوْ رُدُّوْهَا ''നിങ്ങളോടു ആരെങ്കിലും സലാം പറയുന്നുവെങ്കിൽ അതിലുത്തമമായ വചനം കൊണ്ടു നിങ്ങളും സലാം പറയുവിൻ; അല്ലെങ്കിൽ അതുതന്നെ പകരമായി പറയുവിൻ''(4:87).

اِنَّمَا الْخَمْرُ وَالْمَيْسِرُ وَالْاَنْصَابُ وَالْاَزْلَامُ رِجْسٌ مِّنْ
عَمَلِ الشَّيْطٰنِ فَاجْتَنِبُوْهُ لَعَلَّكُمْ تُفْلِحُوْنَ

''മദ്യപാനവും ചൂതുകളിയും പ്രതിമപൂജയും ശകുനദർശനവുമെല്ലാം അശുദ്ധവും പൈശാചികവുമായ കർമ്മമാകുന്നു. തൻനിമിത്തം നിങ്ങൾ വിജയിക്കുന്നതിനായി അതിനെ വർജ്ജിക്കുവിൻ''(5:91).

حُرِّمَتْ عَلَيْكُمُ الْمَيْتَةُ وَالدَّمُ وَلَحْمُ الْخِنْزِيْرِ وَمَآ اُهِلَّ لِغَيْرِ
اللّٰهِ بِهٖ وَالْمُنْخَنِقَةُ وَالْمَوْقُوْذَةُ وَالْمُتَرَدِّيَةُ وَالنَّطِيْحَةُ وَمَآ
اَكَلَ السَّبُعُ اِلَّا مَا ذَكَّيْتُمْ وَمَا ذُبِحَ عَلَى النُّصُبِ

''തന്നത്താൻ ചത്തതും രക്തവും പന്നിയിറച്ചിയും ദൈവമൊഴി

കെയുള്ളവരുടെ പേരിൽ അർപ്പിക്കപ്പെട്ടതും ഞെക്കിക്കൊല്ലപ്പെട്ടതും അടികൊണ്ടോ വീഴ്ചകൊണ്ടോ കൊമ്പിന്റെ കുത്തേറ്റോ കൊല്ലപ്പെട്ടതും ദുഷ്ടജന്തുക്കൾ തിന്നുശേഷിച്ചതും വിഗ്രഹങ്ങൾക്ക് ബലിയിടപ്പെട്ടതും നിങ്ങൾക്ക് വിരോധിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഇതെല്ലാം ശവത്തിന്റെ വകുപ്പിൽപ്പെട്ടതാകുന്നു''(5:4). يَسْـَٔلُونَكَ مَاذَآ أُحِلَّ لَهُمْ ۖ قُلْ أُحِلَّ لَكُمُ ٱلطَّيِّبَٰتُ ''തങ്ങൾക്ക് ഭക്ഷ്യമായി അനുവദിക്കപ്പെട്ടിരിക്കുന്നതെന്താണെന്നു അവർ നിന്നോടു ചോദിക്കുന്നുവെങ്കിൽ പറയുക: നല്ലതായും ശുദ്ധമായുമുള്ള സകലതും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു"(5:5). ശവവും ശവത്തിനു തുല്യമായ അശുദ്ധ സാധനങ്ങളും മാത്രമാണ് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നത്.

إِذَا قِيلَ لَكُمْ تَفَسَّحُوا۟ فِى ٱلْمَجَٰلِسِ فَٱفْسَحُوا۟ وَإِذَا قِيلَ ٱنشُزُوا۟ فَٱنشُزُوا۟ ''സദസ്സുകളിൽ മറ്റുള്ളവർക്കുവേണ്ടി സ്ഥലം നല്കുവാൻ നിങ്ങളോട് ആവശ്യപ്പെട്ടാൽ നിങ്ങൾ നീങ്ങിയിരുന്നു സ്ഥലം നല്കുവിൻ....... നിങ്ങളോടു എഴുന്നേല്ക്കാൻ ആവശ്യപ്പെട്ടാൽ നിങ്ങൾ എഴുന്നേറ്റു കൊള്ളുവിൻ"(58:12). كُلُوا۟ وَٱشْرَبُوا۟ وَلَا تُسْرِفُوٓا۟ "നിർദ്ദോഷമായതു ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു കൊള്ളുവിൻ; ഒന്നിലും അമിതത്വം അരുത്" (7:32). അതായത് ദോഷരഹിതവും വിഹിതവുമായ മാംസവും സസ്യവുമെല്ലാം ഭക്ഷിച്ചു കൊള്ളുവിൻ; എന്നാൽ, ഒന്നിലും അമിതത്വം ശീലിക്കുകയോ പരിധി ലംഘിക്കുകയോ അരുത്. قُولُوا۟ قَوْلًا سَدِيدًا ﴿٧١﴾ "മിഥ്യാ സംവാദം ചെയ്യരുത്; ആവശ്യത്തിനു ചൊവ്വായി സംസാരിക്കുവിൻ"(33:71).

وَثِيَابَكَ فَطَهِّرْ ﴿٥﴾ وَٱلرُّجْزَ فَٱهْجُرْ ﴿٦﴾ "നിങ്ങളുടെ വസ്ത്രങ്ങൾ വൃത്തിയായി വെക്കുകയും മാലിന്യത്തെ അകറ്റുകയും ചെയ്യുക" (74:5,6). അതായത്, വസ്ത്രങ്ങൾ വൃത്തിയായി വെക്കുന്നതിനുപുറമെ, ശരീരവും വീടും പെരുമാറുന്ന സ്ഥലവും സാധനവുമെല്ലാം ശുചിയാക്കി വെക്കുകയും വേണ്ടതാണ്.

وَٱقْصِدْ فِى مَشْيِكَ وَٱغْضُضْ مِن صَوْتِكَ ''ആവശ്യമായ സമയത്തൊഴികെ അധികം വേഗത്തിലോ അധികം സാവധാനത്തിലോ നടക്കാതെ, നിങ്ങളുടെ നടത്തത്തിൽ മദ്ധ്യനില കൈക്കൊള്ളുക; അതുപോലെ നിങ്ങളുടെ ശബ്ദം അധികം ഉച്ചത്തിലോ അധികം

പതുക്കയോ ആക്കാതെ ഇടത്തരത്തിലാക്കുക"(31:20).

وَتَزَوَّدُوا فَإِنَّ خَيْرَ الزَّادِ التَّقْوَىٰ "നിങ്ങൾ യാത്ര പുറപ്പെടുമ്പോൾ വേണ്ട ഒരുക്കങ്ങൾ ചെയ്യുവിൻ; യാചനയിൽനിന്നു രക്ഷപ്പെടുന്നതിന്, വേണ്ടുന്ന വഴിച്ചെലവുകൾ എടുത്തുകൊള്ളുക."(2:198).

إِن كُنتُمْ جُنُبًا فَاطَّهَّرُوا "നിങ്ങൾ സഹശയനം ചെയ്താൽ ആസകലം കുളിച്ചു ശുദ്ധിയാകുവിൻ"(5:7).

وَفِي أَمْوَالِهِمْ حَقٌّ لِّلسَّائِلِ وَالْمَحْرُومِ ۝ "അവരുടെ ധനത്തിൽ ചോദിക്കുന്നവർക്കും ചോദിക്കാൻ വയ്യാത്ത ജീവികൾക്കും അവകാശമുണ്ട്"(51:20). അതായത് നിങ്ങളുടെ ആഹാരത്തിൽനിന്ന് അഗതികൾക്കും യാചകർക്കും ദാനം ചെയ്യുന്നതിനുപുറമെ, അവസരോചിതം നായ്ക്കൾക്കും മറ്റു മൃഗങ്ങൾക്കും പക്ഷികൾക്കുമെല്ലാം ആഹാരം കൊടുക്കുകയും ചെയ്യേണ്ടതാണ്.

وَإِنْ خِفْتُمْ أَلَّا تُقْسِطُوا فِي الْيَتَامَىٰ فَانكِحُوا مَا طَابَ لَكُم مِّنَ النِّسَاءِ
مَثْنَىٰ وَثُلَاثَ وَرُبَاعَ ۖ فَإِنْ خِفْتُمْ أَلَّا تَعْدِلُوا فَوَاحِدَةً......
وَآتُوا النِّسَاءَ صَدُقَاتِهِنَّ نِحْلَةً

"നിങ്ങളുടെ രക്ഷയിലിരിക്കുന്ന അനാഥകളെ നിങ്ങൾ വിവാഹം ചെയ്യുന്നതിനു വിരോധമില്ല; എന്നാൽ, അവർക്ക് നിങ്ങളല്ലാതെ വേറെ രക്ഷാകർത്താക്കളില്ലാത്തതിനാൽ നിങ്ങൾ അവരോടു ന്യായവിരുദ്ധമായി പ്രവർത്തിക്കാൻ ഇടയാകുമെന്നു ശങ്കയുണ്ടെങ്കിൽ(രക്ഷാധികാരികളുള്ള) മറ്റു സ്ത്രീകളെ, അവരോടു സർവ്വവിധേനയും ന്യായപൂർവ്വം പെരുമാറുവാൻ സാദ്ധ്യമെങ്കിൽ രണ്ടോ മൂന്നോ നാലോവരെ വിവാഹം ചെയ്തുകൊള്ളുക. അവർക്കിടയിൽ നീതിപാലിക്കാൻ നിങ്ങൾക്കു സാദ്ധ്യമല്ലെന്നു ശങ്കയുണ്ടെങ്കിൽ നിങ്ങൾ ഒന്നുകൊണ്ടുമാത്രം തൃപ്തിപ്പെടേണ്ടതാണ്........... സ്ത്രീകൾക്ക് അവകാശദാനമായി അവരുടെ വിവാഹമൂല്യം നല്കുകയും ചെയ്യുവിൻ"(4:4,5). ആവശ്യം നേരിട്ടാൽ ബഹുഭാര്യത്വം ആകാവുന്നതാണെന്ന അനുവാദം ഇവിടെ നല്കിയതോടുകൂടി വിശുദ്ധഖുർആൻ അതിനൊരതിരും നിർണ്ണയിച്ചിരിക്കുകയാണ്. ഏകഭാര്യത്വത്തെ മാത്രം നിഷ്കർഷിക്കുന്നതായാൽ അതു വ്യഭി

ചാരത്തിനു പ്രചാരമുണ്ടായിത്തീരാൻ ഇടവരുത്തുമെന്നുള്ളതിനാൽ ബഹുഭാര്യത്വാനുവാദം അത്യാവശ്യകമായിരിക്കുന്നതുപോലെ തന്നെ, അതിരു നിശ്ചയിക്കാത്ത ബഹുഭാര്യത്വം അനുവദിക്കുന്ന തായാൽ അജ്ഞാനകാലത്തെ സമ്പ്രദായമനുസരിച്ചു അസംഖ്യം ഭാര്യമാരെ സ്വീകരിക്കുന്നതിനു ഇടയുള്ളതുകൊണ്ട് അതിനും അതിരുവരുത്തേണ്ടതു അത്യന്താപേക്ഷിതമാണ്.

ചുരുക്കത്തിൽ, ഇതാണ് മനുഷ്യന്റെ ശാരീരികാവസ്ഥയെ കിരാ തത്ത്വത്തിൽനിന്നുദ്ധരിച്ചു മനുഷ്യത്വത്തോടുകൂടി സഭ്യജീവിതമായി നിയന്ത്രിക്കുന്നതിന് വിശുദ്ധഖുർആൻ ഉദ്ബോധനം ചെയ്തിരി ക്കുന്ന ഒന്നാമത്തെ പരിഷ്കരണപദ്ധതി. ഈ ഘട്ടത്തിൽ മനുഷ്യ ത്ത്വത്തിനുചേർന്ന മര്യാദകളെയും സാമൂഹിക ജീവിതമുറകളെയും സംബന്ധിച്ചല്ലാതെ, ധാർമ്മിക ജീവിതത്തിനാവശ്യമായ ഉൽക്കൃഷ്ട സൽഗുണങ്ങളെ സംബന്ധിച്ചുള്ള ഒരു നിർദ്ദേശവും ഉൾപ്പെട്ടിട്ടി ല്ല. പ്രവാചകവര്യനായ നബി(സ) തിരുമേനിയുടെ ആവിർഭാവ ത്തിന്റെ പ്രഥമലക്ഷ്യം ഏതൊരു ജനതയുടെ പുനരുജ്ജീവന മാണോ അവർ വാസ്തവത്തിൽ മറ്റേതു പ്രാകൃത ജനതയേക്കാളും കാട്ടാളത്തത്തിൽ കവിഞ്ഞുനിന്നിരുന്നതുകൊണ്ട് അവർക്ക് നാഗ രികജീവിതത്തിനു സഹായകമായ നിയമങ്ങൾ ആദ്യഘട്ട ത്തിൽത്തന്നെ പഠിപ്പിക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ടാണ് വിശുദ്ധഖുർആൻ ഒന്നാമതായി ബാഹ്യമായ ആചാരമര്യാദകളും സാമൂഹികധർമ്മങ്ങളും പ്രബോധനം ചെയ്തിരിക്കുന്നത്.

## പന്നിമാംസം നിഷിദ്ധം

താഴെ പറയുന്ന സംഗതി പ്രകൃതത്തിൽ പ്രത്യേകം ശ്രദ്ധേയ മാണ്. അഭക്ഷ്യമായി വിരോധിക്കപ്പെട്ടിരിക്കുന്ന ഒരു മൃഗമാകുന്നു 'ഖിൻസീർ' خنزير അഥവാ പന്നി. ജുഗുപ്സാവഹമായ ഈ ജന്തു വിന്റെ മാംസം നിഷിദ്ധമാണെന്നതിലേക്കു അതിന്റെ നാമ ത്തിൽത്തന്നെ സൂചനയടങ്ങിയിരിക്കുന്നു. 'വളരെ ചീത്ത' എന്നർത്ഥമുള്ള 'ഖിൻസ്' خنز എന്നും 'ഞാൻ കാണുന്നു' വെന്നർത്ഥമായ 'അർ' "أر" എന്നും രണ്ടു വാക്കുകൾച്ചേർന്നുണ്ടായ സംയുക്തപദമാണ് 'ഖിൻസീർ'. അപ്പോൾ ഈ പേരിന്റെ അർത്ഥം 'ഞാൻ അതിനെ വളരെ ചീത്തയായി കാണുന്നു' എന്നായി. ഇങ്ങനെ ആരംഭത്തിൽത്തന്നെ ദൈവം ഈ ജന്തുവിനുവെച്ചിട്ടുള്ള പേരുതന്നെ അതിന്റെ ചീത്തത്തം വെളിപ്പെടുത്തുന്നതാകുന്നു.

ഹിന്ദി ഭാഷയിൽ ഈ മൃഗത്തിനു പറയുന്ന 'സുഅർ' سوُر എന്ന പേരും ഇതേ അർത്ഥം തന്നെ വിവക്ഷിതമാക്കുന്നുവെന്നതും വിചിത്രമായിരിക്കുന്നുണ്ട്. ഈ പേരും 'സു' "سوء"എന്നും 'അർ' "اَر" എന്നും രണ്ടു പദങ്ങളുടെ സംയോഗം കൊണ്ടുണ്ടായതാകുന്നു. ഈ സംയുക്തപദത്തിന്റെ അന്ത്യാംശവും മുൻപറഞ്ഞ അറബിപദത്തിന്റെ അന്ത്യാംശവും ഒരേവാക്കായിരിക്കുന്നതുപോലെ ഇതിലെ ആദ്യാംശമായ 'സു' ശബ്ദം അറബിപദത്തിലെ ആദ്യാംശത്തിന്റെ പര്യായവുമാണ്. ഇപ്രകാരം ഈ ഹിന്ദിപദത്തിന്റെയും അർത്ഥം 'ഞാൻ അതിനെ വളരെ ചീത്തയായി കാണുന്നു' എന്നുതന്നെ. ഹിന്ദി നാമത്തിലെ 'സു' ശബ്ദം അറബിയാകുന്നതെങ്ങനെ എന്നു വിസ്മയം തോന്നേണ്ടതില്ല. എന്തെന്നാൽ, അറബിഭാഷയാണ് മറ്റെല്ലാ ഭാഷകളുടെയും മാതാവെന്നു ഞാൻ എന്റെ 'മിനനുർറഹ്മാൻ' എന്ന ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്. അറബിയിലെ ധാതുപദങ്ങൾ ഇതരഭാഷകളിലെല്ലാം ധാരാളമായി കലർന്നു കിടക്കുന്നുണ്ടെന്നതും ഒരു പരമാർത്ഥമാണ്. അതിനാൽ, 'സുഅർ' ശബ്ദം അറബി തന്നെയാണ്. ഹിന്ദിയിൽ ഇതിനുള്ള ഒരു പര്യായം 'ബദ്' എന്നാകുന്നു. 'ചീത്ത' എന്നർത്ഥമായ ഈ 'ബദ്' ശബ്ദം പ്രസ്തുത മൃഗത്തിന്റെ സംജ്ഞയായും ഉപയോഗിച്ചു വരുന്നുണ്ട്. ലോകത്തിലെ ആദിഭാഷ അറബിയായിരുന്ന പ്രാരംഭഘട്ടത്തിൽ ഈ മൃഗത്തിനുള്ള 'ഖിൻസീർ' എന്ന നാമത്തോടു തുല്യാർത്ഥകമായ 'സുഅർ' എന്ന പേര് അറബിയിൽത്തന്നെ ഈ രാജ്യത്തും നടപ്പാവുകയും രൂപഭേദം വരാതെ നാളിതുവരെ നിലനിന്നുപോരുകയും ചെയ്തതാണെന്നു വിചാരിക്കുന്നതിൽ അസാംഗത്യമൊന്നുമില്ല. ഈ നാമധേയത്തോടു ഏതാണ്ടു സാദൃശ്യമുള്ളതായി കാണുന്ന സംസ്കൃതപദം ഇതിന്റേത്തന്നെ തത്ഭവമായിരിക്കണം. പ്രസ്തുത മൃഗത്തിന് ഈ പേരുണ്ടായതിനുള്ള കാരണം ഈ പദത്തിന്റെ അർത്ഥം കൊണ്ടു വ്യക്തമാകുന്നതിനാൽ മൂലസംജ്ഞ ഇതുതന്നെയാണെന്നു തീരുമാനിക്കേണ്ടിയിരിക്കുന്നു. ഇതിനു 'ഖിൻസീർ' എന്ന പദം നല്ലൊരു തെളിവും ആയിരിക്കുന്നുണ്ട്. വളരെ ചീത്ത എന്നുള്ള ഈ പദത്തിന്റെ അർത്ഥം ഈ ജന്തുവിന്റെ സ്വഭാവത്തിനു എത്രയും യോജിച്ചതാണെന്നത് സ്പഷ്ടമാണ്. അതു കാഷ്ഠം തിന്നു ജീവിക്കുന്നതും ഇതര മൃഗങ്ങളിൽ കാണപ്പെടാത്ത അറപ്പു തോന്നിക്കുന്ന നാണംകെട്ട സ്വഭാവത്തോടു കൂടിയതുമായ മൃഗമാണെന്നതു സർവ്വവിദിതവുമാണ്. തന്മൂലം അതിന്റെ മാംസം

നിരോധിക്കപ്പെട്ടതിന്റെ കാരണം സ്വയം സ്പഷ്ടമാകുന്നുണ്ട്. ഇങ്ങനെ അശുദ്ധവും മലിനവുമായ മൃഗത്തിന്റെ മാംസം ഭക്ഷിക്കുന്നത് ശരീരത്തിനും ആത്മാവിനും ദോഷകരമായിത്തീരുമെന്നുള്ളത് ഒരു പ്രകൃതിതത്ത്വമാകുന്നു. ഭക്ഷണക്രമം ആന്തരികവ്യവസ്ഥിതിയെക്കൂടി ബാധിക്കുന്നതാണെന്നു മുമ്പേ തെളിയിച്ചിട്ടുണ്ടല്ലോ. അതുകൊണ്ട് ഇത്രയും ചീത്തയായിരിക്കുന്ന ഒന്നിന്റെ ഫലവും ചീത്തയായിത്തന്നെ ഇരിക്കുമെന്നു നിസ്സംശയം പറയാം. ഈ മൃഗത്തിന്റെ മാംസം വിശിഷ്യാ ലജ്ജ കുറയ്ക്കുകയും ആഭാസത്തം വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണെന്ന് ഇസ്ലാമിനു മുമ്പേയുള്ള യവന വൈദ്യശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശവം അഥവാ ചത്തമൃഗത്തിന്റെ മാംസം ഭക്ഷിക്കരുതാത്തതാണെന്നു വിശുദ്ധഖുർആൻ വിധിച്ചിരിക്കുന്നത്, അത് ശരീരാരോഗ്യത്തിനെന്നപോലെ മാനസികാരോഗ്യത്തിനും ധാർമ്മികബോധത്തിനും ഹാനികരമായതുകൊണ്ടാണ്. ഞെക്കിക്കൊന്നതോ അടിച്ചു കൊന്നതോ ആയ ജന്തുക്കളുടെ മാംസവും രക്തം വാർന്നുപോകാത്തതിനാൽ യഥാർത്ഥത്തിൽ ശവത്തിന്റെ ഇനത്തിൽ ഉൾപ്പെട്ടതാകുന്നു. ചത്ത മൃഗത്തിന്റെ ശരീരം ഉള്ളിൽ രക്തം തങ്ങിനില്ക്കുന്നതുകൊണ്ട് അതിവേഗത്തിൽ ദുഷിച്ചുപോകുന്നു. മാത്രമല്ല, രക്തത്തിലെ ജീവാണുക്കൾ താമസിയാതെ ചാവുകയും ഉള്ളിൽക്കിടന്നു അളിയുകയും ചെയ്യുന്നതിനാൽ അതിൽനിന്നു ത്ഭവിക്കുന്ന വിഷമയമായ ദുർഗന്ധം ആ ശവശരീരമാസകലം വ്യാപിക്കുന്നതുമാണ്.

## ധാർമ്മികാവസ്ഥ

രണ്ടാമത്തെ പരിഷ്കരണ പദ്ധതി, ശാരീരികാവസ്ഥയെ ധാർമ്മിക നിയമങ്ങളെക്കൊണ്ടു നിയന്ത്രിച്ച് ഉൽക്കൃഷ്ടമായ ധാർമ്മികാവസ്ഥയായി പരിവർത്തനം ചെയ്യുക എന്നതാകുന്നു. ഈ ധാർമ്മിക പരിഷ്കരണ വിഷയം വളരെ വിപുലതരമായ ഒന്നാണ്. ഇതുസംബന്ധിച്ച് വിശുദ്ധഖുർആൻ നിർദ്ദേശിക്കുന്ന വ്യവസ്ഥകളെയെല്ലാം ഇവിടെ സവിസ്തരം പ്രതിപാദിക്കുന്നതിനു സമയവും സ്ഥലപരിമിതിയും അനുവദിക്കുന്നില്ല. അതിനാൽ, ഉദാഹരണത്തിന് ഏതാനും ഉൽക്കൃഷ്ട ധാർമ്മികഗുണങ്ങളെക്കുറിച്ചു മാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളാം.

ധാർമ്മികഗുണങ്ങളെ രണ്ടായി തരം തിരിക്കാവുന്നതാണ്:

**1.** ദ്രോഹപരിത്യാഗപരം അഥവാ അഹിംസാത്മകം. അതായത് ആരേയും ദ്രോഹിക്കാതിരിക്കത്തക്കനിലയിൽ ദ്രോഹപരിത്യാഗ ശീലത്തിന് മനുഷ്യനെ ശക്തനാക്കിത്തീർക്കുന്ന സൽഗുണങ്ങൾ.
**2.** പരോപകാരാത്മകം. അതായത് ജീവജാലങ്ങൾക്ക് സദാ ഗുണം മാത്രം ചെയ്യുന്ന ശീലം വളർത്തുന്നതിനു മനുഷ്യനെ പ്രാപ്തനാക്കിത്തീർക്കുന്ന ഗുണങ്ങൾ. അഹിംസാത്മകശീലത്തിൽ നാവുകൊണ്ടോ കൈകൊണ്ടോ കണ്ണുകൊണ്ടോ മറ്റവയവംകൊണ്ടോ അന്യരുടെ അഭിമാനത്തിനോ ജീവനോ ഹാനികരമായ ഒന്നും പ്രവർത്തിക്കാതിരിക്കാനും അതിനു ഉദ്ദേശിക്കുകപോലും ചെയ്യാതിരിക്കാനും ഒരുവനെ പര്യാപ്തമാക്കിത്തീർക്കുന്ന സകല സൽഗുണങ്ങളും ഉൾപ്പെടുന്നതാകുന്നു. പരോപകാരാത്മക ശീലത്തിലാകട്ടെ നാവുകൊണ്ടോ കൈകൊണ്ടോ വിദ്യകൊണ്ടോ മറ്റേതെങ്കിലും വിധത്തിലോ അന്യർക്കു നന്മ വരുത്തുവാൻ ശ്രമിക്കുകയോ അവരുടെ മാനവും മഹിമയും വെളിപ്പെടുത്തുവാൻ ഉദ്യമിക്കുകയോ ചെയ്യുന്നതിനു ശക്തനാക്കി തീർക്കുന്ന ഗുണങ്ങളെല്ലാം ഉൾപ്പെടുന്നു. തന്നെയുമല്ല, ദ്രോഹിച്ചവന് മാപ്പുകൊടുത്ത് അവനർഹിക്കുന്ന ശാരീരികമോ സാമ്പത്തികമോ ആയ ശിക്ഷയിൽനിന്നു അവനു മോചനം പ്രാപിക്കാൻ ഇടയാക്കിക്കൊണ്ട് അവനു നന്മ വരുത്തുകയോ ദ്രോഹിച്ചവനു യഥാർത്ഥത്തിൽ ഒരനുഗ്രഹമായി ഭവിക്കത്തക്കവിധം ശിക്ഷ കൊടുക്കുകയോ ചെയ്യുന്നതിനു സാധ്യമാക്കുന്ന ഗുണങ്ങളും ഈ വകുപ്പിൽ ഉൾപ്പെടുന്നതാണ്.

**ചാരിത്രശുദ്ധി:** മനുഷ്യന്റെ വിചാരഗതികളെയും അംഗവിന്യാസങ്ങളെയും സ്വഭാവഗുണങ്ങളെയും പ്രത്യേകമായി ഒറ്റപദങ്ങൾ കൊണ്ട് വിവരിക്കുന്നതിനുമാത്രം പദബാഹുല്യമുള്ള അറബിഭാഷയിൽ, അഹിംസാത്മക സ്വഭാവത്തെ സമ്പാദിക്കുന്നതിനു ദൈവം നിർദ്ദേശിച്ചിട്ടുള്ള ധാർമ്മികഗുണങ്ങൾ നാലു പ്രത്യേക നാമങ്ങളാലാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ഇവയിൽ ഒന്നാമത്തേതിന് احصان 'ഇഹ്സ്വാൻ' (ചാരിത്രശുദ്ധി) എന്നു പേർ നല്കിയിരിക്കുന്നു. ഈ പദം, സ്ത്രീപുരുഷന്മാരുടെ സന്താനോല്പാദന ശക്തികളെ സംബന്ധിച്ചുള്ള പരിശുദ്ധതയെ കുറിക്കുന്ന ഒന്നാണ്. പുരുഷനെ محصن 'മുഹ്സ്വിൻ' (സുചരിത്രൻ) എന്നോ സ്ത്രീയെ محصنة 'മുഹ്സ്വിന' (സുചരിത്ര) എന്നോ പറയുന്നത്, രണ്ടു പേർക്കും ഇഹത്തിൽ അപമാനവും നാശവും പരലോകത്തു ഭയങ്കര

ശിക്ഷയും അതിനു പുറമെ ബന്ധുക്കൾക്ക് മാനഹാനിയും നഷ്ടവും ഉണ്ടാക്കിത്തീർക്കുന്ന വ്യഭിചാരത്തിൽനിന്നും അതിന്റെ സന്നാഹങ്ങളിൽനിന്നും അകന്ന് സച്ചരിതരായിരിക്കുമ്പോഴാകുന്നു. ഒരുവൻ അന്യന്റെ ഭാര്യയുമായി അനാശാസ്യബന്ധം പുലർത്തുകയോ വ്യഭിചാരത്തിനുള്ള ഒരുക്കങ്ങൾ ചെയ്യുകയോ ചെയ്തതായി വെളിപ്പെടുന്ന പക്ഷം അതിനു അനുകൂലിച്ച സ്ത്രീയെ അഭിമാനിയായ ഭർത്താവ് വിവാഹമോചനം ചെയ്തു പിരിച്ചയക്കേണ്ടിവരുന്നതായിരിക്കും. അവൾക്ക് സന്താനങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അവർക്കു തമ്മിൽ വിയോഗവും തന്മൂലം ഗൃഹത്തിൽ അസമാധാനവും ഉണ്ടായിത്തീരുന്നതുമായിരിക്കും. ഗൃഹസ്ഥൻ ഈ കഷ്ടനഷ്ടങ്ങളെല്ലാം ആ വിടൻ ഹേതുവായിട്ടായിരിക്കും അനുഭവിക്കേണ്ടിവരുക.

'ഇഹ്സ്വാൻ' احصان അഥവാ ചാരിത്രശുദ്ധി എന്ന ഗുണം യഥാർത്ഥ ധാർമ്മികഗുണമായിത്തീരുന്നത് ദുർന്നോട്ടം, ദുർവൃത്തി എന്നീ അപരാധങ്ങൾ പ്രവർത്തിക്കാനുള്ള ശക്തി പ്രകൃതിദത്തമായിട്ടുള്ളവൻ ആ വക നിന്ദ്യകൃത്യങ്ങളിൽനിന്നു സ്വമേധയാ അകന്നുനില്ക്കുന്ന അവസ്ഥയിലാണ്. എന്നല്ലാതെ ഇളംപ്രായം കൊണ്ടോ ധാതുക്ഷയത്താലോ നപുംസകത്വംകൊണ്ടോ പ്രായാധിക്യം കാരണമായിട്ടോ ഒരുവനു ശക്തിയില്ലെന്നു വരുകിൽ അവന്റെ വിഷയവിരക്തിയെ 'ഇഹ്സ്വാൻ' (ചാരിത്രശുദ്ധി) എന്ന ധാർമ്മികഗുണമായി വിചാരിക്കാവുന്നതല്ല. മറിച്ച്, അതു അവന്റെ സ്വാഭാവിക അവസ്ഥയാണെന്നാണ് പറയേണ്ടിരിക്കുന്നത്. ഈ സ്വാഭാവികാവസ്ഥയെ ധാർമ്മികഗുണമായി പരിഗണിക്കാവുന്നതല്ലെന്നു മുമ്പേ വിവരിച്ചിട്ടുണ്ടല്ലോ. സഹജാതഗുണങ്ങൾ വിവേചനബുദ്ധിയുടെ വെളിച്ചത്തിൽ അവസരോചിതം വെളിപ്പെടുകയോ യഥാവിധി വെളിപ്പെടുവാൻ ശക്തങ്ങളായി ഭവിക്കുകയോ ചെയ്യുന്നതായാൽ മാത്രമേ, അവ ധാർമ്മികഗുണങ്ങളായിത്തീരുന്നുള്ളൂ. അതിനാൽ, മുമ്പേ പ്രസ്താവിച്ചപ്രകാരം പ്രായം തികയാത്തവരും ധാതുശക്തി വിനഷ്ടമായവരും നപുംസകരും പ്രത്യക്ഷത്തിൽ കാമവികാരവിരക്തരായി ചാരിത്രത്തോടുകൂടി ജീവിച്ചുപോരുന്നതായാലും അവർ ചാരിത്രശുദ്ധിയാകുന്ന ധാർമ്മികഗുണത്തിനു അധികാരികളാകുന്നില്ല. അവരുടെ ഭോഗവിരക്തഭാവത്തെ ശക്തിയുടെ അഭാവത്തിലുള്ള സ്വാഭാവികാവസ്ഥയാണെന്നല്ലാതെ സൽഗുണ

മാണെന്നു പറയാനാവുകയില്ല.

ചാരിത്രത്തെ ഭഞ്ജിക്കുന്ന നിന്ദ്യകർമ്മവും തൽസാഹചര്യങ്ങളും പുരുഷന്മാരിൽ നിന്നെന്നപോലെ സ്ത്രീകളിൽനിന്നും ഉണ്ടാകാവുന്നതായതിനാൽ വിശുദ്ധ ഖുർആൻ ഇരുകൂട്ടർക്കും താഴെ പറയും പ്രകാരമുള്ള കല്പനകൾ നല്കിയിരിക്കുകയാണ്.

قُلْ لِّلْمُؤْمِنِيْنَ يَغُضُّوْا مِنْ اَبْصَارِهِمْ وَيَحْفَظُوْا فُرُوْجَهُمْ ۗ
ذٰلِكَ اَزْكٰى لَهُمْ ۗ اِنَّ اللّٰهَ خَبِيْرٌۢ بِمَا يَصْنَعُوْنَ ﴿٣١﴾ وَقُلْ لِّلْمُؤْمِنٰتِ
يَغْضُضْنَ مِنْ اَبْصَارِهِنَّ وَيَحْفَظْنَ فُرُوْجَهُنَّ وَلَا يُبْدِيْنَ
زِيْنَتَهُنَّ اِلَّا مَا ظَهَرَ مِنْهَا وَلْيَضْرِبْنَ بِخُمُرِهِنَّ عَلٰى جُيُوْبِهِنَّ ۖ
وَلَا يُبْدِيْنَ زِيْنَتَهُنَّ اِلَّا لِبُعُوْلَتِهِنَّ اَوْ اٰبَآئِهِنَّ اَوْ اٰبَآءِ بُعُوْلَتِهِنَّ
اَوْ اَبْنَآئِهِنَّ اَوْ اَبْنَآءِ بُعُوْلَتِهِنَّ اَوْ اِخْوَانِهِنَّ اَوْ بَنِيْٓ اِخْوَانِهِنَّ اَوْ بَنِيْٓ
اَخَوٰتِهِنَّ اَوْ نِسَآئِهِنَّ اَوْ مَا مَلَكَتْ اَيْمَانُهُنَّ اَوِ التّٰبِعِيْنَ غَيْرِ اُولِى الْاِرْبَةِ
مِنَ الرِّجَالِ اَوِ الطِّفْلِ الَّذِيْنَ لَمْ يَظْهَرُوْا عَلٰى عَوْرٰتِ النِّسَآءِ ۖ
وَلَا يَضْرِبْنَ بِاَرْجُلِهِنَّ لِيُعْلَمَ مَا يُخْفِيْنَ مِنْ زِيْنَتِهِنَّ ۗ وَتُوْبُوْٓا اِلَى اللّٰهِ
جَمِيْعًا اَيُّهَ الْمُؤْمِنُوْنَ لَعَلَّكُمْ تُفْلِحُوْنَ ﴿٣٢﴾

"വിശ്വാസികളോട്, അവരുടെ ദൃഷ്ടികളെ പരസ്ത്രീ ദർശനത്തിൽനിന്നു തടയുകയും കാമവികാരം ജനിക്കാൻ കാരണമാകുന്ന സ്ത്രീകളുടെനേരെ നോക്കാതിരിക്കുകയും ചെയ്യുമാറ് തങ്ങളുടെ നോട്ടങ്ങളെ കീഴ്പ്പോട്ട് പതിപ്പിക്കുവാനും തങ്ങളുടെ രഹസ്യസ്ഥാനങ്ങളെ നിർബ്ബാധം സൂക്ഷിക്കുവാനും അങ്ങനെതന്നെ തങ്ങളുടെ കർണ്ണപുടങ്ങളെ അന്യസ്ത്രീകളുടെ മധുരഗാനങ്ങളും മൃദുല ശബ്ദങ്ങളും ശൃംഗാര കഥകളും ശ്രവിക്കുന്നതിൽനിന്ന് തടയുവാനും പറയുക; ഇത് ദൃഷ്ടികളെയും കർണ്ണപുടങ്ങളെയും പരിശുദ്ധമാക്കി വെക്കുന്നതിനുള്ള ഉത്തമമാർഗ്ഗമാകുന്നു..... അപ്രകാരംതന്നെ വിശ്വാസിനികളോടും, അവരുടെ നേത്രങ്ങളെ പരപുരുഷ ദർശനത്തിൽനിന്നു തടയുവാനും വിഷയവികാരജന്യങ്ങളായ ഭാഷണങ്ങളെ ശ്രവിക്കാതിരിക്കുവാനും തങ്ങളുടെ രഹസ്യസ്ഥാനങ്ങളെ നിർബ്ബാധം കാത്തുരക്ഷിക്കാനും തങ്ങളുടെ സൗന്ദര്യത്തെ, സ്വയം

വെളിപ്പെടുന്നതൊഴികെയുള്ള ഭാഗത്തെ അന്യർക്ക് വെളിപ്പെടുത്താതിരിക്കുവാനും തങ്ങളുടെ മാറിടങ്ങളും ചെവികളും ചെന്നികളും ശിരസ്സുകളും ആച്ഛാദിക്കപ്പെടത്തക്കവിധത്തിൽ പുതപ്പുകൾ മാറിടത്തുകൂടി തലയിൽ ധരിക്കുവാനും നർത്തകികളെപ്പോലെ പാദങ്ങൾ നിലത്തടിച്ചു നടക്കാതിരിക്കുവാനും പറയുക. ഇതാണ് ചാരിത്രഭ്രംശത്തെ തടുക്കുവാനുള്ള ഒരു മാർഗ്ഗം. രക്ഷപ്രാപിക്കുന്നതിനുള്ള മറ്റൊരു വഴി, ദൈവത്തിലേക്ക് തിരിയുകയും സകലവിധ വീഴ്ചയിലും ചാപല്യത്തിലുംനിന്നുള്ള രക്ഷയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാകുന്നു"(24:31,32).

وَلَا تَقْرَبُوا الزِّنَىٰٓ اِنَّهٗ كَانَ فَاحِشَةً ۗ وَسَآءَ سَبِيْلًا ﴿٣٣﴾ "നിങ്ങൾ വ്യഭിചാരത്തെ സമീപിക്കരുത്"(17:33). അതായത്, ആ വിചാരം ഉളവാക്കാൻ ഇടയുള്ള സന്ദർഭങ്ങളിൽനിന്നും ആ പാപം സംഭവിച്ചേയ്ക്കുമെന്നു ശങ്കയുള്ള വഴികളിൽനിന്നും അകന്നിരിക്കുവിൻ; വ്യഭിചാരം ഘോരതരമായ അപരാധമാകുന്നു; അത് വഷളായ മാർഗ്ഗവുമാകുന്നു. അതായത്, അതു ലക്ഷ്യസ്ഥാനത്തെ അകറ്റിക്കളയുന്നതും അഭിലഷിതമായ പൂർണ്ണതയ്ക്ക് ഹാനികരമായിരിക്കുന്നതുമത്രെ.

وَلْيَسْتَعْفِفِ الَّذِيْنَ لَا يَجِدُوْنَ نِكَاحًا "വിവാഹം ചെയ്യാൻ സാധിക്കാത്തവർ വ്രതാനുഷ്ഠാനംകൊണ്ടോ ഭക്ഷണ ലഘൂകരണം മുഖേനയോ കഠിനപ്രയത്നത്താലോ ചാരിത്രം സംരക്ഷിച്ചുകൊള്ളട്ടെ" (24:34).

وَرَهْبَانِيَّةَ ابْتَدَعُوْهَا مَا كَتَبْنٰهَا عَلَيْهِمْ...فَمَا رَعَوْهَا حَقَّ رِعَايَتِهَا ۚ

"വിവാഹരഹിതമായ ജീവിതമോ ഷണ്ഡത്വമോ അവലംബിച്ചു ചിലർ സംന്യാസധർമ്മം സ്വീകരിക്കുന്നു. അതിനെ അവർ നൂതനമായി ആരംഭിച്ചതാണ്. നാം അതിനെ അവർക്കു കർത്തവ്യമായി വിധിച്ചിരുന്നില്ല........ തൻമൂലം ഈ നൂതന സമ്പ്രദായത്തെ അവർക്ക് പൂർണ്ണമായും അനുഷ്ഠാനത്തിൽ വരുത്തുവാൻ കഴിയുകയില്ല"(57:28).

"ജനങ്ങൾ ഷണ്ഡത്വം അവലംബിക്കുകയോ സംന്യാസം സ്വീകരിക്കുകയോ ചെയ്യുവാൻ ദൈവം കല്പിച്ചിട്ടില്ലെന്നു വിശുദ്ധഖുർആൻ ഇവിടെ നിഷേധിച്ചുകൊണ്ട് സൂചിപ്പിച്ചിരിക്കുന്നത്, അങ്ങനെ അവൻ കല്പിച്ചിരുന്നുവെങ്കിൽ സകലജനങ്ങളും അതനുസരിച്ചു പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരാവുകയും തല്ഫലമായി മനുഷ്യ

വർഗ്ഗത്തിന്റെ സന്താനോൽപാദന ക്രിയ നിലച്ച് വളരെ മുമ്പേതന്നെ ലോകം അവസാനിച്ചുപോവുകയും ചെയ്തിരിക്കുമായിരുന്നു എന്നാണ്. തന്നെയുമല്ല, ചാരിത്രത്തെ പാലിക്കുന്നതിനു ജനനേന്ദ്രിയത്തെ നശിപ്പിക്കുക തുടങ്ങിയ മാർഗ്ഗങ്ങളെ അവലംബിക്കുകയാണെങ്കിൽ അത് ആ അവയവം പ്രദാനം ചെയ്ത സൃഷ്ടികർത്താവിന്റെ നേരെയുള്ള ഒരെതിർപ്പുമായിരിക്കുന്നതാണ്. ശക്തിയുണ്ടായിരിക്കെ ഒരുവൻ ദൈവത്തോടുള്ള ഭയഭക്തി നിമിത്തം ദുഷ്പ്രേരണകളെയും ദുർവികാരങ്ങളെയും ജയിച്ചടക്കുന്നതിലാണ് പുണ്യമിരിക്കുന്നത്. അങ്ങനെ അവൻ തന്റെ ശക്തിയെ യഥാസ്ഥാനത്തു ഉപയോഗിക്കുകയും അസ്ഥാനത്ത് പ്രയോഗിക്കാതെ തടഞ്ഞു നിറുത്തുകയും ചെയ്യുന്നതുകൊണ്ട് രണ്ടുവിധം പുണ്യത്തിനു അവകാശിയായിത്തീരുന്നു. തന്റെ ഇന്ദ്രിയശക്തിയെ നശിപ്പിച്ചു കളയുന്നവനാകട്ടെ ഈ രണ്ടുതരം ഗുണങ്ങളും നഷ്ടമായിത്തീരുന്നതാണ്. ശക്തിയുടെ സാന്നിധ്യത്തിൽ ഉളവാകുന്ന ദുഷ്പ്രേരണകളെ എതിർത്തു ജയിക്കുന്നതുകൊണ്ടാണ് പുണ്യം ലഭിക്കുമാറാകുന്നത്. എന്നാൽ, പ്രായപൂർത്തി വരാത്ത ബാലകനെപ്പോലെ, ഏതൊരുവനിൽ ഈ ശക്തി ഇല്ലാതിരിക്കുന്നുവോ അവനു എന്തു പുണ്യം ലഭിക്കുവാനാണ്? അവനാകട്ടെ ദുർവികാരങ്ങളെ ജയിച്ചടക്കുകയോ സ്വശക്തിയെ യഥാസ്ഥാനത്തു ഉപയോഗപ്പെടുത്തുകയോ ചെയ്യുവാനുള്ള അവസരം ഉണ്ടാകാത്തതിനാൽ തത്സംബന്ധമായ പുണ്യഫലവും ലഭിക്കുന്നതല്ല.

മേലുദ്ധരിച്ച ഖുർആൻ വാക്യങ്ങൾ ചാരിത്രം (ഇഹ്സ്വാൻ) എന്ന ധാർമ്മിക ഗുണം സമ്പാദിക്കുന്നതിന് ഉൽക്കൃഷ്ടമായ ഉപദേശം അടക്കിക്കൊള്ളുന്നുവെന്നു മാത്രമല്ല, ഈ സൽഗുണം മനുഷ്യനിൽ നിർബാധം നിലനിറുത്തുമാറാകുന്നതിനു അഞ്ചുപായം കാണിച്ചു തരുകയും ചെയ്തിരിക്കുന്നു. അതായത് 1. പുരുഷൻ പരസ്ത്രീകളെയെന്നപോലെ സ്ത്രീ, പുരുഷൻമാരെയും ദർശിക്കുന്നതിൽനിന്ന് ദൃഷ്ടികളെ തടയുക. 2. വികാരജന്യമായ മധുരസ്വരശ്രവണത്തിൽനിന്ന് കർണ്ണപുടങ്ങളെ നിയന്ത്രിക്കുക. 3. ശൃംഗാരകഥകൾ കേൾക്കാതിരിക്കുക. 4. ദുർവൃത്തിക്ക് പ്രേരകമാവുന്ന സാഹചര്യങ്ങളിൽ നിന്നെല്ലാം അകന്നു നില്ക്കുക. 5. അവിവാഹിതർ ഉപവാസമനുഷ്ഠിക്കുക.

ചാരിത്രഭദ്രതയ്ക്കായി മേൽപ്രസ്താവിക്കപ്പെട്ട ഇച്ഛാനിരോധ

സമ്പ്രദായങ്ങളോടുകൂടിയ ഉൽക്കൃഷ്ടമായ ഉപദേശം വിശുദ്ധ ഖുർആനിൽ അടങ്ങിയിരിക്കുന്നുവെന്നത് ഇസ്ലാമിനുള്ള സവിശേഷതയാണെന്നു നിർവ്വിശങ്കം പറയാം. ഇവിടെ ഒരു സംഗതി പ്രത്യേകം അനുസ്മരണീയമാണ്. കാമവികാരങ്ങളുടെ ഉറവിടമായിരിക്കുന്നതും പരിപൂർണ്ണമായ പരിവർത്തനംകൊണ്ടല്ലാതെ വിട്ടൊഴിയാൻ അസാദ്ധ്യമായിരിക്കുന്നതുമായ മനുഷ്യന്റെ പ്രകൃത്യാലുള്ള ഇച്ഛ, സന്ദർഭവും സൗകര്യവും ലഭിക്കുമ്പോൾ എരിവുകൊള്ളുകയും അവനെ അപകടത്തിൽ ചാടിക്കുകയും ചെയ്യുന്നതാണ്. അതിനാലത്രേ സർവ്വജ്ഞനായ ദൈവം, സദുദ്ദേശ്യത്തോടുകൂടിയാണെങ്കിൽ പരസ്ത്രീകളെ നോക്കിക്കാണാമെന്നോ അവരുടെ സൗന്ദര്യങ്ങളെ ദർശിക്കാമെന്നോ അവരുടെ നൃത്തനാട്യങ്ങളും മറ്റും കണ്ടു രസിക്കാമെന്നോ അനുവാദം നല്കാതിരുന്നത്. അന്യസ്ത്രീകളുടെ മധുരഗാനങ്ങളും ശൃംഗാരകഥകളും സദ്വിചാരത്തോടായാൽ ശ്രവിക്കാവുന്നതാണെന്നു പഠിപ്പിക്കാതിരുന്നതും അതുകൊണ്ടുതന്നെയാണ്. മറിച്ചു സദ്വിചാരത്തോടു കൂടിയായാലും ദുർവിചാരത്തോടു കൂടിയായാലും അവരുടെ മധുരഗാനങ്ങളും ശൃംഗാരകഥകളും കേൾക്കരുതെന്നാണ് വിശുദ്ധ ഖുർആൻ ശക്തിയായി ഉപദേശിച്ചിരിക്കുന്നത്. അതുകൊണ്ട് നാം കാലിടറി വീഴാതിരിക്കുന്നതിനു അവരുടെ സൗന്ദര്യദർശനവും അവരുടെ മധുരസ്വരശ്രവണവും മനസാ വെറുക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ, അനിയന്ത്രിതമായ ദൃഷ്ടിപ്രക്ഷേപം സന്മാർഗ്ഗഭ്രംശത്തിനു കാരണമാകുമെന്നതു നിസ്സന്ദേഹമാണ്. നമ്മുടെ കണ്ണും കരളും സദാ പാവനമായിരിക്കുന്നതിനായിട്ടത്രേ അന്യസ്ത്രീകളെ നോക്കരുതെന്നുള്ള ഈ മഹത്തായ ഉപദേശം നല്കിയിരിക്കുന്നത്. വിശന്ന പട്ടിയുടെ മുന്നിൽ നല്ല അപ്പം വെച്ചുകൊടുത്തിട്ട് അതിനു അപ്പത്തെക്കുറിച്ചുള്ള വിചാരം പോലുമുണ്ടാകരുതെന്ന് നാം കരുതുകയാണെങ്കിൽ അത് വീൺവിചാരം മാത്രമായിരിക്കും. അതിനാൽ, വിഷയാസക്തിക്ക് ഗൂഢമായ വ്യാപരത്തിനുള്ള അവസരം കൊടുക്കാതിരിക്കാനും ദുർവികാരത്തിനു ചലനമുണ്ടാക്കുന്ന ഒരു കാര്യവും നേരിടാതിരിക്കാനുമാണ് വിശുദ്ധഖുർആൻ ഉദ്ദേശിക്കുന്നത്.

സ്ത്രീകൾക്ക് ഇസ്ലാം നിശ്ചയിച്ചിരിക്കുന്ന 'പർദ' അഥവാ 'മറ'യുടെ തത്ത്വരഹസ്യം മേൽപ്പറഞ്ഞതുതന്നെയാണ്. ദൈവ

ത്തിന്റെ പരിശുദ്ധഗ്രന്ഥമായ ഖുർആനിൽ ഈ മറയെ സംബന്ധിച്ചു ചെയ്തുകാണുന്ന വ്യവസ്ഥയുടെ താൽപര്യം സ്ത്രീകളെ തടവു പുള്ളികളെപ്പോലെ വീടുകളിൽ അടച്ചിടണമെന്നതല്ല. അത് ഇസ്ലാമികാദ്ധ്യാപനങ്ങളെക്കുറിച്ച് അറിവില്ലാത്ത അജ്ഞന്മാരുടെ അഭിപ്രായമത്രെ. എന്നാൽ, ഇസ്ലാം നിർദ്ദേശിക്കുന്ന 'പർദ' സമ്പ്ര ദായത്തിന്റെ ഉദ്ദേശ്യം സ്ത്രീപുരുഷന്മാരുടെ സ്വച്ഛന്ദമായ പരസ്പര വീക്ഷണവും സൗന്ദര്യപ്രദർശനവും തടയുക എന്നുള്ളതാണ്. ഈ സമ്പ്രദായം ഉഭയകക്ഷിക്കും ഗുണപ്രദമാകുന്നു. ദർശനയോഗ്യങ്ങ ളായവ മാത്രം നോക്കിക്കാണുകയും അനുചിതസ്ഥാനങ്ങളിൽ ദൃഷ്ടി പതിപ്പിക്കാതെ നിദ്രാണദൃഷ്ടിത്വം ശീലിക്കുകയും ചെയ്യുക എന്നതിന് അറബിയിൽ '**ഗൽളുൽബസ്വർ**' (നോട്ടങ്ങൾ കീഴ്പ്പോ ട്ടാക്കുക) എന്നു പറയുന്നുവെന്നതും ഇവിടെ അനുസ്മരണീയമാ ണ്. ഹൃദയം പരിശുദ്ധമാക്കിവെച്ചുകൊള്ളുന്നതിനു ആഗ്രഹിക്കുന്ന ഒരു ഭക്തിമാർഗ്ഗിയും മൃഗങ്ങളെപ്പോലെ തോന്നുന്ന ദിക്കിലേ ക്കെല്ലാം ദൃഷ്ടി പായിക്കാതിരിക്കേണ്ടതു അത്യാവശ്യമാണ്. തന്നെ യുമല്ല, അയാൾ ഈ നാഗരിക ജീവിതത്തിൽ ദൃഷ്ടികൾ കീഴ്പോട്ട് പതിപ്പിക്കുന്ന ശീലം കൈക്കൊള്ളേണ്ടതുമാണ്. ഈ ശ്ലാഘ്യശീലം സാമൂഹിക വ്യവഹാരിക ബന്ധങ്ങൾ പുലർത്തുന്നതിന് ഒരു വിധ ത്തിലും പ്രതിബന്ധമാവുകയില്ല. മറിച്ചു, ഇതുമൂലം അയാളുടെ ഒരു സഹജാത സ്വഭാവം ഉൽക്കൃഷ്ട ധാർമ്മിക ഗുണമായി പരിണ മിക്കുകയാണ് ചെയ്യുക. അതാണ് 'ഇഹ്സ്വാൻ' അഥവാ ചാരിത്രഭ ദ്രത എന്നു പറയുന്ന ശ്ലാഘനീയമായ ധാർമ്മിക ഗുണം.

**വിശ്വസ്തത:** അഹിംസാത്മക സ്വഭാവങ്ങളുടെ ഇനത്തിൽപ്പെട്ട രണ്ടാമത്തെ സൽഗുണത്തിന് അറബിയിൽ 'അമാനത്ത്' എന്നും 'ദിയാനത്ത്' എന്നും പറയുന്നു. ഇതിനു 'വിശ്വസ്തത' എന്നോ 'നിഷ്കളങ്കത' എന്നോ അർത്ഥം വിവക്ഷിതമാക്കാം. ഇത് അന്യന്റെ മുതൽ വഞ്ചനയാലോ അന്യായമായോ കൈവശപ്പെടുത്തി അവനെ ദ്രോഹിക്കാൻ അനുകൂലിക്കാത്ത ഒരു മനോഭാവമാകു ന്നു. ഈ ഗുണം മനുഷ്യനു ജന്മസിദ്ധമായുള്ള ഒരവസ്ഥയാണെന്നു സൂക്ഷ്മാവലോകനം ചെയ്യുമ്പോൾ കാണാവുന്നതാണ്. ദുസ്സ്വഭാ വങ്ങൾക്ക് വശഗമാവാത്ത ശുദ്ധപ്രകൃതിയോടുകൂടിയ സ്തന്യ പാനിയായ ശിശു അന്യന്റെ വസ്തുവിൽ വിരക്തി പ്രദർശിപ്പിക്കു മാറ് തന്റെ തള്ളയല്ലാത്ത ഏത് സ്ത്രീയുടെയും മുലകുടിക്കുന്ന തിനു വൈമനസ്യം കാട്ടുന്നു. ശിശുവിനു സുബോധം ഉണ്ടായിവ

രുന്നതിനു മുമ്പേ ധാത്രിയെ ഏർപ്പെടുത്താത്തപക്ഷം, ശരിയായ ബോധം ഉണർന്നു കഴിഞ്ഞാൽപിന്നെ അതിനു അന്യസ്ത്രീയുടെ മുലകുടിപ്പിക്കുക വളരേയേറെ വിഷമകരമായിരിക്കും. കുട്ടി തന്റെ ഈ അഭിനിവേശം നിമിത്തം ഏറെ ക്ലേശം സഹിക്കുകയും വിശപ്പുകൊണ്ടു അങ്ങേയറ്റം കഷ്ടപ്പെടുവോളം അന്യസ്ത്രീയുടെ മുലപ്പാൽ വെറുക്കുകയും ചെയ്യുന്നതു കാണാം. ഇത്രയേറെ വിരക്തി കാണിക്കുന്നതിന്റെ രഹസ്യമെന്തായിരിക്കണം? സ്വന്തം അമ്മയുടേതല്ലാത്ത മറ്റാരുടെയും വസ്തുവിനെ ആഗ്രഹിക്കാത്ത വിധത്തിൽ അന്യമായതിനെയെല്ലാം പ്രകൃത്യാ വെറുക്കുന്നു എന്ന തല്ലാതെ മറ്റൊന്നുമല്ല ആ രഹസ്യം! ശിശുവിന്റെ ഈ ശുദ്ധ പ്രകൃ തിയെക്കുറിച്ച് അവഗാഢം ചിന്തിക്കുകയും അതിന്റെ ആഴത്തി ലേക്ക് ചുഴിഞ്ഞു ചെല്ലുകയും ചെയ്യുന്നതായാൽ, അന്യന്റെ വസ്തു വിന്റെ നേർക്ക് വെറുപ്പു കാണിച്ചു സ്വയം കഷ്ടത വരിക്കുന്ന ഈ സ്വഭാവം 'വിശ്വസ്തത' അല്ലെങ്കിൽ 'നിഷ്കളങ്കത' എന്നു പേർ ചെയ്യാവുന്ന ധാർമ്മിക ഗുണത്തിന്റെ മൂലരൂപമാണെന്നു ബോധ്യ പ്പെടുന്നതാണ്. അന്യന്റെ വസ്തുവകകളെ സംബന്ധിച്ചിടത്തോളം ഈ ശിശുവിന്റേതുപോലുള്ള യഥാർത്ഥമായ വിരക്തഭാവം ഒരുവന്റെ ഹൃദയത്തിൽ ഉണ്ടായിത്തീരാതിരിക്കുന്നേടത്തോളം കാലം അവൻ ഈ വിശ്വസ്തതാഗുണത്തിൽ ആത്മാർത്ഥതയുള്ള വനായിത്തീരുകയില്ല. എന്നാൽ, ശിശു വിരക്തി പ്രദർശിപ്പിക്കു ന്നതു യഥാർഹമോ വിവേചന യുക്തമോ ആയ തരത്തില്ലല്ലാത്ത തിനാൽ അതിന്റെ ആ കൃത്യം ഒരു ധാർമ്മിക ഗുണമാകുന്നില്ല; അതു വെറും സ്വാഭാവിക പ്രേരണയാലുള്ള വിവേകപൂർവ്വമല്ലാത്ത പ്രവൃത്തിയായതിനാൽ ശിശു വൃഥാ കഷ്ടമനുഭവിക്കുമാറാകുന്നു. എങ്കിലും ഈ സ്വാഭാവികബോധം തന്നെയാണ് വിശ്വസ്തത എന്നും നിഷ്കളങ്കത എന്നും പറയാവുന്ന 'അമാനത്ത്' എന്ന ഉൽക്കൃഷ്ട ധാർമ്മികഗുണത്തിന്റെ ഉറവിടം. ശിശു അതിന്റെ വിവേ ചന ബുദ്ധിയോടുകൂടാത്ത ചേഷ്ടിതം കാരണമായി നീതിയോ വിശ്വസ്തതയോ ഉള്ള ഉൽക്കൃഷ്ട ധർമ്മിയായി കണക്കാക്കപ്പെ ടാതിരിക്കുന്നപോലെത്തന്നെ, ഈ സ്വഭാവസിദ്ധമായ ബോധത്തെ വിവേചനബുദ്ധ്യാ യഥാർഹം പ്രയോഗപ്പെടുത്താത്ത പ്രായ പൂർത്തി വന്നയാളും ഈ വിശിഷ്ട സൽഗുണത്താൽ പരിവേഷി തനായി കരുതപ്പെടാവുന്നതല്ല. വിശ്വസ്തനും സത്യവാനും ആയി രിക്കുക ക്ഷിപ്രസാദ്ധ്യമായ കാര്യമല്ല. വിശ്വസ്തതയുടെ വിവിധ

വശങ്ങളെ പൂർണ്ണമായും അനുവർത്തിക്കാതിരിക്കുന്നേടത്തോളം ആരും യഥാർത്ഥത്തിൽ വിശ്വസ്തനും സത്യവാനും ആയിത്തീരുന്നില്ല. ഈ സൽസ്വഭാവത്തിന്റെ സംസ്കാരത്തിന്നായി വിശുദ്ധ ഖുർആൻ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗം താഴെ ഉദ്ധരിക്കുന്ന വാക്യങ്ങളാൽ ദൃഷ്ടാന്തീകരിക്കാവുന്നതാണ്. അതായത്.

وَلَا تُؤْتُوا السُّفَهَاۤءَ اَمْوَالَكُمُ الَّتِيْ جَعَلَ اللّٰهُ لَكُمْ قِيٰمًا وَّارْزُقُوْهُمْ
فِيْهَا وَاكْسُوْهُمْ وَقُوْلُوْا لَهُمْ قَوْلًا مَّعْرُوْفًا ۝٥ وَابْتَلُوا الْيَتٰمٰى حَتّٰٓى اِذَا بَلَغُوا
النِّكَاحَ ۚ فَاِنْ اٰنَسْتُمْ مِّنْهُمْ رُشْدًا فَادْفَعُوْٓا اِلَيْهِمْ اَمْوَالَهُمْ ۚ
وَلَا تَأْكُلُوْهَآ اِسْرَافًا وَّبِدَارًا اَنْ يَّكْبَرُوْا ۗ وَمَنْ كَانَ غَنِيًّا فَلْيَسْتَعْفِفْ ۚ
وَمَنْ كَانَ فَقِيْرًا فَلْيَأْكُلْ بِالْمَعْرُوْفِ ۗ فَاِذَا دَفَعْتُمْ اِلَيْهِمْ اَمْوَالَهُمْ
فَاَشْهِدُوْا عَلَيْهِمْ ۗ وَكَفٰى بِاللّٰهِ حَسِيْبًا ۝٦ وَلْيَخْشَ الَّذِيْنَ لَوْ تَرَكُوْا
مِنْ خَلْفِهِمْ ذُرِّيَّةً ضِعٰفًا خَافُوْا عَلَيْهِمْ ۖ فَلْيَتَّقُوا اللّٰهَ وَلْيَقُوْلُوْا قَوْلًا
سَدِيْدًا ۝٩ اِنَّ الَّذِيْنَ يَأْكُلُوْنَ اَمْوَالَ الْيَتٰمٰى ظُلْمًا اِنَّمَا يَأْكُلُوْنَ فِيْ
بُطُوْنِهِمْ نَارًا ۗ وَسَيَصْلَوْنَ سَعِيْرًا ۝١٠

“നിങ്ങളിലുള്ള അനാഥക്കുട്ടികളോ യുക്തവയസ്സാകാത്തവരോ ആയ വിവേകബുദ്ധി പക്വമാകാത്ത സ്വത്തുടമസ്ഥർ അവരുടെ കാര്യക്ഷമതയില്ലായ്മ മൂലം സ്വത്ത് നശിപ്പിച്ചു കളയുമെന്നു ശങ്കയുണ്ടെങ്കിൽ നിങ്ങൾ ആ സ്വത്തെല്ലാം രക്ഷാധികാരിയുടെ (കോർട്ട് ഓഫ് വാർഡ്സിന്റെ) നിലയ്ക്ക് കൈവശം വെക്കുകയും കച്ചവടച്ചരക്കായും ഉപജീവനമാർഗ്ഗമായുമുള്ള വസ്തുവകകൾ അവർക്കു ഏല്പിച്ചു കൊടുക്കാതെ, അവരുടെ ആഹാരത്തിനും വസ്ത്രത്തിനും ആവശ്യമുള്ള ചെലവുമാത്രം കൊടുക്കുകയും ചെയ്തുകൊള്ളുക; അവർക്ക് പ്രയോജനകരമായ നല്ല ഉപദേശം പറഞ്ഞുകൊടുക്കുകയും ചെയ്യുവിൻ(അതായത്, അവരുടെ ബുദ്ധിയും ധാരണാശക്തിയും തീക്ഷ്ണമായിത്തീരുന്നതും, അവർ അജ്ഞരും അപടുക്കളും ആയിരിക്കാതെ തങ്ങളുടെ സ്ഥിതികൾക്ക് യോഗ്യമായ പഠിത്തമുള്ളവരായിത്തീരുന്നതുമായ തരത്തിൽ അവർക്കു ഉപദേശം നല്കുകയും, വ്യാപാരിയുടെ മക്കളാണെങ്കിൽ അവരെ

കച്ചവടമുറകൾ അഭ്യസിപ്പിക്കുകയും മറ്റു വല്ല തൊഴിൽക്കാരന്റെയും സന്താനങ്ങളാണെങ്കിൽ ആ തൊഴിലിൽ സാമർത്ഥ്യമുള്ളവരാക്കി ത്തീർക്കുകയും ചെയ്യുവിൻ). നിങ്ങൾ അവർക്കു അഭ്യസനം നല്കു ന്നതോടൊപ്പം അവർ അതിനെ ശരിയായി ഗ്രഹിച്ചിട്ടുണ്ടോ എന്നു നോക്കുന്നതിനായിട്ടു ഇടക്കിടെ അവരെ പരീക്ഷിച്ചുകൊണ്ടിരി ക്കുവിൻ. പിന്നീട് അവർക്ക് വിവാഹത്തിന് അർഹതയുണ്ടായിക്ക ഴിഞ്ഞാൽ (ഉദ്ദേശം പതിനെട്ടു വയസ്സു പ്രായമായാൽ) തങ്ങളുടെ വസ്തുവകകൾ കൊണ്ടുനടക്കുന്നതിന് വിവേകവും, പ്രാപ്തിയും അവർക്കുണ്ടായിരിക്കുന്നതായി നിങ്ങൾ കാണുന്നപക്ഷം, അവ രുടെ വസ്തുവകകൾ അവർക്കുതന്നെ ഏല്പ്പിച്ചുകൊടുക്കുവിൻ. അവരുടെ മുതൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. പ്രായപൂർത്തി വന്നാൽ അവർ സ്വത്ത് തിരിച്ചു വാങ്ങിക്കളയുമെന്ന ഭീതിയാൽ നിങ്ങൾ അവരുടെ സ്വത്തിനു നഷ്ടം വരുത്തിവെക്കാതിരിക്കുവിൻ. രക്ഷാധികാരി സമ്പന്നനാണെങ്കിൽ അവരുടെ സ്വത്തിൽനിന്ന് അയാൾ തന്റെ സേവനത്തിന് പ്രതിഫലമായി ഒന്നും എടുക്കാതി രിക്കട്ടെ; എന്നാൽ, ദരിദ്രനാണെങ്കിൽ ന്യായമായ പ്രതിഫലം പറ്റാ വുന്നതാണ്. (രക്ഷാധികാരികൾ തങ്ങളുടെ സംരക്ഷണയിലുള്ള അനാഥകുട്ടികളുടെ സ്വത്തിൽനിന്ന് സ്വപ്രയത്ന ഫലം എടുക്കാൻ വിചാരിക്കുന്ന പക്ഷം, മൂലധനത്തെ സ്പർശിക്കാത്ത വിധത്തിൽ അതിന്റെ കൈകാര്യംകൊണ്ടു ലഭിക്കുന്ന ആദായത്തിൽനിന്നു എടുത്തു പോരുക എന്ന സമ്പ്രദായം അറബികളുടെ ഇടയിൽ നട പ്പുണ്ടായിരുന്നു. ഇങ്ങനെ ന്യായമായ വിധത്തിൽ പ്രയത്നമൂല്യം കൈപ്പറ്റുവാൻ പാടുണ്ടെന്നുള്ള അനുജ്ഞയാണ് ഈ വാക്യം നല്കിയിരിക്കുന്നത്). "നിങ്ങൾ അനാഥർക്കു അവരുടെ വസ്തു ക്കൾ സാക്ഷികൾ മുഖാന്തരം ഏല്പ്പിച്ചു കൊടുക്കുവിൻ; അല്ലാഹു നിങ്ങളുടെ ക്രിയകളെ പൂർണ്ണമായും കണക്കിടുന്നവനാകുന്നു... ഇളംപ്രായക്കാരും ദുർബലരുമായ സന്താനങ്ങളുള്ളവർ മരണം അടു ത്താൽ, ആ കുട്ടികളുടെ അവകാശത്തിനു ഹാനി വരാതിരിക്കത്ത ക്കവണ്ണം മരണശാസനം നല്കേണ്ടതാണ്. അന്യായമായി അനാ ഥരുടെമുതൽ ഭക്ഷിക്കുന്നവർ ആരോ അവർ അഗ്നിയാണ് തങ്ങ ളുടെ വയറ്റിലാക്കുന്നത്; ഒടുക്കം, അവർ കത്തിയാളുന്ന അഗ്നി യിൽ ചെന്നു ചേരുന്നതായിരിക്കും.(4:6,7-10,11)

വിശ്വസ്തതാധർമ്മത്തിന്റെ ഏതെല്ലാം വശങ്ങളെയാണ്

വിശുദ്ധ ഖുർആൻ ഉപര്യുക്ത വാക്യങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നു നോക്കുക. വിവിധ വശങ്ങളോടുകൂടിയ ഈ സത്യനിഷ്ഠയെ പാലിക്കുകയാണ് യഥാർത്ഥമായ വിശ്വസ്തത. വിവേചന ബുദ്ധിയോടുകൂടി വിശ്വസ്തതയുടെ നാനാമുഖങ്ങളെയും ലക്ഷ്യമാക്കിക്കൊണ്ടു പ്രവർത്തിക്കാത്തപക്ഷം, അതിന്നടിയിൽ ഒളിഞ്ഞുകിടക്കുന്ന വിശ്വാസവഞ്ചനയുടെ വകഭേദങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞു നിഷ്കളങ്കത പാലിക്കാൻ സാധിക്കുകയില്ല. വിശുദ്ധഖുർആൻ വീണ്ടും പറയുന്നു:

وَلَا تَأْكُلُوٓا أَمْوَالَكُم بَيْنَكُم بِالْبَاطِلِ وَتُدْلُوا بِهَآ إِلَى الْحُكَّامِ لِتَأْكُلُوا
فَرِيقًا مِّنْ أَمْوَالِ النَّاسِ بِالْإِثْمِ وَأَنتُمْ تَعْلَمُونَ ﴿١٨٨﴾

“നിങ്ങളുടെ മുതലുകൾ അന്യായമായ നിലയിൽ നിങ്ങൾ പരസ്പരം തിന്നരുത്. അന്യരുടെ സ്വത്തിലൊരുഭാഗം ന്യായവിരുദ്ധമായി കൈവശപ്പെടുത്തുന്നതിനുവേണ്ടി നിങ്ങൾ അധികാരസ്ഥർക്കു കോഴ കൊടുക്കുകയുമരുത്”(2:189).

إِنَّ اللَّهَ يَأْمُرُكُمْ أَن تُؤَدُّوا الْأَمَٰنَٰتِ إِلَىٰٓ أَهْلِهَا “വിശ്വാസാർപ്പിത വസ്തുക്കൾ അവയുടെ ഉടമസ്ഥർക്ക് തിരിച്ചേല്പ്പിച്ചു കൊടുക്കുന്നതിനു അല്ലാഹു നിങ്ങളോട് അനുശാസിക്കുന്നു”(4:59).

إِنَّ اللَّهَ لَا يُحِبُّ الْخَآئِنِينَ ﴿٥٨﴾ “നിശ്ചയമായും അല്ലാഹു വിശ്വാസവഞ്ചകരെ സ്നേഹിക്കുന്നില്ല”(8:59).

“നിങ്ങൾ وَأَوْفُوا الْكَيْلَ إِذَا كِلْتُمْ وَزِنُوا بِالْقِسْطَاسِ الْمُسْتَقِيمِ അളന്നു കൊടുക്കുമ്പോൾ കൃത്യമായി അളന്നു കൊടുക്കുകയും തൂക്കിക്കൊടുക്കുമ്പോൾ ശരിയായ തുലാസ്സുകൊണ്ട് തൂക്കിക്കൊടുക്കുകയും ചെയ്യുവിൻ”(17:36).

وَلَا تَبْخَسُوا النَّاسَ أَشْيَآءَهُمْ وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ ﴿١٨٣﴾ “ഒരു വിധത്തിലും ജനങ്ങൾക്ക് അവരുടെ വസ്തുക്കളിൽ കുറവു ചെയ്യരുത്. ദുരുദ്ദേശ്യത്തോടുകൂടിയവരായിട്ട് അതായത്, ചോരണത്തിനോ കവർച്ചയ്ക്കോ കീശാപഹരണത്തിനോ മറ്റേതെങ്കിലും മാർഗ്ഗേണ അന്യരുടെ മുതൽ കൈയടക്കുന്നതിനോ ഉദ്ദേശിച്ചവരായിട്ട്, നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കാതിരിക്കുവിൻ” (26:184).

وَلَا تَتَبَدَّلُوا الْخَبِيثَ بِالطَّيِّبِ "നിങ്ങൾ നല്ല സാധനങ്ങൾക്കുപകരം ചീത്ത സാധനങ്ങൾ കൊടുക്കരുത്"(4:3). അതായത്, അന്യരുടെ വസ്തുവകകൾ അപഹരിച്ചെടുക്കുന്നതുപോലെതന്നെ, കൊള്ള രുതാത്ത സാധനങ്ങൾ വില്ക്കുകയോ നല്ലതിനു പകരം ചീത്ത യായതു കൊടുക്കുകയോ ചെയ്യുന്നതും അന്യായമായിരിക്കുന്ന താണ്.

പ്രസ്തുത വാക്യങ്ങളിൽ വിശ്വാസഭംഗത്തിന്റെ സകല വശ ങ്ങളും അടക്കി വിവരിക്കപ്പെട്ടിട്ടുണ്ട്. വഞ്ചനയുടെ ഒരു വകഭേദ ത്തെയും ഒഴിച്ചുവിടാത്തവിധം സംപൂർണ്ണമായ വിവരണമാണ് അവ യിലടങ്ങിയിരിക്കുന്നത്. മോഷണം ചെയ്യരുത് എന്നു മാത്രം വിരോ ധിക്കുകയാണ് ചെയ്തതെങ്കിൽ, അതൊഴിച്ചുള്ള മറ്റെല്ലാ അവി ഹിതവും അന്യായവുമായ അപഹരണ സമ്പ്രദായങ്ങളും വിഹി തങ്ങളായി അജ്ഞന്മാർ ധരിച്ചേക്കാനിടയുണ്ടല്ലോ. അതുകൊ ണ്ടാണ് സകലവിധ അപഹരണത്തെയും അന്യായമായ കൈകാ ര്യത്തെയും വിരോധിച്ചുകൊണ്ട് വ്യാപകാർത്ഥങ്ങളായ വാചക ങ്ങൾ പ്രയുക്തമായിരിക്കുന്നത്. ചുരുക്കത്തിൽ ഒരുവൻ തന്റെ വിശ്വ സ്തതാ സ്വഭാവത്തെ അതിന്റെ സകലവശങ്ങളെയും മുൻനിറുത്തി യുക്തി വിവേചനപൂർവ്വം പ്രകാശിപ്പിക്കാതെ, ചില കാര്യങ്ങളിൽ മാത്രം വിശ്വസ്തത കാണിക്കുന്നതായാൽ അതു യഥാർത്ഥത്തിൽ ധാർമ്മിക ഗുണമായി കരുതപ്പെടാവുന്നതല്ല. അതാകട്ടെ യുക്താ യുക്ത വിചാരം കൂടാത്ത വികാരപ്രേരിതമായ സ്വഭാവപ്രകടനം മാത്രമേ ആയിരിക്കുകയുള്ളൂ.

**സൗമ്യശീലം:** അഹിംസാത്മക സ്വഭാവ വകുപ്പിൽ ഉൾപ്പെട്ട മൂന്നാമത്തെ ധാർമ്മിക ഗുണത്തിനു അറബിയിൽ 'ഹുദ്ന' هدنه എന്നും 'ഹൗൻ' هون എന്നും പറയുന്നു. അന്യായമായ നിലയിൽ മറ്റുള്ളവർക്ക് ദൈഹികമായി ഒരുപദ്രവവും ചെയ്യാതെ സൗമ്യത യോടും സമാധാനത്തോടും ജീവിക്കുക എന്നതാണ് പ്രസ്തുത പദങ്ങൾകൊണ്ടു വിവക്ഷിതമാക്കപ്പെടുന്നത്. ഈ സൗമ്യശീലം ഉൽക്കൃഷ്ട മാനസിക ഗുണമാണെന്നുള്ളതു നിസ്സന്ദേഹമാണ്. എന്നു മാത്രമല്ല, അത് മനുഷ്യത്വത്തിന് അത്യാന്താപേക്ഷിതവും അനുഗ്രഹദായകവുമായ സൽസ്വഭാവവുമാണ്. ഈ ധാർമ്മിക ഗുണ ത്തിനു അനുരൂപമായി ശിശുക്കളിൽ ഒരു അനുരഞ്ജനഭാവം പ്രകൃ ത്യാതന്നെ കാണപ്പെടുന്നുവല്ലോ. ഈ സഹജസ്വഭാവത്തെ ശരി

യായ നിലയിൽ ക്രമീകരിക്കുന്നതു മൂലമാണ് സൗമ്യശീലമാകുന്ന ധാർമ്മികഗുണം പ്രത്യക്ഷമാകുന്നത്. മനുഷ്യൻ വിവേകജ്ഞാന മില്ലാത്ത പ്രാകൃതഘട്ടത്തിൽ സൗമ്യതയുടെയോ പരാക്രമത്തി ന്റെയോ തത്ത്വം ഗ്രഹിക്കാൻ പ്രാപ്തനല്ല. എന്നാൽ, ഈ ഘട്ട ത്തിൽ അവനിൽ ഒരു അനുരഞ്ജനശീലം കാണാം. അതുതന്നെ യാണ് സൗമ്യശീലത്തിന്റെയും ശാന്തസ്വഭാവത്തിന്റെയും മൂലം. എന്നാൽ, അതു പ്രാകൃതഘട്ടത്തിൽ വിവേകജ്ഞാനത്തോടും ആലോചനയോടും പ്രത്യേക ഉദ്ദേശ്യത്തോടുംകൂടി വെളിവാകു ന്നതല്ലാത്തതിനാൽ ധാർമ്മിക ഗുണമായി ഗണിക്കപ്പെടുന്നതല്ല. മറിച്ച് ഒരുവൻ ദ്രോഹരഹിതനായി ഇച്ഛാപൂർവ്വം സൗമ്യശീലത്തെ യഥാർഹം ഉപയോഗപ്പെടുത്തുകയും അസ്ഥാനത്തു പ്രയോഗിക്കാ തിരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് അതു ധാർമ്മിക ഗുണ മായിത്തീരുന്നത്. ഇതു വിഷയകമായി വിശുദ്ധ ഖുർആൻ നല്കുന്ന പാഠമിതാണ്. وَأَصْلِحُوا ذَاتَ بَيْنِكُمْ "നിങ്ങൾ പരസ്പരം സൗമ്യ തയോടും സമാധാനത്തോടുംകൂടി വർത്തിക്കുവിൻ"(8:2). اَلصُّلْحُ خَيْرٌ "സമാധാനം അഥവാ മൈത്രി വളരെ നല്ലതാകു ന്നു"(4:129). وَإِنْ جَنَحُوا لِلسَّلْمِ فَاجْنَحْ لَهَا "അവർ സമാധാനത്തിലേക്ക് ചായുന്നപക്ഷം നിങ്ങളും അതിനെ അനുകൂലിക്കുക"(8:62).

وَعِبَادُ الرَّحْمٰنِ الَّذِيْنَ يَمْشُوْنَ عَلَى الْاَرْضِ هَوْنًا "കരുണാമയനായ ദൈവത്തിന്റെ ഭക്തദാസർ ഭൂമിയിൽ സമാധാനത്തോടും സൗമ്യ തയോടുംകൂടി നടക്കുന്നവരാകുന്നു"(25:64).

وَإِذَا مَرُّوْا بِاللَّغْوِ مَرُّوْا كِرَامًا ﴿٧٢﴾ "അവർ നിരർത്ഥ വചനം കേട്ടാൽ, അതു ശണ്ഠയക്ക് കാരണമായേക്കുമെന്നു ശങ്കിച്ചു ഗൗരവത്തോടെ കടന്നു കളയുന്നു; നിസ്സാര സംഗതിക്കായി അവർ ശണ്ഠ കൂടുക യില്ല."(25:72) അതായത്, അവർ സാരമായ ഉപദ്രവം നേരിട്ടല്ലാതെ എതിർക്കുന്നതിനു ഇഷ്ടപ്പെടുന്നില്ല. നിസ്സാര സംഗതികളെ ഗണ്യ മാക്കാതെ പൊറുമ കാണിക്കുകയാണ് സൗമ്യശീലത്തിന്റെ തത്ത്വം. പ്രസ്തുത വാക്യത്തിൽ 'നിരർത്ഥസംഗതി' അഥവാ 'തുച്ഛമായ കാര്യം' എന്ന അർത്ഥത്തിൽ പ്രയുക്തമായ '**ലഗ്വ്**' ശബ്ദത്തിനു ഇവിടെ ഒരു വിവരണം അത്യാവശ്യമായിരിക്കുന്നു. ദ്രോഹോദ്ദേ ശ്യത്തോടുകൂടി പറയുകയോ പ്രവർത്തിക്കുകയോ ചെയ്തതാണെ ങ്കിലും ഉദ്ദേശിച്ചവിധം ദോഷഫലം ഉണ്ടാകാത്ത സംഗതിയെയാണ്

'ലഗ്‌വ്' എന്നു പറയുന്നത്. അതിനാൽ അത്തരം തുച്ഛമായ ദ്രോഹോദ്യമത്തെ വകവെക്കാതെ ഗൗരവത്തോടും അന്തസ്സോടും കൂടി വർത്തിക്കുകയെന്നതാണ് സൗമ്യതയുടെ ലക്ഷണം. എന്നാൽ, ആ ദ്രോഹകൃത്യം നിസ്സാരമായി ഗണിക്കാൻ പാടില്ലാത്ത തരത്തിൽ ജീവനോ മുതലിനോ മാനത്തിനോ നഷ്ടം വരുത്തുന്നതിന് പര്യാപ്തമായിരിക്കുമ്പോൾ കാണിക്കുന്ന പൊറുമ, സൗമ്യത എന്ന ധാർമ്മിക ഗുണത്തോടു അനുബന്ധിച്ചതായിരിക്കുകയില്ല. അങ്ങനെയുള്ള അപരാധം പൊറുത്തു കൊടുക്കുന്നതിന് '**അഫ്‌വ്**' അഥവാ 'ക്ഷമാഗുണം' എന്നു പറയുന്നു. ഈ ഗുണവിശേഷത്തെക്കുറിച്ച് അന്യത്ര പ്രതിപാദിക്കുന്നതായിരിക്കും. വീണ്ടും വിശുദ്ധ ഖുർആൻ പറയുന്നു:

ادْفَعْ بِالَّتِي هِيَ أَحْسَنُ فَإِذَا الَّذِي بَيْنَكَ وَبَيْنَهُ عَدَاوَةٌ كَأَنَّهُ وَلِيٌّ حَمِيمٌ ﴿٣٥﴾ "വല്ലവരും ദുഷ്ടതയോടെ നിസ്സാരവാക്കു പറയുന്നുവെങ്കിൽ നിങ്ങൾ നല്ലരീതിയിൽ സൗമ്യമായ മറുപടി കൊടുക്കുക; ഈ ശീലം നിമിത്തം ശത്രുതയുള്ളവൻ വാത്സല്യമുള്ള മിത്രമായിത്തീരുന്നതാണ്."(41:35) ചുരുക്കത്തിൽ, യഥാർത്ഥമായ ഒരു നഷ്ടവും ഉണ്ടാക്കിത്തീർക്കാത്തതും നിസ്സാരമായിരിക്കുന്നതുമായ ദ്രോഹോദ്യമം മാത്രമേ സൗമ്യതയുടെ തത്ത്വപ്രകാരം അവഗണിക്കപ്പെടേണ്ടതായുള്ളൂ.

**സൗശീല്യം:** അഹിംസാത്മക സ്വഭാവ വകുപ്പിൽ ഉൾപ്പെട്ട ധാർമ്മിക ഗുണങ്ങളിൽ നാലാമത്തേതിനു അറബിയിൽ '**രിഫ്ഖ്**'എന്നു പറയുന്നു. ഇതിന് സൗശീല്യം എന്നു അർത്ഥം വിവക്ഷിതമാക്കാം. ഇത് സുമുഖതയും സദ്‌വചനശീലവും ഉൾക്കൊണ്ട ശിഷ്ടാചാരമാകുന്നു. ഇതിന്റെ ബീജരൂപമെന്നോണം ശിശുക്കളിൽ കാണപ്പെടുന്ന സ്വാഭാവിക ശക്തിക്കാണ് '**ത്വലാഖത്ത്**' അഥവാ 'പ്രസന്നഭാവം' എന്നു പറയുന്നത്. ശിശു സംസാരിക്കുവാൻ പ്രാപ്തമാകുന്നതിനു മുമ്പേ സൗശീല്യത്തിനുപകരം ഈ പ്രസന്നഭാവം പ്രദർശിപ്പിക്കുന്നതായി കാണാം. സൗശീല്യത്തിന്റെ മൂലസത്തയായി സ്ഥിതിചെയ്യുന്ന ശിശുപ്രായത്തിലെ ഈ പ്രസന്നഭാവം പ്രകൃത്യാലുള്ള ഒരു ബോധവിശേഷമാണ്. ശൈശവ സാധാരണമായ ഈ ബോധശക്തിയെ സന്ദർഭോചിതം പ്രയോഗപ്പെടുത്തുമ്പോൾ സംജാതമാകുന്നതാണ് സൗശീല്യമാകുന്ന ഈ ധാർമ്മിക ഗുണം. ഈ വിഷയത്തെക്കുറിച്ചു വിശുദ്ധ ഖുർആൻ

പറയുകയാണ്: وَقُولُوا لِلنَّاسِ حُسْنًا "നിങ്ങൾ ജനങ്ങളോടു നല്ല വാക്ക് പറയുവിൻ."(2:84)

لَا يَسْخَرْ قَوْمٌ مِّنْ قَوْمٍ عَسَىٰ أَن يَكُونُوا خَيْرًا مِّنْهُمْ وَلَا نِسَاءٌ مِّن نِّسَاءٍ عَسَىٰ أَن يَكُنَّ خَيْرًا مِّنْهُنَّ ۖ وَلَا تَلْمِزُوا أَنفُسَكُمْ وَلَا تَنَابَزُوا بِالْأَلْقَابِ ۖ......اجْتَنِبُوا كَثِيرًا مِّنَ الظَّنِّ إِنَّ بَعْضَ الظَّنِّ إِثْمٌ ۖ وَلَا تَجَسَّسُوا وَلَا يَغْتَب بَّعْضُكُم بَعْضًا ۚ.... وَاتَّقُوا اللَّهَ ۚ إِنَّ اللَّهَ تَوَّابٌ رَّحِيمٌ ﴿١٢﴾

"ഒരു ജാതിക്കാർ മറ്റൊരു ജാതിക്കാരെ പരിഹസിക്കാതിരിക്കട്ടെ; അവർ (പരിഹസിക്കപ്പെടുന്നവർ) ഒരുപക്ഷേ മറ്റവരേക്കാൾ ഉത്തമരായിരിക്കും. ചില സ്ത്രീകൾ മറ്റു സ്ത്രീകളെ പരിഹസിക്കാതിരിക്കട്ടെ; ആ പരിഹസിക്കപ്പെടുന്നവർ ഒരുപക്ഷേ മറ്റവരേക്കാൾ ഉത്തമകളായിരിക്കും. നിങ്ങൾ തമ്മിൽ തമ്മിൽ അപവദിക്കരുത്. അന്യോന്യം ഹാസ്യപ്പേരുകൾ വിളിക്കുകയുമരുത്...... ഊഹങ്ങളിൽ അധികത്തെയും വർജ്ജിക്കുവിൻ, നിശ്ചയമായും ഊഹങ്ങളിൽ ചിലത് പാപകരമാകുന്നു. നിങ്ങൾ ദോഷങ്ങളെ ചികഞ്ഞു നോക്കരുത്; നിങ്ങളിൽ ചിലർ മറ്റു ചിലരെ ദുഷിക്കുകയുമരുത്.. അല്ലാഹുവിനെ ഭയപ്പെടുവിൻ; അല്ലാഹു ആർദ്രതയുള്ളവനും കരുണാമയനുമാണ്"(49:12,13).

وَلَا تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ ۚ إِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ أُولَٰئِكَ كَانَ عَنْهُ مَسْئُولًا ﴿٣٦﴾

"നിങ്ങളുടെ പക്കൽ തെളിവില്ലാതെ നിങ്ങൾ മറ്റൊരുത്തരിലും ആരോപണം ചെയ്യരുത്. നിശ്ചയമായും ചെവിടും കണ്ണും ഹൃദയവും എല്ലാം അതിനെക്കുറിച്ചു ചോദ്യം ചെയ്യപ്പെടുന്നതായിരിക്കും"(17:37).

ദോഷത്യാഗപരമായ അഥവാ അഹിംസാത്മകമായ സ്വഭാവങ്ങളുടെ വകുപ്പിൽപ്പെട്ട സൽഗുണങ്ങളെ സംബന്ധിച്ചു പ്രതിപാദിച്ചു കഴിഞ്ഞു. ഇനി നമുക്ക് പരോപകാരാത്മക സ്വഭാവങ്ങൾ ഉൾക്കൊണ്ട രണ്ടാം വകുപ്പിൽപ്പെട്ട ധാർമ്മിക ഗുണങ്ങളുടെ വിവരണത്തിലേക്ക് പ്രവേശിക്കാം.

**ക്ഷമ:** അന്യർക്ക് നന്മ ചെയ്യുന്നതിനു പ്രസ്തുത വകുപ്പിൽ നിർദ്ദിഷ്ടമായ സൽഗുണങ്ങളിൽ ഒന്നാമത്തേത് '**അഫ്‌വ്**' അഥവാ 'ക്ഷമാഗുണം' ആകുന്നു. അതായത് കുറ്റത്തെ ക്ഷമിച്ചു കൊടുക്കുന്ന സ്വഭാവം. ദ്രോഹം ചെയ്യുന്നവൻ യഥാർത്ഥത്തിൽ കുറ്റം ചെയ്യുകയാകുന്നു. ആ കുറ്റത്തിന് അവനെ ന്യായവിധി കൊണ്ട് ശിക്ഷിപ്പിക്കുകയോ തടവിലിടുവിക്കുകയോ പിഴയിടുവിപ്പിക്കുകയോ അഥവാ സങ്കടക്കാരൻ താൻതന്നെ അവനെ ശിക്ഷിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ, അവനു കുറ്റം ക്ഷമിച്ചു കൊടുക്കുന്നതു നന്നായിരിക്കുമെങ്കിൽ, പ്രതിക്രിയയ്ക്കുള്ള അവകാശം ഉപേക്ഷിച്ചു അപ്രകാരം മാപ്പ് ചെയ്യുന്നത് പരമാർത്ഥത്തിൽ അവനു ചെയ്യുന്ന നന്മയായിരിക്കും. ഇതിനെക്കുറിച്ചു വിശുദ്ധ ഖുർആൻ നല്കുന്ന പാഠം ഇതാണ്. وَالْكٰظِمِيْنَ الْغَيْظَ وَالْعَافِيْنَ عَنِ النَّاسِ "സന്ദർഭം നോക്കി ക്രോധത്തെ അടക്കുന്നവരും ജനങ്ങൾക്ക് ക്ഷമിച്ചു കൊടുക്കുന്നവരും നന്മ ചെയ്യുന്നവരാകുന്നു"(3: 135). وَجَزٰٓؤُا سَيِّئَةٍ سَيِّئَةٌ مِّثْلُهَا ۚ فَمَنْ عَفَا وَاَصْلَحَ فَاَجْرُهٗ عَلَى اللّٰهِ "ദോഷത്തിനുള്ള പ്രതിക്രിയ തത്തുല്യമായ ശിക്ഷയാകുന്നു; എന്നാൽ, ഏതൊരുവൻ മാപ്പ് നല്കുകയും അതുവഴി നന്മ വരുത്തുകയും ചെയ്യുന്നുവോ -മാപ്പ് ചെയ്യേണ്ട ശരിയായ ഘട്ടത്തിൽ ക്ഷമിച്ചു കൊടുക്കുന്നുവോ അവനു ദൈവത്തിന്റെ പക്കൽ അതിനുള്ള പ്രതിഫലമുണ്ട്"(42:41).

കുറ്റങ്ങൾ ക്ഷമിച്ചു കൊടുക്കേണ്ടത് ഏതേതു അവസരങ്ങളിലാണെന്നതിലേക്ക് പ്രസ്തുത വാക്യങ്ങൾ ശരിയായ മാർഗ്ഗദർശനം നല്കുന്നുണ്ട്. ഏതവസരത്തിലും ഏതവസ്ഥയിലും ദുഷ്ടതയെ എതിർക്കരുതെന്നോ ദുഷ്ടരെയും അന്യായകാരികളെയും ശിക്ഷിക്കരുതെന്നോ വിശുദ്ധഖുർആൻ പഠിപ്പിക്കുന്നില്ലെന്നതു സുവ്യക്തമാണ്. മറിച്ച്, കുറ്റം ക്ഷമിച്ചു കൊടുക്കത്തക്കതോ ശിക്ഷ അർഹിക്കുന്നതോ എന്നു സന്ദർഭവും സ്ഥിതിയും നോക്കി നിർണ്ണയിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും വേണമെന്നാണ് ഖുർആൻ ഉപദേശിക്കുന്നത്. അതുകൊണ്ട് കുറ്റവാളിയുടെയും മറ്റുള്ളവരുടെയും ക്ഷേമത്തെ മുൻനിറുത്തി ഗുണകരമായ മാർഗ്ഗമേതോ അത് സ്വീകരിച്ചുകൊള്ളേണ്ടതാണ്. ചിലപ്പോൾ മാപ്പുനല്കുന്നതുമൂലം കുറ്റക്കാരൻ പൂർവ്വാധികം ദോഷം ചെയ്യുന്നതിനു ധൃഷ്ട

നായിത്തീരുന്നു. അതുകൊണ്ട്, ഔചിത്യം നോക്കാതെ അന്ധമായ നിലയിലുള്ള ക്ഷമാശീലം കൈക്കൊള്ളരുതെന്നും പൊറുത്തു കൊടുക്കുന്നതിലോ ശിക്ഷിക്കുന്നതിലോ ഏതിലാണ് യഥാർത്ഥ ത്തിൽ ഗുണമിരിക്കുന്നതെന്നു വിവേചനം ചെയ്ത് യഥാർഹം പ്രവർത്തിക്കണമെന്നുമാണ് ദൈവവാക്യം നമ്മെ ഉദ്ബോധിപ്പി ക്കുന്നത്. മനുഷ്യർ ഭിന്നസ്വഭാവക്കാരാണെന്നു പറയേണ്ടതില്ലല്ലോ. ചിലർ തങ്ങളോടെന്നല്ല, തങ്ങളുടെ പൂർവ്വ പിതാക്കളോടുപോലും ചെയ്യപ്പെട്ടിട്ടുള്ള ദോഷങ്ങൾ വിസ്മരിക്കാതെ പ്രതികാരേച്ഛുക്ക ളായിരിക്കുന്ന പ്രകാരംതന്നെ, ചിലർ കുറ്റങ്ങൾ ക്ഷമിച്ചു കൊടു ക്കുന്ന ശീലം അങ്ങേയറ്റം വളർത്തി അതിരു കവിഞ്ഞ നിലയിൽ വിനിയോഗിക്കുകയും, ചിലപ്പോൾ സ്വന്തം ഗൃഹത്തിലെ ദുഷ്ചരി തങ്ങളെപ്പോലും അവഗണിക്കുകയും ചെയ്യുന്നതായി കാണാം. ഇങ്ങനെ ലജ്ജാകരമായ തരത്തിൽ ക്ഷമാശീലവും അലക്ഷ്യഭാ വവും പ്രദർശിപ്പിക്കുകയെന്നത് സ്വാഭിമാനത്തിനും ഗൗരവത്തിനും ചാരിത്രത്തിനും ഹാനികരമാകുന്നു. ഈ അതിരുകവിഞ്ഞ ക്ഷമ യുടെ അന്ത്യഫലം ആപൽക്കരമായിരിക്കുന്നതാണ്. ഇക്കാരണം കൊണ്ടാണ് വിശുദ്ധ ഖുർആൻ സൽസ്വഭാവങ്ങൾക്കെല്ലാം സന്ദർ ഭൗചിത്യം ഒരു നിബന്ധനയായി നിശ്ചയിക്കുകയും, അസ്ഥാനത്തു പ്രകടിപ്പിക്കപ്പെടുന്ന സ്വഭാവത്തെ സൽസ്വഭാവമായി അംഗീകരി ക്കാതിരിക്കുകയും ചെയ്യുന്നത്. യുക്തായുക്തവിചാരം കൂടാതെ യുള്ള ക്ഷമാദാനം ശിശുക്കളിൽപ്പോലും കാണാവുന്ന സഹജഭാ വമായതിനാൽ അതിനെ ധാർമ്മിക ഗുണമായി ഗണിക്കാവുന്നത ല്ലെന്നത് അനുസ്മരണീയമാണ്. ശിശു തന്റെ നേർക്കു മനഃപൂർവ്വം ദ്രോഹം പ്രവർത്തിച്ചവന്റെ അടുക്കൽപോലും അല്പസമയത്തി നകം സംഭവമെല്ലാം മറന്ന് സ്നേഹപൂർവ്വം അണയുന്നത് നാം കാണാറുണ്ടല്ലോ. ആ ദ്രോഹി കുട്ടിയെ വധിക്കുവാൻ ഒരുമ്പെട്ടവ നായാൽക്കൂടിയും അത് അവന്റെ മധുരവാക്കിൽ സന്തുഷ്ടിപ്പെ ടുക തന്നെ ചെയ്യുന്നു. ഇങ്ങനെയുള്ള ദ്രോഹ വിസ്മൃതിയെ ഒരു പ്രകാരത്തിലും സൽഗുണമായി കരുതാവുന്നതല്ല. ഈ ഗുണം സ്ഥാനാസ്ഥാന വിവേചനം ചെയ്ത് പ്രകടിപ്പിക്കുമ്പോൾ മാത്ര മാണ് സൽസ്വഭാവമായിത്തീരുന്നത്. അല്ലാത്തപക്ഷം അതു പ്രകൃ ത്യാലുള്ള ഒരു സ്വഭാവം മാത്രമേ ആയിരിക്കുന്നുള്ളൂ. പ്രകൃത്യാ ലുള്ള ശീലവും സൽഗുണവും തമ്മിൽ തിരിച്ചറിയുന്നതിനു കഴി വുള്ളവർ ലോകത്തിൽ നന്നേ കുറവാണെന്നു വേണം പറയാൻ.

യഥാർത്ഥ സൽഗുണം സ്ഥലസന്ദർഭങ്ങളുടെ ഔചിത്യത്തോടുകൂടി വെളിപ്പെടുന്നതും പ്രകൃത്യാലുള്ള ശീലം യുക്തായുക്ത വിചാരം കൂടാതെ സ്വാഭാവിക പ്രേരണയനുസരിച്ച് വെളിപ്പെടുന്നതുമാണെന്നുള്ളതാണ് രണ്ടിനും തമ്മിലുള്ള വ്യത്യാസം. താഴ്ന്നതരം ജന്തുക്കളുടെ ഇടയിൽ നിരുപദ്രവികളും അങ്ങോട്ടുപദ്രവിച്ചാൽക്കൂടി എതിർക്കാത്തതുമായ നിരവധി ജീവികളെ കാണാം. ഉദാഹരണമായി പശുവിനെ നിരുപദ്രവിയെന്നും ആടിനെ സൗമ്യപ്രകൃതിയെന്നും പറയാവുന്നതാണ്. എന്നാൽ, അവയ്ക്ക് ഔചിത്യാനൗചിത്യങ്ങളെ വകതിരിച്ചറിയാനുള്ള വിവേകമില്ലാത്തതിനാൽ അവയുടെ ഈദൃശ പ്രകൃതത്തെ സൽഗുണമായി വിചാരിക്കാനാവുന്നതല്ല. ദൈവത്തിന്റെ സത്യവേദഗ്രന്ഥമായ വിശുദ്ധ ഖുർആൻ എല്ലാ സൽഗുണത്തിനും സന്ദർഭൗചിത്യം അനുപേക്ഷണീയമായ നിബന്ധനയായി നിശ്ചയിച്ചിരിക്കുന്നുവെന്നത് അവിസ്മരണീയമാണ്.

**ഉപകാരശീലം:** പരോപകാരാത്മക സ്വഭാവവകുപ്പിൽപ്പെട്ട രണ്ടാമത്തെ സൽഗുണം അറബിയിൽ '**അദ്ല്**' എന്നു പറയുന്ന 'പ്രത്യുപകാരവും' മൂന്നാമത്തേത് '**ഇഹ്സാൻ**' എന്ന 'സഹായോപകാരവും' നാലാമത്തേത് '**ഈത്തായിദിൽ ഖുർബാ**' اِيْتَآئِ ذِى الْقُرْبٰى അഥവാ 'ബന്ധുസ്നേഹപരമായ ഉപകാരവും' ആകുന്നു. ഇതുസംബന്ധമായി വിശുദ്ധഖുർആൻ പറയുന്നതിതാണ്:

اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَالْاِحْسَانِ وَاِيْتَآئِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَالْمُنْكَرِ وَالْبَغْىِ

"നന്മയ്ക്കു പകരം നന്മ ചെയ്യാനും പ്രത്യുപകാരത്തിൽ കവിഞ്ഞ് നന്മ ചെയ്യുവാനുമുള്ള അവസരത്തിൽ സഹായോപകാരം ചെയ്യുവാനും സഹായോപകാരത്തിൽ കവിഞ്ഞ് ബന്ധുത്വപരമായ അനുകമ്പ കാണിക്കേണ്ട ഘട്ടത്തിൽ സ്നേഹാവേശത്തോടെ സൗജന്യദാനം ചെയ്യുവാനും ദൈവം നിങ്ങളോട് ആജ്ഞാപിക്കുന്നു; നീതി ധർമ്മത്തിന്റെ സീമയെ ലംഘിക്കുന്നതിനെയും പരോപകാര വിഷയത്തിൽ ബുദ്ധി നിരാകരിക്കുന്ന അനാശാസ്യമായ നില കൈക്കൊള്ളുന്നതിനെയും (അതായത്, അപാത്രത്തിൽ നന്മ ചെയ്യുന്നതിനു ഉൽസുകതയോ സൽപാത്രത്തിൽ നന്മ ചെയ്യുന്നതിനു

ഉപേക്ഷയോ കാണിക്കുന്നതിനെയും) ബന്ധുതാപരമായ അനുകമ്പ കാണിക്കേണ്ട സ്ഥാനത്ത് സ്നേഹാവേശത്തോടുകൂടിയ സൗജന്യോപകാരം ചെയ്യുന്നതിൽ കുറവു വരുത്തുകയോ അതിരു കവിഞ്ഞ ആർദ്രതാ ശീലം പ്രകടിപ്പിക്കുകയോ ചെയ്യുന്നതിനെയും അവൻ വിരോധിക്കുകയും ചെയ്യുന്നു"(16:91).

ഈ വിശുദ്ധവാക്യം ഉപകാരധർമ്മത്തിന്റെ ദശാവിശേഷങ്ങളെയാണ് പ്രതിപാദിക്കുന്നത്. ഒന്നാമത്തേത്, നന്മക്കുപകരം നന്മ ചെയ്യുക എന്ന പ്രത്യുപകാരശീലം. ഇത് താഴ്ന്ന പടിയിലുള്ള ഗുണമാണ്. തനിക്കുപകാരം ചെയ്തയാൾക്ക് നന്മ ചെയ്യുക എന്ന പ്രത്യുപകാരശീലം അന്യന്റെ ഉപകാരത്തെ മതിക്കുവാൻ കഴിയുന്ന സാധാരണക്കാരനുപോലും സമ്പാദിക്കുവാൻ സാധിക്കുന്നതാണ്. ഇതിലും കൂടുതൽ പ്രയാസമുള്ള ഘട്ടമാണ് രണ്ടാമത്തെ നിലയിലുള്ള സഹായോപകാരം. പ്രത്യുപകാര നിലയ്ക്കല്ലാതെ അന്യനു ഉപകാരം ചെയ്യുകയും ഒരു കടപ്പാടും ഇല്ലാതിരിക്കെ മറ്റുള്ളവർക്ക് ഗുണം വരുത്തുകയും ചെയ്യുക എന്ന ശീലം ശ്ലാഘനീയമാണെങ്കിലും മദ്ധ്യനിലയിലുള്ളതാണ്. അധികമാളുകളും സാധുജനത്തിനു സഹോയോപകാരം ചെയ്യുന്നുണ്ടെങ്കിലും ആ സഹായത്തിൽ ഒരു ന്യൂനത മറഞ്ഞു കിടക്കുന്നതായി കാണാം. സഹായം ചെയ്തയാൾ താൻ ഉപകാരം ചെയ്തുവെന്നു ഭാവിക്കുകയോ, അതിനുപകരമായി കുറഞ്ഞപക്ഷം നന്ദിഭാവമോ പ്രാർത്ഥനയോ മറ്റവനിൽ നിന്നു പ്രതീക്ഷിക്കുകയോ, തന്റെ ഉപകാരത്തിനു കടപ്പെട്ട മനുഷ്യൻ എപ്പോഴെങ്കിലും തനിക്കെതിരായി വർത്തിക്കുന്ന പക്ഷം അവനെ ഉപകാര സ്മരണയില്ലാത്തവനെന്നും കൃതഘ്നനെന്നും പേരുവിളിക്കുകയോ ചെയ്യുന്നു. അയാൾ ചിലപ്പോൾ താൻ ചെയ്ത ഉപകാരം ഹേതുവായി കടപ്പെട്ട മനുഷ്യന്റെമേൽ ദുർവ്വഹമായ ഭാരം ചുമത്തുകയും തന്റെ ഉപകാരത്തെക്കുറിച്ചു അവനെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ഈ ന്യൂനതയെ പരിഹരിക്കുന്നതിനായിട്ടാണ് വിശുദ്ധ ഖുർആൻ ഉപകാരകാരികളെ ഇപ്രകാരം ഗുണദോഷിക്കുന്നത്: لَا تُبْطِلُوا صَدَقَٰتِكُم بِٱلْمَنِّ وَٱلْأَذَىٰ "അല്ലയോ ഗുണകാരികളേ! നിഷ്കളങ്കതയെ ആസ്പദിച്ചായിരിക്കേണ്ടുന്ന നിങ്ങളുടെ ദാനധർമ്മങ്ങളെ, നിങ്ങൾ സഹായിച്ചവരെ ഉപകാര ബാദ്ധ്യതകളെക്കുറിച്ച് ഓർമ്മപ്പെടുത്തിയതും അവരെ ദ്രോഹിച്ചും നിഷ്ഫലമാക്കരുത്"(2:265). ഈ വാക്യത്തിൽ 'ദാനധർമ്മം' എന്നു

പരിഭാഷപ്പെടുത്തിയിരിക്കുന്ന '**സ്വദഖ**' എന്ന മൂലപദം 'നിഷ്കള ങ്കത' എന്നർത്ഥമുള്ള '**സ്വിദ്ഖ്**' എന്ന വാക്കിൽ നിന്നുല്പന്നമായ താണ്. തന്മൂലം നിഷ്ക്കപടവും നിഷ്കളങ്കവുമായ ഹൃദയ ത്തോടുകൂടി ചെയ്യുന്ന സഹായോപകാരം മാത്രമെ യഥാർത്ഥ ധർമ്മമായിരിക്കുകയുള്ളൂ; അല്ലാത്തതെല്ലാം വെറും അഭിനയമത്രെ. ചുരുക്കത്തിൽ പരോപകാരി ചിലപ്പോൾ തന്റെ ഉപകാരത്തെക്കു റിച്ച് എടുത്ത് പറയുന്നത് വലുതായ ന്യൂനതയായിരിക്കുന്നതിനാ ലാണ് അതിനെപ്പറ്റി വിശുദ്ധഖുർആൻ പ്രത്യേകിച്ചും ഗുണദോ ഷിച്ചിരിക്കുന്നത്.

പരോപകാരതയുടെ മൂന്നാമത്തെ നില, ഉപകാരം ചെയ്യുക യാണെന്നുള്ള വിചാരവും കൃതജ്ഞതാപ്രതീക്ഷയും കൂടാതെ അനുകമ്പാവേശത്തോടുകൂടി, ഏറ്റവുമടുത്ത ബന്ധു ക്കൾക്കെന്നപോലെ അന്യർക്ക് നന്മ ചെയ്യുകയാകുന്നു. അതായത് മാതാവ് സ്വന്തം മക്കൾക്ക് വാത്സല്യാതിരേകത്താൽ ഫലകാംക്ഷ കൂടാതെ നന്മ ചെയ്യുന്നതുപ്രകാരം അന്യർക്കുപകാരം ചെയ്യുക തന്നെ. ഇത് പരോപകാരതയുടെ പരമമായ നിലയാകുന്നു. ഇതി നപ്പുറം കയറിച്ചെല്ലുവാൻ മനുഷ്യന് സാദ്ധ്യമല്ല. ഇതിനാണ് 'ഈത്തായിദിൽഖുർബാ' (ബന്ധുക്കൾക്കെന്നപോലെ സൗജന്യ സഹായം ചെയ്യുക) എന്നു പേർ ചെയ്തിരിക്കുന്നത്. എന്നാൽ, പരോപകാര ധർമ്മത്തിന്റെ താഴ്ന്നപടിതൊട്ട് പരമമായ ഉയർന്ന പടിവരെയുള്ള സകലശാഖകളും സന്ദർഭൗചിത്യവുമായി ബന്ധി പ്പിക്കപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ നന്മകളെല്ലാം അതതുകളുടെ സ്ഥാനൗചിത്യം നോക്കി ചെയ്യാത്തപക്ഷം തിന്മകളായിത്തീരുന്ന താണെന്നു പ്രസ്തുത ഖുർആൻ വാക്യം നല്ലപോലെ വ്യക്തമാ ക്കിത്തരുന്നുണ്ട്. അതായത് പ്രയോഗപാത്രത്തിന്റെ അനൗചിത്യം നിമിത്തം 'അദ്ല്' അഥവാ 'പ്രത്യുപകാരം' എന്ന ധർമ്മം '**ഫഹ്ശാ അ്**' അഥവാ 'അസഭ്യത' ആയി പരിണമിക്കുന്നതാണ്. അതേപ്ര കാരം 'ഇഹ്സാൻ' അഥവാ 'സഹായോപകാരം' അനുചിതമായ നിലയിൽ ചെയ്യപ്പെടുന്നതായാൽ '**മുൻകർ**' അഥവാ 'ഹീനകൃത്യ' മായിത്തീരും. അതായത് മനസ്സാക്ഷി വെറുക്കുന്നതും ബുദ്ധി നിരാ കരിക്കുന്നതുമായ നിന്ദ്യകൃത്യമായിത്തീരുന്നതായിരിക്കും. 'ഈത്തായിദിൽഖുർബാ' അഥവാ 'ബന്ധുസ്നേഹം' കൊണ്ടെന്ന പോലെ ചെയ്യപ്പെടുന്ന സൗജന്യോപകാരം അസ്ഥാനത്തിലാകു

മ്പോൾ അത് 'ബഗ്‌യ്' അഥവാ 'അതിക്രമം' ആയിത്തീരുന്നതാണ് '**ബഗ്‌യ്**' എന്ന വാക്കിന്റെ ധാത്വാർത്ഥം വിളവുകളുടെ നാശത്തിനു കാരണമാക്കുന്ന 'അതിവൃഷ്ടി' എന്നാകുന്നു. അതിനാൽ, കർത്തവ്യ നിർവ്വഹണത്തിൽ അമിതത്വമോ ന്യൂനത്വമോ ആയ നില സ്വീകരിക്കുന്നത് 'ബഗ്‌യ്' (അതിക്രമം) ആയിത്തീരുന്നതാണ്. ചുരുക്കിപ്പറയുന്നതായാൽ, പ്രസ്തുത മൂന്നു നിലകളിലുള്ള നന്മകളും, അസ്ഥാനങ്ങളിലും അപാത്രങ്ങളിലും ചെയ്യപ്പെടുമ്പോൾ ദോഷങ്ങളായി പരിണമിക്കും. അതുകൊണ്ടാണ് ഈ ഗുണകർമ്മങ്ങളോടു സന്ദർഭൗചിത്യത്തെ അവശ്യനിബന്ധനയായി നിശ്ചയിച്ചിരിക്കുന്നത്. ഈ ഔചിത്യ ദീക്ഷ കൂടാതെയുള്ള കേവലമായ പ്രത്യുപകാരമോ സഹായോപകാരമോ ബന്ധുതാപരമായ സൗജന്യോപകാരമോ ധാർമ്മിക ഗുണമായി പരിഗണിക്കപ്പെടാവുന്നതല്ല. എന്തെന്നാൽ, ഈ ഗുണങ്ങളെല്ലാം വിവേകബുദ്ധി പക്വമാകുന്നതിനു മുമ്പേ ശിശുക്കളിൽപോലും സ്വാഭാവികബോധങ്ങളുടെ രൂപത്തിൽ സ്ഥിതി ചെയ്യുന്നവയാണ്. അവ ധാർമ്മിക ഗുണങ്ങളായിത്തീരുന്നതിനു വിവേകബുദ്ധിയുടെ വ്യാപരത്തോടുകൂടി അവ വെളിപ്പെടേണ്ടിയിരിക്കുന്നു. അപ്പോൾ പ്രകൃതിശക്തികളോരോന്നും വിവേചനബുദ്ധിയുടെ പ്രകാശത്തിൽ സ്ഥാനാസ്ഥാന വിചാരത്തോടെ വ്യാപരിക്കപ്പെടുമ്പോഴാണ് സൽഗുണമായി പരിണമിക്കുന്നത്.

ഇനിയും വിശുദ്ധഖുർആൻ 'ഇഹ്സാൻ' എന്ന സഹായോപകാരത്തെ സംബന്ധിച്ച് അത്യാവശ്യകങ്ങളായ വേറെയും ഉപദേശങ്ങൾ നല്കുന്നുണ്ട്. ഈ നിർദ്ദേശങ്ങളിലെല്ലാം നിർദ്ധാരണദ്യോദകമായ '**അലിഫ് ലാം**' ഉപയോഗിച്ചുകൊണ്ടു ഔചിത്യ വിവേചനത്തെ നിഷ്കർഷിക്കുന്നുമുണ്ട്. ഖുർആൻ പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا أَنفِقُوا مِن طَيِّبَاتِ مَا كَسَبْتُمْ....
وَلَا تَيَمَّمُوا الْخَبِيثَ مِنْهُ

''അല്ലയോ വിശ്വാസികളേ! നിങ്ങൾ ന്യായമായി ആർജ്ജിച്ച (മോഷണം, കൈക്കൂലി, വിശ്വാസവഞ്ചന, അപഹരണം എന്നീ വഴികളിലോ അന്യായമായ മറ്റേതെങ്കിലും മാർഗ്ഗത്തിലോ സമ്പാദിച്ചതൊന്നും കലരാത്ത) മുതലുകളിൽ നിന്നും ദാനധർമ്മമായോ സഹായോപകാരമായോ ലോകർക്ക് നല്കുവിൻ...... അന്യായമായ സമ്പാദ്യത്തിൽനിന്നു ദാനം ചെയ്യാനുള്ള വിചാരം നിങ്ങളുടെ ഹൃദ

യത്തിൽനിന്നു ദൂരീഭവിക്കട്ടെ''(2:268).

لَا تُبْطِلُوا صَدَقٰتِكُمْ بِالْمَنِّ وَالْاَذٰى ۙ كَالَّذِىْ يُنْفِقُ مَالَهٗ رِئَآءَ النَّاسِ "നിങ്ങളുടെ ദാനധർമ്മങ്ങളെ ഉപകാരബാദ്ധ്യതകൊണ്ടും ദ്രോഹംകൊണ്ടും നിങ്ങൾ നിഷ്ഫലമാക്കിത്തീർക്കാതിരിക്കുവിൻ. (അതായത്, നിങ്ങൾ സഹായിച്ചിട്ടുള്ളവരെ നിങ്ങളുടെ ഉപകാരത്തെക്കുറിച്ചു അനുസ്മരിപ്പിക്കുകയോ മറ്റുവിധത്തിൽ അവരെ അസഹ്യപ്പെടുത്തുകയോ അരുത്; അങ്ങനെ ചെയ്യുന്നതായാൽ നിങ്ങളുടെ സഹായോപകാരം ഫലശൂന്യമായി ഭവിക്കുന്നതാണ്); അന്യർ കാണുന്നതിനു വേണ്ടി ചെലവ് ചെയ്യുന്ന നില നിങ്ങൾ സ്വീകരിക്കരുത്'' (2:265). اَحْسِنُوْا ۚ اِنَّ اللّٰهَ يُحِبُّ الْمُحْسِنِيْنَ ﴿١٩٦﴾ "നിങ്ങൾ സൃഷ്ടികൾക്ക് നന്മ ചെയ്യുവിൻ; ദൈവം നന്മ ചെയ്യുന്ന സുകൃതരെ പ്രീതിപ്പെടുന്നു.''(2:196) اِنَّ الْاَبْرَارَ يَشْرَبُوْنَ مِنْ كَاْسٍ كَانَ مِزَاجُهَا كَافُوْرًا ۚ ﴿٦﴾ "യഥാർത്ഥ നിലയിൽ നന്മ ചെയ്യുന്ന സുകൃതർ കർപ്പൂരത്തിന്റെ ചേരുവയോടുകൂടിയ പാനപാത്രത്തിൽനിന്നു കുടിക്കുന്നതായിരിക്കും''(76:6). അതായത് പ്രാപഞ്ചികമായ ആധികളും ദുഃഖങ്ങളും അശുഭാഗ്രഹങ്ങളുമെല്ലാം അവരുടെ ഹൃദയത്തിൽനിന്നും ദൂരപ്പെടുന്നതാകുന്നു. 'കർപ്പൂരം' അഥവാ 'കാഫൂർ' كَافُوْر എന്ന അറബിപദം 'അടയ്ക്കുക' എന്നും 'മൂടുക' എന്നും അർത്ഥമായ '**കഫർ**' എന്ന വാക്കിൽനിന്നു വ്യുൽപ്പന്നമായതാണ്. തന്മൂലം, ഈ കർപ്പൂരപാനീയാസ്വാദനത്തിന്റെ താൽപര്യം, അവരുടെ അനുചിതങ്ങളായ വികാരങ്ങൾ നിയന്ത്രിക്കപ്പെടുകയും അവരുടെ ഹൃദയങ്ങളിൽ നിന്ന് അശുദ്ധതകളെല്ലാം അകറ്റപ്പെടുകയും ദൈവജ്ഞാനമാകുന്ന കുളിർമ്മകൊണ്ട് അവർ ശീതളമാക്കപ്പെടുകയും ചെയ്യുന്നതാണെന്നാകുന്നു. ഖുർആൻ തുടർന്നു പറയുന്നു:

عَيْنًا يَّشْرَبُ بِهَا عِبَادُ اللّٰهِ يُفَجِّرُوْنَهَا تَفْجِيْرًا ﴿٧﴾ "ആ സുകൃതരായുള്ള ദൈവദാസർ തങ്ങൾ ഇപ്പോൾ സ്വകരങ്ങളാൽ വെട്ടിയുണ്ടാക്കുന്ന ഊറ്റിൽനിന്നു ന്യായവിധിനാളിൽ പാനം ചെയ്യുന്നതായിരിക്കും''(76:7). ഈ വാക്യം സ്വർഗ്ഗത്തെ സംബന്ധിച്ച പരമാർത്ഥതത്ത്വം അന്തർവഹിക്കുന്നതായ ഒരു രഹസ്യത്തെയാണ് പ്രകാശിപ്പിക്കുന്നത്. ഗ്രഹിക്കുവാൻ മനസ്സുള്ളവർ ഗ്രഹിച്ചു കൊള്ളട്ടെ. ഇനിയും, വിശുദ്ധ ഖുർആൻ പ്രസ്തുത വാക്യങ്ങളെ തുടർന്നു പറയുന്നു:

وَيُطْعِمُونَ الطَّعَامَ عَلَىٰ حُبِّهِ مِسْكِينًا وَيَتِيمًا وَأَسِيرًا ۝ إِنَّمَا نُطْعِمُكُمْ
لِوَجْهِ اللَّهِ لَا نُرِيدُ مِنكُمْ جَزَاءً وَلَا شُكُورًا ۝

''സുകൃതർ ദൈവത്തോടുള്ള പ്രേമത്താൽ തങ്ങൾ ഇഷ്ടപ്പെടുന്ന ആഹാരം പാവങ്ങൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും നല്കുകയും നിങ്ങളുടെമേൽ ഞങ്ങൾ ഒരു ബാധ്യതയും ചുമത്തുന്നില്ല, എന്നാൽ, ഇതു ദൈവം ഞങ്ങളോട് സന്തുഷ്ടനായി ഭവിക്കുന്നതിനു ഞങ്ങൾ അവന്റെ തിരുമുഖത്തിനായിക്കൊണ്ട് ചെയ്യുന്ന ഒരു ശുശ്രൂഷയാകുന്നു, നിങ്ങളുടെ പക്കൽനിന്നു ഞങ്ങൾ പ്രതിഫലമോ നന്ദിയോ ആഗ്രഹിക്കുന്നില്ല എന്നു പറയുകയും ചെയ്യുന്നു''(76:7). ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നത് പരോപകാരതൽപരതയുടെ മൂന്നാമത്തെ നില ഇപ്രകാരം പ്രതിഫലേച്ഛ കൂടാതെ ബന്ധുതാപരമായ അനുകമ്പാവേശം മൂലം ചെയ്യപ്പെടുന്ന തരത്തിലായിരിക്കണമെന്നാണ്. വീണ്ടും വിശുദ്ധഖുർആൻ നല്കുന്ന പാഠമിതാണ്:

وَآتَى الْمَالَ عَلَىٰ حُبِّهِ ذَوِي الْقُرْبَىٰ وَالْيَتَامَىٰ وَالْمَسَاكِينَ وَابْنَ السَّبِيلِ
وَالسَّائِلِينَ وَفِي الرِّقَابِ

"യഥാർത്ഥ സദ്ധർമ്മികൾ ദൈവേഷ്ടത്തിനുവേണ്ടി തങ്ങളുടെ മുതലുകൾകൊണ്ടു ബന്ധുക്കളെ സഹായിക്കുകയും അനാഥകുട്ടികളുടെ സംരക്ഷയ്ക്കും വിദ്യാഭ്യാസത്തിനും ഏർപ്പാടു ചെയ്തുകൊടുക്കുകയും അഗതികളെയും ദരിദ്രരെയും പട്ടിണിയിൽനിന്നു സംരക്ഷിക്കുകയും വഴിപോക്കരെ ശുശ്രൂഷിക്കുകയും യാചകരെ സഹായിക്കുകയും അടിമകളെയും ഋണബാധിതരെയും മോചിപ്പിക്കുകയും ചെയ്യുന്നു"(2:178).

وَالَّذِينَ إِذَا أَنفَقُوا لَمْ يُسْرِفُوا وَلَمْ يَقْتُرُوا وَكَانَ بَيْنَ ذَٰلِكَ قَوَامًا ۝ "അവർ ചെലവ് ചെയ്യുന്നതിൽ അമിതത്വം കാണിക്കുകയോ ലുബ്ധ് പിടിക്കുകയോ ചെയ്യാതെ മദ്ധ്യനിലയെ അവലംബിക്കുന്നവരാണ്"(25:68).

وَالَّذِينَ يَصِلُونَ مَا أَمَرَ اللَّهُ بِهِ أَن يُوصَلَ وَيَخْشَوْنَ رَبَّهُمْ
وَيَخَافُونَ سُوءَ الْحِسَابِ ۝

"ചേർക്കപ്പെടുവാൻ അല്ലാഹു വിധിച്ചിരിക്കുന്നതിനെ അവർ

ചേർക്കുകയും, തങ്ങളുടെ രക്ഷിതാവായ ദൈവത്തെ ഭയപ്പെടുകയും ആപൽക്കരമായ കണക്കെടുപ്പിനെക്കുറിച്ചു ഭീതിപ്പെടുകയും ചെയ്യുന്നു"(13:22). وَفِيٓ أَمۡوَٰلِهِمۡ حَقّٞ لِّلسَّآئِلِ وَٱلۡمَحۡرُومِ ۝١٩ "അവരുടെ മുതലുകളിൽ ചോദിക്കുന്നവർക്കും ചോദിക്കാൻ വയ്യാത്തവർക്കും അവകാശപ്പെട്ട ഓഹരിയുണ്ട്"(51:20). ഇവിടെ 'വയ്യാത്തവർ' എന്നതുകൊണ്ടുള്ള വിവക്ഷിതത്തിൽ നായ, പൂച്ച, കാള, കഴുത, ആട് മുതലായ ഇതര ജീവികളും ഉൾപ്പെടുന്നു.

ٱلَّذِينَ يُنفِقُونَ فِي ٱلسَّرَّآءِ وَٱلضَّرَّآءِ "അവർ ശുഭാവസ്ഥയിലും സുഭിക്ഷതയിലും ആയിരിക്കുമ്പോഴെന്നപോലെ അരിഷ്ടതയിലും ദുർഭിക്ഷതയിലും തങ്ങളുടെ ശക്തിക്കടുത്തവണ്ണം ദാനധർമ്മം ചെയ്യുന്നു"(3:135). وَأَنفَقُواْ مِمَّا رَزَقۡنَٰهُمۡ سِرّٗا وَعَلَانِيَةٗ "അവർ ചിലപ്പോൾ രഹസ്യമായും ചിലപ്പോൾ പരസ്യമായും ധർമ്മം കൊടുക്കുന്നു"(13:23). രഹസ്യമായി ചെയ്യുന്നത് നാട്യം ഉണ്ടാകാതിരിക്കാനും, പരസ്യമായി ചെയ്യുന്നത് മറ്റുള്ളവരെ പ്രേരിപ്പിക്കാനും വേണ്ടിയത്രെ.

إِنَّمَا ٱلصَّدَقَٰتُ لِلۡفُقَرَآءِ وَٱلۡمَسَٰكِينِ وَٱلۡعَٰمِلِينَ عَلَيۡهَا وَٱلۡمُؤَلَّفَةِ قُلُوبُهُمۡ
وَفِي ٱلرِّقَابِ وَٱلۡغَٰرِمِينَ وَفِي سَبِيلِ ٱللَّهِ وَٱبۡنِ ٱلسَّبِيلِۖ فَرِيضَةٗ مِّنَ ٱللَّهِۗ
وَٱللَّهُ عَلِيمٌ حَكِيمٞ ۝٦٠

"ദാനധർമ്മങ്ങൾ ദരിദ്രരെയും അഗതികളെയും സഹായിക്കുന്നതിനും ധർമ്മമുതലിന്റെ സ്വരൂപണം തുടങ്ങിയുള്ള കാര്യങ്ങളുടെ നിർവാഹകർക്ക് പ്രതിഫലം കൊടുക്കുന്നതിനും ദോഷവലയത്തിൽപ്പെട്ടവരെ അതിൽനിന്ന് രക്ഷപ്പെടുത്തുന്നതിനും അടിമകളെ മോചിപ്പിക്കുന്നതിനും കടപ്പെട്ടവരെയും ആപത്തിലകപ്പെട്ടവരെയും സഹായിക്കുന്നതിനും ദൈവത്തിനു മാത്രമായുള്ള മറ്റു വഴികളിലും യാത്രക്കാരെ സഹായിക്കുന്നതിനും വ്യയം ചെയ്യപ്പെടേണ്ടതാണ്. ഇത് ദൈവത്തിന്റെ പക്കൽനിന്നുള്ള കർത്തവ്യാജ്ഞയാകുന്നു. ദൈവം ഏറ്റവും അറിയുന്നവനും അഗാധജ്ഞനുമത്രെ" (9:60).

لَن تَنَالُواْ ٱلۡبِرَّ حَتَّىٰ تُنفِقُواْ مِمَّا تُحِبُّونَۚ "നിങ്ങൾ പ്രീതിപ്പെടുന്ന നിങ്ങളുടെ മുതലുകൾ സഹജീവികളുടെ സഹായത്തിനു ചെലവു ചെയ്യുന്നതുവരെ നിങ്ങൾ സൽഗതി പ്രാപിക്കുകയില്ല"(3:93).

وَءَاتِ ذَا ٱلۡقُرۡبَىٰ حَقَّهُۥ وَٱلۡمِسۡكِينَ وَٱبۡنَ ٱلسَّبِيلِ وَلَا تُبَذِّرۡ تَبۡذِيرًا ۝٢٦ "ബന്ധു

ക്കൾക്ക് അവരുടെ അവകാശം നല്കുക; അപ്രകാരംതന്നെ ദരിദ്രർക്കും അഗതികൾക്കും ദാനം ചെയ്യുക; യാത്രക്കാരെ ശുശ്രൂഷിക്കുകയും ചെയ്യുക; എന്നാൽ, ദുർവ്യയം മുഖേന ധനം നശിപ്പിക്കരുത്"(17:27). അതായത് വിവാഹാദിയന്തരങ്ങൾക്കും ആഡംബരങ്ങൾക്കും സന്താനോത്ഭവവേളയിലെ ആചാരമര്യാദകൾക്കുമായി ചെയ്യപ്പെടുന്ന പാഴ്ച്ചെലവിൽനിന്നു അകന്നിരിക്കുക.

وَّبِالْوَالِدَيْنِ اِحْسَانًا وَّبِذِى الْقُرْبٰى وَالْيَتٰمٰى وَالْمَسٰكِيْنِ وَالْجَارِ ذِى
الْقُرْبٰى وَالْجَارِ الْجُنُبِ وَالصَّاحِبِ بِالْجَنْۢبِ وَابْنِ السَّبِيْلِ ۙ وَمَا مَلَكَتْ
اَيْمَانُكُمْ ؕ اِنَّ اللّٰهَ لَا يُحِبُّ مَنْ كَانَ مُخْتَالًا فَخُوْرَا ۙ ﴿۳۶﴾ الَّذِيْنَ يَبْخَلُوْنَ وَيَاْمُرُوْنَ
النَّاسَ بِالْبُخْلِ وَيَكْتُمُوْنَ مَاۤ اٰتٰىهُمُ اللّٰهُ مِنْ فَضْلِهٖ ؕ

"നിങ്ങൾ മാതാപിതാക്കൾക്ക് നന്മ ചെയ്യുക, അപ്രകാരം ബന്ധുക്കൾക്കും അനാഥകുട്ടികൾക്കും അഗതികൾക്കും ബന്ധുക്കളായ അയൽക്കാർക്കും ബന്ധുക്കളല്ലാത്ത അയൽക്കാർക്കും സഹയാത്രികർക്കും പഥികർക്കും നിങ്ങളുടെ അധികാരത്തിലുള്ള ദാസഭൃത്യാദികൾക്കും കുതിര, ആട്, പശു മുതലായ മൃഗങ്ങൾക്കുമെല്ലാം ഉപകാരം ചെയ്യുക. ഈ ശീലം ദൈവത്തിനു പ്രിയങ്കരമാകുന്നു. അവൻ നിശ്ചയമായും ഗർവ്വിഷ്ഠരെയും സ്വാർത്ഥികളെയും സ്നേഹിക്കുന്നില്ല. ലുബ്ധ് കാട്ടുന്നവരെയും ജനങ്ങൾക്കു ലുബ്ധത പഠിപ്പിക്കുന്നവരെയും പാവങ്ങളോട് തങ്ങളുടെ പക്കൽ ഒന്നുമില്ലെന്ന് പറഞ്ഞ് ധനത്തെ മറച്ചു വെക്കുന്നവരെയും ദൈവം പ്രീതിപ്പെടുന്നില്ല"(4:37,38).

**ധൈര്യം:** '**ശുജാഅത്ത്**' അഥവാ 'ധൈര്യം' എന്ന സൽഗുണത്തോടു സാദൃശ്യമുള്ള ഒരു ശക്തിവിശേഷം മനുഷ്യപ്രകൃതിയിൽ അന്തർഭൂതമായിട്ടുണ്ട്. ഈ അന്തശ്ശക്തിയുടെ പ്രേരണയാലാണ് ശിശു ചിലപ്പോൾ കത്തിയാളുന്ന തീയിൽ കൈയിടുവാൻ മുതിരുന്നത്. വിവേകബുദ്ധിയുടെ അഭാവത്താൽ ശിശുവിൽ ഈ സഹജാതശക്തി മികച്ചു നില്ക്കുകയും, തന്മൂലം ഭയത്തിന്റെ അനുഭവമാതൃകകൊണ്ടല്ലാതെ ശിശു ഒന്നിനെയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നു. ഈ പ്രാകൃത ഘട്ടത്തിൽ മനുഷ്യൻ വ്യാഘ്രാദി ഹിംസ്രജന്തുക്കളോടുപോലും നിർഭയം എതിർക്കുകയും ശൗര്യം പ്രകടിപ്പിക്കുകയും ചെയ്യുന്നു. അപ്രകാരംതന്നെ അനേകംപേരോട്

ഏകനായി പൊരുതുന്നതിന് അവൻ നിശ്ശങ്കം തുനിയുകയും ചെയ്യു ന്നു. അപ്പോഴാണ് കാണികൾ അവനെ ധീരോദാത്തനായി കണ ക്കാക്കുന്നത്. എന്നാൽ, ഇത് കേവലം പ്രാകൃതാവസ്ഥയാകുന്നു. ഹിംസ്ര മൃഗങ്ങളിലെന്നു മാത്രമല്ല, നായ്ക്കളിൽപോലും കാണാ വുന്ന ജന്തുധർമ്മം മാത്രമാണിത്. ഈ പ്രകൃതിശക്തിയെ വിവേക ബുദ്ധിയുടെ പ്രകാശത്തിൽ ഔചിത്യ ചിന്തയോടുകൂടി പ്രകടിപ്പി ക്കുമ്പോഴാണ് യഥാർത്ഥമായ ധൈര്യം അഥവാ 'ശുജാഅത്ത്' ആയിത്തീരുന്നത്. ഇങ്ങനെ, സ്ഥല സന്ദർഭങ്ങളുടെ ഔചിത്യം നോക്കി പ്രകാശിപ്പിക്കപ്പെടുന്ന ധൈര്യം ഉൽക്കൃഷ്ടമായ സൽസ്വ ഭാവങ്ങളിൽ ഒന്നാകുന്നു. ഇതിനെ സംബന്ധിച്ചു വിശുദ്ധഖുർആൻ പറയുകയാണ്: وَالصّٰبِرِيْنَ فِى الْبَاْسَآءِ وَالضَّرَّآءِ وَحِيْنَ الْبَاْسِ ''അരിഷ്ടതയിലും ആപൽക്കാലത്തും യുദ്ധാവസരത്തിലും സഹനം അവലംബിച്ചു ദൃഢമനസ്കരായിരിക്കുന്നവരത്രേ സാക്ഷാൽ ധീരർ''(2:178). وَالَّذِيْنَ صَبَرُوا ابْتِغَآءَ وَجْهِ رَبِّهِمْ ''അവർ (ആപത്കാലത്തും യുദ്ധാവസരത്തിലും) പൊറുമ കാണിക്കുന്നത് ദൈവത്തിന്റെ തിരുവുള്ളത്തിനായിക്കൊണ്ടല്ലാതെ ശൗര്യം വെളി പ്പടുത്തുവാനായിട്ടല്ല''(13:23).

اَلَّذِيْنَ قَالَ لَهُمُ النَّاسُ اِنَّ النَّاسَ قَدْ جَمَعُوْا لَكُمْ فَاخْشَوْهُمْ فَزَادَهُمْ اِيْمَانًا ۖ وَّقَالُوْا حَسْبُنَا اللّٰهُ وَنِعْمَ الْوَكِيْلُ ﴿١٧٣﴾

''നിങ്ങളെ ദ്രോഹിക്കാനായി ജനങ്ങൾ സംഘടിച്ചിരിക്കുകയാണ്. തൻനിമിത്തം നിങ്ങളവരെ ഭയപ്പെടുകയെന്നുള്ള ജനഭീഷണി അവരെ ഒട്ടും ഭീതരാക്കിത്തീർക്കുന്നില്ല. മറിച്ചു അതു അവരുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. 'ഞങ്ങൾക്ക് അല്ലാഹു മതിയായവനും ഏറ്റവും നല്ല രക്ഷാകർത്താവുമാകുന്നു' എന്നു അവർ പറയുകയും ചെയ്യുന്നു''(3:174).

وَلَا تَكُوْنُوْا كَالَّذِيْنَ خَرَجُوْا مِنْ دِيَارِهِمْ بَطَرًا وَّرِئَآءَ النَّاسِ

''തങ്ങളുടെ ഭവനങ്ങളിൽനിന്നും അഹങ്കാരോന്മത്തതയോടും അന്യജനം കാണണമെന്ന ഉദ്ദേശ്യത്തോടുംകൂടി പുറപ്പെട്ട വരെപ്പോലെ നിങ്ങൾ ആകാതിരിക്കുവിൻ''(8:48). അതായത്, അവ രുടെ ധൈര്യം വന്യമൃഗങ്ങളുടെയും നായ്ക്കളുടെയുംപോലെ വികാരപ്രേരിതമായി ഒരു വശത്തേക്കു മാത്രം പ്രവഹിക്കുന്നതായ

ജന്തുധർമ്മമല്ല. മറിച്ച്, അവരുടെ ഈ മനോധർമ്മപ്രകടനം രണ്ടു വശത്തോടു കൂടിയതായിട്ടാണിരിക്കുക. ഒരു വശത്ത്, അവർ സ്വത സിദ്ധമായ മനശ്ശക്തികൊണ്ടു ശരീരേച്ഛകളെ ജയിച്ചടക്കുകയും മറു വശത്ത് ശത്രുക്കളോട് എതിർത്തുനില്ക്കേണ്ടതത്യാവശ്യമാ ണെന്നു കാണുമ്പോൾ വികാരാധീനരായിട്ടല്ലാതെ സത്യവും നീതിയും നിലനിറുത്തുന്നതിനായിട്ടുമാത്രം ശത്രുക്കളോടു എതിർക്കുകയും ചെയ്യുന്നു. ഇങ്ങനെ അവർ ധൈര്യം പ്രകടിപ്പി ക്കുന്നത് സ്വശക്തിയിലുള്ള വിശ്വാസം കൊണ്ടല്ല, ദൈവത്തിലുള്ള വിശ്വാസാശ്രയം കൊണ്ടു മാത്രമായിരിക്കുന്നതാണ്. സാക്ഷാൽ ധൈര്യശാലികൾ അന്യർക്ക് കാണിക്കുവാനായി അഹങ്കാര ത്തോടുകൂടി ധൈര്യം പ്രകടിപ്പിക്കുകയില്ല. അവർ വികാരാധീന രാവാതെ ഏതു വിഷയത്തിലും ദൈവേഷ്ടത്തെയാണ് ലക്ഷീക രിക്കുക. മുമ്പേയുദ്ധരിച്ച ഖുർആൻ വാകൃങ്ങൾ മനസ്സിലാക്കിത്ത രുന്നത് യഥാർത്ഥമായ ധൈര്യത്തിന്റെ മൂലം സഹനശക്തിയിലും സ്ഥിരചിത്തതയിലും അടിയുറച്ചിരിക്കുന്നതാണെന്നാകുന്നു. ശത്രു വെപ്പോലെ ആക്രമിക്കുന്ന ശരീരേച്ഛകളോടും, വിപത്തുകളോടും എതിർത്തുനില്ക്കുകയും ഭീരുത നിമിത്തം ചാപല്യം കാണിക്കാ തിരിക്കുകയുമാണ് ശരിയായ ധീരത. ഹിംസ്രജന്തുവിന്റെ ശൗര്യ ത്തിനും മനുഷ്യന്റെ ധൈര്യത്തിനും തമ്മിൽ അജഗജാന്തരമുണ്ട്. ജന്തുധർമ്മമായ ശൗര്യം ഒരു വശത്തേക്കുമാത്രം ലക്ഷീകരിച്ചു കൊണ്ടുള്ള ക്രോധാവേശത്തിന്റെ പ്രകടനമാകുന്നു. എന്നാൽ, യഥാർത്ഥ ധൈര്യത്തിന്റെ ഇരിപ്പിടമായ മനുഷ്യൻ, എതിർക്കുന്ന തിലോ എതിർക്കാതിരിക്കുന്നതിലോ ഗുണമിരിക്കുന്നത് എന്നു ചിന്തിച്ചു ഔചിത്യംപോലെ പ്രവർത്തിക്കുന്നു.

**സത്യസന്ധത:** മനുഷ്യന്റെ പ്രകൃതി ധർമ്മങ്ങളിൽ പ്രത്യേക മായിരിക്കുന്ന ഗുണമാണ് സത്യസന്ധത. അവൻ സ്വാർത്ഥപരമായ ഏതെങ്കിലും പ്രേരണാശക്തിയാലല്ലാതെ വ്യാജം പറയാൻ മുതി രുന്നില്ല. കള്ളം പറയുന്നതിൽ അവനു പ്രകൃത്യാ അറപ്പും വെറു പ്പുമാണ്. അതുകൊണ്ടുതന്നെയാണ് വ്യാജം പറഞ്ഞതായി തെളി യുന്ന ആളുടെനേരെ അവന് അനിഷ്ടവും അവജ്ഞയും തോന്നു ന്നത്. എന്നാൽ, ഈ പ്രകൃതി സ്വഭാവത്തിന്റെ കേവലരൂപം സൽഗു ണമായി പരിഗണിക്കാവുന്നതല്ല. എന്തുകൊണ്ടെന്നാൽ, ഈ അവസ്ഥ ശിശുക്കളിലും ഭ്രാന്തരിൽപ്പോലും കാണാവുന്നതാണ്. സത്യനിഷ്ഠയ്ക്ക് ഭംഗം വരുത്തുന്ന സ്വാർത്ഥപരമായ ഉദ്ദേശ്യങ്ങ

ളിൽനിന്ന് വേർപ്പെടാതിരിക്കുന്ന കാലത്തോളം മനുഷ്യനു യഥാർത്ഥത്തിൽ സത്യസന്ധനായിത്തീരുവാൻ സാദ്ധ്യമല്ല. അവൻ തനിക്കു ദോഷം വരാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സത്യം പറയുകയും, തന്റെ അഭിമാനത്തിനോ മുതലിനോ ജീവനോ ഹാനി വരുമെന്നു കാണുന്ന ഘട്ടത്തിൽ കള്ളം പറയുകയോ സത്യം പറയാതെ മൗനം ദീക്ഷിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ, അവനു കേവലം ശിശുവിനെക്കാളും ഭ്രാന്തനെക്കാളും ഒരു മേന്മ യുമില്ല. ഹതബുദ്ധിയായ ഭ്രാന്തനും വിവേകബുദ്ധി പക്വമാകാത്ത ശിശുവും ഇപ്രകാരം സത്യം പറയാറുണ്ടല്ലോ. ബാഹ്യമായ ഒരു പ്രേരണയുംകൂടാതെ വെറുതെ കളവ് പറയുന്നവരായി നാം ആരേയും കാണുകയില്ല. എന്നാൽ, ആപത്തു നേരിടുമെന്ന് കാണുന്ന ഘട്ടത്തിൽ സത്യനിഷ്ഠയെ ഉപേക്ഷിക്കുകയെന്നത് യഥാർത്ഥ സൽസ്വഭാവത്തിനു കേവലം വിരുദ്ധമാകുന്നു. സ്വന്തം ജീവനോ സമ്പത്തോ അഭിമാനമോ സന്ദിഗ്ദ്ധാവസ്ഥയിലാകുമ്പോ ഴാണ് സത്യവചസ്സിന് ഏറ്റവും ഘനവത്തായ അവസരം. ഇത് വിഷ യകമായി വിശുദ്ധ ഖുർആൻ നല്കുന്ന പാഠമിതാണ്:

فَاجْتَنِبُوا الرِّجْسَ مِنَ الْأَوْثَانِ وَاجْتَنِبُوا قَوْلَ الزُّورِ ﴿٣١﴾ "ബിംബാരാധന യെയും വ്യാജ്യോക്തിയെയും വർജ്ജിക്കുവിൻ" (22:31). അതായ ത്, അസത്യോക്തി ഒരു തരം വിഗ്രഹമാകുന്നു. അതിനെ ആശ്ര യിക്കുന്നവർ ദൈവാശ്രയത്തെ കൈവെടിയേണ്ടി വരുന്നു. അപ്ര കാരംതന്നെ, അസത്യവചനം ഹേതുവായി അവരെ ദൈവവും വെടിയുന്നു.

وَلَا يَأْبَ الشُّهَدَآءُ إِذَا مَا دُعُوا ..... وَلَا تَكْتُمُوا الشَّهَادَةَ وَمَنْ يَكْتُمْهَا فَإِنَّهُ آثِمٌ قَلْبُهُ

"സാക്ഷികൾ സാക്ഷ്യമൊഴിക്കായി വിളിക്കപ്പെട്ടാൽ വിരോധം പറ യരുത്..... സത്യമായ സാക്ഷ്യത്തെ ഗോപനം ചെയ്യാതിരിക്കുവിൻ; അതിനെ ഏതൊരുവൻ മറച്ചുവെക്കുന്നുവോ അവന്റെ ഹൃദയം പാപമുള്ളതാകുന്നു" (2:283,284). وَإِذَا قُلْتُمْ فَاعْدِلُوا وَلَوْ كَانَ ذَا قُرْبَىٰ "സംസാരിക്കുമ്പോൾ നിങ്ങൾ സത്യവും ന്യായവുമായതു സംസാ രിക്കുവിൻ; നിങ്ങളുടെ ബന്ധുക്കൾക്കെതിരായി പറയേണ്ടി വന്നാലും ശരി" (6:153).

كُونُوا قَوَّمِينَ بِالْقِسْطِ شُهَدَآءَ لِلَّهِ وَلَوْ عَلَىٰٓ أَنفُسِكُمْ أَوِ الْوَالِدَيْنِ وَالْأَقْرَبِينَ

“നിങ്ങൾ സത്യത്തെയും ന്യായത്തെയും മുറുകെപിടിച്ചു കൊള്ളുവിൻ; നിങ്ങളുടെ സാക്ഷ്യം ദൈവത്തിനു വേണ്ടിയായിരിക്കട്ടെ. സത്യം പറയുന്നതുമൂലം നിങ്ങൾക്ക് ജീവഹാനി വരുകയോ നിങ്ങളുടെ മാതാപിതാക്കൾക്ക് ഉപദ്രവമേല്ക്കുകയോ മക്കൾ തുടങ്ങിയ അടുത്തബന്ധുക്കൾക്ക് ദോഷം നേരിടുകയോ ചെയ്യുന്നതായാലും അസത്യം പറയരുത്”(4:136). وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَىٰٓ أَلَّا تَعْدِلُوا “ഏതെങ്കിലും ജനതയുടെ നേർക്കുള്ള വിരോധം നിങ്ങളെ സത്യവിരുദ്ധമായി പെരുമാറുന്നതിനു പ്രേരിപ്പിക്കാതിരിക്കട്ടെ(5:9)” وَالصَّدِقِينَ وَالصَّدِقَتِ “സത്യവാന്മാർക്കും സത്യവതികൾക്കും മഹത്തായ പ്രതിഫലം ലഭിക്കുന്നതാണ്”(33:36).
وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ “അവർ സത്യത്തെയും സഹനത്തെയും കുറിച്ച് അന്യരെ ഉപദേശിക്കുന്നു”(103:4). لَا يَشْهَدُونَ الزُّورَ “അവർ അസത്യവാന്മാരുടെ സമൂഹത്തിൽ ഉപവേശിക്കുന്നില്ല”(25:73).

**സഹനം:** മനുഷ്യന്റെ പ്രകൃതിധർമ്മങ്ങളിൽപ്പെട്ട ഒരു ശക്തിയാണ് ‘സ്വബ്ർ’ അഥവാ ‘സഹനം’. ഓരോരുത്തനും ജീവിതയാത്രയിൽ ഏറെക്കുറെ നേരിടുന്ന ആപത്തുകളും രോഗപീഡകളും ദുഃഖങ്ങളും സഹിക്കേണ്ടതായിവരുന്നുണ്ട്. ആ ഘട്ടത്തിൽ അവൻ കുറേയെല്ലാം പൊറുതികേടു കാണിക്കുകയും ആവലാതിപ്പെടുകയും ചെയ്തതിനുശേഷം ശാന്തതപ്പെടുകയും പൊറുമ കാണിച്ചു തുടങ്ങുകയും ചെയ്യുന്നു. എന്നാൽ, ഇത്തരത്തിലുള്ള പൊറുമയെ വിശുദ്ധ വേദഗ്രന്ഥമായ ഖുർആൻ ഉൽക്കൃഷ്ട സ്വഭാവഗുണമായി പരിഗണിക്കുന്നില്ല. മറിച്ച്, അത് ക്ഷീണതയുടെ ഫലമായി താനേ ഉണ്ടായിത്തീരുന്ന അവസ്ഥാഭേദം മാത്രമാണെന്നത്രേ അത് മനസ്സിലാക്കിത്തരുന്നത്. ആപത്തു നേരിടുമ്പോൾ മനക്ഷോഭത്താൽ കരയുകയും മുറവിളികൂട്ടുകയും ചെയ്യുകയെന്നതും ആ ക്ഷോഭം അതിന്റെ ഉച്ചിയിൽ എത്തിയതിൽപ്പിന്നെ താനേ കീഴ്പ്പോട്ടിറങ്ങി ശാന്തമാവുകയെന്നതും മനുഷ്യസാധാരണമാകുന്നു. ഈ രണ്ടുവിധ നിലകളും വികാരപ്രേരിതങ്ങളായ ശാരീരികാവസ്ഥകളാ

യതുകൊണ്ട് അവയ്ക്ക് സൽഗുണവുമായി ഒരു ബന്ധവുമില്ല. എന്നാൽ, ഒരുവൻ തനിക്കുള്ള ഏതെങ്കിലും വസ്തു നഷ്ടപ്പെടുന്നതായാൽ അത് ദൈവം, തന്നെ ഭരമേല്പിച്ച സൂക്ഷിപ്പു മുതലാണെന്നു കരുതി പരാതിപ്പെടാതിരിക്കുകയും ദൈവം അതു തിരിച്ചു വാങ്ങിയിരിക്കുക നിമിത്തം അവന്റെ അഭീഷ്ടത്തിനു താൻ വഴങ്ങുകയാണെന്നു പറഞ്ഞു സമാധാനിക്കുകയും ചെയ്യുക എന്നതാണ് ധാർമ്മിക ഗുണങ്ങളിൽ ഉൾപ്പെടുന്ന സഹിഷ്ണുത. ഈ സൽഗുണത്തെ സംബന്ധിച്ചു വിശുദ്ധ ഖുർആൻ നല്കുന്ന ഉപദേശമിതാണ്.

وَلَنَبْلُوَنَّكُمْ بِشَيْءٍ مِّنَ الْخَوْفِ وَالْجُوعِ وَنَقْصٍ مِّنَ الْأَمْوَالِ وَالْأَنفُسِ وَالثَّمَرَاتِ ۗ وَبَشِّرِ الصَّابِرِينَ ﴿١٥٦﴾ الَّذِينَ إِذَا أَصَابَتْهُم مُّصِيبَةٌ قَالُوا إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ ﴿١٥٧﴾ أُولَٰئِكَ عَلَيْهِمْ صَلَوَاتٌ مِّن رَّبِّهِمْ وَرَحْمَةٌ ۖ وَأُولَٰئِكَ هُمُ الْمُهْتَدُونَ ﴿١٥٨﴾

“സത്യവിശ്വാസികളേ! നാം നിങ്ങളെ ഭയങ്കരാനുഭവം കൊണ്ടും വിശപ്പിന്റെയും ദാരിദ്രത്തിന്റെയും ആക്രമണം കൊണ്ടും ധനനാശം കൊണ്ടും ജീവാപായംകൊണ്ടും ഉദ്ദിഷ്ടകാര്യങ്ങളിലുള്ള വിഫലതകൊണ്ടും സന്താന നഷ്ടംകൊണ്ടും പരീക്ഷിക്കുന്നതായിരിക്കും. ആപത്ത് നേരിടുന്ന അവസരങ്ങളിൽ, ‘ഞങ്ങൾ ദൈവത്തിനു ഉടമപ്പെട്ടവരും ആ ഉടമസ്ഥന്റെ അടുക്കലേക്കുതന്നെ മടങ്ങിച്ചെല്ലേണ്ടവരുമത്രെ’ എന്ന് പറയുന്ന സഹിഷ്ണുക്കൾക്ക് ശുഭവാർത്ത നല്കുക. ഇവരിലാണ് ദൈവത്തിൽനിന്നുള്ള അനുഗ്രഹവും കാരുണ്യവും; ഇവർതന്നെയാണ് ദൈവമാർഗ്ഗത്തെ പ്രാപിച്ചിരിക്കുന്നവർ”(2:156,157).

ചുരുക്കത്തിൽ, ഇത്തരത്തിലുള്ള സ്വഭാവത്തിനാണ് സഹനശീലം എന്നു പറയുന്നത്. ഇതുതന്നെയാണ് ദൈവേഷ്ടത്തിനു വഴങ്ങുക എന്നു പറയുന്നതും. മറ്റൊരു പ്രകാരത്തിൽ, ഈ സൽഗുണത്തിനു നീതിധർമ്മം എന്നും പറയാം. എന്തെന്നാൽ, മനുഷ്യനു അവന്റെ ജീവിതകാലമത്രയും ഹിതകാര്യം ചെയ്തു കൊടുക്കുകയും അവന്റെ ഇഷ്ടമനുസരിച്ച് സഹസ്രോപികാര്യങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുകയും അവനു കണക്കാക്കാൻ കഴിയാത്തവണ്ണം അനുഗ്രഹങ്ങൾ നല്കുകയും ചെയ്തിരിക്കുന്ന സർവ്വാധി കർത്താ

വായ ദൈവം തന്റെ ഇഷ്ടം അനുസരിപ്പിക്കുന്നതിനു ഇച്ഛിക്കു മ്പോൾ മനുഷ്യൻ വൈമുഖ്യം കാട്ടുകയും തിരുവുള്ളത്തിനുകീഴ് വണങ്ങാതെ മുറുമുറുക്കുകയും മാർഗ്ഗ വ്യതിചലനത്തിനു മുതിരു കയും ചെയ്യുകയെന്നത് കേവലം നീതിവിരുദ്ധമായിരിക്കുന്നതാണ്.

**സഹാനുഭൂതി:** മനുഷ്യപ്രകൃതിയിൽ അവിഭാജ്യമാംവിധം അന്തർലീനമായിരിക്കുന്ന ബോധശക്തികളിലൊന്നാണ് സമസൃ ഷ്ടികളോടുള്ള സഹതാപം അഥവാ സഹാനുഭൂതി. സ്വജാതി സ്നേഹം എന്ന മനോവികാരം സഹജമായിത്തന്നെ സർവ്വജാതി മതസ്ഥരിലും കാണാവുന്നതാണ്. വൈകാരിക പ്രേരണക്ക് വശഗ രായി അധികജനങ്ങളും സ്വന്തം ജാതിയെയോ, സമുദായത്തെയോ സഹായിക്കുന്നതിനു ഇതര ജനങ്ങളോട്, അവരെ മനുഷ്യരെന്നു പോലും കരുതാതിരിക്കുമാറുള്ള തരത്തിൽ അന്യായവും അനീ തിയും പ്രവർത്തിക്കാറുണ്ട്. ഈ സ്വഭാവം സൽഗുണമായി വിചാ രിക്കാനാവുന്നതല്ല. മറിച്ച് അതു കേവലം വൈകാരികാവസ്ഥ യാണെന്നാണ് പറയേണ്ടിയിരിക്കുന്നത്. ഈ പ്രകൃതിധർമ്മം കാക്ക തുടങ്ങിയ പക്ഷി വർഗ്ഗങ്ങളിൽപോലും വ്യാപരിക്കുന്നതായി കാണാം. കാക്ക ചത്താൽ പരസഹസ്രം കാക്കകൾ അവിടെ ഒരുമിച്ചുകൂടുന്നു. ഈ സ്വഭാവം മനുഷ്യനു ഭൂഷണമായ സൽഗു ണമായിത്തീരുന്നത് അതിനെ നീതിക്കും ന്യായത്തിനും അനുസ രിച്ച് സന്ദർഭൗചിത്യത്തോടുകൂടി പ്രദർശിപ്പിക്കുമ്പോഴാണ്. ഇങ്ങനെ യഥാർഹവും ഔചിത്യാനുസാരവും പ്രദർശിപ്പിക്കപ്പെടു ന്നതുമൂലം മഹദ്ഗുണമായിത്തീരുന്ന ഈ സഹതാപസ്വഭാവത്തിനു അറബിയിൽ '**മുവാസാത്ത്**' എന്നു പറയുന്നു. ഇതു വിഷയക മായി വിശുദ്ധ ഖുർആൻ പറയുകയാണ്:

وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى ۖ وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ ۚ "നിങ്ങൾ നിങ്ങളുടെ ജനത്തിനു ചെയ്യുന്ന സഹതാപവും സഹായവും സദ്പ്ര വൃത്തിയിലും ഭക്തിമാർഗ്ഗത്തിലും ആയിരിക്കേണ്ടതാണ്; ദുർവൃ ത്തിയിലും അക്രമത്തിലും നിങ്ങൾ അവരെ സഹായിക്കാതിരി ക്കുക"(5:3).

وَلَا تَهِنُوا فِي ابْتِغَاءِ الْقَوْمِ ۖ.....وَلَا تَكُن لِّلْخَائِنِينَ خَصِيمًا ﴿١٠٦﴾.....وَلَا تُجَادِلْ
عَنِ الَّذِينَ يَخْتَانُونَ أَنفُسَهُمْ ۚ إِنَّ اللَّهَ لَا يُحِبُّ مَن كَانَ خَوَّانًا أَثِيمًا ﴿١٠٨﴾

“നിങ്ങൾ സ്വസമുദായത്തോടു സഹതാപം കാണിക്കുന്നതിൽ ക്ഷീണിക്കരുത്... നിങ്ങൾ വഞ്ചകർക്കുവേണ്ടി തർക്കിക്കുകയുമരുത്... അന്യോന്യം വിശ്വാസവഞ്ചന ചെയ്യുന്നവരുടെ കാര്യത്തിൽ വാദിക്കാതിരിക്കുകയും ചെയ്യുവിൻ; നിശ്ചയമായും ദൈവം വഞ്ചകരേയും പാപികളേയും സ്നേഹിക്കുന്നില്ല”(44:105,106,108).

## ദൈവത്തിന്റെ സത്ത

മനുഷ്യപ്രകൃതിയിൽ ലീനമായിക്കിടക്കുന്ന ബോധശക്തികളിൽ ഒന്നാകുന്നു സർവ്വസമർത്ഥമായ ഒരു സത്തയെക്കുറിച്ചുള്ള അന്വേഷണ ബുദ്ധി. ആ പരമാർത്ഥ സത്തയിലേക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്ന ഒരു ആകർഷണശക്തി ഹൃദയാന്തരാളത്തിൽ നിക്ഷിപ്തമായിരിക്കുന്നുണ്ട്. ഈ ആകർഷണത്തിന്റെ അഥവാ അന്വേഷണബുദ്ധിയുടെ ചിഹ്നം ശിശുവിൽ അതിന്റെ ജനനത്തോടുകൂടിത്തന്നെ പ്രകാശിച്ചുതുടങ്ങുന്നു. ജനിച്ചുവീണ ഉടനെ ശിശു അതിന്റെ ജന്മസിദ്ധമായ ആത്മബോധത്താൽ പ്രേരിതമായി മാതാവിന്റെനേർക്ക് ചായുന്നു. പ്രകൃത്യാതന്നെ അതിനു തള്ളയോടു പ്രത്യേകം സ്നേഹമുള്ളതായി കാണാം. അതിന്റെ അന്തർബോധങ്ങളും ശക്തികളും വികസിച്ചു വരുന്തോറും ഈ പ്രകൃതി ഗുണവും പൂർവ്വാധികം പ്രകാശിച്ചു കൊണ്ടിരിക്കും. ഒടുവിൽ അന്തർനിക്ഷിപ്തമായ ഈ സ്നേഹശക്തി സ്പഷ്ടമായ നിലയിൽ വെളിപ്പെടുന്നു. അപ്പോൾ സ്വമാതാവിന്റെ മടിയിൽ അല്ലാതെ മറ്റെങ്ങും ശിശു സ്വാസ്ഥ്യം കണ്ടെത്തുകയില്ല. മാതാവിന്റെ സ്നേഹമസൃണമായ ലാളനാലിംഗനങ്ങളിലാണ് അതു പൂർണ്ണമായ സമാധാനവും സ്വസ്ഥതയും അനുഭവിക്കുക. തള്ളയുടെ അടുക്കൽനിന്നു വേർപ്പെടുത്തപ്പെടുന്നപക്ഷം അതിന്റെ സന്തോഷ സംതൃപ്തികൾ സന്താപങ്ങളായി മാറിപ്പോകുന്നു. ഈ ദുഃഖം മറ്റൊരു അനുഗ്രഹവും മൂലം പരിഹരിക്കപ്പെടുന്നതല്ല. മാതാവിന്റെ മാറിടത്തിലല്ലാതെ അതിനു യഥാർത്ഥമായ സമാധാനവും സംതൃപ്തിയും അനുഭവമാകുന്നില്ല. ഇപ്രകാരം ശിശുവിനെ മാതൃനികടത്തിലേക്ക് വലിച്ചുകൊണ്ടുപോകുന്ന ആകർഷണശക്തി എന്തായിരിക്കാം? അത് യഥാർത്ഥ ഭക്ത്യാരാധനകൾക്കർഹനായ സൃഷ്ടികർത്താവിലേക്ക് മനുഷ്യനെ തിരിച്ചുവിടുന്നതിനു ശിശുപ്രകൃതിയിൽ നിക്ഷിപ്തമായിരിക്കുന്ന സ്നേഹശക്തിയല്ലാതെ മറ്റൊന്നുമല്ല.

മനുഷ്യൻ ബാഹ്യവസ്തുക്കളിൽ സ്നേഹബന്ധം പ്രദർശിപ്പിക്കുമ്പോഴെല്ലാം ഈ ആകർഷണശക്തി തന്നെയാണ് അവനിൽ പ്രവർത്തിക്കുന്നത്. അവൻ ഏത് വസ്തുവിൽ സ്നേഹം കാണിക്കുന്നതായാലും ഇതേ ആകർഷണ ശക്തിയാണ് പ്രതിഫലിക്കുന്നത്. ഇങ്ങനെ അവൻ ബാഹ്യവസ്തുക്കളിൽ പ്രേമം കാട്ടുന്നത് പരമാർത്ഥമായ ലക്ഷ്യവസ്തുവിനെ തിരയുന്നതിനായുള്ള ആ സ്വാഭാവിക ബോധത്താൽ പ്രേരിതമായിട്ടാണെന്നു പറയാം. കളഞ്ഞു പോയതും പേരുപോലും മറന്നതുമായ ഒരു സാധനം തിരഞ്ഞു നടക്കുന്ന ഒരുവൻ തന്റെ ദൃഷ്ടിക്ക് ലക്ഷീഭവിക്കുന്ന ഓരോ വസ്തുവിലും അതിനെ അന്വേഷിക്കുന്നതുപോലെയാണ് മനുഷ്യൻ ബാഹ്യവസ്തുക്കളിലെല്ലാം തന്റെ ലക്ഷ്യ വസ്തുവിനെ തിരയുന്നത്. അതിനാൽ, അവനു ധനത്തിലും സന്താനത്തിലും ഭാര്യയിലുമുള്ള സ്നേഹവും മാധുര്യമേറിയ സ്വരവിശേഷങ്ങളിലുള്ള താൽപര്യവുമെല്ലാം സൂചിപ്പിക്കുന്നത് അജ്ഞാതമായ ആ പ്രേമലക്ഷ്യത്തെ സംബന്ധിച്ച അന്വേഷണമാണ്. എന്നാൽ, സർവ്വ വസ്തുക്കളിലും ഊഷ്മാവെന്നപോലെ പരോക്ഷമായി സ്ഥിതി ചെയ്യുന്ന അത്യന്തം സൂക്ഷ്മവും നിഗൂഢവുമായ ആ സർവ്വാത്മക ശക്തിയെ മനുഷ്യന്റെ ബാഹ്യദൃഷ്ടിക്ക് കാണുവാനോ അപൂർണ്ണമായ ബുദ്ധിശക്തിക്ക് പ്രാപിക്കുവാനോ സാദ്ധ്യമല്ല. അതിനാൽ, ആ അവ്യക്ത ശക്തിയെ തിരിച്ചറിയുന്ന വിഷയത്തിൽ മനുഷ്യനു വലിയ അബദ്ധങ്ങൾ പിണഞ്ഞു പോയിട്ടുണ്ട്. ഈ അബദ്ധങ്ങൾ മൂലമാണ് അരൂപനായ സൃഷ്ടികർത്താവിനുമാത്രം അവകാശപ്പെട്ട ഭക്തിഭാവങ്ങൾ സൃഷ്ടവസ്തുക്കളിൽ അർപ്പിക്കപ്പെടുമാറായിരിക്കുന്നത്. ഈ പ്രമാദത്തെ വിശുദ്ധഖുർആൻ ദൃഷ്ടാന്ത രൂപേണ ഭംഗിയായി എടുത്തു കാണിച്ചിരിക്കുകയാണ്. അത് ഈ ദൃശ്യപ്രപഞ്ചത്തെ, അടിത്തട്ടിൽ തെളിവാർന്ന കണ്ണാടി പടുത്തിട്ടുള്ളതും അതിന്നടിയിൽക്കൂടെ ശക്തിയായി ജലം പ്രവഹിക്കുമാറാക്കിയതുമായ സ്ഫടിക സൗധത്തോടു ഉപമിച്ചിരിക്കുന്നു. പളുങ്കു തട്ടിന്റെ ഉപരിഭാഗം ദർശിക്കുന്ന ഏത് ഉദാസീനദ്രഷ്ടാവും കണ്ണാടിയെ വെള്ളമെന്നു തെറ്റുധരിക്കുകയും, വെള്ളത്തിൽക്കൂടെ കടന്നു പോകുന്നതിനെന്നപോലെ അതിന്മേൽ നടക്കുവാൻ ശങ്കിക്കുകയും ചെയ്യുന്നു. അതാകട്ടെ അടിയിലുള്ള ജലത്തെ പ്രതിബിംബിച്ചു കാണിക്കുന്ന സ്വച്ഛസ്ഫടികം മാത്രമാണ്. ഇതേപ്രകാരം, ആകാശത്തിൽ ചരിക്കുന്നതായി കാണപ്പെടുന്ന സൂര്യചന്ദ്രഗ്രഹങ്ങൾ അവ

യുടെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആ സർവ്വോൽക്കൃഷ്ട സത്തയുടെ സാന്നിദ്ധ്യത്തെയാണ് വെളിപ്പെടുത്തുന്നത്. എന്നാൽ പ്രസന്നമായ കണ്ണാടിയെ ഉപരിപ്ലവദൃഷ്ടി വെള്ളമെന്നു തെറ്റുധരിച്ചതുപോലുള്ള ഒരു വ്യാമോഹത്താൽ മനുഷ്യന്റെ ദോഷാന്വിതമായ വിവേചനശക്തി നഭശ്ചരങ്ങളായ ഗോളങ്ങളുടെ മുമ്പിൽ ഭക്തിപൂർവ്വം വണങ്ങുന്നു. ഈ സ്ഫടിക സങ്കാശങ്ങളായ ജ്യോതിർഗോളങ്ങളിലൂടെ സ്വയം പ്രത്യക്ഷപ്പെടുന്ന ആ സർവ്വാത്മകശക്തി അവയിൽനിന്നെല്ലാം വ്യതിരിക്തമായ ഒന്നാണ്. എന്നാൽ, സൃഷ്ടിപൂജകരായ ബഹുദൈവ വിശ്വാസികൾ ഈ പ്രാപഞ്ചികവസ്തുക്കളിൽക്കൂടെ പ്രകാശിതമാകുന്ന ആ സത്യേക ശക്തിയുടെ ഗുണകർമ്മങ്ങളെ ഈ ജഢവസ്തുക്കളിൽത്തന്നെ ആരോപിച്ച് അവയ്ക്ക് ദൈവത്വം കല്പിക്കുന്നതു കേവലം അവരുടെ ദൃഷ്ടിവികല്പം കൊണ്ടാകുന്നു. ഈ സംഗതിയെയാണ് ഈ ഖുർആൻ വാക്യം പ്രത്യക്ഷമാക്കുന്നത്. إِنَّهُۥ صَرْحٌ مُّمَرَّدٌ مِّن قَوَارِيرَ (ഇത് നീ ശങ്കിക്കുന്നതുപോലെ വെള്ളമല്ല) "മിനുസമേറിയ കണ്ണാടി പടുത്തിട്ടുള്ള സൗധം മാത്രമാണ്"(27:45).

ചുരുക്കിപ്പറയുന്നതായാൽ, ദൈവം സ്വയം പ്രകാശകനാണെങ്കിലും അത്യന്തം നിഗൂഢനും അവ്യക്തനുമായിട്ടിരിക്കുകയാണ്. തൻമൂലം ആ സർവ്വാധികർത്താവിനെ സംബന്ധിച്ച നിശ്ചയജ്ഞാനത്തിലേക്ക് നമ്മെ നയിക്കുന്നതിന് ഈ സ്ഥൂലപ്രപഞ്ചത്തിൽ കാണപ്പെടുന്ന വ്യവസ്ഥിതിമാത്രം പര്യാപ്തമാവുകയില്ല. അതുകൊണ്ടാണ് ഈ ദൃശ്യപ്രപഞ്ചത്തിലെ സംവിധാനത്തെ അവലംബിച്ചു വിചിന്തനം ചെയ്തിട്ടുള്ളവർക്ക് എങ്ങും നിറഞ്ഞു കാണാവുന്ന പരിപൂർണ്ണവ്യവസ്ഥിതിയും ക്രമപദ്ധതിയും പ്രകൃതിയുടെ നിരവധി അത്ഭുതങ്ങളും കണ്ടാനന്ദിക്കുവാനും ആകാശത്തിലും ഭൂമിയിലും സൂക്ഷ്മാവലോകനം ചെയ്ത് പ്രകൃതിശാസ്ത്രം, ജ്യോതിശാസ്ത്രം, തത്ത്വജ്ഞാനം എന്നിവയിൽ നൈപുണ്യം നേടുവാനും സാധിച്ചതല്ലാതെ, ചരാചരാത്മകമായ ഈ വിശ്വകടാഹത്തിനു സ്രഷ്ടാവും രക്ഷിതാവുമായ ഒരു ദൈവമുണ്ടെന്നുള്ള ദൃഢബോധം വരുത്തുന്നതിനു സാധിക്കാതിരുന്നത്. അവർക്ക് ദൈവത്തിന്റെ സത്തയെക്കുറിച്ചുള്ള സന്ദേഹങ്ങളാകുന്ന അന്ധകാരപടലത്തിൽനിന്നു മുക്തരാവാൻ കഴിഞ്ഞില്ല. അവരിൽ അധികംപേരും പല അബദ്ധധാരണകൾക്കും വശഗരാവുകയും

നിരർത്ഥങ്ങളായ ഊഹാപോഹങ്ങളിൽ കുടുങ്ങിപ്പോവുകയുമാണു ണ്ടായത്. എന്നാൽ, പ്രപഞ്ചകർത്താവിനെക്കുറിച്ചുള്ള അന്വേഷ ണത്തിൽ അവരുടെ വിജ്ഞാനം അവർക്കു വല്ല വിധത്തിലും സഹാ യകമായിട്ടുണ്ടെങ്കിൽ, അത് ഈ പരിപൂർണ്ണവും അന്യൂനവുമായ പ്രകൃതിസംവിധാനം സംവീക്ഷിച്ചപ്പോൾ ഈ സുവ്യവസ്ഥിതമായ പ്രപഞ്ചക്രമത്തിനു തീർച്ചയായും ഒരു കർത്താവും നിയാമകനുമു ണ്ടായിരിക്കണമെന്നുള്ള അനുമാനത്തിൽ അവർ എത്തിച്ചേർന്നു എന്നതുമാത്രമാണ്. വാസ്തവത്തിൽ ഈ ബോധം ഈശ്വരസ ത്തയെ സംബന്ധിച്ചിടത്തോളം അപൂർണ്ണവും അപക്വവുമായ അറി വത്രെ. എന്തുകൊണ്ടെന്നാൽ, വിസ്മയാവഹമായ വ്യവസ്ഥിതിയോ ടുകൂടിയ ഈ പ്രപഞ്ചത്തിനു ഒരു കർത്താവുണ്ടായിരിക്കണമെ ന്നുള്ള അനുമാനത്തിനും യഥാർത്ഥത്തിൽ അവൻ ഉണ്ടെന്നുള്ള നിശ്ചയ ജ്ഞാനത്തിനും തമ്മിൽ വളരെ അന്തരമുണ്ട്. സങ്കല്പ ജ്ഞാനമാകട്ടെ മനസ്സിനു ശരിയായ സമാധാനവും സംതൃപ്തിയും നല്കുകയോ സന്ദേഹങ്ങളെ നിശ്ശേഷം ദൂരീകരിക്കുകയോ ചെയ്യു ന്നതിനു പര്യാപ്തമല്ല. ദൈവത്തെ സംബന്ധിച്ചു പരിപൂർണ്ണവും പരമാർത്ഥവുമായ ജ്ഞാനലബ്ധിക്കായി മനുഷ്യനു സ്വഭാവേന യുള്ള ആർത്തിയെ ശമിപ്പിക്കുന്നതിനോ തൽവിഷയകമായി അവ നുണ്ടാകുന്ന സംശയങ്ങളെ അകറ്റുന്നതിനോ പര്യാപ്തമായ രസാ യനപാനീയവുമല്ല അത്. പ്രകൃതി പഠനം കൊണ്ടുണ്ടാകുന്ന ആ അപക്വജ്ഞാനം ന്യൂനതാപൂർണ്ണവും അപകടകരവുമാണ്. എന്തെ ന്നാൽ, അതിൽ സാരസംയുക്തമായ യാഥാർത്ഥ്യത്തെക്കാൾ ശബ്ദ കോലാഹലമാണ് അധികം.

## ദൈവം സംസാരിക്കുന്നു

എന്തിനധികം! പ്രകൃതിയിൽ കാണപ്പെടുന്ന കർമ്മകൗശല്യ ത്താൽ സർവ്വശക്തനായ ദൈവം സ്വയം പ്രത്യക്ഷനാകുന്ന പോലെതന്നെ തന്റെ വചനങ്ങൾമൂലവും സ്വദാസർക്ക് വെളിപ്പെ ടാത്ത പക്ഷം, അവന്റെ കർമ്മകുശലതയെ നിരീക്ഷണം ചെയ്തു കൊണ്ടുള്ള യുക്തിപരമായ ആസ്തികബോധം ഒരിക്കലും തൃപ്തി കരമാകുന്നതല്ല. ഉദാഹരണമായി, മുറിയുടെ വാതിലുകളെല്ലാം അകത്തുനിന്നും അടച്ചിരിക്കുന്നതായി കാണപ്പെടുന്ന പക്ഷം, അവ അകത്തുനിന്നു ബന്ധിച്ച ഒരാൾ അവിടെ ഉണ്ടെന്നായിരിക്കുമല്ലോ നാം അനുമാനിക്കുക. കാരണം, അകത്തെ സാക്ഷ പുറമെനിന്നു

ഇടുക സാദ്ധ്യമല്ലല്ലോ. എന്നാൽ, കുറേകാലമായിട്ട് ആ മുറിയിൽ നിന്നു ഒരു ശബ്ദവും കേൾക്കാതിരിക്കുകയും, പുറമേനിന്നു തുട രെത്തുടരെയായുള്ള അധികകാലത്തെ വിളിക്ക് ഉത്തരം ലഭിക്കാ തിരിക്കുകയും ചെയ്യുന്നുവെങ്കിലോ, അതിനുള്ളിൽ ആരോ ഉണ്ടെ ന്നുള്ള അഭിപ്രായം നാം മാറ്റേണ്ടതായി വരുന്നു. എന്നല്ല, അതിന കത്ത് ഒരാളുമില്ലെന്നും അജ്ഞാതമായ ഏതോ കാരണവശാൽ അകത്തെ സാക്ഷ വീണതായിരിക്കാമെന്നും നാം വിചാരിക്കുകയും ചെയ്യുന്നു. ഈ ദൃശ്യപ്രപഞ്ചത്തിന്റെ കർത്താവായ ദൈവത്തിന്റെ സത്തയെക്കുറിച്ചുള്ള തത്ത്വശാസ്ത്രജ്ഞന്മാരുടെ അന്വേഷണം കർമ്മകൗശല്യമാവുന്ന ഏക വിഷയത്തെ ആസ്പദമാക്കിക്കൊണ്ടു ള്ളതായിരിക്കുന്നതിനാൽ അവർക്ക് അനുഭവമായതും ഇതുതന്നെ യാണ്. ഈ ഭൗതികവസ്തുക്കളുടെ അടിയിൽനിന്നുമാത്രം സൃഷ്ടി കർത്താവിനെ അന്വേഷിച്ചറിയുന്നതിനുള്ള ശ്രമം അപഥത്തിലാ ണെന്നേ പറയേണ്ടതുള്ളൂ. മഹാമഹത്ത്വവാനും സജീവനുമായിരി ക്കുന്ന ദൈവത്തെ, മണ്ണിനടിയിൽ കുഴിച്ചു നോക്കിയാൽ മാത്രം കാണാവുന്ന ശവശരീരം കണക്കെ കരുതുന്നത് ഭീമമായ അബദ്ധ മാകുന്നു. ദൈവം ലോകത്തിനു പ്രത്യക്ഷീഭവിക്കുന്നതിനു മനു ഷ്യന്റെ സഹായവും പ്രയത്നവും ആവശ്യമായിരിക്കുന്നുവെന്നു വിചാരിക്കുന്നതു ബീഭത്സമായ വിചാരമത്രെ. ദൈവം അങ്ങനെ യുള്ളവനാണെങ്കിൽ അവൻ നമ്മുടെ പ്രത്യാശകളുടെ കേന്ദ്രമാ യിരിക്കാവുന്നതല്ല. ദൈവം തന്റെ തിരുമുഖത്തെ സൃഷ്ടികൾക്ക് വെളിപ്പെടുത്തിക്കൊടുക്കുകയോ അവർ സ്വയമേവ ദൈവത്തിന്റെ ഉൺമയെ അറിയുന്നതിന് മാർഗ്ഗം കണ്ടുപിടിക്കുകയോ എന്താണ് വേണ്ടത്? അനാദ്യന്തനും അദൃശ്യനുമായ ദൈവം പണ്ടേ തന്റെ വ്യക്തവും അനുഗ്രഹപൂർണ്ണവുമായ വചനങ്ങൾമൂലം സ്വസാന്നി ദ്ധ്യത്തെ വെളിപ്പെടുത്തുകയും അതുവഴി ജനങ്ങളെ തന്നിലേക്ക് ക്ഷണിക്കുകയും ചെയ്തുവന്നിട്ടുണ്ട്. മനുഷ്യന്റെ പ്രയത്നം ഇല്ലാ യിരുന്നുവെങ്കിൽ നിത്യനും സനാതനുമായ പ്രപഞ്ചാധീശൻ അവന്റെ സൃഷ്ടികൾക്ക് ഒരിക്കലും അറിയപ്പെടുകയില്ലായിരുന്നു വെന്നോ ഈ വിഷയത്തിൽ ദൈവം മനുഷ്യനു കടപ്പെട്ടിരിക്കുന്നു വെന്നോ തത്ത്വജ്ഞാനികൾ ഇല്ലായിരുന്നുവെങ്കിൽ പ്രപഞ്ച കർത്താവ് അജ്ഞാതനായിത്തന്നെ ഇരിക്കുമായിരുന്നുവെന്നോ വിചാരിക്കുന്നുവെങ്കിൽ, അതു വലിയ ധിക്കാരമാണെന്നുവേണം പറയാൻ. ദൈവത്തിന്റെ സത്തയെക്കുറിച്ചു അവന്റെ ശബ്ദശ്രവണം

മൂലം ലഭ്യമാകുന്ന സ്പഷ്ടമായ തെളിവിനെ, അവന് സംസാരിക്കാൻ നാവുണ്ടോ എന്നു പറഞ്ഞു അപലപിക്കുകയാണെങ്കിൽ ആസ്തിക ബോധത്തിനു നിരക്കാത്ത ആ വാദം നിരർത്ഥകവും ന്യായവിരുദ്ധവുമാകുന്നു. ദൈവം ആകാശഗോളങ്ങളെയും ഭൂമിയെയും ജഡികമായ കരങ്ങൾകൂടാതെ സൃഷ്ടിച്ചില്ലേ? സർവ്വസാക്ഷിയായി വാഴുന്ന അവൻ മാംസദൃഷ്ടികൾകൂടാതെതന്നെ ഈ പ്രപഞ്ചമാസകലം കാണുന്നില്ലേ? നമ്മുടേതുപോലുള്ള ചെവികളില്ലാതിരുന്നിട്ടും അവൻ തന്റെ ദാസരുടെ ശബ്ദങ്ങൾ കേൾക്കുന്നില്ലേ? അപ്പോൾ അവൻ മാംസജിഹ്വകൂടാതെതന്നെ സംസാരിക്കേണ്ടതുമല്ലേ? പൂർവ്വകാലങ്ങളിൽ ദൈവം മനുഷ്യരോടു സംസാരിക്കുകയും തന്നെക്കുറിച്ച് അവർക്ക് അറിവു നല്കുകയും ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ അവൻ സംസാരിക്കുന്നില്ല എന്നു പറയുന്നതു കേവലം അടിസ്ഥാന രഹിതമാകുന്നു. അവന്റെ സംഭാഷണ സംബോധനാദികളെ ഏതെങ്കിലും പ്രത്യേക യുഗത്തോടു ബന്ധിച്ചു നിറുത്തുവാൻ നാം അധികൃതരല്ലല്ലോ. പണ്ടു കാലങ്ങളിൽ സംസാരിച്ചിരുന്ന അഭേദനായ ദൈവം ഇപ്പോഴും സംസാരിക്കുകയും അവനെ ഹൃദയ സാകല്യത്തോടു കൂടി അന്വേഷിച്ചു കൊണ്ടിരിക്കുന്ന ദാസരെ തന്റെ വചനങ്ങൾ കൊണ്ടനുഗ്രഹിക്കുകയും ചെയ്യുന്നു. അവന്റെ വരപ്രസാദങ്ങളുടെ കവാടങ്ങൾ പൂർവ്വകാലങ്ങളിലെന്നപോലെ ഇപ്പോഴും തുറന്നുകിടക്കുന്നുണ്ട്. സന്മാർഗ്ഗദർശനത്തിനായിട്ട് അവശ്യമാവശ്യകങ്ങളായ നിയമപദ്ധതികളെയും നീതിതത്ത്വങ്ങളെയും ക്രോഡീകരിച്ചുകൊണ്ടുള്ള ഇസ്ലാമിക ധർമ്മശാസ്ത്രം, ദൈവത്തിൽനിന്നു പുതിയ നിയമശാസ്ത്രത്തിന്റെ ആവശ്യകതയെ ഇല്ലാതാക്കിത്തീർത്തിട്ടുണ്ടെന്നതും, പ്രവാചകത്വവും പ്രവചനവും നമ്മുടെ വിശുദ്ധനബിനായകർ(സ) തിരുമേനിയിൽ പൂർണ്ണത പ്രാപിച്ചിരിക്കുന്നുവെന്നതും അവിതർക്കിതമാണെന്നിരിക്കിലും ദൈവത്തിന്റെ സംസാരപരമ്പര നിലച്ചുപോയിട്ടില്ല. എന്നാൽ, ദൈവികമായ ഈ പരിപൂർണ്ണ പ്രഭാപൂരം അവസാനമായി അറബ് രാജ്യത്തിൽനിന്നു വെളിപ്പെടണമെന്നുള്ളതു ദൈവകല്പിതമായിരുന്നു. ദൈവത്തിന്റെ ഈ സങ്കല്പത്തിന് ഒരുദ്ദേശ്യമുണ്ടെന്നു നമുക്ക് കാണുവാൻ കഴിയുന്നതാണ്. അറബികൾ, ഇസ്റായീൽ വംശ്യരുമായുള്ള സകലവിധ ബന്ധങ്ങളിൽനിന്നും വേർപ്പെട്ട് പാറാൻ(അറബിയിൽ ഫാറാൻ) എന്ന വിജനപ്രദേശത്തിൽ ദൈവാധീനത്താൽ തള്ളിവിടപ്പെട്ട ഇസ്മാ

യീലിന്റെ സന്തതികളാകുന്നു. **ഫാറാൻ** എന്ന അറബി വാക്കിന്റെ അർത്ഥം 'ഓടിപ്പോയ രണ്ടു പേർ' എന്നാണ്. ഇസ്മായീൽ, ഇസ്ഹാഖിനോടൊപ്പം അവകാശിയായിരിക്കുകയില്ല എന്നു പറയപ്പെട്ടിട്ടുള്ള പ്രകാരംതന്നെ ഹദ്റത്ത് ഇബ്റാഹീം നബിയാൽ വേർപ്പെടുത്തപ്പെട്ട ഇസ്മായീല്യർക്ക്, ഇസ്റായീൽ നിയമത്തിൽ ഒരു പങ്കുമില്ലായിരുന്നു. ഇങ്ങനെ ബന്ധുജനങ്ങളാൽ പരിത്യജിക്കപ്പെട്ടവരായിരുന്നു അവർ. മറ്റൊരു വർഗ്ഗക്കാരുമായും അവർക്ക് ബന്ധുത്വമുണ്ടായിരുന്നില്ല. ഇതര രാജ്യങ്ങളിലെല്ലാം ദൈവത്തിന്റെ പ്രവാചകന്മാരുടെ പ്രബോധനങ്ങൾ ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ വ്യാപിച്ചിട്ടുണ്ടെന്നു അനുമാനിക്കാവുന്ന തരത്തിലുള്ള നിയമതത്ത്വങ്ങളുടെയും ആരാധനാ സമ്പ്രദായങ്ങളുടെയും ഏറെക്കുറെ ചിഹ്നങ്ങൾ കാണുവാനുണ്ട്. എന്നാൽ, അറബ് രാജ്യമാകട്ടെ ഇങ്ങനെയുള്ള പ്രബോധനങ്ങളെക്കുറിച്ച് കേവലം അജ്ഞതയോടു കൂടിയാണ് വർത്തിച്ചിരുന്നത്. തന്നെയുമല്ല, ഈ വിഷയത്തിൽ അതു മറ്റേതു രാജ്യത്തെക്കാളും ഏറ്റവും പിന്നണിയിലായിരുന്നു താനും. തൻനിമിത്തം നിയമദാനപരമായ പ്രവാചകത്വത്തിന്റെ അന്ത്യരംഗം അറബ് രാജ്യമായിരിക്കണമെന്നും അവിടുത്തെ പ്രവാചകന്റെ ദൗത്യം സാർവ്വജനീനമായിരിക്കണമെന്നുമുള്ളത് ദൈവകല്പിതമായിരുന്നു. ആ പ്രവാചകശ്രേഷ്ഠൻ സർവ്വജനതകളെയും അനുഗ്രഹിക്കുന്നതിനും അവരിൽ കുടികൊണ്ടിരുന്ന ദോഷങ്ങളെ പരിഹരിക്കുന്നതിനുംവേണ്ടി ആഗതനായി. അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന ധർമ്മശാസ്ത്രം ഇനി ഒരു നീതി ശാസ്ത്ര ഗ്രന്ഥത്തിന്റെയും ആവശ്യമില്ലാത്തവിധം പരിപൂർണ്ണമായതാകുന്നു. ആ നിയമഗ്രന്ഥത്തിലെ പരിഷ്കരണപദ്ധതികൾ പൂർവ്വമതഗ്രന്ഥങ്ങളിലേതുപോലെ ഏതെങ്കിലും പ്രത്യേക സമുദായത്തിനു മാത്രമുള്ളതല്ല. അത് സർവ്വജാതിമതസ്ഥരിലും പരിഷ്കാര സംസ്കാരങ്ങൾ വരുത്തിത്തീർക്കുന്നതിനുള്ളതാണ്. മനുഷ്യന്റെ ധാർമ്മികശിക്ഷണത്തിനു അത്യാവശ്യമായ സകല പദ്ധതികളെയും അതു വിവരിച്ചിട്ടുണ്ട്. അപരിഷ്കൃതരായ കാട്ടാളരെ മാനുഷികമായ സംസർഗ്ഗ തത്ത്വോദ്ബോധനം മുഖേന സാമുദായിക ജീവികളാക്കുകയും അനന്തരം അവരെ ഉൽക്കൃഷ്ടങ്ങളായ സന്മാർഗ്ഗപാഠങ്ങൾമൂലം ധാർമ്മിക ജീവികളാക്കുകയും ചെയ്യുന്നതിനു അതു വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഈ നീതി ശാസ്ത്ര ഗ്രന്ഥമായ വിശുദ്ധഖുർആനത്രേ പ്രകൃത്യാലുള്ള സ്വഭാവങ്ങളെയും

ഉൽക്കൃഷ്ട ധാർമ്മികഗുണങ്ങളെയും തമ്മിൽ വേർതിരിച്ചു അവയുടെ വ്യതിരിക്തഭാവത്തെ വെളിപ്പെടുത്തിയിരിക്കുന്നത്. അതു മനുഷ്യനെ പ്രാകൃതാവസ്ഥയിൽനിന്നു ധാർമ്മികാവസ്ഥയാകുന്ന ഉൽക്കൃഷ്ടസ്ഥാനത്തേക്ക് ഉയർത്തുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ, അതിനപ്പുറമുള്ള ആദ്ധ്യാത്മികാവസ്ഥയിലേക്ക് അവനെ എത്തിക്കുന്നതിനു പര്യാപ്തമായ വിശുദ്ധജ്ഞാനത്തിന്റെ കവാടങ്ങൾ തുറന്നു വെക്കുകകൂടി ചെയ്തിരിക്കുന്നു. അത്രയുമല്ല, അതു ലക്ഷക്കണക്കിലുള്ള ജനങ്ങളെ പരമാർത്ഥജ്ഞാനംമൂലം പ്രബുദ്ധരാക്കി ദൈവസന്നിധിയിൽ ആനയിക്കുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം മുൻപ്രസ്താവിച്ച മനുഷ്യന്റെ മൂന്നുവിധ അവസ്ഥകളെ സംബന്ധിച്ചു ആ വിശിഷ്ടഗ്രന്ഥം പരിപൂർണ്ണമായ പരിഷ്കരണപദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. വിശുദ്ധഖുർആൻ ധാർമ്മിക പരിഷ്കരണത്തിനു അത്യാവശ്യകങ്ങളായ നിർദ്ദേശങ്ങളുടെ അതിവ്യാപകമായ സംഹിതയായിരിക്കുന്നതു കൊണ്ട് അതിന്റെ പരിപൂർണ്ണതയെയും ശ്രേഷ്ഠതയെയും അത് സ്പഷ്ടമായും വാദിച്ചിരിക്കുന്നതു കാണാം. അത് പറയുന്നതിങ്ങനെയാണ്:

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ وَاَتْمَمْتُ عَلَيْكُمْ نِعْمَتِيْ وَرَضِيْتُ لَكُمُ الْاِسْلَامَ دِيْنًا

“ഇന്നേ ദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പരിപൂർണ്ണമാക്കിത്തരുകയും എന്റെ അനുഗ്രഹം നിങ്ങളിൽ പൂർത്തീകരിക്കുകയും നിങ്ങൾക്ക് ഇസ്‌ലാമിനെ മതമായി ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു”(5:4). ഇസ്‌ലാമിൽ മതം അതിന്റെ പൂർണ്ണത പ്രാപിച്ചിരിക്കുന്നു എന്നു ഈ ഖുർആൻ വാക്യം ഊന്നിപ്പറയുന്നു. അതായത്, മതത്തിന്റെ പരിപൂർണ്ണമായ അവസ്ഥ ‘ഇസ്‌ലാം’ എന്ന വാക്കിന്റെ അർത്ഥത്തിൽ ഉൾക്കൊണ്ടിരിക്കുന്നു എന്നുതന്നെ. വാചകാന്തരേണ പറയുന്നതായാൽ, ദൈവേഷ്ടത്തിനു പൂർണ്ണമായ നിലയിൽ വഴിപ്പെട്ട് ആത്മത്യാഗത്താൽ ത്യാഗം വെറും വാക്കിൽ മാത്രമായിരിക്കാതെ പ്രവൃത്തി രൂപേണ പ്രത്യക്ഷീകരിക്കുന്നതുമൂലം മോക്ഷോപലബ്ധിയെ അർഹിക്കുന്ന പരമമായ അനുസരണപഥമാണ് ഇസ്‌ലാം എന്നതു കൊണ്ടു വിവക്ഷിതമാക്കപ്പെട്ടിരിക്കുന്നത്. ഈ അവസ്ഥയിൽ സകല ശ്രേഷ്ഠഗുണങ്ങളും ചെന്നവസാനിക്കുന്നു.

എന്നാൽ, അപൂർണ്ണമായ ബുദ്ധിശക്തിയെ മാത്രം ആശ്രയിച്ചു വർത്തിച്ച തത്ത്വശാസ്ത്രജ്ഞൻമാർക്ക് സാക്ഷാൽ ദൈവത്തെ കണ്ടെത്തുവാൻ കഴിഞ്ഞില്ല. വിശുദ്ധഖുർആനാകട്ടെ ആ സത്യേക ദൈവത്തെ തിരിച്ചറിയുന്നതിനു ശരിയായ ജ്ഞാനമാർഗ്ഗം പ്രദാനം ചെയ്തിരിക്കുന്നു. പ്രപഞ്ചകർത്താവിനെ സംബന്ധിച്ചു പരമാർത്ഥ ബോധമുണ്ടാക്കിത്തരുന്നതിനു ആ പവിത്രഗ്രന്ഥം രണ്ടു മാർഗ്ഗ മാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഒന്ന്, പ്രകൃതിനിയമങ്ങളിൽനിന്നു ദൈവത്തിന്റെ സത്തയെ നിർണ്ണയിച്ചറിയാൻ സമർത്ഥമാകത്തക്ക വിധം മനുഷ്യന്റെ വിവേചനശക്തി ബലവത്തും തീക്ഷ്ണതരവും ആയിത്തീരുന്നതും അബദ്ധത്തിലേക്ക് വ്യതിചലിക്കാതെ സുരക്ഷി തമായി ഭവിക്കുന്നതുമായ മാർഗ്ഗമാകുന്നു. വിശുദ്ധ ഖുർആൻ നിർദ്ദേ ശിച്ചിരിക്കുന്ന രണ്ടാമത്തെ മാർഗ്ഗം ആദ്ധ്യാത്മികമായ പദ്ധതിയാ കുന്നു. ഇതിനെ സംബന്ധിച്ചു മൂന്നാം പ്രശ്നത്തിന്റെ ഉത്തരത്തിൽ പ്രതിപാദിക്കുന്നതാണ്.

## ദൈവാസ്തിത്വത്തിനുള്ള തെളിവുകൾ

ഒന്നാമത്തെ മാർഗ്ഗമായി വിശുദ്ധഖുർആൻ ദൈവത്തിന്റെ സത്തയെ തെളിയിക്കുന്നതിന് മനുഷ്യന്റെ വിവേകജ്ഞാനത്തെ ക്ഷണിച്ചുകൊണ്ട് പ്രബലമായ പല യുക്തികളും എടുത്തു കാണി ച്ചിരിക്കുന്നു. അത് ഒരു സ്ഥലത്ത് പറയുന്നതിങ്ങനെയാണ്:

رَبُّنَا الَّذِیٓ اَعۡطٰی کُلَّ شَیۡءٍ خَلۡقَهٗ ثُمَّ هَدٰی ﴿٥١﴾ ''ഞങ്ങളുടെ റബ്ബ് എല്ലാ വസ്തുവിനും അതതിന്റെ പ്രകൃതിക്കനുയോജ്യമായ സൃഷ്ടിയെ പ്രദാനം ചെയ്യുകയും അനന്തരം അതിനു നിശ്ചിതമായ പരിപൂർണ്ണ തയിലേക്ക് എത്തിച്ചേരുവാൻ ഉപദർശനം നല്കുകയും ചെയ്തി രിക്കുന്നവനത്രെ"(20:51). മനുഷ്യൻതുടങ്ങി കരയിലും കടലിലും വായുമണ്ഡലത്തിലുമുള്ള എല്ലാ ജീവികളുടെയും ശരീരഘടനയെ പരിശോധിക്കുകയും അവയുടെ പ്രകൃതിയെക്കുറിച്ചു ചിന്തിക്കു കയും ചെയ്യുന്നതായാൽ എല്ലാം അവയുടെ പ്രകൃതിക്ക് യോജിച്ചവിധം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതായി കാണാം. ഈ വിഷയം ഓരോരുത്തർക്കും വേണ്ടത്ര ചിന്തിച്ചു നോക്കുവാൻ മാത്രം വിപുലതരമായിട്ടുള്ളതാണ്.

ദൈവത്തിന്റെ സത്തയെ സ്ഥാപിക്കുന്നതിന് വിശുദ്ധഖുർആൻ കാണിക്കുന്ന മറ്റൊരു തെളിവ് അവൻ കാരണ കർത്താവ് അഥവാ

ആദി കാരണൻ ആണെന്നുള്ളതാണ്. അത് പറയുന്നു;

وَأَنَّ إِلَىٰ رَبِّكَ الْمُنتَهَىٰ ﴿٤٢﴾ "കാര്യകാരണപരമ്പര മുഴുവനും നിന്റെ നാഥ നിൽ അവസാനിക്കുന്നു"(53:43).

ഗോചരാഗോചരങ്ങളായ സകല വസ്തുക്കളും കാര്യകാരണ വ്യവസ്ഥിതിയോടു സംഘടിതങ്ങളായിരിക്കുന്നു എന്ന സംഗതി സൂക്ഷ്മനിരീക്ഷണംകൊണ്ടു കാണാവുന്നതാണ്. ഈ വ്യവസ്ഥിതി യുടെ സാർവ്വത്രികമായ പ്രവർത്തനമാണ് നാം കാണുന്ന വിവിധ ങ്ങളായ ശാസ്ത്രങ്ങളുടെയും തത്ത്വജ്ഞാനങ്ങളുടെയും ഉൽപ ത്തിക്കും വളർച്ചയ്ക്കും കാരണമായിരിക്കുന്നത്. സൃഷ്ടിലോക ത്തിന്റെ ഒരംശവും ഈ കാര്യകാരണബന്ധത്തിന്റെ വ്യവസ്ഥിതി യിൽനിന്ന് ബഹിർഗ്ഗമിക്കുന്നില്ല. ചിലത് മറ്റു ചിലതുകൾക്ക് മൗലിക പ്രമാണങ്ങളായും ചിലത് ശാഖകളായും സ്ഥിതി ചെയ്യുന്നു; സ്വയം സ്ഥിതിചെയ്യുന്നതായ ആദികാരണമൊഴികെ എല്ലാ ഓരോ കാര ണവും മറ്റൊരു കാരണത്തെ അവലംബിച്ചിരിക്കും. ആ കാരണം വേറൊരു കാരണത്തിന്റെ ഫലമാകുന്നു. ഇങ്ങനെ ഈ കാരണപ രമ്പര പിറകോട്ടു പോയിക്കൊണ്ടിരിക്കുന്നതാണ്. എന്നാൽ, അന ന്തമല്ലാത്ത ഈ പ്രപഞ്ചത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഈ കാര്യകാരണ പരമ്പര അനന്തമായിരിക്കാൻ പാടില്ലാത്തതുകൊണ്ട് അത് ഏതെങ്കിലുമൊരു സ്ഥാനത്തു അവസാനിക്കേണ്ടിയിരിക്കു ന്നു. ഇങ്ങനെ ഏറ്റവും ഒടുവിലത്തേതായി കാണപ്പെടുന്ന ആ കാരണം പ്രപഞ്ചകർത്താവു തന്നെയാണ്. 'കാര്യകാരണ പരമ്പര മുഴുവനും നിന്റെ നാഥനിൽ അവസാനിക്കുന്നു' എന്ന പ്രസ്തുത ദൈവവാക്യം ഈ അന്തിമകാരണത്തിലേക്ക് അഥവാ ആദികാര ണത്തിലേക്കാണ് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നത്.

ഈശ്വരസത്തയെ തെളിയിക്കുന്നതിന് വിശുദ്ധഖുർആൻ കാണിക്കുന്ന മറ്റൊരു തെളിവ് ഇതാകുന്നു:

لَا الشَّمْسُ يَنبَغِي لَهَا أَن تُدْرِكَ الْقَمَرَ وَلَا اللَّيْلُ سَابِقُ النَّهَارِ ۚ
وَكُلٌّ فِي فَلَكٍ يَسْبَحُونَ ﴿٤٠﴾

"സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കുവാൻ കഴിയുകയില്ല. രാത്രിക്ക് പകലിനെ അതിക്രമിക്കുവാനും കഴിയുകയില്ല; എല്ലാ ഗ്രഹങ്ങളും നിശ്ചിതപഥങ്ങളിൽ സഞ്ചരിക്കുന്നു"(36:41). ഈ ഗോളങ്ങളിൽ

ഒന്നുംതന്നെ അതിന്റെ സഞ്ചാരപഥത്തിൽനിന്നു വ്യതിചലിക്കുന്നില്ല. അവയ്ക്ക് ഒരു നിയാമകനില്ലായിരുന്നുവെങ്കിൽ അവ നാനാവിധങ്ങളായി ചരിച്ചു ക്ഷണേന നശിച്ചുപോകുമായിരുന്നു. ഈ തെളിവു പ്രകൃതി തത്ത്വചിന്തകന്മാർക്ക് ഉപയോഗപ്രദമായിട്ടുള്ളതാണ്. ആകാശത്തിൽ ചരിച്ചുകൊണ്ടിരിക്കുന്ന അസംഖ്യങ്ങളായ വിപുല ഗോളങ്ങൾക്ക് സ്വല്പമായ ഗതിവൈകല്യം സംഭവിക്കുകയാണെങ്കിൽ മുഴുലോകവും താറുമാറായിപ്പോകുന്നതാണ്. അങ്ങനെയുള്ള ഈ ഗോളങ്ങൾ പരസ്പരം മുട്ടുകയോ അവയുടെ ഗതിക്ക് ലേശമെങ്കിലും വ്യത്യാസം വരികയോ നിരന്തരമായ ചലനം മൂലം അവയ്ക്ക് തേയ്മാനം വരികയോ രൂപവൈകല്യം സംഭവിക്കുകയോ ചെയ്യാതെ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു എന്നുള്ളത് എത്രമാത്രം അത്ഭുതാവഹമാണ്! അത്യന്തം വിപുലമായ ഈ യന്ത്രവിശേഷം സർവ്വ സമർത്ഥനായ ഒരു യാന്ത്രികന്റെ നിയന്ത്രണത്തിന് വിധേയമായിരുന്നില്ലെങ്കിൽ സംഖ്യാതീതമായ ഈ കാലമത്രെയും ഒരു ക്രമക്കേടും കൂടാതെ എങ്ങനെയാണ് സ്വയം പ്രവർത്തിക്കാൻ കഴിയുമായിരുന്നത്?

ഈ പരിപൂർണ്ണമായ ദൈവശക്തിയെയും ജ്ഞാനത്തെയും സൂചിപ്പിച്ച് വിശുദ്ധ ഖുർആൻ മറ്റൊരിടത്ത് പറയുകയാണ്: أَفِي اللَّهِ شَكٌّ فَاطِرِ السَّمَاوَاتِ وَالْأَرْضِ "ഇങ്ങനെയുള്ള ആകാശമണ്ഡലത്തെയും ഭൂമിയെയും സൃഷ്ടിച്ച ദൈവത്തിന്റെ സത്തയിൽ വല്ല സംശയമുണ്ടോ?"(14:11).

സ്രഷ്ടാവിന്റെ ആസ്തികതയെ തെളിയിക്കുന്നതിന് വിശുദ്ധ ഖുർആൻ കാണിക്കുന്ന വേറൊരു ന്യായം ഇതാണ്:

كُلُّ مَنْ عَلَيْهَا فَانٍ ﴿٢٦﴾ وَيَبْقَىٰ وَجْهُ رَبِّكَ ذُو الْجَلَالِ وَالْإِكْرَامِ ﴿٢٧﴾ "സർവ്വ വസ്തുക്കളും നശ്വരങ്ങളാകുന്നു; എന്നേയ്ക്കും ശേഷിക്കുന്നത് പ്രതാപവാനും സപ്രഭാവനുമായ നിന്റെ നാഥനത്രെ"(55:27,28). ഈ ഭൂമി ആസകലം തുണ്ടുതുണ്ടായി ഭവിക്കുകയും നഭശ്ചരങ്ങളായ ഗോളങ്ങൾ നശിച്ചുപോവുകയും എന്നല്ല, ഈ സമസ്ത പ്രപഞ്ചവും നശിച്ചു ശൂന്യപ്രായമായി കലാശിക്കുകയും ചെയ്തുവെന്നു വിചാരിക്കുന്നതായാലും, എന്നും അനശ്വരവും അക്ഷയവും അഭേദവുമായ എന്തോ ഒന്നു യഥാസ്ഥിതിയിൽ പിന്നെയും ശേഷിച്ചിരിക്കണമെന്നു നമ്മുടെ ബുദ്ധിയും മനഃസാക്ഷിയും ആവശ്യപ്പെടുന്നു

ണ്ട്. അങ്ങനെയുള്ള ഒരു ശക്തിയാകുന്നു സർവ്വ നശ്വരവസ്തുക്ക ളെയും നാസ്തിയായ അവസ്ഥയിൽനിന്ന് ഉത്ഭവിപ്പിച്ചവനായ ദൈവം. 'നാശം' അവന്നധീനമായതുകൊണ്ട് അവൻ നാശത്തിന്റെ ഭുജവിക്രമത്തിൽനിന്ന് അതീതനാകുന്നു.

വിശുദ്ധ ഖുർആൻ മറ്റൊരിടത്ത് ദൈവത്തിന്റെ സത്തയെക്കു റിച്ചു സയുക്തികം ഉദ്ബോധിപ്പിക്കുന്നത് ഇപ്രകാരമാണ്: أَلَسْتُ بِرَبِّكُمْ ۖ قَالُوا بَلَىٰ "സർവ്വാധികർത്താവായ ദൈവം ആത്മാ ക്കളോട് നിങ്ങളുടെ സ്രഷ്ടാവും രക്ഷിതാവും പാലകനും ഞാന ല്ലയോ?" എന്നു ചോദിച്ചപ്പോൾ, 'അതെ, തീർച്ചയായും' എന്നു അവർ പറഞ്ഞു"(7:173). ഈ വാക്യത്തിൽ ദൈവം സംഭാഷണരൂപേ ണ, ആത്മാവിൽ അവൻ നിക്ഷേപിച്ചിട്ടുള്ള സ്വഭാവ വിശേഷത്തെ അതായത്, ഒരാത്മാവും പ്രകൃത്യാ ദൈവത്തിന്റെ സത്തയെ നിഷേ ധിക്കുവാൻ ശക്തമല്ല എന്ന സംഗതിയെ എടുത്തു കാണിക്കുന്നു. നാസ്തികർ ദൈവത്തിന്റെ സത്തയെ നിഷേധിക്കുന്നത് അവരുടെ പ്രകൃതി അവരെ അതിലേക്ക് പ്രേരിപ്പിക്കുന്നതു കൊണ്ടല്ല; ദൈവം ഉണ്ടെന്നതിലേക്ക് അവരുടെ പക്കൽ തെളിവൊന്നും ഇല്ലെന്നു അവർ വിചാരിക്കുന്നതു കൊണ്ടാണ്. ഇങ്ങനെ ആദികാരണനായ ദൈവത്തെ നിഷേധിക്കുന്നതിനോടൊപ്പംതന്നെ അവർ ഓരോ കാര്യത്തിനും ഓരോ പ്രത്യേക കാരണമുണ്ടെന്നു വിശ്വസിക്കു ന്നുമുണ്ട്. ശരീരത്തിനു രോഗം പിടിപെടുകയാണെങ്കിൽ അതിനു ഏതോ കാരണമുണ്ടായിരിക്കുമെന്നതിനെ നിഷേധിക്കുവാൻ മാത്രം ആലോചനാശൂന്യർ ലോകത്തുണ്ടെന്നു തോന്നുന്നില്ല. ഈ ലോകത്തു നടന്നു കൊണ്ടിരിക്കുന്ന ഓരോ കാര്യത്തിനും ഓരോ പ്രത്യേക കാരണമില്ലെന്നാണെങ്കിൽ ഭൂകമ്പം, കൊടുങ്കാറ്റ്,ഗ്രഹണം ഇത്യാദി പ്രകൃതി സംഭവങ്ങളെ സംബന്ധിച്ചു മുൻകൂട്ടി ചെയ്യുന്ന ഗണനങ്ങളും ദിനേന നടന്നു കൊണ്ടിരിക്കുന്ന മറ്റു പല കാര്യ ങ്ങളെ സംബന്ധിച്ചു ചെയ്യുന്ന അനുമാനങ്ങളും അസാദ്ധ്യങ്ങളായി ഭവിക്കുന്നതാണ്. അതിനാൽ, ഒരു ദാർശനികൻ ദൈവത്തിന്റെ സത്തയിൽ വിശ്വസിക്കുന്നില്ലെന്നു വന്നാലും, അയാൾക്ക് കാര്യ കാരണ വ്യവസ്ഥിതിയെ നിഷേധിക്കുവാൻ വയ്യാത്തതിനാൽ ആദി കാരണത്തിന്റെ സത്തയെ നിരസിക്കുവാനും അയാൾ ശക്തനാ കുന്നില്ല. ഇത് ഒരു പ്രകാരത്തിൽ ദൈവത്തിന്റെ സത്തയെ അംഗീ കരിക്കുക തന്നെയാണ്. എന്നാൽ, അത് പൂർണ്ണമായ വിശ്വാസസ

മ്മതമല്ല. ദൈവത്തിന്റെ സത്തയെ നിഷേധിക്കുന്ന നാസ്തികൻ, ഭൗതികമായ താഴ്ന്ന ഉദ്ദേശ്യങ്ങളെയും വിചാരങ്ങളെയും കുറിച്ചു നിർബോധനായിരിക്കുവാനും ഒരു പരമശക്തിയുടെ അനുജ്ഞയ്ക്ക് വിധേയനായിരിക്കുവാനും തക്കവണ്ണം ബോധവിഹീനനാക്കപ്പെടുന്നതായാൽ, ആയവസ്ഥയിൽ അയാൾ ഈശ്വരസത്തയെ സമ്മതിക്കും എന്നുള്ളതിലേക്ക് അനുഭവസിദ്ധരായ പലരുടെയും ദൃഷ്ടാന്തം തെളിവായിരിക്കുന്നുണ്ട്. അങ്ങനെയുള്ള ഒരവസ്ഥയെയാണ് പ്രസ്തുത ഖുർആൻ വാക്യം സൂചിപ്പിക്കുന്നത്. അതായത്, മനുഷ്യന്റെ താഴ്ന്ന വിചാരങ്ങൾ ശക്തിയോടെ വ്യാപരിച്ചുകൊണ്ടിരിക്കുമ്പോൾ മാത്രമേ ദൈവത്തിന്റെ സത്തയെ നിഷേധിക്കുവാനുള്ള നിർബന്ധ ബുദ്ധി കാണുന്നുള്ളൂവെന്നും, പരിശുദ്ധമായ മനുഷ്യപ്രകൃതിയാകട്ടെ ദൈവവിചാരത്താൽ പരിവൃതമായിരിക്കുന്നതാണെന്നും ആ വിശുദ്ധ വാക്യം നമ്മെ പഠിപ്പിക്കുന്നു.

## ദൈവത്തിന്റെ മാഹാത്മ്യം

ദൈവത്തിന്റെ സത്തയെ തെളിയിക്കുന്നതിനു വിശുദ്ധ ഖുർആൻ കാണിച്ചിരിക്കുന്ന സാക്ഷ്യങ്ങളിൽ ചിലതാണ് മുൻവിവരിച്ചത്. ഇനി, ആ പവിത്രഗ്രന്ഥം ഏതൊരു ദൈവത്തിലേക്ക് നമ്മെ ക്ഷണിക്കുന്നുവോ അവനുള്ളതായി അതു പ്രസ്താവിക്കുന്ന മഹത്ത്വങ്ങളും ഗുണവിശേഷങ്ങളും എന്തൊക്കെയാണെന്നു നോക്കാം. വിശുദ്ധഖുർആൻ പറയുകയാണ്:

هُوَ اللّٰهُ الَّذِىْ لَاۤ اِلٰهَ اِلَّا هُوَ ۚ عٰلِمُ الْغَيْبِ وَالشَّهَادَةِ ۚ هُوَ الرَّحْمٰنُ الرَّحِيْمُ ﴿٢٣﴾ അതായത്, "ആരാധനയ്ക്കും അനുസരണത്തിനും അർഹനായി താനല്ലാതെ മറ്റാരുമില്ലാത്ത ഏകനായിരിക്കുന്നവനത്രേ ദൈവം" (59:23). ഈ വചനത്തിൽ ദൈവത്തിന് ഒരു പങ്കാളിയുമില്ലെന്നു ദ്യോതിപ്പിച്ചിരിക്കുന്നത്, അവൻ നിസ്തുലനും ഏകമാത്രനും അല്ലെന്നുവരികിൽ അവന്റെ ശക്തി ഒരിക്കൽ കൂട്ടുകാരന് അധീനപ്പെട്ടുപോകാനും അങ്ങനെ അവന്റെ ദൈവത്വം നഷ്ടമായിപ്പോകാനും സംഗതിയാകുമെന്നതു കൊണ്ടാണ്. തന്നെയുമല്ല, അവനല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ല എന്നു പറഞ്ഞിരിക്കുന്നത് അവൻ സകലഗുണ സംപൂർണ്ണനാണെന്നു സ്പഷ്ടീകരിക്കുന്നതിനുമാണ്. ഗുണവൈശിഷ്ട്യങ്ങളുടെ ആധിക്യത്തെ ആസ്പദമാക്കി സൃഷ്ടികളിൽ ഒന്നിനെ ദൈവമായി തിരഞ്ഞെടുക്കുവാൻ വിചാ

രിക്കുകയോ ദൈവത്തിനുണ്ടായിരിക്കേണ്ടുന്ന ശ്രേഷ്ഠഗുണങ്ങ ളെല്ലാം വിഭാവനം ചെയ്യുകയോ ചെയ്യുന്നപക്ഷം അങ്ങനെയുള്ള സകല ശ്രേഷ്ഠ ഗുണങ്ങളാലും വിശേഷണങ്ങളാലും വിഭൂഷിത നായി, സ്വയം പരിപൂർണ്ണനായി അത്യുന്നതനായിരിക്കുന്നവനാ കുന്നു ദൈവം. തൻനിമിത്തം ദൈവത്തിനു മാത്രം അവകാശപ്പെട്ട ആരാധനാദി ഭക്തിപ്രകടനങ്ങൾക്ക് സൃഷ്ടികളിലാരെയെങ്കിലും പങ്കാളിയാക്കുകയെന്നതു എത്രയും വലിയ അന്യായമാകുന്നു.

മേലുദ്ധരിച്ച വാക്യത്തിൽ പ്രസ്താവിതമായ ഒരു ദൈവനാമം 'ആലിമുൽഗയ്ബ്' عٰلِمُ الْغَيْبِ എന്നാണ്. അതായത്, 'തന്റെ തത്ത്വം താൻമാത്രം അറിയുന്ന അന്തര്യാമി' യാണവൻ. അവന്റെ തത്ത്വത്തെ പരിമിതമായ മനുഷ്യശക്തിക്ക് പൂർണ്ണമായി ഗ്രഹിക്കുവാൻ സാധി ക്കുന്നതല്ല. സൂര്യചന്ദ്രാദി സൃഷ്ടവസ്തുക്കളുടെ സ്വരൂപം മനസ്സി ലാക്കുവാൻ നമുക്കു കഴിയുന്നതാണ്. എന്നാൽ, സ്രഷ്ടാവായ ദൈവത്തിന്റെ സത്തയെ സമഗ്രമായി ഗ്രഹിക്കാൻ സാദ്ധ്യമല്ല.

ഉപര്യുക്ത വാക്യത്തിലുള്ള മറ്റൊരു ദൈവനാമം 'ആലിമുശ്ശ ഹാദത്ത്' عٰلِمُ الشَّهَادَةِ എന്നാണ്. അതായത്, 'തനിക്ക് ഒന്നും ഗോപ്യ മായിരിക്കാതെ സർവ്വവും വ്യക്തമായറിയുന്നവൻ' എന്നുതന്നെ. സൃഷ്ടവസ്തുക്കളിൽ ഏതെങ്കിലുമൊന്നിനെ അവൻ അറിയാതി രിക്കുകയെന്നത് അവന്റെ ദൈവത്വത്തിനു നിരക്കാത്തതാകുന്നു. അതിനാൽ, അവൻ പ്രപഞ്ചത്തിലെ പരമാണു സകലത്തെയും സസൂക്ഷ്മം കാണുകയും അറിയുകയും ചെയ്യുന്നു. എന്നാൽ, മനു ഷ്യനത് സാദ്ധ്യമല്ല. ഈ പ്രപഞ്ചസംവിധാനത്തിന്റെ അവസാനവും പ്രളയവും എപ്പോഴാണെന്നു ദൈവമല്ലാതെ മറ്റാരും അറിയുന്നി ല്ല. അവനത്രേ സകലത്തിന്റെയും കാലനിർണ്ണയം പൂർണ്ണമായും അറിയുന്നത്.

ദൈവത്തിന്റെ മറ്റൊരു വിശേഷണ നാമം 'ഹുവർറഹ്മാൻ' هُوَالرَّحْمٰنُ എന്നാണ്. അതായത്, അവൻ സമസ്ത ജീവജാലങ്ങളു ടെയും സൃഷ്ടിസ്ഥിതിയ്ക്കുമുമ്പേ അവയുടെ സുഖസൗകര്യ ങ്ങൾക്ക് ആവശ്യമായ സകല സാധനങ്ങളുംഒരു കർമ്മത്തി നുമുള്ള പ്രതിഫലമായിട്ടല്ലാതെ, തന്റെ കൃപാതിരേകത്താൽമാത്രം തയ്യാർ ചെയ്തിട്ടുള്ളവനത്രേ. അവൻ നമ്മുടെ ഉത്ഭവത്തിനും കർമ്മ ത്തിനും മുമ്പേതന്നെ നമ്മുടെ ആവശ്യാർത്ഥം സൂര്യാദിഭാസുര

ങ്ങളായ ഗോളങ്ങളെയും പ്രവിശാലമായ ഭൂമിയെയും അതിലെ സംഖ്യാതീതങ്ങളായ അനുഗ്രഹ വസ്തുക്കളെയും തയ്യാറാക്കിത്തന്നുകൊണ്ട് തന്റെ നിസ്സീമമായ കൃപ വെളിപ്പെടുത്തിയിരിക്കുന്നു. അവന്റെ ഈ കൃപാതിരേകത്തിന് '**റഹ്മാനിയ്യത്ത്**' എന്നും ആ സർവ്വദാതാവിന് അർറഹ്മാൻ الرَّحْمٰنُ അഥവാ കൃപാനിധി എന്നുമാണ് വിശുദ്ധഖുർആൻ നാമകരണം ചെയ്തിരിക്കുന്നത്.

മറ്റൊരു വിശേഷണമായി പറഞ്ഞിരിക്കുന്നത് 'അർറഹീം' الرَّحِيْمُ എന്നാകുന്നു. അതായത്, സൽക്കർമ്മങ്ങൾക്ക് സൽഫലം നല്കുന്നവനും ആരുടെയും പ്രയത്നത്തെ നിഷ്ഫലമാക്കാത്തവനുമായ കാരുണ്യവാൻ. ദൈവത്തിന്റെ ഈ കാരുണ്യപ്രകടനത്തിന് '**റഹീമിയ്യത്ത്**' എന്നും അതിന്റെ നിലയനമായ ആ ദയാകരന് 'അർറഹീം' എന്നും പറയുന്നു.

ഖുർആൻ പറഞ്ഞുതരുന്ന മറ്റൊരു ദൈവനാമം '**മാലിക്കിയൗമിദ്ദീൻ**' അഥവാ, 'പ്രതിഫലം നല്കപ്പെടുന്ന ദിനത്തിന്റെ അധിപൻ' എന്നാണ്. അതായത്, കർമ്മഫലമാകുന്ന ശിക്ഷാരക്ഷയ്ക്കുള്ള സർവ്വാധികാരം കൈയിലിരിക്കുന്നവൻ. അവൻ തന്നെയാണ് സർവ്വലോകത്തിന്റെയും വിധികർത്താവ്. തനിക്ക് സൃഷ്ടികളുമായി ഒരു ബന്ധവുമില്ലാതിരിക്കുമാറു ഭൂമിയുടെയും ആകാശത്തിന്റെയും അധിനായകത്വം മറ്റാർക്കെങ്കിലും അവൻ ഏല്പിച്ചുകൊടുക്കുകയോ സ്വതന്ത്രമായി ലോകത്തു ശിക്ഷാരക്ഷ നടത്താനുള്ള കർത്തൃത്വം ആർക്കെങ്കിലും ഒഴിഞ്ഞുകൊടുക്കുകയോ ചെയ്തിട്ടില്ല.

ദൈവത്തിന്റെ ഗുണമഹിമകൾ വിവരിച്ചുകൊണ്ട് വിശുദ്ധഖുർആൻ 59:24 ൽ പറയുന്നു:

اَلْمَلِكُ الْقُدُّوْسُ السَّلٰمُ الْمُؤْمِنُ الْمُهَيْمِنُ الْعَزِيْزُ الْجَبَّارُ الْمُتَكَبِّرُ ഈ വാക്യത്തിൽ ദൈവത്തിനുള്ളതായി പറഞ്ഞിരിക്കുന്ന വിശേഷണങ്ങളിൽ ഒന്ന് 'അൽ മലിക്കുൽ ഖുദ്ദൂസ്' എന്നാണ്. അതായത്, 'എല്ലാവിധ ന്യൂനതകളിൽനിന്നും ഉപരിയായി പരിശുദ്ധനായിരിക്കുന്ന രാജാവ്'. ഭൗതികമായ രാജത്വമാകട്ടെ, ദോഷരഹിതമോ അന്യൂനമോ ആണെന്നു പറയാനാവുകയില്ല. ഒരു രാജ്യത്തിലെ പ്രജകളെല്ലാം അവിടം ഉപേക്ഷിച്ചു അന്യദേശത്തു കുടിയേറിപ്പാർക്കുവാൻ ഓടിപ്പോകുന്നപക്ഷം ആ ഉപേക്ഷിത രാജ്യത്തെ

ഭരണാധികാരിയ്ക്ക് പിന്നെ എന്തു രാജത്വമാണ് ശേഷിക്കുക? അഥവാ ഭയങ്കരമായ ക്ഷാമബാധ നിമിത്തം പ്രജകളെല്ലാം രാജ ഭോഗം കൊടുക്കുന്നതിനു തീരേ അശക്തരായിത്തീരുന്നതായാൽ ആ രാജ്യത്തിലെ രാജാവിന്റെ നിലയെന്തായിരിക്കും? അപ്ര കാരംതന്നെ പ്രജകളേവരും രാജാവിന്നെതിരായി ഇളകിപ്പുറപ്പെ ടുകയും അവർ അദ്ദേഹത്തിന്റെ രാജത്വത്തെ ചോദ്യം ചെയ്തു തുടങ്ങുകയും ചെയ്യുന്ന പക്ഷം ആ ഭരണാധീശനു തന്റെ അധി കാരം നിലനിറുത്തുവാൻ കഴിയുന്നതെങ്ങനെ? എന്നാൽ, സർവ്വ സമർത്ഥനായി, സർവ്വാധിനാഥനായി വാഴുന്ന ദൈവത്തിന്റെ രാജത്വം ഈദൃശം ക്ഷണഭംഗുരമായതല്ല. അവന്റെ ഭരണാധികാരം ഭൗതികമായ രാജാധികാരത്തിൽനിന്നു കേവലം വ്യത്യസ്തമായി ട്ടുള്ളതാകുന്നു. അവനാകട്ടെ സമസ്ത പ്രപഞ്ചത്തെയും ഒക്കപ്പാടെ നശിപ്പിക്കുന്നതിനും വീണ്ടും പുതുതായി സൃഷ്ടിസഞ്ചയങ്ങളെ ഉത്ഭവിപ്പിക്കുന്നതിനും കഴിവുള്ള കർത്താവത്രെ. അവൻ ഇങ്ങനെ സർവ്വശക്തനായ സ്രഷ്ടാവല്ലായിരുന്നുവെങ്കിൽ അവനു അന്യാ യവും അക്രമവും കൊണ്ടല്ലാതെ തന്റെ ഭരണം നടത്തുവാൻ കഴി യുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, പുതുതായി സൃഷ്ടിക്കു വാൻ കഴിവറ്റവനാണെന്നു വരുകിൽ സൃഷ്ടിലോകത്തിനു ഒരി ക്കൽ മോചനവും മുക്തിയും നല്കിയതിനുശേഷം ആ ആദ്യ സൃഷ്ടിയെത്തന്നെ വീണ്ടും ജഡലോകത്തേക്ക് അയക്കേണ്ടതിനു അവരിൽനിന്നു അന്യായമായ നിലയിൽ അവരുടെ മുക്തി തിരി ച്ചെടുക്കുവാൻ അവൻ നിർബന്ധിതനായിത്തീരുന്നതായിരിക്കും. ഈ നില അവന്റെ ദൈവത്വത്തിന് കളങ്കം ചാർത്തുന്നതും അവന്റെ രാജത്വം ഭൗതികമായ രാജത്വത്തെപ്പോലെ ന്യൂനതാപൂർണ്ണമാ ണെന്നു വരുത്തുന്നതുമാകുന്നു. രാജ്യഭരണത്തിന്നായി ഭരണാധി കാരികൾ നിർമ്മിക്കുന്ന നിയമങ്ങൾ എപ്പോഴും ന്യൂനതയുള്ളവയാ യിത്തന്നെ ഇരിക്കുന്നു. അവർ സ്വാർത്ഥതാൽപര്യങ്ങളെ പുലർത്തു ന്നതിനു അന്യായമാർഗ്ഗം സ്വീകരിക്കണമെന്നു കാണുമ്പോൾ കൂസ ലെന്യേ അതിനെ രാജ്യനീതിയായി പരിഗണിക്കുന്നു. ദൃഷ്ടാന്ത മായി, കപ്പലിനെ രക്ഷിക്കുന്നതിന് നൗകയെ അതിലെ ആളുക ളോടൊപ്പം നശിപ്പിച്ചുകളയുവാൻ ഈ രാജനിയമങ്ങൾ അനുവദി ക്കുന്നുണ്ട്. പരിശുദ്ധനായ ദൈവത്തിനാകട്ടെ ഇങ്ങനെയുള്ള കഠി നക്രിയയുടെ ആവശ്യകതയില്ലതന്നെ. അതിനാൽ, ദൈവം സർവ്വ ശക്തനും നാസ്തിയായ അവസ്ഥയിൽനിന്നു സൃഷ്ടിയെ ഉത്ഭവി

പ്പിക്കുന്നവനുമല്ലായിരുന്നുവെങ്കിൽ ബലഹീനരായ രാജാക്കന്മാരെ പ്പോലെ അവനും തന്റെ ശക്തിയെ നടത്തുന്നതിനു അന്യായ മാർഗ്ഗം സ്വീകരിക്കേണ്ടിവരുകയോ അഥവാ, അവൻ നീതിയും ന്യായവും പ്രവർത്തിക്കുന്നതിനു തന്റെ ദൈവത്ത്വംതന്നെ കൈവെ ടിയേണ്ടി വരുകയോ ചെയ്യുമായിരുന്നു. എന്നാൽ, ദൈവത്തിന്റെ ശക്തിയാകുന്ന കപ്പൽ പൂർണ്ണ പ്രഭാവത്തോടുകൂടി നീതിയുടെ യും ന്യായത്തിന്റെയും സമുദ്രത്തിൽ ചരിച്ചുകൊണ്ടിരിക്കുന്നു.

ദൈവത്തിന്റെ മറ്റൊരു നാമം 'അസ്സലാം' اَلسَّلٰمُ എന്നാകുന്നു. അതായത്, ഊനങ്ങളിലും അരിഷ്ടതകളിലും കഷ്ടതകളിലും നിന്ന് അതീതനും നിർബ്ബാധനുമായി രക്ഷാപ്രദനായിരിക്കുന്ന ദൈവം എന്നർത്ഥം. ഈ വിശേഷണ നാമത്തിന്റെ വിവക്ഷിതം എത്രയും സ്പഷ്ടമാണ്. സൃഷ്ടികളെപ്പോലെ ദൈവം താനും കഷ്ടാരിഷ്ടതകൾക്ക് വിധേയനാവുകയും ലോകരുടെ കൈയാൽ താഡനവും പീഡനവും സഹിക്കേണ്ടി വരുകയും ഉദ്ദേശ്യങ്ങൾ സാധിക്കാതെ പരാജിതനാവുകയും ചെയ്തുവെങ്കിൽ, അങ്ങനെ യുള്ള ദൈവം നമുക്ക് ആപൽക്കാലത്തു സഹായവും രക്ഷയും നല്കുവാൻ സമർത്ഥനാണെന്നു വിശ്വസിച്ചാശ്വാസം കൊള്ളാവു ന്നതെങ്ങനെ? കൃത്രിമദൈവങ്ങളെക്കുറിച്ചു വിശുദ്ധഖുർആൻ ഇങ്ങനെ പറയുന്നു:

إِنَّ الَّذِينَ تَدْعُونَ مِن دُونِ اللَّهِ لَن يَخْلُقُوا ذُبَابًا وَلَوِ اجْتَمَعُوا لَهُ ۖ وَإِن
يَسْلُبْهُمُ الذُّبَابُ شَيْئًا لَّا يَسْتَنقِذُوهُ مِنْهُ ۚ ضَعُفَ الطَّالِبُ وَالْمَطْلُوبُ ﴿٧٤﴾
مَا قَدَرُوا اللَّهَ حَقَّ قَدْرِهِ ۗ إِنَّ اللَّهَ لَقَوِيٌّ عَزِيزٌ ﴿٧٥﴾

"അല്ലാഹുവിനു പുറമെ നിങ്ങൾ സഹായമർത്ഥിക്കുന്ന കൃത്രിമ ദൈവങ്ങളൊക്കെ ഒത്തുചേർന്നാലും അവർക്ക് ഒരു ഈച്ചയെ പ്പോലും സൃഷ്ടിക്കുവാൻ സാധിക്കുകയില്ല. എന്നല്ല, ഈച്ച അവ രുടെ കൈയിൽനിന്നു വല്ല സാധനവും തട്ടിക്കൊണ്ടുപോവുന്നു വെങ്കിൽ അവർക്ക് അതിന്റെ പക്കൽനിന്നു ആ സാധനം തിരിച്ചെ ടുക്കുവാൻ സാധിക്കുകയുമില്ല. ഇങ്ങനെയുള്ളവരെ ആരാധിക്കു ന്നവർ വിവേകം കുറഞ്ഞവരും ആ കൃത്രിമ ദൈവങ്ങൾ ശക്തി ഹീനരുമത്രെ. സാക്ഷാൽ ദൈവമാകട്ടെ ശക്തന്മാരിൽവച്ചു ഏറ്റവും

ശക്തനും എല്ലാത്തിനേയും ജയിച്ചടക്കുന്നവനുമാകുന്നു. അവൻ അടിക്കപ്പെടാവുന്നവനോ പിടിക്കപ്പെടാവുന്നവനോ അല്ല. ദൈവത്തെ സംബന്ധിച്ചു അബദ്ധധാരണകൾക്ക് വശഗരായിട്ടുള്ള വർ ദൈവത്തിന്റെ മഹത്ത്വം ഗ്രഹിക്കുകയോ അവന്റെ സ്ഥാനം നന്നായറിയുകയോ ചെയ്യുന്നില്ല”(22:74,75).

ഇതിനു മുമ്പേയുദ്ധരിച്ച ഖുർആൻ വാക്യത്തിൽ പറഞ്ഞിട്ടുള്ള ദൈവ വിശേഷണങ്ങളിൽ മറ്റൊന്ന് ‘അൽമുഅ്മിൻ’ اَلْمُؤْمِنُ എന്നാണ്. അതായത്, സമാധാനവും അഭയവും പ്രദാനം ചെയ്യുന്നവനും തന്റെ ഏകത്വത്തിനും ശ്രേഷ്ഠത്വത്തിനും തെളിവുകൾ നല്കി ശാന്തിയേകുന്നവനുമായ ദൈവം. ഈ പാവന നാമം സൂചിപ്പിക്കുന്നത്, സത്യേകദൈവത്തിൽ വിശ്വസിക്കുന്നവൻ തന്റെ പക്കൽ അഖണ്ഡ്യമായ തെളിവുകളുള്ളതുകൊണ്ട് ഒരു ജനത്തിന്റെയും മുമ്പിൽ നമ്രമുഖനാകേണ്ടി വരുകയില്ല എന്നാണ്. അവൻ ദൈവത്തിന്റെ മുമ്പിലും ലജ്ജിതനാകേണ്ടിവരുകയില്ല. എന്നാൽ, കൃത്രിമ ദൈവത്തിൽ വിശ്വസിക്കുന്നവനാകട്ടെ സദാ ക്ലേശഭരിതനായിരിക്കും. അവൻ തന്റെ വിശ്വാസധർമ്മത്തിന്റെ തെളിവിലേക്ക് സാക്ഷ്യങ്ങൾ കാണിക്കുന്നതിനു പകരം അതിനെ യുക്ത്യാതീതമായ രഹസ്യതത്ത്വത്തിൽപ്പെടുത്തി തൃപ്തിയടയുകയും തന്റെ അബദ്ധജടിലമായ ഓരോ പ്രസ്താവനയെയും പരിശോധനാദൃഷ്ടിയിൽനിന്നു മറച്ചുകളയുവാൻ ശ്രമിക്കുകയും ചെയ്യുന്നു.

പ്രസ്തുത ഖുർആൻ വാക്യംതന്നെ തുടർന്ന് പറഞ്ഞുതരുന്ന ദൈവ വിശേഷണങ്ങളിവയാണ്: اَلْمُهَيْمِنُ الْعَزِيْزُ الْجَبَّارُ الْمُتَكَبِّرُ “അവൻ എല്ലാത്തിന്റെയും രക്ഷാപരിപാലകനും സകലത്തിനെയും ജയിക്കുന്ന പ്രതാപശാലിയും സർവ്വ ഊനങ്ങളും അറ്റകുറ്റങ്ങളും തീർത്തരുളുന്ന ന്യൂനതാപരിഹാരിയും ആരിൽ നിന്നും ഒരാവശ്യവുമില്ലാത്തവനായി എല്ലാവർക്കും അവലംബമായിരിക്കുന്ന പ്രഭാവശാലിയുമാകുന്നു”(59:24). വിശുദ്ധ ഖുർആൻ വീണ്ടും തുടരുന്നു:

هُوَ اللّٰهُ الْخَالِقُ الْبَارِئُ الْمُصَوِّرُ لَهُ الْاَسْمَآءُ الْحُسْنٰى ۚ يُسَبِّحُ لَهُ
مَا فِى السَّمٰوٰتِ وَالْاَرْضِ ۚ وَهُوَ الْعَزِيْزُ الْحَكِيْمُ ﴿٢٤﴾

“അവൻ ശരീരങ്ങളെ സൃഷ്ടിക്കുന്നവനും ആത്മാക്കളെ ഉൽപ്പാ

ദിപ്പിക്കുന്നവനും ഗർഭത്തിലുള്ള കരുക്കളെ ഭാഷപ്പെടുത്തുന്നവനും ആയ ദൈവമത്രെ. സകല ഉൽക്കൃഷ്ടനാമങ്ങളും അവന്നുള്ളതാകുന്നു. ആകാശമണ്ഡലങ്ങളിലും ഭൂമിയിലുമുള്ളവർ അവന്റെ മഹത്ത്വം പ്രകീർത്തിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ സർവ്വവല്ലഭനും സർവ്വജ്ഞനുമത്രെ"(59:25). ഈ വാക്യം, ആകാശഗോളങ്ങളിലും പാർപ്പുകാരുണ്ടെന്നും അവർ ദൈവത്തിന്റെ മാർഗ്ഗദർശനത്തിൽ വർത്തിക്കുന്നവരാണെന്നും സൂചിപ്പിക്കുന്നുണ്ട്. വീണ്ടും ഖുർആൻ പറയുന്നു: إِنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ "അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ള സർവ്വശക്തനാകുന്നു"(2:149). ഈ വാക്യം സത്യദൈവത്തെ വണങ്ങുന്നവർക്ക് ഒരു സാന്ത്വനവചനമാണ്. എന്തെന്നാൽ, ദൈവം അശക്തനും ബലഹീനനും ആയിരുന്നുവെങ്കിൽ അങ്ങനെയുള്ള ദൈവത്തിൽനിന്നു മനുഷ്യനു എന്താണ് ആശിക്കാനുള്ളത്? ഖുർആൻ ഇനിയും ദൈവത്തിന്റെ ഗുണങ്ങളെ നിർവ്വചിക്കുകയാണ്:

رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝

"ദൈവം സർവ്വലോകപരിപാലകനും കൃപാനിധിയും പരമദയാലുവും വിധിനാളിന്റെ സർവ്വാധിപനും ആകുന്നു"(സൂറ:ഫാതിഹ). أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ "പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥന കേൾക്കുകയും ഉത്തരമരുളുകയും ചെയ്യുന്നവൻ"(2:187). വീണ്ടും പറയുന്നു: اَلْحَيُّ الْقَيُّوْمُ "അവൻ നിത്യജീവിയും സർവ്വജീവന്റെയും ജീവനും സർവ്വസന്ധാരകനുമാകുന്നു"(2:256). ഈ വചനത്തിൽ ദൈവം നിത്യജീവിയാണെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്, അവൻ എന്നും ജീവിച്ചിരിക്കുന്ന സനാതനനല്ലെന്നു വരുകിൽ അവൻ ഒരുപക്ഷേ നമ്മെക്കാൾ മുമ്പേ മരിച്ചുപോയെങ്കിലോ എന്ന ശങ്ക ഇല്ലാതിരിക്കുവാനായിട്ടത്രെ. വീണ്ടും ഖുർആൻ പറയുന്നു:

قُلْ هُوَ اللّٰهُ اَحَدٌ ۝ اَللّٰهُ الصَّمَدُ ۝ لَمْ يَلِدْ وَلَمْ يُوْلَدْ ۝
وَلَمْ يَكُنْ لَّهٗ كُفُوًا اَحَدٌ ۝

"അവൻ, ദൈവം ഏകമാത്രനും എല്ലാത്തിനും അവലംബമായ അധിനാഥനും പുത്രനില്ലാത്തവനും പുത്രനല്ലാത്തവനും തുല്യനായിട്ടു ആരുമില്ലാത്തവനുമത്രെ"(അധ്യായം:112).

സ്രഷ്ടാവായ ദൈവത്തെ സംബന്ധിച്ചു സ്വീകരിക്കേണ്ട നീതി ധർമ്മം, അവന്റെ ഏകത്വത്തിൽ ശരിയാംവിധം വിശ്വസിക്കുകയും ആ വിശ്വാസത്തിൽ ലേശവും ഏറ്റക്കുറച്ചിൽ വരുത്താതിരിക്കുകയും ചെയ്യുകയാകുന്നു. ഇതുവരെ പ്രതിപാദിച്ചുവന്നിരിക്കുന്ന ധാർമ്മിക തത്ത്വങ്ങൾ വിശുദ്ധഖുർആനിലെ ധർമ്മശാസ്ത്ര വകുപ്പിന്റെ ഒരു വിഭാഗമത്രെ. ഖുർആന്റെ ഈ അദ്ധ്യാപനത്തിനുള്ള ഒരു സവിശേഷത, സകല ധാർമ്മികഗുണങ്ങളിലും അമിതത്വവും ന്യൂനത്വവും ഒരു ദോഷമെന്ന നിലയിൽ പരിവർജ്ജിക്കുവാൻ അതു നിഷ്ക്കർഷിക്കുന്നു എന്നുള്ളതാണ്. ഏത് സൽഗുണവും ശരിയായ ധർമ്മാതിർത്തികൾക്കുള്ളിൽ വെളിപ്പെടുന്നതായാൽ മാത്രമെ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ചു യഥാർത്ഥ സൽഗുണമാവുകയുള്ളൂ. യഥാർത്ഥമായ സൽഗുണം രണ്ടു അഗ്രങ്ങളുടെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്നതാകുന്നു എന്നതു അവിതർക്കിതമാണ്. വാചകാന്തരേണ പറയുന്നതായാൽ, അമിതത്വവും ന്യൂനത്വവുമാകുന്ന രണ്ടഗ്രങ്ങളുടെ മദ്ധ്യത്തിൽ നിലകൊള്ളുന്നതാണ് സൽഗുണം. മദ്ധ്യപന്ഥാവിലേക്ക് പ്രേരിപ്പിക്കുകയും മിതവർത്തിത്വത്തിൽ സ്ഥിരീകരിക്കുകയും ചെയ്യുന്ന എല്ലാ ശീലവും ശ്രേഷ്ഠമായ ധാർമ്മിക ഗുണങ്ങളെ ഉൽപ്പാദിപ്പിക്കുവാൻ സാധകമായതാണ്. സന്ദർഭങ്ങളെ തിരിച്ചറിഞ്ഞ് ഔചിത്യമനുസരിച്ച് പ്രവർത്തിക്കുകയെന്നത് മദ്ധ്യവർത്തിത്ത്വമാകുന്നു. ഒരു കർഷകൻ കാലത്തിനു വളരെ മുമ്പേയോ കാലം വൈകിയോ വിത്തിറക്കുന്നുവെങ്കിൽ അയാൾ മദ്ധ്യപന്ഥാവിനെ കൈവെടിയുകയാണ്. സൽഗുണവും സത്യവും യുക്തിയുമെല്ലാം മിതവർത്തിത്വത്തിൽ അഥവാ, മദ്ധ്യപന്ഥാവിൽ സ്ഥിതി ചെയ്യുന്നു. മദ്ധ്യസ്ഥിതിയാകട്ടെ ഔചിത്യദീക്ഷയോടുകൂടിയതാണ്. രണ്ടഗ്രങ്ങളിൽ ഇരിക്കുന്ന അസത്യമാർഗ്ഗങ്ങളുടെ മധ്യത്തിൽ നിലകൊള്ളുന്നതാണ് സത്യമാർഗ്ഗം. ശരിയായ ഔചിത്യനയം മനുഷ്യനെ മദ്ധ്യവർത്തിയാക്കിത്തീർക്കുമെന്നതു നിസ്സന്ദേഹമാണ്. ദൈവത്തെ അറിഞ്ഞു വിശ്വസിക്കുന്ന വിഷയത്തിലും മദ്ധ്യമാർഗ്ഗത്തെയാണ് അവലംബിക്കേണ്ടിയിരിക്കുന്നത്. ദൈവവിശ്വാസത്തെ സംബന്ധിച്ചിടത്തോളമുള്ള മദ്ധ്യമാർഗ്ഗം, അവന്റെ പരമാർത്ഥഗുണങ്ങളെ നിഷേധിച്ചുകൊണ്ട് അവനെ നിർഗുണനെന്നു സങ്കല്പിക്കുകയോ അവനു ഭൗതിക വസ്തുക്കളോടു സാദൃശ്യം കല്പിക്കുകയോ ചെയ്യാതിരിക്കുകയാകുന്നു. വിശുദ്ധഖുർആൻ ദൈവവിശേഷണങ്ങളുടെ വിവരണത്തിൽ ഈ

മദ്ധ്യമാർഗ്ഗത്തെയാണ് അവലംബിച്ചിരിക്കുന്നത്. ദൈവം കാണുന്നവനും കേൾക്കുന്നവനും അറിയുന്നവനും സംസാരിക്കുന്നവനും മറ്റുമാണെന്നു പഠിപ്പിക്കുന്നതോടുകൂടിത്തന്നെ, അവനെ ഏതെങ്കിലും സൃഷ്ടിയോടു സാദൃശ്യപ്പെടുത്താതിരിക്കുന്നതിനും ആ വിശുദ്ധഗ്രന്ഥം ശ്രദ്ധിച്ചിരിക്കുന്നതായി കാണാം. അതു പറയുകയാണ്: لَيْسَ كَمِثْلِهِ شَيْءٌ "ദൈവത്തോട് തത്ത്വത്തിലും ഗുണത്തിലും തുല്യത വഹിക്കുന്നതായി ഒരു വസ്തുവുമില്ല"(42:12). فَلَا تَضْرِبُوا لِلَّهِ الْأَمْثَالَ ''ദൈവത്തെ സൃഷ്ടികളിൽ ഒന്നിനോടും സാദൃശ്യപ്പെടുത്താതിരിക്കുവിൻ"(16:75). തൻമൂലം ദൈവത്തിനു നിർഗ്ഗുണത്വം കല്പിക്കുക, അവന്റെ ഗുണമാഹാത്മ്യങ്ങൾക്കു ഭംഗകരമായി അവനു സമത്വം സങ്കല്പിക്കുക എന്നീ രണ്ടു സീമാഗ്രങ്ങൾക്കുള്ളിൽ വർത്തിക്കുകയെന്നതാണ് ദൈവ നിർവ്വചനത്തെ സംബന്ധിച്ചിടത്തോളമുള്ള മദ്ധ്യമാർഗ്ഗം. എന്തിനധികം? ഇസ്‌ലാം അതിന്റെ സകലാദ്ധ്യാപനങ്ങളിലും ഈ മദ്ധ്യമാർഗ്ഗമാണ് അവലംബിച്ചിരിക്കുന്നത്. വിശുദ്ധ ഖുർആൻ അതിലെ പ്രഥമാദ്ധ്യായമായ സൂറഃഫാതിഹായിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രാർത്ഥനാവാക്യത്തിൽത്തന്നെ മദ്ധ്യമാർഗ്ഗം അവലംബിക്കുവാൻ ഉദ്ബോധിപ്പിച്ചിരിക്കുകയാണ്:

اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ۝٦ صِرَاطَ الَّذِينَ اَنْعَمْتَ عَلَيْهِمْ ۙ
غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّآلِّينَ ۝٧

"നീ ഞങ്ങളെ നേരായ മാർഗ്ഗത്തിൽ നയിക്കേണമേ! നീ അനുഗ്രഹിച്ചിട്ടുള്ളവരുടെ മാർഗ്ഗത്തിൽ- നിന്റെ ക്രോധമുണ്ടായവരുടേതല്ലാത്തതും വഴിപിഴച്ചവരുടേതല്ലാത്തതുമായ മാർഗ്ഗത്തിൽ" ഈ വാക്യത്തിൽ മൂന്നുതരത്തിലുള്ള ജനങ്ങളെക്കുറിച്ചാണ് പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. രണ്ടാമതായി പറഞ്ഞ 'ക്രോധമുണ്ടായവർ' مَغْضُوبِ عَلَيْهِمْ എന്നതു കൊണ്ട് വിവക്ഷിതമാക്കപ്പെട്ടിരിക്കുന്നത്, ദൈവത്തിനുനേരെ ക്രോധശക്തി ഉപയോഗിക്കുകയും മൃഗീയവികാരങ്ങളനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായി ദൈവക്രോധത്തിനു ലക്ഷീഭവിച്ചിട്ടുള്ളവരാണ്. മൂന്നാമതായി പറഞ്ഞ 'വഴിപിഴച്ചവർ' ضَآلِّينَ എന്നതിന്റെ വിവക്ഷിതം മൃഗീയ

പ്രേരണകൾക്ക് വശപ്പെട്ട് വ്യാമോഹിതരായിപ്പോയ ജനമത്രെ. ഈ രണ്ടുകൂട്ടരുടെയും സ്ഥാനങ്ങളായ വിപരീതാഗ്രങ്ങളുടെ മദ്ധ്യസ്ഥിതമായ ഋജുമാർഗ്ഗത്തിൽ വർത്തിക്കുന്നവരെയാണ് 'അൻഅംതഅലയ്ഹിം' أَنْعَمْتَ عَلَيْهِمْ അഥവാ 'അനുഗൃഹീതജനം' എന്ന വാചകംകൊണ്ട് വിശുദ്ധ ഖുർആൻ അനുസ്മരിച്ചിരിക്കുന്നത്. ചുരുക്കിപ്പറയുന്നതായാൽ, മനുഷ്യരെ മദ്ധ്യവർത്തിത്വത്തിലേക്ക് നയിക്കുകയാണ് വിശുദ്ധ ഖുർആന്റെ ആദർശം. മൂസാനബിയുടെ വേദഗ്രന്ഥമായ തൗറാത്ത് പ്രതികാരത്തെയും, ഈസാനബിയുടെ 'ഇഞ്ചീൽ' സഹനത്തെയും കുറിച്ചു നിഷ്കർഷിച്ചിരിക്കുമ്പോൾ, വിശുദ്ധ ഖുർആനാകട്ടെ ഈ ഗുണങ്ങളെ യഥോചിതം ഉപയോഗിച്ചു കൊണ്ടു മദ്ധ്യവർത്തിത്വം ശീലിക്കുവാനാണ് പ്രബോധിച്ചിരിക്കുന്നത്. അതു പറയുകയാണ്: وَكَذَٰلِكَ جَعَلْنَٰكُمْ أُمَّةً وَسَطًا "നാം നിങ്ങളെ മദ്ധ്യവർത്തിയായ സമുദായമാക്കിയിരിക്കുന്നു" (2:144). അതായത്, എല്ലാ കാര്യങ്ങളിലും മദ്ധ്യനില അവലംബിക്കുവാൻ നിങ്ങൾക്ക് ഉപദേശം നല്കിയിരിക്കുന്നു. തൻനിമിത്തം ഈ മദ്ധ്യമാർഗം ആചരിക്കുന്നവർ അനുഗൃഹീതരാകുന്നു. خَيْرُ الْأُمُورِ أَوْسَطُهَا മദ്ധ്യമമാർഗ്ഗമത്രേ ശ്രേഷ്ഠം.

## ആദ്ധ്യാത്മികാവസ്ഥ

ഇനി നമുക്കു മൂന്നാമത്തെ അഭിവൃദ്ധിഘട്ടമായ ആദ്ധ്യാത്മികാവസ്ഥയെക്കുറിച്ചു വിചിന്തനം ചെയ്യാം. വിശുദ്ധഖുർആന്റെ അദ്ധ്യാപനമനുസരിച്ചു ആത്മീയാവസ്ഥയുടെ ഉൽപത്തി സ്ഥാനം '**നഫ്സ് മുത്മയിന്ന**' അഥവാ 'ശാന്തി പ്രാപിച്ച ആത്മാവ്' ആകുന്നുവെന്നു മുമ്പേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ ഘട്ടത്തിലെ പരിഷ്കരണ പദ്ധതി, സൽഗുണസമ്പന്നനായ മനുഷ്യനെ ആദ്ധ്യാത്മിക ഗുണസമന്വിതനാക്കിത്തീർക്കുക എന്നതാണ്. അതായത്, മനുഷ്യനെ ധാർമ്മികാവസ്ഥയിൽനിന്നു ആദ്ധ്യാത്മികാവസ്ഥയുടെ ഔന്നിത്യത്തിലേക്ക് ഉയർത്തിക്കൊണ്ടുപോവുകയാകുന്നു. വിശുദ്ധ ഖുർആൻ പറയുകയാണ്.

يَٰٓأَيَّتُهَا ٱلنَّفْسُ ٱلْمُطْمَئِنَّةُ ٢٨ ٱرْجِعِىٓ إِلَىٰ رَبِّكِ رَاضِيَةً مَّرْضِيَّةً ٢٩
فَٱدْخُلِى فِى عِبَٰدِى ٣٠ وَٱدْخُلِى جَنَّتِى ٣١

''ദൈവാശിസ്സുകൊണ്ടു ശാന്തിപ്രാപിച്ച ആത്മാവേ! നിന്റെ

രക്ഷിതാവിലേക്ക് നീ അവനിൽ സംതൃപ്തനായും അവൻ നിന്നിൽ സംതൃപ്തനായുമുള്ള നിലയിൽ മടങ്ങിച്ചെല്ലുക; എന്റെ ദാസരുടെ കൂട്ടത്തിൽ ചേരുകയും എന്റെ ആരാമമാകുന്ന സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുക"(89:28–31). ആദ്ധ്യാത്മികാവസ്ഥയെക്കുറിച്ചു പ്രതിപാദിക്കുന്നതിനു പ്രസ്തുത ഖുർആൻവാക്യത്തെ കുറച്ചൊന്നു വിസ്തരിച്ച് വ്യാഖ്യാനിക്കേണ്ടതാവശ്യമായിരിക്കുന്നു. ഐഹിക ജീവിതത്തിൽ മനുഷ്യന് പ്രാപ്യമാകുന്ന അത്യുൽക്കൃഷ്ടമായ ആത്മീയനിലപാട്, തന്റെ സർവ്വസമാധാനവും സന്തോഷവും സംതൃപ്തിയും ദൈവത്തിൽമാത്രം കണ്ടെത്തുകയും അവനിൽ ശാന്തിയടയുകയും ചെയ്യുകയെന്നതാണ്. ഈ അവസ്ഥക്കുതന്നെയാണ് വാചകാന്തരേണ സ്വർഗ്ഗീയജീവിതമെന്നു പറയുന്നത്. ഈ ഘട്ടത്തിൽ മനുഷ്യൻ തന്റെ പൂർണ്ണമായ സത്യനിഷ്ഠയ്ക്കും നിഷ്കളങ്കതയ്ക്കും വിശ്വസ്തതയ്ക്കുമുള്ള പ്രതിഫലമായി ഐഹികജീവിതത്തിൽത്തന്നെ സ്വർഗ്ഗസുഖം അനുഭവിച്ചു തുടങ്ങുന്നു. മറ്റുള്ളവർ ഭാവിയിലുള്ള സ്വർഗ്ഗത്തെ പ്രതീക്ഷിക്കവേ ഇയാൾ ഇഹത്തിൽവെച്ചുതന്നെ സ്വർഗ്ഗത്തിൽ പ്രവേശിക്കുമാറാകുന്നു. ഈ നില പ്രാപിക്കുന്നയാൾ കർത്തവ്യങ്ങളായി വിധിക്കപ്പെട്ടിട്ടുള്ള നമസ്കാരാദി ഉപാസനാകർമ്മങ്ങളെ ഭാരങ്ങളായി കരുതാതെ, അവയെല്ലാം വാസ്തവത്തിൽ തന്റെ ആദ്ധ്യാത്മപോഷണത്തിനും ഉൽക്കർഷത്തിനും പര്യാപ്തവും തന്റെ ആത്മീയജീവിതത്തിനു നിദാനവുമായിരിക്കുന്ന ആഹാരമാണെന്നു ബോധിക്കുകയും തൻമൂലം ആ കർമ്മങ്ങൾക്കുള്ള പ്രതിഫലം ഭാവിയിൽ പാരത്രിക ജീവിതത്തിൽ മാത്രം ലഭ്യമാകാനുള്ളതല്ലെന്നു ഗ്രഹിക്കുകയും ചെയ്യുന്നു. രണ്ടാമത്തെ പരിഷ്കരണഘട്ടത്തിൽ മനുഷ്യനെ അവന്റെ അശുദ്ധ ജീവിതത്തെക്കുറിച്ചു ശാസിച്ചുകൊണ്ടിരുന്നുവെങ്കിലും അവനിൽ സദ്വിചാരങ്ങൾ മാത്രം ഉൽപ്പാദിപ്പിക്കുന്നതിനോ ദുശ്ചിന്തകളത്രയും അടക്കിക്കളയുന്നതിനോ സദ്വൃത്തിയിലും സൽഗുണത്തിനും സ്ഥിരചിത്തനാക്കിത്തീർക്കുന്നതിനോ തികച്ചും സമർത്ഥമാകാതിരുന്ന 'നഫ്സ് ലവ്വാമ' അഥവാ 'സ്വയം ശാസകാത്മാവ്' മേൽപറഞ്ഞ പ്രശാന്താത്മസ്ഥിതിയിലേക്കുള്ള പ്രയാണഘട്ടത്തിൽ പാവനമായൊരു പരിവർത്തനത്തിനു വിധേയമായി ഭവിക്കുന്നു. അങ്ങനെ അവൻ സഞ്ചരിക്കവേ വിജയാപ്തിയിൽ എത്തിച്ചേരുകയും അവന്റെ ഇന്ദ്രിയാശകളെല്ലാം മ്ലാനീഭവിക്കുകയും പരിശുദ്ധാത്മ സഹായത്തിനു പാത്രീഭൂതനാ

വുകയും ചെയ്യുന്നു. അപ്പോൾ അവൻ തന്റെ മുമ്പേയുണ്ടായിരുന്ന ദൗർബല്യങ്ങളെയും ചാപല്യങ്ങളെയും കുറിച്ചു ലജ്ജിക്കുകയും പശ്ചാത്തപിക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ മനുഷ്യന്റെ സ്വഭാവഗതിക്ക് വലിയ മാറ്റം സംഭവിക്കുകയും പൂർവ്വശീലങ്ങൾക്ക് മഹത്തരമായ പരിവർത്തനം കണ്ടുവരികയും ചെയ്യുന്നു. തന്നെയുമല്ല, അവൻ തന്റെ മുമ്പേയുണ്ടായിരുന്ന ജീവിത സമ്പ്രദായങ്ങളിൽനിന്നു വേർപെട്ട് അകന്നുപോകുന്നു. അശുദ്ധതകളിൽ നിന്നെല്ലാം പ്രക്ഷാളിതനായി അവൻ ശുദ്ധീകരിക്കപ്പെടുന്നു. അവന്റെ ഹൃദയത്തിൽനിന്നു മാലിന്യത്തെ നിശ്ശേഷം തുടച്ചു നീക്കുകയും ചെയ്യുന്നു. അവന്റെ ഹൃദയത്തിൽ ദൈവം തന്റെ കരം കൊണ്ട് സദ്ധർമ്മപ്രേമത്തെ ഉല്ലേഖനം ചെയ്യുകയും അവന്റെ ഹൃദയക്ഷേത്രത്തിൽ സത്യത്തിന്റെ സൈന്യങ്ങൾ പാളയമടിക്കുകയും അന്തഃശക്തികളാകുന്ന ദുർഗ്ഗങ്ങളെയെല്ലാം സത്യധർമ്മം അടക്കി ഭരിക്കുകയും ചെയ്യുന്നു. അങ്ങനെ സത്യം വിജയിക്കുകയും അസത്യം ആയുധം വെച്ചു കീഴടങ്ങുകയും ചെയ്യുന്നു. ഈ സൗഭാഗ്യത്തിനു പാത്രീഭവിക്കുന്ന മനുഷ്യന്റെമേൽ ദൈവത്തിന്റെ തിരുകരം നിഴലിക്കുകയും അവൻ ദൈവരക്ഷയുടെ തണലിൽ നടക്കുമാറാവുകയും ചെയ്യുന്നു. ഈ ഭദ്രാവസ്ഥയെ പരാമർശിച്ചു വിശുദ്ധ ഖുർആൻ പറയുകയാണ്:

أُولَٰئِكَ كَتَبَ فِي قُلُوبِهِمُ الْإِيمَانَ وَأَيَّدَهُم بِرُوحٍ مِّنْهُ

“ദൈവം തന്റെ കരംകൊണ്ട് വിശ്വാസികളുടെ ഹൃദയങ്ങളിൽ സത്യവിശ്വാസത്തെ ലേഖനം ചെയ്യുകയും പരിശുദ്ധാത്മാവിനെക്കൊണ്ടു അവരെ സഹായിക്കുകയും ചെയ്തിരിക്കുന്നു”(58:23).

حَبَّبَ إِلَيْكُمُ الْإِيمَانَ وَزَيَّنَهُ فِي قُلُوبِكُمْ وَكَرَّهَ إِلَيْكُمُ الْكُفْرَ
وَالْفُسُوقَ وَالْعِصْيَانَ ۚ أُولَٰئِكَ هُمُ الرَّاشِدُونَ ۝ فَضْلًا مِّنَ اللَّهِ وَنِعْمَةً ۚ
وَاللَّهُ عَلِيمٌ حَكِيمٌ ۝

“വിശ്വാസികളേ! ദൈവം സത്യവിശ്വാസത്തെ നിങ്ങൾക്ക് പ്രിയങ്കരമാക്കുകയും അതിന്റെ സൗന്ദര്യത്തെയും സൗഭാഗ്യത്തെയും നിങ്ങളുടെ ഹൃദയങ്ങളിൽ പതിപ്പിക്കുകയും അവിശ്വാസത്തെയും അധർമ്മത്തെയും പാപത്തെയും കുറിച്ചു നിങ്ങൾക്കു വിരക്തി ജനിപ്പിക്കുകയും ദോഷമാർഗ്ഗങ്ങളെല്ലാം നിഷിദ്ധമാണെന്നു നിങ്ങൾക്കു

ബോധ്യം വരുത്തുകയും ചെയ്തിരിക്കുന്നു; ഇപ്രകാരം ദൈവസഹായം ലഭിച്ചിരിക്കുന്നവരത്രേ നേർവഴി അനുഗമിക്കുന്നവർ. ഇതെല്ലാം ദൈവത്തിന്റെ അനുഗ്രഹത്തിൽനിന്നും കരുണയിൽ നിന്നുമാകുന്നു. ദൈവം ഏറ്റവും അറിയുന്നവനും അഗാധജ്ഞനുമത്രെ''(49:8,9). جَآءَ الْحَقُّ وَزَهَقَ الْبَاطِلُ ۚ إِنَّ الْبَاطِلَ كَانَ زَهُوقًا ﴿٨١﴾
"സത്യം പ്രത്യക്ഷപ്പെടുകയും അസത്യം തിരോഭവിക്കുകയും ചെയ്തു; നിശ്ചയമായും അസത്യത്തിന് സത്യത്തെ നേരിടാനാവുകയില്ല"(17:82).

ചുരുക്കത്തിൽ, മൂന്നാമത്തെ അഭിവൃദ്ധി ഘട്ടത്തിൽ മനുഷ്യനു ലഭ്യമാകുന്ന ആദ്ധ്യാത്മസ്ഥിതിയെയാണ് പ്രസ്തുത വാക്യങ്ങൾ സൂചിപ്പിക്കുന്നത്. ഈ അവസ്ഥ പ്രാപിക്കാത്തവനു ഒരിക്കലും പരമാർത്ഥദർശനം അനുഭവമാകുന്നില്ല. 'ദൈവം തന്റെ കരംകൊണ്ട് അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസത്തെ ലേഖനം ചെയ്തു' എന്നും 'പരിശുദ്ധാത്മാവിനെക്കൊണ്ടു അവരെ സഹായിച്ചു' എന്നും ഇവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതിനെക്കുറിച്ചു ചിന്തിച്ചു നോക്കുക. ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നത്, ദൈവികസഹായം കൊണ്ടല്ലാതെ മനുഷ്യൻ യഥാർത്ഥമായ പരിശുദ്ധിയും സൽഗതിയും പ്രാപിക്കുകയില്ലെന്നാകുന്നു. രണ്ടാമത്തെ പരിഷ്കരണഘട്ടമായ 'നഫ്സ് ലവ്വാമ' അഥവാ 'സ്വയം ശാസകാത്മാവി'ന്റെ അവസ്ഥയിൽ ദുഷ്പ്രേരണകളും സൽപ്രചോദനങ്ങളും തമ്മിൽ പോരാട്ടം നടക്കുകയായിരിക്കും. തൻമൂലം, വ്യക്ത്യാത്മാവ് തുടരെത്തുടരെ ചെയ്തുപോയ തെറ്റുകുറ്റങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുകയും വീണ്ടും വീണ്ടും ചാപല്യം കാണിക്കുകയും ചെയ്യുന്നു. ചിലപ്പോൾ അവൻ തുടർച്ചയായുള്ള പരാജയം ഹേതുവായി തന്റെ സ്വഭാവ പരിഷ്കരണത്തെ സംബന്ധിച്ചു നിരാശനായി ഭവിക്കുകയും തന്റെ ആത്മീയ രോഗത്തിനു പ്രത്യൗഷധമില്ലെന്നു വിചാരിച്ചു പോവുകയും ചെയ്യുന്നു. ഈ സ്ഥിതി അവനിൽ ഒരു പരിമിതകാലം വരെ തുടരുന്നു. ഒടുക്കം ഈ ആത്മസമരത്തിനു പൂർത്തി വരുന്നതോടുകൂടി ദൈവസഹായത്തിനുള്ള കാലം വരുകയും രാത്രിയിലോ പകലോ പൊടുന്നനേ അവനു ഒരു തേജസ്സ് പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ദൈവിക പ്രഭാവം അന്തർഭവിച്ചിരിക്കുന്ന ഈ തേജസ്സിന്റെ ആവിർഭാവത്തോടുകൂടി അവന്റെ അന്തരംഗത്തിൽ ഒരു അത്ഭുതപരിവർത്തനം ഉണ്ടായിവരികയും, തന്നെ ഒര

ദൃശ്യകരം മുന്നോട്ടുനയിക്കുന്നതായി അവനു അനുഭവപ്പെടുകയും ഒരത്ഭുതലോകം നവമായി അവന്റെ അന്തർദൃഷ്ടിക്ക് ഗോചരീഭ വിക്കുകയും ചെയ്യുന്നു. അപ്പോൾ അവന് ദൈവത്തിന്റെ സത്തയെ ക്കുറിച്ചു നിശ്ചയജ്ഞാനം സിദ്ധിക്കുകയും ഒരു നവ്യപ്രകാശത്താൽ അവന്റെ നേത്രങ്ങൾ ദീപ്യമാനമായിത്തീരുകയും അപരിചിതമായ പല കാര്യങ്ങളും അവന് അനുഭവപ്പെട്ടു തുടങ്ങുകയും ചെയ്യുന്നു.

എന്നാൽ, ഈ മാർഗ്ഗം പ്രാപിക്കുകയും ഈ ദിവ്യതേജസ്സ് കൈവരുത്തുകയും ചെയ്യാവുന്നതെങ്ങനെ? കാര്യകാരണ ബന്ധ ത്തോടുകൂടിയ ഈ ലോകത്തു നാം കാണുന്ന എല്ലാ കാര്യത്തിനും ഓരോ കാരണവും എല്ലാ ക്രിയയ്ക്കും ഓരോ പ്രേരകവുമുണ്ട്. അതുപോലെ തന്നെ ഏതു ജ്ഞാനത്തിന്റെ സമ്പാദനത്തിനും ഒരു പ്രത്യേക മാർഗ്ഗവുമുണ്ട്. കാര്യസാദ്ധ്യത്തിലേക്ക് നയിക്കുന്ന ആ മാർഗ്ഗത്തിനു അതിന്റേതായ നേർവഴി എന്നു പറയാം. ദൈവം പ്രകൃ തിയിൽ നിശ്ചയിച്ചുവെച്ചിരിക്കുന്ന നിയമവ്യവസ്ഥിതിയെ അനു സരിക്കുന്നതു കൊണ്ടല്ലാതെ ഒരു കാര്യവും സാധിക്കാവുന്നതല്ല. ഓരോ കാര്യത്തിനും അതിന്റെതായ നേർവഴിയുണ്ടെന്നും കാര്യ ലബ്ധി ആ മാർഗ്ഗാവലംബനത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും പ്രകൃതിനിയമം മനസ്സിലാക്കിത്തരുന്നുണ്ട്. ദൃഷ്ടാന്തമായി, നാം ഇരുട്ടറയിൽ ഇരിക്കുകയും നമുക്ക് സൂര്യപ്രകാശം ആവശ്യമായി വരികയും ചെയ്യുന്നപക്ഷം സൂര്യന്നഭിമുഖമായ വാതിലുകൾ തുറ ന്നുവെക്കുകയാണ് നാം കൈക്കൊള്ളേണ്ടുന്ന ശരിയായ മാർഗ്ഗം. അപ്രകാരം ചെയ്യുകയാണെങ്കിൽ തൽക്ഷണം വെളിച്ചം അകത്തു പ്രവേശിച്ചു സ്ഥലമാകെ പ്രകാശവത്താക്കിത്തീർക്കുന്നതാണ്. ഇതേ പ്രകാരം, ദൈവത്തിൽനിന്നു യഥാർത്ഥമായ അനുഗ്രഹവും പാരി തോഷികവും പ്രാപ്യമാകുന്നതിനു പ്രത്യേകമായ കവാടവും ആത്മീ യത സിദ്ധിക്കുന്നതിനു പ്രത്യേക മാർഗ്ഗവും ഉണ്ടായിരിക്കണം. അതിനാൽ, ഐഹിക ജീവിതത്തിൽ നമുക്കാവശ്യമായ കാര്യങ്ങൾ സാധിക്കുന്നതിന് അവയ്ക്കുള്ള ശരിയായ വഴികൾ തേടിപ്പിടിച്ചു പരിശ്രമിക്കുന്ന പ്രകാരംതന്നെ, ആത്മീയാനുഭൂതികൾക്കുള്ള നേർമാർഗ്ഗം അന്വേഷിച്ചറിയേണ്ടതും നമ്മുടെ കർത്തവ്യമാണ്. ഈ ദൈവൈക്യപ്രാപ്തിക്കുള്ള പാവനമായ നേർവഴി അപൂർണ്ണമായ ബുദ്ധി ശക്തികൊണ്ടു കണ്ടെത്താവുന്നതാണോ? ദൈവത്തിന്റെ ശക്തമായ കൈകൊണ്ടല്ലാതെ തുറക്കുവാൻ വയ്യാത്ത ആ വാതി

ലുകൾ മനുഷ്യകൃതമായ തർക്കശാസ്ത്രവും ദർശനശാസ്ത്രവും മുഖേന തുറന്നു കിട്ടുമോ? ഇല്ല, ഒരിക്കലുമില്ല. നിത്യജീവിയായി സർവ്വസന്ധാരകനായിരിക്കുന്ന ദൈവത്തെ മനുഷ്യന്റെ സൂത്രങ്ങളാലും കൗശലങ്ങളാലും പ്രാപിക്കുവാനാവുകയില്ല. അതിനായ്ക്കൊണ്ടുള്ള ഏകമാർഗ്ഗം നമ്മുടെ സർവ്വശക്തികളും ആദ്യമായി ദൈവത്തിനു കീഴ്പ്പെടുത്തിക്കൊണ്ടു ജീവിതം ദൈവത്തിനായർപ്പിക്കുകയും ദൈവോപലബ്ധിക്കായി സർവാത്മനാ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയെന്നതാണ്. ഇങ്ങനെ ദൈവത്തെ ദൈവം മുഖേനതന്നെ അതായത്, ദൈവത്തിന്റെ സഹായം കൊണ്ടുതന്നെ പ്രാപിക്കുകയാകുന്നു.

ഇതിലേക്ക് സമുചിതമായ വാചക സൗഷ്ഠവത്തോടുകൂടിയതും മനുഷ്യപ്രകൃതിക്ക് യോജിച്ചതും ആത്മാവിന്റെ നിസർഗ്ഗബോധങ്ങളെ ശരിയായി ചിത്രീകരിക്കുന്നതുമായ ഒരു പ്രാർത്ഥന വിശുദ്ധ ഖുർആൻ അതിലെ പ്രഥമാദ്ധ്യായത്തിൽ പഠിപ്പിച്ചു തന്നിട്ടുണ്ട്. അതിപ്രകാരമാണ്: بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ① ''കൃപാനിധിയും ദയാകരനുമായ അല്ലാഹുവിന്റെ നാമത്തിൽ'' اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ② ''പാവനമായ സർവ്വസ്തോത്രവും സർവ്വലോകങ്ങളേയും സൃഷ്ടിച്ചു രക്ഷിച്ചു പരിപാലിക്കുന്നവനായ അല്ലാഹുവിനത്രെ'' الرَّحْمٰنِ الرَّحِيْمِ ③ ''ഞങ്ങളുടെ കർമ്മത്തിനും പരിശ്രമത്തിനും മുമ്പേതന്നെ ഞങ്ങളുടെ ആവശ്യാർത്ഥം സർവ്വ അനുഗ്രഹവസ്തുക്കളും തയ്യാറാക്കിത്തന്നിരിക്കുന്ന കൃപാനിധിയും, കർമ്മങ്ങൾക്ക് ദയാപൂർവ്വം ഫലങ്ങൾ നല്കുന്ന കാരുണ്യവാനുമായ ദൈവം!'' مٰلِكِ يَوْمِ الدِّيْنِ ④ ''പ്രതിഫലം നല്കപ്പെടുന്ന ദിനത്തിന്റെ വിധികർതൃത്വം മറ്റാരിലും സമർപ്പിക്കാതെ സ്വയം പര്യാപ്തനായി വാഴുന്ന സർവ്വാധിപൻ.'' اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ⑤ ''ഈ സ്തുതികൾക്കെല്ലാം പാത്രമായിരിക്കുന്ന നാഥാ! ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുകയും നിന്നോടു മാത്രം സകല കാര്യത്തിലും സഹായമർത്ഥിക്കുകയും ചെയ്യുന്നു.'' ഇവിടെ "ഞങ്ങൾ എന്ന ബഹുവചനവാചി ഉപയോഗിച്ചിരിക്കുന്നത്, ദൈവാരാധനയിൽ നമ്മുടെ സകല അന്തശ്ശക്തികളും വ്യാപരിക്കുന്നു എന്നും അതു

കളെല്ലാം ദൈവേഷ്ടത്തിന് കീഴ് വണങ്ങുന്നു എന്നും സൂചിപ്പിക്കുന്നതിനായിട്ടത്രെ. എന്തെന്നാൽ, മനുഷ്യനെ അവന്റെ ആന്തരീയശക്തികളോടൊപ്പം ഒരു വ്യക്തിയായിട്ടല്ല, ശക്തി സമുദായമായിട്ടാണ് പരിഗണിക്കാവുന്നത്. അങ്ങനെ ആ ശക്തികളെല്ലാം ദൈവാനുസരണത്തിലും വഴിപാടിലും വ്യാപരിക്കുക എന്ന അവസ്ഥാവിശേഷമാണ് 'ഇസ്ലാം' ശബ്ദാർത്ഥത്തിൽ വിവക്ഷിതമായിരിക്കുന്നത്. اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۙ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ "ഓ നാഥാ! നീ ഞങ്ങളെ ഋജുമാർഗ്ഗത്തിൽ നയിക്കേണമേ! അതിൽ തന്നെ സുസ്ഥിരമാക്കി നിന്റെ പാരിതോഷികങ്ങൾക്കും അനുഗ്രഹങ്ങൾക്കും കാരുണ്യദാനങ്ങൾക്കും പാത്രീഭവിച്ചവരുടെ വഴിയിലേക്ക് നടത്തേണമേ!" غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۧ "നിന്റെ ക്രോധമുണ്ടായിട്ടുള്ളവരുടെയും, മാർഗ്ഗവ്യതിയാനം നിമിത്തം പിഴച്ചു നിന്റെ സന്നിധിയിൽ എത്താതായിപ്പോയവരുടെയും വഴിയിൽ നിന്നു ഞങ്ങളെ രക്ഷിക്കേണമേ!" **ആമീൻ**. "ഓ നാഥാ! അങ്ങനെതന്നെ ആക്കിയാലും!"

പ്രസ്തുത ഖുർആൻ വാക്യങ്ങളിൽനിന്നു മനസ്സിലാകുന്നത്, ജീവിത സർവ്വസ്വവും ദൈവമാർഗ്ഗത്തിൽ അർപ്പിക്കുകയും അവനു പൂർണ്ണമായും കീഴ്വണങ്ങുകയും അവന്റെ ഇഷ്ടാനുസരണത്തിൽ ലയിക്കുകയും ചെയ്തുകൊണ്ട്, അഭികാമ്യമായ ആത്മീയാനുഭൂതിയും ദൈവത്തിന്റെ സാമീപ്യവും ഐക്യവും ഭാഷണാമൃതും ലഭിക്കുന്നതിനായിട്ടു തീവ്രമായി പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരിലാണ് ദൈവത്തിന്റെ പാരിതോഷികങ്ങൾ അഥവാ അനുഗ്രഹങ്ങൾ വർഷിക്കുമാറാകുന്നത് എന്നത്രെ. അവർ തങ്ങളുടെ സകല ശക്തികളെയും ദൈവോപാസനയിൽ വ്യാപരിപ്പിക്കുകയും എല്ലാ പാപത്തിൽനിന്നും സ്വയം അകന്നുനില്ക്കുകയും ദൈവസന്നിധിയിൽ പ്രണിപതിക്കുകയും സകല ദോഷങ്ങളെയും വർജ്ജിക്കുകയും ദൈവക്രോധത്തിന്റെ വഴികളിൽ നിന്നെല്ലാം ദൂരപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ അവർ സ്ഥിരതയോടും നിഷ്കളങ്കഭക്തിയോടും ആത്മാർത്ഥതയോടും ദൈവത്തെ തിരയുന്നതുകൊണ്ട് അവരുടെ പരിശ്രമം സഫലമായിത്തീരുകയും അവർ അവനെ പ്രാപിക്കുകയും അവന്റെ പാവനമായ ജ്ഞാനചഷകത്തിൽനിന്നു കുടിച്ചു തൃപ്തിയടയുകയും ചെയ്യുന്നു. ദൈവമാർഗ്ഗ

ത്തിൽ സുസ്ഥിരം വർത്തിക്കുന്നതിനെക്കുറിച്ച് പ്രസ്തുത വാക്യ ത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നതിൽനിന്നു വെളിവാകുന്നത്, ആത്മീയാനുഭൂതിയിലേക്ക് നയിക്കുന്നതിനു പര്യാപ്തമായ യഥാർത്ഥ ദൈവികാനുഗ്രഹം സത്യമാർഗ്ഗത്തിൽ പരിപൂർണ്ണസ്ഥി രതയോടു കൂടിയിരിക്കുന്നതുകൊണ്ടല്ലാതെ ലഭ്യമാകുന്നതല്ലെന്നാ ണ്. ഇവിടെ പരിപൂർണ്ണസ്ഥിരത എന്നു പറഞ്ഞിരിക്കുന്നതുകൊ ണ്ടുള്ള വിവക്ഷിതം, ഒരു കഠിന പരീക്ഷക്കും ചഞ്ചലിപ്പിക്കുവാനോ ക്ഷതപ്പെടുത്തുവാനോ സാധിക്കാത്ത നിഷ്കളങ്കവും നിഷ്കപട വുമായ ഭക്തിവായ്പാകുന്നു. അതായത്, ഖഡ്ഗത്തിന് വിച്ഛേദി ക്കുവാൻ കഴിയാത്തതും അഗ്നിക്ക് കരിക്കുവാൻ വയ്യാത്തതും കഷ്ടാനുഭവത്തിന് ഭേദിപ്പിക്കുവാൻ സാധിക്കാത്തതും ബന്ധുക്ക ളുടെ മരണത്തിന് വേർപെടുത്തുവാനാവാത്തതും പ്രിയജനത്തിന്റെ വിരഹദുഃഖത്തിന് ഭജ്ഞിക്കുവാൻ ശക്യമല്ലാത്തതും മാനനഷ്ടഭ യത്തിന് ചലിപ്പിക്കുവാനൊക്കാത്തതും കഠിന ദണ്ഡനത്തോടു കൂടിയ മരണവിധിക്ക് ശിഥിലമാക്കുവാൻ മേലാത്തതുമായ സുദൃ ഢബന്ധമെന്നു അതിനെ നിർവചിക്കാം. അതുകൊണ്ട്, ദൈവോ പലബ്ധിയിലേക്കുള്ള ഈ കവാടം എത്രയും ഇടുങ്ങിയതും വൈഷ മ്യമേറിയതുമത്രെ. ഹാ, ഭക്തിമാർഗ്ഗം എത്ര ദുർഗ്ഗമം! ഈ ദുർഘ ടാവസ്ഥയെയാണ് വിശുദ്ധഖുർആൻ താഴെ ചേർക്കുന്ന വാക്യ ത്തിൽ സൂചിപ്പിക്കുന്നത്.

قُلْ إِنْ كَانَ آبَاؤُكُمْ وَأَبْنَاؤُكُمْ وَإِخْوَانُكُمْ وَأَزْوَاجُكُمْ وَ
عَشِيرَتُكُمْ وَأَمْوَالٌ اقْتَرَفْتُمُوهَا وَتِجَارَةٌ تَخْشَوْنَ كَسَادَهَا وَمَسٰكِنُ
تَرْضَوْنَهَا أَحَبَّ إِلَيْكُمْ مِنَ اللَّهِ وَرَسُولِهِ وَجِهَادٍ فِي سَبِيلِهِ فَتَرَبَّصُوا
حَتَّىٰ يَأْتِيَ اللَّهُ بِأَمْرِهِ ۗ وَاللَّهُ لَا يَهْدِي الْقَوْمَ الْفٰسِقِينَ ﴿٢٤﴾

അവരോടു പറയുക: നിങ്ങളുടെ പിതാക്കന്മാരും നിങ്ങളുടെ പുത്രന്മാരും നിങ്ങളുടെ സഹോദരന്മാരും നിങ്ങളുടെ ഭാര്യമാരും നിങ്ങളുടെ ബന്ധുക്കളും നിങ്ങൾ കഷ്ടപ്പെട്ടു സമ്പാദിച്ച മുതലു കളും നിലച്ചുപോകുമെന്നു നിങ്ങൾ ശങ്കിക്കുന്ന കച്ചവടവും നിങ്ങൾക്ക് മനോഹരമായി തോന്നുന്ന വസതികളും, ദൈവത്തെ ക്കാളും അവന്റെ പ്രവാചകനെക്കാളും ദൈവമാർഗ്ഗത്തിലുള്ള പ്രയത് നത്തെക്കാളുമധികം നിങ്ങൾക്ക് പ്രിയതരമാകുന്നുവെങ്കിൽ, ദൈവം

തന്റെ ശാസനയെ വെളിപ്പെടുത്തുന്നതുവരെ നിങ്ങൾ കാത്തിരിക്കുവിൻ; ദൈവം അധർമ്മികൾക്ക് മാർഗ്ഗദർശനം നല്കുന്നില്ല.(9:24) ദൈവേഷ്ടത്തെ ഉപേക്ഷിച്ച് ബന്ധുക്കളെയും മുതലുകളെയും അധികം സ്നേഹിക്കുന്നവർ ദൈവദൃഷ്ടിയിൽ അധർമ്മികളാണെന്നത്രേ ഈ വാക്യത്തിൽനിന്നു സ്പഷ്ടമാകുന്നത്. അവർ ദൈവത്തെക്കാൾ അന്യവസ്തുക്കളെ പ്രമാണിച്ചു വർത്തിക്കുന്നതുകൊണ്ടു തീർച്ചയായും നാശമടയുന്നതാണ്.

ഇതാണ് മൂന്നാമത്തെ അഭിവൃദ്ധിഘട്ടം. ഈ അവസ്ഥയിൽ ദൈവേഷ്ടത്തിനായ്ക്കൊണ്ട് സകലവിധ കഷ്ടതകളും അരിഷ്ടതകളും സഹിക്കുവാൻ സന്നദ്ധനാവുകയും, ദൈവമൊഴികെയുള്ള ഒന്നും തനിയ്ക്കുള്ളതല്ലെന്നും അവനെ കൂടാതുള്ള സർവ്വവും മൃതപ്രായമെന്നും വിചാരിക്കുമാറ് നിഷ്കളങ്ക ഭക്തിയോടും ആത്മാർത്ഥതയോടും ആ സർവ്വാധിനാഥന്റെ നേർക്ക് ചായുകയും ചെയ്യുന്ന വ്യക്തി ആത്മോൽക്കർഷം സിദ്ധിച്ച ദൈവഭക്തനായിത്തീരുന്നു. വാസ്തവം പറയുന്നതായാൽ നാം നമ്മിൽ ഒരു മൃത്യു വരുത്തിയാലല്ലാതെ, അതായത് നമ്മുടെ വിഷയേച്ഛകൾക്ക് നാശം ഭവിച്ചാലല്ലാതെ അമർത്യനായി നിത്യജീവിയായിരിക്കുന്ന ദൈവത്തെ നമുക്ക് കാണുവാൻ സാധിക്കുകയില്ല. നമ്മുടെ ഭൗതിക ജീവിതത്തിന് മൃതി സംഭവിക്കുന്ന നാളേതോ അതാണ് ദൈവത്തിന്റെ വെളിപാടിനുള്ള സുദിനം. അന്യവസ്തുക്കളുടെ ദർശനത്തെ സംബന്ധിച്ചു അന്ധരായിത്തീരാതിരിക്കുന്നിടത്തോളം കാലം നാം കുരുടരുമത്രെ. ദൈവത്തിന്റെ തിരുകരത്തിൽ മൃതപ്രായരായി ഭവിക്കാതിരിക്കുവോളം നാം കേവലം നിർജ്ജീവരാകുന്നു. നമ്മുടെ മുഖം ദൈവത്തിന്നഭിമുഖമായിത്തീരുമ്പോൾ മാത്രമാണ് സകല ശരീരേച്ഛകളും ജയിച്ചടക്കുവാനുള്ള സ്ഥിരനിഷ്ഠ നമുക്ക് ലഭ്യമാവുക. ഈ സ്ഥിരനിഷ്ഠയാലത്രേ വിഷയലമ്പടത്വത്തിനു നാശം വരുന്നത്. നമ്മിലുണ്ടായിത്തീരേണ്ട ഈ സ്ഥിരചിത്തത بَلَىٰ مَنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ ***ബലാ മൻ അസ്ലമ വജ്ഹഹൂ ലില്ലാഹി വഹുവ മുഹ്സിനുൻ*** എന്ന വാക്യംകൊണ്ടു വിശുദ്ധഖുർആൻ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം, ദൈവത്തിന്റെ തിരുമുമ്പിൽ നമ്മുടെ ഗളനാളത്തെ ബലിയർപ്പിക്കുവാൻ നമ്മെ സന്നദ്ധരാക്കുന്ന അവസ്ഥയാണ്. അതനുസരിച്ചു നമ്മുടെ സകല ബാഹ്യംഗങ്ങളേയും അന്തഃശക്തികളേയും ദൈവഹിതാനുവർത്ത

നത്തിൽ വ്യാപരിപ്പിക്കുകയും നമ്മുടെ മരണവും ജീവിതവും ദൈവ ത്തിനുവേണ്ടിയുള്ളതാക്കിത്തീർക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ഈ ഉൽക്കൃഷ്ടമായ സ്ഥിരനിഷ്ഠ നമുക്ക് സിദ്ധിക്കുന്നത്. ഇതു വിഷയകമായി വിശുദ്ധ ഖുർആൻ പറയുകയാണ്:

قُلْ اِنَّ صَلَاتِيْ وَنُسُكِيْ وَمَحْيَايَ وَمَمَاتِيْ لِلّٰهِ رَبِّ الْعٰلَمِيْنَ ۝١٦٣

പറയുക: “എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ ജീവി തവും എന്റെ മരണവും എല്ലാം സർവ്വലോകനാഥനായ ദൈവ ത്തിന്നാകുന്നു”(6:163). തന്റെ ജീവിതവും മരണവും തനിക്കുവേ ണ്ടിയായിരിക്കാതെ ദൈവത്തിനു വേണ്ടിയായിരിക്കത്തക്കവണ്ണം ഒരുവന്റെ ദൈവപ്രേമം തീവ്രതരമായിത്തീരുമ്പോൾ, സ്നേഹിക്കു ന്നവരെ സ്നേഹിച്ചുപോന്നവനായ സർവ്വേശ്വരൻ തന്റെ പ്രേമത്തെ അവനിൽ വെളിപ്പെടുത്തുന്നു. ഈ പ്രേമദ്വയത്തിന്റെ സംയോഗ ത്താൽ, ലൗകിക ബുദ്ധികൾക്ക് കാണുവാനോ തിരിച്ചറിയുവാനോ വയ്യാത്ത ഒരു തേജസ്സ് അവനിൽ ഉൽഭൂതമായി വരുന്നു. അനേക സഹസ്രം സത്യഭക്തന്മാരും സൽപുത്രന്മാരും നിർദ്ദയം വധിക്ക പ്പെട്ടു പോയത് അവരെ ലോകം തിരിച്ചറിയാഞ്ഞതിനാലാണ്. അവ രുടെ കാന്തിമയങ്ങളായ മുഖകമ يَنْظُرُوْنَ اِلَيْكَ وَهُمْ لَا يُبْصِرُوْنَ ۝١٩٩ കാണുവാൻ സാധിക്കാതിരുന്നതു കൊണ്ടുതന്നെയാണ് അവർ വഞ്ചകരെന്നും സ്വാർത്ഥികളെന്നും വിളിക്കപ്പെടുകയുണ്ടായത്. ഈ ആത്മീയാന്ധതയെ സൂചിപ്പിച്ചു വിശുദ്ധഖുർആൻ ഒരു സ്ഥലത്തു പറയുന്നതിങ്ങനെയാണ്: “അവി ശ്വാസികൾ നിന്റെ നേർക്ക് നോക്കുന്നു: എന്നാൽ, അവർ നിന്നെ കാണുന്നില്ല”(7:199).

ചുരുക്കത്തിൽ, സ്വർഗ്ഗീയ തേജസ്സ് സംജാതമാകുന്ന ആ സുദിനംതൊട്ടു ഭൗമികനായ മനുഷ്യൻ സ്വർഗ്ഗീയനായിത്തീരുന്നു. അവന്റെ ഉള്ളിൽനിന്ന് സകലവല്ലഭനായ ദൈവം സംസാരിക്കു കയും തന്റെ ദൈവത്വത്തിൻപ്രഭയെ അവനിൽ വെളിപ്പെടുത്തു കയും ചെയ്യുന്നു. പാവനമായ ദൈവാനുരാഗംകൊണ്ടു നിറഞ്ഞു വഴിയുന്ന അവന്റെ ഹൃദയത്തെ സകലേശ്വരൻ തന്റെ ആവാസവും തന്റെ മഹത്വത്തിന്റെ മഹിതാസനവുമാക്കുന്നു. പാവനമായ ആത്മ പരിവർത്തനംമൂലം ഈ വ്യക്തി പുതിയ മനുഷ്യനായിത്തീരുന്ന ഘട്ടം മുതൽ അയാൾക്കു ദൈവവും പുതിയവനായി ഭവിക്കുന്നു.

അയാളെ സംബന്ധിച്ചേടത്തോളം ദൈവം തന്റെ പെരുമാറ്റങ്ങളിലും നിയമസമ്പ്രദായങ്ങളിലും ഒരു പുതുമയെ പ്രകടിപ്പിച്ചു തുടങ്ങുന്നു. എന്നാൽ, യഥാർത്ഥത്തിൽ ദൈവം പുതിയവനായി ഭവിക്കുകയോ അവന്റെ സമ്പ്രദായങ്ങൾ പുതിയവയായിത്തീരുകയോ ചെയ്യുന്നില്ല. എങ്കിലും അവന്റെ ഈ പെരുമാറ്റം സാമാന്യ നിയമത്തിൽനിന്നും ഭിന്നവും ഭൗതികതത്ത്വജ്ഞന്മാർക്ക് അപരിചിതവുമായ തരത്തിലായിരിക്കുന്നതാണ്. ഈ ഉൽക്കൃഷ്ടമായ പരിവർത്തനം സിദ്ധിച്ച വ്യക്തിയെ ഉദ്ദേശിച്ചു വിശുദ്ധഖുർആൻ പറയുന്നു.

وَمِنَ النَّاسِ مَنْ يَشْرِي نَفْسَهُ ابْتِغَاءَ مَرْضَاتِ اللَّهِ ۗ وَاللَّهُ رَءُوفٌ بِالْعِبَادِ ﴿٢٠٨﴾

“മനുഷ്യരിൽവെച്ച് ദൈവേഷ്ടത്തിനുവേണ്ടി ജീവിതാർപ്പണം ചെയ്തിരിക്കുന്ന ഉൽക്കൃഷ്ടൻമാർ, ദൈവാഭീഷ്ടത്തിനു പകരമായി തങ്ങളുടെ ജീവനെ വിക്രയം ചെയ്തിരിക്കുന്നു; ഇവരാണ് ദൈവത്തിന്റെ കാരുണ്യ പ്രകടനത്തിനു പാത്രമായിട്ടുള്ളവർ”(2:208). ഈ വിധത്തിലാണ് ആത്മീയമായ അഭിവൃദ്ധിഘട്ടത്തെ പ്രാപിച്ച മനുഷ്യൻ ദൈവമാർഗ്ഗത്തിൽ ആത്മാർപ്പണം ചെയ്യുന്നത്. വിശുദ്ധ ഖുർആൻ പ്രസ്തുത വാക്യംകൊണ്ടു നമ്മെ ബോധപ്പെടുത്തുന്നത്, ദൈവത്തിന്റെ മാർഗ്ഗത്തിലും അവന്റെ ഇഷ്ടത്തിനായും ജീവനെ ബലിയർപ്പിക്കുകയും ദൈവഭക്തിയെ ത്യാഗംമൂലം വെളിപ്പെടുത്തുകയും തന്റെ ജീവിതം സ്രഷ്ടാവിനെ വണങ്ങുന്നതിനും സമസൃഷ്ടികളെ സേവിക്കുന്നതിനും വേണ്ടിയുള്ളതാണെന്നു സർവ്വാത്മനാ ബോധിക്കുകയും ചെയ്യുന്നവൻ സകല ദുഃഖങ്ങളിൽനിന്നും മോചനം പ്രാപിക്കുന്നതാണെന്നാകുന്നു. ഇങ്ങനെ തന്റെ സർവ്വേച്ഛകളും ദൈവാഭീഷ്ടത്തിനു അധീനമാക്കുന്നവൻ, ആത്മാനുസരണമാകുന്ന ദർപ്പണത്തിൽ തന്റെ അനുരാഗപാത്രമായ കർത്താവിനെ ദർശിക്കുമാറ്, ഹൃദയ സാന്നിദ്ധ്യത്തോടും ഔൽസുക്യത്തോടുംകൂടി സകല അന്തഃശക്തികളേയും തൽസംബന്ധികളായ സദ്ധർമ്മങ്ങളിൽ വ്യാപരിപ്പിക്കുന്നതാണ്. അപ്പോൾ അവന്റെ ഇഷ്ടം ദൈവത്തിന്റെ ഇഷ്ടത്തിനനുസൃതമായിരിക്കുകയും അവന്റെ സർവ്വാനന്ദവും ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിക്കുന്നതിൽ മാത്രമായിരിക്കുകയും ചെയ്യുന്നു. അവൻ സൽക്കർമ്മങ്ങളെ ഭാരങ്ങളെന്നോണമല്ല അതീവ ഔൽസുക്യത്തോടും സംതൃപ്തിയോടും കൂടിയാണ് അനുഷ്ഠിക്കുക. അതായത്, അവൻ സദ്ധർമ്മാ

നുഷ്ഠാനത്തിനു സർവ്വാത്മനാ പ്രചോദിതനായിരിക്കുന്നതാണ്. ഈ അവസ്ഥയാണ് ആദ്ധ്യാത്മികസരണിയിൽ സഞ്ചരിക്കുന്ന മനുഷ്യന് ഐഹികജീവിതത്തിൽ പ്രാപ്യമാകുന്ന സ്വർഗ്ഗം. അവനു ഭാവിജീവിതത്തിൽ ലഭിക്കുവാനുള്ള സ്വർഗ്ഗമാകട്ടെ പ്രസ്തുത സ്വർഗ്ഗത്തിന്റെ പ്രതിബിംബമായിരിക്കുന്നതാണ്. ഇഹത്തിൽ അനുഭവമായിത്തീരുന്ന ഈ ആത്മീയാനുഭൂതികൾ ദൈവത്തിന്റെ അപാരശക്തി വൈഭവത്താൽ പാരത്രികജീവിതത്തിൽ പ്രത്യക്ഷരൂപം ധരിക്കുമാറാകുന്നു. ഈ അനുഗ്രഹത്തെ സൂചിപ്പിച്ച് വിശുദ്ധ ഖുർആൻ പറയുകയാണ്: وَلِمَنْ خَافَ مَقَامَ رَبِّهِ جَنَّتَانِ ﴿٤٦﴾ “തന്റെ രക്ഷിതാവായ ദൈവത്തെ ഭയപ്പെടുകയും അവന്റെ മഹിത സ്ഥാനത്തെയും പ്രഭാവത്തെയും ഭക്തിയോടുകൂടി വീക്ഷിക്കുകയും ചെയ്യുന്നവനാരോ അവന് ഇഹത്തിലും പരത്തിലും രണ്ട് സ്വർഗ്ഗമുണ്ട്”(55:47). وَسَقَاهُمْ رَبُّهُمْ شَرَابًا طَهُورًا ﴿٢١﴾ “ദൈവഭക്തിയിലും ധ്യാനത്തിലും ലയിച്ചവരെ അവരുടെ രക്ഷിതാവായ ദൈവം, ഹൃദയങ്ങളെയും വിചാരങ്ങളെയും ഉദ്ദേശ്യങ്ങളെയും പവിത്രമാക്കിത്തീർക്കുന്ന പാനീയം കുടിപ്പിക്കുന്നതാണ്”(76:22).

إِنَّ الْأَبْرَارَ يَشْرَبُونَ مِنْ كَأْسٍ كَانَ مِزَاجُهَا كَافُورًا ﴿٥﴾ عَيْنًا يَشْرَبُ بِهَا
عِبَادُ اللَّهِ يُفَجِّرُونَهَا تَفْجِيرًا ﴿٦﴾

“സദ്ധർമ്മികൾ ‘കാഫൂർ’(കർപ്പൂരം) ചേർത്ത പാനീയം കുടിക്കുന്നു; തങ്ങൾതന്നെ വെട്ടിക്കീറിയൊഴുകുമാറാക്കുന്ന ഊറ്റിൽ നിന്നാണ് അവർ പാനം ചെയ്യുന്നത്”(76:6,7). മുമ്പേയൊരിടത്തു പ്രസ്താവിച്ചതു പോലെ, ‘അടയ്ക്കുക’ എന്നും ‘മൂടുക’ എന്നും അർത്ഥമുള്ള ‘**കഫർ**’ എന്ന വാക്കിൽ നിന്നുൽപന്നമായ ‘കാഫൂർ’ എന്ന പദം ഈ വാക്യത്തിൽ പ്രയുക്തമായിരിക്കുന്നത്, സദ്ധർമ്മികൾ ദൈവാനുരാഗത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും പാനീയം കുടിച്ചിരിക്കുന്നതിനാൽ അവരുടെ പ്രപഞ്ചാനുരാഗം തണുത്തുപോവുകയും അവരുടെ വിഷയേച്ഛകൾ അടങ്ങിപ്പോകുകയും ചെയ്തിരിക്കുന്നു എന്നു സൂചിപ്പിക്കുന്നതിനായിട്ടത്രെ. വികാരങ്ങളെല്ലാം മനോവ്യാപാരത്തിന്റെ ഫലങ്ങളാണല്ലോ. തൻമൂലം ഹൃദയം അനുചിതങ്ങളായ വിചാരങ്ങളിൽനിന്നു അകലുകയും അവയുമായി അതിന് ബന്ധമില്ലാതിരിക്കുകയും ചെയ്യുമ്പോൾ വിഷയേച്ഛകൾ ക്രമേണ കുറഞ്ഞു കുറഞ്ഞ് ഇല്ലാതായിത്തീരുന്നു. പൂർണ്ണമായ നില

യിൽ ദൈവത്തിൽ ആത്മാർപ്പണം ചെയ്യുന്നവർ വിഷയാസക്തി യിൽനിന്നു ദൂരപ്പെടുന്നതാണെന്ന് പ്രസ്തുത ഖുർആൻ വാക്യം മനസ്സിലാക്കിത്തരുന്നു. അതിനാൽ, ദൈവത്തിൽ ഹൃദയസാകല്യ ത്തോടെ ചായുകയും അവനെ മാത്രം ആശ്രയിച്ചു വർത്തിക്കു കയും ചെയ്യുന്ന സദ്ധർമ്മികളുടെ വികാരാഗ്നി തണുത്തു പോവു കയും, കർപ്പൂരംകൊണ്ടു വിഷാണുക്കൾ എന്നപോലെ അവരുടെ വിഷയേച്ഛകൾ അടങ്ങിപ്പോവുകയും ചെയ്യുന്നതാണ്.

മുമ്പേയുദ്ധരിച്ച വാക്യങ്ങളോടനുബന്ധിച്ചു വിശുദ്ധ ഖുർആൻ പറയുന്നു: وَيُسْقَوْنَ فِيهَا كَأْسًا كَانَ مِزَاجُهَا زَنجَبِيلًا ﴿١٨﴾ (കർപ്പൂര പാനീ യത്തിനു ശേഷം) 'സൻജബീൽ' അഥവാ ചുക്ക് ചേർത്ത പാനീയം അവർ കുടിപ്പിക്കപ്പെടുന്നതാണ്(76:18). ഈ വാക്യത്തിലെ '**സൻജ ബീൽ**' എന്ന പദം '**സനാഅ്**' എന്നും '**ജബൽ**' എന്നും രണ്ടു വാക്കുകൾ ചേർന്നുള്ള സംയുക്ത ശബ്ദമാണെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അറബിയിൽ '**സനാഅ്**' എന്ന വാക്കിന് കരേറി എന്നും '**ജബൽ**' എന്നതിന് 'മല' എന്നും അർത്ഥം. അപ്പോൾ, 'സൻജബീൽ' എന്ന സംയുക്ത പദത്തിന് 'മലകയറി' എന്നർത്ഥ മായി. വിഷരോഗം ബാധിച്ച ഒരുവന് പൂർണ്ണാരോഗ്യം പ്രാപിക്കു ന്നതിനിടയ്ക്ക് രണ്ടു ഘട്ടങ്ങൾ തരണം ചെയ്യേണ്ടതായിട്ടുണ്ട്. ഒന്നാമത്തെ ഘട്ടത്തിൽ വിഷാണുക്കളുടെ സംക്രമം നിലയ്ക്കു കയും രോഗത്തിന്റെ ഉഗ്രത ശമിക്കുകയും അപകടനില വിട്ടുമാറു കയും ചെയ്യുന്നു. ഇങ്ങനെ ആരോഗ്യം അപകടപ്പെടുത്തുമാറുള്ള തരത്തിൽ ശക്തിയായി അടിച്ചു കയറിയ വിഷവ്യാധിയാകുന്ന ആ കൊടുങ്കാറ്റു ശമിക്കുന്നുവെങ്കിലും, തൽഫലമായുണ്ടായിത്തീർന്ന ബലക്ഷയവും ക്ഷീണതയും അവനിൽ ശേഷിക്കുന്നതാണ്. തന്മൂലം ബലം പ്രയോഗിച്ചുള്ള ഒരു വേലയും അവന് ചെയ്യുവാൻ സാധിക്കുന്നതല്ല. ബലഹീനത നിമിത്തം അവൻ ജീവച്ഛവമെ ന്നോണം ചാഞ്ഞും ചരിഞ്ഞും നടക്കേണ്ടി വരുന്നു. എന്നാൽ, രണ്ടാമത്തെ ഘട്ടത്തിലാകട്ടെ മുമ്പേയുണ്ടായിരുന്ന ആരോഗ്യം തിരിച്ചു കിട്ടുകയും ദേഹത്തിനു ബലം കൂടിവരുകയും ചെയ്യുന്നു. ഇപ്രകാരം ശക്തി പൂർവ്വസ്ഥിതിയെ പ്രാപിക്കുന്നതോടു കൂടി അവൻ നിർവ്വിശങ്കം മലമുകളിൽ കയറുവാനും ഉന്മേഷഭരിതനായി ചുരങ്ങൾ കയറി മറിയുവാനും കഴിവും കരളുറപ്പുമുള്ളവനായിത്തീ രുന്നതാണ്. ഇങ്ങനെയുള്ള അവസ്ഥയാണ് മൂന്നാമത്തെ പരി

വർത്തനദശയായ ആദ്ധ്യാത്മിക ഘട്ടത്തിൽ അനുഭവമാകുന്നത്. ഈ അവസ്ഥയെ ഉദ്ദേശിച്ചാണ് മുമ്പേയുദ്ധരിച്ച വാക്യത്തിൽ, ഉൽക്കൃഷ്ടസ്ഥാനം പ്രാപിച്ച തീവ്രഭക്തന്മാർക്ക് 'സൻജബീൽ' (ചുക്ക്) ചേർത്ത പാനീയം നല്കപ്പെടുന്നതാണെന്നു വിശുദ്ധഖുർആൻ പ്രസ്താവിച്ചിരിക്കുന്നത്. അതായത്, പൂർണ്ണമായ ആത്മീയ ശക്തി സിദ്ധിക്കുന്നതോടുകൂടി അവർ ഉന്നതങ്ങളായ പർവ്വത പ്രദേശങ്ങൾ കയറിമറിയുകയും പ്രയാസങ്ങളായ കാര്യങ്ങൾ സാധിക്കുകയും ദൈവമാർഗ്ഗത്തിൽ വിസ്മയാവഹമായ ത്യാഗകർമ്മങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നതാണ്.

വൈദ്യശാസ്ത്രപ്രകാരം 'സൻജബീൽ' (ചുക്ക്) ജഠരാഗ്നി വർദ്ധിപ്പിക്കുന്നതിനും അതിസാരം നിറുത്തുന്നതിനും ഉപയോഗപ്രദമായ ഔഷധിയാണ്. 'സൻജബീൽ' എന്ന പേരുതന്നെ അതിന്റെ പ്രത്യേക ഗുണത്തെ കുറിക്കുന്നതാകുന്നു. എങ്ങനെയെന്നാൽ, അത് ബലഹീനനായ ഒരുവന്റെ ദേഹത്തിനു ബലവും ഉഷ്ണവും നല്കി അവനെ മല കയറുവാൻപോലും കഴിവുറ്റവനാക്കിത്തീർക്കുന്നു. കാഫൂറിനെയും സൻജബീലിനെയും കുറിച്ചു പ്രസ്താവിക്കുന്ന മേലുദ്ധരിച്ച രണ്ടു ഖുർആൻ വാക്യങ്ങൾ, മനുഷ്യൻ വൈഷയിക ജീവിതത്തിൽനിന്ന് സദ്ധർമ്മഗതിയിലേക്ക് ഉൽപതിക്കുന്നതിന് തരണം ചെയ്യേണ്ടുന്ന രണ്ടു ഘട്ടങ്ങളെയാണ് ചൂണ്ടിക്കാണിക്കുന്നത്. അഭിവൃദ്ധിയിലേക്ക് ഉന്നമിക്കുന്നതിന് അവൻ ആദ്യമായി ചെയ്യുന്ന ചേഷ്ടയ്ക്കു ശേഷം ഉൽഭവിക്കുന്ന ഒന്നാമത്തെ ഘട്ടത്തിൽ ദോഷബീജങ്ങൾ നശിക്കുകയും വിഷയ വികാരങ്ങൾ ശമിക്കുകയും ചെയ്യുന്നു. ഇതാണ് 'കാഫൂർ' പാനീയത്തിന്റേതായ ഘട്ടം. കർപ്പൂരം വിഷഹരമായ ഔഷധിയായതുകൊണ്ടാണ് അത് വിഷൂചിക, വിഷജ്വരം തുടങ്ങിയ വ്യാധികൾക്ക് വളരെ ഫലം ചെയ്യുന്നതായി കാണുന്നത്. പ്രസ്തുത ഘട്ടത്തിൽ വിഷസംക്രമം നിലയ്ക്കുകയും രോഗം ശമിക്കുകയും ചെയ്യുന്നുവെങ്കിലും രോഗിയുടെ ബലക്ഷയവും ക്ഷീണവും ഇല്ലാതാകുന്നില്ല. എന്നാൽ, രണ്ടാമത്തെ ഘട്ടത്തിൽ അവൻ സൻജബീൽ പാനീയംകൊണ്ട് ശക്തിഭരിതനായിത്തീരുന്നു. സൻജബീൽ പാനീയമെന്നത് സർവ്വശക്തനായ ദൈവത്തിന്റെ സൗന്ദര്യമഹിമാതിശയങ്ങളുടെ വെളിപാടാകുന്നു. ആത്മാവിന്റെ ആഹാരമായ ഈ വെളിപാടുകൊണ്ട് ശക്തിപൂർണ്ണനായി ഭവിക്കുന്ന വ്യക്തി ആത്മീയൗന്നത്യങ്ങളിലേക്ക് കയറിച്ചെല്ലുന്ന

തിനും ദൈവമാർഗ്ഗത്തിൽ മഹത്തരമായ ത്യാഗങ്ങൾ വരിക്കുന്ന തിനും പ്രാപ്തനായിരിക്കുന്നതാണ്. ദൈവാനുരാഗമാകുന്ന അഗ്നി ഹൃദയാന്തർഭാഗത്ത് സ്ഥിതിചെയ്യുന്ന കാലത്തല്ലാതെ ഒരുവന് അങ്ങനെയുള്ള ത്യാഗങ്ങൾ ചെയ്യുവാൻ സാദ്ധ്യമാവുകയില്ല. ഈ രണ്ടു വിധ ആത്മീയഘട്ടങ്ങളെ മനസ്സിലാക്കിത്തരുന്നതിനായിട്ടത്രേ 'കീഴടക്കുന്നത്' എന്നും 'മേൽപ്പോട്ട് കയറുവാൻ ശക്തി നല്കു ന്നത്' എന്നും യഥാക്രമം അർത്ഥം കുറിക്കുന്ന 'കാഫൂർ' എന്നും 'സൻജബീൽ' എന്നും രണ്ടു പദങ്ങൾ വിശുദ്ധ ഖുർആൻ പ്രയോ ഗിച്ചിരിക്കുന്നത്. വീണ്ടും ഖുർആൻ പറയുന്നതു കാണുക:

إِنَّا أَعْتَدْنَا لِلْكَافِرِينَ سَلَاسِلَا وَأَغْلَالًا وَسَعِيرًا ۝ "നിശ്ചയമായും സത്യത്തെ സ്വീകരിക്കാത്തവർക്കായിട്ട് ശൃംഖലകളും കണ്ഠപാ ശങ്ങളും ജ്വലിക്കുന്ന അഗ്നിയും നാം തയ്യാർ ചെയ്തിരിക്കു ന്നു"(76:5). ഈ വാക്യം സൂചിപ്പിക്കുന്നത്, നിഷ്കളങ്ക മനസ്സോടെ ദൈവത്തെ അന്വേഷിക്കാത്തവരിൽ ദൈവികമായ പ്രതിക്രിയാ നിയമം പ്രവർത്തിക്കുന്നതാണെന്നത്രെ. അവർ ശൃംഖലകളാൽ ബന്ധിതരെന്നപോലെ ഭൗതിക കാര്യങ്ങളിൽത്തന്നെ വ്യാപൃത രായും കണ്ഠപാശത്താൽ ബന്ധരെന്നവണ്ണം ശിരസ്സുകൾ ഊർദ്ധ്വഭാഗത്തേക്ക് പൊക്കുവാൻ കഴിയാതിരിക്കുമാറ് ഭൗമിക കാര്യങ്ങളിൽ നിമഗ്നരായും ധനം സമ്പാദിക്കാനും സ്വത്തുക്കൾ കൈവശപ്പെടുത്താനും വിരോധികളെ ജയിക്കാനുമുള്ള വിഷയാ ശകളാൽ തപ്തഹൃദയരായുമിരിക്കുന്നതാണ്. ഇപ്രകാരം അപ കൃഷ്ട വിഷയങ്ങളിൽ മഗ്നരായും ഉൽക്കൃഷ്ട വ്യാപാരങ്ങൾക്ക് അനർഹരായും കാണപ്പെടുന്നതിനാൽ അവർക്ക് ദൈവം മേൽപ്പ റഞ്ഞ മൂന്നു വിധ കഷ്ടതകൾ നിരന്തരമാക്കിത്തീർക്കുന്നു. മനു ഷ്യൻ ചെയ്യുന്ന ഓരോ ക്രിയയ്ക്കും പ്രതിയായി ദൈവവും ഒരു ക്രിയ വെളിപ്പെടുമാറാക്കുന്നുവെന്നതിലേക്കുള്ള സൂചനകൂടി ഇവിടെ അന്തർഭവിച്ചിരിക്കുന്നുണ്ട്. ഉദാഹരണമായി, ഒരുവൻ തന്റെ മുറിയുടെ വാതിലുകളെല്ലാം അടച്ചു കളയുന്ന പക്ഷം ആ ക്രിയയെ തുടർന്നു മുറിയിൽ അന്ധകാരം വ്യാപിപ്പിക്കുകയെന്നത് ദൈവ കർമ്മമാകുന്നു. നമ്മുടെ എല്ലാ ഓരോ കർമ്മത്തിനും അനിവാര്യ ഫലമായി ദൈവം പ്രകൃതി നിയമത്തിൽ നിശ്ചയിച്ചിരിക്കുന്ന കാര്യ മെല്ലാം യഥാർത്ഥത്തിൽ കാര്യകാരണകർത്താവായ ദൈവത്തിന്റെ പ്രക്രിയയത്രെ. ഒരുവൻ പാഷാണം കഴിക്കുന്നുവെങ്കിൽ, അതിന്റെ

അനിവാര്യഫലമായി ദൈവം മരണം സംഭവിക്കുമാറാക്കുന്നു. ഇപ്രകാരംതന്നെ, പകർച്ചവ്യാധി പിടിപെടുന്നതിനു ഹേതുവാക്കുന്ന ദോഷം ഒരുവൻ ചെയ്യുന്നതായാൽ, അവന്റെ ആ ചേഷ്ടയുടെ പ്രതിക്രിയയായി അവനെ ആ രോഗം ബാധിക്കുമാറാക്കുന്നതും നിയതി കർമ്മമാകുന്നു. ഇങ്ങനെ ഐഹിക ജീവിതത്തിൽ നമ്മുടെ എല്ലാ ഓരോ ക്രിയയ്ക്കും അനിവാര്യമായി ഓരോ ഫലം ഉണ്ടാകുന്നതായി നാം കാണുന്നുണ്ടല്ലോ. ആ ഫലം തന്നെയാണ് ദൈവത്തിന്റെ ക്രിയ. ആത്മീയ വിഷയത്തിലും ഇതേ നിയമംതന്നെയാണ് വ്യാപരിച്ചു കൊണ്ടിരിക്കുന്നത്. ഈ സംഗതിയെ വിശുദ്ധ ഖുർആൻ രണ്ടുദാഹരണങ്ങളാൽ വിശദീകരിക്കുന്നു. അതു പറയുകയാണ്: وَالَّذِينَ جَاهَدُوا فِينَا لَنَهْدِيَنَّهُمْ سُبُلَنَا "ആർ നമ്മെ പ്രാപിക്കുന്നതിന് പൂർണ്ണമായും യത്നിക്കുന്നുവോ അവരുടെ ആ യത്നത്തിന്റെ അനിവാര്യഫലമായി അവരെ നാം നമ്മുടെ വഴികളിൽ നയിക്കുമാറാക്കുന്നു"(29:70). മറ്റൊരു സ്ഥലത്തു പറയുന്നു:

فَلَمَّا زَاغُوا أَزَاغَ اللَّهُ قُلُوبَهُمْ "ഏതൊരുത്തർ വക്രതയെ അവലംബിക്കുകയും നേർവഴിയിൽ നടക്കാതിരിക്കുകയും ചെയ്യുന്നുവോ, അവരുടെ ഹൃദയങ്ങളെ നാം വക്രതയുള്ളവയാക്കിത്തീർക്കുന്നു"(61:6). ഈ വിഷയം കൂടുതൽ പ്രസ്പഷ്ടമാക്കുന്നതിന് വിശുദ്ധ ഖുർആൻ പറയുന്നതിങ്ങനെയാണ്:

وَمَنْ كَانَ فِي هَٰذِهِ أَعْمَىٰ فَهُوَ فِي الْآخِرَةِ أَعْمَىٰ وَأَضَلُّ سَبِيلًا ٧٢ "ഏതൊരുവൻ ഇഹത്തിൽ അന്ധനായിരിക്കുന്നുവോ അവൻ പരത്തിലും അന്ധനായിരിക്കുന്നതാണ്. എന്നല്ല; അന്ധനേക്കാൾ അപകൃഷ്ടനായിരിക്കുന്നതുമാണ്"(17:73). ഈ ദൈവ വാക്യം വ്യക്തമായി സൂചിപ്പിക്കുന്നത്, യഥാർത്ഥ ഭക്തൻമാർ ഐഹിക ജീവിതത്തിൽത്തന്നെ ദൈവത്തിന്റെ തിരുമുഖം ദർശിക്കുമാറാകുമെന്നും അവർ സർവ്വസ്വവും ത്യജിച്ച് ഹൃദയപൂർവ്വം കാമിച്ച അവരുടെ അനുരാഗപാത്രമായ ദൈവം അവന്റെ മഹൽപ്രഭാവത്തോടു കൂടി ഇഹത്തിൽവെച്ചുതന്നെ അവർക്കു പ്രത്യക്ഷപ്പെടുമെന്നുമാണ്. ചുരുക്കത്തിൽ, സ്വർഗ്ഗീയ ജീവിതത്തിനുള്ള അടിസ്ഥാനമിടുന്നത് ഇഹത്തിൽ വെച്ചു തന്നെയാണെന്നും നാരകീയമായ അന്ധജീവിതം രൂപമെടുക്കുന്നതു ഐഹികത്തിലെ അശുദ്ധിയോടും ആത്മീയാന്ധതയോടും കൂടിയ ജീവിതത്തിൽ നിന്നാണെന്നുമത്രേ പ്രസ്തുത

വാക്യത്തിൽ സൂചിതമായിരിക്കുന്നത്.

## ഇസ്ലാമികദൃഷ്ട്യാ സ്വർഗ്ഗ നരകങ്ങൾ

ഇതേ വിഷയത്തെക്കുറിച്ചു വിശുദ്ധഖുർആൻ പറയുകയാണ്:

وَبَشِّرِ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ أَنَّ لَهُمْ جَنَّاتٍ تَجْرِي مِنْ تَحْتِهَا الْأَنْهَارُ

"വിശ്വസിക്കുകയും സൽക്കർമ്മമനുഷ്ഠിക്കുകയും ചെയ്യുന്നവരെ ചുവടെ സരിത്തുകൾ പ്രവഹിക്കുന്ന ആരാമങ്ങൾക്ക് അവർ അവകാശികളായിരിക്കുമെന്ന ശുഭവാർത്ത ധരിപ്പിക്കുക"(2:26). ഈ ദൈവവാക്യത്തിൽ സത്യവിശ്വാസത്തെ താഴ്ഭാഗത്ത് ആറുകളൊഴുകുന്ന തോപ്പോടുപമിച്ചിരിക്കുകയാണ്. തോട്ടത്തിന് ആറുകളോടെന്നപോലുള്ള ഒരു ബന്ധം മതവിശ്വാസത്തിന് സൽക്കർമ്മങ്ങളുമായിട്ടുണ്ടെന്ന തത്ത്വരഹസ്യത്തെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. ജലസേചനമില്ലാതിരിക്കുന്നപക്ഷം തോട്ടത്തിലെ വൃക്ഷലതാദികൾ വാടി ക്ഷീണിച്ചു പോകുന്നപോലെതന്നെ സൽക്കർമ്മങ്ങളും സത്സേവനങ്ങളും കൂടാതുള്ള മതവിശ്വാസം നിർജ്ജീവമായിരിക്കുന്നതാണ്. ഇങ്ങനെ, കർമ്മശൂന്യമായ മതവിശ്വസം പ്രയോജനരഹിതമായിരിക്കുന്നപോലെ, സദ്വിശ്വാസ പ്രേരിതമല്ലാത്ത കർമ്മങ്ങൾ കേവലം അഭിനയവുമായിരിക്കുന്നതാണ്. യഥാർത്ഥത്തിൽ ഇസ്ലാമികസ്വർഗ്ഗം ഐഹികജീവിതത്തിലെ സത്യവിശ്വാസത്തിന്റെയും സൽക്കർമ്മത്തിന്റെയും പ്രതിഛായയാകുന്നു. അതു പുറമെനിന്നു മനുഷ്യനു പ്രാപ്യമായി വരുന്നതല്ല; അവന്റെ ഉള്ളിൽനിന്നുതന്നെ രൂപപ്പെട്ടു വരുന്ന ഒന്നത്രെ. ഓരോരുത്തനും ലഭിക്കുന്ന സ്വർഗ്ഗം അവന്റെ സത്യവിശ്വാസവും സൽക്കർമ്മങ്ങളുംകൊണ്ടു രൂപവൽകൃതമാകുന്നതും, അതിലെ ആനന്ദാനുഭൂതി അവന് ഈ ലോകത്തുവച്ചുതന്നെ അനുഭവപ്പെട്ടു തുടങ്ങുന്നതുമായിരിക്കും. അങ്ങനെ സത്യവിശ്വാസമാകുന്ന ആരാമവും സൽക്കർമ്മങ്ങളാകുന്ന സരിൽപ്രവാഹങ്ങളും അവന് പരോക്ഷമായ രൂപത്തിൽ ഇവിടെത്തന്നെ അനുഭവഗോചരമായിത്തീരുന്നു. എന്നാൽ, പാരത്രികജീവിതത്തിലാകട്ടെ ഈ തോപ്പും അതിലെ ആറുകളും പ്രത്യക്ഷ രൂപത്തിൽ ഗോചരീഭവിക്കുന്നതായിരിക്കും. ദൈവത്തിന്റെ സത്തയെയും അവന്റെ മാഹാത്മ്യങ്ങളെയും ഇച്ഛാദി കർത്തൃത്വങ്ങളെയും കുറിച്ചുള്ള പരമാർത്ഥവും പരിശുദ്ധവും പരിപൂർണ്ണവുമായ വിശ്വാസം മനോഹരവും തുഷ്ടിപ്രദവും ഫലദായകവുമായ തോപ്പാണെന്നും, സൽക്കർമ്മങ്ങൾ

ആ സ്വർഗ്ഗീയാരാമത്തിലെ ആറുകളാണെന്നുമത്രേ പ്രസ്തുത ദൈവ വാക്യങ്ങൾ മനസ്സിലാക്കിത്തരുന്നത്. ഈ വിഷയത്തെ വിശുദ്ധഖുർആൻ മറ്റൊരിടത്തു ഇപ്രകാരം പ്രസ്താവിക്കുന്നു:

ضَرَبَ اللّٰهُ مَثَلًا كَلِمَةً طَيِّبَةً كَشَجَرَةٍ طَيِّبَةٍ اَصْلُهَا ثَابِتٌ وَّفَرْعُهَا
فِي السَّمَآءِ ﴿٢٥﴾ تُؤْتِيْٓ اُكُلَهَا كُلَّ حِيْنٍ

"അധികതയോ ന്യൂനതയോ ബാധിക്കാത്തതും ഊനമോ കളങ്കമോ പറ്റാത്തതും പൊളിയോ കളിയോ അല്ലാത്തതുമായ പരിപൂർണ്ണ വിശ്വാസമാകുന്ന സദ്വചനം, മുരടു ഭൂമിയിൽ ഉറച്ചിരിക്കുന്നതും ശാഖകൾ വ്യന്മാർഗ്ഗേ വ്യാപിച്ചിരിക്കുന്നതും അഫലത്വം ബാധിക്കാതെ സർവ്വത്തുക്കളിലും ഫലം നല്കുന്നതുമായ ശുഭവൃക്ഷത്തോടു സദൃശമാകുന്നു"(14:25,26). ഇവിടെ ദൈവം സദ്വിശ്വാസ വചനത്തെ നിത്യഫലദായകമായ ശുഭവൃക്ഷത്തോട് ഉപമിച്ചു കൊണ്ടു അതിനു മൂന്നു ലക്ഷണങ്ങൾ നിർദ്ദേശിച്ചിരിക്കുകയാണ്. (1) വിശ്വാസവചനത്തിന്റെ തത്ത്വമാകുന്ന മുരടു മനുഷ്യഹൃദയമാകുന്ന ഭൂമിയിൽ ഉറച്ചിരിക്കണം. മറ്റൊരു പ്രകാരത്തിൽ വിശ്വാസ ധർമ്മത്തിന്റെ തത്ത്വത്തെയും പരമാർത്ഥതയെയും മനുഷ്യന്റെ പ്രകൃതിയും അവന്റെ അന്തഃകരണവും നിസ്സന്ദേഹം ബോധിക്കേണ്ടതാണ്. (2) അതിന്റെ ശാഖകൾ ആകാശത്തിൽ വ്യാപിച്ചിരിക്കേണ്ടതുമാണ്. അതായത്, ആ വിശ്വാസ സംഹിതയുടെ പരമാർത്ഥതയെ യുക്തിന്യായങ്ങൾ സാക്ഷീകരിക്കുകയും ദിവ്യമായ പ്രകൃതിനിയമങ്ങൾ അനുകൂലിക്കുകയും വേണം. വാചകാന്തരേണ പറയുന്നതായാൽ, അതിന്റെ പരമാർത്ഥത്തെ സ്ഥാപിക്കുന്നതിന് പ്രകൃതിയിൽനിന്നു അനുമാനിക്കാവുന്ന തെളിവുകൾ ഖണ്ഡനാതീതമായിരിക്കുമാറ് അത്രയും ഉപരിയായിരിക്കേണ്ടതാണ്. (3) അത് ആസ്വാദ്യങ്ങളായ സൽഫലങ്ങൾ കാലഭേദമന്യേ നല്കിക്കൊണ്ടിരിക്കേണ്ടതുമാണ്. അതായത്, ആ വിശ്വാസാനുഷ്ഠാനം മൂലം അതിന്റെ സ്വാധീനശക്തിയും അനുഗ്രഹഫലവും എക്കാലത്തും അനുഭവഗോചരമാകേണ്ടതും ആ വരപ്രസാദങ്ങൾ ഒരു ക്ലിപ്ത കാലത്തോളം വെളിപ്പെട്ടതിനുശേഷം അവസാനിച്ചുപോകാതിരിക്കേണ്ടതും ആവശ്യമാണ്. വീണ്ടും വിശുദ്ധഖുർആൻ പറയുന്നു:

وَمَثَلُ كَلِمَةٍ خَبِيْثَةٍ كَشَجَرَةٍ خَبِيْثَةِ ٍۨاجْتُثَّتْ مِنْ فَوْقِ الْاَرْضِ
مَا لَهَا مِنْ قَرَارٍ ﴿٢٧﴾

“മിഥ്യാവചനം, ഭൂമിയുടെ ഉപരിതലത്തിൽനിന്നു പിഴുതെടുക്കപ്പെട്ടതും (അതായത് മനുഷ്യന്റെ പ്രകൃതിയും അന്തഃകരണവും നിരാകരിക്കുന്നതും) ഒരു പ്രകാരത്തിലും അടിയുറപ്പില്ലാത്തതും (അതായത്, പ്രകൃതി നിയമങ്ങളും യുക്തി ന്യായങ്ങളും അനുകൂലിക്കാത്ത മിഥ്യാകഥയെപ്പോലുള്ളതും) ആയ ദുർവൃക്ഷത്തോടു സദൃശമാകുന്നു.(14:27)

വിശുദ്ധഖുർആൻ, വിശ്വാസവചനങ്ങളെ അഥവാ ധർമ്മവചനങ്ങളെ മാതളം, മുന്തിരങ്ങ തുടങ്ങിയ സ്വാദിഷ്ഠങ്ങളായ ഫലങ്ങൾ കായ്ക്കുന്ന തരുലതാദികളോടു സാദൃശ്യപ്പെടുത്തിക്കൊണ്ട് ഐഹിക ജീവിതത്തിലെ ആത്മീയാനുഭവങ്ങൾ പരലോകത്തിൽ പ്രസ്തുത ഫലവർഗ്ഗങ്ങളുടെ രൂപത്തിൽ പ്രത്യക്ഷീഭവിക്കുന്നതാണെന്നു ഉദ്ബോധിപ്പിച്ചിരിക്കുന്ന പ്രകാരംതന്നെ അവിശ്വാസമാകുന്ന ദുഷ്ടവൃക്ഷത്തെ ‘സഖ്ഖൂം’ എന്ന പേരിൽ വ്യവഹരിച്ചുകൊണ്ട് അതിന്റെ തിക്തഫലത്തെ വ്യക്തമാക്കിയിരിക്കുകയാണ്. ആ പവിത്രഗ്രന്ഥം പറയുന്നതു കാണുക:

أَذَٰلِكَ خَيْرٌ نُّزُلًا أَمْ شَجَرَةُ الزَّقُّومِ ﴿٦٣﴾ إِنَّا جَعَلْنَاهَا فِتْنَةً لِّلظَّالِمِينَ ﴿٦٤﴾
إِنَّهَا شَجَرَةٌ تَخْرُجُ فِي أَصْلِ الْجَحِيمِ ﴿٦٥﴾ طَلْعُهَا كَأَنَّهُ
رُءُوسُ الشَّيَاطِينِ ﴿٦٦﴾

“സ്വർഗ്ഗത്തിലെ ആരാമങ്ങളോ അതോ ‘സഖ്ഖൂം’ വൃക്ഷമോ ഉത്തമമായത്? നിശ്ചയമായും നാം അതിനെ ദുഷ്ടന്മാർക്ക് ഒരു പീഡയാക്കിയിരിക്കുന്നു; അത് നരകത്തിന്റെ മുരടിൽനിന്നു തഴച്ചു വരുന്നതാകുന്നു. (അതായത്, നരകത്തിന്റെ മുരടാകുന്ന അഹംഭാവത്തിൽനിന്നു കിളിച്ചു വരുന്നതാണത്); അതിന്റെ കായ്കൾ ശയ്ത്വാന്മാരുടെ തലകൾ പോലെയാകുന്നു”(37:63-66). ‘ശയ്ത്ത്വ്’ എന്ന വാക്കിൽനിന്നുത്ഭവിച്ച ശയ്ത്വാൻ എന്ന പദത്തിന്റെ അർത്ഥം ‘നാശമടയുന്നവൻ’ എന്നാണ്. ഇവിടെ ഈ പദപ്രയോഗംകൊണ്ട് വിവക്ഷിതമാക്കപ്പെട്ടിരിക്കുന്നത് പ്രസ്തുത വൃക്ഷത്തിന്റെ ഫലം ഭുജിക്കുക എന്നത് നാശഹേതുകമാണെന്നത്രെ. വീണ്ടും വിശുദ്ധ ഖുർആൻ പറയുകയാണ്:

إِنَّ شَجَرَتَ الزَّقُّومِ ﴿٤٣﴾ طَعَامُ الْأَثِيمِ ﴿٤٤﴾ كَالْمُهْلِ يَغْلِي فِي الْبُطُونِ ﴿٤٥﴾
كَغَلْيِ الْحَمِيمِ ﴿٤٦﴾ .... ذُقْ إِنَّكَ أَنتَ الْعَزِيزُ الْكَرِيمُ ﴿٤٩﴾

നിശ്ചയമായും, 'സഖൂം' വൃക്ഷമെന്നാൽ ബോധപൂർവ്വം പാപകരമായ ജീവിതം നയിച്ചുപോന്ന നരകാവകാശികളുടെ ഭോജനമാകുന്നു; അത് ഉരുകിയ ചെമ്പുപോലെയുള്ളതും കാച്ചവെള്ളം തിളക്കുന്നതു പോലെ അവരുടെ ഉദരങ്ങളിൽ കിടന്നു പതച്ചു കൊണ്ടിരിക്കുന്നതുമാണ്. നരകപ്പാപിയെ സംബോധന ചെയ്ത് പ്രസ്തുത ദൈവവചനം തുടരുന്നു: "ഈ വൃക്ഷഫലത്തെ ആസ്വദിക്കുക! നീ അന്തസ്സുള്ളവനും മാനമുള്ളവനുമല്ലോ! (44:44,47,50) ഈ ഒടുവിലത്തെ വാക്യം ക്രോധസൂചകമാകുന്നു. നരകാവകാശിയായിത്തീരുന്ന ആ പാപി അഹംഭാവം കാട്ടാതിരിക്കുകയും തന്റെ അന്തസ്സും മാന്യതയും വിചാരിച്ച് സത്യത്തിന്റെ നേർക്ക് വൈമുഖ്യം പ്രദർശിപ്പിക്കാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അവന് ഈ തിക്തഫലം അനുഭവിക്കേണ്ടതിനോ കഷ്ടം സഹിക്കേണ്ടതിനോ ഇടവരുമായിരുന്നില്ല എന്നാണ് പ്രസ്തുത വാക്യം മനസ്സിലാക്കിത്തരുന്നത്. '**സഖൂം**' എന്ന വാക്ക് '**സുഖ്**' എന്നും '**അം**' എന്നും രണ്ടു പദാംശങ്ങൾ ചേർന്നുണ്ടായതാണെന്ന സൂചന കൂടി ഈ ഒടുവിലത്തെ വാക്യത്തിലടങ്ങിയിട്ടുണ്ട്. ആദ്യംശമായ '**സുഖ്**' എന്നതിന്റെ അർത്ഥം നീ ആസ്വദിക്കുക എന്നാണ്. മറ്റേ അംശമായ '**അം**' എന്നത് إِنَّكَ أَنتَ الْعَزِيزُ الْكَرِيمُ (ഇന്നക്ക അൻതൽഅസീസുൽകരീം) എന്ന വാക്യത്തിലെ ആദ്യാക്ഷരവും അന്ത്യാക്ഷരവും ചേർന്നുള്ള ചുരുക്കെഴുത്താകുന്നു '**സഖൂം**' എന്നതിൽ '**സാൽ**' എന്ന അക്ഷരം പ്രയോഗാധിക്യത്താൽ '**സാഅ്**' എന്നായി മാറിപ്പോയിരിക്കുകയാണ്.

ചുരുക്കത്തിൽ, ഈ ലോകത്തിൽ പ്രദർശിക്കപ്പെടുന്ന വിശ്വാസവചനങ്ങളെ സ്വർഗ്ഗീയ വൃക്ഷങ്ങളോടെന്നപോലെ ഈ ലോകത്തിലെ അവിശ്വാസവചനത്തെ നരകത്തിലെ സഖൂം വൃക്ഷത്തോടും ഉപമിച്ചു കൊണ്ട് സ്വർഗ്ഗീയവും നാരകീയവുമായ ജീവിതത്തിന്റെ അടിസ്ഥാനവും ആരംഭവും ഈ ലോകത്തിൽ തന്നെയായിരിക്കുമെന്നതാണെന്നു ദൈവം വെളിപ്പെടുത്തിത്തന്നിരിക്കുന്നു. നരകത്തെ പരാമർശിച്ചു വിശുദ്ധഖുർആൻ പറയുന്നതിങ്ങ

നെയാണ്: نَارُ اللّٰهِ الْمُوْقَدَةُ ۝ الَّتِيْ تَطَّلِعُ عَلَى الْاَفْـِٕدَةِ ۝ "നരകം ദൈവക്രോധത്തിൽനിന്നുത്ഭവിക്കുന്ന അഗ്നിയാകുന്നു. അത് പാപംകൊണ്ടു കത്തിയാളുന്നു; അതിന്റെ നാളങ്ങൾ ആദ്യമായി ഹൃദയങ്ങളിന്മേൽ വ്യാപിക്കുന്നു" (104:7,8). ഈ വിശുദ്ധവചനം സൂചിപ്പിക്കുന്നത്, നരകാഗ്നിയുടെ മുരട് ഹൃദയങ്ങളെ ദണ്ഡിപ്പിക്കുന്ന ദുഃഖവും ആധിയും ക്ലേശവും ആകുന്നുവെന്നാണ്. എന്തുകൊണ്ടെന്നാൽ, ആത്മീയ പീഡകളെല്ലാം ആദ്യമായി ഹൃദയത്തെയാണ് പിടികൂടുക. അനന്തരം, അത് ശരീരമാസകലം വ്യാപിക്കുമാറാകുന്നു. വീണ്ടും നരകാഗ്നിയെക്കുറിച്ചു വിശുദ്ധ ഖുർആൻ മറ്റൊരിടത്തു പറയുകയാണ്: وَقُوْدُهَا النَّاسُ وَالْحِجَارَةُ "നരകാഗ്നി ജ്വലിച്ചു കൊണ്ടിരിക്കുന്നതിനുള്ള വിറക് രണ്ടുതരം വസ്തുക്കളാകുന്നു. ഒന്ന്, സാക്ഷാൽ ആരാധനാപാത്രമായ ദൈവത്തെ വിട്ട് സൃഷ്ടവസ്തുക്കളെ വണങ്ങുന്നവരോ, തങ്ങളെത്തന്നെ ആരാധിച്ചുകൊള്ളുന്നതിന് അനുമതി നല്കിയവരോ ആയ മനുഷ്യർ"(2:25). ഇത്തരക്കാരെ കുറിച്ചു ഖുർആൻ മറ്റൊരിടത്ത് ഇപ്രകാരം പറഞ്ഞിരിക്കുന്നു.

اِنَّكُمْ وَمَا تَعْبُدُوْنَ مِنْ دُوْنِ اللّٰهِ حَصَبُ جَهَنَّمَ "നിങ്ങളും സൃഷ്ടികളായിരിക്കേ ദൈവത്വം വാദിച്ചവരും നരകത്തിൽ തള്ളപ്പെടുന്നവരാകുന്നു(21:99). നരകത്തിലെ വിറകായിരിക്കുന്ന രണ്ടാമത്തെ വസ്തു വിഗ്രഹങ്ങളത്രേ. ഇന്ധനമായിരിക്കുന്ന ഈ വസ്തുക്കളില്ലായിരുന്നുവെങ്കിൽ നരകവുമുണ്ടാകുമായിരുന്നില്ലെന്നു താൽപര്യം. സ്വർഗ്ഗവും നരകവും ഈ ജഡലോകത്തെപ്പോലെ ഭൂതാത്മകമല്ലെന്നും അവ രണ്ടിന്റെയും ഉത്ഭവം ആദ്ധ്യാത്മിക കാര്യങ്ങളിൽനിന്നാണെന്നുമത്രെ വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതെന്നു പ്രസ്തുത വാക്യങ്ങൾകൊണ്ടു സ്പഷ്ടമാകുന്നുണ്ട്. സ്വർഗ്ഗീയാനുഗ്രഹങ്ങളും നാരകീയ പീഡനങ്ങളും പരലോകത്ത് ജഢീഭവിക്കുന്നതായിരിക്കുമെങ്കിലും അവ ഈ ജഡലോകത്തിൽ നിന്നുള്ളവയായിരിക്കുകയില്ല.

ഇനി നമുക്ക് പ്രകൃതവിഷയത്തിലേക്കുതന്നെ തിരിയാം. ദൈവത്തിൽ പരിപൂർണ്ണമായ ആത്മൈക്യം പ്രാപിക്കുന്നതിന് വിശുദ്ധ ഖുർആൻ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗം, 'ഇസ്ലാം' എന്ന പദം സൂചിപ്പിക്കുന്ന തരത്തിലുള്ള പരിപൂർണ്ണാനുസരണവും 'ഫാത്തിഹാ' പ്രാർത്ഥനയുമാണ്. അതായത്, ജീവിത സർവ്വവും

ദൈവമാർഗ്ഗത്തിൽ സമർപ്പിച്ചുകൊണ്ട് തികച്ചും ദൈവേഷ്ടത്തിന് കീഴ്‌വണങ്ങുകയും ഖുർആനിലെ പ്രഥമാദ്ധ്യായമായ ഫാത്തിഹാ എന്ന പ്രാർത്ഥന നിരന്തരം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക. അന്യൂനമായ ഈ അനുസരണവും ഫാത്തിഹാ പ്രാർത്ഥനയുമാണ് ഇസ്‌ലാം ധർമ്മത്തിന്റെ കാതൽ. ദൈവത്തിൽ എത്തിച്ചേരുന്നതിനും സാക്ഷാൽ മോക്ഷം പ്രാപിക്കുന്നതിനുമുള്ള അത്യുൽക്കൃഷ്ടമായ മാർഗ്ഗമിതാണ്. ഇതുതന്നെയാണ് ആദ്ധ്യാത്മികമായ പരമോന്നത സ്ഥാനവും ദൈവൈക്യവും സാധിക്കുന്നതിന് പ്രകൃതി നിർദ്ദിഷ്ടമായ ഏകമാർഗ്ഗവും. തൻമൂലം 'ഇസ്‌ലാം' ശബ്ദം സൂചിപ്പിക്കുന്ന അഗ്നിമയമായ ആത്മീയമാർഗ്ഗത്തിൽ പൂർണ്ണമായും പ്രവേശിക്കുകയും ഫാത്തിഹാ പ്രാർത്ഥന നിരന്തരം അനുഷ്ഠിക്കുകയും ചെയ്യുന്നവരാണ് ഇസ്‌ലാമിനെ സാക്ഷാൽക്കരിക്കുന്നത്. ഇങ്ങനെ, ഇസ്‌ലാം എന്നാൽ വിഷയാസക്തിയോടുകൂടിയ താഴ്ന്ന ജീവിതത്തെ ദഹിപ്പിച്ചു കളയുകയും സങ്കല്പമാത്രങ്ങളായ കൃത്രിമദൈവങ്ങളെയെല്ലാം ഭസ്മീകരിച്ചു നമ്മുടെ ജീവനും സമ്പത്തും അഭിമാനവുമെല്ലാം ബലിയർപ്പിക്കുമാറാക്കുകയും ചെയ്യുന്ന ഒരഗ്നിയാണെന്നു പറയാം. ഈ ആത്മീയ നിർഝരത്തിൽ ഇറങ്ങി നവ്യജീവിതമാകുന്ന തീർത്ഥം നുകരുന്നതുമൂലം നമ്മുടെ ആത്മീയങ്ങളായ സകല ശക്തികളും ചങ്ങലയിലെ കണ്ണികൾ കണക്കെ ദൈവവുമായി ബന്ധിക്കപ്പെടുമാറാകുന്നു. മിന്നൽപിണറിനു തുല്യമായ ഒരഗ്നി നമ്മുടെ അന്തർഭാഗത്തുനിന്നു പുറപ്പെടുകയും മറ്റൊരു അഗ്നി മുകളിൽനിന്നു ഇറങ്ങി വരുകയും ചെയ്യുന്നു. ഈ രണ്ടു ജ്വാലകളുടെയും സമ്മേളനത്താൽ നമ്മുടെ വിഷയേച്ഛകളും ദൈവേതരവസ്തുക്കളിലുള്ള സ്നേഹവുമെല്ലാം ഭസ്മീഭവിക്കുമാറാകുന്നു. അതോടെ നമ്മുടെ അതുവരെയുണ്ടായിരുന്ന ജീവിത സമ്പ്രദായത്തിനു മൃത്യു സംഭവിക്കുന്നു. ഈയൊരവസ്ഥയാണ് വിശുദ്ധഖുർആൻ 'ഇസ്‌ലാം' എന്ന പദംകൊണ്ട് വിവക്ഷിതമാക്കുന്നത്. 'ഇസ്‌ലാം' എന്ന പരിപൂർണ്ണമായ കീഴ്‌വണക്കം മുഖാന്തരം നമ്മുടെ വിഷയേച്ഛകൾക്ക് ഒരു മരണം ഉണ്ടായിത്തീരുകയും അനന്തരം പ്രാർത്ഥന മുഖേന നമുക്ക് ഒരു പുതിയ ജീവൻ ലഭിക്കുകയും ചെയ്യുന്നു. ഈ പുനർജ്ജീവന ഘട്ടത്തിൽ ദൈവത്തിന്റെ ബോധനവും വെളിപാടും ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. ഈ അവസ്ഥ പ്രാപിക്കുന്നതിനാണ് ദൈവദർശനമെന്നു പറയുന്നത്. ഈ അവസ്ഥയിലെത്തുന്ന ഭക്തൻ ദൈവത്തിന്റെ തിരുമുഖം കാണുമാറാ

കുന്നു. മറ്റൊരു പ്രകാരത്തിൽ, തന്റെ സ്വന്തം കണ്ണുകൊണ്ട് ദൈവത്തെ കാണുന്ന പ്രകാരത്തിലുള്ള ദൃഢതരമായ ബന്ധം അയാൾക്ക് ദൈവത്തോടുണ്ടായിത്തീരുന്നു. അപ്പോൾ അയാൾക്ക് ദൈവികമായ ഒരു ശക്തി സിദ്ധിക്കുകയും അയാളുടെ എല്ലാ ഇന്ദ്രിയങ്ങളും ആഭ്യന്തര ശക്തികളും സുശോഭനങ്ങളായി ഭവിക്കുകയും ചെയ്യുന്നു. നിർമ്മലവും പാവനുമായ ജീവിതത്തിന്റെ ഒരു ആകർഷണം ഊർജ്ജസ്വലമായി അയാളിൽ പ്രവർത്തിച്ചു തുടങ്ങുന്നു. ഈ അവസ്ഥയിൽ ദൈവം, തീവ്രഭക്തനായ ആ മനുഷ്യൻ നോക്കുന്ന കണ്ണും സംസാരിക്കുന്ന നാവും കേൾക്കുന്ന ചെവിയും പ്രവർത്തിക്കുന്ന കൈയും നടക്കുന്ന കാലും ആയിത്തീരുന്നു. ഈ അവസ്ഥയെ സൂചിപ്പിച്ചു വിശുദ്ധഖുർആൻ പറയുന്നു:

يَدُاللّٰهِ فَوْقَ اَيْدِيْهِمْ "അവരുടെ കൈകളുടെമേലുള്ള അദ്ദേഹത്തിന്റെ (തിരുനബിയുടെ) കൈ ദൈവത്തിന്റെ തിരുകരമാകുന്നു(48:11). വീണ്ടും പറയുകയാണ്: وَمَا رَمَيْتَ اِذْ رَمَيْتَ وَلٰكِنَّ اللّٰهَ رَمٰى "നീ എന്തൊന്ന് എറിഞ്ഞോ അതു നീയല്ല, ദൈവമത്രേ എറിയുകയുണ്ടായത്"(8:18).

ചുരുക്കത്തിൽ, ഈ ഘട്ടത്തിൽ ഭക്തൻ പൂർണ്ണ നിലയിൽ ദൈവൈക്യം പ്രാപിച്ചിരിക്കുന്നതാണ്. ദൈവത്തിന്റെ അഭീഷ്ടം അയാളുടെ ആത്മാവിനെ ഭരിക്കുകയും ഇച്ഛകളെ സ്വാധീനിക്കുകയും ചെയ്യുമാറാകുന്നു. മുമ്പേ ദുർബലങ്ങളായിരുന്ന ധാർമ്മിക ശക്തികൾ ഈ അവസ്ഥയിൽ ഉറപ്പേറിയ പാറകൾ കണക്കെ സുദൃഢവും സുസ്ഥിരവുമായിത്തീരുന്നു. ഈ പരിവർത്തനത്തോടുകൂടി ബുദ്ധിയും നിർദ്ധാരണശക്തിയും തീക്ഷ്ണതരമായി ഭവിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരു സംസ്കൃതാവസ്ഥയെയാണ് وَاَيَّدَهُمْ بِرُوْحٍ مِّنْهُ 'ദൈവം അവരെ പരിശുദ്ധാത്മാവിനെക്കൊണ്ട് സഹായിച്ചു' എന്ന ദൈവവചനം സൂചിപ്പിക്കുന്നത്. ഈ അവസ്ഥ പ്രാപിക്കുമ്പോൾ ഭക്തന് ദൈവമാർഗ്ഗത്തിൽ ആത്മപരിത്യാഗം ചെയ്യുവാനും അവന്റെ തിരുവുള്ളത്തിനായ്ക്കൊണ്ട് എന്തുതന്നെ ക്ലേശങ്ങളും അപമാനങ്ങളും സഹിക്കുവാനും എളുപ്പമായി തോന്നുമാറുള്ള തരത്തിൽ അയാളുടെ ഹൃദയത്തിൽ ദൈവാനുരാഗം അലയടിച്ചു കൊണ്ടിരിക്കുന്നതാണ്. അയാൾ സ്വയം ആകൃഷ്ടനായി ദൈവസവിധത്തിലേക്ക് പാഞ്ഞടുക്കുന്നുവെങ്കിലും, തന്നെ ഇപ്ര

കാരം ആകർഷിച്ചു കൊണ്ടുപോകുന്നത് ആരെന്നറിയുന്നില്ല. അദൃശ്യമായ ഒരു കരം അയാളെ ദുർഘടാവസ്ഥകളിലെല്ലാം സഹായിച്ചു കൊണ്ടിരിക്കുന്നു. ദൈവേഷ്ടം നിവർത്തിക്കുകയെന്നത് അയാളുടെ ജീവിതാദർശമായിത്തീരുന്നു. ഈ ഘട്ടത്തിൽ അയാൾക്ക് ദൈവം എത്രയും സമീപസ്ഥമായി കാണപ്പെടുന്നു. ഇത് വിഷയകമായി ഭക്തവത്സലനായ ദൈവം ഇങ്ങനെ പറയുന്നു: وَنَحْنُ اَقْرَبُ اِلَيْهِ مِنْ حَبْلِ الْوَرِيْدِ ﴿١٧﴾ "നാം അവന്റെ ജീവനാഡിയേക്കാൾ അധികം അവനോടു അടുത്തു നില്ക്കുന്നു"(50:17). ഈ ഘട്ടത്തിൽ, ഉൽക്കൃഷ്ടപദം പ്രാപിക്കുന്ന ഭക്തന്റെ താഴ്ന്ന ലൗകിക ബന്ധങ്ങളെല്ലാം വൃക്ഷത്തിന്മേൽ നിന്ന് പഴുത്ത് താനേ ഉതിർന്നുപോകുന്ന ഫലങ്ങൾ കണക്കെ വേർപ്പെട്ടുപോകുന്നതാണ്. അയാൾക്ക് ദൈവത്തോട് എത്രയും അഗാധമായ ബന്ധം ഉണ്ടായിത്തീരുകയും അയാൾ സൃഷ്ടികളിൽനിന്നു അകന്നു പോവുകയും ചെയ്യുന്നു. ദൈവത്തിന്റെ സംഭാഷണ സംബോധനാദികളാൽ അയാൾ അനുഗൃഹീതനായി ഭവിക്കുകയും ചെയ്യുന്നു. ഈ ഉൽക്കൃഷ്ട പദപ്രാപ്തിക്കുള്ള കവാടങ്ങൾ പൂർവ്വകാലത്തെന്ന പോലെ ഇപ്പോഴും തുറന്നു കിടക്കുന്നു. കാരുണ്യവാനായ ദൈവം, തന്നെ മനഃപൂർവ്വം അന്വേഷിക്കുന്നവർക്ക് ഈ അനുഗ്രഹം പൂർവ്വകാലത്തു നല്കിയിരുന്ന പ്രകാരം ഇപ്പോഴും പ്രദാനം ചെയ്യുന്നു. എന്നാൽ, ഈ മാർഗ്ഗം വായ് കൊണ്ടുള്ള വ്യർത്ഥ വചനങ്ങളാൽ പ്രാപിക്കാനാവുന്നതല്ല; പൊങ്ങച്ചംകൊണ്ടോ മിഥ്യാസംവാദം കൊണ്ടോ ഈ വാതിൽ തുറന്നു കിട്ടുന്നതുമല്ല. അതിനെ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവർ അസംഖ്യമാണെങ്കിലും കാര്യം സാധിക്കുന്നവർ തുച്ഛമത്രെ. എന്തുകൊണ്ടെന്നാൽ, ഈ സ്ഥാനം നിർവ്യാജമായ ശ്രദ്ധയും യഥാർത്ഥമായ പരിശ്രമവും ആത്മാർത്ഥമായ ത്യാഗവും മൂലമല്ലാതെ ലഭ്യമാകുന്നതല്ല. എത്രതന്നെ വാഗ്വ്യയം ചെയ്താലും അത് ഈ മാർഗ്ഗത്തിൽ പ്രയോജനരഹിതമാകുന്നു. ഏതൊരു അഗ്നിയെ ഭയന്ന് ലൗകികന്മാർ ഓടിപ്പോകുന്നുവോ ആ അഗ്നിയിൽ ആത്മാർത്ഥതയോടും, അചഞ്ചലതയോടും കാലു വെച്ചു നടക്കേണ്ടത് ഈ മാർഗ്ഗം പ്രാപിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. യഥാർത്ഥമായ പരിശ്രമം കൂടാതെയുള്ള വെറും വായ് വാക്കുകൾ വ്യർത്ഥമത്രെ. ദൈവം വിശുദ്ധഖുർആനിൽ പറയുകയാണ്:

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ ۖ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي

"എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്നതായാൽ, നിശ്ചയമായും ഞാൻ വളരെ അടുത്തുള്ളവനാണെന്ന് അവരോട് പറയുക; പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥന ഞാൻ കേൾക്കുന്നു. തൻനിമിത്തം അവർ വിജയിക്കുന്നതിനായിട്ട് പ്രാർത്ഥനകൾ വഴിയായി എന്റെ സാമീപ്യവും സായൂജ്യവും തേടുകയും എന്നിൽ ആത്മാർത്ഥമായി വിശ്വസിക്കുകയും ചെയ്തു കൊള്ളട്ടെ"(2:186).

# മരണാനന്തര ജീവിതം

മരണ ശേഷം മനുഷ്യന്റെ അവസ്ഥയെന്തായിരിക്കും എന്നതാണ് രണ്ടാമത്തെ പ്രശ്നം. എന്നാൽ, മരണാനന്തരസ്ഥിതി കേവലം നവ്യമായ ഒരവസ്ഥയല്ല; അതു യഥാർത്ഥത്തിൽ ഐഹിക ജീവിതത്തിലെ നമ്മുടെ ആത്മീയ സ്ഥിതിയുടെ സംപൂർണ്ണവും സംസ്ഫുടവുമായ പ്രതിഫലനമാകുന്നു. ഇഹത്തിൽ മനുഷ്യന്റെ മതവിശ്വാസങ്ങളുടെയും കർമ്മങ്ങളുടെയും ശുഭാശുഭസ്ഥിതികൾ അവനിൽ ഗോപ്യമായിരിക്കുകയും അവയുടെ ഗുണകരമോ ദോഷകരമോ ആയ സ്വാധീനഫലം അവനിൽ നിഗൂഢമായി പ്രവർത്തിക്കുകയും ചെയ്യുന്നു. പരലോകത്താകട്ടെ അവയെല്ലാം പ്രത്യക്ഷഗോചരമായിരിക്കുന്നതാണ്. ഇതിലേക്ക് സ്വപ്നാവസ്ഥയിൽ നമുക്ക് ദൃഷ്ടാന്തം കാണാം. മനുഷ്യന്റെ ദേഹക്കൂറുകളിൽ ഏതൊന്നു മൂർച്ഛിക്കുന്നുവോ അതിനനുസരിച്ചുള്ള ശാരീരികസ്ഥിതി അവന് സ്വപ്നത്തിൽ വെളിപ്പെടാറുണ്ട്. കഠിനമായ പനി ബാധിക്കാൻ പോകുമ്പോൾ അഗ്നിയോ അഗ്നിജ്വാലയോ ദൃശ്യമാകാം. കഫജ്വരമോ ജലദോഷമോ ഉണ്ടാകുമ്പോൾ തന്നത്താൻ വെള്ളത്തിലകപ്പെട്ടിരിക്കുന്നതായി കാണാവുന്നതാണ്. ചുരുക്കത്തിൽ, ഏതുതരം രോഗത്തിനുള്ള മാറ്റം ദേഹപ്രകൃതിയിൽ ഉണ്ടായിവരുന്നുവോ അതിന്നനുസരിച്ച സ്ഥിതി ഉപമാരൂപേണ സ്വപ്നത്തിൽ കാണുമാറാകുന്നു. ഇപ്രകാരം ആഭ്യന്തര സ്ഥിതിയെ പ്രത്യക്ഷത്തിൽ കാണിച്ചു തരുന്ന ഈ സ്വപ്നാവസ്ഥയെക്കുറിച്ചു ചിന്തിക്കുന്നതായാൽ, ഏതാണ്ട് ഇതേതരത്തിലുള്ള അവസ്ഥയാണ് പാരത്രിക ജീവിത

ത്തിൽ വെളിപ്പെടുക എന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. സ്വപ്നം നമ്മിൽ പ്രത്യേക തരത്തിലുള്ള ഒരു മാറ്റം വരുത്തി ത്തീർത്തുകൊണ്ട് ആന്തരീകമായ ആത്മസ്ഥിതികളെ ജഢരൂപ ത്തിൽ കാണിച്ചു തരുന്നു. അപ്രകാരം ഐഹിക ജീവിതത്തിലെ നമ്മുടെ ആത്മീയാവസ്ഥ പരലോകത്ത് പ്രത്യക്ഷ ഗോചരമായിരി ക്കുന്നതാണ്. അതായത്, നമ്മുടെ കർമ്മങ്ങളും കർമ്മഫലങ്ങളും അവിടെ സാകാരം പ്രത്യക്ഷപ്പെടുന്നതായിരിക്കും. ഇങ്ങനെ, ഈ ലോകത്ത് പരോക്ഷമായി സ്ഥിതി ചെയ്തിരുന്ന നമ്മുടെ ആത്മീയ സമ്പാദ്യങ്ങളെല്ലാം മറു ലോകത്ത് നമുക്ക് പ്രത്യക്ഷ സിദ്ധമായിരി ക്കുന്നതാണ്. സ്വപ്നത്തിൽ ദൃശ്യമാകുന്ന വിവിധ തരത്തിലുള്ള കാഴ്ചകൾ കേവലം ഭാവനാ രൂപങ്ങളായിട്ടല്ല, സാക്ഷാൽ വസ്തു തകളായിട്ടുതന്നെ ആർക്കും ബോധപ്പെടുന്നുവല്ലോ. അതേപ്രകാ രം, പരലോകത്തിൽ ആത്മീയകാര്യങ്ങളെല്ലാം രൂപധാരണം നിമിത്തം പ്രത്യക്ഷവും അനുഭവഗോചരവുമായിത്തീരുന്നതാണ്. എന്നല്ല ആത്മീയഭാവങ്ങളുടെ സാകാരമായ ഈ ആവിഷ്കരണം മുഖേന സർവ്വശക്തനായ ദൈവം തന്റെ ശക്തിമാഹാത്മ്യം നൂതന രൂപത്തിൽ പ്രകടിപ്പിക്കുമാറാക്കുന്നു. ഇതിനു ഉപമാലോകമെന്ന ല്ല, ദൈവത്തിന്റെ അപാരശക്തിയിൽനിന്നുള്ള നൂതനമായ ഒരു സൃഷ്ടി പ്രപഞ്ചം എന്നു പറയുന്നതാണ് യഥാർത്ഥവും വാസ്തവ വുമായിരിക്കുക.

പരലോകത്തെ ഈ അനുഭവങ്ങളെക്കുറിച്ചു വിശുദ്ധഖുർആൻ പറയുന്നു: فَلَا تَعْلَمُ نَفْسٌ مَّآ أُخْفِيَ لَهُم مِّن قُرَّةِ أَعْيُنٍ "സച്ചരിതരായ ഭക്തജനത്തിനുവേണ്ടി ഗോപ്യമായിവെക്കപ്പെട്ടിരിക്കുന്ന അനുഗ്ര ഹങ്ങൾ എന്തൊക്കെയാണെന്നു ഒരാത്മാവും അറിയുന്നില്ല"(32:18). ഈ ദൈവവാക്യം മനസ്സിലാക്കിത്തരുന്നത്, ഭക്ത ജനത്തിനു പര ലോകത്ത് ലഭ്യമാകുന്ന ദിവ്യാനുഗ്രഹങ്ങൾ ആർക്കും പരിചിതമ ല്ലാത്തതും രഹസ്യമാക്കിവെക്കപ്പെട്ടിരിക്കുന്നതും അങ്ങനെ ഈ ലോകത്തെ ഭൗതികവിഭവങ്ങളോടു തുല്യതയില്ലാത്തതുമായിരിക്കു മെന്നാകുന്നു. എന്നാൽ, ഈ ലോകത്തെ അനുഗ്രഹകരങ്ങളായ ഭോഗ്യവസ്തുക്കളാകട്ടെ, നമ്മൾക്ക് അജ്ഞാനങ്ങളല്ലല്ലോ. മാതളം, മുന്തിരിങ്ങ, ക്ഷീരം മുതലായ ഭൗതിക വിഭവങ്ങൾ നാം പലപ്പോഴും അനുഭവിച്ചിട്ടുള്ളവയുമാണ്. അതിനാൽ, അവ ഗോപ്യമായിവെക്ക പ്പെട്ടിരിക്കുന്ന സ്വർഗ്ഗീയാനുഗ്രഹങ്ങളിൽ ഉൾപ്പെടാവുന്നതല്ലെന്നത്

നിശ്ചയം. അവയ്ക്ക് സ്വർഗ്ഗീയ വിഭവങ്ങളോട് നാമധേയങ്ങളില ല്ലാതെ മറ്റൊരു സാദൃശ്യവുമില്ല. തന്മൂലം, സ്വർഗ്ഗം ഭൗതികാനുഗ്ര ഹങ്ങളുടെ സങ്കേതമാണെന്നു മനസ്സിലാക്കിയിരിക്കുന്നവരാരും വിശുദ്ധ ഖുർആൻ ലേശവും ഗ്രഹിച്ചില്ലെന്നു വേണം പറയാൻ. മേലുദ്ധരിച്ച ഖുർആൻ വാക്യത്തിന്റെ വ്യാഖ്യാനമായി നമ്മുടെ നബിനായകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനി അരുൾചെയ്തിരിക്കുന്നത്, സ്വർഗ്ഗവും അതിലെ അനുഗ്രഹങ്ങളും ഒരു കണ്ണും കാണുകയോ ഒരു കാതും കേൾക്കുകയോ ഒരു ഹൃദ യവും ഗ്രഹിക്കുകയോ ചെയ്തിട്ടില്ലാത്തവയാണെന്നാകുന്നു. ഭൗതി കാനുഗ്രഹങ്ങളാകട്ടെ ദൃഷ്ടിക്ക് ഗോചരമാവുകയും കർണ്ണേന്ദ്രിയ ത്തിന് വിഷയീഭവിക്കുകയും ഹൃദയേന്ദ്രിയത്തിന് രൂപപ്പെടുകയും ചെയ്യുന്നവയാണു താനും. സർവ്വജ്ഞനായ ദൈവവും അവന്റെ തിരുദൂതനും സ്വർഗ്ഗത്തിലെ വിഭവങ്ങൾ ഇന്ദ്രിയാതീതങ്ങളാണെന്നു സ്പഷ്ടമായും പറഞ്ഞിരിക്കേ പശുക്കളെയോ എരുമകളെയോ കറ ന്നെടുത്തു ഉപയോഗിക്കുന്നതായ പയസ്സ് സ്വർഗ്ഗത്തിൽ നദികളായി ഒഴുക്കുന്നതായിരിക്കുമെന്നു വിശ്വസിക്കുന്ന പക്ഷം നാം വിശുദ്ധ ഖുർആനിൽ നിന്നു അകന്നു പോവുകയേയുള്ളൂ. സ്വർഗ്ഗത്തിലെ ആ അനുഗ്രഹങ്ങൾ ഭൗതികവിഭവങ്ങളോടു കൂടിയവയായിരിക്കു മെങ്കിൽ അവിടെ എണ്ണമറ്റ കറവുമൃഗങ്ങളും വൃക്ഷങ്ങളിന്മേൽ അസംഖ്യം മധു കോശങ്ങളും ഉണ്ടായിരിക്കുമെന്നും ദൈവകിങ്ക രന്മാരായ നിരവധി മലക്കുകൾ പാലും തേനും ശേഖരിച്ചു നദീന ദങ്ങളിൽ ഒഴിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുമെന്നും വിശ്വസി ക്കേണ്ടിവരും. സ്വർഗ്ഗീയ വിഭവങ്ങൾ ഈ ലോകത്തിനു പരിചിത ങ്ങളല്ലെന്നു പ്രസ്താവിക്കുന്ന വചനങ്ങളടങ്ങിയ വിശുദ്ധഖുർ ആന്റെ അദ്ധ്യാപനത്തിനു അനുയോജ്യമാണോ അത്തരം വിശ്വാസം! ആ അനുഗ്രഹങ്ങൾ ആത്മാവിനെ ശോഭനമാക്കുകയും ദൈവജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യുന്ന ആത്മഭോജനമാണെ ന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. എന്നാൽ, ഈ സ്വർഗ്ഗാനുഗ്രഹ ങ്ങൾ ഭൗതിക വസ്തുക്കളാണെന്നപോലെ സാദൃശ്യരൂപത്തിൽ ഖുർആനിൽ വിവരിക്കപ്പെട്ടു കാണാമെങ്കിലും കൂടെത്തന്നെ അവ യുടെ ഉത്ഭവം ആദ്ധ്യാത്മികതയിലും ധാർമ്മികതയിലും നിന്നാ ണെന്നും പ്രസ്താവിക്കപ്പെട്ടിട്ടുമുണ്ട്.

സ്വർഗ്ഗത്തിൽവച്ചു നല്കപ്പെടുന്ന അനുഗ്രഹങ്ങൾ അനുഭവി

ക്കുമ്പോൾ, അവ മുമ്പേയും തങ്ങൾക്ക് ലഭിച്ചിട്ടുള്ളതായി ഭക്തജനം പറയുമെന്നു താഴെ ഉദ്ധരിക്കുന്ന ഖുർആൻ വാക്യത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതിൽനിന്ന് അവ ഭൗതിക വിഭവങ്ങളാണെന്ന് ധരിക്കാവുന്നതല്ല. അതിപ്രകാരമാണ്:

وَبَشِّرِ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ أَنَّ لَهُمْ جَنَّاتٍ تَجْرِي مِنْ تَحْتِهَا الْأَنْهَارُ ۖ
كُلَّمَا رُزِقُوا مِنْهَا مِنْ ثَمَرَةٍ رِزْقًا ۙ قَالُوا هَٰذَا الَّذِي رُزِقْنَا مِنْ قَبْلُ ۖ وَأُتُوا بِهِ
مُتَشَابِهًا ۖ

"നിർവ്യാജം വിശ്വസിക്കുകയും അന്യൂനമായി നന്മ പ്രവർത്തിക്കുകയും ചെയ്തവരെ താഴ്ഭാഗം ആറുകളൊഴുകുന്ന ആരാമങ്ങൾക്ക് തങ്ങൾ അവകാശികളായിരിക്കുമെന്നുള്ള ശുഭവാർത്ത ധരിപ്പിക്കുക; അവയിൽനിന്നുള്ള ഫലങ്ങൾ അവിടെവച്ചു അവർക്കു നല്കപ്പെടുമ്പൊഴൊക്കെ, 'ഈ ഫലങ്ങൾ മുമ്പേ ഞങ്ങൾക്ക് നല്കപ്പെട്ടിട്ടുള്ളവയാണല്ലോ' എന്നു അവർ പറയുന്നതായിരിക്കും. (എന്തെന്നാൽ, മുൻജീവിതത്തിൽ അനുഭവിച്ചിട്ടുള്ള ഫലങ്ങളോടു) സാദൃശ്യമുള്ളത് അവർക്ക് നല്കപ്പെടുന്നു"(2:26). ഭക്തജനം മുമ്പേ ഈ ലോകത്തിൽ അനുഭവിച്ചിട്ടുള്ളതായി ഇവിടെ പറയപ്പെട്ടിരിക്കുന്ന ഫലങ്ങൾ ഭൗതികവിഭവങ്ങളാണെന്നു വിചാരിക്കുന്നത് തീരെ അബദ്ധവും വാക്യാർത്ഥത്തിന് കടകവിരുദ്ധവുമാകുന്നു. സത്യവിശ്വാസികളായി സൽക്കർമ്മം ചെയ്യുന്ന ഭക്തർ, ധർമ്മവിശ്വാസമാകുന്ന തോപ്പോടും സൽക്കർമ്മങ്ങളാകുന്ന ആറുകളോടും കൂടിയ സ്വർഗ്ഗം തങ്ങൾക്കായി സ്വന്തം കൈകളാൽ നിർമ്മിക്കുകയാണെന്നാകുന്നു പ്രസ്തുത വാക്യം മനസ്സിലാക്കിത്തരുന്നത്. ആ പവിത്രാരാമത്തിലെ ഫലങ്ങൾ അവർ ഈ ലോകത്തുവച്ച് ആസ്വദിക്കുന്നു. അതിലെ ഫലങ്ങൾതന്നെ അവർ പരലേകത്തുവച്ചും അനുഭവിക്കും. എന്നാൽ, അവ എത്രയും മാധുര്യമേറിയ പ്രത്യക്ഷഫലങ്ങളായി രൂപപ്പെടുന്നതായിരിക്കും. ഇങ്ങനെ, ആ ഫലങ്ങൾ, ഐഹിക ജീവിതത്തിൽ ആത്മീയനിലയിൽ ആസ്വദിക്കുന്നതുകൊണ്ട്, പരലോകത്തുവച്ച് അവർക്ക് അവയെ തിരിച്ചറിയാൻ സാധിക്കുകയും, മുൻജീവിതത്തിലെ ആ ഫലങ്ങളോടു സാദൃശ്യമുള്ളവയായി കാണുന്നതിനാൽ ഈ ഫലങ്ങൾ മുമ്പേ ഞങ്ങൾക്ക് നല്കപ്പെട്ടിട്ടുള്ളവയാണല്ലോ എന്നു അവർ പറയുകയും ചെയ്യുന്നതാണ്. ഇങ്ങനെ, ഈ ലോകത്തുവച്ചു ദൈവാനുരാഗവും ദൈവ

പ്രീതിയുമാകുന്ന ആത്മഭോജനം ആസ്വദിക്കുന്നവർക്ക് പരലോകത്തിൽ അതേ ആഹാരം പ്രത്യക്ഷ്യരൂപത്തിൽ നല്കപ്പെടുമെന്നാണ് പ്രസ്തുത ദൈവവാക്യം വ്യക്തമായും പറഞ്ഞു തരുന്നത്. അവർ ഇപ്രകാരം ദൈവപ്രേമവും ദൈവപ്രസാദവും അനുഭവിക്കുകയും അതിന്റെ രുചി അറിയുകയും ചെയ്തിരിക്കുന്നതിനാൽ പരലോകത്തെ സുഖാനുഭവാവസരത്തിൽ, തങ്ങൾക്ക് ഐഹിക ജീവിതത്തിലെ പ്രശാന്തമായ ഏകാന്തതയിലും രാത്രിയിലെ നിശിതാന്ധകാരത്തിലും സാക്ഷാൽ പ്രേമലക്ഷ്യമായ ദൈവത്തിലുള്ള അനുരാഗ പാരവശ്യത്തോടുകൂടിയ ധ്യാനനിഷ്ഠയിൽ സിദ്ധിച്ച ആനന്ദാനുഭൂതിയെ അവർ അനുസ്മരിക്കുന്നതായിരിക്കും. ചുരുക്കിപ്പറയാം, പ്രസ്തുത ആയത്ത് ഈ ലോകത്തിലെ ഭൗതികാനുഗ്രഹങ്ങളെയോ, അനുഭോഗ്യ വിഭവങ്ങളെയോ കുറിച്ചല്ല പ്രസ്താവിക്കുന്നത്.

എന്നാൽ, ദൈവഭക്തർക്ക് ഈ ലോകത്തുവച്ച് ആത്മീയ നിലയിൽ സ്വർഗ്ഗീയാനുഗ്രഹങ്ങൾ അനുഭവപ്പെട്ടിട്ടുണ്ടെങ്കിൽപ്പിന്നെ ആ അനുഗ്രഹങ്ങൾ ഇവിടെ ആരും കാണുകയോ കേൾക്കുകയോ ആരുടെയും ഹൃദയത്തിൽ രൂപപ്പെടുകയോ ചെയ്തിട്ടില്ലാത്തവയാണെന്ന് പ്രസ്താവിക്കപ്പെട്ടിരിക്കുന്നത് ശരിയാകുന്നതെങ്ങനെയെന്നും, ഈ നിലയ്ക്ക് മേലുദ്ധരിച്ച രണ്ട് ആയത്തുകൾക്ക് പരസ്പരം അർത്ഥ വൈരുദ്ധ്യം സംഭവിക്കുന്നില്ലേയെന്നും ഇവിടെ സംശയം ജനിക്കാവുന്നതാണ്. രണ്ടാമത്തെ വാക്യത്തിൽ മുൻജീവിതത്തിൽ നല്കപ്പെട്ടിട്ടുള്ള ഫലങ്ങളെക്കുറിച്ച് പറഞ്ഞതിന്റെ വിവക്ഷിതം ലൗകിക വിഭവങ്ങളാണെന്ന് വരുമ്പോൾ മാത്രമാണ് പരസ്പര വൈരുദ്ധ്യം ഉണ്ടാകുന്നത്. എന്നാൽ, ആ ദൈവവാക്യം വിവക്ഷിതമാക്കുന്നത് ഭൗതികാനുഗ്രഹങ്ങളെയല്ല, ആത്മീയാനുഗ്രഹങ്ങളെയാകുന്നു. അതിനാൽ ഇവിടെ ഒരു അർത്ഥ വൈപരീത്യവുമുണ്ടാകുന്നില്ല. ദൈവജ്ഞാനിയായ യഥാർത്ഥ ഭക്തന് ആത്മീയ നിലയിൽ ഈ ലോകത്തു വെച്ച് ലഭിക്കുന്നതൊക്കെ പരലോക സംബന്ധിയായ അനുഗ്രഹം തന്നെയാണ്. ആ അനുഗ്രഹത്തിന്റെ മാതൃക അവന് പാരത്രികാസക്തി വർദ്ധിപ്പിക്കുന്നതിന് ഈ ലോകത്തുവച്ചുതന്നെ മുൻകൂട്ടി നല്കപ്പെടുന്നതാകുന്നു. ദൈവാനുഭൂതിയുണ്ടായിട്ടുള്ള ഭക്തൻ ഈ ലോകത്തിൽ നിന്നുള്ളവനല്ല. അതുകൊണ്ടാണ് ലോകം അവനെ പകക്കുന്നത്. അവൻ സ്വർഗ്ഗത്തിൽനിന്നുള്ളവനായതി

നാൽ അവന് സ്വർഗ്ഗീയാനുഗ്രഹങ്ങൾ നല്കപ്പെടുന്നു. ലൗകിക നായ മനുഷ്യൻ ഐഹികമായ അനുഗ്രഹ സാധനങ്ങൾ സമ്പാദി ക്കുന്നതുപോലെ സ്വർഗ്ഗീയനായ ദൈവഭക്തൻ സ്വർഗ്ഗീയാനുഗ്ര ഹങ്ങളാൽ സമ്പന്നനായിത്തീരുന്നു. അതിനാൽ സ്വർഗ്ഗത്തിലെ അനുഗ്രഹ വസ്തുക്കൾ കണ്ണുകൾക്കും കാതുകൾക്കും ഹൃദയ ങ്ങൾക്കും അഗോചരവും അപരിചിതവുമാണെന്നത് എത്രയും പര മാർത്ഥമാകുന്നു. എന്നാൽ, ഏതൊരുവന്റെ ഐഹിക ജീവിത ത്തിലെ അനാത്മത്വത്തിന് മൃത്യു സംഭവിക്കുന്നുവോ അവന് പര ലോകത്ത് പ്രത്യക്ഷ സിദ്ധമാകുന്ന പാനകം ഇഹത്തിൽ ആത്മീയ നിലയിൽ കുടിപ്പിക്കപ്പെടുന്നതാണ്. പരലോകത്തുവച്ച് അത് പ്രത്യക്ഷരൂപത്തിൽ നല്കപ്പെടുന്ന അവസരത്തിൽ അവന് ഐഹിക ജീവിതത്തിലുണ്ടായ അതിന്റെ അനുഭവരസം സ്മൃതി യിൽ വരുന്നതായിരിക്കും. ഇത് തനിക്ക് മുൻജീവിതത്തിൽ നല്ക പ്പെട്ടിട്ടുള്ളതാകുന്നു എന്ന് അപ്പോഴാണ് അവൻ പറയുക. എന്നാൽ, ഈ അനുഗ്രഹം ഭൗതികമായ കണ്ണിനും കാതിനും മറ്റിന്ദ്രിയ ങ്ങൾക്കും അഗോചരവും അപരിചിതവുമാണെന്നുള്ള ബോധം അവനുണ്ടായിരിക്കുന്നതുമാണ്. അവൻ ഐഹികനല്ലെങ്കിലും ഈ ലോകത്തുതന്നെ ഉണ്ടായിരുന്നവനായതുകൊണ്ട് അത് ലൗകികാ നുഗ്രങ്ങളിൽനിന്നുള്ളതല്ലെന്നും അത്തരം അനുഗ്രഹം ഇഹത്തിൽ തന്റെ കണ്ണുകൊണ്ടോ കാതുകൊണ്ടോ ഹൃദയംകൊണ്ടോ അനു ഭവിച്ചറിഞ്ഞിട്ടില്ലാത്തതാണെന്ന് സാക്ഷ്യം വഹിക്കുന്നതുമാണ്. എന്നാൽ, ആ അനുഗ്രഹത്തിന്റെ മാതൃക അവന് ഇഹത്തിൽ അനു ഭവപ്പെടുകയുണ്ടായത് അവന്റെ ആത്മീയ പുനർജ്ജീവിതഘട്ടത്തി ലായിരുന്നു. ആ ജീവിതമാകട്ടെ ഈ ലോകത്തെ താഴ്ന്ന കെട്ടു പാടുകളിൽ നിന്നെല്ലാം വേർപ്പെട്ട് പരലോകവുമായി ഒരു ദൃഢ ബന്ധം ഉറപ്പിച്ചിരിക്കുന്നതായ ഒന്നായിരുന്നു.

വിശുദ്ധ ഖുർആൻ മരണാനന്തര ജീവിതത്തിലെ അനുഭവാവ സ്ഥകളെ സംബന്ധിച്ചു ഗൗരവപ്പെട്ട മൂന്നു ഗൂഢതത്ത്വങ്ങൾ വിവ രിച്ചിരിക്കുന്നത് ഈ തരുണത്തിൽ പ്രസ്താവാർഹമാണ്. അവ ഇവിടെ പ്രത്യേകം പ്രത്യേകമായി വിവരിച്ചുകൊള്ളാം.

### ഒന്നാമത്തെ തത്ത്വം

മരണാനന്തര ജീവിതം പുതിയൊരവസ്ഥയല്ലെന്നും അതു ഐഹിക ജീവിതാവസ്ഥയുടെ പ്രതിരൂപമായിരിക്കുമെന്നും വിശുദ്ധ

ഖുർആൻ ശക്തിയായി പ്രബോധിക്കുന്നു എന്നുള്ളതാണ് ഒന്നാമത്തെ തത്ത്വം. ഖുർആൻ പറയുന്നതിങ്ങനെയാണ്:

وَكُلَّ إِنسَانٍ أَلْزَمْنَاهُ طَائِرَهُ فِي عُنُقِهِ ۖ وَنُخْرِجُ لَهُ يَوْمَ الْقِيَامَةِ كِتَابًا يَلْقَاهُ مَنشُورًا ۝١٣

“നാം ഈ ലോകത്ത് എല്ലാ മനുഷ്യന്റെയും കർമ്മഫലങ്ങളെ അവന്റെ കണ്ഠത്തോടു ബന്ധിക്കുകയും ഗോപ്യമായിരിക്കുന്ന ഈ ഫലങ്ങളെ പുനരുത്ഥാനനാളിൽ തുറന്ന ഗ്രന്ഥരൂപത്തിൽ വെളിപ്പെടുമാറാക്കുകയും ചെയ്യും”(17:14). ഈ വാക്യത്തിൽ പ്രയുക്തമായ ‘**ത്വാഇർ**’ എന്ന പദം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. ഇതിന്റെ ശബ്ദാർത്ഥം പക്ഷി എന്നാണെങ്കിലും ഉപമാലങ്കാരമായി ‘കർമ്മം’ എന്ന അർത്ഥത്തിലാണ് ഇവിടെ ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. എന്തെന്നാൽ നല്ലതോ ചീത്തയോ ആയ ഏത് കർമ്മവും സംഭവാനന്തരം പറവയെപ്പോലെ പറന്നു മറഞ്ഞു പോകുന്നു. അതായത്, ആ കാര്യത്തിന്റെ നിർവ്വഹണത്തോടുകൂടി അതിനായിക്കൊണ്ട് അനുഭവിച്ച ക്ലേശമോ തദവസരത്തിൽ അനുഭവപ്പെട്ട ആനന്ദമോ എന്തായിരുന്നാലും അതു മാഞ്ഞുപോകുന്നു. ആ ക്രിയയുടെ ശുഭമോ അശുഭമോ ആയ ഫലം അഥവാ ചിഹ്നം മാത്രം ഹൃദയത്തിൽ ശേഷിക്കുമാറാകുന്നു. മനുഷ്യന്റെ ഏത് കർമ്മവും അതിന്റെ ചിഹ്നത്തെ പരോക്ഷമായി ഹൃദയത്തിൽ പതിപ്പിക്കുന്നുവെന്നത് വിശുദ്ധഖുർആന്റെ പാഠമാകുന്നു. മനുഷ്യന്റെ കർമ്മം ഏതുവിധമായിരിക്കുമോ അതിനനുസൃതമായി ദൈവകർമ്മവും വെളിപ്പെടുന്നതാണ്. ആ നിയതികർമ്മം മനുഷ്യന്റെ ക്രിയാഫലമായ നന്മയേയോ തിന്മയേയോ നശിക്കാൻ അനുവദിക്കുന്നില്ലെന്നു മാത്രമല്ല, അതിന്റെ ചിഹ്നം ഹൃദയത്തിലും മുഖത്തും കണ്ണുകളിലും കാതുകളിലും കൈകളിലും കാലുകളിലുമെല്ലാം ഗുപ്ത രൂപത്തിൽ പതിപ്പിക്കുക കൂടി ചെയ്യുന്നു. ഇതുതന്നെയാണ് അവനിൽ ഗുപ്തമായിരിക്കുന്ന കർമ്മഗ്രന്ഥം. ഐഹിക ജീവിതത്തിൽ പരോക്ഷമായ നിലയിൽ രൂപം കൊള്ളുന്ന ഈ കർമവൃത്താന്തഗ്രന്ഥം പരലോകത്തിൽ പ്രത്യക്ഷ സിദ്ധമായിരിക്കുന്നതാണ്. വിശുദ്ധ ഖുർആൻ ഒരു സ്ഥലത്ത് സ്വർഗ്ഗവാസികളെക്കുറിച്ച് ഇപ്രകാരം പറയുന്നു:

يَوْمَ تَرَى الْمُؤْمِنِينَ وَالْمُؤْمِنَاتِ يَسْعَىٰ نُورُهُم بَيْنَ أَيْدِيهِمْ وَبِأَيْمَانِهِم

"ആ നാളിൽ, സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും അവർക്ക് പരോക്ഷമായി സിദ്ധിച്ച പ്രകാശം അവരുടെ മുമ്പിലായും വലതു ഭാഗത്തായും പ്രവഹിക്കുന്ന നിലയിൽ കാണുന്നതായിരിക്കും"(57:13). ഖുർആനിൽ മറ്റൊരിടത്ത് ദൈവം അധർമ്മികളെ സംബോധന ചെയ്തുകൊണ്ടു പറയുന്നു:

أَلْهَاكُمُ التَّكَاثُرُ ۝٢ حَتَّىٰ زُرْتُمُ الْمَقَابِرَ ۝٣ كَلَّا سَوْفَ تَعْلَمُونَ ۝٤
ثُمَّ كَلَّا سَوْفَ تَعْلَمُونَ ۝٥ كَلَّا لَوْ تَعْلَمُونَ عِلْمَ الْيَقِينِ ۝٦ لَتَرَوُنَّ الْجَحِيمَ ۝٧
ثُمَّ لَتَرَوُنَّهَا عَيْنَ الْيَقِينِ ۝٨ ثُمَّ لَتُسْأَلُنَّ يَوْمَئِذٍ عَنِ النَّعِيمِ ۝٩

"നിങ്ങളുടെ ലൗകികമായ തൃഷ്ണാധിക്യം നിങ്ങൾ ശവക്കുഴികൾ സന്ദർശിക്കുന്നതുവരെ നിങ്ങളെ പരലോക ജീവിതാമ്പേഷണത്തിൽനിന്നു അശ്രദ്ധരാക്കി നിറുത്തുന്നു. നിങ്ങൾ ലൗകിക ശ്രദ്ധകളിൽ ബദ്ധരാകരുത്; എന്തെന്നാൽ, പ്രപഞ്ചാനുരാഗം സൽഫലം ഉളവാക്കുന്നതല്ലെന്നു നിങ്ങൾ അടുത്തുതന്നെ അറിയും. വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു: പ്രപഞ്ചാനുരാഗത്തിന്റെ ദോഷഫലം നിങ്ങൾ താമസിയാതെ അറിയുന്നതാണ്. നിങ്ങൾക്ക് നിശ്ചയാത്മകജ്ഞാനം സിദ്ധിച്ചുവെങ്കിൽ ഈ ലോകത്തുവച്ചുതന്നെ നിങ്ങൾ നരകം കാണുമാറാകും. പിന്നെ മരണത്തിനുശേഷം പുനരുത്ഥാനം വരെയുള്ള അന്തരാളഘട്ടമായ 'ബർസഖി'ൽ വെച്ച് നിങ്ങൾ അതിനെ നിശ്ചയാത്മക ദൃഷ്ട്യാ കാണുന്നതാണ്. അവസാനം പുനരുത്ഥാന ഘട്ടത്തിൽ നിങ്ങൾ ന്യായവിസ്താരത്തിന് പാത്രമായി ശിക്ഷയ്ക്ക് വിധേയരാകുമ്പോൾ അനുഭവം മുഖേന നിങ്ങൾക്ക് നരകത്തിന്റെ പരമാർത്ഥ ബോധമുണ്ടാകുന്നതായിരിക്കും"(അധ്യായം:102). ഈ ദൈവവാക്യങ്ങൾ, അധർമ്മികൾക്കുള്ള നരകജീവിതം ഈ ലോകത്തുതന്നെ ഗുപ്തമായിക്കിടക്കുന്നുവെന്നും അവഗാഢം ചിന്തിക്കുന്നതായാൽ അവർക്ക് നരകം ഇവിടെ തന്നെ കാണാറാകുമെന്നും സ്പഷ്ടമായി പ്രസ്താവിക്കുന്നുണ്ട്. ഇവിടെ ജ്ഞാനപദ്ധതിയെ മൂന്നായി വിഭാഗിച്ചിരിക്കുകയാണ്:

علم اليقين **'ഇൽമുൽയഖീൻ'** അഥവാ **'അനുമാനജ്ഞാനം'**

عین الیقین **'ഐനുൽയഖീൻ'** അഥവാ **'ദർശനജ്ഞാനം'**

حق الیقین **'ഹഖ്ഖുൽയഖീൻ'** അഥവാ **'അനുഭവജ്ഞാനം'**

വിഷയത്തെ ഒരുദാഹരണംകൊണ്ട് സുഗ്രഹമാക്കാം. ദൂരെനിന്ന് പുകപൊങ്ങി വരുന്നതു കാണുമ്പോൾ കാണിയുടെ മനോതലത്തിൽ അതിന് കാരണഭൂതമായ തീയുടെ ബോധം ഉദിക്കുന്നു. ധൂമവും അഗ്നിയും തമ്മിലുള്ള അപരിച്ഛേദ്യമായ ബന്ധം നിമിത്തം പുകയുള്ളേടത്ത് തീയുമുണ്ടായിരിക്കുമെന്നത് തീർച്ചയാണല്ലോ. അതിനാൽ പുക പൊങ്ങിവരുന്നതായി കണ്ട ആ സ്ഥലത്ത് തീയുണ്ടായിരിക്കുമെന്ന് ആ കാണി ബോധിക്കുന്നു. ഈ അറിവിനാണ് 'അനുമാനജ്ഞാന'മെന്നു പറയുന്നത്. അവൻ ആ പുക കണ്ട സ്ഥലത്ത് നേരിട്ടു ചെന്ന് തീ കത്തുന്നത് കാണുന്നതായാൽ ആ അറിവിന് 'ദർശനജ്ഞാനം' എന്നു പറയുന്നു. ആ അഗ്നിയെ സ്പർശിക്കുമ്പോൾ അവനു യാഥാർത്ഥ്യം പ്രത്യക്ഷപ്പെടുന്നു. ഈ അറിവിനാണ് 'അനുഭവജ്ഞാനം' അഥവാ പരമാർത്ഥജ്ഞാനം എന്നു പറയുന്നത്. ഇപ്രകാരം നരകത്തെ സംബന്ധിച്ച് ഈ ലോകത്തുവച്ച് നിശ്ചിത ജ്ഞാനവും 'ബർസഖ്' എന്ന അന്തരാളഘട്ടത്തിൽ 'ദർശനജ്ഞാനവും' പുനരുത്ഥാനഘട്ടത്തിൽ പൂർണ്ണമായ 'അനുഭവജ്ഞാനവും' സിദ്ധിക്കുന്നതാണെന്നത്രേ പ്രസ്തുത ദൈവവാക്യങ്ങളിൽ നിന്നു സ്പഷ്ടമാകുന്നത്.

മനുഷ്യജീവിതത്തിന് മൂന്നു ലോകങ്ങൾ അഥവാ മൂന്നു വ്യത്യസ്ത ഘട്ടങ്ങൾ ഉള്ളതായി വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നു എന്ന വസ്തുത പ്രകൃതത്തിൽ ശ്രദ്ധാർഹമാണ്. ഒന്നാമത്തെ ലോകം പരിശ്രമരംഗമായ ഐഹികം തന്നെ. ഇവിടെ വെച്ചാണ് ആരും തന്റെ ശുഭമോ അശുഭമോ ആയ കർമ്മങ്ങൾ മുഖേന പുണ്യങ്ങളോ പാപങ്ങളോ സമ്പാദിക്കുന്നത്. പുനരുത്ഥാന ലോകത്തിൽ സജ്ജനങ്ങൾക്ക് അഭിവൃദ്ധികൾ സിദ്ധിച്ചു കൊണ്ടിരിക്കുമെങ്കിലും അവ അവരുടെ കർമ്മങ്ങളുമായി ബന്ധപ്പെട്ടവയായിരിക്കുകയില്ല; ആ അഭിവൃദ്ധിയെല്ലാം ദൈവത്തിന്റെ കൃപാകടാക്ഷങ്ങളുടെ ഫലമായിട്ടായിരിക്കുന്നതാണ്.

രണ്ടാമത്തെ ലോകം '**ബർസഖ്**' എന്നു പറയപ്പെടുന്ന സ്ഥാനമാകുന്നു. 'ബർസഖ്' എന്നാൽ അറബിഭാഷയിൽ രണ്ടു വസ്തു

ക്കളുടെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന ഒന്നിനെക്കുറിക്കുന്നതിനുള്ള പദമാണ്. അതുകൊണ്ടാണ് ഐഹിക ജീവിതത്തിനും പുനരുത്ഥാനത്തിനും മദ്ധ്യേ സ്ഥിതി ചെയ്യുന്ന ഘട്ടത്തിന് 'ബർസഖ്' എന്നു പറയുന്നത്. തന്നെയുമല്ല, അതിപ്രാചീനകാലം മുതലേ മദ്ധ്യഘട്ടത്തെ കുറിക്കുന്നതിനായിട്ടാണ് ഈ പദം ഉപയോഗിക്കപ്പെട്ടു വരുന്നത്. ഇപ്രകാരം പ്രസ്തുത പദംതന്നെ ഐഹിക ജീവിതത്തിനും പുനരുത്ഥാനത്തിനും ഇടയിൽ മനുഷ്യാത്മാവിനു ഒരു ജീവിതഘട്ടം ഉണ്ടെന്നതിലേക്ക് സാക്ഷ്യം വഹിക്കുന്നുണ്ട്. അറബി വാക്കുകൾ ദൈവത്തിന്റെ തിരുവായിൽനിന്ന് പുറപ്പെട്ടിട്ടുള്ള വാക്കുകളാണെന്നും ദൈവവാണിയെന്നു പറയപ്പെടാവുന്ന ഏകഭാഷ അതു മാത്രമാണെന്നും സർവ്വജ്ഞാനങ്ങളുടെയും ഉറവിടവും സകലഭാഷകളുടെയും ജനനിയും ദൈവവചനത്തിന്റെ വെളിപാടിനുള്ള ആദ്യത്തെയും അവസാനത്തെയും വാഹകവും അതുതന്നെയാണെന്നും ഞാൻ '**മിനനുർറഹ്മാൻ**' എന്ന ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്. അറബിഭാഷ ദൈവവചനത്തിന്റെ വെളിപാടിനുള്ള ആദ്യത്തെ വാഹകം എന്നു പറഞ്ഞത്, അതു ദൈവത്താൽ സംസാരിക്കപ്പെട്ടതും അവനോടുകൂടെയുള്ളതുമായ ഭാഷണവും ഇതര ഭാഷകളുടെ മൂലവും ആയിരിക്കുന്നതു കൊണ്ടാണ്. ദൈവത്തിന്റെ അന്ത്യമതഗ്രന്ഥമായ വിശുദ്ധഖുർആൻ അറബി ഭാഷയിൽ വെളിപ്പെട്ടതു കൊണ്ടാണ് ആ ഭാഷ ദൈവവചനത്തിന്റെ വെളിപാടിനുള്ള അവസാനത്തെ വാഹകമെന്നു പറഞ്ഞിരിക്കുന്നത്. മുൻപ്രസ്താവിച്ച '**ബർസഖ്**' എന്ന അറബി വാക്ക് '**ബർ**' എന്നും '**സഖ്**' എന്നും രണ്ടു ശബ്ദങ്ങൾ ചേർന്നുണ്ടായ ഒരു സംയുക്തപദമാണ്. കർമ്മരൂപേണ പുണ്യപാപങ്ങളെ സമ്പാദിക്കുന്നതിനുള്ള ഘട്ടം അവസാനിച്ചു എന്നാണു ഈ പദത്തിന്റെ അർത്ഥം. ബർസഖ് അഥവാ അന്തരാളഘട്ടം എന്നത് ആത്മാവ് ജഡത്തിൽനിന്ന് വേർപെടുകയും നശ്വരമായശരീരം ധാതുവിയോഗംവന്നു നശിക്കുകയും ചെയ്യുന്ന ഘട്ടമാകുന്നു. മരണാനന്തരം ശരീരം കുഴിയിലേക്ക് തള്ളപ്പെടുന്നപ്രകാരം ആത്മാവും ഒരുതരം കുഴിയിൽ വെക്കപ്പെടുന്നു എന്നു പറയാം. ഇതാണ് 'ബർസഖ്' ശബ്ദം സൂചിപ്പിക്കുന്നത്. ഈ ഘട്ടത്തിൽ ആത്മാവിന് ശരീരത്തിന്റെമേലുള്ള നിയന്ത്രണശക്തി വിനഷ്ടമാകുന്നതിനാൽ ശുഭാശുഭകർമ്മങ്ങൾക്ക് അതു സമർത്ഥമാകുന്നില്ല. നമ്മുടെ ആത്മാവിന്റെ ക്ഷേമസ്ഥിതി ശരീരത്തിന്റെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു എന്നതു പ്രസ്പ

ഷ്ടമാണല്ലോ. മസ്തിഷ്കത്തിന്റെ ഒരു പ്രത്യേക സ്ഥാനത്തു പ്രഹരമേല്ക്കുന്നതായാൽ ഓർമ്മശക്തി നഷ്ടമാവുകയും മറ്റൊരു സ്ഥാനത്തു ഇടിയേല്ക്കുന്നതായാൽ ചിന്താശക്തി നശിച്ചുപോവുകയും ബോധക്ഷയംപോലും ഉണ്ടാവുകയും ചെയ്യുന്നു. ഇപ്രകാരംതന്നെ തലച്ചോറിലെ ദശകൾക്ക് കമ്പനമോ കോച്ചലോ ഏല്ക്കുകയോ വീക്കമുണ്ടാവുകയോ തലച്ചോറിൽ രക്തമോ മറ്റേതെങ്കിലും ധാതുവോ കയറി നില്ക്കുകയോ ചെയ്യുന്നതായാൽ ബോധക്ഷയമോ അപസ്മാരമോ മസ്തിഷ്ക സന്നിയോ ബാധിക്കുന്നു. ശരീരത്തോടുള്ള ബന്ധം അറ്റു പോകുന്നതായാൽ ആത്മാവ് ഒന്നിനും സമർത്ഥമാകുന്നതല്ലെന്നു ഈ ദൃശ്യാനുഭവങ്ങൾ നമ്മെ ബോധപ്പെടുത്തുന്നുണ്ട്. ദേഹത്തെക്കൂടാതെ ആത്മാവിനു തനിച്ചു ആനന്ദത്തെ അനുഭവിക്കുവാൻ സാധിക്കുമെന്നു വിചാരിക്കുന്നതു തീരേ അർത്ഥരഹിതമാണ്. ആ വിചാരം കഥയെപ്പോലെ രസിക്കാൻ കൊള്ളാമെന്നല്ലാതെ യുക്തിയനുഭവവാദികൾ അതിനെ ശരിവെക്കുന്നില്ല. ശരീരത്തിനു നിസ്സാരമായ തരക്കേടു പറ്റുന്നതായാൽ ആത്മാവിന്റെ കർമ്മങ്ങൾക്ക് ഭംഗം നേരിടുന്നതായി നാം കണ്ടു വരുന്നുവല്ലോ. എന്നിരിക്കെ, ശരീരത്തിൽനിന്ന് കേവലം വേർപ്പെട്ടു കിടക്കുന്ന ആത്മാവ് പരിപൂർണ്ണാവസ്ഥയിലാണെന്നു വിചാരിക്കാവുന്നതെങ്ങനെ? ആത്മാവിന്റെ അരോഗാവസ്ഥയ്ക്ക് ശരീരാരോഗ്യം അത്യന്താപേക്ഷിതമാണെന്നതു നമുക്കു അനുഭവവിദിതമാണല്ലോ. മനുഷ്യൻ വാർദ്ധക്യാവസ്ഥയെ പ്രാപിക്കുമ്പോൾ അവന്റെ ആത്മാവിനും വാർദ്ധ്യക്യവും അശക്തിയും ബാധിക്കുന്നു. ഈ വാർദ്ധക്യമാകുന്ന ചോരൻ അവന്റെ ജ്ഞാനസമ്പത്തിനെ കവർന്നു കളയുന്നു. ഈ അവശതയെ കുറിച്ചു വിശുദ്ധഖുർആൻ ഇങ്ങനെ പറയുന്നു: لِكَيْلَا يَعْلَمَ مِنْ بَعْدِ عِلْمٍ شَيْئًا "മനുഷ്യൻ അതിവാർദ്ധക്യം പ്രാപിക്കുമ്പോൾ പഠിച്ചതൊക്കെ വിസ്മരിച്ചു ഒന്നും അറിയാത്തവനെപ്പോലെ ആയിത്തീരുന്നു"(22:6). ഈ ദൃഷ്ടാന്തങ്ങളാൽ, ജഡത്തിൽനിന്നു വേർപ്പെട്ടു പോകുന്ന ആത്മാവ് ഒന്നിനും ശക്തമാകുന്നതല്ലെന്നു നല്ലപോലെ തെളിയുന്നുണ്ട്. ആത്മാവിനു ശരീരാപേക്ഷ കൂടാതെ തന്നെ ശക്തിയുണ്ടെന്നു വരുകിൽ, അതിനെ ക്ഷണഭംഗുരമായ ശരീരത്തോടു സംബന്ധിപ്പിച്ചിരിക്കുന്ന ദൈവത്തിന്റെ പ്രവൃത്തി നിരർത്ഥമായിത്തീരും. ഈ വസ്തുതയെക്കുറി

ച്ചുള്ള ചിന്ത പരമാർത്ഥതത്ത്വം ഗ്രഹിക്കുന്നതിനു സഹായകമായിത്തീരുന്നതാണ്. അപരിമിതമായ ഉന്നതിയിലേക്ക് ഉയർന്നു പോകാനുള്ള സൃഷ്ടിയാണ് മനുഷ്യൻ. അവനു ഹ്രസ്വമായ ഐഹിക ജീവിതത്തിലെ അഭിവൃദ്ധികൾ ശരീരാപേക്ഷ കൂടാതെ പ്രാപിക്കാൻ കഴിയാത്ത സ്ഥിതിക്ക് പരലോകത്തെ അനന്തവും അപാരവുമായ അഭിവൃദ്ധി ഒരു ദേഹത്തോടുള്ള ബന്ധം കൂടാതെ പ്രാപിക്കാമെന്നു വിചാരിക്കുന്നതെങ്ങനെ?

ചുരുക്കത്തിൽ ഇസ്‌ലാം മതതത്ത്വമനുസരിച്ചു ആത്മാവിനു അതിന്റെ പൂർണ്ണവ്യാപരത്തിനു ഒരു ദേഹവുമായുള്ള ബന്ധം അനുപേക്ഷണീയമാണെന്നു ഉപര്യുക്ത ന്യായങ്ങളാൽ നല്ലപോലെ തെളിയുന്നുണ്ട്. മരണത്തോടുകൂടി നശ്വരമായ മൺശരീരം ആത്മാവിൽനിന്നു വേർപ്പെട്ടുപോകുന്നു എന്നുള്ളതു നിസ്തർക്കമാണല്ലോ. എന്നാൽ, എല്ലാ ആത്മാവിനും അതിന്റെ കർമ്മഫലം അനുഭവിക്കുന്നതിനായിക്കൊണ്ട് മദ്ധ്യഘട്ടമായ ബർസഖിൽ ഒരു താൽക്കാലിക ദേഹം നല്കപ്പെടുന്നതാണ്. ആ ദേഹം ഐഹികത്തിലെ മൺശരീരം പോലുള്ളതായിരിക്കുകയില്ല. അതു കർമ്മങ്ങളുടെ നിലയനുസരിച്ചു രൂപപ്പെട്ടുവരുന്ന പ്രകാശമയമോ അന്ധകാരപൂർണ്ണമോ ആയ ദേഹമായിരിക്കും. ഇങ്ങനെ മനുഷ്യന്റെ കർമ്മമാണ് ഈ ഘട്ടത്തിൽ ആത്മാവിനു ദേഹമായിത്തീരുന്നത്. അതു സൽക്കർമ്മപ്രകാശത്തിൽ നിന്നോ ദുഷ്കർമ്മാന്ധകാരത്തിൽ നിന്നോ രൂപം കൊള്ളുന്നതത്രേ. ഇത് അതീവഗഹനമായ തത്ത്വരഹസ്യമാണെങ്കിലും യുക്തിക്ക് എതിരായതല്ല. പൂർണ്ണത പ്രാപിച്ച ഭക്തന് തന്റെ സ്ഥൂലശരീരത്തിൽനിന്നു വേറിട്ട് പ്രകാശമയമായ ഒരു ശരീരം രൂപപ്പെട്ടു വരുന്നതായി ഐഹിക ജീവിതത്തിൽതന്നെ അനുഭവപ്പെടുന്നതാണ്. കർമ്മങ്ങളിൽനിന്നുണ്ടായിവന്ന് മരണാനന്തരം മനുഷ്യാത്മാവിനു ലഭിക്കുമാറാകുന്ന തേജോമയമോ അന്ധകാരമയമോ ആയുള്ള ദേഹത്തെ സംബന്ധിച്ച ഒട്ടു വളരെ ദൃഷ്ടാന്തങ്ങൾ ഭക്തൻമാരുടെ ആത്മദർശനങ്ങളിൽ കാണുവാനുണ്ട്. സ്ഥൂലബുദ്ധിയായ ഒരുവനു ഈ വിഷയം ഗ്രാഹ്യമാക്കിത്തീർക്കുന്നത് അനായാസമല്ല. എന്നാൽ ആത്മീയമായ ദർശന സിദ്ധിക്ക് ഭാഗ്യമുണ്ടായിട്ടുള്ളവർ കർമ്മസംജാതമാകുന്ന സൂക്ഷ്മദേഹത്തിന്റെ സത്തയെ അസംഭവമെന്നു കരുതുകയോ അതിനെക്കുറിച്ചുള്ള വിവരണത്തിൽ ഔദാസീന്യം പ്രദർശിപ്പിക്കുകയോ ചെയ്യു

കയില്ല. മറിച്ച്, അവർ ഈ വിവരണത്തിൽ ആനന്ദം കൊള്ളുക യാണ് ചെയ്യുക. ചുരുക്കിപ്പറയുന്നതായാൽ, കർമ്മഗതിയനുസരിച്ച് ലഭിക്കുമാറാകുന്ന ഈ സൂക്ഷ്മദേഹമാണ് 'ബർസഖ്' ഘട്ടത്തിൽ നന്മ തിൻമകളുടെ പ്രതിഫലാനുഭവത്തിന് പാത്രമായിത്തീരുന്നത്. ഈ വിഷയത്തിൽ അനുഭവസിദ്ധിയുള്ള ഒരുവനാണ് ഞാൻ. ജാഗ്രതാവസ്ഥയിൽ എനിക്കുണ്ടായിട്ടുള്ള ആത്മീയദർശനങ്ങളിൽ ചില പരേതാത്മാക്കളെ പലകുറി കാണുവാനിടയായിട്ടുണ്ട്. അധർമ്മികളും ദുർമാർഗ്ഗികളുമായ ചിലരെ ധൂമനിർമ്മിതമെന്നു തോന്നുമാറു അന്ധകാരമയമായ ശരീരത്തോടു കൂടിയവരായി കാണുകയുണ്ടായിട്ടുമുണ്ട്. ചുരുക്കത്തിൽ, ഈ ആദ്ധ്യാത്മവീഥി എനിക്ക് സുപരിചിതമായിരിക്കുന്നതത്രെ. അതിനാൽ, സർവ്വജ്ഞനായ ദൈവം അരുൾചെയ്ത പ്രകാരം, മരണാനന്തരം എല്ലാ ആത്മാവിനും തേജപൂർണ്ണമോ അന്ധകാരമയമോ ആയ ദേഹം നല്കപ്പെടുന്നു എന്ന വസ്തുത ഞാൻ ഉച്ചൈസ്തരം പ്രസ്താവിച്ചു കൊള്ളുന്നു. അതിഗഹനമായ ഈ ഗൂഢാർത്ഥക തത്ത്വത്തെ കേവലബുദ്ധികൊണ്ടു മാത്രം തെളിയിക്കുവാൻ ശ്രമിക്കുന്നത് അബദ്ധമായിരിക്കുന്നതാണ്. പദാർത്ഥത്തെ കാണുവാനുള്ള കണ്ണുകൊണ്ടു അതിനെ രുചിച്ചറിയാൻ കഴിയാത്തതുപോലെ രുചിച്ചറിയുന്നതിനുള്ള രസനേന്ദ്രിയത്തെക്കൊണ്ടു പദാർത്ഥത്തെ കാണുവാനും കഴിയുന്നതല്ലല്ലോ. അതേപ്രകാരം, ആത്മീയദർശനം മുഖേന സിദ്ധിക്കേണ്ടുന്ന പരലോകജ്ഞാനം കേവലം ബുദ്ധികൊണ്ടു പ്രാപിക്കാനാവുന്നതുമല്ല. ഈ ലോകത്ത് അജ്ഞാനങ്ങളായ കാര്യങ്ങൾ അറിയുന്നതിനു പ്രത്യേകം പ്രത്യേകം മാർഗ്ഗങ്ങളെ ദൈവം നിർദ്ദേശിച്ചിട്ടുണ്ട്. തന്മൂലം അതതിന് നിശ്ചയിക്കപ്പെട്ടിരിക്കുന്ന മാർഗ്ഗത്തിലൂടെ അന്വേഷിച്ചാൽ മാത്രമേ ഏത് കാര്യവും പ്രാപിക്കാൻ സാധിക്കുകയുള്ളൂ.

ദൈവം തന്റെ വിശുദ്ധ വേദഗ്രന്ഥത്തിൽ, ദുർവൃത്തരേയും ദുർമാർഗ്ഗികളേയും മൃതപ്രായരായും, സദ്ധർമ്മികളെ സജീവരായും വർണ്ണിച്ചിരിക്കുന്നതു കാണാം. ഈ വർണ്ണനയിൽ ഒരു രഹസ്യതത്ത്വം അന്തർഭവിച്ചിരിക്കുന്നുണ്ട്. ദൈവിക കാര്യത്തിൽ അശ്രദ്ധരായി ജീവിക്കുന്നവരുടെ പ്രധാനാവശ്യങ്ങളായ തിന്നുക, കുടിക്കുക, ഭോഗിക്കുക എന്നിതുകൾ അവരുടെ മരണത്തോടു കൂടി അവസാനിച്ചു പോകുന്നു; ആത്മീയമായ ആഹാര വിഭവങ്ങളിൽ

അവർക്ക് ഒരു പങ്കുമുണ്ടാകുന്നില്ല. അതിനാൽ, അവർ യഥാർത്ഥ ത്തിൽ മരിച്ചവർ തന്നെ. അവർ വീണ്ടും ജീവിക്കപ്പെടുന്നത് ശിക്ഷ അനുഭവിക്കുന്നതിനുമാത്രമായിരിക്കുന്നതാണ്. ഈ സംഗതിയെ സൂചിപ്പിച്ച് വിശുദ്ധ ഖുർആൻ ഇങ്ങനെ പറയുന്നു:

إِنَّهُۥ مَن يَأْتِ رَبَّهُۥ مُجْرِمًا فَإِنَّ لَهُۥ جَهَنَّمَ لَا يَمُوتُ فِيهَا وَلَا يَحْيَىٰ ﴿٧٥﴾

"ഏതൊരുവൻ തന്റെ ദൈവത്തിന്റെയടുക്കൽ പാപിയായി വരുന്നുവോ അവന്റെ സങ്കേതം നരകമാകുന്നു. അവൻ അതിൽ മരിക്കുകയുമില്ല; ജീവിക്കുകയുമില്ല"(20:75). എന്നാൽ, ദൈവത്തിന്റെ പ്രിയജനമാകട്ടെ ശാരീരികമായ മരണത്തോടുകൂടി യഥാർത്ഥത്തിൽ മരിച്ചുപോകുന്നില്ല. കാരണം അവരുടെ ജീവസന്ധാരണത്തിനാവശ്യകങ്ങളായ ആഹാര പാനീയങ്ങൾ അവരുടെ പക്കൽ സജ്ജമായിരിക്കുന്നുണ്ട്.

മൂന്നാമത്തെ ലോകം 'പുനരുത്ഥാനലോകം' എന്നു പറയപ്പെടുന്ന സ്ഥാനമാകുന്നു. ഈ ഘട്ടത്തിൽ പരിശുദ്ധമോ അശുദ്ധമോ, ധാർമ്മികമോ അധാർമ്മികമോ ആയുള്ള എല്ലാ ആത്മാവിനും പ്രത്യക്ഷമായ ദേഹം നല്കപ്പെടുന്നതായിരിക്കും. ഈ ഘട്ടമാണ് ദൈവമാഹാത്മ്യത്തിന്റെ സമ്പൂർണ്ണമായ പ്രത്യക്ഷതയ്ക്കു നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്. ആ നാളിൽ എല്ലാ മനുഷ്യരും ദൈവത്തിന്റെ സത്തയെക്കുറിച്ച് പൂർണ്ണമായറിയുകയും അവനവന്റെ കർമ്മങ്ങൾക്കുള്ള പൂർണ്ണമായ പ്രതിഫലം പ്രത്യക്ഷ നിലയിൽ അനുഭവിക്കുമാറാവുകയും ചെയ്യുന്നതാണ്. ഇതെങ്ങനെ സംഭാവ്യമാകുമെന്നു ആർക്കും വിസ്മയം തോന്നേണ്ടതില്ല. സർവ്വശക്തനായ ദൈവത്തിന്റെ പക്കൽ അസാദ്ധ്യമായി ഒന്നുമില്ല. അവൻ ഇച്ഛിക്കുന്നതൊക്കെയും ചെയ്യുന്നതിനു കഴിവുള്ളവനാകുന്നു. അവൻ വിശുദ്ധ ഖുർആനിൽ പറയുന്നുതു കാണുക:

أَوَلَمْ يَرَ الْإِنسَانُ أَنَّا خَلَقْنَاهُ مِن نُّطْفَةٍ فَإِذَا هُوَ خَصِيمٌ مُّبِينٌ ﴿٧٨﴾ وَضَرَبَ لَنَا
مَثَلًا وَنَسِيَ خَلْقَهُۥ ۖ قَالَ مَن يُحْيِ الْعِظَامَ وَهِيَ رَمِيمٌ ﴿٧٩﴾ قُلْ يُحْيِيهَا الَّذِي
أَنشَأَهَا أَوَّلَ مَرَّةٍ ۖ وَهُوَ بِكُلِّ خَلْقٍ عَلِيمٌ ﴿٨٠﴾ الَّذِي جَعَلَ لَكُم مِّنَ الشَّجَرِ
الْأَخْضَرِ نَارًا فَإِذَا أَنتُم مِّنْهُ تُوقِدُونَ ﴿٨١﴾ أَوَلَيْسَ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ
بِقَادِرٍ عَلَىٰ أَن يَخْلُقَ مِثْلَهُم ۚ بَلَىٰ وَهُوَ الْخَلَّاقُ الْعَلِيمُ ﴿٨٢﴾ إِنَّمَا أَمْرُهُۥ إِذَا

أَرَادَ شَيْئًا أَنْ يَقُولَ لَهُ كُنْ فَيَكُونُ ﴿٨٢﴾ فَسُبْحَانَ الَّذِي بِيَدِهِ مَلَكُوتُ كُلِّ شَيْءٍ
وَإِلَيْهِ تُرْجَعُونَ ﴿٨٣﴾

"മനുഷ്യൻ ചിന്തിച്ചു നോക്കുന്നില്ലേ? നാം അവനെ ചെറുതായ ഒരു ജീവബീജത്തിൽ നിന്നു സൃഷ്ടിച്ചു; പിന്നെ അതാ അവൻ പരസ്യമായ വിവാദിയായിത്തീർന്നിരിക്കുന്നു.! അവൻ നമ്മെ സംബന്ധിച്ച് മിഥ്യാസംവാദം നടത്തിത്തുടങ്ങുകയും തന്റെ സ്വന്തം ഉത്ഭവത്തെ വിസ്മരിക്കുകയും ചെയ്തു. അസ്ഥികൾപോലും ദ്രവിച്ചു നശിച്ചു പോയിരിക്കെ മനുഷ്യനെ വീണ്ടും ജീവിപ്പിക്കുന്നതിനു ശക്തിയുള്ളവനാരെന്നു അവൻ ചോദിക്കുന്നു! അവനോടു പറയുക: അവയെ ആദ്യം ഉണ്ടാക്കിയവനാരോ അവൻ തന്നെ അവയ്ക്കു ജീവൻ നല്കും. അവൻ എല്ലാവിധേനയും സൃഷ്ടിയെ ഉത്ഭവിപ്പിക്കുവാൻ അറിയുന്നവനാണ്. ആകാശമണ്ഡലങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവൻ അവയെപ്പോലുള്ള സൃഷ്ടികളെ ഉത്ഭവിപ്പിക്കുവാൻ ശക്തനല്ലേ? അതെ! തീർച്ചയായും അവൻ സർവ്വജ്ഞനായ സ്രഷ്ടാവാകുന്നു. ഒരു വസ്തു ഉണ്ടാകുന്നതിനു അവൻ ഇച്ഛിക്കുമ്പോൾ 'ആവുക' എന്നു മാത്രം പറയുകയും അപ്പോൾ അതുണ്ടാവാൻ തുടങ്ങുകയും ചെയ്യുന്നു എന്നതാണ് അവന്റെ ആജ്ഞാവൈഭവം. അതിനാൽ, സർവ്വചരാചരങ്ങളുടെയുംമേൽ അധികാരസ്ഥനും സകലരും തിരിച്ചു ചെല്ലേണ്ട കേന്ദ്രസ്ഥാനവുമായ അവന്നത്രേ സർവ്വ മഹത്ത്വവും.(36;78-84)

ഈ ദൈവവാക്യങ്ങൾ നമ്മെ ഉദ്ബോധിപ്പിക്കുന്നത്, ദൈവത്തിന്റെ പക്കൽ അസാദ്ധ്യമായി ഒന്നുമില്ലെന്നാണ്. നിസ്സാരമായ ബീജത്തിൽനിന്നു ഒരിക്കൽ മനുഷ്യനെ ഉത്ഭവിപ്പിക്കാൻ കഴിഞ്ഞവനു വീണ്ടുമൊരിക്കൽ അവനെ ജീവിപ്പിക്കുന്നതിനു കഴിയുകയില്ലെന്നു വരുമോ?

മൂന്നാമത്തെ ഘട്ടമായ പുനരുത്ഥാനം ആരംഭിക്കുന്നതിനു ഒരു ദീർഘകാലം കഴിയേണ്ടിയിരിക്കുന്നതിനാൽ അതുവരേയുള്ള സങ്കേതമായ 'ബർസഖ്' ഘട്ടം ധർമ്മാത്മാക്കൾക്കും ദുരാത്മാക്കൾക്കും ഒന്നുപോലെ നിരുപയോഗമായ ഒരു ബന്ധന കുടീരമായിരിക്കുകയല്ലേ ചെയ്യുക എന്ന ഒരു ചോദ്യം ഇവിടെയുണ്ടാകാം. ഇതിനു ചുരുക്കത്തിൽ സമാധാനം പറഞ്ഞു കൊള്ളാം: 'ബർസഖ്'

ഘട്ടം ഒരു ബന്ധനസ്ഥലമാണെന്നു വിചാരിക്കുന്നതു കേവലം അബദ്ധമാകുന്നു. ഈ തെറ്റുധാരണ അവിജ്ഞതയിൽ നിന്നുണ്ടായിട്ടുള്ളതാണ്. വിശുദ്ധ വേദഗ്രന്ഥമായ ഖുർആനിൽ സുകൃതർക്കും ദുഷ്കൃതർക്കും പ്രതിഫലം നല്കപ്പെടുന്നതിനു രണ്ടു സ്ഥാനം ഉള്ളതായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഒന്നു 'ബർസഖ്' എന്ന മദ്ധ്യഘട്ടമാണ്. ഇവിടെവച്ചുതന്നെ എല്ലാ മനുഷ്യനും അവനവന്റെ നല്ലതോ ചീത്തയോ ആയ കർമ്മത്തിനുള്ള രക്ഷയോശിക്ഷയോ- പുനരുത്ഥാനഘട്ടത്തിലെന്നപോലെ അത്ര പ്രത്യക്ഷവും സ്പർശഗോചരവുമായ തരത്തിലല്ലെങ്കിലും - അനുഭവിച്ചു തുടങ്ങുന്നു. അതായത്, ദുർവൃത്തർ മരിച്ചാലുടനെ നരകശിക്ഷയും സദ്വൃത്തർ മരണാനന്തരം സ്വർഗ്ഗസുഖവും അനുഭവിക്കുന്നു. ഇങ്ങനെ, മരണശേഷം ഉടൻതന്നെ കർമ്മഫലം അനുഭവിച്ചു തുടങ്ങുന്നു എന്നു കാണിക്കുന്ന വാക്യങ്ങൾ വിശുദ്ധഖുർആനിൽ ഒട്ടു വളരെയുണ്ട്. സ്വർഗ്ഗീയനായ ഒരു സുകൃതനെക്കുറിച്ചു പറയുകയാണ്:

"നീ സ്വർഗ്ഗത്തിൽ പ്രവേശിച്ചു കൊള്ളുക എന്നു അവനോടു കല്പനയായി"(36:27). ഇതേപ്രകാരം, ഒരു നരകാവകാശിയെ ഉദ്ദേശിച്ചു പറയുന്നു: فَرَاٰهُ فِيْ سَوَآءِ الْجَحِيْمِ അതായത്, സ്വർഗ്ഗീയനായ സുകൃതന് നരകാവകാശിയായ ഒരു സ്നേഹിതനുണ്ടായിരുന്നു. രണ്ടുപേരും മരിച്ചപ്പോൾ സ്വർഗ്ഗീയന് തന്റെ സ്നേഹിതൻ എവിടെയാണെന്നറിയാൻ ഉത്കണ്ഠയായി. നോക്കിയപ്പോൾ 'അയാൾ മറ്റവനെ നരകത്തിന്റെ നടുവിൽ കാണുകയുണ്ടായി'(37:56). ഇങ്ങനെ രക്ഷയുടെയും ശിക്ഷയുടെയും അനുഭവം മരണത്തിനു ശേഷം വിളംബമെന്യേ ആരംഭിക്കുന്നു. അതായത്, നരകാവകാശി ഉടൻതന്നെ നരകത്തിലും സ്വർഗ്ഗാവകാശി സ്വർഗ്ഗത്തിലും ചെന്നു ചേരുന്നു. എന്നാൽ, ഇതിനുശേഷം ദൈവത്തിന്റെ പരിപൂർണ്ണമായ മാഹാത്മ്യപ്രകടനത്തിന് ഒരു പ്രത്യേക കാലഘട്ടമുണ്ട്. പൂർണ്ണമായ തരത്തിലുള്ള ഈ മഹത്ത്വപ്രകാശനം പുനരുത്ഥാനഘട്ടത്തിൽ സംഭവിക്കുന്നതായിട്ടാണ് ദൈവം തന്റെ അപാരജ്ഞാനത്തിൽ സങ്കല്പിച്ചിരിക്കുന്നത്. അവൻ മനുഷ്യനെ സൃഷ്ടിച്ചതു തന്റെ സൃഷ്ടി കർത്തൃത്വം മുഖേന സ്വയം അറിയപ്പെടുന്നതിനായിട്ടത്രെ. പിന്നെ അവൻ സകലതും നശിപ്പിക്കുന്നത് താൻ സർവ്വത്തേയും വിജയിക്കുന്നവനാണെന്ന് അറിയപ്പെടുന്നതിനുവേണ്ടിയുമാകുന്നു. ഒടുവിൽ സർവ്വശക്തനാണെന്നറിയ

പ്പെടുന്നതിന് അവൻ എല്ലാവർക്കും പൂർണ്ണ ജീവൻ നല്കി അവരെ ഒരുസ്ഥലത്ത് ഒരുമിച്ചു കൂട്ടുന്നതായിരിക്കും. മരണാനന്തര ജീവിതത്തിലെ അവസ്ഥകളെ സംബന്ധിച്ചു വിശുദ്ധ ഖുർആൻ പ്രസ്താവിച്ചിരിക്കുന്ന ഗൗരവാവഹവും വിജ്ഞേയവുമായ മൂന്നു ഗൂഢാർത്ഥ കതത്ത്വങ്ങളിൽ ഒന്നാമത്തതിനെക്കുറിച്ചാണ് ഇത്രയും പ്രസ്താവിച്ചത്.

## രണ്ടാമത്തെ തത്ത്വം

ഐഹിക ജീവിതത്തിൽ ആത്മീയമായി സിദ്ധിക്കുന്ന അവസ്ഥകളെല്ലാം പരലോകത്തിൽ 'ബർസഖ്' എന്ന അന്തരാളഘട്ടത്തിലായാലും പുനരുത്ഥാന ഘട്ടത്തിലായാലും ശരി പ്രത്യക്ഷരൂപത്തിൽ ഗോചരീഭവിക്കുമെന്നുള്ളതാണ് രണ്ടാമത്തെ തത്ത്വം. വിശുദ്ധ ഖുർആൻ പറയുന്നു:

وَمَنْ كَانَ فِي هَٰذِهِۦٓ أَعْمَىٰ فَهُوَ فِي ٱلْـَٔاخِرَةِ أَعْمَىٰ وَأَضَلُّ سَبِيلًا ﴿٧٢﴾ "ഏതൊരുവൻ ഇഹത്തിൽ അന്ധനായിരിക്കുന്നുവോ അവൻ പരത്തിലും അന്ധനായിരിക്കുന്നതാണ്"(17:73). അതായത്, ഈ ലോകത്തെ ആത്മീയാന്ധത മറുലോകത്ത് പ്രത്യക്ഷവും അനുഭവസിദ്ധവുമായിരിക്കുന്നതാണ്. മറ്റൊരിടത്തു ഖുർആൻ പറയുകയാണ്:

خُذُوهُ فَغُلُّوهُ ﴿٣١﴾ ثُمَّ ٱلْجَحِيمَ صَلُّوهُ ﴿٣٢﴾ ثُمَّ فِي سِلْسِلَةٍ ذَرْعُهَا سَبْعُونَ ذِرَاعًا فَٱسْلُكُوهُ ﴿٣٣﴾

"അവനെ (ആ നരകപാപിയെ) പിടിക്കുവിൻ; പിന്നെ അവന്റെ കഴുത്തിൽ ചങ്ങലയിടുവിൻ. അനന്തരം അവനെ കത്തിയെരിയുന്ന നരകാഗ്നിയിൽ എരിക്കുവിൻ; പിന്നെ അവനെ എഴുപതുമുഴം നീളമുള്ള ശൃംഖലയിൽ കുടുക്കുവിൻ"(69:31-33). ഈ വാക്യങ്ങൾ വ്യക്തമാക്കിത്തരുന്നത് ഈ ലോകത്തെ ആത്മീയപീഡകൾ പരലോകത്ത് പ്രത്യക്ഷ രൂപത്തിൽ വെളിപ്പെടുമെന്നാകുന്നു. കഴുത്തിലിടുന്നതായി പറയപ്പെട്ടിരിക്കുന്ന ചങ്ങല മനുഷ്യന്റെ ശിരസ്സിനെ ഭൂമിയിലേക്ക് കുനിച്ചു കളയുന്ന വിഷയേച്ഛകളെയാണ് സൂചിപ്പിക്കുന്നത്. ഈ ഇച്ഛകളെല്ലാം പരലോകത്ത് ചങ്ങലയുടെ രൂപത്തിൽ അവന് വെളിപ്പെടുന്നതായിരിക്കും. ഈ ലോകത്തെ താഴ്ന്ന കെട്ടുപാടുകളെല്ലാം കാലുകളിൽ കുടുക്കിയിരിക്കുന്ന ശൃംഖലയായി കാണപ്പെടുന്നതുമായിരിക്കും. വിഷയേച്ഛകൾ നിമിത്തം ഉണ്ടായിത്തീരുന്ന ആധി

യാകുന്ന അഗ്നി പ്രത്യക്ഷത്തിൽ ജ്വലിക്കുന്നതായി കാണാം. അധർമ്മകാരി ഐഹിക ജീവിതത്തിൽ ഇന്ദ്രിയാശകളാലുള്ള ഒരു നരകം ഉള്ളിൽ വഹിച്ചു നടക്കുന്നവനാകുന്നു. തന്റെ ആശകൾ പൂർത്തിയാകാതെ വരുമ്പോൾ ഉള്ളിലെ ആ നരകാഗ്നിയുടെ താപം അവന് അനുഭവപ്പെടുന്നു. തൻനിമിത്തം ഐഹികേച്ഛകൾ പൂർത്തിയാകാതെ അവയിൽനിന്നു അവൻ അകറ്റപ്പെടുകയും എന്നേയ്ക്കുമായി അവനെ നൈരാശ്യം ബാധിക്കുകയും ചെയ്യുമ്പോൾ അവനു അനുഭവമാകുന്ന ആധികളെ ദൈവം പ്രത്യക്ഷാഗ്നിയുടെ രൂപത്തിൽ വെളിപ്പെടുത്തുന്നതാണ്. വിശുദ്ധഖുർആൻ പറയുന്നു: وَحِيلَ بَيْنَهُمْ وَبَيْنَ مَا يَشْتَهُونَ "അവർക്കും അവർ ആശിക്കുന്ന കാര്യങ്ങൾക്കും മദ്ധ്യേ ഒരു തടസ്സം ഉണ്ടായിരിക്കുന്നതാണ്"(34:55). ഇതായിരിക്കും അവർക്കുള്ള ശിക്ഷയുടെ മൂലം.

'അവനെ എഴുപതുമുഴം നീളമുള്ള ചങ്ങലയിൽ കുടുക്കുക' എന്നു പാപിയായ മനുഷ്യനെ സംബന്ധിച്ചു വിശുദ്ധഖുർആൻ പറഞ്ഞിട്ടുള്ളതിൽ ഒരു തത്ത്വരഹസ്യം അന്തർഭവിച്ചിരിക്കുന്നുണ്ട്. അധർമ്മി മിക്കവാറും എഴുപതുവയസ്സുവരെ ജീവിച്ചിരിക്കുമെന്നാണ് ഈ വചനം സൂചിപ്പിക്കുന്നത്. ചിലപ്പോൾ ബാല്യദശയും വാർദ്ധക്യത്തിലെ ക്ഷീണദശയും കൂടാതെ എഴുപതു വർഷത്തോളമുള്ള ഒരു ദീർഘജീവിതം പാപിഷ്ടന് ഈ ലോകത്ത് ലഭിക്കാറുണ്ട്. വിവേകബുദ്ധി ഉപയോഗിച്ച് നീതിപൂർവ്വം പ്രവർത്തിക്കേണ്ടതിനു സർവ്വഥാ യോഗ്യമായ തന്റെ ആയുഷ്ക്കാലത്തിലെ സുവർണ്ണഘട്ടമായ ഈ എഴുപതു വർഷം അവൻ പ്രപഞ്ചാനുരാഗത്തിൽ നയിച്ചൊടുക്കുന്നു. ഈ അപകൃഷ്ടമായ ഭൗതികബന്ധത്തിൽനിന്നു മോചനം പ്രാപിക്കുന്നതിനു ശ്രമിക്കാതെ അവൻ ജീവിതയാപനം തുടരുന്നതിനാൽ പ്രസ്തുത ദൈവവാക്യം പറയുന്നതു പോലെ, അവന്റെ എഴുപതുവർഷക്കാലത്തെ ജീവിതം പരലോകത്തു എഴുപതു മുഴം നീളമുള്ള ചങ്ങലയായി അവനെ ചുറ്റിക്കൂടുന്നതായിരിക്കും. ചങ്ങലയുടെ ഓരോ മുഴം നീളവും ദുർവൃത്തന്റെ ജീവദശയിലെ ഓരോ വർഷക്കാലത്തെയാണ് കുറിക്കുന്നത്. ദൈവം ആർക്കും ഒരു കഷ്ടപ്പാടും ഉണ്ടാക്കിവെക്കുന്നില്ല എന്നതു ഇവിടെ പ്രത്യേകം അനുസ്മരണീയമാണ്. മറിച്ചു മനുഷ്യൻ ദുഷ്കർമ്മങ്ങൾ മുഖേന സമ്പാദിക്കുന്ന ദോഷഫലങ്ങളെ ദൈവം അവന്റെ മുമ്പിൽ വെച്ചുകൊടുക്കുക മാത്രമാണ് ചെയ്യുന്ന

ത്. ഈ ദൈവനിയമത്തെ സൂചിപ്പിച്ചു വിശുദ്ധഖുർആൻ പറയുക യാണ്: انْطَلِقُوا إِلَىٰ ظِلٍّ ذِي ثَلَاثِ شُعَبٍ ﴿٣١﴾ لَا ظَلِيلٍ وَلَا يُغْنِي مِنَ اللَّهَبِ ﴿٣٢﴾

"ഹേ, ദുർമ്മാർഗ്ഗികളെ! നിങ്ങൾക്കു തണലായിരിക്കുകയോ അഗ്നി യുടെ ഊഷ്മാവിനെ തടുക്കുവാൻ ഉപകരിക്കുകയോ ചെയ്യാത്ത മൂന്നു ശാഖകളുടെ ചുവട്ടിലേക്കു നിങ്ങൾ നടക്കുവിൻ"(77:31,32).

ഈ വാക്യത്തിൽ പ്രസ്താവിച്ച മൂന്നു ശാഖകൾ എന്നതു കൊണ്ടു വിവക്ഷിതമാക്കപ്പെട്ടിരിക്കുന്നത് ദുഷ്ടജന്തുപ്രകൃതി, പ്രാണി പ്രകൃതി, ആശങ്കാ പ്രകൃതി എന്നീ സ്വഭാവങ്ങളെയാണ്. ഈ മൂന്നു സ്വഭാവങ്ങളെയും നിയന്ത്രിച്ച് ധാർമ്മിക ഗുണങ്ങളായി രൂപാന്തരപ്പെടുത്താതിരിക്കുന്നവർക്കു അവ ന്യായവിസ്താരനാ ളിൽ ഇല ഇല്ലാതെ നില്ക്കുന്ന മൂന്നു ശാഖയെന്നവണ്ണം വെളി പ്പെടുന്നതാണ്. അവയ്ക്കു ഉഷ്ണത്തെ തടുക്കുവാൻ കഴിവില്ലാ ത്തതിനാൽ ചുവട്ടിൽ നില്ക്കുന്നവർ താപംകൊണ്ടു ദുഃഖിക്കുന്ന താണ്. ഇതേ ദൈവനിയമത്തെ വ്യക്തമാക്കുന്നതിനു വിശുദ്ധ ഖുർ ആൻ സ്വർഗ്ഗവാസികളെ സംബന്ധിച്ചു പറയുന്നു:

يَوْمَ تَرَى الْمُؤْمِنِينَ وَالْمُؤْمِنَاتِ يَسْعَىٰ نُورُهُمْ بَيْنَ أَيْدِيهِمْ وَبِأَيْمَانِهِمْ

''ധർമ്മവിശ്വാസികളെയും ധർമ്മവിശ്വാസിനികളെയും അവർക്കു ഐഹികജീവിതത്തിൽ ഗൂഢസിദ്ധമായിട്ടുള്ള പ്രകാശം ആ നാളിൽ അവരുടെ മുമ്പിലും വലതുഭാഗത്തും പ്രവഹിച്ചു കൊണ്ടിരിക്കുന്ന നിലയിൽ നീ കാണുന്നതാണ്"(57:13). മറ്റൊരി ടത്തു ഖുർആൻ പറയുന്നു: يَوْمَ تَبْيَضُّ وُجُوهٌ وَتَسْوَدُّ وُجُوهٌ ''അന്നേ ദിവസം ചില മുഖങ്ങൾ വെളുത്തു പ്രകാശിക്കുന്നവയും ചില മുഖ ങ്ങൾ കറുത്തിരുണ്ടവയും ആയിരിക്കും"(3:107). വീണ്ടും പറയുന്നു:

مَثَلُ الْجَنَّةِ الَّتِي وُعِدَ الْمُتَّقُونَ ۖ فِيهَا أَنْهَارٌ مِنْ مَاءٍ غَيْرِ آسِنٍ وَأَنْهَارٌ مِنْ لَبَنٍ لَمْ يَتَغَيَّرْ طَعْمُهُ وَأَنْهَارٌ مِنْ خَمْرٍ لَذَّةٍ لِلشَّارِبِينَ وَأَنْهَارٌ مِنْ عَسَلٍ مُصَفًّى ۖ

"ഭക്തജനത്തിനു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗം ഒരിക്കലും മലിനമാകാത്ത ശുദ്ധജലവാഹിനികളോടും രുചിഭേദം വരാത്ത ക്ഷീരനദികളോടും കുടിക്കുന്നവർക്കു ആനന്ദത്തെ നല്കുന്ന ലഹ

രിയില്ലാത്ത മദ്യനദികളോടും നിർമ്മലവും നിർദ്ദോഷവുമായ തേൻപുഴകളോടുംകൂടിയ തോട്ടം കണക്കെയാകുന്നു"(47:16).

ഈ വാക്യത്തിൽനിന്നു, സ്വർഗ്ഗമെന്നത് പ്രസ്തുത സുഖസാധനങ്ങളാലുള്ള അനന്തപ്രവാഹങ്ങളുടെ പ്രതിഫലനമാണെന്നാണ് മനസ്സിലാകുന്നത്. ഭക്തനായ മനുഷ്യൻ ഐഹിക ജീവിതത്തിൽ ആത്മീയമായി പാനം ചെയ്യുന്ന ജീവജലം പാരത്രികജീവിതത്തിൽ സ്വച്ഛജലവാഹിനിയായി രൂപപ്പെടുകയും ഈ ലോകത്തുവച്ചു അവൻ ഒരു ശിശുവെന്നപോലെ ആത്മീയമായി ഏതൊരു പാലു കൊണ്ടും പരിപോഷിപ്പിക്കപ്പെടുന്നുവോ ആ ആത്മീയക്ഷീരം പരലോകത്തിൽ പാൽനദിയായി പ്രത്യക്ഷപ്പെടുകയും, ഇഹത്തിൽ അവൻ ആത്മീയമായി ഏതൊരു അനുരാഗത്തിന്റെ ലഹരികൊണ്ടു ആനന്ദതുന്ദിലനായി ഭവിക്കുന്നുവോ ആ ദൈവാനുരാഗമാകുന്ന ആത്മീയ മദ്യം പരത്തിൽ മദ്യനദിയായി പരിണമിക്കുകയും, ഈ ലോകത്തു അവൻ ആത്മീയമായി ആസ്വദിക്കുന്ന സത്യവിശ്വാസത്തിന്റെ മധുരിമയാകുന്ന തേൻ മറുലോകത്തു മധുപ്രവാഹമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ ഓരോ സ്വർഗ്ഗീയ മനുഷ്യന്റെയും ആദ്ധ്യാത്മാവസ്ഥകൾ അവന്റെ തോപ്പുകളും ആറുകളും എന്നവണ്ണം ഗോചരീഭവിക്കുന്നതാണ്. ആ നാളിൽ സർവ്വമഹിമാപ്രതാപവാനായ ദൈവം പ്രഭാവത്തോടുകൂടി സ്വർഗ്ഗവാസികൾക്കു പ്രത്യക്ഷപ്പെടുന്നതായിരിക്കും. ചുരുക്കത്തിൽ, ആ ഘട്ടത്തിൽ ആത്മീയാവസ്ഥകൾ നിഗൂഢമായിരിക്കാതെ സ്പർശഗോചരമാകുംവിധം പ്രസ്പഷ്ടമായിരിക്കുന്നതാണ്.

## മൂന്നാമത്തെ തത്ത്വം

പരലോകത്തു അനുഭവപ്പെടുന്ന അഭിവൃദ്ധികളും ഉന്നതികളുമെല്ലാം അപരിമിതവും അനന്തവുമായിരിക്കുമെന്നുള്ളതാണ് മൂന്നാമത്തെ തത്ത്വം. വിശുദ്ധഖുർആൻ പറയുന്നതിങ്ങനെയാണ്:

وَالَّذِينَ آمَنُوا مَعَهُ ۖ نُورُهُمْ يَسْعَىٰ بَيْنَ أَيْدِيهِمْ وَبِأَيْمَانِهِمْ يَقُولُونَ
رَبَّنَا أَتْمِمْ لَنَا نُورَنَا وَاغْفِرْ لَنَا ۖ إِنَّكَ عَلَىٰ كُلِّ شَيْءٍ قَدِيرٌ

"ഈ ലോകത്തുവച്ചു സത്യബോധപ്രകാശം സിദ്ധിച്ച വിശ്വാസികളുടെ ആ ദിവ്യപ്രകാശം ന്യായവിസ്താര നാളിൽ അവരുടെ മുൻവശത്തും വലതുവശത്തും പ്രവഹിച്ചു കൊണ്ടിരിക്കുന്നതാണ്.

'ഹേ ഞങ്ങളുടെ നാഥാ! നീ ഞങ്ങളുടെ പ്രകാശം പരിപൂർണ്ണമാക്കിത്തരുകയും ഞങ്ങളെ നിന്റെ മഗ്ഫിറത്തിൽ അഥവാ സംരക്ഷണയിൽ സ്വീകരിക്കുകയും ചെയ്യേണമേ! നീ സർവ്വവസ്തുക്കളുടെയുംമേൽ ശക്തിയുള്ളവനാണല്ലോ' എന്നു അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കും"(66:9). ഈ വാക്യത്തിൽ അവർ തങ്ങളുടെ പ്രകാശസംപൂർത്തിയ്ക്കായി പ്രാർത്ഥിച്ചു കൊണ്ടിരിക്കുമെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നതിൽനിന്നു മനസ്സിലാകുന്നത്, സ്വർഗ്ഗത്തിലെ അഭിവൃദ്ധി അനന്തമായിരിക്കുമെന്നാണ്. അതായത്, അവർ ആത്മപ്രകർഷമാകുന്ന പ്രകാശത്തിന്റെ ഒരു പൂർണ്ണത പ്രാപിച്ചു കഴിഞ്ഞാൽ അവിടെ നില്ക്കുന്നില്ല. ഈ ഘട്ടത്തിൽ അവർ ഉപരിയായ മറ്റൊരു ഉൽക്കൃഷ്ടത കാണുകയും ആദ്യത്തേത് അപൂർണ്ണാവസ്ഥയായി വിചാരിക്കുകയും അതിനപ്പുറമുള്ള രണ്ടാമത്തെ ഉൽക്കൃഷ്ടതയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതു സാധിച്ചു കഴിയുമ്പോൾ അവർ മൂന്നാമതൊരു ശ്രേഷ്ഠാവസ്ഥ കാണുമാറാകുന്നു. അപ്പോൾ അതുവരെയുള്ള സിദ്ധിയെല്ലാം അപൂർണ്ണമെന്നു ഗ്രഹിക്കുകയും ഉപരിയായ സ്ഥാനത്തിനു പ്രാർത്ഥിച്ചു തുടങ്ങുകയും ചെയ്യുന്നു. ഇങ്ങനെയുള്ള അനന്തമായ അഭിവൃദ്ധിയുടെ ആഗ്രഹത്തെയാണ് '**അത്മിം**' (പരിപൂർണ്ണമാക്കേണമേ) എന്ന പദം വെളിപ്പടുത്തുന്നത്. ചുരുക്കത്തിൽ, സജ്ജനങ്ങൾ ഇപ്രകാരം അനന്തമായ അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുകയല്ലാതെ ഒരിക്കലും അധഃപതിക്കുകയോ സ്വർഗ്ഗത്തിൽനിന്നു ബഹിഷ്കരിക്കപ്പെടുകയോ ഉണ്ടാവുന്നതല്ല. അവർ അശേഷം പിറകോട്ടു ഗമിക്കാതെ അനുനിമിഷം മുമ്പോട്ടുതന്നെ പോയ്ക്കൊണ്ടിരിക്കുന്നതാണ്.

മേലുദ്ധരിച്ച ഖുർആൻ വാക്യത്തിൽ സജ്ജനങ്ങൾ '**മഗ്ഫിറത്തി**'നുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുമെന്നു പ്രസ്താവിക്കപ്പെട്ടിട്ടുണ്ടല്ലോ. സ്വർഗ്ഗത്തിൽ പ്രവേശിച്ച പുണ്യാത്മാക്കൾക്ക് മഗ്ഫിറത്തിന് ഒരു കുറവും ഉണ്ടായിരിക്കാവുന്നതല്ലാത്തതിനാലും അവർക്കു പാപമോചനം സിദ്ധിച്ചിരിക്കുന്നതിനാലും അവർ '**ഇസ്തിഗ്ഫാർ**' (ക്ഷമായാചനം) ചെയ്യേണ്ടുന്ന ആവശ്യമെന്ത് എന്നൊരു ചോദ്യം ഇവിടെ ഉണ്ടാകാം. ഈ ചോദ്യം 'മഗ്ഫിറത്ത്' എന്ന പദത്തിന്റെ അർത്ഥം നല്ലപോലെ ഗ്രഹിക്കാത്തതിനാലുണ്ടാകുന്നതാണ്. അതിന്റെ ശരിയായ അർത്ഥം, അയോഗ്യവും

അപൂർണ്ണവുമായുള്ള അവസ്ഥയെ കീഴമർത്തുക, അല്ലെങ്കിൽ ഗോപനം ചെയ്യുക എന്നാണ്. അതിനാൽ, സ്വർഗ്ഗവാസികളായ പുണ്യമൂർത്തികൾ പരിപൂർണ്ണമായ ശ്രേഷ്ഠതയെ പ്രാപിക്കുന്നതിനും പ്രകാശത്തിൽ ലയിക്കുന്നതിനും കാംക്ഷിച്ചുകൊണ്ടിരിക്കും. തങ്ങൾ പ്രാപിച്ചുകഴിഞ്ഞ അവസ്ഥയിലും ഉപരിയായ മറ്റൊരു ഉൽക്കൃഷ്ടതയെ അവർ കാണുമ്പോൾ ആദ്യാവസ്ഥയെ അപൂർണ്ണമെന്ന് ഗ്രഹിക്കുകയും തന്മൂലം അതിനെ ഗോപനം ചെയ്യുന്നതിനായിക്കൊണ്ടു പ്രാർത്ഥിക്കുകയും ചെയ്യും. പിന്നെ, അതിലും ഉപരിയായ മൂന്നാമതൊരു പ്രകർഷാവസ്ഥ കാണുമ്പോൾ അതുപര്യന്തം സാധിച്ചിട്ടുള്ള നിലയെ സംബന്ധിച്ചേടത്തോളം 'മഗ്ഫിറത്ത്' ലഭിക്കുന്നതിനായിട്ട് അവർ കാംക്ഷിക്കുന്നതാണ്. അതായത്, ആ അപൂർണ്ണാവസ്ഥയെ ഗോപനം ചെയ്തു കിട്ടുന്നതിനു തന്നെ. ഇപ്രകാരം അവർ അനന്തമായ മഗ്ഫിറത്തിനായി അഥവാ അപൂർണ്ണാവസ്ഥകളെ ഇല്ലായ്മ ചെയ്തു കിട്ടുന്നതിനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കും. എന്തെന്നാൽ, അവിടെവച്ചു അവർക്കു പ്രാപ്യമാകുന്ന അഭിവൃദ്ധി അനന്തമായിരിക്കുന്നതാണ്. 'മഗ്ഫിറത്ത്' എന്നും 'ഇസ്തിഗ്ഫാർ' എന്നുമുള്ള പദങ്ങളെയാണ് ദോഷദൃക്കുകൾ നമ്മുടെ നബിനായകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെമേൽ ദോഷാരോപണം ചെയ്യുന്നതിനു അവലംബമാക്കിയിരിക്കുന്നത്. എന്നാൽ, ഈ വാക്കുകളുടെ ശരിയായ അർത്ഥം മേൽവിവരണം കൊണ്ട് സ്പഷ്ടമായിരിക്കുന്നു. ഇസ്തിഗ്ഫാറിനുള്ള ആകാംക്ഷ മനുഷ്യനെ അനന്തമായ അഭിവൃദ്ധിയിലേക്കു നയിക്കുന്നതിനു പ്രേരകമാകുന്നതുകൊണ്ടു അതു അവന് അഭിമാനഹേതുകമാണ്. സ്ത്രീയുടെ വയറ്റിൽനിന്നും വന്ന ഏതൊരുത്തൻ 'ഇസ്തിഗ്ഫാർ' എന്ന രക്ഷാർത്ഥനയെ നിത്യാനുഷ്ഠാനമാക്കുന്നില്ലയോ അവൻ ഒരു കീടമാകുന്നു; അന്ധകാരത്തിൽ വർത്തിക്കുന്ന കുരുടനാകുന്നു; ഹൃദയത്തിൽ പാപമുള്ള അശുദ്ധനാകുന്നു.

ചുരുക്കിപ്പറയാം, വിശുദ്ധഖുർആന്റെ അദ്ധ്യാപനമനുസരിച്ചു സ്വർഗ്ഗവും നരകവും മനുഷ്യന്റെ ഐഹിക ജീവിതാവസ്ഥകളുടെ പ്രതിരൂപങ്ങളാകുന്നു. അവ പുറമെനിന്നു വരുന്ന നവ്യമായ ജഡികലോകങ്ങളല്ല. സ്വർഗ്ഗനരകങ്ങൾ ജഡരൂപത്തിൽ പ്രത്യക്ഷമാകുന്നവയാണെങ്കിലും അവ ഈ ജീവിതത്തിലെ ആത്മീയാവസ്ഥകളുടെ

പ്രതിച്ഛായകൾ മാത്രമാകുന്നു. സ്വർഗ്ഗം ഈ ലോകത്തിലുള്ളപോലെ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ള ജഡികമായ ലോകമാണെന്നോ നരകം ഗന്ധകശിലകളോടും മറ്റും കൂടിയ സാധനപരമായ കുടീരമാണെന്നോ ഞങ്ങൾ വിശ്വസിക്കുന്നില്ല. നേരെ മറിച്ച് സ്വർഗ്ഗവും നരകവും ഇസ്ലാംമതം പഠിപ്പിക്കുന്ന പ്രകാരം, മനുഷ്യന്റെ ഐഹിക ജീവിതത്തിലെ കർമ്മാവസ്ഥകളുടെ പ്രതിഫലനങ്ങളാകുന്നുവെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

# ഐഹിക ജീവിതോദ്ദേശ്യവും തൽപ്രാപ്തിക്കുള്ള മാർഗ്ഗവും

ഈ ലോകത്തിൽ മനുഷ്യന്റെ ജീവിതോദ്ദേശ്യവും അതിനെ പ്രാപിക്കാനുള്ള മാർഗ്ഗവും എന്തെന്നുള്ളതാണ് മൂന്നാമത്തെ പ്രശ്നം. ഭിന്ന സ്വഭാവക്കാരായ മനുഷ്യർ പൊതുവെ തങ്ങളുടെ വിവരക്കുറവിനാലോ ക്ഷുദ്രമനഃസ്ഥിതിയാലോ തങ്ങളുടെ ജീവിതത്തിനു വ്യത്യസ്ത തരത്തിലുള്ള ഉദ്ദേശ്യങ്ങൾ നിർണ്ണയിക്കുകയും കേവലം ലൗകികാസക്തികളെയും ശരീരേച്ഛകളെയും തൃപ്തിപ്പെടുത്തുന്നതരത്തിൽ ജീവിതം നയിച്ചൊടുക്കുകയും ചെയ്യുന്നു. എന്നാൽ, സൃഷ്ടി കർത്താവായ ദൈവം തന്റെ വിശുദ്ധ വചനത്തിൽ മനുഷ്യജീവിതത്തിന്റെ പരമോദ്ദേശ്യമായി കല്പിച്ചിരിക്കുന്നതു ഇപ്രകാരമാണ് :

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾ ''എന്നെ അറിയുന്നതിനും ആരാധിക്കുന്നതിനുമായിട്ടു മാത്രമാണ് ഞാൻ ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചിരിക്കുന്നത്''(51:57).

**ജീവിതലക്ഷ്യം**

ഈ ഖുർആൻ വാക്യമനുസരിച്ചു മനുഷ്യന്റെ ജീവിതോദ്ദേശ്യം, സ്രഷ്ടാവായ ദൈവത്തെ അറിയുകയും അവനെ ആരാധിക്കുകയും അവനായ്ക്കൊണ്ടു ജീവിക്കുകയും ആകുന്നു. തന്റെ ജീവിതത്തിനു സ്വേച്ഛയാ ഒരുദ്ദേശ്യം നിശ്ചയിക്കുവാൻ മനുഷ്യനു അധികാരമില്ല. എന്തെന്നാൽ, അവൻ ഈ ലോകത്തു സ്വന്തം ഇഷ്ടപ്രകാരം വരുകയോ സ്വമേധയാ ഇവിടെ നിന്നു തിരിച്ചുപോവുകയോ ചെയ്യുന്നില്ല. അവൻ ഒരു സൃഷ്ടി മാത്രമാണ്. അവനെ നാസ്തിയമായ അവസ്ഥയിൽനിന്നു ഉത്ഭവിപ്പിക്കുകയും അവനു ഇതരജീവികളെ

അപേക്ഷിച്ചു പാവനവും ഉൽക്കൃഷ്ടവുമായ ശക്തികളും ബോധ ങ്ങളും പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്ന സ്രഷ്ടാവുതന്നെ അവന്റെ ജീവിതത്തിനു ഒരുദ്ദേശ്യവും കല്പിച്ചിട്ടുണ്ട്. ഈ സംഗതി അവൻ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അവന്റെ ജീവിതോദ്ദേശ്യം യഥാർത്ഥത്തിൽ ദൈവത്തെ അറിയുകയും അവനെ വണങ്ങുകയും അവനിൽ ലയിക്കുകയുമാണെന്നതു നിസ്സന്ദേഹമാണ്. വിശുദ്ധ ഖുർആൻ പറയുന്നു: إِنَّ الدِّينَ عِندَ اللَّهِ الْإِسْلَامُ "നിശ്ചയമായും ദൈവത്തെ സംബന്ധിച്ചു യഥാർത്ഥ ജ്ഞാനം പ്രദാനം ചെയ്യു കയും ദൈവോപാസനയ്ക്കുള്ള ശ്രേഷ്ഠമാർഗ്ഗം കാണിച്ചു തരു കയും ചെയ്യുന്ന ദൈവിക മതമാകുന്നു ഇസ്ലാം"(3:20). فِطْرَتَ اللَّهِ الَّتِي فَطَرَ النَّاسَ عَلَيْهَا "അല്ലാഹു മനുഷ്യനെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ ശുദ്ധ പ്രകൃതിയിൽ തദനുരൂപമായി നിക്ഷിപ്തമായിരിക്കുന്ന മതം. ***ദാലിക്കദീനുൽ ഖയ്യിം*** അതുതന്നെയാണ് യഥാർത്ഥ മതം''(30:31). അതായത് മനുഷ്യപ്രകൃതി ഇസ്ലാമിക മാതൃകയ്ക്കു അനുഗുണമായിട്ടുള്ള താണെന്നതു തന്നെ. മറ്റൊരു പ്രകാരത്തിൽ പറയുന്നതായാൽ, മനുഷ്യൻ തന്റെ സകലശക്തികളും ബോധങ്ങളും ദൈവാനുരാഗ ത്തിലും ദൈവഹിതാനുസരണത്തിലും ദൈവോപാസനയിലും വ്യാപരിപ്പിക്കണമെന്നാണ് സൃഷ്ടികർത്താവ് ഉദ്ദേശിച്ചിരിക്കുന്ന ത്. അതിനാൽ അവൻ ഇസ്ലാമിക മാതൃകയ്ക്കു അനുരൂപമായ ശക്തികളും വികാരങ്ങളും മനുഷ്യനു പ്രദാനം ചെയ്തിരിക്കുകയാണ്.

പ്രസ്തുത ദൈവവചനങ്ങളുടെ സവിസ്തരമായ വ്യാഖ്യാന ത്തിനു ഇവിടെ സൗകര്യമില്ല. കുറഞ്ഞൊരു വിവരണം ഒന്നാം ചോദ്യത്തിനുള്ള ഉത്തരത്തിന്റെ മൂന്നാമത്തെ ഘട്ടത്തിൽ ചേർത്തി ട്ടുണ്ട്. അതിനാൽ, മനുഷ്യന് നല്കപ്പെട്ടിരിക്കുന്ന ആന്തരവും ബാഹ്യവുമായ അവയവങ്ങളും ബോധശക്തികളുമെല്ലാം ഇസ്ലാമി കാദർശത്തിനു അനുയോജ്യമാണെന്ന സംഗതി മാത്രം ഇവിടെ ചുരുക്കത്തിൽ വിശദീകരിച്ചു കൊള്ളാം. മനുഷ്യന്റെ ബാഹ്യവും ആഭ്യന്തരവുമായ ശക്തികൾ പരിശോധിക്കുന്നതായാൽ അവ യുടെയെല്ലാം പരമപ്രയോജനം ദൈവത്തെ അറിയുകയും ആരാ ധിക്കുകയും സ്നേഹിക്കുകയും ചെയ്യുകയാണെന്നു ബോധ്യമാ കുന്നതാണ്. അതിനാലത്രേ മനുഷ്യൻ ഐഹിക ജീവിതത്തിൽ

വിവിധങ്ങളായ വ്യാപാരങ്ങളിലും പരിശ്രമങ്ങളിലും ഏർപ്പെടുകയും എന്തെല്ലാം സുഖ സൗകര്യങ്ങൾ ലഭിക്കുകയും ചെയ്താലും, ദൈവത്തിലല്ലാതെ മറ്റൊന്നിലും അവനു ആ യഥാർത്ഥ സുഖം അനുഭവപ്പെടാതിരിക്കുന്നത്. കോടീശ്വരനോ വർത്തക പ്രമാണിയോ മന്ത്രി പുംഗവനോ രാജാധിരാജനോ മഹാദാർശനികനോ ആയിരുന്നാലും അവൻ ലൗകികമായ കെട്ടുപാടുകളിൽ കുടുങ്ങി ഒടുവിൽ ദുഃഖാർത്തനായി ജീവിതം വെടിയുന്നു. സ്വേച്ഛകൾക്കു വശഗനായി പ്രപഞ്ചാനുരാഗത്തിൽ ലയിക്കുക നിമിത്തം അവന്റെ അന്തഃകരണം അവനെ ശാസിക്കുന്നു. ഐഹിക വ്യാപാരങ്ങളുടെ വിജയ പ്രാപ്തിക്കുവേണ്ടി അവൻ കൈക്കൊണ്ട കുനയം, വഞ്ചന, അക്രമം തുടങ്ങിയ അമംഗള കർമ്മങ്ങളിൽ അവന്റെ മനഃസാക്ഷി അനുകൂലിക്കാത്തതിനാൽ അതു അവനെ കുറ്റപ്പെടുത്തുന്നു.

പ്രസ്തുത വിഷയത്തെ മറ്റൊരു പ്രകാരത്തിലും നമുക്കു വീക്ഷിക്കാം. ഒരു ജന്തുവിനു പരമാവധി ചെയ്യുവാൻ കഴിയുന്ന കാര്യം അതു ചെയ്യുകയും അതിൽക്കവിഞ്ഞു ഒന്നും ചെയ്യാൻ കഴിയാതെ അതവിടെ നിന്നു പോവുകയും ചെയ്യുന്നുവെങ്കിൽ, ആ അന്തിമ കാര്യമാണ് അതിന്റെ ജീവിതം കൊണ്ടുള്ള പരമപ്രയോജനം എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി, എരുതിനെക്കൊണ്ടുള്ള പരമപ്രയോജനം നിലം ഉഴുകയോ കൃഷി നനയ്ക്കുകയോ ഭാരം വലിക്കുകയോ ആകുന്നു. ഇതിലുപരിയായ ഒരു ശക്തി അതിനുള്ളതായി തെളിയുന്നില്ല. അതിനാൽ ഇപ്പറഞ്ഞതു തന്നെയാണ് കാളയുടെ ജീവിതം കൊണ്ടുള്ള പരമപ്രയോജനം. എന്നാൽ, മനുഷ്യന്റെ ശക്തികളിൽ അത്യുൽക്കൃഷ്ടമായ ശക്തിയേതെന്നു പരിശോധിക്കുന്നതായാൽ, അതു സർവ്വോന്നതനായ സൃഷ്ടികർത്താവിനെ ആരായുന്നതിനുള്ള ബോധശക്തിയാണെന്നു കാണാം. ഈ ശക്തി അവനെ, തനിക്കായി ഒന്നും ശേഷിപ്പിക്കാതിരിക്കുമാറ് സർവ്വവും ദൈവത്തിൽ അർപ്പിച്ചു കൊണ്ടു പൂർണ്ണമായും ദൈവാനുരാഗത്തിൽ ലയിപ്പിക്കുവാൻ പര്യാപ്തമാകുന്നു. ഉണ്ണുക, ഉറങ്ങുക തുടങ്ങിയ ശാരീരിക ധർമ്മങ്ങളിൽ അവൻ ഇതര ജീവികൾക്കു തുല്യൻ മാത്രമാണ്. എന്നാൽ, ചില ജീവികൾ കരകൗശലത്തിൽ അവനെ അതിശയിക്കുന്നുണ്ട്. അല്പപ്രാണിയായ തേനീച്ച പലതരം പൂക്കളിൽനിന്നു സത്തെടുത്തു വിശിഷ്ടമായ തേനുണ്ടാക്കുന്നു; എന്നാൽ, ബുദ്ധിജീവിയായ മനുഷ്യൻ നാളിതു

വരെ ഈ വ്യവസായത്തിൽ വിജയിച്ചിട്ടില്ല. ഇങ്ങനെ മനുഷ്യന്റെ പൂർണ്ണത ഈ ദൃശ്യവിഷയങ്ങളിലൊന്നുമല്ലെന്നും ദൈവൈക്യ പ്രാപ്തിയിൽ മാത്രമാണെന്നും കാണാം. അതിനാൽ, മനുഷ്യന്റെ ഹൃദയഗേഹത്തിന്റെ കവാടം ദൈവത്തിനു നേരെ തുറന്നിടുക എന്നതാണ് അവന്റെ ജീവിതത്തിന്റെ യഥാർത്ഥോദ്ദേശ്യം.

## ലക്ഷ്യപ്രാപ്തിക്കുള്ള അഷ്ടമാർഗ്ഗം

ഈ ഉദ്ദേശ്യം സാധിക്കുന്നതെങ്ങനെ, അതിനുള്ള മാർഗ്ഗങ്ങളേവ? എന്ന വിഷയത്തെ നമുക്കിനി പ്രതിപാദിക്കാം. ഈ ലക്ഷ്യപ്രാപ്തിക്കുള്ള പ്രഥമവും പ്രധാനവുമായ മാർഗ്ഗം, ദൈവത്തെ ശരിയാം വണ്ണം അറിയുകയും ജീവിച്ചിരിക്കുന്ന സത്യദൈവത്തിൽ വിശ്വസിക്കുകയും ചെയ്യുകയാകുന്നു. ഒരുവൻ ഈ പ്രഥമപദത്തിൽ തന്നെ പിഴക്കുകകയും, പക്ഷിയെയോ മൃഗത്തെയോ മനുഷ്യസന്താനത്തെയോ പ്രകൃതി വസ്തുവിനെയോ ദൈവമായി കരുതി വിശ്വസിക്കുകയും ചെയ്യുന്ന പക്ഷം അവന്റെ രണ്ടാമത്തെ കാൽവെപ്പ് നേർവഴിയിലായിരിക്കുമെന്നു വിചാരിക്കാവുന്നതെങ്ങനെ? നിത്യനായ സത്യദൈവം യഥാർത്ഥനിലയിൽ, തന്നെ അന്വേഷിക്കുന്നവർക്കു സഹായം നല്കുന്നു. എന്നാൽ, ജീവചലനമില്ലാത്ത മൃതനായ ദൈവത്തിന് മൃതപ്രായരായ സേവകരെ സഹായിക്കുവാൻ സാധിക്കുകയില്ല. ഈ വസ്തുതയെ വിശുദ്ധ ഖുർആൻ ഉപമാരൂപത്തിൽ ഉദാഹരിക്കുന്നതിങ്ങനെയാണ്:

لَهُۥ دَعْوَةُ الْحَقِّ ۖ وَالَّذِينَ يَدْعُونَ مِن دُونِهِۦ لَا يَسْتَجِيبُونَ لَهُم بِشَىْءٍ إِلَّا
كَبَاسِطِ كَفَّيْهِ إِلَى الْمَآءِ لِيَبْلُغَ فَاهُ وَمَا هُوَ بِبَالِغِهِۦ ۚ وَمَا دُعَآءُ الْكَٰفِرِينَ
إِلَّا فِى ضَلَٰلٍ ﴿١٥﴾

''സർവ്വശക്തനായ സത്യദൈവമത്രേ യഥാർത്ഥത്തിൽ പ്രാർത്ഥനക്കർഹൻ; അവനെ കൂടാതെ അന്യരെ വിളിച്ചു പ്രാർത്ഥിക്കുന്നവർക്കു ആ പ്രാർത്ഥിതർ ഒരുത്തരവും നല്കുന്നില്ല. അവരുടെ ഉദാഹരണം, സ്വന്തം വായിൽ വെള്ളം കയറിച്ചെല്ലുന്നതിനു അതിനോടു കൈനീട്ടി അർത്ഥിക്കുന്നവന്റേതുപോലെയാകുന്നു. എന്നാലോ ജലം അവന്റെ വായിൽ എത്തുകയില്ല, നിശ്ചയം. സത്യസ്വരൂപനായ ദൈവത്തെക്കുറിച്ചു അറിയാതെ കൃത്രിമ ദൈവങ്ങളിൽ വിശ്വസിച്ച് പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനകൾ അപഥത്തിലാകുന്നു; വ്യർത്ഥമാകുന്നു"(13:15).

ജീവിതോദ്ദേശ്യം സാധിക്കുന്നതിനുള്ള രണ്ടാമത്തെ മാർഗ്ഗം ദൈവത്തിന്റെ പരിപൂർണ്ണമായ സൗന്ദര്യ മഹാത്മ്യത്തെക്കുറിച്ചു അറിഞ്ഞിരിക്കുകയെന്നതാണ്. സൗന്ദര്യം പ്രകൃത്യാതന്നെ ഹൃദയത്തെ ആകർഷിക്കുകയും പ്രേമത്തെ അങ്കുരിപ്പിക്കുകയും ചെയ്യുന്നതിനു പര്യാപ്തമത്രെ. ദൈവത്തിന്റെ സൗന്ദര്യമഹിമ അവന്റെ ഏകത്വത്തിലും പ്രഭാവത്തിലും പാവനത്വത്തിലും മറ്റുൽക്കൃഷ്ട ഗുണങ്ങളിലും സ്ഥിതി ചെയ്യുന്നു. ഈ വിഷയത്തിലേക്ക് വിശുദ്ധ ഖുർആൻ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു നോക്കുക:

قُلْ هُوَ اللَّهُ أَحَدٌ ﴿١﴾ اللَّهُ الصَّمَدُ ﴿٢﴾ لَمْ يَلِدْ وَلَمْ يُولَدْ ﴿٣﴾
وَلَمْ يَكُن لَّهُ كُفُوًا أَحَدٌ ﴿٤﴾

“ദൈവം തത്ത്വത്തിലും ഗുണത്തിലും മാഹാത്മ്യത്തിലും ഏകമാത്രനാകുന്നു. അവനു ഒരു പങ്കാളിയുമില്ല. സർവ്വവും ആരുടെ സഹായത്തെ ആശ്രയിച്ചു വർത്തിക്കുന്നുവോ, ഓരോ അണുവും അതിന്റെ ജീവൻ ആരിൽനിന്നു സ്വീകരിക്കുന്നുവോ, ആർ ഒന്നിൽ നിന്നും സഹായം സ്വീകരിക്കേണ്ടാത്തവനായി സകലത്തിനും ആശ്രയസ്ഥാനമായിരിക്കുന്നുവോ ആ സർവ്വാധിനാഥനത്രേ ദൈവം. അവൻ ആരുടെയും പിതാവല്ല; ആരുടേയും പുത്രനുമല്ല; എന്തെന്നാൽ അവന് സദൃശനായി ആരുമില്ല” (അദ്ധ്യായം:112). വിശുദ്ധഖുർആൻ ഇങ്ങനെയുള്ള വാക്യങ്ങളാൽ ദൈവത്തിന്റെ പരിപൂർണ്ണമായ സൗന്ദര്യ മഹിമയെയും പ്രഭാവത്തെയും വർണ്ണിച്ചു കൊണ്ടു മനുഷ്യരുടെ ശ്രദ്ധയെ സർവ്വശക്തിമാനായ ഏകദൈവത്തിലേയ്ക്ക് തിരിക്കുകയും മൃതപ്രായനും ദുർബലനും നിർദ്ദയനും ശക്തിഹീനനുമായ സങ്കൽപ ദൈവത്തെയെല്ലാം ബഹിഷ്കരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ജീവിത ലക്ഷ്യം പ്രാപിക്കുന്നതിനുള്ള മൂന്നാമത്തെ മാർഗ്ഗം ദൈവത്തിന്റെ ഗുണമഹാത്മ്യങ്ങളെയും അനുഗ്രഹങ്ങളെയും കുറിച്ചറിയുകയാകുന്നു. സൗന്ദര്യവും സൽഗുണവും സ്നേഹത്തെ ഉൽപാദിപ്പിക്കുന്നതിനുള്ള രണ്ടു പ്രേരകങ്ങളാണല്ലോ. ദൈവത്തിന്റെ അനുഗ്രഹകരങ്ങളായ ഗുണമാഹാത്മ്യങ്ങളുടെ ഒരു സംക്ഷേപം ഖുർആനിലെ പ്രഥമാദ്ധ്യായമായ സൂറഃഫാതിഹയിൽ കാണാം. അതിപ്രകാരമാണ്:

ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٢﴾ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿٣﴾ مَٰلِكِ يَوْمِ ٱلدِّينِ ﴿٤﴾ ''സകല ലോകങ്ങളുടെയും സ്രഷ്ടാവും പാലകനും രക്ഷിതാവുമായ ദൈവത്തിന്നത്രേ സർവ്വസ്തോത്രവും. അവന്റെ കാരുണ്യവും അനുഗ്രഹവും നിസ്സീമമാകുന്നു. അവനാണ് പ്രതിഫലം നല്കപ്പെടുന്ന ദിവസത്തിന്റെ സർവ്വാധിപൻ.'' ദൈവം നാസ്തിയായ അവസ്ഥയിൽനിന്ന് മനുഷ്യരെയും ഇതര സൃഷ്ടികളെയും ഉത്ഭവിപ്പിച്ചു യഥോചിതം പരിപാലിച്ചു രക്ഷിച്ചുപോരുന്നു എന്നതിലാണ് അവന്റെ അനുഗ്രഹപൂർണ്ണത സ്ഥിതിചെയ്യുന്നത്. അവന്റെ സകലവിധ കാരുണ്യദാനങ്ങളും അസീമമായ അനുഗ്രഹങ്ങളും സൃഷ്ടികളിൽ വെളിപ്പെട്ടിരിക്കേണ്ടതും അവശ്യമാണ്. ദൈവത്തിന്റെ ഈ അനുഗ്രഹപൂർണ്ണതയെക്കുറിച്ച് വിശുദ്ധഖുർആൻ പല ആവർത്തി അനുസ്മരിപ്പിച്ചിരിക്കുന്നതുകാണാം. ഒരിടത്ത് അത് പറയുന്നു: وَإِن تَعُدُّوا نِعْمَتَ ٱللَّهِ لَا تُحْصُوهَا "ദൈവത്തിന്റെ അനുഗ്രഹങ്ങളെയും പാരിതോഷികങ്ങളെയും നിങ്ങൾ എണ്ണിക്കണക്കാക്കുവാൻ ശ്രമിക്കുന്നപക്ഷം നിങ്ങൾക്ക് ഒരിക്കലും അവയെ കണക്കിടുവാൻ സാധിക്കുകയില്ല" (14:35).

സാക്ഷാൽ ജീവിതലക്ഷ്യത്തിന്റെ ഉപലബ്ധിക്കായി ദൈവനിർദ്ദിഷ്ടമായ നാലാമത്തെ മാർഗ്ഗം പ്രാർത്ഥനയാകുന്നു. ദൈവം വിശുദ്ധഖുർആനിൽ പറയുകയാണ്: ٱدْعُونِىٓ أَسْتَجِبْ لَكُمْ ''നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവിൻ; ഞാൻ നിങ്ങൾക്ക് ഉത്തരം നല്കുന്നതാണ്" (40:61). മനുഷ്യന് ദൈവത്തെ അവന്റെ സഹായം കൊണ്ടല്ലാതെ തന്റെ സ്വന്തം ശക്തിമുഖേന പ്രാപിക്കുവാൻ കഴിയുകയില്ലെന്നതുകൊണ്ടാണ് പ്രാർത്ഥിച്ചുകൊണ്ടിരിക്കാൻ വിശുദ്ധഖുർആൻ അടിക്കടി ഉൽബോധിപ്പിച്ചിരിക്കുന്നത്.

ഉദ്ദിഷ്ടപ്രാപ്തിക്ക് നിയതമായ അഞ്ചാമത്തെ മാർഗ്ഗം '**മുജാഹദ്**' എന്ന 'ധർമ്മയത്നം' ആകുന്നു. അതായത്, സ്വന്തം സമ്പാദ്യങ്ങളെ ദൈവമാർഗ്ഗത്തിൽ വ്യയം ചെയ്തും സ്വശക്തികളെ ദൈവപാതയിൽ വിനിയോഗിച്ചും ജീവനെ ദൈവനാമത്തിൽ അർപ്പിച്ചും ബുദ്ധിയെയും ജ്ഞാനവൈഭവത്തെയും ദൈവികധർമ്മത്തിന്റെ സേവനാർത്ഥം ഉപയോഗപ്പെടുത്തിയും ആ സർവ്വൈകകർത്താവിനെ അന്വേഷിക്കുകതന്നെ. അല്ലാഹു വിശുദ്ധഖുർആനിൽ കല്പി

ക്കുന്നതിങ്ങനെയാണ്: جَاهِدُوا بِأَمْوَالِكُمْ وَأَنفُسِكُمْ فِي سَبِيلِ اللَّهِ "നിങ്ങൾ നിങ്ങളുടെ ധനംകൊണ്ടും ജീവൻകൊണ്ടും നിങ്ങളുടെ സർവ്വവിധ കഴിവുകളാലും ദൈവമാർഗ്ഗത്തിൽ പരിശ്രമിക്കുവിൻ" (9:41). وَمِمَّا رَزَقْنَاهُمْ يُنفِقُونَ "നാം അവർക്ക് നല്കിയിട്ടുള്ളതിനെ അതായത് ബുദ്ധിശക്തി, ജ്ഞാനം, വിവേചനം, വിദ്യ മുതലായ തെല്ലാം നമ്മുടെ വഴിയിൽ വിനിയോഗിക്കുന്നവരത്രേ വിജയികൾ" (2:4). وَالَّذِينَ جَاهَدُوا فِينَا لَنَهْدِيَنَّهُمْ سُبُلَنَا "നമ്മുടെ വഴിയിൽ സർവ്വവിധേനയും പരിശ്രമിച്ചുകൊണ്ടിരിക്കുന്നവർക്ക് നാം നമ്മുടെ മാർഗ്ഗങ്ങൾ കാണിച്ചുകൊടുക്കുന്നതാണ്" (29:70).

ലക്ഷ്യപ്രാപ്തിക്കുള്ള ആറാമത്തെ മാർഗ്ഗം സ്ഥിരനിഷ്ഠയാകുന്നു. അതായത്, സത്യമാർഗ്ഗാചരണത്തിൽ മടുപ്പോ ക്ഷീണമോ തളർച്ചയോ കാണിക്കാതെയും, ഒരു കഠിനപരീക്ഷയിലും ഭീരുത്വം കാട്ടാതെയും ദൃഢചിത്തതയോടുകൂടി വർത്തിക്കുകതന്നെ. ഈ വിഷയത്തെക്കുറിച്ച് ഭക്തവത്സലനായ ദൈവം പറയുകയാണ്.

إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا تَتَنَزَّلُ عَلَيْهِمُ الْمَلَائِكَةُ أَلَّا تَخَافُوا وَلَا تَحْزَنُوا وَأَبْشِرُوا بِالْجَنَّةِ الَّتِي كُنتُمْ تُوعَدُونَ ﴿٣١﴾ نَحْنُ أَوْلِيَاؤُكُمْ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ

''ഞങ്ങളുടെ രക്ഷിതാവ് സത്യദൈവമായ അല്ലാഹുവാണ് എന്ന് പറഞ്ഞ് കൃത്രിമദൈവങ്ങളെയെല്ലാം പരിത്യജിക്കുകയും അനന്തരം സ്ഥിരനിഷ്ഠയോടുകൂടിയിരിക്കുകയും അതായത് എല്ലാവിധ പരീക്ഷാഘട്ടങ്ങളിലും കഷ്ടാവസ്ഥകളിലും ദൃഢചിത്തതയോടെ വർത്തിക്കുകയും ചെയ്തവരിൽ സ്വർഗ്ഗദൂതരായ മലക്കുകൾ ഇറങ്ങി പറയുന്നു: നിങ്ങൾ ഭയപ്പെടാതിരിക്കുവിൻ; വ്യസനിക്കാതിരിക്കുകയും ചെയ്യുവിൻ. മറിച്ച്, നിങ്ങൾ സന്തോഷിക്കുവിൻ. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗസുഖത്തിന് നിങ്ങൾ അവകാശികളായിരിക്കുന്നതിനാൽ സന്തോഷപ്രഫുല്ലിതരായിരിക്കുവിൻ; ഞങ്ങൾ ഈ ജീവിതത്തിലും പരജീവിതത്തിലും നിങ്ങളുടെ മിത്രങ്ങളാണ്'' (41:31,32). ഈ വചനങ്ങൾ നമ്മെ ഉദ്ബോധിപ്പിക്കുന്നത്, ധർമ്മവിശ്വാസത്തിലുള്ള സ്ഥിരത ദൈവപ്രീതിക്ക് കാരണമാകുമെന്നാണ്. വിശ്വാസസ്ഥിരത അത്ഭുതകൃ

ത്യത്തെക്കാൾ ഉപരിയായതാണെന്നുള്ളത് എത്രയും പരമാർത്ഥ മാണ്. നാനാവശങ്ങളിൽനിന്നും കഷ്ടതകളും ക്ലേശങ്ങളും ചുറ്റിക്കൂ ടുകയും ദൈവമാർഗ്ഗത്തിൽ ജീവനും അഭിമാനത്തിനും സമ്പ ത്തിനും ഹാനിയേല്ക്കുകയും സമാധാനദായകമായ ഒരു കാര്യവും ആസന്നമാവാതിരിക്കുകയും ആശ്വാസനിദാനമായ ആത്മദർശ നമോ വെളിപാടോ ദൈവത്തിന്റെ പരീക്ഷയെന്നനിലയിൽ നില ച്ചുപോവുകയും ഭയങ്കരമായ അനുഭവങ്ങൾ നേരിടുകയും ചെയ്യുന്ന അവസരങ്ങളിൽ ധൈര്യക്ഷയം കാണിക്കാതെയും ഭീരുക്കളെ പ്പോലെ പിന്തിരിയാതെയും വിശ്വസ്തതയ്ക്ക് ഈഷൽഭേദം വരു ത്താതെയും സത്യനിഷ്ഠയ്ക്കും സ്ഥിരനിശ്ചയത്തിനും മുറിവേല്പി ക്കാതെയും എളിമയിലും അപമാനസ്ഥിതിയിലും അതൃപ്തി കാണിക്കാതെയും സ്വന്തം ചുവടുറപ്പിനായി പരസഹായത്തെ പ്രതീ ക്ഷിക്കാതെയും ദൈവത്തിൽനിന്നുള്ള ആശ്വാസവചനങ്ങളെ പ്പോലും കാംക്ഷിക്കാതെയും ബലഹീനതയിലും നിസ്സഹായത യിലും മനശ്ചാഞ്ചല്യം കാണിക്കുകയോ മുറുമുറുക്കുകയോ ചെയ്യാ തെയും ദൈവാഭീഷ്ടത്തിൽ സംതൃപ്തനായി ആത്മത്യാഗത്തിനുള്ള സന്നദ്ധതയോടുകൂടി പുരോഗമിച്ചുകൊണ്ടിരിക്കുക എന്നതാണ് പരിപൂർണ്ണവും പരമവുമായ സ്ഥിരഭക്തി. ഇങ്ങനെ നാനാമുഖമായ പരീക്ഷാഘട്ടത്തെ വിജയപൂർവ്വം തരണം ചെയ്യുന്ന സ്ഥിരഭക്തി യാണ് ദൈവദർശനത്തിന് പര്യാപ്തമായത്. ഈ മഹത്തായ സ്ഥിരോത്സാഹത്തിന്റെ ആത്മസൗരഭ്യം പ്രവാചകന്മാരുടെയും സത്യസന്ധരായ മഹാപുരുഷന്മാരുടെയും സത്യസാക്ഷികളായ പുണ്യാത്മാക്കളുടെയും പൊടിമണ്ണിൽനിന്ന് ഇപ്പോഴും വീശിക്കൊ ണ്ടിരിക്കുകയാണ്. ഈ സ്ഥിരഭക്തിയാണ് ഫാത്തിഹ അധ്യായത്തി ലെ ഈ പ്രാർത്ഥനാവാക്യത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. അതായത്:

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ﴿٦﴾ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ''അല്ലയോ രക്ഷിതാവേ! ഏതൊരു വഴിയെ അനുഗമിക്കുന്നതുമൂലം നിന്റെ അനുഗ്രഹവും പ്രീതിയും ലഭ്യമാകുന്നുവോ ആ സ്ഥിരതയുടെ മാർഗ്ഗത്തിൽ നീ ഞങ്ങളെ നടത്തുമാറാക്കേണമേ.” ഇതേ സംഗതി വിശുദ്ധഖുർആനിലെ മറ്റൊരു പ്രാർത്ഥനാവാക്യത്തിൽ സൂചിപ്പി ച്ചിരിക്കുന്നത് കാണുക: رَبَّنَاۤ اَفۡرِغۡ عَلَيۡنَا صَبۡرًا وَّتَوَفَّنَا مُسۡلِمِيۡنَ ﴿١٢٦﴾ “ഞങ്ങ ളുടെ രക്ഷിതാവേ, കഷ്ടാവസ്ഥയിൽ സഹനതയും ക്ഷമയും ഉണ്ടാ

കുന്നതിന് നീ ഞങ്ങൾക്ക് മനസ്സമാധാനവും ശാന്തിയും പ്രദാനം ചെയ്യുകയും ഞങ്ങളുടെ മരണം ഇസ്‌ലാമിൽ അതായത്, ദൈവ ഹിതാനുസരണത്തിൽ ആയിത്തീരുന്നതിന് ഞങ്ങളെ അനുഗ്രഹി ക്കുകയും ചെയ്യേണമേ" (7:127).

ദുഃഖങ്ങളുടെയും കഷ്ടതകളുടെയും അവസരങ്ങളിൽ ഭക്തവ ത്സലനായ ദൈവം തന്റെ പ്രിയദാസരുടെ ഹൃദയത്തിൽ ഒരു തേജസ്സ് വെളിപ്പെടുത്തിക്കൊടുക്കുന്നുവെന്നത് ഇവിടെ അനുസ്മ രണീയമാണ്. ഈ ദിവ്യപ്രകാശംകൊണ്ട് പ്രശക്തരായി ഭവിക്കുക നിമിത്തം അവർ സകലവിധ കഷ്ടാരിഷ്ടതകളെയും സമാധാനചി ത്തതയോടെ നേരിടുന്നു. ദൈവമാർഗ്ഗത്തിൽ തങ്ങളുടെ പാദങ്ങ ളിൽ കുടുങ്ങുമാറാകുന്ന ശൃംഖലകളെ അവർ സത്യധർമ്മത്തിന്റെ മധുരിമ നിമിത്തം സോല്ലാസം സ്വാഗതം ചെയ്യുന്നു. ഭക്തനായ മനുഷ്യന് ആപത്തുകളും കഷ്ടപ്പാടുകളും നേരിടുകയും മരണത്തെ അഭിമുഖമായി കാണുകയും ചെയ്യുന്നതായാൽ അയാൾ തന്റെ രക്ഷിതാവായ ദൈവത്തോട് ദുഃഖമോചനത്തിനായി ആവലാതി പ്പെടുകയോ പ്രാർത്ഥിക്കുകയോ ചെയ്യുകയില്ല. തദവസരത്തിൽ കഷ്ടതാനിവാരണത്തിനും ദുഃഖമോചനത്തിനുമായി പ്രാർത്ഥിക്കു കയെന്നത് ദൈവേഷ്ടത്തെ മറക്കുകയാകുന്നു; പരിപൂർണ്ണമായ ദൈവഹിതാനുസരണത്തിന് വിരുദ്ധമാകുന്നു. യഥാർത്ഥ ദൈവ പ്രേമി കഷ്ടാനുഭവകാലത്ത് തന്റെ കാല് മുന്നോട്ടല്ലാതെ ലേശവും പിന്നാക്കം വെക്കുന്നതല്ല. ഈ ഘട്ടത്തിൽ അയാൾ ജീവനെ തൃണ വൽഗണിച്ച് സ്വാത്മസ്നേഹം വെടിയുകയും ദൈവത്തിന്റെ ഇഷ്ട ത്തിന് പൂർണ്ണമായി വഴിപ്പെടുകയും അവന്റെ പ്രീതിയെമാത്രം കാംക്ഷിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഭക്തനെക്കുറിച്ച് വിശു ദ്ധഖുർആൻ പറയുകയാണ്:

وَمِنَ النَّاسِ مَنْ يَّشْرِىْ نَفْسَهُ ابْتِغَآءَ مَرْضَاتِ اللّٰهِ ۗ وَاللّٰهُ رَءُوْفٌۢ بِالْعِبَادِ ۝٢٠٨

"ദൈവത്തിന്റെ പ്രിയദാസൻ തന്റെ ജീവൻ ദൈവമാർഗ്ഗത്തിൽ അർപ്പിക്കുകയും അതിന് പ്രതിയായി ദൈവേഷ്ടം വാങ്ങിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവരിലത്രേ ദൈവം പ്രത്യേകനിലയിൽ ദയാദാക്ഷിണ്യമുള്ളവനായിരിക്കുന്നത്" (2:208). ചുരുക്കത്തിൽ, ദൈവപ്രാപ്തിയിലേക്ക് നമ്മെ നയിക്കുന്നതിനു പര്യാപ്തമായ ദൃഢഭക്തിയുടെ അഥവാ സ്ഥിരതയുടെ ജീവൻ മേൽവിവരിച്ചിട്ടു ള്ളതാകുന്നു. ഗ്രഹിക്കുവാൻ മനസ്സുള്ളവർ ഗ്രഹിച്ചുകൊള്ളട്ടെ.

ജീവിതലക്ഷ്യം പ്രാപിക്കാനുള്ള ഏഴാമത്തെ മാർഗ്ഗം പുണ്യാത്മാക്കളുമായുള്ള സഹവാസവും അവരുടെ ഉത്തമാദർശങ്ങളുടെ അനുകരണവുമാകുന്നു. പ്രവാചകന്മാരുടെ ആവിർഭാവത്തിനുള്ള പ്രധാനാവശ്യങ്ങളിൽ ഒന്ന് ഇതുതന്നെയാണ്. മനുഷ്യൻ പ്രകൃത്യാതന്നെ മാതൃകയെ അനുകരിക്കാനുള്ള പ്രവണതയോടു കൂടിയവനണ്. തന്മൂലം അവന് പരിപൂർണ്ണമായ ജീവിതമാതൃകയുടെ അനുകരണം അനുപേക്ഷണീയമാകുന്നു. പരിപൂർണ്ണമാതൃക അവനിൽ സൽകർമ്മാസക്തിയും ഉത്സാഹവും വർദ്ധിപ്പിക്കുന്നു. ഉൽക്കൃഷ്ടമാതൃകയെ അനുകരിക്കാത്തവൻ അലസനായും ക്രമേണ സൽകർമ്മപഥത്തിൽനിന്നും പതിതനായും ഭവിക്കുന്നു. തന്നിമിത്തം വിശുദ്ധഖുർആൻ ഇങ്ങനെ പ്രബോധിപ്പിക്കുന്നു:

كُونُوا مَعَ الصَّٰدِقِينَ ﴿١١٩﴾ ‘‘നിങ്ങൾ സത്യാത്മാക്കളോടു സഹവസിക്കുകയും സഹചരിക്കുകയും ചെയ്യുവിൻ” (9:119).

صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ ‘‘നിങ്ങൾക്ക് മുമ്പേ അനുഗ്രഹലബ്ധിയുണ്ടായിട്ടുള്ളവരുടെ മാർഗ്ഗത്തെ ആചരിക്കുവിൻ” (ഫാത്തിഹ അധ്യായം).

ജീവിതലക്ഷ്യം സാധിക്കുന്നതിനുള്ള എട്ടാമത്തെ മാർഗ്ഗം, ദൈവത്തിൽനിന്ന് പാവനമായ ആത്മദർശനവും ബോധനവും ലഭിക്കുകയാകുന്നു. ദൈവത്തിന്റെ പരിശുദ്ധസവിധത്തിലേക്കുള്ള സഞ്ചാരപഥം ക്ലേശഭൂയിഷ്ഠവും ദുഃഖപൂർണ്ണവുമായ ഒരു ഗൂഢമാർഗ്ഗമായിരിക്കുന്നതിനാൽ ആത്മമാർഗ്ഗചാരി ഈ അദൃഷ്ടപഥത്തിൽനിന്നും വ്യതിചലിക്കുകയോ ഉദ്ദിഷ്ടപ്രാപ്തിയെക്കുറിച്ച് ഭഗ്നാശനായി യാത്ര തുടരാതിരിക്കുകയോ ചെയ്യുവാനിടയുണ്ട്. അതിനാൽ, പരമകാരുണികനായ ദൈവം അദ്ധ്യാത്മപഥത്തിൽ സഞ്ചരിക്കുന്ന തന്റെ ഭക്തനെ യാത്രാമദ്ധ്യേ സാന്ത്വനപ്പെടുത്തുകയും സമാശ്വസിപ്പിക്കുകയും കർമ്മാസക്തി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ അലംഘ്യമായ ഈ നിയതനിയമം ആത്മമാർഗ്ഗത്തിൽ സഞ്ചരിക്കുന്ന ഭക്തരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതായത് ദൈവം അവരെ ആശിർവചനങ്ങളാലും വെളിപാടുകളാലും തന്റെ പക്കൽനിന്നുള്ള സഹായത്തെക്കുറിച്ച് ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ, ദൈവികമായ ആശ്വാസവചനങ്ങളാൽ ദൃഢമനസ്കരായി അവർ പൂർവ്വാധികം വീറോടുകൂടി യാത്ര തുടരുമാറാകുന്നു. വിശുദ്ധഖുർആൻ പറയുകയാണ്:

لَهُمُ الْبُشْرٰى فِى الْحَيٰوةِ الدُّنْيَا وَفِى الْاٰخِرَةِ "ഇവർക്കത്രേ ഐഹികജീവിതത്തിലും പാരത്രികത്തിലും ശുഭവാർത്തകൾ" (10:65). ലക്ഷ്യപ്രാപ്തിക്കു സഹായകമായ വേറെയും ചില മാർഗ്ഗങ്ങൾ വിശുദ്ധ ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്. അവയെക്കുറിച്ച് ഇവിടെ പ്രതിപാദിക്കാൻ വിസ്താരഭയം അനുവദിക്കുന്നില്ല.

# ധർമ്മനിയമാനുസരണം കൊണ്ടുള്ള ഫലം

നാലാമത്തെ പ്രശ്നം ധർമ്മനിയമങ്ങളനുസരിച്ച് ജീവിക്കുന്നതുമൂലം മനുഷ്യന് ഈ ലോകത്തും പരലോകത്തുമുണ്ടാകുന്ന ഫലമെന്താണെന്നുള്ളതാണ്. ഇതിനുള്ള ഉത്തരം ഒരുവിധത്തിൽ ഒന്നാം ചോദ്യത്തിന്റെ പ്രതിപാദനഘട്ടത്തിൽ നല്കപ്പെട്ടിട്ടുണ്ട്. അതായത്, ദൈവികമായ പരിപൂർണ്ണധർമ്മത്തിന്റെ പ്രയോജനം, കാട്ടാളനെ മനുഷ്യനായും പിന്നെ അവനെ ധാർമ്മിക മനുഷ്യനായും ഒടുക്കം ആത്മസിദ്ധികളോടുകൂടിയ ദൈവഭക്തനായും പരിണമിപ്പിക്കുകയാകുന്നു.

## പരിപൂർണ്ണമനുഷ്യന്റെ ഗുണങ്ങൾ

വിശിഷ്യ, ധർമ്മശാസ്ത്രത്തിന് മനുഷ്യന്റെമേലുള്ള സ്വാധീനശക്തി അവന്റെ ജീവിതത്തെ നിയന്ത്രിക്കുകയെന്നതാണ്. ഈ നിയന്ത്രണത്തിന്റെ പരിണതഫലമായി അവൻ സമസൃഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുള്ള പെരുമാറ്റത്തിൽ നീതി, പരോപകാരത, സഹതാപം എന്നീ ധർമ്മങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്ക് ദൈവം നല്കിയ ജ്ഞാനവിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കിത്തീർക്കുന്നു. സൂര്യനെപ്പോലെ അവൻ തന്റെ പ്രകാശസമ്പത്ത് എല്ലാവർക്കും പകർന്നുകൊടുക്കുകയും ചന്ദ്രനെപ്പോലെ അവൻ സർവ്വപ്രകാശകേന്ദ്രമായ ദൈവത്തിൽനിന്ന് സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. പകലിനെപ്പോലെ അവൻ പ്രകാശവാനായി സത്യത്തിന്റെയും സൽഗതിയുടെയും മാർഗ്ഗങ്ങൾ ലോകർക്ക് കാണിച്ചുകൊടുക്കുന്നു. രാവിനെപ്പോലെ ബലഹീനരുടെ ദൗർബല്യങ്ങളെയും ചാപല്യങ്ങളെയും മറച്ചുവെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നല്കു

കയും ചെയ്യുന്നു. അവൻ ആകാശത്തെപ്പോലെ പരവശർക്കും അഭയാർത്ഥികൾക്കും ശരണമേകുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുമാറാവുകയും ചെയ്യുന്നു. ഭൂമിയെപ്പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുള്ളവർക്ക് സൗഖ്യവും ക്ഷേമവും നല്കുന്നതിനു സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കത്തിൽ അണച്ചുകൂട്ടുകയും അവർക്ക് വിവിധതരത്തിലുള്ള ആത്മീയഫലങ്ങൾ വെച്ചുകൊടുക്കുകയും ചെയ്യുന്നു. ഈദൃശമായ പരിവർത്തനമാണ് പരിപൂർണ്ണ ധർമ്മനിയമംകൊണ്ടുണ്ടായിത്തീരുന്നത്. ഈ നിയമശാസ്ത്രമനുസരിച്ച് ജീവിക്കുന്ന ഒരുവൻ സ്രഷ്ടാവിനോടുള്ള തന്റെ കർത്തവ്യങ്ങളനുഷ്ഠിക്കുന്നതിനും സമസൃഷ്ടികളോടുള്ള തന്റെ ധർമ്മങ്ങൾ പൂർണ്ണമായും നിറവേറ്റുന്നതിനും കഴിവുറ്റവനായിത്തീരുന്നു. ഇങ്ങനെയുള്ള ഭക്തൻ ദൈവപ്രേമത്തിൽ ലയിച്ച് സമസൃഷ്ടികളുടെ യഥാർത്ഥ സേവകനായി ഭവിക്കുന്നു. ധർമ്മശാസ്ത്രമനുസരിച്ചുള്ള ജീവിതം ഒരുവനിൽ ഇവിടെ ഉണ്ടാക്കിത്തീർക്കുന്ന പ്രഭാവമാണിത്. എന്നാൽ, മരണാനന്തരം മറുലോകത്ത് അവന് സിദ്ധിക്കുന്ന ഫലമാകട്ടെ ദൈവത്തോടുള്ള ആത്മൈക്യം ആ നാളിൽ പ്രത്യക്ഷദർശനരൂപത്തിൽ അനുഭൂതമാകുമെന്നതാണ്. സത്യവിശ്വാസത്തിന്റെയും സൽകർമ്മാസക്തിയുടെയും പ്രേരണയാൽ അവൻ ദൈവാനുരാഗബദ്ധനായി ചെയ്യുന്ന സമസൃഷ്ടിസേവനം സ്വർഗ്ഗത്തിലെ വൃക്ഷങ്ങളും നദികളുമായി രൂപാന്തരപ്പെടുന്നതായിരിക്കും. വിശുദ്ധഖുർആൻ 91-ാം അധ്യായത്തിൽ പറയുകയാണ്.

وَالشَّمْسِ وَضُحٰهَا ﴿١﴾ وَالْقَمَرِ اِذَا تَلٰهَا ﴿٢﴾ وَالنَّهَارِ اِذَا جَلّٰهَا ﴿٣﴾ وَالَّيْلِ اِذَا
يَغْشٰهَا ﴿٤﴾ وَالسَّمَآءِ وَمَا بَنٰهَا ﴿٥﴾ وَالْاَرْضِ وَمَا طَحٰهَا ﴿٦﴾ وَنَفْسٍ وَّمَا سَوّٰهَا ﴿٧﴾
فَاَلْهَمَهَا فُجُوْرَهَا وَتَقْوٰهَا ﴿٨﴾ قَدْ اَفْلَحَ مَنْ زَكّٰهَا ﴿٩﴾ وَقَدْ خَابَ مَنْ دَسّٰهَا ﴿١٠﴾
كَذَّبَتْ ثَمُوْدُ بِطَغْوٰهَآ ﴿١١﴾ اِذِ انْۢبَعَثَ اَشْقٰهَا ﴿١٢﴾ فَقَالَ لَهُمْ رَسُوْلُ اللّٰهِ نَاقَةَ
اللّٰهِ وَسُقْيٰهَا ﴿١٣﴾ فَكَذَّبُوْهُ فَعَقَرُوْهَا ۙ فَدَمْدَمَ عَلَيْهِمْ رَبُّهُمْ بِذَنْۢبِهِمْ
فَسَوّٰهَا ﴿١٤﴾ وَلَا يَخَافُ عُقْبٰهَا ﴿١٥﴾

"സൂര്യനെക്കൊണ്ടും അതിന്റെ പ്രകാശത്തെക്കൊണ്ടും സൂര്യനെ പിന്തുടരുന്ന (അതായത് സൂര്യനിൽനിന്ന് പ്രകാശം സ്വീകരിച്ചു അതിനെപ്പോലെ ആ പ്രഭാപൂരം അന്യരിൽ വിതരണം ചെയ്യുന്ന)

ചന്ദ്രനെക്കൊണ്ടും സൂര്യന്റെ കാന്തിയെ വെളിപ്പെടുത്തുകയും മാർഗ്ഗ ങ്ങളെ തെളിച്ചുകാട്ടുകയും ചെയ്യുന്ന ദിനത്തെക്കൊണ്ടും അന്ധ കാരം പരത്തുകയും സർവ്വത്തെയും ഇരുട്ടിൽ മറയ്ക്കുകയും ചെയ്യുന്ന രാത്രിയെക്കൊണ്ടും ആകാശത്തെക്കൊണ്ടും തൽസൃ ഷ്ടിയുടെ ആദികാരണത്തെക്കൊണ്ടും ഭൂമികൊണ്ടും അതിനെ പര പ്പാക്കിയ ആദികാരണത്തെക്കൊണ്ടും ആത്മാവിനെക്കൊണ്ടും അതിനെ സർവ്വവസ്തുക്കളോടും തുല്യഗുണത്തിൽ നിറുത്തിയ അതിന്റെ ശ്രേഷ്ഠതയെക്കൊണ്ടും സത്യം" (അതായത്, ഈ വസ്തുക്കളിലെല്ലാം വ്യഷ്ടിഗതമായി കാണപ്പെടുന്ന സവിശേഷ തകളെല്ലാം, പൂർണ്ണത പ്രാപിച്ച മനുഷ്യന്റെ ആത്മാവിൽ സമഷ്ടി യായി സമ്മിളിതമായിരിക്കുന്നതിനാൽ ആ വസ്തുക്കളോരോന്നും പ്രത്യേകം പ്രത്യേകമായി മനുഷ്യലോകത്തിന് ചെയ്യുന്ന സേവന ങ്ങളത്രയും മുമ്പേ പ്രസ്താവിച്ചതുപോലെ ആ മനുഷ്യോത്തമൻ ഒറ്റയ്ക്ക് നിർവ്വഹിക്കുമാറാകുന്നു.) "ഇപ്രകാരം ആർ തന്റെ ആത്മാ വിനെ സംസ്കരിച്ചുവോ അതായത്, സൂര്യചന്ദ്രാദികളെപ്പോലെ ദൈവേച്ഛയ്ക്കു വഴിപ്പെട്ടു മനുഷ്യസേവനത്തിന് തുനിഞ്ഞിറ ങ്ങിയോ അവൻ മോക്ഷം പ്രാപിച്ചിരിക്കുന്നു; മൃത്യുവിൽനിന്ന് മോചനം നേടിയിരിക്കുന്നു" (91:2-10). മരണത്തിൽനിന്നുള്ള വിമുക്തി അഥവാ അമരജീവിതംകൊണ്ട് ഇവിടെ വിവക്ഷിക്കപ്പെ ട്ടിരിക്കുന്നത് ഭാവിയിൽ പരിപൂർണ്ണാത്മാവിന് അഥവാ സിദ്ധപു രുഷനു ലഭിക്കുന്ന നിത്യജീവിതമാണ്. ഇതിൽനിന്ന് ധർമ്മനിയമ മനുസരിച്ചുള്ള ജീവിതം മുഖേന ഭവിഷ്യജീവിതത്തിൽ പ്രാപ്യമാ കുന്ന പ്രതിഫലം, ദൈവദർശനമാകുന്ന ആഹാരംകൊണ്ട് നിത്യ സ്ഥിതമായി ഭവിക്കുന്ന ചിരഞ്ജീവിത്വമാണെന്ന് സിദ്ധിക്കുന്നു. വീണ്ടും പ്രസ്തുത അധ്യായം തുടർന്നുപറയുകയാണ്. "ഏതൊ രുവൻ തന്റെ ആത്മാവിനെ മണ്ണിൽ പൂഴ്ത്തി അഥവാ ദുഷിപ്പിച്ചു, അതായത് ഉൽക്കൃഷ്ടഗുണങ്ങൾ സമ്പാദിക്കുവാൻ ശക്തിയും പ്രാപ്തിയും നല്കപ്പെട്ടിരിക്കേ ആരാണോ പൂർണ്ണതകളെ സാധി ക്കാതെ അശുദ്ധജീവിതം നയിച്ച് ഈ ലോകം വെടിഞ്ഞത്, അവൻ നശിക്കുകയും ജീവിതത്തെക്കുറിച്ച് നിരാശനായിത്തീരുകയും ചെയ്തു." വീണ്ടും ഉദാഹരണരൂപേണ തുടരുന്നു: "ആത്മാവിനെ ദുഷിപ്പിച്ച ഭാഗ്യഹീനന്റെ സ്ഥിതി; 'ദൈവത്തിന്റെ ഒട്ടകം' എന്ന് നാമാഭിധാനം ചെയ്യപ്പെട്ട ഒട്ടകത്തെ വെട്ടിമുറിവേല്പിക്കുകയും തങ്ങളുടെ നീരുറവിൽനിന്ന് അതിനെ കുടിക്കുവാൻ അനുവദിക്കാ

തിരിക്കുകയും ചെയ്ത സമൂദ് വർഗ്ഗക്കാരുടെ സ്ഥിതിയോട് സദൃ ശമാകുന്നു" (91:11,12). ആത്മാവിനെ ശുദ്ധീകരിക്കാത്ത ദുർഭഗൻ വാസ്തവത്തിൽ 'ദൈവത്തിന്റെ ഒട്ടകത്തെ' മുറിപ്പെടുത്തുകയും തന്റെ നീരുറവിൽനിന്ന് അതിന് വെള്ളം കൊടുക്കാതിരിക്കുകയും ചെയ്യുന്നവനാകുന്നു. ഇത്രയുംകൊണ്ട് മനസ്സിലാകുന്നത്, മനു ഷ്യന്റെ ആത്മാവ് ദൈവത്തിന്റെ ഒട്ടകമാണെന്നും അത് അവൻ സവാരിചെയ്യുന്ന അവന്റെ വാഹനമാണെന്നതുമാണ്. മറ്റൊരുപ്ര കാരത്തിൽ, മനുഷ്യന്റെ ഹൃദയം ദൈവമാഹാത്മ്യങ്ങളുടെ പ്രത്യ ക്ഷതയ്ക്കുള്ള സ്ഥാനമാകുന്നു. ആ ഒട്ടകത്തിന്റെ ജീവസന്ധാര ണത്തിനുള്ള ജലം ദൈവാനുരാഗവും ദൈവജ്ഞാനവുമത്രെ. വീണ്ടും പ്രസ്തുത അധ്യായം തുടർന്നു പറയുന്നു: "സമൂദ് ഒട്ട കത്തെ മുറിപ്പെടുത്തുകയും അതിനെ ജലപാനത്തിൽനിന്ന് തട യുകയും ചെയ്തപ്പോൾ അവർക്ക് നാശം ഭവിച്ചു. ദൈവം അവ രുടെ കുഞ്ഞുങ്ങളെയും വിധവമാരെയുംകൂടി കൂട്ടാക്കുകയുണ്ടാ യില്ല" (91:13-16). ഇപ്രകാരം ഏതൊരുവൻ തന്റെ ആത്മാവാകുന്ന ഒട്ടകത്തെ മുറിപ്പെടുത്തുകയും അതിന്റെ പൂർണ്ണതക്കുവേണ്ടി ശ്രമി ക്കാതിരിക്കുകയും ജീവന്റെ വെള്ളം കുടിക്കുന്നതിൽനിന്ന് അതിനെ തടയുകയും ചെയ്യുന്നുവോ അവൻ നാശമടയുന്നതായിരിക്കും.

## സത്യവാചകത്തിന്റെ രഹസ്യം

സൂര്യചന്ദ്രാദി സൃഷ്ടിവസ്തുക്കളെക്കൊണ്ട് ദൈവം സത്യം ചെയ്തിരിക്കുന്നതിൽ ഗഹനമായ ഒരു തത്ത്വരഹസ്യം അന്തർഭ വിച്ചിരിക്കുന്നുണ്ട്. ഈ രഹസ്യം ഗ്രഹിക്കാത്തതിനാലാണ് ഇസ്ലാ മിന്റെ വൈരികളിൽ പലരും ഈ സത്യവാചകങ്ങൾക്ക് ദോഷം കാണുകയുണ്ടായത്. ദൈവത്തിന് സത്യവാചകത്തിന്റെ ആവശ്യ മെന്തെന്നും അവൻ സൃഷ്ടിവസ്തുക്കളെക്കൊണ്ട് സത്യം ചെയ്ത തെന്തിനെന്നും അവർ ആക്ഷേപിക്കുന്നു. എന്നാൽ, ഈ ദോഷദൃ ക്കുകളുടെ അറിവ് ഭൗമികമായിരിക്കുന്നതിനാലും അവർക്ക് സ്വർഗ്ഗീ യമായ ജ്ഞാനപ്രകാശമില്ലാതിരിക്കുന്നതിനാലും പരമാർത്ഥ ജ്ഞാനം അവർക്ക് ഗ്രഹിക്കാനാവുന്നില്ല. ഈ വിഷയം സുഗ്രാ ഹ്യമാക്കുന്നതിന് സത്യവാചകത്തിന്റെ അർത്ഥവും ഉദ്ദേശ്യവും ഒന്നാമതായി അറിയേണ്ടിയിരിക്കുന്നു. സാധാരണയായി ഒരു കാര്യ ത്തിൽ സത്യം ചെയ്യുന്നതിന്റെ ഉദ്ദേശ്യം ആ സംഗതിയുടെ തെളി വിലേക്ക് സാക്ഷ്യം കാണിക്കുകയാണല്ലോ. ഒരുവൻ തന്റെ വാദത്തെ തെളിയിക്കുന്നതിന് സാക്ഷിയൊന്നുമില്ലെങ്കിൽ, സർവ്വ

രഹസ്യങ്ങളെയും അറിയുന്ന അന്തര്യാമിയും സകലത്തിനും പ്രഥ മസാക്ഷിയുമായിരിക്കുന്ന ദൈവത്തെക്കൊണ്ട് സത്യം ചെയ്യുന്നു. ഈ സത്യോച്ചാരണത്തിനുശേഷം ദൈവം മൗനം ദീക്ഷിക്കുകയും കള്ളസത്യത്തിന്റെ ഫലമായ ശിക്ഷ തന്റെമേൽ ദൈവം അയക്കാ തിരിക്കുകയും ചെയ്തുവെങ്കിൽ തന്റെ വാദത്തിന്റെ പരമാർത്ഥ തയെ സാക്ഷികൾ അവരുടെ വാമൊഴികളെക്കൊണ്ടെന്നപോലെ, ദൈവം അവന്റെ പ്രവൃത്തിമുഖേന സ്ഥിരീകരിച്ചിരിക്കുന്നു എന്ന നിലയിലാണ് ആ സത്യോച്ചാരകൻ ദൈവത്തിന്റെ സാക്ഷ്യത്തെ അവതരിപ്പിക്കുന്നത്. എന്നാൽ, സൃഷ്ടവസ്തുക്കൾക്ക് മനുഷ്യന്റെ രഹസ്യങ്ങൾ അറിയുവാനോ കള്ളസത്യത്തിന് അവനെ ശിക്ഷി ക്കുവാനോ ശക്തിയില്ലാത്തതിനാൽ അവന് ആ വസ്തുക്കളിൽ ഒന്നിനെക്കൊണ്ടും സത്യം ചെയ്യുവാൻ പാടുള്ളതല്ല. തന്മൂലം ദൈവത്തിന്റെ സത്യവാചകങ്ങൾക്ക് മനുഷ്യരുടെ സത്യവാചക ങ്ങൾക്കുള്ള അർത്ഥം വിവക്ഷിക്കപ്പെടാവുന്നതല്ല. ദൈവികകർമ്മം രണ്ടുതരത്തിലാണെന്ന് പ്രകൃതിയിൽ വെളിപ്പെട്ടു കാണുന്ന ദിവ്യ നിയമവ്യവസ്ഥിതിയിൽനിന്ന് മനസ്സിലാകുന്നു. ഒന്ന്, ഏവർക്കും ഗ്രഹിക്കാവുന്നതും അഭിപ്രായവ്യത്യാസത്തിന് വകയില്ലാത്തതു മായ തരത്തിൽ പ്രത്യക്ഷസിദ്ധമായിരിക്കുന്നത്. രണ്ടാമത്തേത് ഗ്രഹണവിഷയത്തിൽ അബദ്ധം പറ്റാവുന്നതും അഭിപ്രായവൈപ രീത്യത്തിന് ഇടയാവുന്നതുമായ തരത്തിൽ അനുമാനസിദ്ധമായി രിക്കുന്നത്. അതിനാൽ, സർവ്വജ്ഞനായ ദൈവം സത്യവാചക ങ്ങൾകൊണ്ടുദ്ദേശിക്കുന്നത് തന്റെ പ്രത്യക്ഷകർമ്മത്തിന്റെ സാക്ഷ്യം മുഖേന അനുമാനസിദ്ധാന്തമായ അദൃശ്യകർമ്മത്തിലേക്ക് മനുഷ്യരുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിനായിട്ടാകുന്നു.

മേലുദ്ധരിച്ച സത്യവാചകങ്ങളിൽ, പ്രസ്താവിക്കപ്പെട്ട പോലെ സൂര്യൻ, ചന്ദ്രൻ, ദിനം, രാത്രം, ആകാശം, ഭൂമി ഇത്യാദികളിൽ മുൻകാണിച്ച ഗുണങ്ങളുണ്ടെന്നുള്ളത് പ്രത്യക്ഷമായ വസ്തുതയാ ണല്ലോ. എന്നാൽ, താദൃശങ്ങളായ ഗുണങ്ങൾ മനുഷ്യന്റെ ആത്മാ വിലും സ്ഥിതി ചെയ്യുന്നുണ്ടെന്നത് എല്ലാവർക്കും അറിയാവുന്ന തരത്തിൽ പ്രത്യക്ഷമല്ല. അതിനാൽ, ദൈവം തന്റെ വ്യക്തകർമ്മ ങ്ങളെ അനുമാനസിദ്ധമായ വസ്തുതകളുടെ തെളിവിലേക്ക് സാക്ഷ്യമായി കാണിക്കുന്നു. അതായത്, മനുഷ്യന്റെ ജീവനിൽ സ്ഥിതിചെയ്യുന്ന ഗുണഗണങ്ങളെ അറിയുന്നതിന് സൂര്യചന്ദ്രാദി കളുടെ ദൃഷ്ടധർമ്മങ്ങളിൽ വിചിന്തനം ചെയ്യണമെന്നും അപ്പോൾ

പ്രത്യക്ഷമായി കാണപ്പെടുന്ന ഗുണങ്ങളിൽനിന്ന് ആത്മാവിന്റെ ഗുണങ്ങളെ അനുമാനിച്ചുകൊള്ളണമെന്നും പ്രസ്തുത സത്യവാചകങ്ങൾ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വാസ്തവം പറയുന്നതായാൽ മനുഷ്യൻ ഒരു ഹ്രസ്വലോകമാകുന്നു. അവന്റെ ആത്മാവിൽ സമസ്ത പ്രപഞ്ചത്തിന്റെയും ഹ്രസ്വരൂപം നിഗൂഹനം ചെയ്യപ്പെട്ടിരിക്കുന്നു എന്നു പറയാം. ബാഹ്യപ്രപഞ്ചത്തിലെ ഗ്രഹാദി മഹാഗോളങ്ങൾ അവയ്ക്കുള്ള ശക്തിവിശേഷങ്ങളെ ജീവജാലങ്ങളുടെ സേവനത്തിനായി വിനിയോഗിച്ചുകൊണ്ടിരിക്കുന്നു എന്നത് അതർക്കിതമായ വസ്തുതയാണ്. തന്മൂലം ഉൽക്കൃഷ്ടജീവിയായി സൃഷ്ടിമകുടമായിരിക്കുന്ന മനുഷ്യൻ സമസൃഷ്ടികൾക്ക് നന്മ ചെയ്യുവാൻ അസമർത്ഥനും അഭാഗ്യനുമാണെന്ന് വിചാരിക്കുന്നത് യുക്തിസഹമല്ല.

സൂര്യനിൽ എന്നപോലെ മനുഷ്യാത്മാവിലും ഒരു തേജസ്സ് അഥവാ, വിവേകബുദ്ധിയുടെയും ജ്ഞാനത്തിന്റെയും പ്രകാശം സ്ഥിതിചെയ്യുന്നുണ്ട്. അതുമൂലം അവന് മുഴുലോകത്തെയും പ്രകാശമാനമാക്കിത്തീർക്കുവാൻ സാധിക്കുന്നതാണ്. ചന്ദ്രനെപ്പോലെ അവൻ സർവ്വതേജോകേന്ദ്രമായ ദൈവത്തിൽനിന്ന് ആത്മദർശനവും ദിവ്യവെളിപാടുമാകുന്ന പ്രകാശം സ്വീകരിക്കുകയും മാനുഷ്യപൂർണ്ണത സിദ്ധിക്കാതെ അന്ധകാരത്തിൽ വർത്തിക്കുന്നവർക്ക് തൽപ്രഭാപൂരം വിതരണം ചെയ്യുകയും ചെയ്യുന്നു. അതിനാൽ, പ്രവാചകപ്പട്ടം വെറും ഭോഷ്ക്കാണെന്നും സർവ്വോന്നതനായ ദൈവത്തിൽ നിന്നുള്ള ദൗത്യവും ധർമ്മനിയമവും തത്ത്വഗ്രന്ഥവുമെല്ലാം സ്വാർത്ഥത പുലർത്തുന്നതിനുള്ള കുതന്ത്രമാണെന്നും പറയുന്നത് തീരേ ബുദ്ധിപൂർവ്വകമല്ല.

പകൽ പ്രകാശപൂർണ്ണമായിരിക്കുന്നതുകൊണ്ട് സകല മാർഗ്ഗങ്ങളും പാതകളും അവയുടെ ഉയർച്ചയും താഴ്ചയും കുന്നും കുഴിയുമെല്ലാം തെളിഞ്ഞുകാണുമാറാകുന്ന പ്രകാരം, ആദ്ധ്യാത്മപ്രഭയുടെ അഹസ്സാകുന്ന പരിപൂർണ്ണമനുഷ്യന്റെ ആവിർഭാവത്താൽ എല്ലാ മാർഗ്ഗവും ദൃഷ്ടിഗോചരമായി ഭവിക്കുന്നതാണ്. ആ സൽപുമാൻ സത്യത്തിന്റെയും സൽഗതിയുടെയും ഉജ്ജ്വലദിനമായിരിക്കുന്നതിനാൽ സത്യാസത്യങ്ങളെ വേർതിരിച്ചു നേരായമാർഗ്ഗം കാണിച്ചുതരുന്നു. ഇതേപ്രകാരം, രാത്രിയാകട്ടെ ക്ഷീണിതർക്കും ബലഹീനർക്കും വിശ്രമം നല്കുന്നു എന്നതു പ്രത്യക്ഷമാണ്. പകൽസ

മയം വേലചെയ്തു ക്ഷീണിക്കുന്ന തൊഴിലാളികൾ നിശയാകുന്ന ശയ്യയിൽ വിശ്രമിക്കുകയും സുഖമായി നിദ്രകൊള്ളുകയും ചെയ്യുന്നു. തന്നെയുമല്ല, രാത്രി എല്ലാവരുടെയും കുറ്റങ്ങളെയും കുറവുകളെയും മറയ്ക്കുന്ന ആവരണംകൂടിയാണ്. ഈ വിധംതന്നെ പരിപൂർണ്ണഗുണങ്ങളോടുകൂടിയ ദൈവദാസൻ ലോകത്തിന് സൗഖ്യവും ആശ്വാസവും പ്രദാനം ചെയ്യുന്നതായിട്ടാണ് ആവിർഭവിക്കുന്നത്. ദൈവത്തിന്റെ പ്രേമാത്മകമായ ഭാഷണവും വെളിപാടും സിദ്ധിച്ച ആ പുണ്യാത്മാവ് വിവേകജ്ഞാനികളുടെ ആത്മീയാതങ്കങ്ങളെ നിഗ്രഹിച്ച് അവർക്ക് സൗഖ്യവും സമാശ്വാസവും നല്കുന്നു. മഹാബുദ്ധിമാന്മാർക്കുപോലും കണ്ടെത്താൻ സാധിക്കാത്ത ആത്മീയതത്ത്വങ്ങളും ജ്ഞാനരഹസ്യങ്ങളും ആ ദൈവദാസൻമുഖേന വെളിപ്പെടുകയും സുഗ്രാഹ്യമായി ഭവിക്കുകയും ചെയ്യുന്നു. ദൈവവചനത്തിന്റെ വെളിപാട് മനുഷ്യന്റെ വിവേകബുദ്ധിയെ തീക്ഷ്ണതരമാക്കുകയും അതിന്റെ ന്യൂനതകളെ മറച്ചുകളയുകയും അതിന്റെ വീഴ്ചകൾ ലോകത്തിന് വെളിപ്പെടാതിരിക്കാൻ സൂക്ഷിക്കുകയും ചെയ്യുന്നു. വിവേകികൾ ദൈവവചനത്തിന്റെ പ്രകാശം സിദ്ധിക്കുകമൂലം ആന്തരീയമായ തങ്ങളുടെ തെറ്റുകൾ തിരുത്തുകയും ദൈവത്തിന്റെ വിശുദ്ധ വെളിപാടിന്റെ സഹായത്താൽ ലോകാപവാദത്തിൽനിന്നു സ്വയം രക്ഷിക്കുമാറാവുകയും ചെയ്യുന്നു. അതിനാലത്രേ ഇസ്‌ലാമിലുണ്ടായ ഒരു തത്ത്വജ്ഞാനിയും യവനദാർശനികനായ പ്ലേറ്റോ (അഫ്‌ലാത്തൂൻ)വിനെപ്പോലെ വിഗ്രഹത്തിന് ബലിയർപ്പിക്കാതിരുന്നത്. ഏതാദൃശമായ പ്രകാശസിദ്ധിക്ക് ഭാഗ്യമില്ലാതിരുന്നതിനാൽ പ്ലേറ്റോ തെറ്റുധാരണകൾക്ക് വശഗനായി ഭവിച്ചു. മഹാതത്ത്വജ്ഞാനിയായിരുന്നിട്ടും അദ്ദേഹത്തിന് അനഭിലഷണീയമായ ഈ മൗഢ്യം പിണയുകതന്നെ ചെയ്തു. എന്നാൽ, ഇസ്‌ലാമിലെ തത്ത്വജ്ഞാനികളെ ഇത്തരം വിവേകശൂന്യമായ ക്രിയകളിൽനിന്ന് നിരോധിച്ചത്, നബിനായകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ ഉപദർശനമാണെന്ന കാര്യം നിസ്സന്ദേഹമത്രെ. ഇങ്ങനെ ദൈവവചനമാകുന്ന വെളിപാട് രാത്രിയെപ്പോലെ വിവേകികൾക്ക് ഒരാവരണമായിത്തീരുന്നു.

പൂർണ്ണതപ്രാപിച്ച ദൈവദാസൻ ആകാശമണ്ഡലത്തെപ്പോലെ ദുഃഖിതരെയും ക്ലേശിതരെയും തങ്ങളുടെ രക്ഷാച്ഛായയിൽ സ്വീകരിച്ചു സമാശ്വസിപ്പിക്കുന്നു. വെളിപാടുണ്ടായിട്ടുള്ള ഭക്തജനം

പൊതുവെയും ദൈവത്തിന്റെ വരിഷ്ഠദാസരായ പ്രവാചകന്മാർ പ്രത്യേകിച്ചും തങ്ങളുടെ അനുഗ്രഹവൃഷ്ടിയെ, ആകാശം മഴയെ എന്നപോലെ ലോകത്തിന് പ്രദാനം ചെയ്യുന്നു. തന്നെയുമല്ല, ആ മഹത്തുക്കളിൽ ഭൂമിയുടെ സ്വഭാവവിശേഷങ്ങളും അന്തർഭവിച്ചിരിക്കുന്നതിനാൽ അവരുടെ വിശുദ്ധിപ്രാപിച്ച ആത്മാക്കളിൽനിന്ന് ഉൽക്കൃഷ്ടജ്ഞാനങ്ങളുടെയും തത്ത്വരസങ്ങളുടെയും വൃക്ഷശതങ്ങൾ സമൃദ്ധമായി വളർന്നുവരികയും അവ അവയുടെ ശീതളച്ഛായയും ഫലപുഷ്പാദികളും മുഖാന്തരം ലോകത്തിന് അനുഗ്രഹകരങ്ങളായി ഭവിക്കുകയും ചെയ്യുന്നു. ഇപ്രകാരം പ്രകൃതീഗ്രന്ഥത്തിൽ പ്രത്യക്ഷമായി കാണപ്പെടുന്ന നിയമങ്ങൾ അനുമാനംകൊണ്ടു മാത്രം അറിയാവുന്ന ഗുപ്തപ്രായമായ നിയമങ്ങളുടെ സൽഭാവത്തെ സാക്ഷിക്കുന്നു. ഈ സാക്ഷ്യത്തെയാണ് അഗാധജ്ഞനായ ദൈവം പ്രസ്തുത സത്യവാചകങ്ങളിൽ ഉന്നയിച്ചിരിക്കുന്നത്. നോക്കുക! വിശുദ്ധഖുർആനിൽ അടങ്ങിയിരിക്കുന്ന വചനങ്ങൾ എത്ര അർത്ഥഗർഭവും യുക്തിസഹവും ആയിരിക്കുന്നു! അവ അക്ഷരാഭ്യാസം ചെയ്തിട്ടില്ലാത്ത ആ അരണ്യവാസിയുടെ തിരുമുഖത്തുനിന്ന് പുറപ്പെട്ടുവന്ന വചനമത്രെ. അത് ദൈവത്തിന്റെ സത്യവാണിയല്ലായിരുന്നുവെങ്കിൽ അതിലെ തത്ത്വരഹസ്യം ഗ്രഹിക്കുവാൻ സാധിക്കാതെ വിവേകികളും വിദ്യാസമ്പന്നരുമാണെന്ന് പറയപ്പെടുന്നവർ അതിനെ ആക്ഷേപാർഹമായി ഗണിക്കുമായിരുന്നില്ല. തങ്ങളുടെ അപൂർണ്ണമായ ബുദ്ധിശക്തികൊണ്ട് മനസ്സിലാക്കുവാൻ കഴിയാതാകുന്ന ഏത് സാരവത്തായ സംഗതിയെയും ലോകർ ആക്ഷേപാർഹമായി കരുതുകയെന്നത് സാധാരണമാണ്. ജ്ഞാനഗർഭമായ ആ തത്ത്വം സാമാന്യബുദ്ധിക്ക് അതീതമായ ഒന്നാണെന്നതിലേക്ക് ആ ആക്ഷേപനിരൂപണംതന്നെ സാക്ഷ്യമാകുന്നു. അതിനാലത്രേ സ്വസാമർത്ഥ്യത്തിൽ ഊറ്റം നടിച്ചുപോന്ന ബുദ്ധിമാന്മാർകൂടി വിശുദ്ധഖുർആനിലെ സത്യവാചകത്തിന്റെ നേർക്ക് ആക്ഷേപം പുറപ്പെടുവിച്ചിരിക്കുന്നത്. എന്നാൽ, ഇപ്പോൾ അതിന്റെ രഹസ്യം വെളിപ്പെടുകയും യാഥാർത്ഥ്യം പ്രത്യക്ഷമാവുകയും ചെയ്തിരിക്കുന്നതിനാൽ ബുദ്ധിമാന്മാർക്ക് ഇനി ആക്ഷേപത്തിന് വകയില്ല; മറിച്ച്, ഈ വചനത്തിൽ ചിന്തിക്കുന്തോറും അവർ ആനന്ദംകൊള്ളുകയാണ് ചെയ്യുക.

ദൈവബോധനത്തിന്റെയും ദിവ്യവെളിപാടിന്റെയും ആവശ്യകതയും സത്യതയെയും തെളിയിക്കുന്നതിന് വിശുദ്ധഖുർആൻ

മറ്റൊരിടത്ത് സത്യവാചകരൂപേണ, പ്രകൃതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിയമസമുച്ചയത്തിൽനിന്ന് ഒരു സാക്ഷ്യത്തെ ഉന്നയിക്കുന്നതു കാണുക:

وَالسَّمَاءِ ذَاتِ الرَّجْعِ ۝١١ وَالْأَرْضِ ذَاتِ الصَّدْعِ ۝١٢ إِنَّهُ لَقَوْلٌ فَصْلٌ ۝١٣
وَمَا هُوَ بِالْهَزْلِ ۝١٤

"വൃഷ്ടിയെ പ്രദാനം ചെയ്യുന്ന ആകാശത്തെക്കൊണ്ടും വർഷജലത്തിന്റെ സഹായത്തിൽ സസ്യാദികളെ പുറപ്പെടുവിക്കുന്ന ഭൂമിയെക്കൊണ്ടും സത്യം; നിശ്ചയമായും ഈ ഖുർആൻ സത്യാസത്യങ്ങളെ വേർതിരിച്ചു കാണിക്കുന്ന ദൈവവചനമാകുന്നു. ഇത് നിരർത്ഥമോ വ്യർത്ഥമോ ആയിട്ടുള്ളതല്ല" (86:12-15). അതായത്, ദൈവവചനം വ്യർത്ഥമായും അകാലത്തിലും അല്ല വെളിപ്പെട്ടിരിക്കുന്നത്. അത് ഹിതകാലത്തുണ്ടാകുന്ന മഴയെന്നപോലെ യഥാകാലത്ത് ആവിർഭവിച്ചിട്ടുള്ളതാകുന്നു. ഇവിടെ, സർവ്വശക്തനായ ദൈവം തന്റെ വചനമായ വിശുദ്ധഖുർആന്റെ സത്യത്തിലേക്ക് പ്രസ്തുത സത്യവാചകരൂപേണ, പ്രകൃതിയിലെ ഒരു പ്രത്യക്ഷനിയമത്തെയാണ് സാക്ഷ്യമായി ഉന്നയിച്ചിരിക്കുന്നത്. കാലോചിതമായും ഹിതാനുസൃതമായും ആകാശത്തിൽനിന്ന് മഴയുണ്ടാകുന്നു എന്നത് പ്രകൃതിയിൽ നാം കണ്ടുവരുന്ന നിയമവ്യവസ്ഥയാണല്ലോ. ഭൂമിയിൽ കാണുമാറാകുന്ന പച്ചളിപ്പിനും തഴപ്പിനും ആശ്രയമായിരിക്കുന്നത് വർഷജലമാകുന്നു. ആകാശത്തുനിന്ന് മഴയുണ്ടാകുന്നില്ലെങ്കിൽ ക്രമേണ കിണറുകളിൽ വെള്ളം വറ്റിപ്പോകുന്നു. ഇങ്ങനെ ഭൂമിയിലെ വെള്ളത്തിനും വർഷജലത്തിനും തമ്മിൽ ഒരു ബന്ധവും ആകർഷണവുമുണ്ടെന്നുകാണാം. അതുകൊണ്ടുതന്നെയാണ് മഴ പെയ്താൽ കിണറുകളിൽ വെള്ളം പൊന്തിവരുന്നത്. എന്തെന്നാൽ, ആകാശത്തുനിന്നുള്ള വർഷജലം ഭൂമിയുടെ അടിയിലുള്ള വെള്ളത്തെ മുകളിലേക്ക് ആകർഷിച്ചുകൊണ്ടുവരുന്നു. ഇത്തരത്തിലുള്ള ഒരാകർഷണവും ബന്ധവുമാണ് ദൈവബോധനത്തിനും വിവേകബുദ്ധിക്കും തമ്മിലുള്ളത്. ദൈവബോധനം സ്വർഗ്ഗീയജലവും വിവേകബുദ്ധി ഭൗമികജലവുമാണെന്ന് പറയാം. ഭൂമിയിലെ വെള്ളം എപ്പോഴും മഴവെള്ളംകൊണ്ടാണ് നിർമ്മലമായി നിറുത്തപ്പെടുന്നത്. അതുപോലെ, സ്വർഗ്ഗീയസലിലമാകുന്ന ദൈവവചനത്തിന്റെ വെളിപാട് നിലച്ചുപോകുന്നപക്ഷം

ഭൗമികജലമാകുന്ന വിവേകബുദ്ധി ശുഷ്കിച്ചുപോകുന്നതാണ്. ദൈവവചനത്തിന്റെ സ്വീകർത്താവായ സത്യാത്മാവിന്റെ ആഗമനംകൊണ്ടനുഗൃഹീതമാകാതെ ഒരു ദീർഘകാലം കഴിഞ്ഞുപോകുന്നതായാൽ വർഷജലത്തിന്റെ അഭാവത്താൽ ഭൂമിയിലെ വെള്ളം വറ്റി മലിനമായിത്തീരുന്നപ്രകാരം മനുഷ്യന്റെ ബുദ്ധിയും ജ്ഞാനവും ദുഷിച്ചുപോകുന്നു.

പ്രസ്തുത സംഗതി സുഗ്രാഹ്യമാകുന്നതിനു നബിനായകർ (സ) തിരുമേനിയുടെ ആവിർഭാവത്തിനുമുമ്പേ അജ്ഞാനവും അധർമ്മവുംകൊണ്ട് അന്ധകാരമയമായിക്കിടന്നിരുന്ന ലോകത്തെ ഒന്ന് പ്രത്യവലോകനം ചെയ്താൽ മതിയാകുന്നതാണ്. ഈസാനബിയുടെ ആഗമനത്തിനുശേഷം അന്നേയ്ക്കു ആറു നൂറ്റാണ്ട് കഴിഞ്ഞിരുന്നുവെങ്കിലും ഇത്രയും ദീർഘകാലത്തിനിടയിൽ ദൈവപ്രബോധനം സിദ്ധിച്ച ഒരു പരിഷ്കർത്താവും പ്രത്യക്ഷപ്പെട്ടിരുന്നില്ല. തന്മൂലം, ലോകത്തിലെങ്ങും അന്ധവിശ്വാസവും അനാചാരവും ഊർജ്ജിതമായി ഭവിച്ചിരുന്നു. തിരുനബി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ അവതാരകാലത്ത് പൊതുവെ ലോകത്തിന്റെ സ്ഥിതി ഇപ്രകാരം അതിദയനീയമായിത്തീർന്നിരുന്നു എന്ന് സകല രാജ്യചരിത്രങ്ങളും സാക്ഷ്യം വഹിക്കുന്നു. ഈ ശോച്യാവസ്ഥയുടെ കാരണം, ഒരു നീണ്ടകാലത്തോളം ദൈവബോധനത്തിന്റെ ആഗമനം നിലച്ചുപോയതല്ലാതെ മറ്റൊന്നുമായിരുന്നില്ല. അന്ന് സ്വർഗ്ഗരാജ്യം ഭരിച്ചിരുന്നത് ബുദ്ധിശക്തിമാത്രമായിരുന്നു. ദൈവപ്രബോധനത്തിന്റെ പ്രകാശമേല്ക്കാതിരുന്ന അപൂർണ്ണമായ ബുദ്ധിയാകട്ടെ ജനങ്ങളെ പല അബദ്ധവഴികളിലേക്കും ചാടിക്കുകയാണുണ്ടായത്. ഇപ്രകാരം ദൈവപ്രബോധനമാകുന്ന വർഷം ഒരു ദീർഘകാലത്തോളം ഉണ്ടാകാതിരുന്നപ്പോൾ ബുദ്ധിശക്തിയാകുന്ന വെള്ളം വറ്റിപ്പോവുകയുണ്ടായി. ദൈവം സത്യവാചകരൂപേണ ഈ പ്രകൃതിനിയമത്തെക്കുറിച്ച് നമ്മെ ഉദ്ബോധിപ്പിക്കുകയും ഭൂമിയിൽ കാണപ്പെടുന്ന ഹരിതവർണ്ണത്തിനും ഫലസമൃദ്ധിക്കും അവലംബമായിരിക്കുന്നത് ആകാശത്തിൽനിന്നുള്ള വർഷജലമാകുന്നു എന്ന ശാശ്വതവും സ്പഷ്ടവുമായ നിയമത്തിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ് ചെയ്യുന്നത്. പ്രകൃതിയിലെ ഈ പ്രത്യക്ഷമായ നിയമം, പരോക്ഷവും അനുമാനസിദ്ധവുമായ ദൈവവചനാഗമനത്തെ സംബന്ധിച്ച നിയ

മത്തിലേക്ക് ഒരു സാക്ഷ്യമാകുന്നു. ഇതിൽനിന്ന് ബുദ്ധിശക്തിയെ മാത്രം നാം ഏകമാർഗ്ഗദർശകമായി കരുതാവുന്നതല്ലെന്ന് സിദ്ധിക്കുന്നു. എന്തുകൊണ്ടെന്നാൽ, അത് ദൈവബോധനമാകുന്ന സ്വർഗ്ഗീയജലത്തിന്റെ സമ്പർക്കം കൂടാതെ നിർമ്മലവും പരിശുദ്ധവുമായിരിക്കുന്നതിന് പര്യാപ്തമായ വെള്ളമല്ല. ആകാശത്തിൽനിന്നുള്ള വർഷജലം കിണറുകളിൽ പതിച്ചാലും ഇല്ലെങ്കിലും അടിയിൽ കിടക്കുന്ന വെള്ളത്തെ അത് മേൽപ്പോട്ട് പൊക്കിക്കൊണ്ടുവരുന്നു എന്നത് അതിന്റെ സ്വഭാവവിശേഷമാണ്. ഇപ്രകാരം ദൈവപ്രബുദ്ധനായ സത്യാത്മാവിന്റെ ആവിർഭാവത്തിൽ, ബുദ്ധിമാന്മാർ അദ്ദേഹത്തെ അനുഗമിച്ചാലും ഇല്ലെങ്കിലും ജനങ്ങളുടെ ബുദ്ധിശക്തി അഭൂതപൂർവ്വമാംവിധം തീക്ഷ്ണവും നിർമ്മലവുമായി ഭവിക്കുമാറാകുന്നു. അവർ സ്വമേവ സത്യാന്വേഷണം ചെയ്തു തുടങ്ങുന്നു. അവരുടെ ചിന്താശക്തിയ്ക്ക് എന്തെന്നില്ലാത്ത ഒരു ചലനം കാണുമാറാകുന്നു. ഏതാദൃശമായ ബുദ്ധിവികാസവും ചൈതന്യാവേശവും ഔത്സുക്യവും ദൈവസന്ദേശ സ്വീകർത്താവായ ആ ശ്രേഷ്ഠപുരുഷന്റെ അനുഗൃഹീതമായ പാദവിന്യാസം കൊണ്ടുണ്ടാകുന്നതാകുന്നു. അതിനാൽ, ലോകർ പൊതുവെ മതതത്ത്വാന്വേഷണത്തിലും വിചന്തനത്തിലും വ്യാപൃതരായി കാണപ്പെടുകയാണെങ്കിൽ– വാചകാന്തരേണ പറയുന്നതായാൽ, ഭൗമികജലത്തിന് ചലനവും പ്രവാഹവും ഉണ്ടായി കാണുകയാണെങ്കിൽ– ആകാശത്തിൽനിന്ന് ഊക്കേറിയ ജലവർഷം ഉണ്ടായിട്ടുണ്ടെന്നും ദൈവപ്രബോധനമാകുന്ന ദീപയഷ്ടി ഏതോ ഒരു സത്യപുരുഷന്റെ ഹൃദയഗേഹത്തിൽ കൊളുത്തപ്പെട്ടിട്ടുണ്ടെന്നും ധരിച്ചുകൊള്ളേണ്ടതാണ്.

# ദൈവജ്ഞാനസിദ്ധിയ്ക്കുള്ള മാർഗ്ഗങ്ങൾ

ദൈവജ്ഞാനപ്രാപ്തിയ്ക്കുള്ള മാർഗ്ഗങ്ങളെന്തെല്ലാമെന്നതാണ് അഞ്ചാമത്തെ പ്രശ്നം. ഈ വിഷയത്തെ വിശുദ്ധഖുർആൻ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടെങ്കിലും അതിനെക്കുറിച്ച് ഇവിടെ വിവരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ ഞാൻ കഴിയുന്നതും ചുരുക്കിപ്രസ്താവിച്ചുകൊള്ളാം. 'തകാസുർ' എന്ന അധ്യായത്തെ വ്യാഖ്യാനിച്ചുകൊണ്ട് മുമ്പേ ഒരിടത്ത് ചേർത്തിരുന്ന വിവരണ

ത്തിൽ കാണിച്ച പ്രകാരം, വിശുദ്ധഖുർആൻ ജ്ഞാനപദ്ധതിയെ 'ഇൽമുൽയഖീൻ' (അനുമാനജ്ഞാനം) എന്നും 'ഐനുൽയഖീൻ' (ദർശനജ്ഞാനം) എന്നും 'ഹഖ്ഖുൽയഖീൻ' (അനുഭവജ്ഞാനം) എന്നും മൂന്നായി വിഭജിച്ചിരിക്കുകയാണ്. ഒരു സ്ഥലത്ത് പുകമാത്രം കണ്ടിട്ട് അവിടെ തീയുണ്ടെന്ന് നാം അനുമാനിക്കുന്ന പ്രകാരം നാമുദ്ദേശിച്ച കാര്യം മറ്റൊന്നിന്റെ അവലംബം മുഖേന അനുമാനിച്ചു ദൃഢബോധം വരുത്തുന്നതിനാണ് 'ഇൽമുൽയഖീൻ' എന്നു പറയുന്നത്. എന്നാൽ, നാം തീ കൂടി കാണുന്നതായാൽ നമുക്ക് അതിനെ സംബന്ധിച്ചേടത്തോളം 'ഐനുൽയഖീൻ' അഥവാ ദർശനജ്ഞാനം സിദ്ധിക്കുന്നു. അവസാനമായി, ആ തീ കൈകൊണ്ടു തൊട്ടുനോക്കുന്നതുമൂലം നമുക്കുണ്ടാകുന്ന അനുഭവജ്ഞാനത്തിന് ഹഖ്ഖുൽയഖീൻ എന്നു പറയുന്നു. ഈ ബോധങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന 'തകാസൂർ' എന്ന അധ്യായത്തിന്റെ വ്യാഖ്യാനം അന്യത്ര ചേർത്തിരിക്കുന്നതിനാൽ അതിനെക്കുറിച്ച് ഇവിടെ വിവരിക്കുന്നില്ല.

പ്രഥമഘട്ടമായ അനുമാനജ്ഞാനത്തിനുള്ള ഉപാധി, യുക്തിയും ശ്രുതിയുമാകുന്നു. നരകവാസികളെ സംബന്ധിച്ച് വിശുദ്ധഖുർആൻ പറയുകയാണ്:

وَقَالُوا لَوْ كُنَّا نَسْمَعُ أَوْ نَعْقِلُ مَا كُنَّا فِي أَصْحَابِ السَّعِيرِ ⑪ "അവർ പറയും ഞങ്ങൾ ബുദ്ധിമാന്മാരായ തത്ത്വചിന്തകന്മാരുടെയും ജ്ഞാനികളുടെയും വാക്കുകൾ ശ്രദ്ധിക്കുകയോ, ഞങ്ങൾ നല്ലവണ്ണം ചിന്തിക്കുന്നവരായി മതവിശ്വാസപ്രമാണങ്ങളെ യുക്തിപൂർവ്വം പരിശോധിക്കുകയോ ചെയ്തിരുന്നുവെങ്കിൽ ഞങ്ങൾ നരകവാസികളുടെ കൂട്ടത്തിൽപ്പെടുമായിരുന്നില്ല" (67:17). ഇതേ അർത്ഥത്തെ സൂചിപ്പിക്കുന്ന മറ്റൊരു വാക്യമിതാണ്. لَا يُكَلِّفُ اللَّهُ نَفْسًا إِلَّا وُسْعَهَا "ദൈവം ഒരാത്മാവിനെയും അതിന്റെ ബോധശക്തിയിൽ കവിഞ്ഞുള്ള ഒന്നും സ്വീകരിക്കാൻ ഹേമിക്കുന്നില്ല" (2:287). അതായത്, ദൈവം മനുഷ്യനെ ക്ഷണിക്കുന്നത് അവന്റെ ബുദ്ധിയിലും അറിവിലും അടങ്ങുന്ന വിശ്വാസത്തിലെക്കും തത്ത്വസംഹിതയിലെക്കുമാണ്. അവന് ദുർവ്വഹമായ ഒരു ഭാരവും അവനിൽ ദൈവം ചുമത്തുന്നില്ല. ശരിയായ വാർത്താനിവേദനവും ശ്രുതിയും മുഖേന ഒരുവന് നിശ്ചയജ്ഞാനം സിദ്ധിക്കാവുന്നതാണെന്നും പ്രസ്തുത ഖുർആൻ വാക്യങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്. ദൃഷ്ടാന്തമായി,

ലണ്ടൻപട്ടണം കണ്ടിട്ടില്ലെങ്കിലും അങ്ങനെ ഒരു പട്ടണമുണ്ടെന്ന് നാം കേട്ടറിഞ്ഞു വിശ്വസിക്കുന്നുവല്ലോ. എന്തുകൊണ്ടെന്നാൽ, ആ പട്ടണം കണ്ടവരുടെയെല്ലാം വാക്കുകളെ നമുക്ക് വിശങ്കിക്കുവാൻ നിർവ്വാഹമില്ല. അതുപോലെതന്നെ, ഔറംഗസേബ് ചക്രവർത്തിയുടെ കാലത്ത് നാം ജീവിക്കുകയോ അദ്ദേഹത്തെ കാണുകയോ ചെയ്തിട്ടില്ലെങ്കിലും അദ്ദേഹം ഇന്ത്യ ഭരിച്ച മുഗൾ രാജാക്കന്മാരിൽ ഒരാളായിരുന്നുവെന്ന വസ്തുതയെ നാമാരും സംശയിക്കുന്നുമില്ല. ഈ നിസ്സന്ദേഹമായ ബോധത്തിനുകാരണം നിരങ്കുശമായ ബലശ്രുതി മാത്രമാണല്ലോ. ഇങ്ങനെ, ഒരു വസ്തുതയുടെ യാഥാർത്ഥ്യം സംബന്ധിച്ചോ അതിന്റെ സത്തയെക്കുറിച്ചോ നിർദ്ദോഷമായ ശ്രുതിമുഖേന ദൃഢവിശ്വാസം സിദ്ധിക്കാവുന്നതാണ്. ദൈവനിശ്വാസിതമായ ധർമ്മഗ്രന്ഥങ്ങൾ-പ്രവാചകകൃതികൾ -പരമ്പരയാ കൈമാറിവന്ന മാർഗ്ഗം നിർദ്ദോഷവും നിരാക്ഷേപവുമാണെന്ന് വരുകിൽ അതുകളും ജ്ഞാനസിദ്ധിക്ക് പര്യാപ്തങ്ങളാണ്. എന്നാൽ, ദൈവികഗ്രന്ഥമെന്ന് വിചാരിക്കപ്പെടുന്ന ഒരു മതഗ്രന്ഥത്തിന് പരസ്പര വിരുദ്ധങ്ങളായ അമ്പതോ അറുപതോ പകർപ്പുകളുള്ളതിൽ മൂന്നോ നാലോ പകർപ്പുകളെ മാത്രം ദൈവപ്രോക്തങ്ങളായി ആ ഗ്രന്ഥാനുസാരികൾ അംഗീകരിക്കുകയും ശേഷിച്ചവയെല്ലാം കൃത്രിമങ്ങളും കല്പിതങ്ങളുമായി തള്ളിക്കളയുകയും ചെയ്യുന്നപക്ഷം, പൂർണ്ണവും നിപുണവുമായ പരിശോധനയുടെ ഫലമല്ലാത്ത അത്തരം വിശ്വാസവും അംഗീകാരവും നിരർത്ഥകമാകുന്നു. അത്തരം ഗ്രന്ഥപകർപ്പുകൾ അവയുടെ പരസ്പര വൈരുദ്ധ്യം നിമിത്തം അവിശ്വാസ്യവും ത്യാജ്യവുമായിത്തീരുന്നുവെന്നുവേണം പറയാൻ. തന്നെയുമല്ല അന്യോന്യവിരുദ്ധമായ പ്രസ്താവനകളോടുകൂടിയ അത്തരം ഗ്രന്ഥങ്ങൾ ജ്ഞാനസിദ്ധിയ്ക്ക് ഉതകുന്നവയാണെന്ന് കരുതുവാൻ പാടില്ലാത്തതുമാണ്. എന്തുകൊണ്ടെന്നാൽ, പരസ്പരവിരുദ്ധമായ പ്രസ്താവനകൾ ഒരിക്കലും ദൃഢവിശ്വാസം ജനിപ്പിക്കുന്നതിനു പര്യാപ്തമാവുകയില്ല. പരമാർത്ഥതത്ത്വത്തിന്റെ പ്രയോജനം നിസ്സന്ദേഹമായ ബോധവും വാസ്തവമായ ജ്ഞാനവും പ്രദാനം ചെയ്യുകയാകുന്നു. അപ്പോൾ, പരസ്പരവൈരുദ്ധ്യങ്ങളുടെ സമാഹാരത്തിൽനിന്ന് നിശ്ചയജ്ഞാനം സിദ്ധിക്കുക സാധ്യമല്ലെന്ന് തീർച്ചയാണ്.

വിശുദ്ധഖുർആൻ കൈമാറിവന്ന മാർഗ്ഗം നിർദ്ദോഷവും നിർബാധവുമാണെന്നു മാത്രമല്ല, അത് അതിന്റെ പരമാർത്ഥത

തെളിയിക്കുന്നതിന് യുക്തിന്യായങ്ങൾ കാണിക്കുന്ന ഗ്രന്ഥം കൂടിയാണെന്നുള്ള വസ്തുത പ്രകൃതത്തിൽ അനുസ്മരണീയമാണ്. ആ സത്യവേദഗ്രന്ഥം അതിലെ സിദ്ധാന്തങ്ങളെയും വിശ്വാസപ്രമാണങ്ങളെയും നിയമവ്യവസ്ഥകളെയും ദൈവപ്രോക്തമാണെന്ന കാരണത്താൽമാത്രം സ്വീകരിച്ചുകൊള്ളുവാൻ നമ്മെ നിർബന്ധിക്കാതെ, ഓരോ സംഗതിക്കും യുക്തിയുക്തമായ തെളിവുകൾ ഉന്നയിക്കുന്നു. ഈ സംഗതിയാലാണ് വിശുദ്ധഖുർആൻ അതിലെ എല്ലാ തത്ത്വസിദ്ധാന്തങ്ങളും മനുഷ്യപ്രകൃതിയിൽ നിക്ഷിപ്തമായിട്ടുള്ളവയാണെന്ന് പറയുന്നത്. ഖുർആൻ പറയുകയാണ്: هٰذَا ذِكْرٌ مُّبَارَكٌ "ഈ അനുഗൃഹീതഗ്രന്ഥം നൂതനമായ യാതൊന്നും കൊണ്ടുവന്നിട്ടില്ല; എന്നാൽ, ഇത് മനുഷ്യപ്രകൃതിയിലും വിശ്വപ്രകൃതിയിലും അന്തർഭൂതമായ സംഗതികളെ ഓർമ്മിപ്പിക്കുന്ന ഒരു അനുസ്മാരകമാകുന്നു" (21:51). മറ്റൊരിടത്ത് പറയുന്നു: لَآ اِكْرَاهَ فِي الدِّيْنِ "ഈ മതത്തിൽ- ഇസ്ലാംമതത്തിൽ- നിർബന്ധമശേഷമില്ല" (2:257). അതായത്, അത് അതിലെ തത്ത്വസിദ്ധാന്തങ്ങൾ സ്വീകരിക്കുന്നതിന് ആരേയും നിർബന്ധിക്കുവാൻ ഉദ്ദേശിക്കുന്നില്ല; സകല സംഗതികൾക്കും അത് തെളിവുകളും യുക്തിന്യായങ്ങളും ഉന്നയിക്കുന്നു. മാത്രമല്ല, ഹൃദയങ്ങൾക്ക് പ്രകാശം നല്കുന്ന അധ്യാത്മശക്തിയും അത് സ്വയം അടക്കിക്കൊള്ളുന്നുണ്ട്. അത് പറയുകയാണ്: شِفَآءٌ لِّمَا فِي الصُّدُوْرِ "ഖുർആൻ എല്ലാ ആത്മീയവ്യാധികൾക്കുമുള്ള ശമനൗഷധമാകുന്നു" (10:58). അതിനാൽ, ഈ വിശുദ്ധഗ്രന്ഥത്തിനുള്ള മാഹാത്മ്യം പരമ്പരയാ സിദ്ധിച്ച പൗരാണിക ഗ്രന്ഥമെന്ന നിലയ്ക്കല്ല, അതിലെ സകല തത്ത്വസിദ്ധാന്തങ്ങൾക്കും നിർദ്ദോഷമായ യുക്തികൾ കാണിക്കുകയും ദീപ്രമായ അദ്ധ്യാത്മക പ്രകാശം പ്രസരിപ്പിക്കുകയും ചെയ്യുന്ന പവിത്രഗ്രന്ഥമെന്ന നിലയ്ക്കാകുന്നു.

ഇതേപ്രകാരംതന്നെ, ശരിയായ നിലയിൽ അനുമാനിക്കുന്ന യുക്തിന്യായങ്ങൾ ഒരുവനെ നിശ്ചയജ്ഞാനത്തിലേക്ക് നയിക്കുന്നു എന്നത് നിസ്സന്ദേഹമാണ്. ഈ സംഗതിയെയാണ് വിശുദ്ധഖുർആൻ ഈ വാക്യങ്ങളിൽ സൂചിപ്പിക്കുന്നത്.

إِنَّ فِي خَلْقِ السَّمٰوٰتِ وَالْأَرْضِ وَاخْتِلَافِ الَّيْلِ وَالنَّهَارِ لَاٰيٰتٍ لِّأُولِي
الْأَلْبَابِ ﴿١٩١﴾ الَّذِينَ يَذْكُرُونَ اللّٰهَ قِيٰمًا وَّقُعُودًا وَّعَلٰى جُنُوبِهِمْ وَيَتَفَكَّرُونَ
فِي خَلْقِ السَّمٰوٰتِ وَالْأَرْضِ رَبَّنَا مَا خَلَقْتَ هٰذَا بَاطِلًا سُبْحٰنَكَ فَقِنَا
عَذَابَ النَّارِ ﴿١٩٢﴾

“ബുദ്ധിമാന്മാരും ജ്ഞാനികളും ഭൂമിയുടെയും ആകാശഗോളങ്ങളുടെയും സൃഷ്ടിയെക്കുറിച്ച് ചിന്തിക്കുകയും ദിനരാത്രങ്ങളിലെ അന്തരത്തിനുള്ള കാരണങ്ങളെ നിരീക്ഷിക്കുകയും ചെയ്യുമ്പോൾ പ്രപഞ്ചത്തിലെങ്ങും നിറഞ്ഞുകാണുന്ന സംവിധാനത്തിലും വ്യവസ്ഥയിലും സർവ്വോന്നതനായ ദൈവത്തിന്റെ സത്തയെ തെളിയിക്കുന്ന യുക്തികളും ന്യായങ്ങളും അവർക്ക് ലഭിക്കുന്നതാണ്. അപ്പോൾ, അവർ കൂടുതൽ വ്യക്തമായ ജ്ഞാനം സിദ്ധിക്കുന്നതിന് ദൈവത്തോട് സഹായമർത്ഥിക്കുകയും നില്ക്കുകയോ ഇരിക്കുകയോ കിടക്കുകയോ ചെയ്യുന്ന അവസ്ഥകളിലെല്ലാം അവനെ സ്മരിക്കുകയും ചെയ്യുന്നു. തന്മൂലം അവരുടെ ബുദ്ധിശക്തി തെളിവും വെളിവുമുള്ളതായിത്തീരുന്നു. അങ്ങനെ അവർ ജ്യോതിർഗ്ഗോളങ്ങളുടെയും ഭൂമിയുടെയും പരിപൂർണ്ണവും അന്യൂനവുമായ സൃഷ്ടിവൈചിത്ര്യത്തെക്കുറിച്ച് വിചിന്തനം ചെയ്യുമ്പോൾ അവയിലെല്ലാം കാണുമാറാകുന്ന തികവുറ്റ ക്രമവ്യവസ്ഥിതി വ്യർത്ഥമോ മിഥ്യയോ അല്ലെന്നും യഥാർത്ഥത്തിൽ അത് സർവ്വോന്നതനായ സാക്ഷാൽ പ്രപഞ്ചകർത്താവിന്റെ തിരുമുഖം പ്രത്യക്ഷീകരിക്കുന്നതാണെന്നും ബോധിക്കുന്നു. ഈവിധത്തിൽ സ്രഷ്ടാവിനെക്കുറിച്ച് ജ്ഞാനം സിദ്ധിക്കുക നിമിത്തം അവർ അവനെ ഇപ്രകാരം സ്തോത്രം ചെയ്യുന്നു; അല്ലയോ ഞങ്ങളുടെ രക്ഷിതാവേ! സകലസ്തോത്രവും നിനക്കത്രെ; നിന്റെ സത്തയെ നിഷേധിക്കുകയോ നിന്നിൽ അയോഗ്യങ്ങളായ ഗുണകർമ്മങ്ങൾ സങ്കല്പിക്കുകയോ ചെയ്യുന്നതിൽനിന്ന് നീ എത്രയും ഉപരിയായിരിക്കുന്നവനാണ്. നിന്നെ നിഷേധിക്കുക എന്നതുതന്നെ ഒരു നരകമാകുന്നു. യഥാർത്ഥ സുഖവും ആനന്ദവും നിന്നിലും നിന്റെ ജ്ഞാനത്തിലും സ്ഥിതിചെയ്യുന്നു. നിന്നെ തിരിച്ചറിയാൻ സാധിക്കാത്തവൻ ഇഹത്തിൽ വെച്ചുതന്നെ നരകാഗ്നിയിലത്രെ. തന്നിമിത്തം നീ ഞങ്ങളെ നരകാഗ്നിയിൽനിന്ന് രക്ഷിക്കുമാറാകേണമേ!” (3:191,192).

ദൈവത്തിന്റെ വിശുദ്ധഗ്രന്ഥത്തിൽ മനുഷ്യപ്രകൃതി എന്നു നാമാഭിധാനം ചെയ്യപ്പെട്ടിട്ടുള്ള അന്തഃകരണവും ഒരു ജ്ഞാനോപാധിയാകുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നത് കാണുക: فِطْرَتَ اللّٰهِ الَّتِىْ فَطَرَ النَّاسَ عَلَيْهَا "ദിവ്യപ്രകൃതിയിൽ അഥവാ പരിശുദ്ധപ്രകൃതിയിൽ മനുഷ്യരെല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" (30:31). മനുഷ്യനിൽ പ്രാവർത്തികമായി കാണുന്ന ഈ ദിവ്യപ്രകൃതി, ദൈവം ഒരു കൂട്ടുകാരനുമില്ലാതെ സർവ്വവസ്തുക്കളുടെയും സ്രഷ്ടാവായി ജനനമരണാതീതനായി ഏകനായിരിക്കുന്നവനാണെന്ന് ബോധിപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന സാക്ഷാത്തായ മനുഷ്യപ്രകൃതിയല്ലാതെ മറ്റൊന്നുമല്ല. ഈ മനുഷ്യപ്രകൃതിയിൽനിന്ന് സിദ്ധിക്കുന്ന ജ്ഞാനം, പുകയെ സംബന്ധിച്ച അറിവിൽനിന്ന് മനസ്സ് തീയെക്കുറിച്ചുള്ള അറിവിലേക്ക് വ്യാപരിക്കുന്ന തരത്തിൽ- ഒരു വസ്തുവേദനം മുഖേന മറ്റൊരു വസ്തുവിന്റെ അനുഭൂതിയുണ്ടാകുന്നതുപോലെ- പ്രത്യക്ഷത്തിൽ അനുമാനപരമായിട്ടുള്ളതല്ലെങ്കിലും, സൂക്ഷ്മരൂപത്തിൽ അതിന് അനുമാനത്തിന്റെ ഛായയുള്ളതുകൊണ്ടാണ് അതിനെ അനുമാനജ്ഞാനത്തിന്റെ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സർവ്വശക്തനായ ദൈവം ഓരോ വസ്തുവിലും ഓരോ ഗുണവിശേഷം അടക്കം ചെയ്തിട്ടുണ്ട്. ആ അവ്യക്തഗുണത്തെ വാക്കുകൾകൊണ്ട് നിർവചിക്കുക സാധ്യമല്ല. എന്നാൽ, നാം ആ വസ്തുവിനെ നിരീക്ഷിക്കുകയും സൂക്ഷ്മനിരൂപണം നടത്തുകയും ചെയ്യുമ്പോൾ അതിൽ പരോക്ഷമായി സ്ഥിതിചെയ്യുന്ന ഗുണവിശേഷം നമ്മുടെ മനോദൃഷ്ടിയിൽ ആവിർഭവിക്കുന്നു. ചുരുക്കത്തിൽ, ആ ഗുണം ആ വസ്തുവിൽ ധൂമം അഗ്നിയോടെന്നപോലെ അപരിച്ഛേദ്യമാംവിധം അനുബന്ധിച്ചിരിക്കുന്നതാണ്. ദൃഷ്ടാന്തമായി, നാം ദൈവസത്തയെക്കുറിച്ച് ചിന്തിക്കുകയും അവനുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളെ വിഭാവനം ചെയ്യുകയും ചെയ്യുന്നപക്ഷം, അവൻ ജനനമരണാദി ദുഃഖങ്ങൾക്ക് വിധേയനാകാമോ എന്ന വികല്പംപോലും നമുക്ക് അറപ്പും വെറുപ്പും ജനിപ്പിക്കുന്ന ഒന്നാണെന്ന് കാണാം. ദൈവത്തെക്കുറിച്ചുള്ള അത്തരം സങ്കല്പത്തെ മനുഷ്യപ്രകൃതി അഥവാ അന്തഃകരണം വെറുക്കുകയും നിരാകരിക്കുകയും ചെയ്യുന്നതാണ്. അത്രയുമല്ല, ഈദൃശമായ ദൈവനിർവചനം പാവനമായ മനുഷ്യപ്രകൃതിയ്ക്ക് ബീഭത്സവും അസഹ്യവുമായി തോന്നുന്നതുകൂടിയായിരിക്കും. എന്തുകൊണ്ടെന്നാൽ, നമ്മുടെ സകല പ്രത്യാശക

ളുടെയും ആലംബമായിരിക്കേണ്ട സർവ്വശക്തിമാനായ ദൈവം, സകലവിധ വികലതകൾക്കും ന്യൂനതകൾക്കും അതീതനായി സർവ്വഗുണ സംപൂർണ്ണനായി സർവ്വജ്ഞനായിരിക്കണമെന്നു നമ്മുടെ മനസ്സാക്ഷി ഉദ്ബോധിപ്പിക്കുന്നു. ദൈവവിചാരം നമ്മുടെ ഹൃദയത്തിൽ ഉണ്ടാകുന്നതോടുകൂടി അവന്റെ ദിവ്യസ്വരൂപവും ഏകത്വവും തമ്മിൽ, ധൂമവും അഗ്നിയും തമ്മിലെന്നപോലെയെന്നല്ല, അതിലുമെത്രയോ ഉപരിയായ ഒരവിഭാജ്യ ബന്ധമുള്ളതായി ബോധ്യപ്പെടുന്നതാണ്. അതിനാലത്രേ അന്തഃകരണം അഥവാ, മനുഷ്യപ്രകൃതി മുഖാന്തരം സിദ്ധിക്കുന്ന അറിവിനെ അനുമാനജ്ഞാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പ്രസ്തുത ജ്ഞാനമാർഗ്ഗത്തിൽനിന്ന് ഉപരിയായ 'ഐനുൽയഖീൻ' അഥവാ, നിശ്ചയദൃഷ്ടി മുഖാന്തരം ലഭിക്കുന്ന ജ്ഞാനം കൂടുതൽ നിശ്ചയദാർഢ്യമുള്ള ഒന്നായിരിക്കുന്നതാണ്. അതാകട്ടെ ഒരു വസ്തുവിനെ സംബന്ധിച്ച നമ്മുടെ അറിവിന് മധ്യസ്ഥമായി മറ്റൊന്നുമില്ലാതെ ആ വസ്തുവിൽനിന്ന് നേരിട്ട് സിദ്ധിക്കുന്ന പ്രത്യക്ഷജ്ഞാനമാകുന്നു. ഉദാഹരണമായി, നാം ഘ്രാണേന്ദ്രിയം മുഖാന്തരം സുഗന്ധമോ ദുർഗന്ധമോ ഗ്രഹിക്കുകയും രസനേന്ദ്രിയത്തിന്റെ സഹായത്താൽ മധുരതയോ ലവണതയോ മനസ്സിലാക്കുകയും സ്പർശേന്ദ്രിയം മുഖേന ഉഷ്ണമോ ശൈത്യമോ തിരിച്ചറിയുകയും ചെയ്യുന്നുവല്ലോ. ഈ അറിവുകളെല്ലാം 'ഐനുൽയഖീൻ' എന്ന വകുപ്പിൽ ഉൾപ്പെടുന്നവയാണ്. എന്നാൽ, പരലോകത്തെ സംബന്ധിച്ച നമ്മുടെ ബോധം ഈ നിശ്ചയ ജ്ഞാനാവസ്ഥ പ്രാപിക്കുന്നത്, നമുക്കുതന്നെ നേരിട്ടു ദൈവബോധനം ലഭിക്കുകയും നാം അവന്റെ സ്പഷ്ടമായ ശബ്ദം ശ്രവിക്കുകയും അവന്റെ ദിവ്യമായ വെളിപാട് ദർശിക്കുകയും ചെയ്യുമ്പോഴാകുന്നു. ഇങ്ങനെ ദൈവത്തിൽനിന്നുള്ള സ്പഷ്ടമായ ബോധനംമൂലമാണ് നമുക്ക് പൂർണ്ണമായ ദൈവജ്ഞാനം സിദ്ധിക്കുമാറാകുന്നത്. ഈ ജ്ഞാനപീയൂഷത്തിനായി നമ്മുടെ ഹൃദയാന്തരത്തിൽ ബലമായ ഒരു തൃഷ്ണയുള്ളതായും കാണാം. ആത്മീയ പിപാസയെ ശമിപ്പിക്കുന്നതിനായ്ക്കൊണ്ട് ദൈവം മുൻകൂട്ടി മാർഗ്ഗങ്ങൾ തയ്യാറാക്കിവച്ചിട്ടില്ലെങ്കിൽ ഈ ആത്മതൃഷ്ണ നമ്മുടെ ഉള്ളിൽ അവൻ നിക്ഷേപിച്ചതിന്റെ പ്രയോജനമെന്ത്? പരലോകജീവിതത്തിന്റെ ക്ഷേമത്തിന് നിദാനമായ ഐഹികജീവിതത്തിൽ, സത്യസ്വരൂപനും സർവ്വസമ്പൂർണ്ണനും സർവ്വശക്തനും സജീവനുമായ ദൈവത്തെ സംബ

ഡിച്ച് വെറും പഴങ്കഥകളെ ആസ്പദമാക്കിയിട്ടുള്ള ഒരു പൊട്ടവിശ്വാസം കൊണ്ട് നമുക്ക് തൃപ്തിപ്പെടാമോ, അതോ ദൈവത്തെക്കുറിച്ച് ഇതുവരെ അപൂർണ്ണവും ന്യൂനവുമായ ഒരു ബോധമല്ലാതെ മറ്റൊന്നും പ്രദാനം ചെയ്യാൻ പര്യാപ്തമല്ലാത്ത യുക്തിപരമായ ഒരന്വേഷണത്തിൽ നാം സന്തുഷ്ടിപ്പെടുകയോ വേണ്ടത്? യഥാർത്ഥ ദൈവഭക്തരും ദൈവപ്രേമികളും തങ്ങളുടെ പ്രാണപ്രിയനായ ആ പരിശുദ്ധസത്തയുടെ ശബ്ദമാധുര്യത്തെ ആസ്വദിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നില്ലേ? ദൈവത്തിനുവേണ്ടി സർവ്വസ്വവും പരിത്യജിക്കുകയും ഹൃദയവും പ്രാണനും അവനിൽ അർപ്പിക്കുകയും ചെയ്തിട്ടുള്ളവർ ആ സത്യപ്രഭാകേന്ദ്രത്തിന്റെ ഭാസുരമുഖം ഒരിക്കലും ദർശിക്കാതെ മങ്ങിയ ഒരു വെളിച്ചത്തിൽ നിലകൊള്ളുവാൻ ഇഷ്ടപ്പെടുമോ? ജീവിച്ചിരിക്കുന്ന സത്യേകദൈവം മാധുര്യമേറിയ ശബ്ദത്തിൽ താനുണ്ടെന്നു ലോകത്തെ അറിയിക്കുകയെന്നത് ഭൗതിക തത്ത്വവാദികളുടെ യുക്തിപ്രദർശനത്തെക്കാൾ എത്രയും മഹത്തരമായ പ്രബോധനമല്ലേ? വാസ്തവം പറയുന്നതായാൽ, ദൈവത്തിന്റെ സത്തയെ തെളിയിക്കുന്നതിന് അപൂർണ്ണമായ യുക്തിവാദത്തെ മാത്രം ആസ്പദമാക്കി ആ തത്ത്വവാദികൾ ചമച്ച കൃതികളെല്ലാം ഒരു വശത്തും ദൈവം ഉള്ളവനാണെന്ന് കാണിക്കുന്ന '**അനൽമൗജൂദ്**' എന്ന അവന്റെ സ്പഷ്ടമായ വചനം മറുവശത്തും വെച്ചു തുലനം ചെയ്തുനോക്കുന്നതായാൽ ആ സകല ഗ്രന്ഥങ്ങളും ദൈവവചനത്തിന്റെ മുമ്പിൽ നിസ്സാരമാണെന്നു കാണാം. തത്ത്വജ്ഞാനികളെന്ന് വിളിക്കപ്പെടുന്നവരാണെങ്കിലും അന്ധകാരത്തിൽ വർത്തിക്കുന്ന ആ കൂട്ടരിൽനിന്ന് എന്തൊരു പ്രകാശമാണ് നമുക്ക് പ്രതീക്ഷിക്കാവുന്നത്!

ചുരുക്കിപ്പറയാം, സത്യാന്വേഷികൾക്ക് സർവ്വജ്ഞനായ ദൈവം തന്നെ സംബന്ധിച്ച് പൂർണ്ണബോധം നല്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ, അവരെ ജ്ഞാനപ്രബുദ്ധരാക്കുന്നതിനു തന്റെ സംഭാഷണസരണിയുടെ കവാടം അവൻ തുറന്നുവെച്ചിട്ടുണ്ടെന്നത് തീർച്ചയാണ്. ഇത് വിഷയകമായി വിശുദ്ധഖുർആൻ സത്യാന്വേഷികൾക്ക് പഠിപ്പിക്കുന്ന ഒരു പ്രാർത്ഥനയാണിത്.

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝٦ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ''അല്ലയോ രക്ഷിതാവേ, നീ ഞങ്ങളെ സ്ഥിരതയുടെ മാർഗ്ഗത്തിൽ, നിന്റെ അനുഗ്രഹങ്ങളുണ്ടായിട്ടുള്ളവരുടെ മാർഗ്ഗത്തിൽ നടത്തേണമേ.'' ഇവിടെ

അനുഗ്രഹങ്ങൾ എന്നതുകൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത് ദൈവത്തിൽനിന്ന് മനുഷ്യനു നേരിട്ട് ലഭിക്കുന്ന മധുരഭാഷണം (ഇൽഹാം), വെളിപാട് തുടങ്ങിയ സ്വർഗ്ഗീയ ജ്ഞാനമാകുന്നു. വിശുദ്ധഖുർആൻ മറ്റൊരിടത്ത് പറയുന്നു-

إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا تَتَنَزَّلُ عَلَيْهِمُ الْمَلَائِكَةُ أَلَّا تَخَافُوا وَلَا تَحْزَنُوا وَأَبْشِرُوا بِالْجَنَّةِ الَّتِي كُنْتُمْ تُوعَدُونَ ﴿٣١﴾

"സത്യദൈവത്തിൽ വിശ്വസിക്കുകയും പൂർണ്ണഭക്തിയോടും സ്ഥിരതയോടുംകൂടി വർത്തിക്കുകയും ചെയ്യുന്നവരിൽ സ്വർഗ്ഗദൂതന്മാരായ മലക്കുകൾ ഇറങ്ങി അവർക്ക് ഇപ്രകാരം സന്ദേശം നല്കുന്നു: "നിങ്ങൾ ഭയപ്പെടുകയോ മനസ്താപപ്പെടുകയോ അരുത്. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗം നിങ്ങൾക്കുള്ളതിനാൽ സന്തോഷിക്കുവിൻ" (41:31). ഈ വിശുദ്ധ വാക്യത്തിൽ, ദൈവദാസരായ ഭക്തജനത്തിന് ഭയത്തിന്റെയും ദുഃഖത്തിന്റെയും അവസരത്തിൽ ദൈവബോധനം (ഇൽഹാം) ലഭിക്കുമെന്നും അവരെ സമാശ്വസിപ്പിക്കുന്നതിന് സ്വർഗ്ഗദൂതന്മാർ പ്രത്യക്ഷപ്പെടുമെന്നും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇതേപ്രകാരം വിശുദ്ധഖുർആൻ മറ്റൊരിടത്ത് പറയുന്നു:

لَهُمُ الْبُشْرَىٰ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ "ദൈവത്തിന്റെ അനുരക്തരായ ഭക്തജനത്തിന് അവന്റെ വിശുദ്ധബോധനം മുഖാന്തരം ഐഹികജീവിതത്തിലും അനന്തരജീവിതത്തിലും ശുഭവാർത്ത ലഭിക്കുന്നതാണ്" (10:65).

## ദൈവബോധനം

ഇവിടെ 'ഇൽഹാം' (ദൈവബോധനം) എന്നതുകൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നതെന്താണെന്ന് വിശദീകരിക്കേണ്ടതായിട്ടുണ്ട്. ഇൽഹാം എന്നാൽ ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരുവന്റെ ഹൃദയത്തിൽ നവ്യമായ ആശയം ഉദിച്ചുവരിക എന്നതല്ല, ഒരു കവി കവനനിർമ്മാണത്തിനുദ്യുക്തനായി ചിന്തനം ചെയ്തുകൊണ്ടിരിക്കുമ്പോൾ അഥവാ ഒരു വൃത്തപാദം നിർമ്മിച്ച് മറ്റൊന്നിനായി ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ, നവമായ ഒരാശയമോ പദ്യമോ വൃത്തമോ ഹൃദയത്തിലുദിച്ചുവരുന്നതിന് ദൈവഭാഷണമെന്നോ ദൈവബോധനമെന്നോ പറയാവുന്നതല്ല. ഈ ആശയോദയം ദൈവികപ്രകൃതിനിയമമനുസരിച്ച് മനുഷ്യന്റെ ആലോചനാഫലമായുണ്ടാകുന്നത

ത്രെ. ഒരുവൻ സദ്വിഷയത്തിലോ ദുർവ്വിഷയത്തിലോ മനസ്സിരുത്തി ചിന്തിച്ചുകൊണ്ടിരിക്കുന്നതായാൽ അവന്റെ ആലോചനയ്ക്കനുസൃതമായ ആശയം മനസ്സിലുണ്ടായി വരുന്നതാണ്. ദൃഷ്ടാന്തമായി, സത്യസന്ധനും സദ്വൃത്തനുമായ ഒരാൾ സത്യത്തെയും ധർമ്മത്തെയും സഹായിക്കുന്നതിനും ദുർവൃത്തനായ മറ്റൊരുവൻ അധർമ്മത്തെ അനുകൂലിക്കുന്നതിനും സജ്ജനത്തെ നിന്ദിക്കുന്നതിനും വേണ്ടി കവിത രചിക്കാൻ ഉദ്യമിക്കുന്നപക്ഷം രണ്ടുപേരും അവനവന്റെ വാഗ്വിലാസംപോലെ ഓരോ കാവ്യം ചമയ്ക്കുന്നതായിരിക്കും. അസത്യത്തെ അനുകൂലിക്കുകയും സഹായിക്കുകയും സജ്ജനത്തെ നിന്ദിക്കുകയും ചെയ്യുന്നതിന് തുനിയുന്ന കവി കവനസൃഷ്ടിയിൽ അഭ്യാസപാടവമുള്ളവനായ കാരണത്താൽ അവന്റെ കവിത മറ്റേയാളുടേതിനേക്കാൾ മെച്ചമേറിയതായിത്തീരുന്നുവെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല. ഇപ്രകാരം നവ്യമായ ആശയം ഉള്ളിൽ ഉദിച്ചുവരുന്നതിനു 'ഇൽഹാം' എന്ന് പറയാമെങ്കിൽ സത്യത്തിനെതിരായി അനവരതം തൂലിക ചലിപ്പിച്ചുകൊണ്ടിരിക്കുകയും കറ്റുകെട്ടും ഭോഷ്കും തൊഴിലാക്കിത്തീർക്കുകയും ചെയ്യുന്ന സത്യത്തിന്റെയും സജ്ജനത്തിന്റെയും ശത്രുവായ ഒരു ദുഷ്കവിയെ 'മുൽഹം' അഥവാ 'ദൈവപ്രബുദ്ധൻ' എന്നു പറയേണ്ടതായിവരും. ആഖ്യായികാദി കാവ്യഗ്രന്ഥങ്ങളിൽ ചമൽക്കാരപൂർണ്ണവും ഹൃദയാവർജ്ജകവുമായ വർണ്ണനകൾ നാം കാണുന്നുണ്ടല്ലോ. ഇങ്ങനെ, വിഷയങ്ങൾ മിഥ്യകളാണെങ്കിലും തദ്വിഷയകമായി ചിന്തിച്ചുകൊണ്ടിരിക്കുന്ന ഹൃദയങ്ങളിൽ നവ്യമായ ആശയതരംഗങ്ങൾ അടിച്ചുകയറുന്നതായി കാണാം. ഈദൃശമായ ആശയോദയത്തിന് 'ഇൽഹാം' (ദൈവബോധനം) എന്നു പറയാവുന്നതാണോ? ഇൽഹാം എന്നാൽ നവമായ ആശയം ഹൃദയത്തിൽ ഉണ്ടായിവരുന്നതിനുള്ള പേരാണെങ്കിൽ, ഒരു തസ്കരനെത്തന്നെയും 'മുൽഹം' (ദൈവപ്രബുദ്ധൻ) എന്നു പറഞ്ഞുകൊള്ളാമല്ലോ. എന്തെന്നാൽ, ചിന്തിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫലമായി അവന് ഭവനഭേദം ചെയ്യാനുള്ള നല്ല സൂത്രങ്ങളും കൊള്ളയും കൊലയും നടത്തുന്നതിനുള്ള ഒന്നാന്തരം ഉപായങ്ങളും തോന്നിത്തുടങ്ങുന്നു. ഇങ്ങനെയുള്ള അശുദ്ധവും അധാർമ്മികവുമായ വിചാരാവേശത്തിനു 'ഇൽഹാം' എന്ന് ഒരിക്കലും പേർ പറയാവുന്നതല്ല. സ്വവചനം മുഖേന ഹൃദയങ്ങൾക്ക് ശാന്തി പ്രദാനം ചെയ്യുകയും അപരിചിതർക്ക് ആത്മീയജ്ഞാനം പകർന്നുകൊടുക്കുകയും ചെയ്യുന്നവരും

അതേ അവസരത്തിൽ സത്യദൈവത്തെ അറിയാത്തവരുമാണ് ദൈവബോധനത്തെക്കുറിച്ച് ഈ തെറ്റുധാരണക്ക് വശഗരായിരിക്കുന്നത്. എന്നാൽപ്പിന്നെ 'ഇൽഹാം' എന്നുവെച്ചാൽ എന്താണ്? അത് സജീവനും സർവ്വോത്തമശക്തിമാനുമായ ദൈവം തന്റെ വൃതദാസനോടോ താൻ തിരഞ്ഞെടുക്കുവാൻ ഇച്ഛിക്കുന്ന സത്യഭക്തനോടോ തന്റെ സചേതനവും സപ്രഭാവവുമായ വചനാമൃതം മുഖാന്തരം സംസാരിക്കുകയെന്നതാകുന്നു. ഈ ദിവ്യഭാഷണം തൃപ്തികരമായും ക്രമാനുഗതമായും തുടർന്നുപോവുകയും ഹീനാശയമിശ്രമോ അപൂർണ്ണമോ അവ്യക്തമോ ആയിരിക്കാതെ പ്രസാദമധുരവും ചമൽക്കാരപൂർണ്ണവും ജ്ഞാനഗർഭവും ആശയപുഷ്ടവും സജീവവുമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അതാണ് ദൈവം തന്റെ ഭക്തദാസനെസമാശ്വസിപ്പിക്കുകയും തന്റെ ദിവ്യസ്വരൂപം അവന് വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്ന വിശുദ്ധവചനം. എന്നാൽ, ചിലപ്പോൾ യഥാർത്ഥ ദൈവവചനത്തിനുള്ള പൂർണ്ണമായ അനുഗ്രഹചിഹ്നങ്ങളോടു കൂടാത്ത ഏതാനും വചനങ്ങൾ ഒരുവനു ലഭിച്ചെന്നുവരാം. ഈ ആരംഭഘട്ടത്തിൽ അവൻ ദൈവത്താൽ പരീക്ഷിക്കപ്പെടുകയാകുന്നു. തൽഫലമായി, ദൈവവചനമാകുന്ന അമൃതിനെ രുചിച്ചുനോക്കിയശേഷം അവൻ തന്റെ വാക്കും പ്രവൃത്തിയും യഥാർത്ഥ ദൈവവചനലബ്ധരായ പരമപുരുഷന്മാരുടേതുപോലെ പാവനമാക്കിത്തീർക്കുകയോ അതോ സൽപന്ഥാവിൽനിന്ന് വ്യതിചലിച്ചുപോവുകയോ ചെയ്യുന്നു. അവൻ സത്യഭക്തന്മാരെപ്പോലെ ധർമ്മപാതയിൽ ചരിക്കുന്നില്ലെങ്കിൽ പ്രസ്തുത ദിവ്യാനുഭൂതി അവനു നഷ്ടമായി ഭവിക്കുകയും അവന്റെ ഹൃദയത്തിൽ ഒരു വ്യാമോഹം മാത്രം അവശേഷിക്കുകയും ചെയ്യുന്നതാണ്.

കോടാനുകോടി ഭക്തജനങ്ങൾക്ക് ദൈവഭാഷണം ലഭിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ, അവരെല്ലാം ദൈവദൃഷ്ടിയിൽ ഒരേ സ്ഥാനക്കാരല്ലെന്നുള്ളത് അനുസ്മരണീയമാണ്. മറ്റുള്ളവരെ അപേക്ഷിച്ച് എത്രയും സ്പഷ്ടമായ നിലയിൽ ദൈവഭാഷണം സിദ്ധിച്ച പ്രവാചകന്മാർതന്നെയും ഒരേസ്ഥാനത്തുള്ളവരല്ല. സർവ്വോന്നതനായ ദൈവം വിശുദ്ധഖുർആനിൽ പറയുന്നു.

تِلْكَ الرُّسُلُ فَضَّلْنَا بَعْضَهُمْ عَلَىٰ بَعْضٍ "നാം പ്രവാചകന്മാരിൽ ചിലരെ മറ്റു ചിലരെക്കാൾ ശ്രേഷ്ഠരാക്കിത്തീർത്തിട്ടുണ്ട്" (2:254). ഈ വാക്യത്തിൽനിന്ന്, ദൈവഭാഷണം കരുണാമയനായ ദൈവ

ത്തിൽനിന്നുള്ള ഒരനുഗ്രഹമാണെന്നും അതിന് സൽസ്വീകർത്താക്കളുടെ സ്ഥാനവ്യത്യാസവുമായിട്ട് ബന്ധമില്ലെന്നും മനസ്സിലാകുന്നു. എന്തെന്നാൽ, സ്ഥാനവ്യത്യാസം ആശ്രയിച്ചുനില്ക്കുന്നത് അവർക്ക് ദൈവത്തിലുള്ള നിഷ്കളങ്കഭക്തി, ശ്രദ്ധ, വിശ്വസ്തത എന്നീ ഗുണമഹിമകളുടെ അളവിനെയാകുന്നു; അതായത്, ദൈവം മാത്രം അറിയുന്ന ഈ മനോഗുണങ്ങളുടെ ഏറ്റക്കുറച്ചിലിനെയാകുന്നു. എന്നാൽ, പൂർണ്ണചിഹ്നങ്ങളോടുകൂടിയ ദൈവഭാഷണം സിദ്ധിക്കുന്നതും പ്രസ്തുത ഗുണങ്ങളുടെ ഫലമായിട്ടുതന്നെയാണ്. ഭക്തൻ ദൈവത്തോട് ചെയ്യുന്ന അപേക്ഷയ്ക്കും പ്രാർത്ഥനയ്ക്കും ഉത്തരം ലഭിക്കുകയും അങ്ങനെ ഈ ചോദ്യോത്തരം അനുക്രമം തുടർന്നുപോരുകയും ഈ ഭാഷണത്തിൽ ദിവ്യപ്രഭാവവും സ്വർഗ്ഗീയതേജസ്സും അന്തർഭവിച്ചിരിക്കുകയും ഭവിഷ്യൽ കാര്യങ്ങളെ സംബന്ധിച്ച വാർത്തയും പരമാർത്ഥ ജ്ഞാനവും ഉൾക്കൊള്ളുകയും ചെയ്യുന്നുവെങ്കിൽ അത് തീർച്ചയായും ദൈവഭാഷണമാകുന്നു. രണ്ട് മിത്രങ്ങൾ തമ്മിൽ സംഭാഷിക്കുന്ന നിലയിൽ സൃഷ്ടികർത്താവായ ദൈവവും സ്വദാസനും തമ്മിൽ സംസാരമുണ്ടാവുക എന്നത് ദൈവഭാഷണത്തിന്റെ ഒരവശ്യലക്ഷണമാകുന്നു. സത്യഭക്തൻ സർവ്വശക്തനായ ദൈവത്തോട് ഒരു കാര്യത്തെക്കുറിച്ച് അപേക്ഷിക്കുമ്പോൾ അതിനുത്തരമായി ദൈവസന്നിധിയിൽനിന്ന് പ്രസാദമധുരവും ചമൽക്കാരപൂർണ്ണവുമായ വചനം കേൾക്കുമാറാവുകയും അത് അയാളുടെ ആഗ്രഹത്തിന്റെയോ ആലോചനയുടെയോ നിരൂപണത്തിന്റെയോ ഫലമായിരിക്കാതെ ദൈവത്തിൽനിന്നുള്ള ഒരു ദാനമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അത് തീർച്ചയായും ദൈവത്തിന്റെ പക്കൽനിന്നുള്ള വചനം തന്നെ. ഇത്തരം അനുഗ്രഹം സിദ്ധിച്ച ഭക്തൻ നിശ്ചയമായും ദൈവസന്നിധിയിൽ സ്വീകാരം ലഭിച്ചവനാണ്. എന്നാൽ, സജീവവും സംശുദ്ധവുമായ ദൈവവചനം പാരിതോഷികമെന്ന നിലയിൽ സ്പഷ്ടരൂപത്തിൽ ലഭിക്കുമാറാകുന്നത്, സത്യവിശ്വാസത്തിലും ഭക്തിയിലും പരിത്യാഗത്തിലും അവർണ്ണ്യമായ ആ പരിശുദ്ധബന്ധത്തിലും അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുന്ന ആൾക്ക് മാത്രമായിരിക്കും; മറ്റാർക്കുമല്ല. യഥാർത്ഥവും പരിശുദ്ധവുമായ ദൈവഭാഷണം പ്രപഞ്ചകർത്താവിന്റെ മഹത്തരമായ അത്ഭുതങ്ങളെ വെളിപ്പെടുത്തുന്നവയാകുന്നു. പലപ്പോഴും പ്രോജ്ജ്വലമായ ഒരു തേജസ്സ് സംജാതമാവുകയും അതോടുകൂടിത്തന്നെ സ്വച്ഛവും

പ്രഭാവപൂർണ്ണവുമായ ദൈവവചനം അവതരിക്കുകയും ചെയ്യുന്നു. ആകാശഭൂമികളുടെ കർത്താവായ ദൈവവുമായി സംഭാഷിക്കുകയും അവനാൽ സംബോധിതനാവുകയും ചെയ്യുന്നതിൽപരമായ ഒരനുഗ്രഹം മറ്റെന്താണ് മനുഷ്യന് ലഭ്യമാകാനുള്ളത്? ഈ ലോകത്തുവെച്ചുള്ള ദൈവദർശനം ആ സർവ്വൈകകർത്താവുമായി സംസാരിക്കുകയെന്നതുതന്നെയാണ്.

എന്നാൽ, ദൈവത്തിൽനിന്നുള്ളതാണെന്ന് ബോധിക്കുവാൻ പര്യാപ്തമായ ചിഹ്നങ്ങളൊന്നും കൂടാതെ നിരുദ്ദേശമായ ഏതാനും വാക്കുകളോ വചനങ്ങളോ ശ്ലോകമോ ഒരുവന്റെ അധരങ്ങൾ താനേ ഉച്ചരിക്കുമാറാകുന്നുവെങ്കൽ അവന്റെ ഈ അവസ്ഥ ദൈവഭാഷണത്തെ സംബന്ധിച്ച പ്രസ്തുത വിവരണത്തിൽ ഉൾപ്പെടുന്നതല്ല. അത് ദൈവത്തിന്റെ സംബോധനം കൂടാതെ ഒരു ശബ്ദപ്രതീതി മാത്രമാകുന്നു. ഇത്തരം അനുഭവമുണ്ടാകുന്നവനാകട്ടെ ദൈവപരീക്ഷണത്തിന് വിധേയനാകുന്നവനത്രെ. എന്തെന്നാൽ, ദൈവം ചിലപ്പോൽ കർത്തവ്യബോധഹീനരും ഉദാസീനരുമായ ആളുകളെ ഇത്തരത്തിൽ പരീക്ഷിക്കാറുണ്ട്. ദൈവത്തിൽനിന്നോ സാത്താനിൽനിന്നോ ആണെന്ന് തിരിച്ചറിയാൻ കഴിയാതിരിക്കുമാറ് അവ്യക്തമായ വാക്കുകളോ വചനങ്ങളോ അവരുടെ ഹൃദയങ്ങളെ ആവേശിക്കുകയോ അധരങ്ങൾ ഉച്ചരിക്കുമാറാവുകയോ ചെയ്യുന്നു. ഇപ്രകാരം പരീക്ഷിക്കപ്പെടുന്ന ഏവനും മാനസാന്തരപ്പെട്ട് ദൈവത്തിലേക്ക് തിരിയുകയും സ്വയം പരിഷ്ക്കരണത്തിന് മുതിരുകയും വേണ്ടതാണ്.

എന്നാൽ, സദ്വൃത്തനും ധർമ്മമൂർത്തിയുമായ ഭക്തന് നിർബാധവും സ്വച്ഛനിർമ്മലവുമായ ദൈവബോധനം ഉണ്ടായിത്തുടങ്ങുകയും സംഭാഷണരൂപേണ തേജോമയവും പ്രസാദമധുരവും അർത്ഥസംപുഷ്ടവും ജ്ഞാനഗർഭവും പ്രഭാവപൂർണ്ണവുമായ ദൈവവചനങ്ങൾ കേൾക്കുമാറാകുകയും ചെയ്യുന്നു. ജാഗ്രാവസ്ഥയിൽ ഒരേ അവസരത്തിലായി പത്തോ അതിലധികമോ പ്രാർത്ഥനകൾക്ക് ദൈവത്തിൽനിന്ന് ഉത്തരം ലഭിക്കാനുള്ള സൗഭാഗ്യം പലപ്പോഴും സിദ്ധിക്കുകയും ഒരു പ്രാർത്ഥനയ്ക്കുത്തരം ലഭിച്ചയുടനെ മറ്റൊന്നിനപേക്ഷിക്കുമ്പോൾ അതിനുമുത്തരമുണ്ടാവുക എന്ന തരത്തിൽ തുടർച്ചയായി പത്തോ അതിലധികമോ പ്രാവശ്യം ഒരേ സന്ദർഭത്തിൽ ദൈവവുമായി സംവാദസൗഭാഗ്യം ലഭിക്കുമാറാവു

കയും, ഇങ്ങനെ നിരവധി പ്രാർത്ഥനകൾക്കുത്തരവും മഹത്തര മായ സത്യതത്ത്വങ്ങളെ സംബന്ധിച്ച ജ്ഞാനപ്രകാശവും ഭവി ഷ്യൽകാര്യങ്ങളെക്കുറിച്ചുള്ള വാർത്തകളും സംപ്രാപ്തമാവുകയും ചെയ്യുന്നതായാൽ, അയാൾ മറ്റുള്ളവരെക്കാളേറെ ദൈവത്തോട് കൃതജ്ഞത പ്രകാശിപ്പിക്കുകയും സ്വജീവിതത്തെ ദൈവമാർഗ്ഗ ത്തിൽ അർപ്പിക്കുകയും ചെയ്യേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, അയാളെയാണ് ദൈവം തന്റെ കാരുണ്യാതിരേകത്താൽ സ്വഭക്ത ദാസരിൽ വരിഷ്ഠനായി തിരഞ്ഞെടുക്കുകയും പൂർവ്വമഹാനുഭാ വരായ സത്യഭക്തർക്ക് നല്കപ്പെട്ട അനുഗ്രഹാനുഭൂതികൾക്ക് അവ കാശിയാക്കുകയും ചെയ്തിരിക്കുന്നത്. ഈ മഹത്തായ വരപ്രസാദം വളരെ അപൂർവ്വം പേർക്കുമാത്രമേ ലഭ്യമാകുന്നുള്ളൂ. അതിനാൽ, ഈ അനുഗ്രഹപ്രാപ്തിക്ക് ഭാഗ്യമുണ്ടായിട്ടുള്ളവർ അതൊഴിച്ചുള്ള സകലത്തിനെയും നിസ്സാരവും തുച്ഛവുമായി ഗണിക്കുന്നതാണ്.

ആദ്ധ്യാത്മികമായ ഈ ഉൽക്കൃഷ്ടസ്ഥാനം പ്രാപിച്ച മഹാനു ഭാവന്മാർ എല്ലാ കാലത്തും ഇസ്ലാമിൽ ഉണ്ടായിക്കൊണ്ടിരുന്നി ട്ടുണ്ട്. ദൈവം തന്റെ സത്യദാസനെ സമീപിച്ച് അവനോട് സംസാ രിക്കുകയും അവന്റെ ഉള്ളിൽനിന്ന് ശബ്ദിക്കുകയും അവന്റെ ഹൃദ യത്തെ തന്റെ ഭദ്രാസനമാക്കുകയും അവനെ സ്വർഗ്ഗത്തിലേക്കു യർത്തിക്കൊണ്ടുപോവുകയും പൂർവ്വസജ്ജനങ്ങൾക്ക് പ്രദാനം ചെയ്യപ്പെട്ട അനുഗ്രഹപാരിതോഷികങ്ങൾ അവന് നല്കുകയും ചെയ്യുന്നു. ഇത് ഇസ്ലാമിൽ മാത്രമുള്ള അനുഗ്രഹമാണ്. ദൈവ സാമീപ്യം അധികമധികം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യന് എന്തൊരവസ്ഥയാണ് സിദ്ധിക്കുന്നതെന്ന് അഹോ! അന്ധമായ ലോകം അറിയുന്നില്ല. ദൈവസവിധം പ്രാപിക്കുന്നതിന് ലോകർ ആദ്ധ്യാത്മസരണിയിൽ കാലുവെക്കുന്നുമില്ല! ഈ മാർഗ്ഗത്തിൽ വിചരിച്ച ആദ്ധ്യാത്മപുരുഷനെ അവർ അവിശ്വാസിയും മതഭ്രഷ്ഠ നുമായി കല്പിച്ചു തള്ളുകയോ ആരാധനാപാത്രമായി കരുതി ദൈവത്തെപ്പോലെ പൂജിച്ചു തുടങ്ങുകയോ ചെയ്യുന്നു! ഈ രണ്ട് സമ്പ്രദായവും ധർമ്മവിരുദ്ധമാണ്. ഒന്ന്, അതിരുകവിഞ്ഞ വിദ്വേ ഷത്തിന്റെ ഫലമായ ന്യൂനത്വദോഷവും മറ്റത് അതിരുകടന്ന പ്രേമ ത്തിന്റെ ഫലമായ അമിതത്ത്വദോഷവുമാകുന്നു. എന്നാൽ, വിവേ കിയായ മനുഷ്യൻ ഈ രണ്ടുതരം ദോഷങ്ങളും ബാധിക്കാതെ മദ്ധ്യനിലയിൽ സ്ഥിതി ചെയ്യേണ്ടതാണ്. അതായത്, ഉൽക്കൃഷ്ട മായ ആദ്ധ്യാത്മസ്ഥാനം അധിരോഹണം ചെയ്തിരിക്കുന്ന മഹാ

പുരുഷനെ നിരാകരിക്കുകയോ അയാളുടെ സ്ഥാനമാഹാത്മ്യത്തിന് കുറച്ചിൽ വരുത്തുകയോ ചെയ്യാതിരിക്കുകയും അയാളെ ദൈവത്തെപ്പോലെ പൂജിക്കാതിരിക്കുകയും വേണ്ടതാണ്. ഈ അവസ്ഥ പ്രാപിക്കുമ്പോഴാണ് ദൈവം തന്റെ ദിവ്യമേലാടകൊണ്ട് പ്രസ്തുത ഭക്തദാസനെ പുതയ്ക്കുമാറ് ഒരു തീവ്രബന്ധം അയാളിൽ പ്രകടിപ്പിക്കുന്നത്. അപ്പോൾ അയാൾ ദൈവത്തെ കാണുന്നതിനുള്ള കണ്ണാടിയായി ചമയുന്നു. ഇതാണ്, "എന്നെ കണ്ടവൻ ദൈവത്തെ കണ്ടവനാകുന്നു" എന്ന നബിനായകർ(സ) അരുളിച്ചെയ്തതിന്റെ രഹസ്യം. ചുരുക്കത്തിൽ, മനുഷ്യന്റെ ആദ്ധ്യാത്മികാഭിവൃദ്ധിയുടെ പരിസമാപ്തിക്കുള്ള ഘട്ടം ഇതാകുന്നു. ഇവിടെ അവന്റെ സകല യത്നങ്ങളും ചെന്നവസാനിക്കുകയും അവൻ പൂർണ്ണമായും സംതൃപ്തിയടയുകയും ഉപശാന്തി പ്രാപിക്കുകയും ചെയ്യുന്നു.

അന്ധന്മാർക്ക് കാഴ്ച നല്കുന്നതിനും അന്വേഷിക്കുന്നവരെ സ്വയംഗുപ്തനായ ദൈവത്തിലേക്ക് വഴികാണിക്കുന്നതിനും സത്യം സ്വീകരിക്കുവാൻ മനസ്സുള്ളവർക്ക് പരിശുദ്ധമായ ആ ഉറവിടത്തെക്കുറിച്ച്- അധികപേരും സംസരിച്ചുകൊണ്ടിരിക്കുന്നതും എന്നാൽ, അപൂർവ്വം പേർക്കുമാത്രം ലഭ്യമായിട്ടുള്ളതുമായ ആ മഹത്തായ ഉറവിടത്തെക്കുറിച്ച്- ശുഭവാർത്ത ധരിപ്പിക്കുന്നതിനുമായിട്ട് പരമകാരുണികനായ ദൈവം എന്നെ പ്രസ്തുത ഉൽക്കൃഷ്ട പദവിയാലും മുൻവിവരിച്ച തരത്തിലുള്ള മധുരഭാഷണത്താലും അനുഗ്രഹിച്ചിരിക്കുന്ന വസ്തുതയെ ഇവിടെ വെളിപ്പെടുത്താതിരിക്കുന്ന പക്ഷം ഞാൻ മനുഷ്യവർഗ്ഗത്തോട് കൊടുംഅപരാധം പ്രവർത്തിച്ചവനായിത്തീരുന്നതാണ്. അതിനാൽ, മനുഷ്യന്റെ മുക്തിയ്ക്കും നിത്യസുഖത്തിനും നിദാനമായ ദൈവോപലബ്ധി വിശുദ്ധഖുർആനനുസരിച്ച് ജീവിക്കുന്നതുമൂലമല്ലാതെ സംപ്രാപ്യമല്ലെന്ന് ഞാനിതാ ഉച്ചൈസ്തരം പ്രസ്താവിച്ചുകൊള്ളുന്നു. മറ്റുള്ളവർ ഞാൻ കണ്ടിട്ടുള്ളത് കാണുകയും ഞാൻ കേട്ടിട്ടുള്ളത് കേൾക്കുകയും പഴങ്കഥകൾ വെടിഞ്ഞ് യഥാർത്ഥ തത്ത്വത്തിലേക്ക് ഓടിച്ചെല്ലുകയും ചെയ്തുവെങ്കിൽ ഹാ, എത്ര നന്ന്! ഏതൊന്നു മുഖേന ദൈവത്തെ കാണുവാൻ സാധിക്കുമോ ആ പരിപൂർണ്ണ ജ്ഞാനത്തിനുള്ള മാർഗ്ഗവും സകല സന്ദേഹമാലിന്യങ്ങളെയും കഴുകിക്കളയുന്ന ആ സ്വർഗ്ഗീയജലവും ദൈവത്തിന്റെ തിരുമുഖം പ്രതിബിംബിച്ചുകാണുമാറാകുന്ന നിഷ്കല്മഷമായ ദർപ്പണവും മുൻവിവരിച്ചവിധം ദൈവത്തിൽനിന്നു ലഭിക്കുന്ന അമൃതഭാഷണം തന്നെയാണ്.

ഏതൊരുവന്റെ ആത്മാവിൽ പരമാർത്ഥ തത്ത്വമറിയാനുള്ള ജിജ്ഞാസയുണ്ടോ അവൻ ഉണർന്ന് അന്വേഷിച്ചുകൊള്ളട്ടെ. ഞാൻ സത്യമായും പറയുന്നു. ആത്മാവിൽ യഥാർത്ഥമായ ജിജ്ഞാസയും ഹൃദയത്തിൽ വാസ്തവമായ തൃഷ്ണയും ഉണ്ടെങ്കിൽ ജനങ്ങൾ പ്രസ്തുത മാർഗ്ഗമന്വേഷിക്കുകയും തേടി നടക്കുകയും ചെയ്യുന്നതായിരിക്കും. എന്നാൽ, ഈ മാർഗ്ഗം തുറന്നുകിട്ടുന്നതെങ്ങനെ? അതിന്റെ തിരശ്ശീല നീങ്ങികിട്ടുവാനുള്ള ഉപായമെന്ത്? ഇസ്‌ലാം മാത്രമാണ് മുമുക്ഷുക്കൾക്ക് ഈ ആനന്ദപദവി വാഗ്ദാനം ചെയ്യുകയും അതിനെക്കുറിച്ച് ശുഭവാർത്ത നല്കുകയും ചെയ്യുന്നതെന്ന് സത്യാന്വേഷികളെ ഞാൻ തെര്യപ്പെടുത്തിക്കൊള്ളുന്നു. ഇതരമതക്കാരാവട്ടെ ദൈവഭാഷണമാകുന്ന അനുഗ്രഹത്തിന്റെ കവാടം വളരെക്കാലമായി ബന്ധിക്കപ്പെട്ടുപോയിരിക്കുന്നതായി സമ്മതിക്കുകയാണ്. എന്നാൽ, അവർ പറയുന്നതുപോലെ ദൈവം ഈ മാർഗ്ഗത്തെ നിരോധിക്കുകയുണ്ടായിട്ടില്ല. അതിലേക്ക് പ്രവേശനം സിദ്ധിക്കാതെ ശൂന്യഹൃദയരായി ഭവിച്ചവരുടെ നിരാശാജന്യമായ സങ്കല്പം മാത്രമാണത്. നമുക്ക് കണ്ണുകൾ കൂടാതെ കാണുവാനോ കാതുകൾ കൂടാതെ കേൾക്കുവാനോ നാവുകൂടാതെ സംസാരിക്കുവാനോ സാധിക്കാത്തപ്രകാരംതന്നെ വിശുദ്ധഖുർആന്റെ സഹായംകൂടാതെ ആ യഥാർത്ഥ പ്രണയിതാവിന്റെ തിരുമുഖം കാണുവാൻ കഴിയുന്നതല്ല. ഞാൻ യൗവ്വനദശയെ കടന്നു ഇതാ വയോധികനായിരിക്കുന്നു. ഈ ദീർഘകാലജീവിതത്തിൽ വിശുദ്ധജ്ഞാനത്തിന്റെ ഉറവിടമായ ഈ മാർഗ്ഗത്തിലൂടെയല്ലാതെ പരമാർത്ഥ ജ്ഞാനമാകുന്ന പിയൂഷം പാനംചെയ്ത് തൃപ്തിയടഞ്ഞിട്ടുള്ളവരായി ഞാനാരേയും കാണുകയുണ്ടായില്ല.

മാന്യജനങ്ങളേ, ദൈവത്തോട് പൊരുതുകയോ അവന്റെ ഉദ്ദേശ്യങ്ങളെ തടയുകയോ ചെയ്യുവാൻ ആർക്കും സാധ്യമല്ല. പൂർണ്ണമായ ദൈവജ്ഞാനത്തിനുള്ള മാർഗ്ഗം ദൈവത്തിന്റെ പ്രവാചകന്മാർക്ക് ലഭിച്ച ദിവ്യഭാഷണമാകുന്നു. എന്നാൽ, ഈ വെളിപാടിനുശേഷം കൃപാസാഗരനായ ദൈവം തന്റെ അമൃതഭാഷണത്തിനുള്ള കവാടം ബന്ധിച്ചു ലോകത്തെ നാശഗർത്തത്തിൽ തള്ളിക്കളയുവാൻ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. പ്രത്യുത, അവൻ തന്റെ വെളിപാടും മധുരഭാഷണവുമാകുന്ന അനുഗ്രഹത്തിന്റെ കവാടങ്ങൾ തുറന്നുവെക്കുകയാണ് ചെയ്തിരിക്കുന്നത്. ശരിയായ മാർഗ്ഗത്തിലൂടെ അന്വേഷിക്കുന്നതായാൽ നിങ്ങളത് കണ്ടെത്തുന്നതാണ്. ആ ജീവ

ജലം സ്വർഗ്ഗത്തിൽനിന്ന് വന്ന് സമുചിതസ്ഥാനത്ത് സ്വരൂപിതമായിരിക്കുന്നു. നിങ്ങൾക്ക് അതിനെ പാനം ചെയ്യണമെങ്കിൽ തെന്നിത്തെറിച്ചും തപ്പിപ്പിടിച്ചും ഒരുവിധേന ആ സ്രോതസ്സിന്റെ സമീപം ചെന്ന് അതിനോട് നിങ്ങളുടെ അധരങ്ങൾ തൊടുത്തിവയ്ക്കേണ്ടതാണ്. അങ്ങനെ നിങ്ങൾക്ക് ആ ഊറ്റിൽനിന്ന് കുടിച്ചു സംതൃപ്തരാകാം. ദൈവികപ്രഭാപൂരം വെളിപ്പെട്ടു കാണുന്ന സ്ഥലത്തേക്ക് പാഞ്ഞുചെല്ലുകയും താൻ അന്വേഷിക്കുന്ന ആ പ്രേമപാത്രത്തിന്റെ ചിഹ്നം പ്രത്യക്ഷപ്പെട്ടുകാണുന്ന മാർഗ്ഗത്തെ സർവ്വാത്മനാ അവലംബിക്കുകയും ചെയ്യുന്നതിലാണ് മനുഷ്യന്റെ സർവ്വസൗഭാഗ്യവും. പ്രഭാപടലം ആകാശത്തിൽനിന്ന് ഭൂമിയിലേക്ക് വ്യാപിച്ചുവരുന്ന പ്രകാരംതന്നെ സന്മാർഗ്ഗദർശനമാകുന്ന ജ്യോതിസ്സും സ്വർഗ്ഗത്തിൽനിന്ന് അവതരിക്കുന്നു. മനുഷ്യന്റെ അചേതനങ്ങളായ സങ്കല്പവചനങ്ങളും ഊഹാപോഹങ്ങളും അവന് യഥാർത്ഥമായ ദൈവജ്ഞാനം പ്രദാനം ചെയ്യുവാൻ പര്യാപ്തമാകുന്നില്ല. എന്ത്, നിങ്ങൾക്ക് ദിവ്യസാക്ഷാൽക്കാരമെന്യേ ദൈവത്തെ പ്രാപിക്കാൻ കഴിയുമോ? ആകാശത്തിൽ ഉദിതമാകുന്ന പ്രകാശത്തിന്റെ സഹായം കൂടാതെ കേവലമായ അന്ധകാരത്തിൽ നിങ്ങൾക്ക് വല്ലതും കാണുവാൻ കഴിയുന്നുണ്ടോ? കഴിയുന്നുവെങ്കിൽ ദൈവത്തെ സംബന്ധിച്ച പരമാർത്ഥജ്ഞാനവും ദിവ്യവെളിപാടിന്റെ സഹായംകൂടാതെ സാധിച്ചേക്കാം. എന്നാൽ, നമ്മുടെ കണ്ണുകളാകട്ടെ കാഴ്ചശക്തിയുള്ളതോടുകൂടി വസ്തുദർശനത്തിന് ബാഹ്യമായ പ്രകാശത്തെയും, കാതുകളാകട്ടെ കേൾവിശക്തിയുള്ളതോടുകൂടി ശബ്ദശ്രവണത്തിന് ദൈവനിയമമനുസരിച്ച് പ്രചലിതമാകുന്ന വായുവിനെയും ആശ്രയിച്ചിരിക്കുകയാണ്. അതിനാൽ സംസാരിക്കാതെ മൗനംപൂണ്ടിരിക്കുകയും എല്ലാം നമ്മുടെ ഭാവനാശക്തി കൊണ്ട് അറിഞ്ഞുകൊള്ളുന്നതിനെ വിട്ടേക്കുകയും ചെയ്യുന്ന ദൈവം തീർച്ചയായും സത്യദൈവമല്ല. തന്റെ സത്ഭാവത്തെക്കുറിച്ച് ശരിയായി അറിവ് തരുന്നവനത്രേ പരിപൂർണ്ണനും സജീവനുമായ ദൈവം. അവൻ ഇപ്പോഴും തന്റെ സത്തയെക്കുറിച്ച് ലോകത്തിന് ലക്ഷ്യം നല്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. ഇതാ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറക്കുമാറായിരിക്കുന്നു. അരുണോദയത്തിനുള്ള സമയം ആസന്നമായിരിക്കുകയാണ്. ശീഘ്രം എഴുന്നേറ്റ് സത്യദൈവത്തെ- ഒരു പരിവർത്തനവും ദുഃഖവും സംഭവിക്കാതെ സർവ്വകാലവും അഭേദനായും സ്വമഹിമാ പ്രതാപത്തിന് ക്ഷതിവരാതെ

സദാ തേജോമയനായും സ്ഥിതിചെയ്യുന്ന ദൈവത്തെ- അന്വേഷി ക്കുന്നവരത്രേ ഭാഗ്യമുള്ളവർ. വിശുദ്ധഖുർആൻ പറയുകയാണ്: اَللّٰهُ نُوْرُ السَّمٰوٰتِ وَالْاَرْضِ ''ദൈവം ആകാശത്തിന്റെ തേജസ്സും ഭൂമിയുടെ പ്രകാശവുമാണ്" (24:36). സർവ്വതേജോകേന്ദ്രമായ അവ നിൽനിന്നത്രേ എല്ലേടവും പ്രകാശം വ്യാപിക്കുന്നത്. സൂര്യന് പ്രഭാ കരനായും സർവ്വജീവികൾക്കും ജീവനായുമിരിക്കുന്നവൻ അവൻ തന്നെയാണ്. അവനത്രേ ജീവിച്ചിരിക്കുന്ന സത്യദൈവം. അവനെ അവലംബിക്കുന്നവൻ ഭാഗ്യവാൻ.

## മഹാത്മാക്കളുടെ കഷ്ടാനുഭവം

മൂന്നാമത്തെ ജ്ഞാനോപാധി ദൈവത്തിന്റെ സത്തയെക്കുറിച്ച് '**ഹഖ്ഖുൽയഖീൻ**' അഥവാ 'അനുഭവജ്ഞാന'ത്തിന് തുല്യമായ ദൃഢബോധം ഉളവാക്കുവാൻ പര്യാപ്തമായിട്ടുള്ള സ്വാനുഭവപദ്ധ തിയാകുന്നു. അതായത്, ദൈവനിയുക്തരായ പ്രവാചകന്മാരും സത്യസന്ധരായ സദ്പുരുഷന്മാരും വിരോധികളുടെ കൈയാലോ ദൈവവിധിയാലോ സഹിക്കേണ്ടിവരുന്ന കഷ്ടപ്പാടുകളും ക്ലേശ ങ്ങളും തന്നെ. ഈദൃശമായ കഷ്ടാനുഭവംമൂലം മനുഷ്യഹൃദയത്തിൽ ജ്ഞാനരൂപമായി സ്ഥിതി ചെയ്തിരുന്ന മതനിർദ്ദേശങ്ങളും ധർമ്മ ശാസനങ്ങളും അനുഷ്ഠാനത്തിൽ വരികയും തദ്വാര അതുകൾ അനുഭവദശയെ അഥവാ പൂർണ്ണതയെ പ്രാപിക്കുകയും ചെയ്യുന്നു. ഇപ്രകാരം, ഹൃദയത്തിൽ, സ്വരൂപിതമായ ഭാവനാജ്ഞാനങ്ങൾ യഥാവിധി ജീവിതത്തിൽ ഫലിപ്പിക്കുന്നയാൾ ആ ദിവ്യമാർഗ്ഗോ പദേശത്തിന്റെ മാതൃകാമൂർത്തിയായി ചമയുന്നു. മനസ്സിലും തല ച്ചോറിലും ജ്ഞാനരൂപമായി സ്ഥിതിചെയ്യുന്ന ക്ഷമ, പ്രതിക്രിയാ ബോധം, സഹനം, കരുണ തുടങ്ങിയ ധാർമ്മികഗുണങ്ങളെല്ലാം ക്രിയാരൂപേണ മനുഷ്യന്റെ ബാഹ്യവും ആഭ്യന്തരവുമായ സകലേ ന്ദ്രിയങ്ങളിലും അനുഭവച്ഛായ പ്രതിഫലിപ്പിക്കുന്നു. തന്മൂലം, അയാൾക്ക് ആ സദ്ഗുണങ്ങൾ നാമമാത്ര ഗുണങ്ങളായിരിക്കാതെ അയാളുടെ സകല അവയവങ്ങളിലും പ്രതിഫലിച്ചുകാണുന്ന യഥാ ർത്ഥഗുണങ്ങളായി ശോഭിക്കുന്നതാണ്. ഇതുവിഷയകമായി ദൈവം വിശുദ്ധഖുർആനിൽ ഇങ്ങനെ പറയുന്നു:

وَلَنَبْلُوَنَّكُمْ بِشَيْءٍ مِّنَ الْخَوْفِ وَالْجُوْعِ وَنَقْصٍ مِّنَ الْاَمْوَالِ وَالْاَنْفُسِ
وَالثَّمَرٰتِ ۗ وَبَشِّرِ الصّٰبِرِيْنَ ۝١٥٦ الَّذِيْنَ اِذَآ اَصَابَتْهُمْ مُّصِيْبَةٌ ۙ قَالُوْٓا اِنَّا

لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ ﴿١٥٦﴾ اُولٰٓئِكَ عَلَيْهِمْ صَلَوٰتٌ مِّنْ رَّبِّهِمْ وَرَحْمَةٌ ۗ وَاُولٰٓئِكَ هُمُ الْمُهْتَدُوْنَ ﴿١٥٨﴾

"നാം നിങ്ങളെ ഭയവും വിശപ്പുംമൂലവും ധനത്തിനും ജീവനുമുള്ള നാശംമൂലവും പ്രയത്നത്തിലുള്ള ഫലശൂന്യതയും സന്താനനഷ്ടവുംമൂലം പരീക്ഷിക്കുന്നതാണ്" അതായത് ഈദൃശങ്ങളായ ദുഃഖാനുഭവങ്ങൾ ദൈവഗത്യാ അഥവാ ശത്രുകരത്താൽ നിങ്ങൾക്ക് അനുഭവമാകുന്നതാണ്. അതിനാൽ, തങ്ങൾക്ക് ആപത്ത് നേരിടുമ്പോൾ 'ഞങ്ങൾ നിശ്ചയമായും ദൈവത്തിനുള്ളവരും അവനിലേക്ക് മടങ്ങിപ്പോകുന്നവരുമത്രേ' എന്നുപറയുന്ന സഹനശീലർക്ക് ശുഭവാർത്ത നല്കുക. ഇക്കൂട്ടരിലത്രേ ദൈവത്തിന്റെ അനുഗ്രഹങ്ങളും കൃപാകടാക്ഷവും. ഇവർ തന്നെയാണ് സന്മാർഗ്ഗത്തിൽ പൂർണ്ണത പ്രാപിച്ചവർ" (2:156-158). ഇതിൽനിന്ന് മനസ്സിലാകുന്നത്, ഹൃദയത്തിലോ തലച്ചോറിലോ ശേഖരിതമായ, ജീവിതാനുഷ്ഠാനത്തിൽ വരാത്ത അറിവിന് ഒരു മേന്മയുമില്ലെന്നാണ്. തലച്ചോറിൽനിന്ന് അഥവാ സ്മൃതിപഥത്തിൽനിന്ന് നിർഗ്ഗമിച്ച് ക്രിയാരൂപേണ വെളിയിൽ വരികയും സകലേന്ദ്രിയങ്ങളിലും പ്രതിഫലിക്കുകയും ചെയ്യുന്ന അറിവാകുന്നു യഥാർത്ഥജ്ഞാനം. ഒരുവന്റെ ജ്ഞാനം സുദൃഢവും സമൃദ്ധവുമാക്കിത്തീർക്കുന്നതിനുള്ള ഉത്തമമാർഗ്ഗം, അതിനെ ക്രിയാരൂപത്തിൽ വരുത്തി അതിന്റെ പ്രതിച്ഛായ തന്റെ ഇന്ദ്രിയാദികളിൽ സ്വരൂപിക്കുക എന്നുള്ളതാകുന്നു. നിസ്സാരമായ ഒരു കാര്യത്തെസ്സംബന്ധിച്ച അറിവുതന്നെയും ക്രിയാപരിചയത്തിൽ വരാത്ത കാലത്തോളം അപൂർണ്ണമായിരിക്കുന്നതാണ്. ദൃഷ്ടാന്തമായി, പലഹാരമുണ്ടാക്കുക എന്നത് പ്രയാസമുള്ള കാര്യമല്ലെന്നും മാവുകുഴച്ചു ആവശ്യമുള്ളതരം അപ്പത്തിന്റെ കൂട്ടാക്കി ചുട്ടെടുക്കുകയേവേണ്ടൂ എന്നും നമുക്കറിയാമെങ്കിലും ക്രിയാപരിചയം സദ്ധിക്കാത്തകാലത്തോളം ഈ അറിവ് പൂർണ്ണമാകുന്നതല്ല. തന്മൂലം ഭാവനാമാത്രമായുള്ള ഈ അറിവിനെ ആസ്പദമാക്കി ആരെങ്കിലും പലഹാരം ചുടുവാൻ ഒരുമ്പെടുന്ന പക്ഷം അവൻ വളരെ ക്ലേശിക്കുകയും ഒട്ടധികം മാവ് പാഴാക്കുകയും ചെയ്യേണ്ടിവരുന്നതാണ്. നിസ്സാരമായ കാര്യത്തിൽപോലും ക്രിയാപരിചയമില്ലാത്ത അറിവിന്റെ ഗതി ഇപ്രകാരമായിരിക്കുന്ന സ്ഥിതിയ്ക്ക് ഗൗരവപ്പെട്ട വിഷയങ്ങളിൽ ഭാവനാമാത്രമായ ജ്ഞാനത്തെ ആശ്രയിക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്?

അതിനാൽ, ദൈവം പരീക്ഷണാർത്ഥം നമ്മുടെ ജീവിതത്തിൽ നേരിടുവിക്കുന്ന ക്ലേശങ്ങളും കഷ്ടതകളും നമുക്ക് അനുഭവജ്ഞാനം ലഭിക്കുമാറാകുന്നതിനുള്ള ഉപായങ്ങളാകുന്നുവെന്നാണ് മുമ്പേയു ദ്ധരിച്ച ഖുർആൻ വാക്യങ്ങൾ നമ്മെ ബോധപ്പെടുത്തുന്നത്. മറ്റൊരു പ്രകാരത്തിൽ പറയുന്നതായാൽ കഷ്ടാനുഭവങ്ങൾ മുഖേന ജ്ഞാന രൂപമായി സ്ഥിതിചെയ്യുന്ന സൽഗുണങ്ങൾ അനുഷ്ഠാനത്തിൽ വരുകയും തദ്വാരാ ജ്ഞാനം പൂർണ്ണത പ്രാപിക്കുകയും ചെയ്യു ന്നു. വീണ്ടും വിശുദ്ധഖുർആൻ പറയുകയാണ്:

لَتُبْلَوُنَّ فِي أَمْوَالِكُمْ وَأَنفُسِكُمْ وَلَتَسْمَعُنَّ مِنَ الَّذِينَ أُوتُوا الْكِتَابَ مِن
قَبْلِكُمْ وَمِنَ الَّذِينَ أَشْرَكُوا أَذًى كَثِيرًا ۚ وَإِن تَصْبِرُوا وَتَتَّقُوا فَإِنَّ
ذَٰلِكَ مِنْ عَزْمِ الْأُمُورِ ﴿١٨٦﴾

''നിങ്ങളുടെ സമ്പത്തുകളും ആത്മാക്കളും സംബന്ധിച്ച് നിങ്ങൾ പരീക്ഷിക്കപ്പെടുന്നതാണ്. അതായത്, ജനങ്ങൾ നിങ്ങ ളുടെ മുതലുകൾ പിടിച്ചെടുക്കുകയും നിങ്ങളെ കൊലപ്പെടുത്തു കയും ചെയ്യും. യഹൂദരുടെയും ക്രിസ്ത്യരുടെയും ബഹുദൈവ വിശ്വാസികളുടെയും കയ്യാൽ നിങ്ങൾ ദ്രോഹം സഹിക്കുകയും അവരുടെ മുഖത്തുനിന്ന് അസഹ്യമായ പല സംഗതികളും കേൾക്കു കയും ചെയ്യേണ്ടിവരുന്നതാണ്. എന്നാൽ, നിങ്ങൾ ക്ഷമ കൈക്കൊ ള്ളുകയും അയോഗ്യവും അനാവശ്യവുമായ കാര്യങ്ങളെ വർജ്ജി ക്കുകയും ചെയ്യുന്നുവെങ്കിൽ അതൊരു മഹനീയ കൃത്യമാകുന്നു; കരളുറപ്പുള്ള സ്വഭാവമാകുന്നു" (3:186). ഈ ആയത്തുകളിൽനി ന്നെല്ലാം തെളിയുന്നത്, കർമ്മരൂപേണ പ്രകാശിപ്പിക്കുന്ന ജ്ഞാനം അനുഗൃഹീതമായിട്ടുള്ളതും, അനുഷ്ഠാനത്തിൽ വരാതെ ഭാവന മാത്രമായിട്ടുള്ള അറിവ് ഫലശൂന്യമായിട്ടുള്ളതുമാണെന്നത്രെ.

## നബി(സ) തിരുമേനിയുടെ ജീവിതത്തിലെ രണ്ടുഘട്ടം

കച്ചവടംമുഖേന ധനം അഭിവൃദ്ധിപ്പെടുന്നതുപ്രകാരം ജ്ഞാനം പ്രവൃത്തിപഥത്തിൽ വരുന്നതുമൂലം അതിന്റെ ആത്മീയവശം വികാസം പ്രാപിക്കുമാറാകുന്നു. അതിനാൽ, വിദ്യയെ പരിപൂർണ്ണ മാക്കിത്തീർക്കുന്നതിനുള്ള ഉത്തമോപായം അതിനെ പ്രയോഗ ത്തിൽ വരുത്തുകതന്നെയാണ്. അങ്ങനെ ചെയ്യുന്നതുമൂലം അത് ശോഭായമാനമായിത്തീരുന്നതാണ്. അതിന്റെ എല്ലാ വശങ്ങളെയും പ്രയോഗത്തിൽ വരുത്തിയുള്ള പരീക്ഷണം തന്നെയാണ് അതിനെ

'ഹഖ്ഖുൽ യഖീൻ' എന്ന അനുഭവാവസ്ഥയിൽ എത്തിക്കുന്നത്. ഇസ്ലാമിക തത്ത്വങ്ങളെ സംബന്ധിച്ചിടത്തോളം ഈ പദ്ധതി പ്രവർത്തനത്തിൽ വന്നതായിക്കാണാം. വിശുദ്ധഖുർആൻ മുഖാന്തരം ലോകർക്ക് നല്കപ്പെട്ടിട്ടുള്ള തത്ത്വസമുച്ചയം കർമ്മരൂപേണ പ്രകാശിപ്പിക്കുന്നതിനും, അതിന്റെ ആദ്ധ്യാത്മികപ്രഭയെ പ്രതിബിംബിപ്പിക്കുന്നതിനുമായിട്ട് സർവ്വശക്തനായ ദൈവം തിരുനബിക്കും സഹചരർക്കും സന്ദർഭമുണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ഈ ആവശ്യാർത്ഥം തന്നെയാണ് ദൈവം നബി(സ) തിരുമേനിയുടെ ജീവിതകാലത്തെ രണ്ട് വ്യത്യസ്തഘട്ടങ്ങളായി വിഭജിച്ചിട്ടുള്ളത്. ഒന്ന് കഷ്ടാരിഷ്ടതകളുടെയും ക്ലേശങ്ങളുടെയും കാലഘട്ടം; രണ്ടാമത്തേത് വിജയോത്സവത്തിന്റെയും അധികാരാരോഹണത്തിന്റെയും കാലം. ഇപ്രകാരം രണ്ട് ഘട്ടങ്ങളിലായി വിഭാഗിക്കപ്പെട്ടിരിക്കുന്നത് തിരുനബിയുടെ രണ്ടുതരത്തിലുള്ള മഹനീയഗുണങ്ങളും പ്രകാശിപ്പിക്കുന്നതിനായിട്ടാണ്. അതായത്, കഷ്ടാരിഷ്ടതകളുടെ അവസ്ഥയിൽ വെളിപ്പെടേണ്ടുന്ന സൽഗുണങ്ങൾ ആ ഘട്ടത്തിലും, വിജയോത്സവത്തിന്റെയും അധികാരശക്തിയുടെയും കാലഘട്ടത്തിൽ വെളിപ്പെട്ടാലല്ലാതെ തെളിയാത്ത മഹദ്ഗുണങ്ങൾ ആയവസ്ഥയിലും പ്രത്യക്ഷപ്പെടേണ്ടതിനായിട്ടുതന്നെ. ഇപ്രകാരം രണ്ട് വ്യത്യസ്ത ഘട്ടങ്ങളിലായി നബി(സ) തിരുമേനിയുടെ മഹനീയമായ ധാർമ്മികഗുണങ്ങൾ പരീക്ഷണവിധേയമാവുകയും അവ പൂർണ്ണമായ നിലയിൽ പ്രകാശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മക്കാജീവിതത്തിൽ പതിമൂന്ന് വർഷക്കാലത്തോളം നീണ്ടുനിന്നിരുന്ന കഷ്ടതകളുടെയും ക്ലേശങ്ങളുടെയും സ്ഥിതിഗതികൾ അവധാനപൂർവ്വം പഠനം ചെയ്യുന്നതായാൽ, സത്യഭക്തരായ സിദ്ധപുരുഷന്മാർ കഷ്ടാനുഭവകാലത്ത് പ്രകാശിപ്പിച്ചിരുന്ന സകല ധാർമ്മികഗുണങ്ങളും എത്രയും മഹത്തരമായ നിലയിൽ തിരുനബി(സ) ജീവിച്ചുകാണിച്ചിട്ടുണ്ടെന്ന് പ്രസ്പഷ്ടമാകുന്നതാണ്. ദൈവത്തിലുള്ള അസന്ദിഗ്ദ്ധമായ വിശ്വാസവും പ്രത്യാശയും അക്ഷമത പ്രദർശിപ്പിക്കാത്ത ദൃഢമനസ്കതയും കർത്തവ്യനിഷ്ഠയും സ്ഥിരോത്സാഹവും നിർഭയതയും എന്നുവേണ്ട സകലവിധ ഉൽകൃഷ്ട ഗുണങ്ങളും നിരതിശയമാംവിധം തിരുനബിയുടെ ജീവിതത്തിൽ പ്രതിഫലിച്ചുകാണുക നിമിത്തം അപഹൃതചിത്തരായ അവിശ്വാസികൾ, ദൈവത്തിൽ പരിപൂർണ്ണമായ അനുരക്തി ലഭിച്ച ഒരു ദിവ്യാത്മാവിനല്ലാതെ ഇത്തരം പരീക്ഷാഘട്ടത്തിൽ സ്ഥിരനി

ഷ്ഠയും സഹനശീലവും പാലിക്കാൻ കഴിയുകയില്ലെന്ന് ബോധിക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്യുകയുണ്ടായി.

ഇതിനെത്തുടർന്ന് തിരുനബിയുടെ ജീവിതത്തിലെ രണ്ടാമത്തെ വശമായ വിജയത്തിന്റെയും അധികാരശക്തിയുടെയും ഐശ്വര്യത്തിന്റെയും കാലഘട്ടം ആരംഭിച്ചു. ഈ കാലത്താണ് തിരുമേനിയുടെ മനോധർമ്മങ്ങളുടെ മറുവശം അതായത്, അന്യാദൃശമായ ക്ഷമാഗുണം, നിസ്തുലമായ ഔദാര്യം, അനന്യസാധാരണമായ ധീരോദാത്തത തുടങ്ങിയ ശ്ലാഘ്യങ്ങളായ ശ്രേഷ്ഠഗുണങ്ങൾ പൂർണ്ണമായും പ്രത്യക്ഷപ്പെടുകയുണ്ടായത്. ഈ മഹദ്ഗുണങ്ങൾ വെളിപ്പെട്ടുകാണുക നിമിത്തം അവിശ്വാസികളിൽ പലരും ഇസ്ലാം മതത്തിൽ വിശ്വസിച്ചു. നബി(സ) തിരുമേനി, തന്നെ നിരന്തരം പീഡിപ്പിച്ചുകൊണ്ടിരുന്നവർക്ക് ക്ഷമിച്ചുകൊടുക്കുകയും തന്നെ സ്വദേശത്തുനിന്നും നിഷ്കാസനം ചെയ്തവർക്ക് അഭയം നല്കുകയും അവരിലുള്ള പാവപ്പെട്ടവരെ ധനാഢ്യരാക്കുകയും തനിക്ക് എന്തും ചെയ്യുവാൻ കഴിയുമാറുള്ള തരത്തിൽ തന്റെ ശക്തിക്കധീനരായിത്തീർന്ന ബദ്ധവൈരികളെ ശിക്ഷിക്കാതെ അനുഗ്രഹിച്ചയക്കുകയും ചെയ്തു. ആ മഹാത്മാവിന്റെ ഈദൃശങ്ങളായ സൽഗുണങ്ങളാൽ വശീകൃതരായ ജനസഞ്ചയങ്ങൾ, ദൈവനിയുക്തനായ ഒരു സത്യപുരുഷനല്ലാതെ ഇത്തരം മഹദ്ഗുണങ്ങൾ ഒരിക്കലും പ്രദർശിപ്പിക്കാൻ സാധിക്കുകയില്ലെന്ന് സാക്ഷ്യം വഹിക്കുകയുണ്ടായി. ഇക്കാരണത്താലാണ്, ശത്രുക്കൾക്ക് നബി(സ) തിരുമേനിയുടെ പേരിലുണ്ടായിരുന്ന പഴക്കംചെന്ന വിദ്വേഷം സ്നേഹമായി രൂപന്തരപ്പെട്ടത്.

## യഥാർത്ഥ പരിത്യാഗം

പുണ്യാത്മാവായ തിരുനബി(സ) സ്വജീവിതത്തിൽ പ്രതിഫലിപ്പിച്ചിട്ടുള്ള ഉൽക്കൃഷ്ട ഗുണങ്ങളിൽ ഒന്നിനെക്കുറിച്ച് വിശുദ്ധ ഖുർആൻ ഇങ്ങനെ പറയുന്നു:

قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ "അവരോട് പറയുക: എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും ദൈവമാർഗ്ഗത്തിലത്രെ" (6:163).

അതായത്, ദൈവത്തിന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിനുവേണ്ടിയും അവന്റെ സൃഷ്ടികളായ മനുഷ്യർക്ക് സ്വമരണംവഴി ഒരു

ജീവിതം സിദ്ധിക്കുമാറ് ക്ഷേമം വരുത്തുന്നതിനുവേണ്ടിയും തന്നെ. ഇവിടെ, ദൈവമാർഗ്ഗത്തിലും മനുഷ്യരുടെ ക്ഷേമാഭിവൃദ്ധിക്കുവേണ്ടിയുമുള്ള മരണം എന്നു പറഞ്ഞതിന്റെ താൽപര്യം, തിരുനബി (സ) അജ്ഞരെപ്പോലെയോ ചിത്തഭ്രമികളെപ്പോലെയോ തന്നത്താൻ കൊല്ലുന്നതുമൂലം മറ്റുള്ളവർക്ക് ക്ഷേമം വരുത്തിത്തീർക്കാമെന്ന മിഥ്യാബോധത്താൽ ആത്മഹത്യയ്ക്ക് ഒരുമ്പെട്ടിരുന്നുവെന്നാണെന്ന് ആരും തെറ്റുധരിക്കേണ്ട. തിരുനബിയാകട്ടെ, ഇത്തരം ബുദ്ധിശൂന്യമായ പ്രവൃത്തിയെ കഠിനമായി വെറുക്കുകയാണ് ചെയ്തിട്ടുള്ളത്. ആത്മഹത്യ ചെയ്യുന്നവനെ വിശുദ്ധഖുർആൻ മഹാപാതകിയും ശിക്ഷാർഹനുമായി ഗണിച്ചിരിക്കുകയാണ്. അതു പറയുന്നു: لَا تُلْقُوا بِأَيْدِيكُمْ إِلَى التَّهْلُكَةِ "നിങ്ങൾ ആത്മഹത്യ ചെയ്യരുത്; സ്വന്തം കൈകളാൽ നിങ്ങൾ നിങ്ങളെത്തന്നെ നാശത്തിലാക്കാതിരിക്കുവിൻ" (2:196). എന്നാൽ, ഖാലിദിന് വയറുകടിയായതുകൊണ്ട് ദയതോന്നി സയ്ദ് തന്റെ തലതല്ലിപ്പൊളിക്കുന്നതായാൽ ഖാലിദിന്റെ വേദന ശമിക്കുന്നതല്ലെന്നും അത്തരം പ്രവൃത്തി വിവേകശൂന്യതയുടെ ഫലമാണെന്നുമുള്ളത് സ്പഷ്ടമായതാണല്ലോ. സയ്ദ് തന്റെ ഉത്തമാംഗത്തെ ക്ഷതപ്പെടുത്തുന്നതിനു പകരം ഖാലിദിനെ വേണ്ടപോലെ ശുശ്രൂഷിക്കുകയും മരുന്നു സേവിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ അതായിരിക്കും പ്രയോജനകരമായിരിക്കുക. ചുരുക്കത്തിൽ, ദൈവമാർഗ്ഗത്തിലും മനുഷ്യരുടെ ക്ഷേമത്തിനും വേണ്ടിയുമുള്ള തിരുമേനിയുടെ മരണം എന്നതുകൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത്, മനുഷ്യരെ സർവ്വവിധ അനുചിതബന്ധങ്ങളിൽനിന്നും മോചിപ്പിച്ച് അവർക്ക് ക്ഷേമം വരുത്തുന്നതിനായ്ക്കൊണ്ട് ജീവൻ അർപ്പിക്കുകയും പ്രാർത്ഥനയാലും തത്ത്വപ്രബോധനംമൂലവും യുക്തിപൂർവ്വമായ ഉപായംവഴിയായും അവരെ ഉദ്ധരിക്കുന്നതിന് യത്നിക്കുകയും അതിലേക്ക് അവരിൽനിന്നുള്ള ഉപദ്രവങ്ങളും ദ്രോഹങ്ങളും ക്ഷമാപൂർവ്വം സഹിക്കുകയും തന്റെ സർവ്വസുഖക്ഷേമാദികളും ബലികഴിപ്പിക്കുകയും ചെയ്തുകൊണ്ട് തിരുനബി(സ) ചെയ്ത പരിത്യാഗമാകുന്നു. ഈ മഹനീയത്യാഗത്തെ സൂചിപ്പിച്ചു വിശുദ്ധഖുർആൻ തിരുമേനിയെ സംബോധനം ചെയ്തിരിക്കുന്നതിങ്ങനെയാണ്:

لَعَلَّكَ بَاخِعٌ نَّفْسَكَ أَلَّا يَكُونُوا مُؤْمِنِينَ ''ജനങ്ങൾ സത്യത്തിൽ വിശ്വസിക്കാത്തതിനെക്കുറിച്ച് വിചാരിച്ചും അവർക്കുവേണ്ടി കഠി

നപ്രയത്നം ചെയ്തും നീ നിന്റെ ജീവിതം നശിപ്പിച്ചേക്കുമോ” (26:4). വീണ്ടും പറയുന്നു:

“സത്യം സ്വീകരിക്കാത്ത ജനത്തെച്ചൊല്ലി ദുഃഖിച്ചു നീ നിന്റെ ജീവനെ നശിപ്പിക്കാതിരിക്കുക”(35:9). അതിനാൽ, ജനങ്ങൾക്കു വേണ്ടി ആത്മത്യാഗം വരിക്കുന്നതിനുള്ള ന്യായമായ മാർഗ്ഗം, അവരുടെ ക്ഷേമാഭിവൃദ്ധിക്കായി പ്രകൃത്യനുസൃതവും പ്രയോജനകരവുമായ ഉത്തമോപായങ്ങളവലംബിച്ചു പരിശ്രമിക്കുന്നതിനു ജീവിതാർപ്പണം ചെയ്യുകയും തന്മാർഗ്ഗത്തിൽ വന്നുചേരാവുന്ന കഠിനതരങ്ങളായ പ്രതിബന്ധങ്ങളും ക്ലേശങ്ങളും നിശ്ചഞ്ചലമായി നേരിടുകയും ചെയ്യുകയെന്നതാകുന്നു. എന്നല്ലാതെ, ജനങ്ങൾ ഭയങ്കരമായ ആപത്തിലോ അധർമ്മകൂപത്തിലോ അകപ്പെട്ടിരിക്കുന്നതായി കണ്ടാൽ സ്വന്തം തല തല്ലിപ്പൊളിക്കുകയോ വിഷം ഭക്ഷിച്ചു സ്വയം നാശം വരിക്കുകയോ ചെയ്യുകയല്ല. തന്റെ ഈ അവിവേകംമൂലം അധർമ്മത്തിൽപ്പെട്ടുഴലുന്നവർക്ക് മോചനം പ്രാപിക്കുമാറാകുമെന്ന് ആരെങ്കിലും വിചാരിച്ച് തൃപ്തിപ്പെടുന്നുണ്ടെങ്കിൽ അത് പരമാബദ്ധമാണ്; ബുദ്ധിശൂന്യതയാണ്. ജീവിതത്തിൽ നേരിടുന്ന കഷ്ടതകളും ദുഃഖങ്ങളും സഹിക്കാനാവാത്തതിനാൽ ആത്മഹത്യയ്ക്ക് ഒരുമ്പെടുന്നവർ കേവലം ഭീരുക്കളാണ്. ഇത്തരം ആത്മഹത്യയെ പിൽക്കാലത്ത് എങ്ങനെയൊക്കെ വ്യാഖ്യാനിച്ചു തുടങ്ങിയാലും അത് അവിവേകത്തിന്റെ ഫലവും വിവേകികൾ വെറുക്കുന്ന ഭീരുതയും മാത്രമാണെന്നത് നിസ്സന്ദേഹമത്രെ.

ഒരാളുടെ ജീവിതത്തിൽ അരിഷ്ടതയുടെയും കഷ്ടതയുടെയും കാലമെന്നപോലെ അധികാരശക്തിയുടെയും ഐശ്വര്യത്തിന്റെയും കാലവും വന്നുചേർന്നല്ലാതെ അയാളുടെ യഥാർത്ഥമായ സ്വഭാവഗുണങ്ങൾ തെളിഞ്ഞുകാണുകയില്ല. പ്രതികാരം ചെയ്യുന്നതിനുള്ള സന്ദർഭം ലഭിക്കാതെ സദാ പീഡനത്തിന് ലക്ഷീഭവിച്ച ഒരുവന്റെ സഹനവും അക്രമരാഹിത്യവും യഥർത്ഥത്തിൽ അവന്റെ ക്ഷമാഗുണമായി വിചാരിക്കാനാവുന്നതല്ല. കാരണം, പ്രതികാരത്തിന് അവസരം കിട്ടിയാൽ അവൻ എതിരാളിയോട് എന്തൊക്കെയാണ് ചെയ്തുകൂട്ടുക എന്ന് നിശ്ചയിക്കാൻവയ്യ. അതേപ്രകാരംതന്നെ ഒരുവൻ അശക്തനും അനധികാരിയും പാവപ്പെട്ടവനുമായിരിക്കുന്ന നിലയിൽ അന്യരുടെ അടിയും ഇടിയും സഹിച്ചുകൊണ്ട് കഴിഞ്ഞുകൂടുകയും അധികാരശക്തിയും ഐശ്വര്യാവസ്ഥയും കൈവ

രാതെതന്നെ മരണപ്പെടുകയും ചെയ്യുന്നതായാൽ അവന്റെ സ്വഭാവഗുണങ്ങൾ നിർണ്ണയിക്കുവാൻ സാധിക്കുകയില്ല. അവൻ ഒരിക്കലും അടർക്കളത്തിൽ കാലുവെക്കാത്തപക്ഷം അവന്റെ ധൈര്യമോ ഭീരുതയോ തെളിയുകയില്ലെന്ന് മാത്രമല്ല അവന്റെ മനോധർമ്മത്തെക്കുറിച്ച് നമുക്ക് ഒന്നും പറയാനാവുകയില്ല. ഇങ്ങനെ, വിവിധങ്ങളായ അവസ്ഥാവിപര്യയങ്ങൾ ഒരുവന്റെ ജീവിതത്തിൽ നേരിട്ടാലല്ലാതെ അവന്റെ സൽഗുണങ്ങളെ സംബന്ധിച്ച് നിർണ്ണയിച്ചു പറയാനാവുകയില്ല. അവൻ പ്രതിയോഗികളുടെമേൽ വിജയംപ്രാപിച്ചാൽ അവരോട് എങ്ങനെ വർത്തിക്കുമെന്നും ധനാഢ്യനായിത്തീരുന്നപക്ഷം ദരിദ്രർക്കും അഗതികൾക്കും ദാനധർമ്മം ചെയ്യുമോ അതോ ധനമെല്ലാം കെട്ടിപ്പൂട്ടി സൂക്ഷിക്കുമോ എന്നും പോർക്കളത്തിൽ ഇറങ്ങേണ്ടിവരുന്നതായാൽ പൃഷ്ഠം തിരിച്ചു പാഞ്ഞുകളയുമോ അതോ ധീരനെപ്പോലെ നിർഭയം പോരാടുമോ എന്നും പ്രസ്തുത അവസ്ഥാന്തരങ്ങളുടെ അഭാവത്തിൽ നമുക്ക് നിർണ്ണയിക്കാവുന്നതല്ല. എന്നാൽ, ദൈവത്തിന്റെ പ്രത്യേക കൃപാകടാക്ഷത്താൽ നബി(സ) തിരുമേനിക്ക് ശ്രേഷ്ഠമായ സകല ധാർമ്മികഗുണങ്ങളും സ്വജീവിതത്തിൽ പ്രതിഫലിപ്പിച്ചു കാണിക്കുവാനുള്ള സൗഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ഇങ്ങനെ, ചരിത്രത്തിന്റെ ഏടുകളിലെങ്ങും, കാണുവാൻ സാധിക്കാത്തവിധത്തിലുള്ള നിസ്തുലമായ ഔദാര്യം, ധീരോദാത്തത, സഹനം, ക്ഷമ, നീതിനിഷ്ഠ മുതലായ ഗുണങ്ങളെല്ലാം തിരുനബിയുടെ ജീവിതത്തിൽ പൂർണ്ണമായും തെളിഞ്ഞുകാണാം. അശക്തിയുടെയും ശക്തിപ്രഭാവത്തിന്റെയും ദാരിദ്ര്യത്തിന്റെയും ഐശ്വര്യത്തിന്റെയും അവസ്ഥാന്തരങ്ങളിലെല്ലാം താൻ ഉൽക്കൃഷ്ടമായ ധാർമ്മികഗുണങ്ങളുടെയും മനോധർമ്മങ്ങളുടെയും നിറപ്പാത്രമാണെന്ന് തിരുനബി(സ) ലോകത്തിന് കാണിച്ചുകൊടുത്തിട്ടുണ്ട്. തിരുമേനിയുടെ ഭാസുരജീവിതത്തിൽ പ്രതിഫലിച്ചു കാണാത്തതായി ലോകത്തിൽ ഒരു മാനുഷ്യപൂർണ്ണതയും മഹിതഗുണവും ഇല്ലെന്നുതന്നെ പറയാം.

## ഇസ്ലാമിക യുദ്ധം

എന്നാൽ, നിരപരാധികളായ മുസ്ലിംകളുടെ നേർക്ക് അനിർവാച്യമായ തരത്തിലുള്ള അക്രമവും അന്യായവും പ്രവർത്തിക്കുകയും ഇങ്ങേയറ്റം അവരിൽ അനേകരെ നിർദ്ദയം വധിക്കുകയും ഇസ്ലാം ധർമ്മത്തെ നിർമ്മൂലം നശിപ്പിക്കുന്നതിന് അഹർന്നിശം പ്രയത്നിക്കുകയും ചെയ്ത ദുഷ്ടരായ ശത്രുക്കളെ

ശിക്ഷിക്കാതെ വിട്ടുകളഞ്ഞിട്ടില്ലെന്നത് വാസ്തവമാണ്. അങ്ങനെയുള്ള നിഷ്ഠൂരന്മാരെ ശിക്ഷ കൂടാതെ വിട്ടയക്കുകയെന്നത് അവരുടെ പാദങ്ങൾക്കടിയിൽ മർദ്ദനങ്ങളേറ്റു നശിച്ചുകൊള്ളുവാൻ സത്യഭക്തരെ ഏല്പിച്ചുകൊടുക്കുന്നതിന് തുല്യമാകുന്നു. നബി (സ) തിരുമേനിയുടെ അനുജ്ഞപ്രകാരം മുസ്ലിംകൾ നടത്തിയ യുദ്ധമൊന്നും ഇതരന്മാരെ കൊന്നൊടുക്കുവാനായിട്ടായിരുന്നില്ല. ശിലാഹൃദയരായ ശത്രുക്കൾ തിരുനബിയെയും സഹചരരെയും സ്വദേശത്തുനിന്ന് നിഷ്കാസനം ചെയ്യുകയും നിരപരാധികളായ ഒട്ടുവളരെ മുസ്ലിംകളെ സ്ത്രീ പുരുഷഭേദം കൂടാതെ നിഷ്കരുണം വധിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇത്രയുമല്ല, ഇസ്ലാം മതത്തിന്റെ പഠനപാഠനങ്ങൾ നിശ്ശേഷം തടയുന്നതിനും അങ്ങനെ ഇസ്ലാമിനെ വേരോടെ പറിച്ചെറിയുന്നതിനുംവേണ്ടി അവർ മുസ്ലിംകളുടെ നേർക്ക് പടയും കൊണ്ട് പുറപ്പെടുകകൂടി ചെയ്തിരുന്നു. ഇപ്രകാരം മർദ്ദനങ്ങൾക്ക് ലക്ഷീഭവിച്ചിരുന്ന ദ്രോഹിതകക്ഷിയെ രക്ഷിക്കേണ്ടതിന് സത്യസംരക്ഷകനായ ദൈവം ഇച്ഛിക്കുക നിമിത്തം ഖഡ്ഗപാണികളായിവന്ന ആതതായികളെ ഖഡ്ഗത്താൽ എതിർക്കുവാൻ അനുജ്ഞ നല്കപ്പെടുകയുണ്ടായി. ചുരുക്കത്തിൽ, സത്യഭക്തരായ ആ സമാധാനേച്ഛുക്കളെ ഉന്മൂലനം ചെയ്യുന്നതിന് പടയുംകൊണ്ടുവന്നവർക്കെതിരിലാണ് തിരുനബി(സ) യുദ്ധങ്ങൾ നയിക്കുകയുണ്ടായത്. ഇങ്ങനെയുള്ള ആപൽസന്ധികളിൽ ആത്മരക്ഷാർത്ഥം ആയുധമെടുത്തുകൊള്ളുവാൻ ഇസ്ലാം അനുവദിച്ചില്ലായിരുന്നുവെങ്കിൽ, സ്ത്രീകളും കുട്ടികളുമുൾപ്പെടെ ആയിരക്കണക്കിൽ നിരപരാധികൾ വധിക്കപ്പെടുകയും ഒടുക്കം ഇസ്ലാം മുളയിലേ നശിച്ചുപോവുകയും ചെയ്യുമായിരുന്നു.

ദൈവപ്രോക്തമായ മതത്തിൽ ശത്രുക്കളുടെ അക്രമണത്തെ തടുക്കുന്നതിനോ അപരാധികളെ ശിക്ഷിക്കുന്നതിനോ ഒരു നിയമനിർദ്ദേശവുമുണ്ടായിരിക്കരുതെന്നും ദൈവത്തിന്റെ സ്നേഹവും കരുണയും എപ്പോഴും സൗമ്യവും ശാന്തവുമായ രൂപത്തിലല്ലാതെ പ്രകടിതമാവുന്നതല്ലെന്നും ആക്ഷേപനിരൂപകന്മാർ ധരിച്ചുവശായിരിക്കുന്നു. ദൈവത്തിന്റെ സർവ്വോത്തമ ഗുണങ്ങൾ സൗമ്യതയും ശാന്തതയും മാത്രമാണെന്ന് സങ്കല്പിക്കുന്നതുമൂലം തങ്ങൾ ദൈവത്തെ ശരിയായ നിലയിൽ വന്ദിക്കുകയാണെന്നാണ് അവർ വിചാരിക്കുന്നത്. എന്നാൽ, അവരുടെ ഈ ധാരണ അബദ്ധജഡിലമാണെന്ന് ചിന്തിക്കുന്നവർക്ക് അനായാസേന വ്യക്തമാകുന്നതാ

ണ്. ദൈവികമായ പ്രകൃതിനിയമത്തെ നിരീക്ഷണം ചെയ്യുന്നതാ യാൽ ദൈവം കരുണാമയനാണെന്ന് കാണാവുന്നപ്രകാരംതന്നെ അവന്റെ കാരുണ്യം എപ്പോഴും ഒരേനിലയിൽ ശാന്തവും മൃദുല വുമായരൂപത്തിലല്ല വെളിപ്പെടുന്നതെന്നും കാണാവുന്നതാണ്. സർവ്വവത്സലനായ അവൻ വൈദ്യവിശാരദനെപ്പോലെ ചിലപ്പോൾ രുചിപ്രദമായ മധുരപാനീയം നല്കുന്നതും മറ്റുചിലപ്പോൾ അരു ചികരമായ തിക്തകഷായം കുടിപ്പിക്കുന്നതും തന്റെ കാരുണ്യാ തിരേകം കൊണ്ടുതന്നെയാണ്. സ്വസൃഷ്ടികളോടു അവൻ ദയ കാണിക്കുന്നത് നാം നമ്മുടെ സ്വന്തം ദേഹത്തോട് ദയ കാണി ക്കുന്ന തരത്തിലാണെന്നുതന്നെ പറയാം. നാമോരോരുത്തരും അവ നവന്റെ ദേഹത്തെ സ്നേഹിക്കുന്നുവെന്നുള്ളത് നിസ്തർക്കമാണ്. ആരും സ്വശരീരത്തിന് സ്വല്പമായ വേദനയെങ്കിലും ഏല്ക്കുന്ന തിനെ ഇഷ്ടപ്പെടുന്നില്ല. ഇങ്ങനെയുള്ള ഒരാത്മസ്നേഹം നമ്മുടെ സർവ്വാംഗത്തിലും വ്യാപരിച്ചിട്ടുണ്ട്. ഒരവയവത്തിനും ഹാനിയേ ല്ക്കുന്നതിനു വിസമ്മതിക്കുമാറ് നാം സകലാംഗങ്ങളെയും പ്രിയ പ്പെടുന്നുണ്ടെങ്കിലും എല്ലാത്തിനെയും ഒരേതരത്തിലല്ല സ്നേഹി ക്കുകയും വിലമതിക്കുകയും ചെയ്യുന്നതെന്നുള്ളത് സ്പഷ്ടമാണ്. ജീവിതോദ്ദേശ്യനിർവ്വഹണത്തിന് അത്യധികം ഉപയോഗയോഗ്യ മായ ശ്രേഷ്ഠാവയവങ്ങളിലുള്ള പ്രീതിയും ശ്രദ്ധയും നമ്മുടെ ഹൃദ യത്തിൽ മികച്ചുനില്ക്കുന്നതായി കാണാം. അതേപ്രകാരം ഏതെ ങ്കിലുമൊരംഗത്തോടുമാത്രമുള്ളതിലധികം സ്നേഹവും ശ്രദ്ധയും നമ്മുടെ എല്ലാ അവയവങ്ങളോടും സമഷ്ടിയായി ഉണ്ടായിരിക്കു ന്നതുമാണ്. തന്നിമിത്തം നിസ്സാരമായ ഒരംഗത്തെ മുറിപ്പെടുത്തു കയോ ഛേദിച്ചുകളയുകയോ ചെയ്യുന്നതുകൊണ്ട് മറ്റൊരു പ്രധാ നാവയവത്തിന് രക്ഷയും തദ്വാരാ ശരീരത്തിന് സൗഖ്യവും സിദ്ധി ക്കുമെന്ന് കാണുകയാണെങ്കിൽ നാം അതിനെ ഛേദിച്ചുകള യാൻപോലും തയ്യാറാകുന്നുണ്ടല്ലോ. അപ്പോൾ നമുക്ക് മനോവേദ നയുണ്ടാകുമെങ്കിലും അങ്ങനെ ചെയ്യാത്തപക്ഷം ഒരവയവത്തിന് പറ്റിയ കേടു സർവ്വാംഗം വ്യാപിച്ചേക്കുമെന്നുള്ളതുകൊണ്ട് ആ ശസ്ത്രക്രിയയ്ക്ക് നാം സന്നദ്ധരാവുകതന്നെ ചെയ്യുന്നു. ഇതേ പ്രകാരംതന്നെ, സത്യഭക്തരായ സാധുജനം ദുഷ്ടന്മാരുടെ കൈയാൽ നശിക്കാൻ പോകുന്നതായും ഭൂമിയിൽ വഴക്കും വക്കാ ണവും വർദ്ധിക്കുന്നതായും കാണുമ്പോൾ കരുണാമയനായ ദൈവം ശിഷ്ടസംരക്ഷണത്തിനും സമാധാന സംസ്ഥാപനത്തിനു

മായിക്കൊണ്ട് സന്ദർഭോചിതമായ ഉപായങ്ങൾ പ്രവർത്തിക്കുമാറാകുന്നു. അവൻ അഗാധബുദ്ധിമാൻ കൂടിയായിരിക്കുന്നതിനാൽ ദുഷ്ടജനത്തിന് ആകാശത്തിൽനിന്നോ ഭൂമിയിൽനിന്നോ ശിക്ഷകൾ അയക്കുന്നു. അഖിലലോക സ്രഷ്ടാവായി സമസ്ത സൃഷ്ടിപരിപാലകനായി സർവ്വരക്ഷിതാവായി വാഴുന്ന ദൈവത്തിനത്രേ സകല സ്തോത്രവും.

●